

# സമ്പൂർണ്ണകൃതികൾ: ഭാഗം II

കെ. ദാമോദരൻ

സമ്പൂർണ്ണകൃതികൾ: ഭാഗം II

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം )

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020, Prabhatham Printing & Publishing Co. (P) Ltd.,
owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using from LuaTeX TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രഭാതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പ്രസാധനം

സി. അച്യുതമേനോൻ സമ്പൂർണ്ണകൃതികളുടെയും എൻ. ഇ. ബാലറാം സമ്പൂർണ്ണകൃതികളുടെയും പ്രസാധനം പ്രഭാതിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. അതോടൊപ്പം ചേർന്നു നിൽക്കുന്ന മറ്റൊരു സുപ്രധാന പ്രസാധനമാണ് കെ. ദാമോദരൻ സമ്പൂർണ്ണകൃതികളിലൂടെ ഇപ്പോൾ യാഥാർത്ഥ്യമാകുന്നത്. ഈ മൂന്ന് സമ്പൂർണ്ണകൃതികളുടെ പ്രസിദ്ധീകരണത്തോടെ പ്രഭാതിന്റെ ഒരു ചരിത്രനിയോഗമാണ് പൂർത്തീകരിക്കുന്നത്. സി. അച്യുതമേനോനും എൻ. ഇ. ബാലറാമും ഉന്നതരായ കമ്മ്യൂണിസ്റ്റ് നേതാക്കളും ഭരണകർത്താക്കളുമായിരുന്നപ്പോൾ കെ. ദാമോദരൻ പ്രശസ്തനായ കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനും ചിന്തകനുമായിരുന്നു.

സാധാരണക്കാർക്ക് മനസ്സിലാകുന്ന തരത്തിൽ മാർക്സിസത്തെയും ഇന്ത്യൻ തത്വസംഹിതയെയും ലളിതമായി വ്യാഖ്യാനിക്കുകയായിരുന്നു അദ്ദേഹം. ചരിത്രവും ധനതത്വശാസ്ത്രവും സാധാരണക്കാർക്ക് പരിചയപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചു.

ആയിരക്കണക്കിന് മറ്റ് പുസ്തകങ്ങളോടൊപ്പം ഇവരുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കുക വഴി പ്രഭാത് ഒരു പുതിയ ആത്മവിശ്വാസത്തോടെ ഈ രംഗത്ത് മുന്നേറുകയാണ്.

10 വാല്യങ്ങളുള്ള കെ. ദാമോദരൻ സമ്പൂർണ്ണകൃതികളുടെ ഒന്നാം വാല്യം ഇപ്പോൾ ഇറങ്ങാൻ പോകുന്നു. മറ്റ് ഒമ്പത് വാല്യങ്ങളും മുൻകൃതികളെപ്പോലെ തന്നെ കൃത്യമായി ഇറങ്ങുന്നതാണ്.

ഈ സംരംഭങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണ ലഭിച്ചിട്ടുണ്ട്.

പ്രഭാതിന്റെ മുഴുവൻ പ്രവർത്തകരും, പ്രത്യേകിച്ച് ജനറൽ മാനേജർ ടി. ചന്ദ്രൻ, എഡിറ്റോറിയൽ കമ്മിറ്റിയുടെ പ്രധാന ചുമതലയുള്ള ആന്റണിതോമസ് തുടങ്ങിയവരെല്ലാം ഈ സംരംഭം വിജയകരമാക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. ഇത്തരം ക്ലേശകരമായ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ ഞങ്ങളുമായി സഹകരിക്കുന്ന വായനക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും,

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനും, അതിന്റെ ജില്ലാ താലൂക്ക് പ്രവർത്തകർക്കും, മറ്റ് ഗ്രന്ഥശാലാ പ്രവർത്തകർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹകരണം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജനുവരി 2009

സി. കെ. ചന്ദ്രപ്പൻ, എം. പി.
(ചെയർമാൻ & മാനേജിംഗ് ഡയറക്ടർ)

# പ്രസാധകക്കുറിപ്പ്

മാർക്സിസ്റ്റ് ചിന്തകനും, കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികൾ പത്തു വാല്യങ്ങളായി പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുകയാണ്. കേരളത്തിലെ സാമൂഹ്യ ബന്ധങ്ങളിൽ ഉണ്ടായ വമ്പിച്ച മാറ്റങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്. സാമൂഹ്യപരിവർത്തനത്തിനു വേണ്ടി നടത്തിയ പ്രക്ഷോഭസമരങ്ങളിൽ ബഹുജനങ്ങളെ അവർ പങ്കാളികളാക്കി. അതിന് അവരെ ആശയപരമായി ആയുധമണിയിക്കുന്നതിൽ കെ. ദാമോദരൻ സ്തുത്യർഹമായ പങ്ക് വഹിച്ചു. നിരവധി ഗ്രന്ഥങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും അദ്ദേഹം രചിച്ചു. ചരിത്രത്തിന്റെ വികാസപരിണാമ പ്രക്രിയയെ മാർക്സിയൻ വീക്ഷണത്തിൽ അപഗ്രഥിച്ച മലയാളത്തിലെ ആധികാരിക ഗ്രന്ഥമാണ് കെ. ദാമോദരന്റെ 'മനുഷ്യൻ'.

നൂറു കോടി വർഷങ്ങൾക്ക് മുമ്പ് ജീവന്റെ കണികപോലുമില്ലായിരുന്ന ഭൂമിയിൽ ജീവനും പിന്നീട് നിരവധി സഹസ്രാബ്ദങ്ങൾക്കുശേഷം മനുഷ്യനും ഉൽഭവിച്ചതിന്റെ കഥയാണ് 'മനുഷ്യനി'ൽ ദാമോദരൻ വിവരിക്കുന്നത്. ഒരു പുതിയ ജീവിതവും ഭാവിയും കെട്ടിപ്പടുക്കുവാനുള്ള പോരാട്ടത്തിൽ 'മനുഷ്യൻ' എന്നും വഴികാട്ടിയായിരിക്കുമെന്ന കാര്യം നിസ്തർക്കമാണ്. അതുകൊണ്ടാണ് ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 'മനുഷ്യനി'ൽ നിന്ന് ആരംഭിക്കുന്നത്.

മാർക്സിസത്തെപ്പറ്റി വളരെ ലളിതമായി പ്രതിപാദിക്കുന്ന പത്തുലഘുലേഖകൾ ദാമോദരൻ ആദ്യകാലത്ത് രചിക്കുകയുണ്ടായി. മാർക്സിസം എന്താണെന്ന് മനസിലാക്കുന്നതിനുള്ള പഠനസഹായിയായിരുന്നു ഈ ലഘുലേഖകൾ. മാർക്സിസത്തിന്റെ ചരിത്രശാസ്ത്രം, തത്വശാസ്ത്രം, സോഷ്യലിസവും കമ്മ്യൂണിസവും, ലെനിനിസം, മതവും മാർക്സിസവും, ക്രിസ്തുമതവും കമ്മ്യൂണിസവും, യേശുക്രിസ്തു മോസ്കോയിൽ തുടങ്ങിയ ലഘുലേഖകളുടെ ആയിരക്കണക്കിനു കോപ്പികൾ അക്കാലത്ത് വിറ്റഴിയുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരെ ആശയപരമായി ആയുധമണിയിക്കുന്നതിൽ ഈ ലഘുലേഖകൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഈ ലഘുലേഖകളിൽ ചിലത് ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ലക്കത്തിന്റെയും ഉള്ളടക്കമനുസരിച്ച് മറ്റുള്ളവ പ്രസിദ്ധീകരിക്കുന്നതാണ്.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കളിലൊരാളും ഇന്ത്യയുടെ ആത്മാവ് കണ്ടെത്തിയ ചിന്തകനുമായിരുന്ന കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികളുടെ ആദ്യവാല്യം അഭിമാനപൂർവ്വം പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുന്നു.

പ്രസാധകർ

# കെ. ദാമോദരൻ

രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക-സാഹിത്യരംഗങ്ങളിൽ നിറഞ്ഞുനിന്ന പ്രതിഭാധനനായ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ. സ്വാതന്ത്ര്യസമരത്തിലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കന്മാരിലൊരാളാണ് ദാമോദരൻ.

തിരൂരിലെ പ്രശസ്തമായ കീഴേടത്തു തറവാട്ടിൽ 1912 ഫെബ്രുവരി 25 നാണ് ദാമോദരൻ ജനിച്ചത്. അച്ഛൻ തുപ്രൻ നമ്പൂതിരിപ്പാട്. അമ്മ നാരായണിക്കുട്ടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ ദാമോദരൻ 1931-ൽ നിയമലംഘന സമരത്തിൽ പങ്കെടുത്തു. കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെട്ട അദ്ദേഹത്തെ 23 മാസത്തെ ജയിൽശിക്ഷക്ക് വിധിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് വിദ്യാർത്ഥിയായിരുന്നു ദാമോദരൻ. ജയിലിൽ നിന്നും തിരിച്ച് എത്തിയപ്പോൾ കോളേജിൽ തുടർന്നു പഠിക്കാൻ അധികൃതർ അനുമതി നിഷേധിച്ചു. തുടർന്ന് അദ്ദേഹം കാശിവിദ്യാപീഠത്തിൽ ചേർന്നു. കോയമ്പത്തൂർ ജയിലിലെയും കാശിവിദ്യാപീഠത്തിലെയും ജീവിതം ഒരു വഴിത്തിരിവായിരുന്നു. ജയിലിലെ സഹതടവുകാരിൽ പലരും കമ്മ്യൂണിസ്റ്റുകാരായിരുന്നു. മാർക്സിസത്തെക്കുറിച്ചുള്ള ചില ഗ്രന്ഥങ്ങൾ പഠിക്കാൻ ജയിലിൽ അദ്ദേഹത്തിന് അവസരം ലഭിച്ചു. കാശിവിദ്യാപീഠത്തിലെ ഗ്രന്ഥാലയത്തിലും മാർക്സിസവുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങളുണ്ടായിരുന്നു. വിഖ്യാതസാഹിത്യകാരനായ പ്രേംചന്ദ് ഉൾപ്പെടെ നിരവധി പുരോഗമന ആശയക്കാരുമായി അവിടെവെച്ച് അദ്ദേഹം ബന്ധപ്പെട്ടു. നാടിന്റെയും ജനങ്ങളുടെയും വിമോചനം ഗാന്ധിയൻ ആശയങ്ങളിലൂടെയാണെന്ന ദാമോദരന്റെ ധാരണയിൽ മാറ്റം വരാൻ തുടങ്ങി. കോൺഗ്രസ്സിലെ ഇടതുപക്ഷവുമായും കമ്യൂണിസ്റ്റുകാരുമായും അദ്ദേഹം കൂടുതൽ അടുത്തു. മാർക്സിസം ലെനിനിസമാണ് ശരിയായ വിമോചനമാർഗ്ഗമെന്ന് തിരിച്ചറിഞ്ഞ ദാമോദരൻ നാട്ടിൽ തിരിച്ചെത്തി, തൊഴിലാളികളെ സംഘടിപ്പിക്കുകയും ഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകി. ഫറൂക്കിൽ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ പണിമുടക്കിന്റെ പ്രചാരണപ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

1938-ൽ പൊന്നാനിയിലെ ബീഡിത്തൊഴിലാളി സമരത്തിന്റെ നായകൻ കെ. ദാമോദരനായിരുന്നു. ദാമോദരനെ അറസ്റ്റു ചെയ്യാൻ എത്തിയ പോലീസിനെ തടയാൻ ആയിരക്കണക്കിനാളുകളാണ് മുന്നോട്ടുവന്നത്. ദാമോദരനെ പോലീസ് മർ

ദ്രിച്ച എന്ന വാർത്ത കേട്ട് ക്ഷുഭിതരായ ജനക്കൂട്ടത്തെ ശാന്തരാക്കാൻ അവസാനം പോലീസിന് അദ്ദേഹത്തിന്റെ തന്നെ സഹായം തേടേണ്ടിവന്നു.

തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭത്തിലും ആലപ്പുഴയിലെ തൊഴിലാളി സമരങ്ങളിലും ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്തു തമ്പാനൂരിൽ യൂത്ത് ലീഗിന്റെ പൊതുയോഗത്തിൽ പ്രസംഗിച്ചതിന് ദാമോദരനെ അറസ്റ്റുചെയ്ത പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. 1938-ലെ ചരിത്രപ്രസിദ്ധമായ ആലപ്പുഴ തൊഴിലാളി പണിമുടക്കിനു തീരുമാനമെടുത്ത യോഗത്തിൽ അധ്യക്ഷം വഹിച്ചത് ദാമോദരനായിരുന്നു.

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോൾ തന്നെ ദാമോദരൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനാവുകയും കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. 1937-ൽ എസ്സ്. വി. ഘാട്ടെ കോഴിക്കോട്ടുവന്നപ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ടവരിൽ ഒരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ. എം. എസ്., എൻ. സി. ശേഖർ, ദാമോദരൻ എന്നിവർ ഒന്നിച്ചുകൂടി ചർച്ചകൾ നടത്തി. തുടർന്നാണ് 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണ സമ്മേളനം പിണറായിയിൽ ചേർന്നത്.

കെ. പി. സി. സി. സെക്രട്ടറി, എ. ഐ. സി. സി. അംഗം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, പാർട്ടി സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം, ദേശീയ എക്സിക്യൂട്ടീവ് അംഗം തുടങ്ങിയ നിലകളിലെല്ലാം ദാമോദരൻ പ്രവർത്തിച്ചു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ഏഴുവർഷക്കാലം ദാമോദരൻ ജയിലിൽ കഴിഞ്ഞു.

മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏറ്റവും ലളിതമായി അവതരിപ്പിക്കാൻ അസാധാരണമായ പാടവമുണ്ടായിരുന്ന നേതാവായിരുന്നു ദാമോദരൻ. അദ്ദേഹം രചിച്ച എണ്ണമറ്റ ലേഖനങ്ങളും ലഘുലേഖകളും പുസ്തകങ്ങളും 1930-കളുടെ മദ്ധ്യം മുതൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

ഇന്ത്യയുടെ ആത്മാവ്, ഭാരതീയ ചിന്ത, കേരള ചരിത്രം, മനുഷ്യൻ തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാരതീയ തത്വചിന്തയിലും ചരിത്രത്തിലുമുള്ള ദാമോദരന്റെ അഗാധപാണ്ഡിത്യത്തിന്റേയും ശാസ്ത്രീയ അപഗ്രഥനപാടവത്തിന്റെയും തെളിവുകളാണ്.

സർഗാത്മകസാഹിത്യത്തിലും ദാമോദരന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. നാടകം, കവിത, ചെറുകഥ എന്നിവയെല്ലാം ദാമോദരൻ രചിച്ചു. മലയാളനാടകചരിത്രത്തിലെ നാഴികക്കല്ലായ 'പാട്ടബാക്കി'യുടെ രചയിതാവ് ദാമോദരനാണ്.

ഒന്നാംതരം പത്രപ്രവർത്തകൻ കൂടിയായിരുന്നു ദാമോദരൻ. 1934-ൽ ഷൊർണ്ണൂരിൽനിന്നും പ്രസിദ്ധീകരണം തുടങ്ങിയ 'പ്രഭാത' ത്തിന്റെ പത്രാധിപസമിതിയിൽ ദാമോദരൻ അംഗമായിരുന്നു. 'കമ്മ്യൂണിസ്റ്റ്' 'മുന്നോട്ട്', 'മാർക്സിസ്റ്റ്' തുടങ്ങിയ മാസികകളുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 'നവയുഗ'ത്തിന്റെ പത്രാധിപരായി ദീർഘകാലം ദാമോദരൻ സേവനമനുഷ്ഠിച്ചു.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ ദാമോദരന്റെ പ്രവർത്തനരംഗം ഡൽഹിയായി. ജവഹർലാൽ നെഹ്റു സർവകലാശാലയിൽ പി. സി. ജോഷിയോടൊപ്പം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രഗവേഷണത്തിൽ അദ്ദേഹം മുഴുകി.

1976 ജൂലൈ മൂന്നിന് ഡൽഹിയിൽ വെച്ച് ദാമോദരൻ അന്തരിച്ചു.

ഭാര്യ: പത്മം ദാമോദരൻ, മക്കൾ: മോഹൻ (സിങ്കപ്പൂർ യൂണിവേഴ്സിറ്റിയിലെ

ലിംഗ്വിസ്റ്റിസ് പ്രൊഫസർ), ഉഷ, മധു, രഘു, ശശി (ചലച്ചിത്ര സംവിധായകൻ).

# അവതാരിക

സ്വാതന്ത്ര്യസമര സേനാനി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കന്മാരിലൊരാൾ, ഭാരതീയ തത്വചിന്തയിലും മാർക്സിസം ലെനിനിസത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ദാർശനികൻ, എഴുത്തുകാരൻ, പ്രക്ഷോഭകാരി തുടങ്ങിയ നിലകളിൽ അതുല്യമായ സംഭാവനകൾ നൽകിയ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ജയിലിൽ പോയ ദാമോദരൻ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു. ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെയും ജനങ്ങളുടെയും യഥാർത്ഥ വിമോചനമാർഗ്ഗം ഗാന്ധിയൻ ആശയങ്ങളല്ലെന്ന് അധികം വൈകാതെ അദ്ദേഹം തിരിച്ചറിഞ്ഞു. കോൺഗ്രസ്സിൽ ഇടതുപക്ഷ വിഭാഗം ശക്തിപ്പെട്ടുവരുന്ന ഘട്ടമായിരുന്നു അത്. ഇടതുപക്ഷ ചിന്താഗതിക്കാർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ദാമോദരൻ അതിന്റെ സജീവ പ്രവർത്തകനായി. സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരുടെയെല്ലാം ഒരു പൊതുവേദിയായിരുന്നു അക്കാലത്ത് കോൺഗ്രസ്സ്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമെല്ലാം, തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ തന്നെ കോൺഗ്രസ്സിൽ അംഗങ്ങളായി തുടർന്നു. ദാമോദരൻ കെ. പി. സി. സി. സെക്രട്ടറിയും എ. ഐ. സി. സി. അംഗവുമായിട്ടുണ്ട്.

ദാമോദരനെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിലേക്ക് അടുപ്പിച്ചത് അദ്ദേഹത്തിന്റെ പരന്ന വായനയാണ്. കാശിവിദ്യാപീഠത്തിൽ പഠിക്കാൻ പോയപ്പോൾ ശാസ്ത്രീയസോഷ്യലിസവുമായി ബന്ധപ്പെട്ട ഒട്ടേറെ ഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. നാട്ടിൽ തിരിച്ചുവന്ന ദാമോദരൻ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സമരങ്ങൾ നയിക്കുകയും ചെയ്യാൻ തുടങ്ങി. ഫറൂക്കിലെ ഓട്ടു തൊഴിലാളികളുടെയും പൊന്നാനിയിലെ ബീഡി തൊഴിലാളികളുടെയും സമരങ്ങളിൽ ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്ന ഘട്ടമായിരുന്നു അത്. എസ്. വി. ഘാട്ടെ കോഴിക്കോട്ട് വന്നു. ഘാട്ടെയുടെ സാന്നിധ്യത്തിൽ നടന്ന നടത്തിയ യോഗത്തിൽ പങ്കെടുത്തവരിലൊരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ. എം. എസ്സ്, എൻ. സി. ശേഖർ എന്നിവരായിരുന്നു അതിൽ പങ്കെടുത്ത മറ്റു നേതാക്കൻമാർ. 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ

രൂപീകരണത്തിന്ന വേദിയായ പിണറായി പാറപ്പുറം സമ്മേളനത്തിന്റെ സംഘാടകരിലൊരാളും ദാമോദരനായിരുന്നു.

ഒന്നാംതരം പ്രക്ഷോഭകാരിയായ ദാമോദരന് എഴുത്തിലും പ്രസംഗത്തിലും ലളിതമായ ഭാഷയിൽ മൂർച്ചയോടെ, യുക്തിഭദ്രമായി വിഷയങ്ങൾ അവതരിപ്പിക്കാൻ ഉണ്ടായിരുന്ന കഴിവ് അനിതരസാധാരണമാണ്. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്ത് തമ്പാന്നൂരിൽ യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ദാമോദരൻ നടത്തിയ പ്രസംഗം കോളിളക്കം തന്നെ സൃഷ്ടിച്ചു. നിരോധനം ലംഘിച്ചാണ് ദാമോദരൻ പ്രസംഗിച്ചത്. പ്രസംഗം കേട്ട് ആവേശംകൊണ്ട്, സർ സി. പി. യോടുള്ള രോഷം പ്രകടിപ്പിക്കാൻ പ്രവർത്തകർ പിരിഞ്ഞുപോകുമ്പോൾ വഴിനീളെ വിളക്കു കാലുകൾപോലും തല്ലിത്തകർത്തു.

കേരളത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ദാമോദരൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. കമ്മ്യൂണിസം എന്ത്, എന്തിന്? ഇന്ത്യയും സോഷ്യലിസവും, സോഷ്യലിസവും കമ്മ്യൂണിസവും, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ, കമ്മ്യൂണിസവും ക്രിസ്തുമതവും തുടങ്ങിയ പുസ്തകങ്ങളിലും ലഘുലേഖകളിലും മാർക്സിസത്തിന്റെ ബാലപാഠങ്ങൾ ഏറ്റവും ലളിതമായി അദ്ദേഹം അവതരിപ്പിച്ചു. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വളച്ചുകെട്ടില്ലാതെ വിഷയങ്ങൾ അവതരിപ്പിക്കുകയായിരുന്നു ദാമോദരന്റെ ശൈലി.

കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ പ്രചരണങ്ങളെ ഫലപ്രദമായി നേരിടാനും ഖണ്ഡിക്കാനും അദ്ദേഹത്തിന് പ്രത്യേകം കഴിവുണ്ടായിരുന്നു. "യേശുക്രിസ്തു മോസ്കോവിൽ' എന്ന ലഘുലേഖ ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

പാർട്ടി പ്രവർത്തകരെ ആശയപരമായി ആയുധമണിയിക്കാൻ പാർട്ടി ക്ലാസ്സുകളെയും ദാമോദരൻ ഫലപ്രദമായി ഉപയോഗപ്പെടുത്തി. കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ആദ്യതലമുറകളെ മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയാണ് ദാമോദരൻ.

ചരിത്രത്തിലും ഭാരതീയദർശനങ്ങളിലും അഗാധപണ്ഡിതനായിരുന്നു ദാമോദരൻ. "ഇന്ത്യയുടെ ആത്മാവും" "ഭാരതീയ ചിന്തയും" ഭാരതത്തിന്റെ സമ്പന്നമായ പൈതൃകം വായനക്കാരെ ബോധ്യപ്പെടുത്തും. ഭൗതിക വാദവും നിരീശ്വരവാദവും ഉൾപ്പെടെ പൗരാണിക ഭാരതത്തിൽ തഴച്ചു വളർന്ന ദർശനങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരണങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ട്. ഭാരതത്തിന്റെ പൈതൃകത്തെ ദുർവ്യാഖ്യാനം ചെയ്യാൻ ഹിന്ദുത്വ വാദികൾ നടത്തുന്ന ശ്രമങ്ങൾ തുറന്നു കാട്ടാൻ സഹായിക്കുന്നവയാണ് ദാമോദരന്റെ രചനകൾ. ഭൂമിയുടെ ഉത്ഭവവും മനുഷ്യന്റെ പിറവിയും മുതലുള്ള ചരിത്രമാണ് 'മനുഷ്യൻ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തെ ശാസ്ത്രീയമായി സമീപിക്കുന്ന അപൂർവ്വഗ്രന്ഥങ്ങളിലൊന്നാണ് ദാമോദരന്റെ 'കേരള ചരിത്രം'. സാമ്പത്തിക വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതാണ് ഉറുപ്പിക, നാണയപ്രശ്നം, ധനശാസ്ത്ര പ്രവേശിക, ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയ രചനകൾ.

വൈജ്ഞാനിക മേഖലകൾക്കുപുറമെ സർഗാത്മകസാഹിത്യരംഗത്തും ദാമോദരൻ കടന്നുചെന്നിരുന്നു. ആദ്യകാലത്ത് ചെറുകഥകളും കവിതകളുമാണ് എഴുതിയിരുന്നത്. കർഷകപ്രസ്ഥാനത്തിന്റെ പ്രക്ഷോഭങ്ങളെ സഹായിക്കാനായി രചിച്ച 'പാട്ടബാക്കി' മലയാള നാടകചരിത്രത്തിലെ തന്നെ നാഴികക്കല്ലാണ്. പൊന്നാനിയിൽ നടന്ന കർഷകസമ്മേളനത്തിലാണ് 'പാട്ടബാക്കി' ആദ്യമായി

അവതരിപ്പിച്ചത്. പ്രമേയത്തിലും അവതരണത്തിലുമെല്ലാം അന്നുവരെ പരിചിതമായതിൽ നിന്നും തീർത്തും ഭിന്നമായ ജീവിതഗന്ധിയായ കലാസൃഷ്ടിയായിരുന്നു 'പാട്ടബാക്കി'. ജൻമിത്വത്തെ തുറന്നു കാട്ടുന്ന 'പാട്ടബാക്കി' അക്കാലത്ത് ഇരുന്നൂറിലധികം വേദികളിൽ അവതരിപ്പിച്ചു. നാടകത്തിൽ ദാമോദരൻ അഭിനയിക്കുകയും ചെയ്തു. 'രക്തപാനം' എന്ന നാടകം കൂടി ദാമോദരൻ രചിച്ചെങ്കിലും 'പാട്ടബാക്കി'ക്കു കിട്ടിയ പ്രചാരം അതിനു ലഭിച്ചിരുന്നില്ല.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദാമോദരൻ നല്ലൊരു പാർലമെൻററിയനായിരുന്നു. വിഷയങ്ങൾ നന്നായി പഠിച്ചു അവതരിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഡൽഹിയിലെ താമസം പഠനത്തിനും ഗവേഷണത്തിനുമാണ് അദ്ദേഹം ഉപയോഗിച്ചത്. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തെക്കുറിച്ചായിരുന്നു ദാമോദരൻ ഗവേഷണം നടത്തിയിരുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ദേശീയ കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. പാർട്ടിക്കകത്ത് സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും അതിനുവേണ്ടി വാദിക്കാനും അദ്ദേഹം ഒരിക്കലും മടികാണിച്ചിരുന്നില്ല. ദാമോദരന്റെ നിലപാടുകളോട് വിയോജിക്കുന്നവർ പോലും അദ്ദേഹത്തിന്റെ ആർജവവും ആത്മാർത്ഥതയും അംഗീകരിച്ചിരുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ ദാമോദരൻ വഹിച്ച പങ്ക് അദ്വിതീയമാണ്. തലമുറകൾക്ക് മാർക്സിസത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ താത്വികാചാര്യനാണ് ദാമോദരൻ. അദ്ദേഹത്തിന്റെ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുന്നോട്ടു വന്ന പ്രഭാത് ബുക്ക് ഹൗസ് അഭിനന്ദനമർഹിക്കുന്നു.

വെളിയം ഭാർഗ്ഗവൻ

# ഉള്ളടക്കം


പ്രഭാതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പ്രസാധനം . . . . . . . . . . . . . . . . . iii

പ്രസാധകക്കുറിപ്പ് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . v

കെ. ദാമോദരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . vii

അവതാരിക . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . x

ഉള്ളടക്കം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . xiii

1 ധനശാസ്ത്ര പ്രവേശിക . . . . . . . . . . . . . . . . . . . . . . . . . . . . . . . . 1
- 1 ധനശാസ്ത്രം എന്ത്? എന്തിന് . . . . . . . . . . . . . . . . . . . . 1
- 2 മുതലാളിത്ത സമുദായത്തിലെ ഉല്പാദന വ്യവസ്ഥ . . . . . . . . 3
- 3 ചരക്കുകൾ . . . . . . . . . . . . . . . . . . . . . . . . . . . . . . 6
- 4 സമുദായത്തിനാവശ്യമായ ശരാശരി പ്രയത്നം . . . . . . . . . . 13
- 5 പണത്തിന്റെ ഉത്ഭവം . . . . . . . . . . . . . . . . . . . . . . . . 17
- 6 പണവും മൂലധനവും . . . . . . . . . . . . . . . . . . . . . . . . 23
- 7 മുതലാളിത്തവും സാമൂഹ്യവിപ്ലവവും . . . . . . . . . . . . . . . . 32

2 ധനശാസ്ത്രതത്വങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . 36
- 1 ധനശാസ്ത്രത്തിന്റെ ഉള്ളടക്കം . . . . . . . . . . . . . . . . . . 36
- 2 ഉൽപാദനത്തിന്റെ ഘടകങ്ങൾ . . . . . . . . . . . . . . . . . . 38
- 3 വ്യവസായഘടന . . . . . . . . . . . . . . . . . . . . . . . . . . 43
- 4 വിനിമയം . . . . . . . . . . . . . . . . . . . . . . . . . . . . . 46
- 5 പണം . . . . . . . . . . . . . . . . . . . . . . . . . . . . . . . 51
- 6 ഋണവ്യവസ്ഥ . . . . . . . . . . . . . . . . . . . . . . . . . . . 56
- 7 ബാങ്കും പണമിടപാടും . . . . . . . . . . . . . . . . . . . . . . 60
- 8 ബാങ്കിന്റെ ചരിത്രം . . . . . . . . . . . . . . . . . . . . . . . 65
- 9 വിദേശവ്യാപാരം . . . . . . . . . . . . . . . . . . . . . . . . . 69
- 10 സ്വർണ്ണമാന വ്യവസ്ഥ . . . . . . . . . . . . . . . . . . . . . . 73
- 11 പണത്തിന്റെ വിലയും വിദേശവിനിമയവും . . . . . . . . . . . . 79

12 സാമ്പത്തികക്കുഴപ്പം . . . . . . . . 83
13 പ്ലാനിംഗ് . . . . . . . . 91

3 ഉറുപ്പിക . . . . . . . . 94
1 ഇന്ത്യയിലെ പ്രാചീന നാണ്യങ്ങൾ . . . . . . . . 94
2 വെള്ളിമാനം . . . . . . . . 98
3 കൃത്രിമമായ വിനിമയനിരക്ക് . . . . . . . . 104
4 സ്വർണ്ണവിനിമയമാനം . . . . . . . . 111
5 കറൻസി നോട്ടുകൾ . . . . . . . . 117
6 ഉറുപ്പികയും ഒന്നാം ലോകമഹായുദ്ധവും . . . . . . . . 119
7 ബേബിങ്ങ്ടൺ സ്മിത്ത് കമ്മിറ്റി . . . . . . . . 123
8 ഹിൽട്ടൺയങ്ങ് കമ്മീഷൻ . . . . . . . . 130
9 സാമ്പത്തികക്കുഴപ്പം . . . . . . . . 133
10 വീണ്ടും സ്റ്റർലിങ്ങ് വിനിമയം . . . . . . . . 135
11 സ്വർണ്ണ കയറ്റുമതി . . . . . . . . 136
12 റിസർവ് ബാങ്കും കറൻസിയും . . . . . . . . 141
13 യുദ്ധവും കറൻസിയും . . . . . . . . 143

4 പണം മുതൽ നയാപൈസവരെ . . . . . . . . 147
1 പൈസ എന്തിന്? . . . . . . . . 148
2 നാണ്യങ്ങളുടെ ഉത്ഭവം . . . . . . . . 149
3 പഴയ നാണ്യങ്ങൾ . . . . . . . . 150
4 നാണ്യങ്ങളുടെ പരസ്പരബന്ധം . . . . . . . . 151
5 നാണ്യങ്ങളുടെ ഭംഗി . . . . . . . . 151
6 ഏകീകൃതമായ നാണ്യവ്യവസ്ഥ . . . . . . . . 152
7 ഉറുപ്പികയും പവൻസ്റ്റർലിങ്ങും . . . . . . . . 153
8 ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം . . . . . . . . 154
9 പുതിയ വിനിമയനിരക്ക് . . . . . . . . 154
10 ഇന്ത്യയ്ക്കു നേരിട്ട നഷ്ടം . . . . . . . . 155
11 നോട്ട് എന്നാലെന്ത്? . . . . . . . . 155
12 നോട്ടിന്റെ ഉറപ്പ് . . . . . . . . 156
13 പണം കൂടുതലായാൽ . . . . . . . . 157
14 ഡീവാല്യുവേഷൻ . . . . . . . . 158
15 ഇന്ത്യ സ്വതന്ത്രയായപ്പോൾ . . . . . . . . 158
16 നയാപൈസയ്ക്കു സ്വാഗതം . . . . . . . . 159

5 നാണയപ്രശ്നം . . . . . . . . 161
1 പണത്തിന്റെ പ്രാധാന്യം . . . . . . . . 161
2 നാണ്യങ്ങളുടെ ആവിർഭാവം: . . . . . . . . 162
3 വിലകളുടെ മാനദണ്ഡം: . . . . . . . . 163
4 ടോക്കൻ നാണ്യങ്ങളും നോട്ടുകളും: . . . . . . . . 164
5 പണവും ചരക്കുകളുടെ വിലയും: . . . . . . . . 165
6 എത്ര പണം? . . . . . . . . 166

7 പണത്തിന്റെ ക്രയശക്തി: . . . . 167
8 വിലയുടെ കയറ്റമിറക്കങ്ങൾ: . . . . 168
9 സൂചകസംഖ്യ: . . . . 170
10 കനംകൂടിയ സൂചകസംഖ്യകൾ: . . . . 172
11 ഇന്ത്യയിലെ സൂചകസംഖ്യകൾ: . . . . 173
12 വിനിമയ നിരക്ക്: . . . . 176
13 വിനിമയനിരക്ക് കണക്കാക്കുന്നതു് എങ്ങനെ? . . . . 177
14 സ്വർണ്ണരേഖകൾ: . . . . 178
15 ഉറുപ്പികയും സ്റ്റർലിങ്ങും: . . . . 180
16 വിനിമയത്തിന്റെ സാങ്കേതികവശം: . . . . 180
17 വിനിമയനിരക്ക് അനുകൂലമോ പ്രതികൂലമോ? . . . . 181
18 പണത്തിന്റെ അടിസ്ഥാനതത്വം: . . . . 182
19 ബാങ്കുനോട്ടുകൾ: . . . . 183
20 പണവും സാമ്പത്തികക്കുഴപ്പവും: . . . . 184
21 പണത്തിന്റെ നിയന്ത്രണം: . . . . 185

6 മുതലാളിത്തം . . . . 186
1 എന്താണ് മൂലധനം? . . . . 187
2 എവിടെ നിന്നാണീ ലാഭമുണ്ടാവുന്നത്? . . . . 187
3 അദ്ധ്വാനശക്തി ഒരു വിൽപ്പനച്ചരക്ക് . . . . 188
4 കൂലിവേലയുടെ അടിമത്തം . . . . 189
5 അധ്വാനശക്തിയുടെ മൂല്യം . . . . 190
6 ചൂഷണത്തിന്റെ അടിസ്ഥാനം . . . . 191
7 മിച്ചമൂല്യം വർദ്ധിപ്പിക്കുന്നതെങ്ങനെ? . . . . 192
8 മുതലാളിത്ത ചൂഷണത്തിന്റെ പ്രത്യേകത: . . . . 193
9 ഉൽപാദനത്തിന്റെ പ്രേരകശക്തി . . . . 194
10 സോഷ്യലിസത്തിൽ മിച്ചമൂല്യമുണ്ടോ? . . . . 194
11 ശരാശരി ലാഭം . . . . 197
12 മിച്ചമൂല്യം പങ്കിടൽ . . . . 199
13 ഉൽപാദന വില . . . . 201
14 അഭിവൃദ്ധിയും അധഃപതനവും . . . . 203
15 മൂലധനകേന്ദ്രീകരണം . . . . 204
16 മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ . . . . 205
17 മുതലാളിത്തത്തിന്റെ നാശം . . . . 206

7 സാമ്രാജ്യാധിപത്യവും സാമ്പത്തികക്കുഴപ്പവും . . . . 208
1 മുതലാളിത്തത്തിന്റെ നേട്ടങ്ങൾ . . . . 208
2 സ്വതന്ത്രമത്സരത്തിൽനിന്ന് കുത്തകമുതലാളിത്തത്തിലേക്ക് . . . . 209
3 ഫൈനാൻസ് മൂലധനം . . . . 210
4 മൂലധനം കയറ്റിഅയയ്ക്കൽ . . . . 211
5 സാമ്രാജ്യാധിപത്യത്തിലേക്ക്: . . . . 211
6 സാമ്രാജ്യാധിപത്യത്തിന്റെ സവിശേഷതകൾ . . . . 212

| | | |
|---|---|---|
| 7 | പരമാവധി ലാഭം | 213 |
| 8 | സാമ്രാജ്യയുദ്ധങ്ങളുടെ അനിവാര്യത | 214 |
| 9 | മുതലാളിത്തത്തിന്റെ അധഃപതനം | 215 |
| 10 | അസമമായ വളർച്ച | 217 |
| 11 | മുതലാളിത്തത്തിന്റെ അനിവാര്യഫലം | 219 |
| 12 | വ്യവസായവിഭാഗങ്ങൾ തമ്മിലുള്ള ബന്ധം | 220 |
| 13 | ഉല്പാദനവ്യവസ്ഥയിലെ അരാജകത്വം | 221 |
| 14 | കുഴപ്പങ്ങളുടെ അടിസ്ഥാന കാരണം | 223 |
| 15 | പൊതുകുഴപ്പത്തിന്റെ ഒന്നാംഘട്ടം | 225 |
| 16 | രണ്ടു ചേരികൾ: രണ്ടു ലോകമാർക്കറ്റുകൾ | 227 |

# — 1 —

# ധനശാസ്ത്ര പ്രവേശിക

## 1 ധനശാസ്ത്രം എന്ത്? എന്തിന്

മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത പല ആവശ്യങ്ങളുമുണ്ട്. ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ സാമഗ്രികൾ കൂടാതെ അവന് ജീവിച്ചിരിക്കാൻ വയ്യ. ഇതൊക്കെ വേണമെങ്കിൽ അവൻ പണിയെടുക്കണം, അദ്ധ്വാനിക്കണം. ഭക്ഷണം സമ്പാദിക്കാനും വസ്ത്രമുണ്ടാക്കാനും വീടുണ്ടാക്കാനും അതുപോലെയുള്ള മറ്റാവശ്യങ്ങൾ നിറവേറ്റുവാനും അദ്ധ്വാനം കൂടിയേ കഴിയൂ. ഭൂമിക്കടിയിൽ കിടക്കുന്ന കൽക്കരിയോ ഇരുമ്പോ പുറത്തേക്കു കൊണ്ടുവന്ന് യന്ത്രങ്ങളും മറ്റ് സാമഗ്രികളുമുണ്ടാക്കണമെങ്കിൽ അദ്ധ്വാനിക്കാതെ നിവൃത്തിയില്ല. കാട്ടിൽ കിടന്ന മരം വെട്ടിമുറിച്ചുകൊണ്ടുവന്ന് അദ്ധ്വാനിച്ചുണ്ടാക്കിയതാണ് ഞാൻ എഴുതാനുപയോഗിക്കുന്ന മേശ. പ്രകൃതിയിൽ കാണുന്ന വിഭവങ്ങളിൽ അദ്ധ്വാനമർപ്പിച്ച് ഉപയോഗകരങ്ങളായ സാമഗ്രികളാക്കി മാറ്റുകയാണ് മനുഷ്യൻ ചെയ്യുന്നത്. ഈ പ്രവൃത്തിക്കാണ് ഉൽപാദനം എന്ന് പറയുന്നത്. സാമൂഹ്യവളർച്ചയുടെ ഏത് ഘട്ടത്തിലായാലും ശരി, ഏത് സമുദായഘടനയിലായാലും ശരി, ഏത് രാജ്യത്തിലായാലും ശരി, ജീവിത നിർവ്വഹണത്തിന് ഉൽപാദനം കൂടിയേ കഴിയൂ.

പണിയെടുക്കാൻ പണിയായുധം വേണം. ഉൽപാദനോപകരണങ്ങളുടെ സഹായത്തോടുകൂടിയാണ് മനുഷ്യൻ ഉൽപാദനം നടത്തുന്നത്. ഈ ഉൽപാദനോപകരണങ്ങളും അവയുപയോഗിച്ച്, പ്രവൃത്തിയിൽ വൈദഗ്ധ്യം നേടി, ആ വൈദഗ്ധ്യത്തെ തങ്ങളുടെ സന്താനപരമ്പരകൾക്ക് സമർപ്പിക്കുകയും അങ്ങനെ ഉൽപാദനം തുടർന്നുകൊണ്ടുപോവാൻ സഹായിക്കുകയും ചെയ്യുന്ന മനുഷ്യരും എല്ലാമടങ്ങിയാൽ ഉൽപാദനശക്തികളായി.

മനുഷ്യർ ഇങ്ങനെ ഉൽപാദനം നടത്തുന്നത് ഒറ്റയ്ക്കൊറ്റയ്ക്കല്ല, കൂട്ടംകൂട്ടമായിട്ടാണ്. ഒരു ഖനിയോ ഫാക്ടറിയോ തനിയെ, മറ്റാരുടെയും സഹായം കൂടാതെ, ഉപയോഗിക്കാൻ ഒരാൾക്ക് എങ്ങനെ സാധിക്കും? നൂറ്റുക്കണക്കിനായി, ആയിരക്കണക്കായി, ആളുകൾ യോജിച്ചുകൊണ്ടാണ് — സാമൂഹ്യമായിട്ടാണ് — സമുദായത്തിൽ ഉൽപാദനം നടത്തുന്നത്. മുതലാളിത്ത രീതിയിലുള്ള ഉൽപാദനത്തിൽ മാത്രമല്ല ഈ സാമൂഹ്യബന്ധം കാണപ്പെടുന്നത്. കൃഷിക്കാരന് വയലിൽ പണിയെടുക്കാനും കൈവേലക്കാരന് പണിയായുധങ്ങളുണ്ടാക്കി പ്രവർത്തിക്കാനുമെല്ലാം മറ്റുള്ളവരുടെ സഹായമാവശ്യമാണ്. തങ്ങളുടെ ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യങ്ങളു

ടെ നിർവഹണത്തിനുവേണ്ടി മനുഷ്യർ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലു ള്ള പരസ്പരബന്ധത്തിലേർപ്പെടുന്നു. കാറൽമാർക്സ് എഴുതുകയുണ്ടായി: 'ഒരു സവി ശേഷരീതിയിൽ സഹകരിച്ചുനിന്നും തങ്ങളുടെ അധ്വാനഫലങ്ങളെ പരസ്പരം കൈ മാറിയും മാത്രമേ മനുഷ്യർക്ക് ഉൽപാദനം നടത്താൻ കഴിയുകയുള്ളൂ. ഉൽപാദനം നടത്തുവാനായി അവർ വ്യക്തമായ ചില പരസ്പരബന്ധങ്ങളിലേർപ്പെടുന്നു. ഈ പരസ്പരബന്ധങ്ങളുടെ പരിധിക്കകത്ത് നിന്നുകൊണ്ടുമാത്രമെ അവർ പ്രകൃതിയെ ഉപയോഗപ്പെടുത്തുന്നുള്ളൂ, ഉൽപാദിപ്പിക്കുന്നുള്ളൂ.'

ഈ പരസ്പരബന്ധങ്ങൾ ചിലപ്പോൾ എല്ലാവരുടെയും സമ്മതത്തോടുകൂടിയ വയായിരിക്കും; മറ്റു ചിലപ്പോൾ ഒരു വിഭാഗം ജനങ്ങൾ മറ്റൊരു വിഭാഗത്തിന്റെ മേൽ നടത്തുന്ന നിർബന്ധത്തെ അടിസ്ഥാനപ്പെടുത്തിയവയായിരിക്കും. ഏതാ യാലും ഏത് സാമൂഹ്യഘടനയിലും നിശ്ചിതമായ ഉൽപാദനബന്ധങ്ങളുണ്ടായി രിക്കുമെന്ന് തീർച്ചയാണ്. ഈ ഉൽപാദനബന്ധങ്ങളും ഉൽപാദനശക്തികളും കൂടിയതിനെയാണ് ഉൽപാദനരീതി എന്നുപറയുന്നത്.

ഉൽപാദനരീതിയും ഉൽപാദനബന്ധങ്ങളും ഒരേ നിലയ്ക്ക്, യാതൊരു മാറ്റ വും കൂടാതെ അധികകാലം നിലനിൽക്കുകയില്ല. അവയെല്ലായ്പ്പോഴും മാറിക്കൊ ണ്ടും വളർന്നുകൊണ്ടുമിരിക്കുന്നു. കല്ലും മരകക്ഷണങ്ങളും പണിയായുധങ്ങളായി ഉപയോഗിച്ചിരുന്ന പ്രാചീന മനുഷ്യന്റെ ഉൽപാദന സമ്പ്രദായവും ആധുനിക കാ ലത്തെ പരിഷ്കരിച്ച ഉൽപാദന സമ്പ്രദായവും തമ്മിലൊന്നു താരതമ്യപ്പെടുത്തി നോക്കിയാൽ ഉൽപാദനശക്തികളിലും ഉൽപാദനബന്ധങ്ങളിലും എത്ര അത്ഭു തകരങ്ങളായ പരിവർത്തനങ്ങളാണുണ്ടായിട്ടുള്ളതെന്ന് മനസിലാവും. ആദ്യം ഉൽപാദനശക്തികളിൽ-പ്രത്യേകിച്ചും ഉൽപാദനോപകരണങ്ങളിൽ മാറ്റമുണ്ടാകു ന്നു. ഉൽപാദനശക്തികൾ മാറുകയും വളരുകയും ചെയ്യുന്നതോടൊപ്പം മനുഷ്യരു ടെ ഉൽപാദനബന്ധങ്ങൾക്കും മാറ്റം സംഭവിക്കുന്നു. അതോടുകൂടി ഉൽപാദനരീ തിയിലാകെ മാറ്റം വന്നുചേരുന്നു. ഇങ്ങനെയാണ് ക്രമത്തിൽ ക്രമത്തിൽ, നൂറ്റാ ണ്ടുകളുടെ മാറ്റങ്ങളുടെയും വളർച്ചകളുടെയും ഫലമായി വലിയ വലിയ യന്ത്രങ്ങളും വൻകിടവ്യവസായങ്ങളും ആവിർഭവിച്ചത്.

സാമൂഹ്യജീവിതത്തിൽ മനുഷ്യർ പരസ്പരമേർപ്പെടുന്ന ഈ സാമ്പത്തിക ബന്ധങ്ങളെപ്പറ്റിയുള്ള പഠനമാണ് ധനശാസ്ത്രം. സമുദായത്തിന്റെ നിലനിൽപിനും വളർച്ചയ്ക്കും ആവശ്യമായ വസ്തുക്കളുടെ ഉൽപാദനവിതരണങ്ങളെപ്പറ്റിയും അവയെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പറ്റിയുമാണ് ധനശാസ്ത്രം പ്രതിപാദിക്കുന്നത്. അതു കൊണ്ട് ധനശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രമാണ്. ഏംഗെൽസ് പറയുന്നു: "ധനശാ സ്ത്രമെന്നത്, അതിന്റെ ഏറ്റവും വിപുലമായ അർത്ഥത്തിൽ, മനുഷ്യസമുദായത്തി ലെ ഭൗതികമായ ജീവനോപകരണങ്ങളെ ഉൽപാദിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നതിനടിസ്ഥാനമായ നിയമങ്ങളുടെ ശാസ്ത്രമാണ്."

ഉൽപാദനവിതരണങ്ങളുടെ ഉപാധികൾ ഓരോ രാജ്യത്തും ഓരോ മാതിരി യാണ്. കാലം മാറുന്നതോടൊപ്പം അവയ്ക്കും മാറ്റം സംഭവിക്കുന്നു. അതിനാൽ, എല്ലാ രാജ്യങ്ങളുടെയും, ചരിത്രപരമായ എല്ലാ കാലഘട്ടങ്ങളുടെയും ധനശാസ്ത്രം ഒരേ മാതിരിയായിരിക്കില്ല. അതുകൊണ്ട് ധനശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രം മാത്ര മല്ല, ചരിത്രപരമായ ഒരു ശാസ്ത്രം കൂടിയാണ്. ചരിത്രപരമായ, ഇടതടവില്ലാതെ മാറിക്കൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റിയാണത് പ്രതിപാദിക്കുന്നത്. ലെനിൻ പറ യുന്നതുപോലെ, "സാമൂഹ്യോൽപാദനത്തിന്റെ വളർന്നുവരുന്ന ചരിത്രപരമായ വ്യവസ്ഥകളെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രമാണ് ധനശാസ്ത്രം."

എന്നാൽ പ്രാചീന കാലഘട്ടങ്ങളിലെ സാമ്പത്തിക ബന്ധങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ധനശാസ്ത്രം വിപുലമായ തോതിൽ ഇനിയും എഴുതപ്പെട്ടു കഴിഞ്ഞിട്ടില്ല. മുതലാളിത്ത കാലഘട്ടമായപ്പോൾ മാത്രമാണ് ഈ ശാസ്ത്രത്തിന് അതർഹിക്കുന്ന സ്ഥാനം ലഭിച്ചത്. പഴയ ഉൽപാദക ബന്ധങ്ങളോട് പോരാടുവാനുള്ള ശക്തിയേറിയ ഒരായുധമെന്ന നിലയ്ക്ക് ധനശാസ്ത്രം ഉപയോഗിക്കപ്പെടാൻ തുടങ്ങിയത് അപ്പോൾ മുതൽക്കാണ്. മുതലാളിത്ത രീതിയിലുള്ള ഉൽപാദനരീതിയുടെ ഉൽഭവവും വളർച്ചയുമാണ് അതിലെ ഉള്ളടക്കം. ഫ്യൂഡലിസ്റ്റ് രീതിയിലുള്ള ഉൽപാദനബന്ധങ്ങളുടെ അവശിഷ്ടങ്ങളെ കർശനമായി വിമർശിക്കുക, പഴയ ഉൽപാദനബന്ധങ്ങളുടെ സ്ഥാനത്ത് പുതിയ മുതലാളിത്ത രീതിയിലുള്ള ഉൽപാദനവിതരണങ്ങളെ പ്രതിഷ്ഠാപിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുക — ഇതാണ് മുതലാളിത്ത കാലഘട്ടത്തിലെ ധനശാസ്ത്രം നിർവ്വഹിച്ചിട്ടുള്ള ചരിത്രപരമായ പങ്ക്.

പക്ഷേ, മുതലാളിത്ത ധനശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തിൽ മുതലാളിത്ത രീതിയിലുള്ള ഉൽപാദന വിതരണങ്ങൾ യുക്തിയുക്തങ്ങളും അധൃഷ്യങ്ങളുമാണ്. അവയുടെ ധനശാസ്ത്രനിയമങ്ങൾ എല്ലാ രാജ്യത്തേയ്ക്കും എല്ലാ കാലത്തേയ്ക്കും പറ്റിയവയാണ്! കാരണം, മുതലാളിത്ത രീതിയിലുള്ള സാമൂഹ്യഘടന ശാശ്വതമാണെന്ന് അവർ വിചാരിക്കുന്നു. സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടം മാത്രമാണ് മുതലാളിത്തമെന്നോ മുമ്പുണ്ടായിട്ടുള്ള എല്ലാ സാമൂഹ്യഘടനകൾക്കുമെന്നപോലെ തന്നെ മുതലാളിത്തത്തിനും നാശമുണ്ടാകുമെന്നോ ആലോചിക്കുവാൻ പോലും അവർ തയ്യാറില്ല.

ഈ ധനശാസ്ത്രത്തെ വിമർശനപരമായി പരിശോധിച്ച്, യുക്തിയുക്തമായ വിധത്തിൽ മുന്നോട്ടു കൊണ്ടുപോവുകയാണ് മാർക്സിസ്റ്റ് ധനശാസ്ത്രം ചെയ്യുന്നത്. പഴയ ഫ്യൂഡലിസ്റ്റ് സാമൂഹ്യഘടനയുടെ അവശിഷ്ടങ്ങളിൽ നിന്ന് മുതലാളിത്തം ജനിച്ചുവളർന്നതെങ്ങനെയെന്ന് വിവരിക്കുക, മുതലാളിത്ത സമുദായത്തിന്റെ വികാസനിയമങ്ങളെ വ്യക്തമാക്കുക, മുതലാളിത്ത സാമൂഹ്യഘടനയുടെ സ്വഭാവമെന്താണെന്നും ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ ഒരു പിടി മുതലാളികൾക്ക് ഭൂരിപക്ഷക്കാരായ തൊഴിലാളികളെ ചൂഷണം ചെയ്യാൻ സാധിക്കുന്നതെങ്ങനെയെന്നും തുറന്നുകാണിക്കുക, മുതലാളിത്തത്തിലടങ്ങിയ വൈരുദ്ധ്യങ്ങൾ അതിന്റെ തന്നെ ശവക്കുഴി തോണ്ടുന്നതെങ്ങിനെയെന്ന് ചൂണ്ടിക്കാണിക്കുക — ഇതാണ് മാർക്സിയൻ ധനശാസ്ത്രം ചരിത്രപരമായി നിർവ്വഹിക്കുന്ന പങ്ക്.

ഇന്ന് മുതലാളിത്തം അതിന്റെ അധഃപതനത്തിലെത്തിയിരിക്കുകയാണ്. അതുതന്നെ സൃഷ്ടിച്ചുവിട്ട അതിന്റെ ശത്രുക്കൾ, അതിന്റെ ശവക്കുഴി തോണ്ടുന്ന തൊഴിലാളിവർഗ്ഗം ഒരു പ്രബലവർഗ്ഗമായി മാറിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തത്തിനെതിരായ പ്രക്ഷോഭങ്ങൾ ലോകത്തെങ്ങും വളർന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെയും അവരുടെ പാർട്ടിയുടെയും കീഴിൽ അണിനിരന്നുകൊണ്ട് മനുഷ്യസമുദായം ക്ഷയോന്മുഖമായ മുതലാളിത്തത്തെ തട്ടിത്തകർത്ത് പുതിയ സാമൂഹ്യഘടനയിലേക്ക് — സോഷ്യലിസ്റ്റ് സാമൂഹ്യഘടനയിലേക്ക് — പ്രയാണമാരംഭിച്ചിരിക്കുകയാണ്.

ഈ പ്രയാണത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരായുധമാണ് ധനശാസ്ത്രം.

## 2 മുതലാളിത്ത സമുദായത്തിലെ ഉല്പാദന വ്യവസ്ഥ

മാർക്സ് പറയുന്നു: "മനുഷ്യർ സാമൂഹ്യമായി ഉൽപാദനം നടത്തുമ്പോൾ അവർ തങ്ങൾക്ക് ഒഴിച്ചുകൂടാൻ വയ്യാത്തതും തങ്ങളുടെ ഇച്ഛാശക്തിക്കതീതവുമായ ചില

വ്യക്തമായ പരസ്പരബന്ധങ്ങളിലേർപ്പെടുന്നു. ഈ ഉൽപാദനബന്ധങ്ങൾ അതാത് ഘട്ടത്തിലെ ഭൗതികമായ ഉൽപാദനശക്തികളുടെ വളർച്ചയുടെ വ്യക്തമായ നിലാവരത്തിന്നനുകൂലമായിരിക്കും."

അടിമസമ്പ്രാദയത്തിലെ ഉൽപാദനബന്ധങ്ങളുടെ അടിസ്ഥാനം ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന് ഉൽപാദനം നടത്തുന്ന അടിമകളുടെ മേൽ പരിപൂർണമായ ഉടമാവകാശമുണ്ടെന്നുള്ളതാണ്. നാടുവാഴി വ്യവസ്ഥയിൽ പ്രധാനമായ ഉൽപാദനോപകരണം — നിലം — നാടുവാഴിയുടെ സ്വകാര്യസ്വത്താണ്. നിലത്തിന്റെമേലുള്ള ഈ ഉടമാവകാശത്തിന്റെ പിൻബലത്തോടുകൂടിയാണ് നാടുവാഴി കൃഷിക്കാരെ ചൂഷണം ചെയ്യുന്നത്. മുതലാളിത്ത സമുദായത്തിൽ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാർ മുതലാളികളാണ്. ഉൽപാദനത്തിന് മുതലാളികളും തൊഴിലാളികളും തമ്മിൽ വ്യക്തമായ ചില ബന്ധങ്ങളിലേർപ്പെടുന്നു. ഉൽപാദനോപകരണങ്ങളുടെ ഉടമകളെന്ന നിലയ്ക്ക് മുതലാളികൾ ഉൽപാദനത്തിന്റെയും ഉൽപന്നങ്ങളുടെയും നിയന്ത്രണം നടത്തുന്നു. സ്വന്തമായ ഉൽപാദനോപകരണങ്ങളില്ലാത്ത തൊഴിലാളികൾ തങ്ങളുടെ പ്രയത്നശക്തി മുതലാളിക്ക് വിൽക്കുന്നു. ഉൽപാദിപ്പിച്ച ചരക്കുകളുടെ ഒരു ഭാഗം തൊഴിലാളിക്ക് 'കൂലി'യായി കിട്ടുന്നു. മറ്റേഭാഗം ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരെന്ന നിലയ്ക്ക് മുതലാളികൾ കൈക്കലാക്കുന്നു. ഈ അടിസ്ഥാനത്തിലാണ് മുതലാളിത്ത സമുദായത്തിൽ ഉൽപാദനം നടക്കുന്നത്.

തൊഴിലാളിയുടെ അധ്വാനശക്തിയുടെ സഹായം കൂടാതെ മുതലാളിക്ക് ഉൽപാദനം നടത്തുക സാധ്യമല്ല. യന്ത്രം, അസംസ്കൃത പദാർത്ഥങ്ങൾ മുതലായ ഉൽപാദനസാമഗ്രികളിൽ തൊഴിലാളി തന്റെ അധ്വാനമർപ്പിച്ചാൽ മാത്രമെ ചരക്കുകളുണ്ടാവുകയുള്ളൂ. ഉൽപാദനസാമഗ്രികൾ തൊഴിലാളിയുടെ അധീനത്തിലല്ല. മുതലാളിയുടെ സ്വകാര്യ സ്വത്താണവ. ഉൽപാദനോപകരണങ്ങൾ സ്വന്തമായി ഇല്ലാത്തതുകൊണ്ട് തന്റെ അധ്വാനശക്തിയെ സ്വന്തമായി ഉപയോഗിക്കാൻ തൊഴിലാളിക്ക് നിവൃത്തിയില്ല. അതുകൊണ്ടുതന്നെ സ്വന്തം ഉപജീവനത്തിന് തന്റെ അധ്വാനശക്തിയെ മുതലാളിക്ക് വിൽക്കുവാൻ അയാൾ നിർബന്ധിതനായിത്തീരുന്നു.

പക്ഷേ, ചിലർ ചോദിക്കും, മുതലാളിയുടെ കയ്യിൽ പണമുള്ളതുകൊണ്ടല്ലേ അയാൾക്ക് തൊഴിലാളിയുടെ അധ്വാനശക്തി വാങ്ങാൻ സാധിക്കുന്നത്. മുതലാളിയുടെ കയ്യിൽ മൂലധനമുള്ളതുകൊണ്ടല്ലേ അയാൾക്ക് ലാഭമുണ്ടാക്കാൻ കഴിയുന്നത്? എന്താണീ മൂലധനമെന്നുവെച്ചാൽ?

മൂലധനത്തിന്റെ സ്വഭാവത്തെപ്പറ്റിയുള്ള പല തെറ്റിദ്ധാരണകളും പ്രചാരത്തിലുണ്ട്. എല്ലാ സ്വത്തുക്കളും മൂലധനമാണെന്ന് ചിലർ വിചാരിക്കുന്നു. എല്ലാത്തരം പണിയായുധങ്ങളും മൂലധനത്തിൽ ഉൾപ്പെടുമെന്ന് മറ്റുചിലർ വ്യാഖ്യാനിക്കുന്നു. അവരുടെ അഭിപ്രായത്തിൽ, പ്രാകൃതങ്ങളായ പണിയായുധങ്ങളുപയോഗിച്ചിരുന്ന കാടൻമാരുടെ സമുദായത്തിൽ പോലും മൂലധനമുണ്ടായിരുന്നു. അങ്ങനെയാണെങ്കിൽ, ഒരു കല്ലിൻ കഷണത്തിന്റെയോ വടിയുടെയോ സഹായത്തോടുകൂടി എന്തെങ്കിലും കായകൾ പൊട്ടിച്ചുതിന്നുന്ന കുരങ്ങുകൾപോലും മുതലാളികളാണ്.

മൂലധനമെന്നുവച്ചാൽ ഭാവിയിലേക്കുവേണ്ടി സംഭരിച്ച് സൂക്ഷിച്ചുവയ്ക്കുന്ന പ്രയത്നം എന്നർത്ഥമാണെന്ന് വേറെ ചിലർ വ്യാഖ്യാനിക്കുന്നു. അവരുടെ അഭിപ്രായം ശരിയാണെങ്കിൽ റോക്ക് ഫെല്ലറുടെയും ഫോർഡിന്റെയും ടാറ്റയുടെയും കൂട്ടത്തിൽ ഉറുമ്പുകളെപ്പോലും ഉൾപ്പെടുത്തേണ്ടിവരും!

എന്നാൽ സമുദായത്തിലെ ഉൽപാദന-വിതരണങ്ങളെപ്പറ്റിയും അവയെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പറ്റിയും ഗൗരവമായി പഠിക്കാനാഗ്രഹിക്കുന്ന ധനശാസ്ത്രജ്ഞന്റെ ദൃഷ്ടിയിൽ ഇതൊന്നും മൂലധനമാവുകയില്ല. യന്ത്രങ്ങൾ, കെട്ടിടങ്ങൾ, അസംസ്കൃത സാധനങ്ങൾ മുതലായവയാണ് നമ്മൾ സാധാരണയായി മൂലധനമെന്ന് പറയുന്നത്. ഈ സാമഗ്രികളെ വാങ്ങുവാനോ തൊഴിലാളികൾക്ക് കൂലി കൊടുക്കുവാനോ ഉപയോഗപ്പെടുന്ന പണവും മൂലധനത്തിലുൾപ്പെടുന്നു. എന്നാൽ കെട്ടിടങ്ങളും യന്ത്രങ്ങളും അസംസ്കൃത സാമഗ്രികളും പണവും മൂലധനമാകുന്നത് അവയുടെ സഹജമായ ഗുണം കൊണ്ടല്ല; പിന്നെയോ, തൊഴിലാളികളുടെ അധ്വാനമുപയോഗിച്ച് ലാഭത്തിനുവേണ്ടി ചരക്കുകൾ നിർമ്മിക്കാനുള്ള ഉപകരണങ്ങളായിത്തീരുന്നുവെന്നതുകൊണ്ടുമാത്രമാണ്.

ഒരു കരുവാന്റെ കയ്യിലുള്ള ചുറ്റിക മൂലധനമല്ല. കാരണം, സാധനങ്ങൾ നിർമ്മിക്കുന്നതിന് അയാൾ മറ്റുള്ളവരുടെ — തൊഴിലാളികളുടെ — അധ്വാനശക്തിയെ ഉപയോഗിക്കുന്നില്ല. എന്നാൽ, അതേ ചുറ്റിക മുതലാളിയുടെ കയ്യിലെത്തുമ്പോഴേയ്ക്കും മൂലധനമായിത്തീരുന്നു. പാട്ടുകാരന്റെ കയ്യിലുള്ള വീണ, മുക്കുവന്റെ വല, കൃഷിക്കാരന്റെ പശു, ഉപയോഗിക്കാതെ കിടക്കുന്ന യന്ത്രം, പെട്ടിയിൽ വെറുതെ കിടക്കുന്ന പണം — ഇതൊന്നും മൂലധനമല്ല. മുതലാളിയുടെ കയ്യിൽ ലാഭം സമ്പാദിക്കാനുള്ള ഉപകരണങ്ങളായിത്തീരുമ്പോൾ മാത്രമാണ് ഉൽപാദനസാമഗ്രികൾ മൂലധനമായി മാറുന്നത്.

ഉൽപാദനത്തിനുപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും മൂലധനമാണെന്ന് പറയുന്നവർ മൂലധനം ശാശ്വതമാണെന്നും ഉൽപാദനം നടക്കുന്നേടത്തോളം കാലം മൂലധനം ആവശ്യമാണെന്നും വാദിക്കാൻ നോക്കുകയാണ്. ചരിത്രത്തിന്റെ വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രമാണ് മുതലാളിത്തം ആവിർഭവിച്ചതെന്നും സാമൂഹ്യവളർച്ചയുടെ മറ്റൊരുഘട്ടത്തിൽ അത് അന്തർദ്ധാനം ചെയ്യുമെന്നുമുള്ള വാസ്തവങ്ങളെ അവർ മറച്ചുവയ്ക്കുന്നു. പക്ഷേ, മൂലധനമുണ്ടായിരുന്നില്ല. മുതലാളിത്ത വ്യവസ്ഥയുടെ അതിർത്തിവരമ്പുകൾക്കപ്പുറത്ത് — ഭൂതത്തിലായാലും ശരി, ഭാവിയിലായാലും ശരി — മൂലധനം കാണപ്പെടുകയില്ല. മൂലധനത്തെയും ഉൽപാദനോപകരണങ്ങളേയും കൂട്ടിക്കുഴയ്ക്കുന്നത്, അവ തമ്മിലുള്ള വ്യത്യാസം കാണാതിരിക്കുന്നത്, മൂലധനത്തിന്റെ യഥാർത്ഥ രൂപത്തെ മറച്ചുവയ്ക്കലാണ്. അപ്പോൾ, മൂലധനത്തിന്റെ പ്രവൃത്തി ലാഭമുണ്ടാക്കലാണെന്നും ലാഭമുണ്ടാക്കാനുപകരിക്കാത്ത യാതൊരുൽപാദനോപകരണവും മൂലധനമാവില്ലെന്നും നമ്മൾ വ്യക്തമായി മനസ്സിലാക്കണം.

ഒരു പ്രത്യേക സാമൂഹ്യ പരിതഃസ്ഥിതിയിൽ അടിമകളെ വിലയ്ക്കുവാങ്ങുന്ന സമ്പ്രദായമുണ്ടെന്നിരിക്കട്ടെ, ഔപചാരികമായി നോക്കുമ്പോൾ പണംകൊടുത്ത് അടിമയെ വാങ്ങുക എന്നത് സാധാരണമായ ഒരു കൊള്ളകൊടുക്കമാത്രമാണ്. പക്ഷേ, അടിമത്ത സമ്പ്രദായം നിലവിലുണ്ടെങ്കിൽ മാത്രമേ ഈ കൊള്ളകൊടുക്ക നടക്കുകയുള്ളു. അടിമത്ത സമ്പ്രദായം നിലവിലില്ലെങ്കിൽ എത്രവലിയ പണക്കാരനും അടിമയെ വാങ്ങാൻ സാധിക്കില്ല. പണം കയ്യിലുള്ളതുകൊണ്ടുമാത്രം നശിച്ചുകഴിഞ്ഞ അടിമത്ത സമ്പ്രദായം മടങ്ങിവരികയില്ലല്ലോ.

ഇതുതന്നെയാണ് മുതലാളിത്തരീതിയിലുള്ള ഉൽപാദനത്തിന്റെയും സ്ഥിതി. സാമൂഹ്യവളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രമാണ് മുതലാളിത്ത വ്യവസ്ഥയാരംഭിക്കുന്നത്. എല്ലായ്പ്പോഴും എല്ലാ സാമൂഹ്യവ്യവസ്ഥകളിലും, പണത്തെ മൂലധനമാക്കി മാറ്റാൻ കഴിയുകയില്ല. മൂലധനത്തിന്റെ ആവിർഭാവത്തിനുമുമ്പുതന്നെ

ഉൽപാദനവും കച്ചവടവും ഒരു നിശ്ചിതഘട്ടം വരെ വളർന്നുകഴിഞ്ഞിട്ടുണ്ടാവണം. എന്നല്ല ഉൽപാദനഘടകങ്ങൾ തന്നെ ഒരു സവിശേഷരീതിയിൽ വിഭജിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടാവണം. ഒരു ഭാഗത്ത് പണവും ഉൽപാദനോപകരണങ്ങളും; മറുഭാഗത്ത് ഉൽപാദനോപകരണങ്ങളിൽ നിന്നകറ്റപ്പെട്ട 'സ്വതന്ത്ര'മായ അധ്വാനശക്തി. ഈയൊരു പരിതസ്ഥിതിയിൽ മാത്രമേ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ മുതലാളികൾക്ക് 'സ്വതന്ത്രരായ' തൊഴിലാളികളുടെ അധ്വാനശക്തി വിലയ്ക്കുവാങ്ങാനും അവരെ ചൂഷണം ചെയ്തുകൊണ്ട് ലാഭമടിക്കാനും സാധിക്കുകയുള്ളൂ. ചരിത്രപരമായി നോക്കുമ്പോൾ ഈ പരിതഃസ്ഥിതി 16-ാം നൂറ്റാണ്ടിലാണാരംഭിച്ചതെന്ന് കാണാം.

## 3 ചരക്കുകൾ

മുതലാളി തന്റെ കമ്പനിയിൽ സാധനങ്ങൾ നിർമ്മിക്കുന്നത് സ്വന്തം ഉപയോഗത്തിനുവേണ്ടിയല്ല. കൈമാറ്റം ചെയ്ത് ലാഭമുണ്ടാക്കാൻ വേണ്ടിയാണ്. കൈമാറ്റത്തിന് വേണ്ടിയുണ്ടാക്കുന്ന സാധനങ്ങളെ ചരക്കുകൾ എന്നുപറയുന്നു.

മുതലാളിത്ത സമ്പ്രദായം ആവിർഭവിക്കുന്നതിനു മുമ്പും ചരക്കുനിർമ്മാണം ഉണ്ടായിരുന്നു; കൈമാറ്റം നടന്നിരുന്നു. എന്നാൽ അക്കാലത്തൊന്നും ഉൽപാദനത്തിന്റെ സർവ്വപ്രധാനമായ ഉദ്ദേശ്യം കൈമാറ്റമായിരുന്നില്ല. സ്വന്തം ആവശ്യം കിഴിച്ച് ബാക്കിയുള്ളതു മാത്രമാണ് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. ഭൂരിപക്ഷക്കാരായ കൃഷിക്കാർ തങ്ങൾക്കാവശ്യമായ മിക്ക സാധനങ്ങളും സ്വന്തമായി ഉണ്ടാക്കിയിരുന്നു. സ്വന്തമായി ഉണ്ടാക്കാൻ സാധിക്കാത്ത അൽപം ചില സാമഗ്രികൾ മാത്രമാണ് അവർ കൈവേലക്കാരിൽ നിന്ന് വാങ്ങിയിരുന്നത്. ചെറിയ ചെറിയ കൈവേലക്കാർ സ്വന്തം പണിയായുധങ്ങളുപയോഗിച്ച് ആവശ്യമായ സാമഗ്രികൾ നിർമ്മിക്കുകയും തങ്ങളുടെ സ്വന്തം ഉപയോഗത്തിനുള്ളത് കിഴിച്ച് ബാക്കിയുള്ളത് കൈമാറ്റം നടത്തുകയും ചെയ്തുപോന്നു. ഇതേ കൈവേലക്കാരാണ് ജന്മിമാർക്കുവേണ്ടിയും പണിയെടുത്തിരുന്നത്, ജന്മികൾക്കാവശ്യമായ സാധനങ്ങളുണ്ടാക്കിയിരുന്നത്. കൈമാറ്റം വളരെകുറച്ച മാത്രമേ നടന്നിരുന്നുള്ളു. പ്രധാനമായ ഉത്പാദനം കൈമാറ്റത്തിനു വേണ്ടിയായിരുന്നില്ല.

ഇങ്ങനെ ഉൽപാദനോപകരണങ്ങൾ കൈവശമുള്ള കൈവേലക്കാരും കുടിൽവ്യവസായക്കാരും അധ്വാനിച്ച് ഉൽപന്നങ്ങളുണ്ടാക്കി, അതിൽ തങ്ങൾക്കാവശ്യമുള്ളതെടുത്ത് ബാക്കിമാത്രം കൈമാറ്റം ചെയ്യുന്ന സമ്പ്രദായത്തിന് സാധരണ ചരക്കുനിർമ്മാണം (Simple Commodity Production) എന്നുപറയുന്നു.

സാധാരണ ചരക്കുനിർമ്മാണവും മുതലാളിത്ത രീതിയിലുള്ള ചരക്കുനിർമ്മാണവും തമ്മിലുള്ള വ്യത്യാസമെന്താണ്? ചരക്കുനിർമ്മാണത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടമാണ് മുതലാളിത്തം. മുതലാളിത്ത സമ്പ്രദായത്തിൽ ചരക്കുനിർമ്മാണം ഏറ്റവും പരിഷ്ക്കരിച്ച നിലയിലെത്തിയിരിക്കുന്നു. കാരണം, സ്വന്തം ആവശ്യമുള്ളത് കിഴിച്ച് ബാക്കിയുള്ളത് കൈമാറ്റം നടത്തുകയല്ല ഇവിടെ ചെയ്യുന്നത്. ഉൽപാദിപ്പിക്കുന്ന സാധനങ്ങളത്രയും കൈമാറ്റത്തിന് വേണ്ടിയുള്ളവയാണ്; ഉൽപന്നങ്ങൾ മുഴുവനും ചരക്കുകളാണ്.

മുതലാളിത്ത സമുദായത്തിന്റെ മറ്റൊരു പ്രത്യേകത മനുഷ്യന്റെ അധ്വാനശക്തിപോലും ഒരു ചരക്കായിത്തീർന്നിരിക്കുന്നു എന്നതാണ്. മുതലാളിത്ത രീതിയിലുള്ള സാമ്പത്തികഘടനയുടെ ആരംഭം അധ്വാനിക്കുന്നവരെ ഉൽപാദനോപകരണങ്ങളിൽ നിന്ന് അകറ്റി നിർത്തലാണ്. ഉൽപാദനോപകരണങ്ങൾ സ്വന്തമായി

ഇല്ലാത്തതുകൊണ്ട് തങ്ങളുടെ അധ്വാനശക്തിയെ സ്വന്തമായി ഉപയോഗിക്കുവാൻ അവർക്ക് സാധിക്കുന്നില്ല. അങ്ങനെ നിത്യപ്പൊറുപ്പിന് മറ്റ് യാതൊരു വഴിയുമില്ലാതെ, തങ്ങളുടെ അധ്വാനശക്തി ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ മുതലാളികൾക്ക് വിൽക്കുവാൻ അവർ നിർബന്ധിതരായിത്തീരുന്നു.

അപ്പോൾ ചരക്കുനിർമ്മിക്കുന്നു എന്നതിൽ ചരക്ക് നിർമ്മാണം സർവ്വപ്രധാനമായ ഉൽപാദന സമ്പ്രദായമായിത്തീർന്നിരിക്കുന്നു എന്നതാണ് മുതലാളിത്ത സമുദായത്തിന്റെ സവിശേഷത.

## ഉപയോഗവിലയും കൈമാറ്റവിലയും

മനുഷ്യന്റെ ആഗ്രഹങ്ങളേയും ആവശ്യങ്ങളെയും തൃപ്തിപ്പെടുത്തുന്ന സാധനങ്ങൾ മാത്രമേ കൈമാറ്റം ചെയ്യാൻ പറ്റുകയുള്ളൂ. താനുണ്ടാക്കിയ ഒരു സാധനം ഉപയോഗകരമല്ലാത്ത മറ്റൊരു സാധനത്തിനു വേണ്ടി ആരും കൈവിടാറില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ചരക്കുകൾക്ക് ഉപയോഗവില കൂടിയേ കഴിയൂ. ഉപയോഗവിലയില്ലാത്ത ഒരു സാധനമാണ് നിങ്ങളുണ്ടാക്കുന്നതെങ്കിൽ അത് വാങ്ങാനാളുണ്ടാവുകയില്ല. ഏത് സാമൂഹ്യവ്യവസ്ഥിതിയായാലും ശരി, എല്ലാ സ്വത്തുക്കളുടെയും ഉള്ളടക്കം ഉപയോഗവിലയാണ്.

എന്നാൽ ഉപയോഗവിലയുള്ള എല്ലാ സാധനങ്ങളും ചരക്കുകളായിരിക്കണമെന്നില്ല. ഉൾനാട്ടിലെ കൃഷിക്കാരൻ സ്വന്തം ആവശ്യത്തിനുവേണ്ടിയോ ജന്മിമാർക്ക് കൊടുക്കാൻ വേണ്ടിയോ ഉണ്ടാക്കുന്ന നെല്ല് ചരക്കല്ല. അതുപോലെ തന്നെ സ്വന്തം ഉപയോഗത്തിനുവേണ്ടി മുക്കുവനുണ്ടാക്കുന്ന വല ചരക്കാവുകയില്ല. കാരണം അതൊന്നും കൈമാറ്റം ചെയ്യപ്പെടുന്നില്ല. കൈമാറ്റത്തിന് വേണ്ടിയുണ്ടാക്കുന്ന സാധനം മാത്രമേ ചരക്കാവുകയുള്ളൂ.

ഒരു ചരക്കിന്റെ സ്വഭാവഗുണങ്ങൾ, അല്ലെങ്കിൽ ഉപയോഗവില, അതുണ്ടാക്കാനാവശ്യമായ മനുഷ്യപ്രയത്നത്തിന്റെ അളവിനെയോ സാമൂഹ്യഘടനയുടെ സ്വഭാവത്തെയോ ആശ്രയിച്ചിരിക്കുന്നില്ല. മാർക്സ് പറഞ്ഞതുപോലെ, “ഗോതമ്പിന്റെ രുചി നോക്കി അതുണ്ടാക്കിയത് റഷ്യൻ തൊഴിലാളിയോ ഫ്രഞ്ച് കൃഷിക്കാരനോ ഇംഗ്ലീഷ് മുതലാളിയോ എന്നു പറയാനാവില്ല.” മനുഷ്യന്റെ ഏതെങ്കിലും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ഉപകരിക്കുന്നു എന്നതുകൊണ്ടാണ് ഒരു സാധനത്തിന് ഉപയോഗവിലയുണ്ടാകുന്നത്. എന്നാൽ കൈമാറ്റത്തിനുവേണ്ടി ഉത്പാദനം നടത്തുന്ന സമുദായത്തിൽ സാധനങ്ങൾക്ക് ഉപയോഗവില മാത്രമല്ല, കൈമാറ്റവിലയുമുണ്ടായിരിക്കും. ഒരു സാധനത്തിനു പകരമായി മറ്റൊരു സാധനങ്ങൾ എത്രകണ്ടു കിട്ടുമെന്നും ചരക്കുകൾ ഏതു തോതനുസരിച്ചാണ് കൈമാറ്റം ചെയ്യപ്പെടുന്നതുമാണ് കൈമാറ്റവില കാണിക്കുന്നത്. ഉപയോഗകരമായ സാധനം മാത്രമേ കൈമാറ്റം ചെയ്യപ്പെടുകയുള്ളൂ. എന്നാൽ, ചരക്കുകൾ നേരിട്ടുൽപാദിപ്പിക്കുന്നവനല്ല ഉപയോഗവിലയനുഭവിക്കുന്നത്. ചരക്കിന്റെ ഉപയോഗവില അതുണ്ടാക്കുന്നവനല്ല, വാങ്ങുന്നവനാണ്. ഉൽപാദകൻ തന്റെ ചരക്കിന്റെ ഉപയോഗമെന്താണെന്നല്ല, അതുകൊടുത്താൽ പകരം എന്തുകിട്ടും എന്നു മാത്രമാണ് നോക്കുന്നത്. പത്തുറുപ്പിക വിലപിടിച്ച പരുത്തിയും പത്തുറുപ്പിക വിലപിടിച്ച ഇരുമ്പും തമ്മിൽ അവനു യാതൊരു വ്യത്യാസവുമില്ല. ഒരു റുപ്പികയുടെ കള്ളും ഒരു റുപ്പികയുടെ ഭഗവത്ഗീതയും സമാനമാണ്!

ചരക്കുകളുടെ കൈമാറ്റം അവയുണ്ടാക്കുന്നവർ തമ്മിൽതമ്മിലുള്ള ബന്ധത്തെയാണ് കാണിക്കുന്നത്. തുണിയുണ്ടാക്കുന്നവനു നെല്ലു വേണം. നെല്ലുണ്ടാക്കു

ന്നവന് തുണി വേണം; അല്ലെങ്കിൽ മറ്റു വല്ലതും വേണം. ഓരോരുത്തരും മറ്റുള്ളവർക്കാവശ്യമായ സാധനങ്ങളാണുണ്ടാക്കുന്നത്. ഇങ്ങനെ ആളുകൾ തമ്മിൽതമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. പലരും പലതരത്തിലുള്ള ചരക്കുകളുണ്ടാക്കി പരസ്പരം കൈമാറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ചരക്കുനിർമ്മാണം ഒരു സാമൂഹ്യബന്ധമാണ്. ആളുകൾ തമ്മിൽത്തമ്മിലുള്ള ബന്ധത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒരുപകരണമാണ് ചരക്ക്.

ഒരു ചരക്കിനുതന്നെ ഒന്നിലധികം കൈമാറ്റവിലകളുണ്ടാവാം. എന്നുവെച്ചാൽ, ഒരേ ചരക്കു പല ചരക്കുകളുമായും കൈമാറ്റം ചെയ്യപ്പെടാവുന്നതാണ്. ഉദാഹരണം: രണ്ടിടങ്ങഴി നെല്ല് = ഒരു വസ്ത്രം = നാല് റാത്തൽ ഇരുമ്പ് = കാൽ ഉറുപ്പിക തൂക്കം സ്വർണം — ? —

## കൈമാറ്റത്തിന്റെ തോത്

രണ്ടിടങ്ങഴി നെല്ല് ഒരു വസ്ത്രത്തിനു സമമാണ് എന്നുപറഞ്ഞാൽ, ഗുണം കൊണ്ടും ആകൃതികൊണ്ടും വ്യത്യസ്തമായ ആ രണ്ടു ചരക്കുകളിൽ സമമായ എന്തോ ഒന്ന് അടങ്ങിയിരിക്കുന്നു എന്നർത്ഥമാണ്. അതെന്താണ്? മറ്റൊരു വിധത്തിൽ ചോദിച്ചാൽ, ചരക്കുകളുടെ വിനിമയത്തെ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന നിയമമെന്താണ്? നമുക്ക് നോക്കുക:

ഓരോ ചരക്കുടമസ്ഥനും തന്റെ ചരക്കിനു കൂടുതൽ വില കിട്ടണമെന്നാഗ്രഹിക്കുന്നതു സ്വാഭാവികമാണ്. പക്ഷേ, അതു സാധിക്കുന്ന കാര്യമല്ല. വസ്ത്രം വിറ്റ് നെല്ല് വാങ്ങാനാഗ്രഹിക്കുന്ന നെയ്ത്തുകാരൻ തന്റെ ഒരു വസ്ത്രത്തിനു തനിക്കിഷ്ടമുള്ളത്ര നെല്ല് — പത്തിടങ്ങഴിയോ നൂറിടങ്ങഴിയോ ആയിരം ഇടങ്ങഴിയോ — കിട്ടണമെന്നു വാദിച്ചാൽ അത് കിട്ടുന്നതാണോ? പണത്തെ അടിസ്ഥാനപ്പെടുത്തിയ സമുദായത്തിലാണെങ്കിൽ, അയാൾക്ക് തന്റെ ഒരു വസ്ത്രത്തിന് ഒരുറുപ്പികയോ പത്തു റുപ്പികയോ നൂറു റുപ്പികയോ ഇഷ്ടം പോലെ കിട്ടുന്നതാണോ? ഒരിക്കലുമില്ല അയാൾ ചരക്കിന്റെ ഉടമസ്ഥനാണെന്നുള്ളതു വാസ്തവം തന്നെ. പക്ഷേ, ആ ചരക്കിന്റെ വില നിജപ്പെടുത്തുന്നത് അയാളല്ല, മാർക്കറ്റു നിലവാരമാണ്.

കഴിയുന്നിടത്തോളമധികം വില കിട്ടണമെന്നാഗ്രഹിച്ചു മാർക്കറ്റിൽ പോകുന്ന നെയ്ത്തുകാരൻ കാണുന്നതെന്താണ്? അയാളിൽ നിന്നു വസ്ത്രം വാങ്ങാൻ വരുന്നവനും ഒരു ചരക്കിന്റെ ഉടമസ്ഥനാണ്. അയാളുടെ കയ്യിലുള്ള ചരക്ക് ഒന്നുകിൽ നെല്ലായിരിക്കാം; അല്ലെങ്കിൽ പണമായിരിക്കാം; അല്ലെങ്കിൽ മറ്റു വല്ലതുമായിരിക്കാം. തന്റെ പണത്തിനു (അല്ലെങ്കിൽ നെല്ലിനു) കഴിയുന്നിടത്തോളമധികം വസ്ത്രം കിട്ടണമെന്നാഗ്രഹിച്ചുകൊണ്ടാണ് അയാളും മാർക്കറ്റിൽ വന്നിട്ടുള്ളത്. തന്റെ ഒരു വസ്ത്രത്തിനു 2  രൂപയോ 10 രൂപയോ കിട്ടിയാൽ തരക്കേടില്ലെന്നു നെയ്ത്തുകാരൻ വിചാരിക്കുമ്പോൾ ഒരു വസ്ത്രം രണ്ടണയ്ക്കോ നാലണയ്ക്കോ കിട്ടണമെന്നു പണത്തിന്റെ ഉടമസ്ഥൻ ആഗ്രഹിക്കുന്നു.

മറ്റൊരു ബുദ്ധിമുട്ടു കൂടിയുണ്ട്: നിശ്ചിതമായ ഒരു പ്ലാനോടുകൂടിയൊന്നുമല്ലല്ലോ നമ്മുടെ സമുദായത്തിൽ ഉൽപാദനം നടക്കുന്നത്. ചരക്കുണ്ടാക്കുന്നവർ മുൻകൂട്ടിയാലോചിച്ച് ഓരോരുത്തനും എന്തുണ്ടാക്കണമെന്നും എത്രയുണ്ടാക്കണമെന്നും തീരുമാനിക്കുന്നില്ല. അതുകൊണ്ട് നമ്മൾ ഉദാഹരണമായെടുത്ത നെയ്ത്തുകാരനെപ്പോലെയുള്ള അനേകം നെയ്ത്തുകാർ താന്താങ്ങളുടെ വസ്ത്രങ്ങൾ വിൽക്കാൻവേണ്ടി മാർക്കറ്റിൽ വന്നിട്ടുണ്ടാവും. അവർ കൊണ്ടുവന്ന വസ്ത്രം മുഴുവൻ വാങ്ങാനുള്ള ആളുകൾ ഉണ്ടായില്ലെന്നുവരാം. അങ്ങനെയാണെങ്കിൽ, ചില നെയ്ത്തുകാർക്ക് തങ്ങളുടെ

വസ്തും വിറ്റഴിക്കാൻ സാധിക്കില്ല. കൊണ്ടുവന്ന വസ്തും വിൽക്കാതെ മടക്കിക്കൊണ്ടുപോകാൻ അവർ നിർബന്ധരായിത്തീരും. അതിനവർ ഇഷ്ടപ്പെട്ടുവെന്നുവരില്ല. വസ്തും വിറ്റ് പകരം മറ്റ് വല്ല സാധനങ്ങളും വാങ്ങിപ്പോകാനാണ് അവർ വന്നിട്ടുള്ളത്. അതിനാൽ, ഓരോരുത്തരും തന്റെ വസ്തും വിറ്റഴിക്കാൻ തന്നെ ശ്രമിക്കുമെന്ന് തീർച്ചയാണ്. അങ്ങനെ വിൽപനക്കാരുടെയിടയിൽ 'എന്റേത്, എന്റേത്' എന്ന ഒരു മത്സരം ഉൽഭവിക്കുന്നു. മറ്റുള്ളവരേക്കാൾ കുറഞ്ഞ സംഖ്യക്കെങ്കിലും താൻ കൊണ്ടുവന്ന വസ്തും വിറ്റഴിക്കണമെന്ന് ഓരോരുത്തനും വിചാരിക്കാൻ തുടങ്ങുന്നു. വീട്ടിൽനിന്ന് വസ്തുവുമായി പുറപ്പെടുമ്പോളുണ്ടായിരുന്ന സ്വപ്നങ്ങളും അത്യാഗ്രഹങ്ങളും അയഥാർത്ഥങ്ങളാണെന്നും തന്റെ ചരക്കിന്റെ വില നിജപ്പെടുത്തുവാൻ തനിക്ക് കഴിവില്ലെന്നും തന്റെ കച്ചവട പരിശ്രമങ്ങൾ മറ്റുള്ളവരുടേതുമായി ബന്ധപ്പെട്ടാണ് കിടക്കുന്നതെന്നും നെയ്ത്തുകാരന് ബോധ്യപ്പെടുന്നു. തനിക്കു നിയന്ത്രിക്കാൻ കഴിയാത്ത സാമൂഹ്യ നിയമങ്ങളാണ് തന്റെ ചരക്കിന്റെ കൈമാറ്റവിലയെ നിയന്ത്രിക്കുന്നതെന്ന് അയാൾ മനസ്സിലാക്കുന്നു.

അപ്പോൾ, ചരക്കിന്റെ വിലയുടെ അടിസ്ഥാനമെന്താണ്?

## ആവശ്യവും ഉപഭോഗവും

ഒരു ചരക്കിന്റെ വില അതിനുള്ള ആവശ്യത്തെ ആശ്രയിച്ചിരിക്കുമോ? ആവശ്യമാണ് വിലയെ നിയന്ത്രിക്കുന്നതെങ്കിൽ അത്യാവശ്യമായ പല സാധനങ്ങൾക്കും ആവശ്യം കുറഞ്ഞ സാധനങ്ങളേക്കാൾ അധികം വിലയുണ്ടായിരിക്കണം. പക്ഷേ അങ്ങനെയല്ലല്ലോ നമ്മൾ കാണുന്നത്. അത്യാവശ്യമായ ഉപ്പ്, ഭക്ഷണം മുതലായവയ്ക്ക് അത്രതന്നെ ആവശ്യമില്ലാത്ത ഒരു വൈരക്കല്ലിനേക്കാളധികം വില കിട്ടുന്നുണ്ടോ? അപ്പോൾ, ആവശ്യമാണ് വിലയെ നിയന്ത്രിക്കുന്നത് എന്നു പറയുന്നത് ശരിയല്ല.

ഓരോരുത്തരുടെയും ആവശ്യത്തിന്റെ ആധിക്യമനുസരിച്ചാണ് ചരക്കിന്റെ വില നിർണയിക്കുന്നത്. എങ്കിൽ ഒരേ ചരക്കിനു കൂടുതൽ ആവശ്യമുള്ളവർ കൂടുതൽ വിലയും കുറഞ്ഞ ആവശ്യമുള്ളവൻ കുറഞ്ഞവിലയും കൊടുക്കണമെന്ന സ്ഥിതി വന്നുചേരുമായിരുന്നു. രണ്ടുദിവസം പട്ടിണി കിടന്ന ഒരാളും വിശപ്പുലവലേശമില്ലാത്ത ഒരാളും ഒരേ ഹോട്ടലിൽപോയി ഊണുകഴിച്ചാൽ രണ്ടാളും വ്യത്യസ്തമായ സംഖ്യകൾ കൊടുക്കേണ്ടിവരുമായിരുന്നു.

ഉപയോഗമാണ് വിലയുടെ അടിസ്ഥാനമെങ്കിൽ ഒരു പേനാക്കത്തിക്ക് ഒരു മോട്ടോർകാറിനേക്കാളും വിലയുണ്ടാകുമായിരുന്നു. പക്ഷേ, അതുണ്ടാകാത്തതാണ്. എന്നല്ല, മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത ചില സാധനങ്ങൾക്ക് — കാറ്റ്, വെളിച്ചം, വെള്ളം മുതലായവ ഉപയോഗവിലയുള്ള സാധനങ്ങൾക്കു — കൈമാറ്റവിലയേയില്ല.

## സപ്ലൈയും ഡിമാന്റും

ഇനി നമുക്കു സപ്ലൈയും ഡിമാൻറുമാണ് വിലയെ നിർണ്ണയിക്കുന്നത് എന്ന അഭിപ്രായത്തെ പരിശോധിച്ചു നോക്കാം. മാർക്കറ്റിൽ വിൽപനയ്ക്കു വരുന്ന ഒരു ചരക്കിന്റെ തുകയെയാണ് സപ്ലൈ എന്നു പറയുന്നത്. ഡിമാൻറ് എന്നത് ഒരു ചരക്കു വാങ്ങാൻ എത്ര ആവശ്യക്കാരുണ്ടെന്നു കാണിക്കുന്നു. ഡിമാൻറ് എന്നാൽ ചരക്കു വാങ്ങാനുള്ള ആഗ്രഹം എന്നുമാത്രമല്ല അർത്ഥം. പിച്ചക്കാരനു രത്നമോതിരം വാങ്ങിയാൽകൊള്ളാമെന്ന ആഗ്രഹമുണ്ടായെന്നുവരാം. പക്ഷേ, ആ ആഗ്രഹത്തിനു

ഡിമാൻറ് എന്നു പറയാൻ പാടില്ല. ഡിമാൻറ് എന്നതിൽ മൂന്നുകാര്യങ്ങൾ അടങ്ങിയിരിക്കും: ഒരു ചരക്കു കിട്ടണമെന്ന ആഗ്രഹം, അതു വാങ്ങുവാനുള്ള കഴിവ് അല്ലെങ്കിൽ പണം, ആ കഴിവ് അല്ലെങ്കിൽ പണം ഉപയോഗിക്കാനുള്ള സന്നദ്ധത.

ഒരു ചരക്കിന്റെ ഡിമാൻറും സപ്ലൈയും അതിന്റെ മാർക്കറ്റുവിലയിൽ ഏറ്റക്കുറച്ചിലുണ്ടാക്കുമെന്നു പറഞ്ഞാൽ അതിൽ അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല. ഒരു ചരക്ക് ആവശ്യമുള്ളത്ര കിട്ടാനില്ലെങ്കിൽ അതിന്റെ മാർക്കറ്റുവില വർദ്ധിക്കുകയും ആവശ്യമുള്ളതിനേക്കാളധികം വിൽപ്പനക്കുണ്ടെങ്കിൽ വില കുറയുകയും ചെയ്യും. മാർക്കറ്റിൽ 100 വസ്ത്രത്തിന്റെ ആവശ്യമുള്ളേടത്തു 50 വസ്ത്രം മാത്രമേ വിൽപനയ്ക്കുള്ളുവെങ്കിൽ വസ്ത്രത്തിന്റെ മാർക്കറ്റുവില വർദ്ധിക്കുന്നതാണ്. കാരണം, ആവശ്യമുള്ളത്ര വസ്ത്രം കിട്ടാനില്ലാത്തതുകൊണ്ട് വാങ്ങാൻ വരുന്നവരുടെയിടയിൽ ഒരുതരം മത്സരമനുഭവിക്കുകയും കൂടുതൽപണം കൊടുത്തിട്ടെങ്കിലും ഉള്ളത് വാങ്ങിക്കൊണ്ടുപോവാൻ ഓരോരുത്തനും ആഗ്രഹിക്കുകയും ചെയ്യും. ചരക്കുവിൽപ്പനക്കാർ മാർക്കറ്റിന്റെ ഈ സ്വഭാവത്തെ അതിവേഗം മനസ്സിലാക്കുന്നു: വസ്ത്രത്തിന്റെ മാർക്കറ്റുവില കൂടുതലാണെന്നു കാണുമ്പോൾ അവർ കൂടുതൽ വസ്ത്രമുണ്ടാക്കി വിൽപനയ്ക്കു കൊണ്ടുവരുന്നു. അല്ലെങ്കിൽ കൂടുതൽ ആളുകൾ വസ്ത്രനിർമ്മാണത്തിലേക്കാകർഷിക്കപ്പെടുന്നു. നേരെമറിച്ച്, വസ്ത്രത്തിന്റെ മാർക്കറ്റുവില കുറയുന്നുവെന്നു കണ്ടാൽ വസ്ത്രനിർമ്മാണം ചുരുക്കുകയും ചെയ്യുന്നു.

യുദ്ധകാലത്തു ജനങ്ങൾക്കത്യാവശ്യമായ പല ചരക്കുകളുടേയും മാർക്കറ്റുവില ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ഒരു പായ കടലാസിനു ഒരു പൈ വിലയുണ്ടായിരുന്നത് ഒരണയായും ഒരു മുണ്ടിന് ഒരു റുപ്പികയുണ്ടായിരുന്നത് മൂന്നുറുപ്പികയായും വർദ്ധിച്ചു. പക്ഷേ, കടലാസിന്റെ വില ഒരണയും മുണ്ടിന്റെ വില മൂന്നുറുപ്പികയും — ഈ വ്യത്യാസത്തിന് കാരണമെന്താണ്?

രണ്ടു ചരക്കുകളുടെ ഡിമാൻറും സപ്ലൈയും സമമെങ്കിൽ അവയുടെ മാർക്കറ്റുവിലയും സമമായിരിക്കുമോ? ഉദാഹരണത്തിന്, മാർക്കറ്റിൽ ആകെ 1000 മോട്ടോർ കാറുകളും നൂറുവസ്ത്രങ്ങളും വാങ്ങാൻ ആളുകളെത്തിയിട്ടുണ്ടെന്നും രണ്ടു ചരക്കുകളും ആവശ്യമുള്ളത്ര തന്നെ, അതായത് നൂറു മോട്ടോർ കാറുകളും നൂറു വസ്ത്രങ്ങളും, വിൽപനയ്ക്കു വന്നിട്ടുണ്ടെന്നും വിചാരിക്കുക. ഇവിടെ രണ്ടു ചരക്കുകളുടേയും സപ്ലൈയും ഡിമാൻറും സമമാണ്. എന്നിട്ടും ഒരു മോട്ടോർകാറിന്റെ വിലയും ഒരു വസ്ത്രത്തിന്റെ വിലയും തമ്മിൽ എന്തന്തരം!

അപ്പോൾ സപ്ലൈയും ഡിമാൻറും ചരക്കിന്റെ മാർക്കറ്റുവിലയിൽ മാറ്റമുണ്ടാക്കുമെന്നതു ശരിയാണെങ്കിലും ആ ചരക്കിന്റെ വിലയുടെ അടിസ്ഥാനം തന്നെ സപ്ലൈയും ഡിമാൻറുമാണെന്നു പറയാൻ നിവൃത്തിയില്ല.

മാത്രമല്ല, ഡിമാൻറ് ചരക്കിന്റെ മാർക്കറ്റുവിലയിൽ ഏറ്റക്കുറച്ചിലുണ്ടാക്കുന്നതുപോലെ, പലപ്പോഴും ചരക്കിന്റെ മാർക്കറ്റുവില അതിന്റെ ഡിമാൻറിലും ഏറ്റക്കുറച്ചിലുണ്ടാക്കിയെന്നു വരും. ഒരു ചരക്കിന്റെ മാർക്കറ്റുവില ഗണ്യമാംവിധം കുറഞ്ഞാൽ അതു വാങ്ങാനുള്ളവരുടെ എണ്ണം വർദ്ധിക്കും. മാർക്കറ്റുവില കയറിയാൽ ആവശ്യക്കാർ ചുരുങ്ങുകയും ചെയ്യും.

## വിലയുടെ അടിസ്ഥാനം

ഇതൊന്നുമല്ലെങ്കിൽ പിന്നെ എന്താണ് വിലയുടെ അടിസ്ഥാനം? രണ്ടിടങ്ങഴി നെല്ല് = ഒരു വസ്ത്രം — ഈ കൈമാറ്റത്തെ നിജപ്പെടുത്തുന്നതെന്താണ്?

മാർക്സ് പറയുന്നു: "ചരക്കുകളുടെ ഉപയോഗവിലകളെ വിട്ടുകളഞ്ഞാൽ പിന്നെ അവയ്ക്കെല്ലാം പൊതുവായ ഒരു ഗുണം മാത്രം ശേഷിക്കുന്നു — അവയെല്ലാം അധ്വാനത്തിന്റെ ഫലമാണ്."

രണ്ട് ചരക്കുകളുടെ വില സമമാണ് എന്നുപറഞ്ഞാൽ അവയുണ്ടാക്കാനാവശ്യമായ അധ്വാനം സമമാണ് എന്നർത്ഥം. ചരക്കുകൾ കൈമാറ്റം ചെയ്യുന്നത് അവയുൽപ്പാദിപ്പിക്കാനാവശ്യമായ അധ്വാനത്തിന്റെ തോതിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരു ചരക്കുണ്ടാക്കാൻ കൂടുതൽ മനുഷ്യപ്രയത്നം ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കൈമാറ്റവില കൂടുതലായിരിക്കും. അപ്പോൾ ഓരോ സാധനവുമുണ്ടാക്കാനാവശ്യമായ അധ്വാനസമയമാണ് അതിന്റെ കൈമാറ്റവിലയെ നിർണയിക്കുന്നത്.

## പ്രത്യേകപ്രയത്നവും പൊതു പ്രയത്നവും

ഒരു കാര്യം ഇവിടെ പ്രത്യേകം മനസിലാക്കേണ്ടതുണ്ട്. ചരക്കുണ്ടാക്കാനാവശ്യമായ അധ്വാനം എന്ന് പറയുമ്പോൾ അത് ഏത് പ്രത്യേക തരത്തിലുള്ള അധ്വാനമാണെന്നോ ഏതേതുപകരണങ്ങളാണ് ആ അധ്വാനത്തിനുപയോഗിച്ചത് എന്നോ നമ്മളിവിടെ നോക്കുന്നില്ല. വസ്ത്രമുണ്ടാക്കാനാവശ്യമായ അധ്വാനവും നെല്ലുണ്ടാക്കാനാവശ്യമായ അധ്വാനവും രണ്ടു വ്യത്യസ്തരീതിയിലും വ്യത്യസ്ത സ്വഭാവത്തിലും ഉള്ളവയായിരിക്കുമെന്ന് തീർച്ചയാണ്. പക്ഷേ, നെയ്ത്തുകാരനുണ്ടാക്കിയതായാലും ശരി, കൃഷിക്കാരനുണ്ടാക്കിയതായാലും ശരി, ചരക്കുകളുടെ നിർമ്മാണത്തിൽ പൊതുമനുഷ്യപ്രയത്നം-കേവല പ്രയത്നം — എത്രകണ്ട് ചെലവായിട്ടുണ്ടെന്നുമാത്രമേ ഇവിടെ നോക്കുന്നുള്ളു.

അപ്പോൾ അധ്വാനത്തിന് ഒരു ഇരുസ്വഭാവമുണ്ട്. അത് പ്രത്യേക പ്രയത്നം, പൊതുപ്രയത്നം എന്നിങ്ങനെ രണ്ടുതരത്തിൽ പ്രത്യക്ഷപ്പെടുന്നു. അധ്വാനത്തിന്റെ ഈ ഇരട്ടസ്വഭാവം, വാസ്തവത്തിൽ, ചരക്കിലടങ്ങിയ വൈരുദ്ധ്യത്തിന്റെ പ്രതിഫലനം മാത്രമാണ്. എന്താണ് ചരക്കിലടങ്ങിയ വൈരുദ്ധ്യം? ഓരോ നിർമ്മാതാവും ഒറ്റയ്ക്കൊറ്റയ്ക്ക്, സ്വതന്ത്രമായി, ചരക്കുനിർമ്മാണം നടത്തുന്നു. ഓരോരുത്തനും പ്രത്യേകരീതിയിലുള്ള അധ്വാനമർപ്പിച്ച് പ്രത്യേക രീതിയിലുള്ള സാധനങ്ങളുണ്ടാക്കുന്നു. നെയ്ത്തുകാരൻ വസ്ത്രവും ചെരുപ്പുകുത്തി ചെരുപ്പും കരുവാൻ പേനാക്കത്തിയുമുണ്ടാക്കുന്നു. നെയ്ത്തുകാരൻ അധ്വാനിക്കുമ്പോൾ ഒരു പ്രത്യേകരീതിയിലാണ് അവയവങ്ങൾ ചലിപ്പിക്കുന്നത്. ഒരു പ്രത്യേകരീതിയിലാണ് ശാരീരികവും മാനസികവുമായ ശക്തി ചെലവഴിക്കുന്നത്. ചെരുപ്പുകുത്തിയാവട്ടെ, മറ്റൊരു തരത്തിലുള്ള അധ്വാനമാണ് ചെലുത്തുന്നത്. വസ്ത്രമുണ്ടാക്കാനാവശ്യമായ തരത്തിലുള്ള അധ്വാനം കൊണ്ട് നെല്ലോ ചെരുപ്പോ ഉണ്ടാക്കാൻ കഴിയില്ലല്ലോ. ഇങ്ങനെ, വ്യത്യസ്ത രീതിയിലുള്ള ഉപയോഗവിലകൾ നിർമ്മിക്കാനാവശ്യമായ അധ്വാനം പ്രത്യേകതരത്തിലാണ് ചെലവഴിപ്പിക്കപ്പെടുന്നത്. ഇതു ചരക്കിന്റെ വ്യക്തിപരമായ സ്വഭാവമാണ്. എന്നാൽ, ചരക്കുനിർമ്മാണ വ്യവസ്ഥയിൽ ഓരോരുത്തനും കൈമാറ്റത്തിനുവേണ്ടിയാണ് ഉൽപാദനം നടത്തുന്നത്. എന്നുവെച്ചാൽ, ഓരോ ചരക്കുനിർമ്മാതാവും സമുദായത്തിനൊട്ടാകെയാവശ്യമായ ചരക്കുകളുടെ ഒരു ഭാഗമാണുണ്ടാക്കുന്നത്. സമുദായത്തിനൊട്ടാകെയാവശ്യമായ ചരക്കുകളുടെ ഒരു ഭാഗമെന്ന നിലയ്ക്ക് ഓരോ ചരക്കിനും ഒരു സാമൂഹ്യസ്വഭാവമുണ്ട്. ഇങ്ങിനെ ചരക്ക് ഒരേ സമയത്തുതന്നെ വ്യക്തിപരവും സാമൂഹ്യപരവുമായ സ്വഭാവങ്ങളെ ഉൾക്കൊള്ളുന്നു. ചരക്കിന്റെ

ഈ വൈരുദ്ധ്യാധിഷ്ഠിതമായ സ്വഭാവമാണ് അതുണ്ടാക്കാനാവശ്യമായ അധ്വാനത്തിലും പ്രതിഫലിച്ചിട്ടുള്ളത്.

ഓരോ വ്യക്തിയും പ്രത്യേകതരത്തിലുള്ള അധ്വാനം ചെലുത്തി പ്രത്യേകതരത്തിലുള്ള സാധനങ്ങളുണ്ടാക്കുന്നു. പ്രത്യേകതരത്തിലുള്ള അധ്വാനമാണ് (Concrete Labour) നെല്ല്, വസ്ത്രം, ചെരുപ്പ് തുടങ്ങിയ ഉപയോഗവിലകളെ സൃഷ്ടിക്കുന്നത്.

എന്നാൽ, കൈമാറ്റത്തിനു മാർക്കറ്റിലെത്തുമ്പോൾ ചരക്കുണ്ടാക്കാനാവശ്യമായ അധ്വാനത്തിന്റെ ഈ പ്രത്യേക സ്വഭാവത്തെപ്പറ്റി ആരും ആലോചിക്കുന്നില്ല. വസ്ത്രം കൊടുത്തു പകരം നെല്ലുവാങ്ങാനാഗ്രഹിക്കുന്ന ഒരാൾ വസ്ത്രമുണ്ടാക്കാനാവശ്യമായ തരത്തിലുള്ള അധ്വാനം തന്നെയാണോ നെല്ലുണ്ടാക്കാനും ചെലവഴിച്ചത് എന്നു ചോദിക്കുന്നില്ല. നെയ്ത്തുകാരന്റെ അധ്വാനം, കൃഷിക്കാരന്റെ അധ്വാനം എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾ കണക്കാക്കുന്നില്ല. പൊതുവിലുള്ള മനുഷ്യാധ്വാനം മാത്രമാണ് ഇവിടെ കണക്കാക്കപ്പെടുന്നത്. വസ്ത്രത്തിലും നെല്ലിലും അധ്വാനം അടങ്ങിയിട്ടുണ്ട് എന്നുള്ളതാണ് അവയുടെ കൈമാറ്റത്തിന്റെ അടിസ്ഥാനം. ഓരോ ചരക്കിലും അടങ്ങിയ മനുഷ്യാധ്വാനത്തിൽ സമുദായത്തിനൊട്ടാകെയാവശ്യമായ പൊതുമനുഷ്യാധ്വാനത്തിന്റെ ഒരു ഭാഗം എന്ന സ്ഥാനം മാത്രമേയുള്ളൂ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പൊതുപ്രയത്നമാണ് (Abstract Labour) കൈമാറ്റവിലയെ നിർണയിക്കുന്നത്.

അപ്പോൾ ചരക്കുനിർമ്മാണവ്യവസ്ഥയിൽ ഓരോ പ്രയത്നം തന്നെ പ്രത്യേക പ്രയത്നമായും പൊതുപ്രയത്നമായും പ്രത്യക്ഷപ്പെടുന്നു. ഉപയോഗവില കണക്കാക്കുമ്പോൾ അതു പ്രത്യേക പ്രയത്നമാണ് കൈമാറ്റവില കണക്കാക്കുമ്പോൾ അതേ പ്രയത്നം പൊതുപ്രയത്നവുമാണ്.

ഉപയോഗവിലയെന്നും കൈമാറ്റവിലയെന്നുമുള്ള ഒരിരട്ടസ്വഭാവം ഓരോ ചരക്കിനുമുണ്ടെന്നു നമ്മളാദ്യം കാണുകയുണ്ടായി. ഇപ്പോളിതാ ഒരു ചരക്കിലുമടങ്ങിയ അധ്വാനത്തിനും ഒരിരട്ടസ്വഭാവമുണ്ടെന്ന് നമ്മൾ മനസ്സിലാക്കുന്നു. പ്രത്യേക പ്രയത്നത്തിൽ നിന്നാണ് ഉപയോഗവിലയുണ്ടാകുന്നത്. കൈമാറ്റവിലയാകട്ടെ പൊതു പ്രയത്നത്തിൽനിന്നാണുണ്ടാകുന്നത്.

ഒരു വസ്ത്രം 4 പേനാക്കത്തിക്ക് സമമാണ് എന്നു പറഞ്ഞാൽ ഒരു വസ്ത്രത്തിലും നാല് പേനാക്കത്തിയിലും അടങ്ങിയ പൊതുമനുഷ്യപ്രയത്നം സമമാണ് എന്നർത്ഥമത്രേ. ഒരു വസ്ത്രമുണ്ടാക്കാനാവശ്യമായ സമയം 10 മണിക്കൂറാണെങ്കിൽ 4 പേനാക്കത്തിയുണ്ടാക്കാനാവശ്യമായ അധ്വാനവും 10 മണിക്കൂറായിരിക്കും. നെയ്ത്തുകാരന്റെ 10 മണിക്കൂർ നേരത്തെ അധ്വാനത്തിന് സമമാണ് അധ്വാനത്തെ അളക്കാനുള്ള അളവുകോൽ.

നെയ്ത്തുകാരന്റെ 10 മണിക്കൂർ നേരത്തെ അധ്വാനംകൊണ്ടുണ്ടാക്കിയ ഒരു വസ്ത്രത്തിനുപകരമായി, 4 പേനാക്കത്തികൾ കിട്ടുന്നില്ലെങ്കിൽ — അതായത്, നെയ്ത്തുകാരന്റെ 10 മണിക്കൂർ നേരത്തെ അധ്വാനം കൊണ്ടുണ്ടാക്കിയ ചരക്കിന് കരുവാന്റെ 10 മണിക്കൂർ നേരത്തെ അധ്വാനംകൊണ്ടുണ്ടാക്കിയ ചരക്ക് പകരമായി കിട്ടുകയില്ലെങ്കിൽ — എന്താണുണ്ടാവുക? വസ്ത്രമുണ്ടാക്കുന്നവരുടെ എണ്ണം കുറയാൻ തുടങ്ങും. അവരിൽ കുറേപേർ നെയ്ത്തുപ്രവൃത്തിയുപേക്ഷിച്ച് കുറഞ്ഞ അധ്വാനം മാത്രമാവശ്യമായ കരുവാൻ പണിയിലേർപ്പെടുവാനും അങ്ങനെ തങ്ങളുടെ 10 മണിക്കൂർ നേരത്തെ അധ്വാനത്തിന് കൂടുതൽ വില സമ്പാദിക്കുവാനും ശ്രമിക്കും. അതിനാൽ

ഒരു ചരക്കുണ്ടാക്കുന്നതിന് കൂടുതൽ സമയത്തെ അധ്വാനം ആവശ്യമാണെങ്കിൽ ആ ചരക്കിന് കൂടുതൽ കൈമാറ്റവിലയുണ്ടായിരിക്കണമെന്നു തീർച്ചയാണ്.

ഇവിടെ ഒരു ചോദ്യം പൊന്തിവരാനിടയുണ്ട്. കൂടുതൽ സമയം ചെലവഴിച്ചുണ്ടാക്കുന്ന ഒരു ചരക്കിന് കൂടുതൽ കൈമാറ്റവിലയുണ്ടാകണമെന്ന് പറയുന്നത് ശരിയാണെങ്കിൽ മടിയൻമാരും പ്രവൃത്തിയിൽ വൈദഗ്ദ്ധ്യം കുറഞ്ഞവരും കൂടുതൽ സമയം ചെലവഴിച്ചുണ്ടാക്കുന്ന ചരക്കുകൾക്ക് കൂടുതൽ വിലയുണ്ടാകേണ്ടതല്ലേ?

## 4 സമുദായത്തിനാവശ്യമായ ശരാശരി പ്രയത്നം

ഒരു നെയ്ത്തുകാരൻ ഒരു വസ്ത്രം 8 മണിക്കൂർ കൊണ്ടും മറ്റൊരു നെയ്ത്തുകാരൻ അതേ തരത്തിലുള്ള ഒരു വസ്ത്രം 5 മണിക്കൂർകൊണ്ടും വേറൊരു നെയ്ത്തുകാരൻ 2 മണിക്കൂർ കൊണ്ടും നെയ്തുണ്ടാക്കുന്നുവെന്നു വിചാരിക്കുക. മൂന്നുനെയ്ത്തുകാരും താന്താങ്ങളുടെ ചരക്കുവിറ്റഴിക്കാൻ വേണ്ടി മാർക്കറ്റിൽ പോകുന്നു. ഒരു മണിക്കൂർ നേരത്തെ പ്രയത്നം രണ്ടണയ്ക്കു സമമാണെങ്കിൽ 8 മണിക്കൂർ പ്രവൃത്തിയെടുത്ത നെയ്ത്തുകാരന് 1 ക (8ന്തx2 ണ)യും രണ്ടാമത്തെ നെയ്ത്തുകാരന് 10 ണയും (5ന്തx2 ണ) മൂന്നാമത്തേവനു 4 ണ (2ന്തx2 ണ)യും ആണോ കിട്ടുക.

സപ്ലൈയും ഡിമാൻറും തുല്യമാണെങ്കിൽ, അതായത് മാർക്കറ്റിൽ വിൽപനയ്ക്കെത്തിയ മുഴുവൻ വസ്ത്രങ്ങൾക്കും ആവശ്യക്കാരുണ്ടെങ്കിൽ ഒന്നാമത്തെ നെയ്ത്തുകാരൻ തന്റെ വസ്ത്രം 1 ക.യ്ക്കു തന്നെ വിൽക്കാൻ ശ്രമിക്കും. പക്ഷേ, ഒന്നാമത്തെ നെയ്ത്തുകാരൻ ഒരുറുപ്പികയ്ക്കു വസ്ത്രം വിൽക്കുമ്പോൾ മറ്റു രണ്ടു നെയ്ത്തുകാർ തങ്ങളുടെ വസ്ത്രങ്ങൾക്കും ഒരുറുപ്പിക വീതം കിട്ടണമെന്ന് ആവശ്യപ്പെടാതിരിക്കില്ല. അങ്ങനെയാണെങ്കിൽ മാർക്കറ്റിൽ ആകെ വന്ന നെയ്ത്തുകാരിൽ ഒരു വിഭാഗത്തിനു തങ്ങളുടെ ചരക്കുകളെ അവയുടെ കൈമാറ്റവിലയേക്കാൾ എത്രയോ കവിഞ്ഞ മാർക്കറ്റുവിലയ്ക്കു വിൽക്കാൻ സാധിക്കും. ഈ വമ്പിച്ച ലാഭം നെയ്ത്ത് വ്യവസായത്തിലേക്ക് ധാരാളം ആളുകളെ ആകർഷിക്കും. അതിന്റെ ഫലമായി വസ്ത്രത്തിന്റെ സപ്ലൈ ഡിമാൻറിനേക്കാൾ അധികമാവുകയും അതോടുകൂടി വസ്ത്രത്തിന്റെ മാർക്കറ്റുവില ചുരുങ്ങുകയും ചെയ്യും.

അതുകൊണ്ട് വസ്ത്രത്തിന്റെ മാർക്കറ്റുവില ഒരുറുപ്പികയേക്കാൾ കുറവായിരിക്കുമെന്ന് തീർച്ചയാണ്.

എന്നാൽ, വസ്ത്രത്തിന്റെ മാർക്കറ്റുവില രണ്ടു മണിക്കൂർ മാത്രം ചെലവഴിച്ച നെയ്ത്തുകാരന്റെ അധ്വാനത്തെ ആശ്രയിച്ചായിരിക്കുമോ? അതായത്, വസ്ത്രത്തിന്റെ മാർക്കറ്റുവില നാലണ മാത്രമായിരിക്കുമോ? തീർച്ചയായുമില്ല. കാരണം സപ്ലൈയും ഡിമാൻറും സമമാണെങ്കിൽ രണ്ടു മണിക്കൂർ നേരം കൊണ്ടുണ്ടാക്കുന്ന നെയ്ത്തുകാരന്റെ വസ്ത്രംകൊണ്ടുമാത്രം സമുദായത്തിന്റെ ആവശ്യം നിറവേറുകയില്ല.

അപ്പോൾ വസ്ത്രത്തിന്റെ വില ഏറ്റവും കൂടുതൽ നേരം പ്രവർത്തിയെടുക്കുന്നവന്റെയോ ഏറ്റവും കുറഞ്ഞനേരം പ്രവർത്തിയെടുക്കുന്നവന്റെയോ അധ്വാനത്തെ ആശ്രയിച്ചിരിക്കുകയില്ല.

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകും. ഒരു ചരക്കു സമുദായത്തിനൊട്ടാകെയാവശ്യമുള്ള ചരക്കുകളുടെ ഒരു ഭാഗം മാത്രമാണ്. അതുകൊണ്ട്, അതിന്റെ വില ഏതെങ്കിലും ഒരാളുടെ വ്യക്തിപരമായ പ്രയത്നത്തെയല്ല, സമുദായത്തിലാകെയുള്ള ചരക്കു നിർമ്മാതാക്കളുടെ ശരാശരി പ്രയത്നത്തെയാണ്, ആശ്രയിച്ചിരിക്കുക. ഏതെങ്കിലുമൊരു ചരക്കുടമസ്ഥൻ മറ്റുള്ളവരെപ്പോലെ അധ്വാനിച്ചിട്ടില്ലെന്നതുകൊണ്ടുമാത്രം അയാളുടെ ചരക്കിന്റെ വില കുറയുകയില്ല. വിലയെ നിർണ്ണയിക്കു

ന്നത് ചരക്കുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യ പ്രയത്നമാണ്. മാർക്സ് പറയുന്നതുപോലെ, "ഉൽപാദനത്തിന്റെ സാധാരണ പരിതസ്ഥിതികളിൽ, നിലവിലുള്ള ശരാശരി ഉൽപാദനവൈദഗ്ധ്യവും ശരാശരി ഉൽപാദനക്ഷമതയുമുപയോഗിച്ചു ചരക്കുണ്ടാക്കാനാവശ്യമായ അധ്വാനസമയമാണ് ചരക്കിന്റെ വില നിർണ്ണയിക്കുന്നത്. ഇംഗ്ലണ്ടിൽ പവർലൂമുകൾ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ഒരു നിശ്ചിത അളവിലുള്ള നൂൽ വസ്ത്രമാക്കി മാറ്റാനാവശ്യമായ പ്രയത്നം ഏതാണ്ട് പകുതികണ്ട് കുറയുകയുണ്ടായി.

യന്ത്രങ്ങൾ പരിഷ്കരിക്കുന്തോറും, എന്നുവെച്ചാൽ, ചരക്കുകളുണ്ടാക്കാനാവശ്യമായ അധ്വാനം കുറയുന്തോറും, സമുദായത്തിനാവശ്യമായ ശരാശരി പ്രയത്നം കുറയുമെന്നും, അതോടൊപ്പം ചരക്കുകളുടെ വിലയും കുറയുമെന്നും ഇതിൽനിന്ന് മനസിലാക്കാം.

ഓരോ ഉൽപാദകനും തന്റെ അധ്വാനസമയം അളന്ന് തിട്ടപ്പെടുത്തിയാണ് ചരക്കിന്റെ വില നിർണയിക്കുന്നത് എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. പിന്നെയോ? സമുദായത്തിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന കൊള്ളക്കൊടുക്കൾക്ക് പിന്നിൽ വിലയുടെ ഈ നിയമം ഇടവിടാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു മാത്രമാണ് മനസിലാക്കേണ്ടത്. ഓരോ ചരക്കിനും കൃത്യമായ കൈമാറ്റവില കിട്ടിക്കൊള്ളണമെന്നില്ല. ഡിമാൻറിന്റെയും സപ്ലൈയുടെയും ആധിക്യമനുസരിച്ച് ചരക്കിന്റെ മാർക്കറ്റുവിലയിൽ ഏറ്റക്കുറച്ചിലുണ്ടായെന്നു വരാം. എന്നാൽ ഈ ഏറ്റക്കുറച്ചിലുകളുടെ കേന്ദ്രമായ കൈമാറ്റവിലയെ നിർണ്ണയിക്കുന്നതു ചരക്കുണ്ടാക്കാനാവശ്യമായ അധ്വാനസമയമാണെന്ന് കാണാവുന്നതാണ്.

## വിലയും ഉല്പാദനക്ഷമതയും

സമുദായത്തിനാവശ്യമായ ശരാശരി പ്രയത്നം ഉൽപാദനത്തിന്റെ നിലവിലുള്ള സാങ്കേതിക രീതി, അധ്വാനത്തിന്റെ പരിതസ്ഥിതികൾ, പ്രവൃത്തിയെടുക്കുന്നവരുടെ സ്വഭാവവിശേഷങ്ങൾ മുതലായവയെ ആശ്രയിച്ചിരിക്കും. എന്നാൽ ഇതൊന്നും സ്ഥിരമായ ഘടകങ്ങളല്ല. ഇവയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച സമുദായത്തിനാവശ്യമായ ശരാശരി അധ്വാനവും മാറുന്നതായിരിക്കും.

മറ്റെല്ലാ നെയ്ത്തുകാരും, നിലവിലുള്ള സാധാരണയന്ത്രത്തിൽ പണിയെടുത്തുകൊണ്ടിരിക്കേ, ഒരു നെയ്ത്തുകാരൻമാത്രം പുതിയൊരു യന്ത്രം ഉപയോഗിച്ചുകൊണ്ട് തന്റെ അധ്വാനത്തിന്റെ ഉൽപാദനക്ഷമതയെ (Productivity) വർദ്ധിപ്പിക്കുകയും അങ്ങനെ ചരക്കുനിർമ്മാണത്തിനാവശ്യമായ വ്യക്തിപരമായ അധ്വാനസമയം ചുരുക്കുകയും ചെയ്യുന്നുവെന്ന് വിചാരിക്കുക. ഒരു നെയ്ത്തുകാരൻ മാത്രം ഈ പുതിയ യന്ത്രം ഉപയോഗിക്കുന്നിടത്തോളം കാലം സമുദായത്തിന് ആകെ ആവശ്യമായ അധ്വാന സമയത്തിന് പറയത്തക്ക മാറ്റമൊന്നുമുണ്ടാവില്ല. കാരണം, അയാളുണ്ടാക്കുന്ന വസ്ത്രം മാർക്കറ്റിൽ ആകെ വരുന്ന വസ്ത്രങ്ങളുടെ എത്രയും ചെറിയ ഒരു ഭാഗം മാത്രമായിരിക്കും. അതുകൊണ്ട് അയാളുടെ അധ്വാന സമയത്തിലുണ്ടായ കുറവ് സമുദായത്തിനൊട്ടാകെയാവശ്യമായി വന്ന അധ്വാനസമയത്തെ അത്ര അധികമൊന്നും ബാധിക്കുകയില്ല. പുതിയ യന്ത്രമുപയോഗിക്കുന്ന നെയ്ത്തുകാരന്റെ അദ്ധ്വാനസമയം സമുദായത്തിനാവശ്യമായ ശരാശരി അധ്വാനസമയത്തെക്കാൾ കുറവായിരിക്കുമെന്നു തീർച്ചയാണ്. എങ്കിലും സമുദായത്തിനൊട്ടാകെയാവശ്യമായ ശരാശരി അധ്വാന സമയത്തെ അടിസ്ഥാനപ്പെടുത്തിയാണ് അയാൾ

ചരക്കുവിൽക്കുക. അതിനാൽ, അയാൾക്കു തന്റെ ചരക്കിനു മറ്റെല്ലാ വസ്തുമുടമസ്ഥൻമാരെക്കാളും അധികവില കിട്ടുന്നതായിരിക്കും.

ഓരോ ചരക്കുടമസ്ഥനും തന്റെ ഉൽപാദനോപകരണങ്ങളെ കൂടുതൽ പരിഷ്ക്കരിക്കുവാനും ആ പരിഷ്ക്കരിച്ച 'ടെക്നിക്' മറ്റുള്ളവരിൽ നിന്നൊളിച്ചുവെയ്ക്കാനും പരിശ്രമിക്കുന്നതിനുള്ള കാരണമിതാണ്. കൂടുതൽ പരിഷ്ക്കരിച്ച യന്ത്രസാമഗ്രികളുടെ ഉടമസ്ഥനു കുറഞ്ഞ അധ്വാനസമയം മാത്രം മതിയാകുമെന്നതുകൊണ്ട് മാർക്കറ്റിലെ മത്സരത്തിൽ തന്റെ ചരക്കു മറ്റുള്ളവരുടെ ചരക്കുകളെക്കാൾ കുറഞ്ഞ വിലയ്ക്കു വിറ്റു കൂടുതൽ ലാഭം നേടാൻ സാധിക്കും. എന്നാൽ, ഈ പുതിയ യന്ത്രം മറ്റു ചരക്കുനിർമ്മാതാക്കളുടെയിടയിൽ പ്രചരിച്ചുകഴിഞ്ഞാൽ സമുദായത്തിനൊട്ടാകെയാവശ്യമായ അധ്വാനസമയം കുറയുകയും അങ്ങനെ ആ യന്ത്രം കണ്ടുപിടിച്ച ചരക്കുടമസ്ഥനു കിട്ടിയിരുന്ന അതിലാഭം കിട്ടാതാവുകയും ചെയ്യും.

അധ്വാനത്തിന്റെ ഉൽപാദനക്ഷമത വർദ്ധിക്കുന്നതോടൊപ്പം ചരക്കുണ്ടാക്കാനാവശ്യമായ അധ്വാനസമയം ചുരുങ്ങുകയും അതിന്റെ ഫലമായി ചരക്കിന്റെ വില കുറയുകയും ചെയ്യുമെന്ന് ഇത്രയും പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണത്തിന്, അലൂമിനിയം എന്ന ലോഹം പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലം വരെയും വെള്ളിയേക്കാൾ എട്ടു പത്തിരട്ടി വിലപിടിച്ചതായിരുന്നുവത്രേ. കാരണം, അക്കാലത്ത് അലൂമിനിയമുണ്ടാക്കാൻ അത്യധികം അധ്വാനം ആവശ്യമായി വന്നിരുന്നു. എന്നാൽ, ഇന്നാകട്ടെ, അലൂമിനിയം ഏറ്റവും വിലകുറഞ്ഞതും സാധാരണക്കാർക്കുപോലും വാങ്ങിയുപയോഗിക്കാൻ സാധിക്കുന്നതുമായ ഒരു ലോഹമായിത്തീർന്നിട്ടുണ്ട്. വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടി കുറഞ്ഞ അധ്വാനം കൊണ്ട് കളിമണ്ണിൽനിന്ന് അലൂമിനിയമുണ്ടാക്കാൻ തുടങ്ങിയതാണ് ഇതിനു കാരണം.

കഴിഞ്ഞ 80 കൊല്ലങ്ങൾക്കുള്ളിൽ അലൂമിനിയത്തിന്റെ ഉപയോഗം 8000 ഇരട്ടി വർദ്ധിച്ചിട്ടുണ്ടെന്നു ലെപ്പിഡസ്സ് എന്ന ധനശാസ്ത്രജ്ഞൻ പറയുന്നു. എന്നിട്ടും അലൂമിനിയത്തിന്റെ വില കുറയുകയാണുണ്ടായത്. സപ്ലൈയും ഡിമാൻറുമനുസരിച്ചാണ് വില നിർണ്ണയിക്കപ്പെടുന്നതെങ്കിൽ നേരെമറിച്ചാണല്ലോ സംഭവിക്കേണ്ടിയിരുന്നത്.

ലെപ്പിഡസ് മറ്റൊരുദാഹരണം കൂടി എടുത്തു പറയുന്നുണ്ട്. 18-ാം നൂറ്റാണ്ടിൽ പച്ച ഇരുമ്പിൽ നിന്നു (Pig Iron) ഇരുമ്പുണ്ടാക്കാൻ മൂന്നാഴ്ച വേണ്ടി വന്നിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബെഡ്നർഫർനസ് എന്ന ഉപകരണത്തിന്റെ സഹായം ലഭിച്ചപ്പോൾ 15 ഓ 20ഓ മിനിട്ടുമാത്രം മതിയെന്നായി. ഉൽപാദനത്തിന്റെ ടെക്നിക്കിലുണ്ടായ ഈ പരിവർത്തനം ഉരുക്കിന്റെ വിലയെ ആദ്യമുണ്ടായിരുന്നതിന്റെ നാലിലൊന്നായി കുറച്ചു.

രത്നത്തിന് കൂടുതൽ വിലയുണ്ടാവാനുള്ള കാരണം അതു കണ്ടുപിടിച്ചു കുഴിച്ചെടുക്കാൻ ധാരാളത്തിലധികം അധ്വാനം ആവശ്യമായി വരുന്നു എന്നതാണ്. മാർക്സ് പറയുന്നു: "അൽപം മാത്രം അധ്വാനം ചെലവിട്ട് കരിക്കട്ടയിൽ നിന്ന് രത്നങ്ങളുണ്ടാക്കാൻ സാധിക്കുകയാണെങ്കിൽ അവയ്ക്കു് ഇഷ്ടികയേക്കാൾ കുറഞ്ഞവിലയേ ഉണ്ടാവുകയുള്ളൂ." മാർക്സ് തന്നെ മറ്റൊരിടത്തു പറയുന്നു: "ഇംഗ്ലണ്ടിൽ പവർലൂമുകൾ (ആവിശക്തികൊണ്ട് നടത്തുന്ന തറികൾ) ഉപയോഗത്തിൽ വന്നപ്പോൾ മുമ്പ് ആവശ്യമായിരുന്നതിന്റെ ഏതാണ്ട് പകുതി അധ്വാനം കൊണ്ട് ഒരു നിശ്ചിത അളവിലുള്ള നൂൽ വസ്ത്രമാക്കിമാറ്റാൻ കഴിയുമെന്നായി. കൈത്തറി നെയ്ത്തുകാരനാവട്ടെ, ആവിശക്തി ഉപയോഗത്തിൽ വരുന്നതിനു മുമ്പ് ആവശ്യമായിരുന്ന അധ്വാനം

തന്നെ വേണ്ടിവന്നു. പക്ഷേ, അയാൾ പഴയ പരിതഃസ്ഥിതിയിൽ ഒരു മണിക്കൂർ കൊണ്ടുണ്ടാക്കിയ ഉൽപന്നം പുതിയ പരിതഃസ്ഥിതിയിൽ അരമണിക്കൂർ നേരത്തെ ശരാശരി സാമൂഹ്യാധ്വാനത്തിനു സമമായിത്തീർന്നു. അതുകൊണ്ട്, അയാളുടെ ഉൽപന്നത്തിനു മുമ്പുണ്ടായിരുന്നതിന്റെ പകുതി വില മാത്രമേ ഉണ്ടായുള്ളു."

## വിദഗ്ദ്ധ പ്രയത്നവും സാധാരണ പ്രയത്നവും

വിവിധ ജോലികളിലേർപ്പെട്ട ചരക്കുകൾ നിർമ്മിക്കുന്നവരുടെ പ്രയത്നം അളക്കുന്നത് സമയത്തെ — ചരക്കുകളുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യ പ്രയത്നത്തെ-അടിസ്ഥാനമാക്കിയാണെന്ന് നാം കണ്ടുകഴിഞ്ഞു. ഇവിടെ ഒരു ബുദ്ധിമുട്ടുകൂടിയുണ്ടാവാം. വൈദഗ്ധ്യം കുറഞ്ഞ ഒരു സാധാരണ വേലക്കാരന്റെ ഒരു മണിക്കൂർ നേരത്തെ അധ്വാനവും വിദഗ്ധനായ ഒരു എഞ്ചിനീയറുടെ ഒരു മണിക്കൂർ നേരത്തെ അധ്വാനവും സമമാണെന്ന് പറയാമോ? വിറകുവെട്ടിയുടേയും വാച്ച്മേക്കറുടേയും അധ്വാനം സമമായിരിക്കുമോ?

എഞ്ചിനീയറുടെയും വാച്ചുമേക്കറുടെയും പ്രയത്നം വിദഗ്ധപ്രയത്നമാണ്. ഈ ജോലികൾ പഠിക്കാൻ അത്യധികമായ അധ്വാനവും ബുദ്ധിമുട്ടുകളും ആവശ്യമായി വരുന്നു. പഠിക്കുന്ന ആൾ മാത്രമല്ല, പഠിപ്പിക്കുന്ന ആളും അധ്വാനിക്കണം. ഇത്രയധികം, ബുദ്ധിമുട്ടിയതിനുശേഷം ഒരു എഞ്ചിനീയർക്ക് ഒരു സാധാരണ വേലക്കാരന് കിട്ടുന്ന പ്രതിഫലം മാത്രമേ കിട്ടുന്നുള്ളുവെങ്കിൽ എഞ്ചിനീയറുടെ പ്രവൃത്തിക്ക് ആരും പോകാതെവരും. എഞ്ചിനീയറും വാച്ചുമേക്കറും തങ്ങളുടെ വ്യവസായങ്ങളെപ്പറ്റി പഠിക്കുവാൻ കൂടുതൽ കൊല്ലങ്ങൾ ചെലവഴിക്കുന്നത് പിന്നീട് അതിനു തക്ക പ്രതിഫലം കിട്ടുമെന്ന ആശയുള്ളതുകൊണ്ടു മാത്രമാണ്. അതുകൊണ്ട് ഒരു മണിക്കൂർ നേരത്തെ വിദഗ്ധ പ്രയത്നം കൊണ്ടുണ്ടാക്കുന്ന ചരക്കിന് ഒരു മണിക്കൂർ നേരത്തെ അവിദഗ്ധ (സാധാരണ) പ്രയത്നം കൊണ്ടുണ്ടാക്കുന്ന ചരക്കിനേക്കാളധികം വിലയുണ്ടായിരിക്കും. ഉദാഹരണത്തിന്, ഒരു വാച്ചുമേക്കർ വാച്ചുണ്ടാക്കാൻ 20 മണിക്കൂറാണ് ചെലവഴിച്ചതെങ്കിൽ അതിനു പകരമായി മാർക്കറ്റിൽ 40 ഓ 50 ഓ മണിക്കൂർ നേരത്തെ സാധാരണ പ്രയത്നം കൊണ്ടുണ്ടാക്കിയ ചരക്കുകൾ കിട്ടുന്നതാണ്. ഇപ്പോൾ ഒരു മണിക്കൂർ നേരത്തെ വിദഗ്ധ പ്രയത്നം രണ്ടു മണിക്കൂറോ രണ്ടര മണിക്കൂറോ നേരത്തെ സാധാരണ പ്രയത്നത്തിന് സമമാണെന്ന് പറയാം.

ഒരു നിശ്ചിത അളവിലുള്ള വിദഗ്ധപ്രയത്നം അതിനേക്കാൾ വലിയ അളവിലുള്ള സാധാരണ പ്രയത്നത്തിന് സമമായിരിക്കും. അതുകൊണ്ട് ചരക്കുകളുടെ വില നിർണയിക്കുമ്പോൾ വിദഗ്ധപ്രയത്നത്തെ സാധാരണപ്രയത്നമാക്കി മാറ്റണം. വിദഗ്ധപ്രയത്നം സാധാരണപ്രയത്നത്തിന്റെ ഇത്ര ഇരട്ടി എന്ന് കണക്കാക്കാവുന്നതാണ്. ചരക്കുണ്ടാക്കാനാവശ്യമായ പ്രയത്നം എത്രതന്നെ വിദഗ്ധമായാലും അത് ഏതളവിലുള്ള സാധാരണ പ്രയത്നത്തിന് സമമാണ് എന്ന് കണക്കാക്കാൻ സാധിക്കും.

കലാകാരന്റെ പ്രയത്നം അളക്കുവാൻ കൂടുതൽ ബുദ്ധിമുട്ടുണ്ട്. കലാകാരന്റെ അധ്വാനഫലം സവിശേഷമായ ഒരു സൃഷ്ടിയാണ്. കാരണം, ഒരാൾ ഒരിക്കൽ നിർമ്മിച്ചത് മറ്റൊരാൾക്കോ ചിലപ്പോൾ അയാൾക്ക് തന്നെയോ അതേപടി വീണ്ടും നിർമ്മിക്കുവാൻ കഴിഞ്ഞുവെന്ന് വരില്ല. ഒരു കലാകാരനാവുക എന്നത് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. കാഴ്ചബംഗ്ലാവുകളിൽ കാണപ്പെടുന്ന ചില അപൂർവ്വവസ്തുക്കളുണ്ട്. അവയെ വീണ്ടും അതേപടി ഒരിക്കലും നിർമ്മിക്കുവാൻ കഴിയില്ല. അത്തരം വസ്തുക്കൾക്ക് പിടിപ്പത് വിലയുണ്ടായെന്നുവരാം. സമുദായത്തിൽ സാധാരണ

മായി നിർമ്മിക്കുകയും കൈമാറ്റം ചെയ്യുകയും വീണ്ടും നിർമ്മിക്കുകയും ചെയ്യുന്ന ചരക്കുകളെപ്പറ്റിയാണ് നമ്മൾ ഇതുവരെ വിവരിച്ചത്. അത്തരം ചരക്കുകളുടെ വിലകളെയാണ് ഈ നിയമം നേരിട്ട് ബാധിക്കുന്നത്. അതുകൊണ്ട് ഒരു നല്ല പാട്ടുകാരിപെണ്ണിന് ഒരു മണിക്കൂർ നേരത്തെ പാട്ടിന് പ്രതിഫലമായി നൂറോ അഞ്ഞൂറോ ഉറുപ്പിക കിട്ടുന്നുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ നിയമം തെറ്റാണെന്നു വാദിക്കുന്നത് അസംബന്ധമാണ്.

വിദഗ്ധപ്രയത്നത്തെ സാധാരണ പ്രയത്നമാക്കി മാറ്റി അളന്ന് കണക്കുകൂട്ടുന്നതിന് പ്രത്യേകമായ ഉപകരണമൊന്നുമില്ല. നമ്മൾ മുമ്പു വിവരിച്ച കഴിഞ്ഞതുപോലെ, മാർക്കറ്റിൽ ഇടവിടാതെ നടന്നുകൊണ്ടിരിക്കുന്ന കൊള്ളക്കൊടുക്കുകളിലൂടെയും പരസ്പരബന്ധങ്ങളിലൂടെയുമാണ് വിലയുടെ ഈ നിയമം പ്രവർത്തിക്കുന്നത്.

## മാർക്കറ്റുവില

ഒരു ചരക്കിന്റെ പണക്കണക്കിലുള്ള കൈമാറ്റവിലയെയാണ് നമ്മൾ മാർക്കറ്റുവില (Price) എന്നു പറയുന്നത്. സാധാരണ പരിതസ്ഥിതിയിൽ സപ്ലൈയും ഡിമാൻറും സമനിലയിലായിരിക്കുമ്പോൾ, ഒരു ചരക്കിന്റെ മാർക്കറ്റുവില അതിന്റെ കൈമാറ്റവിലയ്ക്ക് സമമായിരിക്കുമെന്ന് പറയാവുന്നതാണ്. എന്നാൽ മുതലാളിത്ത സമുദായത്തിൽ ഈയൊരു സ്ഥിതി വളരെ അപൂർവ്വമായേ ഉണ്ടാകാറുള്ളു. എത്ര ചരക്കുകളാണ്, അല്ലെങ്കിൽ ഏത് തരത്തിലുള്ള ചരക്കുകളാണ് മാർക്കറ്റിൽ ആവശ്യമായി വരിക എന്നു മുൻകൂട്ടി തിട്ടപ്പെടുത്തുവാൻ ഉൽപാദകൻമാർക്ക് സാധിക്കുകയില്ല. ചിലപ്പോൾ സപ്ലൈയും മറ്റുചിലപ്പോൾ ഡിമാൻറും വർദ്ധിക്കുന്നതാണ്. സപ്ലൈയിലും ഡിമാൻറിലുമുണ്ടാകുന്ന മാറ്റങ്ങൾ ചരക്കിന്റെ മാർക്കറ്റുവിലയിലും മാറ്റങ്ങളുണ്ടാക്കും. പണത്തിന്റെ തുകയിൽ മാറ്റമില്ലാതിരിക്കേ, ചരക്കുകളുടെ ഡിമാൻറ് സപ്ലൈയേക്കാൾ അധികമായാൽ മാർക്കറ്റുവില വർദ്ധിക്കും. നേരെമറിച്ച് സപ്ലൈ ഡിമാൻറിനെക്കാൾ അധികമായാൽ മാർക്കറ്റുവില കുറയുകയും ചെയ്യും.

യുദ്ധകാലത്ത് അസാധാരണങ്ങളായ പല മാറ്റങ്ങളുമുണ്ടാകാറുണ്ട്. കൂടുതൽ ആളുകൾക്ക് ജോലി കിട്ടുന്നതുകൊണ്ട് പണത്തിനുള്ള ക്ഷാമം താരതമ്യേന കുറയുന്നു. എന്നാൽ സാധാരണക്കാർക്കാവശ്യമായ ചരക്കുകളുടെ ഉൽപാദനം വർദ്ധിക്കുന്നില്ല. അതുകൊണ്ട് ഡിമാൻറ് സപ്ലൈയെക്കാൾ എത്രയോ അധികമായിത്തീരുന്നു. മുതലാളികളും കച്ചവടക്കാരും പരിമിതമായ ചരക്കുകൾ പൂഴ്ത്തിവച്ച് കരിഞ്ചന്ത നടത്തുന്നു. ഈ പരിതസ്ഥിതിയിൽ മാർക്കറ്റുവില ആളുകളെ അമ്പരപ്പിക്കത്തക്കവിധം വർദ്ധിക്കുന്നു.

നേരെമറിച്ചാണ് സാമ്പത്തികകുഴപ്പമോ മറ്റോ നേരിടുമ്പോഴത്തെ സ്ഥിതി. ചരക്കുകളുണ്ട്; പക്ഷേ, വാങ്ങാനാളില്ല. ഡിമാൻറ് കുറയുമ്പോൾ മാർക്കറ്റുവിലയും കുറയുന്നു.

ഇങ്ങനെ ചരക്കിന്റെ മാർക്കറ്റുവില കയറിയും ഇറങ്ങിയും ഇരിക്കുന്നു. എന്നാൽ ഈ കയറ്റിറക്കങ്ങളുടെ കേന്ദ്രം അധ്വാനസമയത്തെ അടിസ്ഥാനമാക്കിയ കൈമാറ്റവിലയായിരിക്കുമെന്ന് മറക്കാൻ പാടില്ല.

# 5 പണത്തിന്റെ ഉത്ഭവം

പ്രാചീനകാലത്ത് ഉൽപാദനം വളരെ പരിമിതമായിരുന്നു: കൈമാറ്റവും പരിമിതമായിരുന്നു. എന്നുവെച്ചാൽ, ചരക്കുകളുടെ കൈമാറ്റം സാമൂഹ്യജീവിതത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുപാധിയായിക്കഴിഞ്ഞിരുന്നില്ല. ഓരോ ജനസമൂഹവും ഉൽ

പാദിപ്പിച്ചിരുന്നത് മിക്കവാറും അവർതന്നെ അനുഭവിച്ചുപോന്നു. ആവശ്യമുള്ളത് കഴിച്ച് ബാക്കിവല്ലതും ഉണ്ടാകുമ്പോൾ മാത്രം അതു മറ്റു സാധനങ്ങൾക്കായി കൈമാറ്റം ചെയ്യപ്പെട്ടു.

കൈമാറ്റം ആരംഭിക്കുന്നതുവരെ ഉൽപ്പന്നങ്ങൾക്കു കൈമാറ്റവിലയുണ്ടാവാൻ നിവൃത്തിയില്ലല്ലോ. ഉൽപന്നങ്ങൾ വെറും ഉപയോഗവിലകൾ മാത്രമായിരുന്നു. കൈമാറ്റവിലയുള്ള ചരക്കുകളായി അവർ മാറിക്കഴിഞ്ഞിരുന്നില്ല. പ്രാചീന മനുഷ്യർ ഉപയോഗകരങ്ങളായ സാധനങ്ങളെ പരസ്പരം കൈമാറാൻ തുടങ്ങിയതോടുകൂടിയാണ് ചരക്കുകൾ ആവിർഭവിച്ചത്.

എന്നാൽ ആവശ്യത്തിൽകവിഞ്ഞ സാധനങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതുകൊണ്ടുമാത്രം കൈമാറ്റം നടക്കുകയില്ല. കൈമാറ്റം നടക്കണമെങ്കിൽ വിഭിന്ന ട്രൈബുകൾ വിഭിന്ന സാധനങ്ങൾ ഉണ്ടാക്കാൻ തുടങ്ങുക കൂടി വേണം. എല്ലാവരും മീൻപിടുത്തക്കാരാണെങ്കിൽ, അല്ലെങ്കിൽ എല്ലാവരും ഉപ്പുണ്ടാക്കുന്നവരാണെങ്കിൽ, കൈമാറ്റത്തിന്റെ ആവശ്യമെന്താണ്? അപ്പോൾ വിഭിന്ന ട്രൈബുകൾ വിഭിന്ന സാമഗ്രികൾ ഉൽപ്പാദിപ്പിക്കാൻ തുടങ്ങുകയും അങ്ങനെ ഉൽപാദിപ്പിക്കുന്ന സാമഗ്രികൾ അതാതു ട്രൈബുകളുടെ ആവശ്യത്തിൽക്കവിയുകയും ചെയ്യുമ്പോൾ മാത്രമാണ് കൈമാറ്റത്തിന്റെ ആവശ്യം നേരിടുന്നത്. മൃഗവേട്ടയിലേർപ്പെട്ട ഒരു ട്രൈബ് കൃഷിയിലേർപ്പെട്ട ഒരു ട്രൈബിനു മാംസം കൊടുത്ത് പകരം ധാന്യം വാങ്ങുന്നു. ഈ കൈമാറ്റം വഴിയായി വിഭിന്ന ട്രൈബുകൾ തമ്മിൽ ബന്ധപ്പെടുകയും ചെയ്യുന്നു. പക്ഷേ, സ്ഥിരമായ മാർക്കറ്റൊന്നുമില്ല. വിനിമയം സുസ്ഥിരമായ ഒരേർപ്പാടായിക്കഴിഞ്ഞിട്ടില്ല. യാദൃശ്ചികമായി മാത്രമേ കൈമാറ്റം നടക്കുകയുള്ളൂ. അതുകൊണ്ട് യാദൃശ്ചികമായി മാത്രമേ കൈമാറ്റം പ്രത്യക്ഷപ്പെടുന്നുമുള്ളൂ.

ആഫ്രിക്കയിലെ പ്രാകൃതജനങ്ങളുടെയിടയിൽ കഴിച്ചുകൂട്ടിയ യൂറോപ്യൻ സഞ്ചാരിയുടെ രസകരമായ ഒരനുഭവത്തിൽനിന്ന് ഈ പ്രാചീന കൈമാറ്റ സമ്പ്രദായത്തിന്റെ വൈഷമ്യങ്ങൾ ഏറെക്കുറെ മനസ്സിലാക്കാം. അദ്ദേഹം എഴുതുകയാണ്:-

“ഞാൻ ഒരു തോണി കൂലിക്കുവാങ്ങിയത് എങ്ങിനെയെന്നത് ഒരു രസകരമായ സംഭവമാണ്. ആനക്കൊമ്പുപകരം കിട്ടിയാൽ മാത്രമേ തോണി തരുള്ളുവെന്നു സാണ്ടിന്റെ ഏജൻറ് എന്നോടു പറഞ്ഞു. എന്നാൽ, എന്റെ കയ്യിൽ ആനക്കൊമ്പുണ്ടായിരുന്നില്ല. മുഹമ്മദ് ഇബിൻ സാലിബിന്റെ കയ്യിൽ ആനക്കൊമ്പുണ്ടെന്നും കുറച്ചുവസ്ത്രം പകരം കിട്ടുകയാണെങ്കിൽ അതു കൈവിടാൻ അയാൾ ഒരുക്കമാണെന്നും ഞാൻ മനസിലാക്കി. പക്ഷേ, അതുകൊണ്ടും പ്രയോജനമുണ്ടായില്ല. കാരണം, എന്റെ കയ്യിൽ വസ്ത്രമുണ്ടായിരുന്നില്ല. ഒടുവിൽ മുഹമ്മദുഹാനിബിന്റെ കയ്യിൽ വസ്ത്രമുണ്ടെന്നും ചെമ്പുകമ്പി കിട്ടുന്നപക്ഷം ആ വസ്ത്രം കൈമാറാൻ അയാൾ തയ്യാറാണെന്നും മനസിലായി. ഭാഗ്യത്തിന് എന്റെ കയ്യിൽ ചെമ്പുകമ്പിയുണ്ടായിരുന്നു. ആവശ്യപ്പെട്ട ചെമ്പുകമ്പി ഞാൻ മുഹമ്മദ്ഹാനിബിനു കൊടുത്തു. അതിനു പകരമായി അയാൾ തന്റെ കയ്യിലുള്ള വസ്ത്രം ഇബിൻസാലിബിനു കൊടുത്തു. ഇബിൻസാലിബാകട്ടെ, തന്റെ പക്കലുള്ള ആനക്കൊമ്പ് സാണ്ടിന്റെ ഏജൻറിനു കൊടുത്തു. ഈ കൊള്ളക്കൊടുക്കകളെല്ലാം കഴിഞ്ഞതിനുശേഷം മാത്രമേ തോണി ഉപയോഗിക്കാൻ ഏജൻറ് എനിക്കു സമ്മതം തന്നുള്ളൂ.”

എല്ലാവർക്കും പൊതുവിൽ ഉപയോഗകരമായ ഒരു സാധനം. കൈമാറ്റത്തിന്റെ മധ്യവർത്തിയെന്ന നിലയ്ക്ക് പ്രാചീന കാടൻമാരുടെയിടയിൽ ആവിർഭവിച്ചിട്ടുണ്ടായിരുന്നില്ല. അത്രയ്ക്ക് അപരിഷ്കൃതമായിരുന്നു അവരുടെ ഉൽപാദനരീതി. ചരക്കുകളുടെ കൈമാറ്റവും അതിനടിസ്ഥാനമായ തൊഴിൽവിഭജനവും ശൈശവാ

വസ്ഥയിലായിരുന്നു. അതുകൊണ്ട്, ഒരു ചരക്കു വിൽക്കാനാഗ്രഹിക്കുന്ന ഒരാൾക്ക് ആ ചരക്കുവാങ്ങാൻ തയ്യാറുള്ളവനും അതേ സമയത്തു തനിക്കാവശ്യമായ ചരക്കിനുപകരം തരാൻ സാധിക്കുന്നവനുമായ മറ്റൊരാളെ കണ്ടുകിട്ടുകയെന്നത് അത്ര എളുപ്പമായിരുന്നില്ല.

ഉൽപാദനശക്തികൾ ക്രമത്തിൽ വളരാൻ തുടങ്ങി. അതോടൊപ്പം ചരക്കുകളുടെ കൈമാറ്റവും കൂടുതൽ പരിഷ്കരിക്കാൻ തുടങ്ങി. വിഭിന്ന ട്രൈബുകൾ തമ്മിൽ തമ്മിൽ മാത്രമല്ല, ഒരേ ട്രൈബിനുള്ളിൽതന്നെയും കൈമാറ്റമാവിർഭവിച്ചു. ഇങ്ങനെ, ഉൽപാദന ശക്തികളുടെ വളർച്ചയുടെ ഫലമായി ഓരോ ചരക്കും മറ്റു പല ചരക്കുകളുമായും കൈമാറ്റം ചെയ്യാമെന്നായി. മോളിയർ എന്ന യൂറോപ്യൻ സഞ്ചാരി ആഫ്രിക്കയിലെ പടിഞ്ഞാറൻ സുഡാനിൽ കണ്ട രസകരമായ വിനിമയ സമ്പ്രദായം താഴെ കൊടുത്തപ്രകാരമായിരുന്നുവെന്ന് ഹെൽഫരിച്ച് എന്ന ഗ്രന്ഥകാരൻ തന്റെ 'പണം' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു:

| | | |
|---|---|---|
| ഒരു അടിമ | = | ഇരട്ടക്കുഴലുള്ള ഒരു തോക്കും രണ്ടു കുപ്പി കരിമരുന്നും |
| ടി | = | 5 കാളകൾ |
| ടി | = | 100 കഷണം തുണി. |

ഈ രൂപത്തിൽ കൈമാറ്റം യാദൃച്ഛികമായല്ല സാധാരണമായിത്തീരുന്നു. ഒരടിമയെക്കൊടുത്താൽ പകരം തോക്കോ, കാളയോ, തുണിയോ കിട്ടുമെന്നു വരുന്നു.

ഉൽപാദനശക്തികൾ പിന്നേയും വളരുന്നു. അതോടുകൂടി കൈമാറ്റവും വികസിക്കുന്നു. ഇങ്ങനെ പലതരത്തിലുള്ള ചരക്കുകളുടെ പരസ്പരമുള്ള കൈമാറ്റത്തിന്റെ ഫലമായി ക്രമത്തിൽ ഏതെങ്കിലുമൊരു ചരക്ക് മറ്റെല്ലാ ചരക്കുകളുടെയും സമാനരൂപമായി മുന്നോട്ടുവരുന്നു. താഴെക്കൊടുത്ത ഉദാഹരണം നോക്കുക:

| | |
|---|---|
| 1 കോട്ട് | = 20 വാര തുണി |
| 10 റാത്തൽ ചായ | |
| 15 റാത്തൽ കാപ്പി | |
| അര തൻ ഇരുമ്പ് | |
| കാൽ ഔൺസ് സ്വർണം | |

ഇങ്ങനെ വിലകൾക്ക് ഒരു പൊതുരൂപം ഉത്ഭവിക്കുന്നു. അതായത് സമുദായത്തിലുള്ള എല്ലാ ചരക്കുകളുടെയും വിലകൾ ഒരേ ചരക്കിലൂടെ (നമ്മുടെ ഉദാഹരണത്തിൽ തുണിയിലൂടെ) പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ട് തുണി മറ്റെല്ലാ ചരക്കുകളുടെയും വിലകളെ പ്രത്യക്ഷപ്പെടുത്താനായി വേറിട്ടു നിൽക്കുന്നു.

ഈ പൊതുവിലുള്ള ചരക്കിന്റെ ആവിർഭാവത്തിനടിസ്ഥാനം കൈമാറ്റത്തിന്റെ പുരോഗതിയാണ്. എന്നുവെച്ചാൽ, സാമൂഹ്യമായ പരസ്പരബന്ധങ്ങളുടെ വളർച്ച. അതുകൊണ്ട്, ഈ പൊതുചരക്കിനു സാമൂഹ്യമായി അംഗീകരിക്കപ്പെട്ട ഒരു രൂപം ലഭിക്കുന്നു. ഒരേ ചരക്കിൽ — ഉദാഹരണത്തിനു തുണിയിൽ — മറ്റെല്ലാ ചരക്കുകളുടെയും വിലകൾ പ്രതിബിംബിക്കുന്നതുകൊണ്ട് കൈമാറ്റ വ്യവസ്ഥ ഒരടികൂടി മുന്നോട്ട് കടക്കുന്നു. കൈമാറ്റത്തിലുള്ള ബുദ്ധിമുട്ടുകൾ മിക്കവാറും പരിഹരിക്കപ്പെടുന്നു. കാരണം, പൊതുരൂപമെടുക്കുന്ന ചരക്കിന്റെ സഹായത്തോടുകൂടി മറ്റേതു ചരക്കും വാങ്ങാൻ കഴിയും. പൊതുരൂപമെടുക്കുന്ന ഈ ചരക്കാണ് പണമായി രൂപാന്തരപ്പെട്ടത്.

സ്വർണമോ വെള്ളിയോ ആണ് ഇങ്ങനെ ആദ്യമായി പണത്തിന്റെ രൂപം ധരിച്ചത് എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. ഉപ്പ്, തോൽ, പശു മുതലായ പലതും പണരൂപമെടുക്കുകയായിട്ടുണ്ട്. പക്ഷേ, ക്രമത്തിൽ, ക്രമത്തിൽ, സാമൂഹ്യമായ കൊള്ളക്കൊടുക്കകളുടെ അനുഭവങ്ങളിൽ നിന്നു സ്വർണ്ണവും വെള്ളിയും ഈ മാന്യസ്ഥാനത്തേക്കു കയറിവന്നു. അതു മുതൽക്കു സ്വർണ്ണവും വെള്ളിയും എല്ലാ ചരക്കുകളുടെയും കൈമാറ്റത്തിനുള്ള മധ്യവർത്തിയായിത്തീർന്നു. നമ്മുടെ ഉദാഹരണത്തിൽ തുണിയുടെ സ്ഥാനത്തു സ്വർണ്ണം വന്നാൽ വിലയുടെ പണരൂപമായി നോക്കുക.

| | |
|---|---|
| 20 വാര തുണി<br>1 കോട്ട്<br>10 റാത്തൽ ചായ<br>അര തൻ ഇരുമ്പ് | = കാൽ ഔൺസ് സ്വർണം. |

ഇത്രയും പറഞ്ഞതിൽ നിന്നും ഒരു കാര്യം വ്യക്തമാകും. സ്വർണം പണമാകുന്നതിനു മുമ്പുതന്നെ ഒരു ചരക്കായിരുന്നു. മറ്റു ചരക്കുകളെന്നപോലെതന്നെ കൊള്ളക്കൊടുക്കകളിൽ സമാനരൂപമെന്ന പങ്കുവഹിച്ചിരുന്നു. അക്കാലത്ത് സ്വർണ്ണം ആഭരണങ്ങൾക്കും മറ്റും വേണ്ടിയാണ് ഉപയോഗിക്കപ്പെട്ടിരുന്നത്. അത് പണമായിരുന്നില്ല. ഉൽപാദനബന്ധങ്ങൾ ഒരു നിശ്ചിതാതിർത്തിവരെ അഭിവൃദ്ധിപ്പെടുമ്പോൾ മാത്രമാണ് സമുദായത്തിൽ പണം ആവിർഭവിക്കുന്നത്. അതുകൊണ്ട് സ്വർണവും വെള്ളിയും പണമായിത്തീരുന്നതിനുള്ള കാരണങ്ങൾ ആരായേണ്ടത് ആ ലോഹങ്ങളുടെ സഹജമായ ഗുണങ്ങളിലല്ല ഉൽപാദന ബന്ധങ്ങളുടെ വളർച്ചയിലാണ്.

## സ്വർണ്ണവുംവെള്ളിയും

ആദ്യകാലത്ത് സ്വർണ്ണം, വെള്ളി മുതലായ ലോഹങ്ങളായിരുന്നില്ല പണത്തിന്റെ സ്ഥാനമെടുത്തിരുന്നത്. നിത്യജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നവയും കൂടുതൽ ഉപയോഗമുള്ളവയും അതേസമയത്തുതന്നെ എടുത്തുപെരുമാറാൻ എളുപ്പമുള്ളവയുമായ മറ്റു ചില ചരക്കുകളാണ് ആദ്യമായി പണത്തിന്റെ രൂപമെടുത്തത്. പണരൂപം വികസിപ്പിച്ചത് സഞ്ചാരിവർഗക്കാരായ പ്രാചീനട്രൈബുകളായിരുന്നു എന്ന് മാർക്സ് അഭിപ്രായപ്പെടുന്നു. ചരിത്രത്തിന്റെ ആ കാലഘട്ടമായപ്പോഴേക്കും ഉൽപ്പാദനവും കൈമാറ്റവും ഏറെക്കുറെ വികസിച്ചു കഴിഞ്ഞിരുന്നു. ആ ട്രൈബുകാർക്കുണ്ടായിരുന്നതു നിലം മുതലായ സ്ഥാവരസ്വത്തുക്കളായിരുന്നില്ല. ഉള്ളതൊക്കെ വലിയ പ്രയാസം കൂടാതെ എടുത്തു പെരുമാറാനും കൈമാറ്റം ചെയ്യാനും അവർക്ക് കഴിഞ്ഞിരുന്നു. അവരുടെ ജീവിതരീതിയാകട്ടെ കൂടെക്കൂടെ മറ്റു ട്രൈബുകളുമായി ബന്ധപ്പെടുത്തുന്നതായിരുന്നു. ഈ ബന്ധമാണല്ലോ ചരക്കുകളുടെ കൈമാറ്റത്തെ സുഗമമാക്കുന്നത്. പക്ഷേ, അക്കാലത്ത് സ്വർണനാണയങ്ങളും വെള്ളിനാണയങ്ങളും മറ്റും അജ്ഞാതമായിരുന്നു.

പശുവിനു പുറമെ തോൽ, രോമം, ഇരുമ്പ് തുടങ്ങിയ മറ്റു ചരക്കുകളും പണത്തിന്റെ സ്ഥാനമെടുക്കുകയുണ്ടായിട്ടുണ്ട്. മൃഗങ്ങളെ പോറ്റിവളർത്താനും കൃഷിചെയ്യാനും ആരംഭിച്ചപ്പോഴാണ് കന്നുകാലികൾക്കു പണത്തിന്റെ സ്ഥാനം കിട്ടിയത്. ആഫ്രിക്കയിലെ ചില കാട്ടുജാതിക്കാർ തങ്ങളുടെ വിരോധികളായ മറ്റു ട്രൈബുകളിൽനിന്നു പിടിച്ചെടുത്ത തടവുകാരെ പണമായി ഉപയോഗിക്കുന്നുണ്ടെന്ന് ആർ

ആൻഡ്രെ എന്ന ഗ്രന്ഥകാരൻ പറയുന്നു: “അവിടെ കറൻസിയുടെ ഏറ്റവും വലിയ യൂണിറ്റ് ഒരു സുഭഗനായ യുവാവോ സുന്ദരിയും പുളപുളപ്പുമുള്ളവളുമായ ഒരു യുവതിയോ ആണ്.” സ്റ്റാൻലി എന്ന മറ്റൊരു ഗ്രന്ഥകാരൻ ‘How I found Livingston’ എന്ന പുസ്തകത്തിൽ താൻ ആഫ്രിക്കയിലേക്ക് പുറപ്പെട്ടപ്പോൾ കുറേ കമ്പികൂടി കയ്യിലെടുത്തിരുന്നുവെന്ന് പ്രസ്താവിക്കുന്നു. കാരണം കമ്പിയായിരുന്നു അവിടുത്തെ പണം.

പക്ഷേ, പരിമിതമായ അതിർത്തിവരമ്പുകളെ ഭേദിച്ചുകൊണ്ട് കൈമാറ്റം കൂടുതൽകൂടുതൽ വിപുലമാക്കാൻ തുടങ്ങിയപ്പോൾ പൊതുസമ്മതരൂപമായിത്തീരുന്ന ചരക്കിന്റെ സാമൂഹ്യപ്രവർത്തനങ്ങളും വിപുലമാകാൻ തുടങ്ങി. അപ്പോളാണ് കൈമാറ്റത്തിന്റെ മധ്യവർത്തിയാവാൻ കൂടുതൽ അർഹതയും പ്രാപ്തിയുമുള്ള സ്വർണ്ണം, വെള്ളി മുതലായ ലോഹങ്ങൾ പണമായി രംഗപ്രവേശം ചെയ്തത്.

സ്വർണ്ണം, വെള്ളി മുതലായ ലോഹങ്ങൾക്ക് പണത്തിന്റെ രൂപമെടുക്കാൻ കൂടുതൽ അർഹതയും പ്രാപ്തിയും ഉണ്ടെന്ന് പറയുന്നത് എന്തുകൊണ്ടാണ്.

ഒന്നാമത് അവയെ വളരെക്കാലം കേടുകൂടാതെ പെരുമാറാനോ സൂക്ഷിച്ചുവയ്ക്കാനോ കഴിയും. കന്നുകാലികൾ ചത്തുപോയെന്നു വരാം. മാത്രമല്ല അവയെ കാത്തുരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുകയും വേണം.

രണ്ടാമത് സ്വർണ്ണവും വെള്ളിയും എത്ര ചെറു വിഭാഗങ്ങളായിട്ട് വേണമെങ്കിലും ഭാഗിക്കാം. എന്നു വെച്ചാൽ സ്വർണ്ണത്തിന്റെ സഹായത്തോടുകൂടി വ്യത്യസ്ത നിലയിലുള്ള ചരക്കുകളെ വിലപിടിച്ചതായാലും ശരി വില കുറഞ്ഞതായാലും ശരി താരതമ്യപ്പെടുത്താൻ കഴിയും. നേരെമറിച്ച് മൃഗത്തിന്റെ തോലാണെങ്കിൽ ഒരു മുഴുവൻ തോലിന് കിട്ടുന്ന ചരക്കുമാത്രമെ വാങ്ങിക്കാൻ സാധിക്കൂ. തോൽമുറിച്ച് കഷണമാക്കിയാൽ അതിന്റെ വിലതന്നെ പോയെന്നു വരും. പശുവാണെങ്കിൽ കൂടുതൽ ബുദ്ധിമുട്ടാണ്. ഒരു പശു 20 വസ്ത്രത്തിന് സമമാണെന്നിരിക്കട്ടെ. എന്നാൽ ഒരു വസ്ത്രം മാത്രം വാങ്ങാനാഗ്രഹിക്കുന്ന ഒരാൾ എന്തു ചെയ്യും? പശുവിന്റെ ഇരുപതിലൊരു ഭാഗം മുറിച്ചുകൊടുക്കാൻ കഴിയുമോ?

മൂന്നാമത് സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വലുപ്പം താരതമ്യേന കുറവായതുകൊണ്ട് ഇഷ്ടമുള്ളേടത്ത് കൊണ്ടുപോകാനോ കയറ്റി അയയ്ക്കാനോ സാധിക്കും. പരിമിതമായ അതിർത്തികളെ അതിലംഘിച്ചുകൊണ്ട് ചരക്കുകളുടെ കൈമാറ്റം പുഷ്ടിപ്പെടുകയും ദൂരദേശങ്ങളുമായുള്ള ഇടപാടുകൾ വർദ്ധിക്കുകയും ചെയ്യുമ്പോൾ പണത്തിന്റെ ഈ ഗുണം ഒഴിച്ചുകൂടാൻ വയ്യാത്തതായിത്തീരുന്നു. നാലാമത് സ്വർണ്ണനാണ്യത്തിന്റെ പ്രകാശം നിറം മുതലായ ഗുണങ്ങൾ അതിനെ മറ്റ് ചരക്കുകളിൽ നിന്ന് എളുപ്പത്തിൽ വേർതിരിച്ച് നിർത്തുന്നു.

പണം പൊതുവിൽ ഉപയോഗിക്കപ്പെടണമെങ്കിൽ അതിന് ചില സവിശേഷഗുണങ്ങളുണ്ടായിരിക്കേണ്ടതാവശ്യമാണ്. വളരെയധികം വിലപിടിച്ച ചരക്കുകളെയും കുറഞ്ഞ വിലയുള്ള ചരക്കുകളെയും കൈമാറ്റം ചെയ്യേണ്ടതുള്ളതുകൊണ്ട് ഏറ്റവും ചെറിയ അംശങ്ങളാക്കി ഭാഗിക്കാൻ സാധിക്കുന്നതായിരിക്കണം. ഭാവിയിലെ ഉപയോഗത്തിനുകൂടി സൗകര്യമുള്ളതായിരിക്കേണ്ടതുകൊണ്ട് മഴ, വെയിൽ, പുഴുക്കുത്ത്, തുരുമ്പുപിടിക്കൽ മുതലായവയുടെ ആക്രമണങ്ങൾക്കിരയാവാതെ വളരെക്കാലം നിലനിൽക്കണം. സമുദായത്തിനാവശ്യമുള്ളത്ര കിട്ടാൻ സാധിക്കണം. പക്ഷേ, അതേസമയത്തുതന്നെ വളരെ എളുപ്പത്തിൽ ഉൽപാദിപ്പിക്കാൻ സാധിക്കാത്തതുമായിരിക്കണം. എല്ലാറ്റിനുമുപരി സ്വതവേതന്നെ ഉപയോഗവിലയുള്ള

ഒരു ചരക്കായിരിക്കണം അത്. ഈ ഗുണങ്ങളെല്ലാമുള്ളതുകൊണ്ടത്രെ സ്വർണ്ണവും വെള്ളിയും പണത്തിന്റെ സ്ഥാനമെടുക്കാൻ തുടങ്ങിയത്.

## പണവും സാമൂഹ്യബന്ധവും

പലരും പലവിധത്തിലുള്ള സാധനങ്ങളുണ്ടാക്കുന്നതുകൊണ്ടും ഓരോരുത്തനും സ്വന്തമാവശ്യത്തിൽക്കവിഞ്ഞ് മിച്ചമായ സാധനങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതുകൊണ്ടും ആണ് ഉപയോഗകരമായ ഉൽപന്നങ്ങൾ ചരക്കുകളായിത്തീരുന്നത്. ഈ വിവിധ വ്യക്തികളുടെ അധ്വാനത്തിന്റെ ആകെത്തുക സാമൂഹ്യമായ അധ്വാനത്തിന്റെ ആകെത്തുകയാണ്. ഓരോ ഉൽപാദകന്റെയും പ്രയത്നം ഒട്ടാകെയുള്ള സാമൂഹ്യപ്രയത്നത്തിന്റെ ഒരു ഭാഗം മാത്രമാണെന്നർത്ഥം — എന്നാൽ കൈമാറ്റം നടത്തുന്നതുവരെ വ്യക്തികളുടെ പ്രയത്നത്തിന്റെ ഒരു സാമൂഹ്യസ്വഭാവം പ്രത്യക്ഷപ്പെടുകയില്ല. വ്യക്തികളുടെ പ്രയത്നം സാമൂഹ്യപ്രയത്നത്തിന്റെ ഒരു ഭാഗമായിത്തീരുന്നത് കൈമാറ്റത്തിലൂടെയുണ്ടാകുന്ന പരസ്പരബന്ധങ്ങളുടെ ഫലമായിട്ടുമാത്രമാണ്. കൈമാറ്റവിലകളെന്ന നിലയ്ക്ക് ചരക്കുകൾ പരസ്പരം ബന്ധപ്പെടുന്നു. ഇങ്ങനെ ചരക്കുനിർമ്മാതാവിന്റെ വ്യക്തിപരമായ പ്രയത്നവും മനുഷ്യസമുദായത്തിന്റെ പ്രയത്നത്തിന്റെ ആകെത്തുകയും തമ്മിലുള്ള സാമൂഹികബന്ധം, ചരക്കുകൾ തമ്മിലുള്ള ബന്ധമായിട്ടാണ് വെളിപ്പെടുന്നത്. പക്ഷേ, വാസ്തവത്തിൽ ഈ ബന്ധം ഉൽപാദകൻമാർ തമ്മിലുള്ള ബന്ധമാണ്. മനുഷ്യരുടെ സാമൂഹ്യബന്ധങ്ങളുടെ ഒരു കണ്ണിയായി നിൽക്കുക മാത്രമാണ് ചരക്ക് ചെയ്യുന്നത്. എന്നല്ല, ഉൽപന്നങ്ങൾ ചരക്കുകളായി മാറുന്നതുതന്നെ ആളുകൾ തമ്മിലുള്ള ബന്ധത്തിന്റെ ഫലമായിട്ടാണ്. കൈമാറ്റവിലയിലൂടെ മാത്രമാണ് ഉൽപന്നങ്ങൾക്ക് സാമൂഹ്യവിലയുണ്ടാകുന്നത്.

അപ്പോൾ കൈമാറ്റവിലയെന്നത് ഉൽപന്നങ്ങളടങ്ങിയ സഹജമായ ഒരു ഗുണമല്ല. പഞ്ചസാരയ്ക്കുള്ള മധുരവും സ്വർണ്ണത്തിന് നിറവും മറ്റും ആ ഉൽപന്നങ്ങളുടെ സഹജമായ ഗുണങ്ങളാണ്. ആ ഗുണങ്ങളെ ആ ഉൽപന്നങ്ങളുടെ ഉപയോഗവിലകളെ കൈമാറ്റം കൂടാതെതന്നെ നേരിട്ടനുഭവിക്കാവുന്നതാണ്. മനുഷ്യരും സാധനങ്ങളും തമ്മിലുള്ള ബന്ധം മാത്രമേ അതിനുള്ളൂ. നേരെമറിച്ച് പഞ്ചസാരയുടെയും സ്വർണ്ണത്തിന്റെയും വിലകളാകട്ടെ, ആ ഭൗതികവസ്തുക്കളുടെ സഹജമായ സ്വഭാവമല്ല. കാരണം, കൈമാറ്റത്തിന്റെ ഫലമായിട്ടുമാത്രമേ, വില പ്രത്യക്ഷപ്പെടുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, വിലയെന്നത് മനുഷ്യർ തമ്മിലുള്ള ഒരു സാമൂഹ്യബന്ധമാണ്, ഭൗതികമായ വസ്തുക്കളുടെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന സാമൂഹ്യബന്ധം. പണം ഈ സാമൂഹ്യബന്ധത്തിന് മകുടംവയ്ക്കുന്നു. കാരണം, വിലയുടെ ഏറ്റവും വികസിച്ച രൂപമാണ് പണരൂപം.

ആദ്യം യാദൃശ്ചികമായിരുന്ന കൈമാറ്റം ക്രമത്തിൽ ക്രമത്തിൽ സമുദായത്തിനൊഴിച്ചുകൂടാൻ വയ്യാത്ത ഒരു സാധാരണ പ്രവർത്തനമായിത്തീരുന്നു. ഈ കൈമാറ്റങ്ങളുടെയും സാമൂഹ്യപ്രവർത്തനങ്ങളുടെയും ഗതിക്രമത്തിനിടയിൽ ഏതെങ്കിലുമൊരു ചരക്കു മറ്റെല്ലാ ചരക്കുകളുടെയും വിലകൾ പ്രതിഫലിക്കുന്ന പൊതുരൂപമെന്ന നിലയ്ക്കു വേറിട്ടു നിൽക്കുന്നു. ഇങ്ങനെ വേറിട്ടു നിൽക്കുന്ന ചരക്കിന്റെ പ്രത്യേകസ്വഭാവം പൊതുസാമാന്യരൂപമാവുകയെന്നതാണ്. ഇപ്രകാരമാണ് അത് പണമാവുന്നത്. പണരൂപമെടുക്കുന്ന ചരക്ക് മറ്റെല്ലാ ചരക്കുകളുടേയും വിലകളെ അളക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്യുന്ന ഒരു പൊതുചരക്കാണ്. ഇങ്ങനെ പണമായിത്തീരുന്ന ചരക്കിന് പുതിയൊരു ഉപയോഗവില കൂടി ഉണ്ടായിത്തീരുന്നു. എല്ലാ ചരക്കുകളുടേയും വില പ്രകടിപ്പിക്കാനുതകുന്ന ഒരുപകരണമായിത്തീരുക,

ചരക്കുകളെ പരസ്പരം താരതമ്യപ്പെടുത്താൻ സാധിക്കത്തക്കവണ്ണം ഒരു പൊതു സമാനരൂപമായി വർദ്ധിയ്ക്കുക — ഇതാണ് ആ പുതിയ ഉപയോഗവില. ഇത് സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ സഹജമായ ഗുണമല്ല. നേരെമറിച്ച്, ഈ പ്രവർത്തനം നിറവേറ്റാൻ തുടങ്ങുമ്പോൾ മാത്രമാണ് സ്വർണ്ണം, വെള്ളി മുതലായ ചരക്കുകൾ പണമായിത്തീരുന്നത്.

പണത്തിന്റെ ആവിർഭാവം കൈമാറ്റത്തിന്റെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം സൃഷ്ടിക്കുന്നു. പണത്തിന്റെ സഹായത്തോടുകൂടിയാണ് എല്ലാ കൈമാറ്റങ്ങളും നടക്കുന്നത്. ഉൽപാദകൻമാർ തമ്മിലുള്ള സാമൂഹ്യബന്ധം പണത്തിന്റെ സഹായത്തോടുകൂടിയാണ് സ്ഥാപിക്കപ്പെടുന്നത്.

## 6 പണവും മൂലധനവും

പണത്തിന്റെ ആവിർഭാവം സമുദായത്തിന്റെ സാമ്പത്തികജീവിതത്തെ അഭിവൃദ്ധിപ്പെടുത്തി. പ്രവൃത്തി വിഭജനത്തെയും ചരക്കുകളുടെ കൊള്ളക്കൊടുക്കകളെയും അത് സഹായിച്ചു. ചരക്കുകളുടെ പ്രചലനം വളരുംതോറും, ഉൽപാദനക്രമവും അഭിവൃദ്ധിപ്പെട്ടു. പ്രചലനത്തിന്റെ വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിലാണ് പണം മൂലധനമായി രൂപാന്തരപ്പെട്ടത്.

ചരക്ക് കൊടുത്ത് പണം വാങ്ങി അതുകൊണ്ട് ഉപയോഗകരമായ മറ്റൊരു ചരക്ക് വാങ്ങുക — ഇതായിരുന്നു ആദ്യകാലത്ത് നടന്നിരുന്നത്. ചരക്ക് — പണം — ചരക്ക് (ച-പ-ച) ഇതായിരുന്നു പ്രചലനത്തിന്റെ ഗതിക്രമം. ഇവിടെ പണത്തിന്റെ പ്രവൃത്തി പ്രചലനത്തിന്റെ മധ്യവർത്തിയായി നിൽക്കുകയാണ്. കാരണം പണം ഇവിടെ മറ്റൊരു ചരക്ക് വാങ്ങാനുള്ള ഉപകരണം മാത്രമാണ്. എന്നാൽ, ക്രമത്തിൽ പണം കൊടുത്ത് ചരക്ക് വാങ്ങി ആ ചരക്ക് വിറ്റ് വീണ്ടും പണം വാങ്ങുക എന്ന സമ്പ്രദായം ആരംഭിച്ചു. പണം — ചരക്ക് — പണം (പ-ച-പ) ഇവിടെ പണത്തിന്റെ ഉടമസ്ഥൻ ഉപഭോഗസാമഗ്രികൾ വാങ്ങി സ്വയം അനുഭവിക്കുകയല്ല ചെയ്യുന്നത്. പിന്നെയോ? അയാൾ തന്റെ കയ്യിലുള്ള പണം കൊണ്ട് ചരക്കുവാങ്ങി അത് വിറ്റ് വീണ്ടും പണം സമ്പാദിക്കുകയാണ്. മാർക്സ് പറയുന്നു: "പ-ച-പ എന്ന ഗതിക്രമം ഒരു ചരക്കോടുകൂടിയാരംഭിച്ച് മറ്റൊരു ചരക്കോടുകൂടിയവസാനിക്കുന്നു. ഈ ഒടുവിലത്തെ ചരക്ക് പ്രചലനത്തിന്റെ രംഗത്തിൽ നിന്ന് പിൻമാറുകയും ഉപഭോഗത്തിന്റെ രംഗത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്റെ പരമമായ ലക്ഷ്യം ഉപഭോഗമാണ്, ആവശ്യങ്ങളെ തൃപ്തിപ്പെടുത്തലാണ്, ഒറ്റവാക്കിൽ പറഞ്ഞാൽ ഉപയോഗവിലയാണ്. പ-ച-പ എന്ന ഗതിക്രമം നേരെമറിച്ച്, പണത്തിൽനിന്നാരംഭിക്കുകയും ഒടുവിൽ പണത്തിൽചെന്നവസാനിക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്റെ പ്രധാനമായ ഉദ്ദേശ്യം, അതിന്റെ ലക്ഷ്യം കൈമാറ്റവിലയാണ്.

എന്നാൽ, ആദ്യം ചരക്കുവാങ്ങാനിറക്കിയ പണം മാത്രമേ ചരക്ക് വിറ്റതിനു ശേഷവും കിട്ടുകയുള്ളുവെങ്കിൽ പണത്തിന്റെ ഉടമസ്ഥൻ ഇത്തരം കൊള്ളക്കൊടുക്കുകളിൽ ഏർപ്പെടുകയില്ല. കൂടുതൽ പണം കിട്ടണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അയാളി പ്രവർത്തിയിലേർപ്പെട്ടിട്ടുള്ളത്. വിനിമയത്തിന്റെ ഉദ്ദേശ്യം ഇവിടെ ആവശ്യമുള്ള സാധനങ്ങൾ വാങ്ങി ഉപയോഗിക്കുകയല്ല, കയ്യിലുള്ള പണം വർദ്ധിപ്പിക്കുകയാണ്. അതിനാൽ, പണം കൊടുത്ത് ചരക്ക് വാങ്ങുകയും ആ ചരക്കുവിറ്റ് വീണ്ടും പണമുണ്ടാക്കുകയും ചെയ്താൽ ഒടുവിൽ കിട്ടുന്ന പണത്തിന്റെ തുക ആദ്യമിറക്കിയതിനേക്കാൾ ജാസ്തിയായിരിക്കും. അതായത്, കൈമാറ്റത്തിന്റെ ഫലമായി ആദ്യമിറക്കിയ വിലയും അതിനുപുറമെ ഒരു മിച്ചമായ വിലയും ഉണ്ടാകുന്നു. 100 ക.

കൊടുത്ത് ചരക്കുവാങ്ങി 110 ക.യ്ക്ക് വിൽക്കുകയാണെങ്കിൽ മിച്ചമുണ്ടാകുന്നത് 10ക. യായിരിക്കും. ഈ മിച്ചമായ വിലയ്ക്ക് മാർക്സ് മിച്ചവില (Surplus) എന്നു പറയുന്നു. മിച്ചവിലയുണ്ടാക്കാനുള്ള ഉപകരണമായിത്തീരുമ്പോഴാണ് പണം മൂലധനമായി രൂപാന്തരപ്പെടുന്നത്. ഇങ്ങനെ മിച്ചവിലയുണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ ബോധപൂർവ്വം പ്രവർത്തിക്കുന്ന പണമുടമസ്ഥൻ മുതലാളിയായും രൂപാന്തരപ്പെടുന്നു. മുതലാളിയുടെ ലക്ഷ്യം ഉപയോഗവിലയല്ല. നിരന്തരമായ, ഇടതടവില്ലാതെയുള്ള ലാഭമുണ്ടാക്കലാണ്. ലാഭത്തെ അല്ലെങ്കിൽ മിച്ചവിലയെ, വേട്ടയാടുന്നവനാണ് മുതലാളി.

## മിച്ചവില എങ്ങനെ ഉണ്ടാകുന്നു?

പണത്തിന്റെ ഉടമസ്ഥൻ ചുരുങ്ങിയ വിലയ്ക്കു വാങ്ങുകയും കവിഞ്ഞ വിലയ്ക്കു വിൽക്കുകയും ചെയ്യുന്നതുകൊണ്ടാണ് അയാൾക്ക് ലാഭം അല്ലെങ്കിൽ മിച്ചവില കിട്ടിയത് എന്നു തോന്നിയേക്കാനിടയുണ്ട്. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ ധാരണ ശരിയല്ലെന്നു കാണാം.

സമാനവിലകളെന്ന നിലയ്ക്കാണ് ചരക്കുകൾ കൈമാറ്റം ചെയ്യപ്പെടുന്നതെങ്കിൽ കൈമാറ്റത്തിനു മുമ്പുണ്ടായിരുന്ന വിലമാത്രമാണ് കൈമാറ്റത്തിനു ശേഷവും ഉണ്ടാവുക. ഒരു ചരക്കിന്റെ സ്ഥാനത്തു മറ്റൊരു ചരക്കുവന്നു എന്നു മാത്രമേയുള്ളു. ഇനി, സമാനവിലയുടെ സ്ഥാനത്തു പണമാണെങ്കിലും ഈ സ്ഥിതിക്കു മാറ്റമുണ്ടാവണമെന്നില്ല. വിനിമയം വിലയെ വർദ്ധിപ്പിക്കുകയല്ല, കൈമാറുക മാത്രമാണ് ചെയ്യുന്നത്; ഒരാളുടെ കൈവശമുള്ള വില മറ്റൊരാളുടെ കയ്യിൽ എത്തിച്ചേരുക മാത്രമാണ് ചെയ്യുന്നത്.

കൈമാറ്റം കൊണ്ട് വില ഒരിക്കലും വർദ്ധിപ്പിക്കാൻ കഴിയില്ലെന്നു മാർക്സ് വ്യക്തമാക്കുന്നതു നോക്കുക: "എ എന്ന ചരക്കുടമസ്ഥൻ ബി, സി, എന്ന ചരക്കുടമസ്ഥൻമാരെ കച്ചവടത്തിൽ തോൽപ്പിക്കാൻ സാധിക്കത്തക്കവണ്ണം സമർത്ഥനായിരിക്കാം. ബി, സി എന്നിവർക്കാകട്ടെ, എത്ര കിണഞ്ഞു പരിശ്രമിച്ചാലും എ യോടു കിടപിടിക്കാൻ സാധിച്ചില്ലെന്നുവരാം. എ, ബി യ്ക്ക് 40 പവൻ വിലപിടിച്ച വീഞ്ഞു കൊടുത്തു പകരം 50 പവൻ വില കൊടുത്ത ഗോതമ്പു വാങ്ങുന്നു. എ തന്റെ 40 പവൻ 50 പവനാക്കി മാറ്റിയിരിക്കുന്നു. കുറച്ചു പണത്തിൽ നിന്നു കൂടുതൽ പണമുണ്ടാക്കുകയും അങ്ങനെ തന്റെ ചരക്കിനെ മൂലധനമാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. എന്നാൽ കൂടുതൽ സൂക്ഷ്മമായി നമുക്കീ കാര്യം ഒന്നു പരിശോധിച്ചു നോക്കുക. കൈമാറ്റത്തിനു മുമ്പ് എയുടെ കയ്യിൽ 40 പവൻ വിലപിടിച്ച വീഞ്ഞും, ബി യുടെ കയ്യിൽ 50 പവൻ വിലപിടിച്ച ഗോതമ്പുമാണുണ്ടായിരുന്നത്; അതായത്, ആകെ 90 പവൻ വിലപിടിച്ച ചരക്കുകൾ. കൈമാറ്റം കഴിഞ്ഞതിനുശേഷവും ചരക്കുകളുടെ ആകെയുള്ള വില 90 പവൻ മാത്രമാണ്. പ്രചലനം കൊണ്ടും വിലയുടെ ഒട്ടാകെയുള്ള തുകയിൽ ഒരു ഫാർദിങ്ങുപോലും അധികമായിട്ടില്ല. എയും ബിയും തമ്മിലുള്ള ചരക്കുകളുടെ വിതരണത്തിൽ മാത്രമാണ് വ്യത്യാസമുണ്ടായിട്ടുള്ളത്. എ യ്ക്കു മിച്ചമായ വില കിട്ടിയെങ്കിൽ ബി യ്ക്കു കുറഞ്ഞ വിലയാണുണ്ടായത്. ബി യ്ക്ക് ഒരു മൈനസ് ('കിഴിക്കണം' എന്നുള്ളത്) ഉണ്ടെങ്കിൽ എ യ്ക്ക് ഒരു പ്ലസ് ('കൂട്ടണം' എന്നുള്ളത്) ഉണ്ട്. ഔപചാരികമായ ഈ കൈമാറ്റം നടത്താതെ തന്നെ (ഈ ഔപചാരികത യഥാർത്ഥ പ്രശ്നങ്ങളെ മറച്ചുവയ്ക്കുയാണ് ചെയ്തിട്ടുള്ളത്) എ, ബി യുടെ പക്കൽ നിന്നു 10 പവൻ കട്ടെടുക്കുകയാണുണ്ടായതെങ്കിലും ഇതേമാറ്റം തന്നെ സംഭവിക്കുമായിരുന്നു."

ഒരാൾക്കു മറ്റൊരാളെ ചതിക്കാൻ കഴിഞ്ഞുവെന്നു വരാം. പക്ഷേ, സമുദായത്തെ ഒന്നായി ചതിക്കാൻ കഴിയില്ല. കൊള്ളകൊടുക്കകൊണ്ട് ഒരു വ്യക്തിയ്ക്കു താനിറക്കിയ പണത്തെക്കാളധികം സമ്പാദിക്കാൻ കഴിഞ്ഞെന്നു വരാമെങ്കിലും സമുദായത്തിന്റെ സ്വത്തുക്കളെ ഒന്നായെടുത്തുനോക്കുമ്പോൾ വില ലേശംപോലും വർദ്ധിച്ചിട്ടില്ലെന്നു കാണാം. അതിനാൽ വിനിമയത്തിന്റെ ഗതിക്രമത്തിനുള്ളിൽ എത്രതന്നെ തിരിഞ്ഞുനോക്കിയാലും മിച്ചവിലയുടെ ഉത്ഭവത്തെ കണ്ടുപിടിയ്ക്കാനാവില്ലെന്നു തീർച്ചയാണ്.

അപ്പോൾ പിന്നെ മിച്ചവിലയുടെ അടിസ്ഥാനം കണ്ടുപിടിയ്ക്കണമെങ്കിൽ ചരക്കിന്റെ ഉൽപാദനത്തെ പരിശോധിക്കണം. ഉൽപാദനത്തിന്റെ ഗതിക്രമത്തിൽ നിന്നാണ് വിലയുണ്ടായിട്ടുള്ളത്. ഉൽപാദകൻ എന്ന നിലയ്ക്കു പണമുടമസ്ഥൻ ഇറക്കിയ വിലയേക്കാളുമധികം വില ഉൽപാദനത്തിനു ശേഷം ഉണ്ടായിരിക്കുന്നു. വില വർദ്ധിപ്പിക്കാൻ അയാൾ എന്താണ് ചെയ്തത്? ഒന്നു തീർച്ച. വിലയുണ്ടാക്കുന്നത് എപ്പോഴും അധ്വാനം കൊണ്ടുമാത്രമാണ്. അധ്വാനമുണ്ടാക്കാൻ ഒരൊറ്റ ചരക്കിനു മാത്രമെ സാധിക്കുകയുള്ളു. മനുഷ്യന്റെ അധ്വാനശക്തി. പ്രകൃതി വിഭവങ്ങളിൽ അധ്വാനമർപ്പിച്ചു വിലകളെയുണ്ടാക്കുന്ന ശക്തി മനുഷ്യന്റെ അധ്വാനശക്തി മാത്രമാണ്. അധ്വാനശക്തിയെന്നുവച്ചാൽ ഏതെങ്കിലുമൊരു ഉപയോഗവിലയുണ്ടാക്കുമ്പോൾ മനുഷ്യൻ ചിലവിടുന്ന ശാരീരികവും മാനസികവുമായ കഴിവുകളുടെ ആകെത്തുക എന്നർത്ഥമാണ്. അപ്പോൾ വില വർദ്ധിപ്പിക്കാൻ മുതലാളി ഉപയോഗിച്ച ഉപകരണം അധ്വാനശക്തിയല്ലാതെ മറ്റൊന്നുമല്ല.

## തൊഴിലാളിയുടെ അദ്ധ്വാനശക്തി

യന്ത്രം, അസംസ്കൃതപദാർത്ഥങ്ങൾ മുതലായ സാമഗ്രികളിൽ തൊഴിലാളി തന്റെ അധ്വാനം അർപ്പിക്കുമ്പോഴാണ് ചരക്കുകളുണ്ടാകുന്നത്. തൊഴിലാളിയുടെ അധ്വാനശക്തിയുടെ സഹായം കൂടാതെ മുതലാളിക്കു ചരക്കുകൾ നിർമ്മിക്കുക സാധ്യമല്ല. തൊഴിലാളിയാകട്ടെ യാതൊരു പ്രതിഫലവും കൂടാതെ മുതലാളിയുടെ കമ്പനിയിൽ പോയി പണിയെടുക്കുകയുമില്ല. പ്രവൃത്തിയെടുക്കുമ്പോൾ അതായത് തന്റെ അധ്വാനത്തെ ബാഹ്യപ്രകൃതിയിൽ ചെലുത്തുമ്പോൾ ഒരു നിശ്ചിതതോതിലുള്ള തലച്ചോറിന്റെയും നാഡികളുടെയും മാംസപേശികളുടെയും ശക്തികളെ തൊഴിലാളി ചെലവഴിക്കേണ്ടിവരുന്നു. പ്രവർത്തിയെടുക്കാൻ സാധിക്കത്തക്കവണ്ണം ഈ പ്രയത്നശക്തിയെ നിലനിർത്തണമെങ്കിൽ തൊഴിലാളിയ്ക്കു തന്റെ ജീവിതത്തെയും പ്രയത്നശക്തിയെയും നിലനിർത്താനാവശ്യമായ ഭക്ഷണവും വസ്ത്രവും മറ്റു ജീവിത സാമഗ്രികളും കൂടിയേ കഴിയൂ. അയാൾക്കു പാർക്കാൻ ഒരു വീടുണ്ടായിരിക്കണം. മാത്രമല്ല, പ്രയത്നശക്തിയുടെ പ്രവാഹം തുടർച്ചയായി നിലനിന്നു പോകണമെങ്കിൽ ഒരു തൊഴിലാളിയുടെ മരണത്തിനു ശേഷം മറ്റൊരു തൊഴിലാളി ആ സ്ഥാനം ഏറ്റെടുക്കാനുണ്ടാവണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തൊഴിലാളിക്കു തന്റെ ജീവിതത്തെ മാത്രം നിലനിർത്താനാവശ്യമായ സാമഗ്രികൾ കിട്ടിയാൽ പോരാ, തന്റെ ഭാര്യയെയും മക്കളെയും പോറ്റാൻ സാധിക്കുക കൂടി വേണം.

ഈ ജീവിതച്ചെലവുകൾ ഓരോ രാജ്യത്തിലും ഓരോ മാതിരിയായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിൽ തൊഴിലാളിയുടെ ജീവിതരീതി ഇന്ത്യയിലെ തൊഴിലാളിയുടേതിനെക്കാൾ എത്രയോ ഉയർന്നതാണ്. അതുകൊണ്ട് ആ രാജ്യങ്ങളിലെ തൊഴിലാളികൾക്കു കൂടുതൽ ജീവിത സാമഗ്രികൾ ആവശ്യമായിരിക്കും.

തൊഴിലാളിയുടെ ജീവിതത്തെ നിലനിർത്താനാവശ്യമായ സാമഗ്രികളോ അവയെ വാങ്ങാനുതകുന്ന പണമോ കൊടുത്ത് അയാളുടെ പ്രയത്നശക്തിയെ മുതലാളി വിലയ്ക്കുവാങ്ങുന്നു. പ്രയത്നശക്തിക്കു പകരമായി മുതലാളി തൊഴിലാളിയ്ക്കു നൽകുന്ന പ്രതിഫലത്തിനു കൂലി (Wages) എന്നു പറയുന്നു. അധ്വാനശക്തി വാങ്ങിക്കഴിഞ്ഞാൽ പിന്നെ അതിനെ ഇഷ്ടംപോലെ ഉപയോഗിക്കാൻ മുതലാളിക്കു സ്വാതന്ത്ര്യമുണ്ട്. അതിന്റെ സഹായത്തോടുകൂടി ചരക്കുകൾക്കു കൂടുതൽ വിലയുണ്ടാക്കുകയും ചെയ്യുവാൻ അയാൾക്കു സാധിക്കുന്നു.

## അദ്ധ്വാനശക്തിയുടെ പങ്ക്

ഉൽപാദനത്തിലേർപ്പെടുന്ന മുതലാളി ആദ്യമായി ചെയ്യുന്നത് തന്റെ കയ്യിലുള്ള പണത്തെ മൂലധനമാക്കി മാറ്റുകയാണ്. അതായത്, അയാൾ തന്റെ പണം കൊടുത്തു കെട്ടിടം, യന്ത്രങ്ങൾ, അസംസ്കൃത പദാർത്ഥങ്ങൾ മുതലായ ഉൽപാദനോപകരണങ്ങളും തൊഴിലാളിയുടെ പ്രയത്നശക്തിയും വാങ്ങുന്നു.

ഉൽപാദനം നടത്തണമെങ്കിൽ, ഫാക്ടറി, യന്ത്രങ്ങൾ, അസംസ്കൃത പദാർത്ഥങ്ങൾ മുതലായ ഉൽപാദനസാമഗ്രികൾ കൂടിയേ കഴിയൂ. എന്നാൽ, മനുഷ്യന്റെ പ്രയത്നമില്ലെങ്കിൽ ഈ ഉൽപാദനസാമഗ്രികളെ പ്രവർത്തിപ്പിക്കാൻ കഴിയില്ല. മനുഷ്യപ്രയത്നം ഉൽപാദന സാമഗ്രികളിൽ ചെലുത്തുമ്പോൾ മാത്രമാണ് ഉൽപാദനം ആരംഭിക്കുന്നത്. ഇതാണ് ഉൽപാദനത്തിൽ പ്രയത്നശക്തിക്കുള്ള പങ്ക്.

## അദ്ധ്വാനശക്തിയുടെ വിലയും മിച്ചവിലയും

മറ്റെല്ലാ ചരക്കുകളുടെയുമെന്നപോലെ അധ്വാനശക്തിയുടെ വിലയും അതുണ്ടാക്കാനാവശ്യമായ അധ്വാനത്തെ ആശ്രയിച്ചിരിക്കും. അധ്വാനശക്തി ഉണ്ടാക്കുകയും നിലനിർത്തുകയും ചെയ്യണമെങ്കിൽ തൊഴിലാളിക്കു ജീവിക്കാനാവശ്യമായ ഭക്ഷണം മുതലായ സാമഗ്രികൾ കിട്ടണം. ആ ജീവിതസാമഗ്രികളുടെ സഹായത്തോടുകൂടി അയാൾക്കു തന്റെ ജീവിതത്തെ മാത്രമല്ല തന്റെ കുടുംബത്തിന്റെ ജീവിതത്തെയും നിലനിർത്താൻ സാധിക്കണം. എന്നാലെ അയാൾ മരിച്ചാലും അധ്വാനശക്തി നിലനിൽക്കുകയുള്ളൂ. അപ്പോൾ അധ്വാനശക്തിയുടെ വില അതുണ്ടാക്കാനും നിലനിർത്താനും ആവശ്യമായ ജീവിതസാമഗ്രികളുടെ വിലയാണ്.

മറ്റെല്ലാ ചരക്കുകളുടെയുമെന്ന പോലെ അധ്വാനശക്തിയുടെ മാർക്കറ്റുവിലയും ഡിമാൻറും സപ്ലൈയുമനുസരിച്ച് അതിന്റെ വിലയുടെ മേലും കീഴുമായി കയറിക്കൊണ്ടിരിക്കും. അധ്വാനശക്തിയുടെ മാർക്കറ്റുവില കഴിയുന്നതും ചുരുക്കുവാൻ മുതലാളി ശ്രമിച്ചുനോക്കുമെന്ന് തീർച്ചയാണ്. തൊഴിലില്ലായ്മ തൊഴിലാളികൾ തമ്മിലുള്ള മത്സരം മുതലായവ അയാൾക്കനുകൂലമായ സംഗതികളാണ്. എന്നാൽ നേരെമറിച്ച് തൊഴിലാളികളുടെ സംഘടനാബോധം വർദ്ധിക്കുമ്പോൾ തങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി അവർ മുന്നോട്ട് വരാതെയിരിക്കില്ല.

ഏതായാലും, ഈ അധ്യായത്തിൽ അധ്വാനശക്തിയുടെ വിലയെ നിർണയിക്കുന്നത് അതുണ്ടാക്കാനാവശ്യമായ ജീവിതസാമഗ്രികളുടെ ശരാശരി വിലയാണെന്ന് നമുക്ക് തീരുമാനിക്കാം. ജീവിത സാമഗ്രികളുടെ വില എട്ടണയിലടങ്ങിയിട്ടുണ്ടെങ്കിൽ തൊഴിലാളിയുടെ 'കൂലി' എട്ടണയായിരിക്കും. ഈ എട്ടണ അഞ്ച് മണിക്കൂർ പ്രയത്നത്തിന്റെ ഫലത്തിന് സമമാണെന്ന് വിചാരിക്കുക. അതായത്, തൊഴിലാളിക്ക് തന്റെ അധ്വാന ശക്തിയെ നിലനിർത്താനാവശ്യമായ ജീവിത സാമഗ്രികളുണ്ടാക്കാൻ അഞ്ച് മണിക്കൂർ അധ്വാനിക്കണം. എന്നാൽ തൊഴിലാളി

അഞ്ച് മണിക്കൂർ നേരെ പണിയെടുത്താൽ മുതലാളിക്കു താനിറക്കിയ പണം തിരിച്ചുകിട്ടി എന്നു പറയാം.

പക്ഷേ, പ്രയത്നശക്തിക്ക് ഒരു പ്രത്യേക ഗുണമുണ്ട്. സ്വന്തം നിലനിൽപ്പിനാവശ്യമായ പ്രയത്നത്തേക്കാൾ കൂടുതൽ പ്രയത്നം ചിലവഴിക്കാൻ അതിന് സാധിക്കും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അധ്വാനശക്തിക്ക് അതിന്റെ സ്വന്തം വിലയേക്കാൾ കവിഞ്ഞ വില സൃഷ്ടിക്കാൻ കഴിയും. ഇതാണ് പ്രയത്നശക്തിയുടെ ഉപയോഗവില.

മാർക്സ് പറയുന്നു: "അധ്വാനശക്തിയുടെ വിലയും അധ്വാനത്തിന്റെ ഗതിക്രമത്തിൽ ആ അധ്വാനം സൃഷ്ടിക്കുന്ന വിലയും രണ്ടും തികച്ചും വ്യത്യസ്തങ്ങളായ അളവുകളാണ് (Magnitudes). മുതലാളി അധ്വാനശക്തി വിലയ്ക്കുവാങ്ങിയപ്പോൾ അയാളുടെ മനസിലുണ്ടായിരുന്നത് ഈ രണ്ട് വിലകളിലുള്ള വ്യത്യാസമല്ലാതെ മറ്റൊന്നുമല്ല. അധ്വാന ശക്തിക്ക് ഉപയോഗകരമായ ഒരു സ്വഭാവമുണ്ടായിരിക്കേണ്ടത് ആവശ്യം തന്നെ. നൂലോ, ബൂട്ട്സോ, അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ ഉണ്ടാക്കാൻ അതിന് കഴിയണം. കാരണം വിലയുണ്ടാക്കണമെങ്കിൽ അധ്വാനം ഒരുപയോഗകരമായ രൂപത്തിൽ ചിലവഴിക്കണം. എന്നാൽ അധ്വാനശക്തിയെന്ന ഈ ചരക്കിന് ഒരു പ്രത്യേകമായ ഉപയോഗവിലയാണുള്ളത്. അതിൽ നിന്നാണ് വിലയുണ്ടാകുന്നത്. തനിക്കുള്ളതിനേക്കാൾ കൂടുതൽ വിലയുണ്ടാക്കാൻ അധ്വാനശക്തിക്ക് കഴിവുണ്ട്. ഇതാണ് അതിപ്രധാനമായ കാര്യം. മുതലാളി അധ്വാനശക്തിയിൽ നിന്ന് പ്രതീക്ഷിക്കുന്ന ഉപയോഗവും ഇതുതന്നെ."

മുതലാളി പ്രയത്നശക്തിയെ വാങ്ങുന്നത് അതിന്റെ ഉപയോഗവിലയെ അനുഭവിക്കാൻ വേണ്ടിയാണ്. അതുകൊണ്ട് പ്രയത്നശക്തിയുടെ വിലയ്ക്ക് സമമായ അഞ്ച് മണിക്കൂർ പ്രയത്നം മാത്രമല്ല അയാൾ തൊഴിലാളിയിൽ നിന്ന് വാങ്ങുക. അയാൾ തൊഴിലാളിയെക്കൊണ്ട് കൂടുതൽ സമയം — പത്തുമണിക്കൂർ എന്നു വിചാരിക്കുക — പണിയെടുപ്പിക്കും. ഇങ്ങനെ തൊഴിലാളിയിൽ നിന്നു കൂടുതലായി പിടിച്ചെടുക്കുന്ന പ്രയത്നത്തിന് മുതലാളി യാതൊരു പ്രതിഫലവും നൽകുന്നില്ല. തൊഴിലാളി തന്റെ അധ്വാനം കൊണ്ട് പ്രയത്നശക്തിയുടെ വിലയ്ക്കു സമാനമായ വിലയല്ല സൃഷ്ടിക്കുന്നത്. അയാൾ മിച്ചമായ അധ്വാനം ചിലവഴിച്ചു മിച്ചമായ വില കൂടിയുണ്ടാക്കുന്നു. ഈ മിച്ചവിലയാണ് ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥനായ മുതലാളിയുടെ സമ്പാദ്യമായി തീരുന്നത്.

## മിച്ചവില വർദ്ധിപ്പിക്കുന്നതെങ്ങനെ?

തൊഴിലാളിയുടെ പ്രവൃത്തിദിവസത്തെ രണ്ടായി ഭാഗിക്കാം: ആവശ്യമുള്ള അധ്വാനസമയവും, മിച്ചമായ അദ്ധ്വാനസമയവും, ഒന്നാമത്തെ ഭാഗം തൊഴിലാളി തന്റെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയും രണ്ടാമത്തെ ഭാഗം മുതലാളിക്ക് മിച്ചവിലയുണ്ടാക്കാൻ വേണ്ടിയുമാണ് അധ്വാനിക്കുന്നത്.

ഒരു സാധാരണ തൊഴിലാളിക്കു തന്റെ ജീവിത സാമഗ്രികൾ ഉൽപാദിപ്പിക്കുന്നതിന് 5 മണിക്കൂർ സമയം വേണമെങ്കിൽ അയാൾ ദിവസേന 5 മണിക്കൂർ സമയം തന്റെ അദ്ധ്വാനശക്തി ഉണ്ടാക്കുന്നതിനുവേണ്ടിയാണ് പ്രയത്നിക്കുന്നത് എന്നു പറയാം. 5 മണിക്കൂർ സമയത്തിനുശേഷമുള്ള അദ്ധ്വാനഫലമെല്ലാം മുതലാളിക്കു കിട്ടുന്ന മിച്ചമാണ്. തൊഴിലാളി 6 മണിക്കൂർ അധ്വാനിച്ചാൽ മിച്ചമായ അദ്ധ്വാനസമയം ഒരു മണിക്കൂറാണ്. പത്തുമണിക്കൂറദ്ധ്വാനിച്ചാൽ മിച്ചം 5 മണിക്കൂർ. തൊഴിലാളിയെക്കൊണ്ടു കഴിയുന്നിടത്തോളം അധികം സമയം പണിയെടുപ്പിച്ച്

കഴിയുന്നിടത്തോളമധികം മിച്ചവില സമ്പാദിക്കുവാൻ മുതലാളി ശ്രമിക്കാതിരിക്കയില്ല. എത്രതന്നെ കൊണ്ടുപിടിച്ചാലും പ്രവൃത്തി ദിവസത്തിൽ 24 മണിക്കൂറിലധികം ഉണ്ടാക്കാൻ സാധിക്കുകയില്ലെന്നുള്ള ഒരൊറ്റ വ്യസനമേ അയാൾക്കുള്ളൂ. തൊഴിലാളിയുടെ കഷ്ടപ്പാടിനെപ്പറ്റിയൊന്നും അയാൾക്കാലോചിക്കേണ്ടതില്ല. എന്ത്? അയാൾ തൊഴിലാളിക്കു കൂലി കൊടുക്കുന്നില്ലേ? ലാഭത്തെപ്പറ്റി മാത്രമാണ് അയാൾ ആലോചിക്കുന്നത്. ഹൃദയം മടിശീലയാണ്.

പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്. ഇടവിടാതെ 24 മണിക്കൂർ നേരെ പണിയെടുക്കാൻ യാതൊരു മനുഷ്യജീവിക്കും സാധിക്കുകയില്ല. അയാൾക്കു ഭക്ഷണം കഴിക്കണം. കുറച്ചൊന്നു വിശ്രമിക്കണം. കുറച്ചുസമയമെങ്കിലും കിടന്നുറങ്ങാൻ സാധിച്ചില്ലെങ്കിൽ പിറ്റേദിവസം പണിയെടുക്കുവാൻ കഴിഞ്ഞെന്നു വരില്ല. നിർഭാഗ്യത്തിന് തൊഴിലാളി ഒരു മനുഷ്യനായിപ്പോയി.

പിന്നെ മറ്റൊന്നു കൂടിയുണ്ട്. തൊഴിലാളിയുടെ വർഗബോധം വർദ്ധിക്കുന്നതിനനുസരിച്ച് തന്റെ അവകാശങ്ങൾക്കുവേണ്ടി അയാൾ പൊരുതുവാൻ തുടങ്ങും. പ്രവൃത്തിസമയം ചുരുക്കാൻ വേണ്ടി അയാൾ പ്രക്ഷോഭം കൂട്ടും.

പ്രവൃത്തിസമയം വർദ്ധിപ്പിക്കാതെതന്നെ മിച്ചവില വർദ്ധിപ്പിക്കാനുള്ള ഒരു വഴിയുണ്ട്. യന്ത്രങ്ങളുടെ പരിഷ്കരണം. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ചരക്കുകൾ ഉണ്ടാക്കാൻ സാധിക്കത്തക്കവണ്ണം യന്ത്രങ്ങൾ പരിഷ്കരിക്കപ്പെടുന്നു. പ്രവൃത്തിദിവസം 10 മണിക്കൂർ തന്നെ. പക്ഷേ, പരിഷ്കരിച്ച യന്ത്രങ്ങൾകൊണ്ട് ചരക്കുകളുണ്ടാക്കാൻ തുടങ്ങിയാൽ തൊഴിലാളിയുടെ ജീവിതാവശ്യങ്ങൾക്കു വേണ്ടിയുള്ള അദ്ധ്വാനസമയം ചുരുങ്ങും. നമ്മുടെ ഉദാഹരണത്തിൽ ആവശ്യമായ അദ്ധ്വാനസമയം 5 മണിക്കൂറിനേക്കാൾ കുറയും. ഇങ്ങനെ മുതലാളി എല്ലാവഴിക്കും മിച്ചവില വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു.

## മിച്ചവിലയുടെ തോതും ലാഭത്തോതും

ഉൽപാദനോപകരണങ്ങൾ: — മുതലാളിത്ത വ്യവസ്ഥയിൽ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാർ മുതലാളിമാരാണ്. ഉൽപാദനോപകരണങ്ങൾ മുതലാളികളുടെ സ്വകാര്യസ്വത്തായിതീർന്നതുകൊണ്ടാണ് അവർക്ക് തൊഴിലാളികളുടെ പ്രയത്നശക്തി വാങ്ങാനും മിച്ചവിലയുണ്ടാക്കാനും കഴിയുന്നത്.

അധ്വാനമർപ്പിച്ച് ചരക്കുകളുണ്ടാക്കാനാവശ്യമായ ഉപകരണങ്ങളെയാണ് ഉൽപാദനോപകരണങ്ങളെന്ന് പറയുന്നത്. അവയിൽ പല വിഭാഗങ്ങളും അടങ്ങിയിട്ടുണ്ട്. ഒന്നാമതായി പണിയായുധങ്ങൾ ശരിക്ക് നോക്കുമ്പോൾ കൈവേലക്കാരന്റെ പണിയായുധം മുതൽ മുതലാളിത്ത സമുദായത്തിലെ വലിയ വലിയ യന്ത്രങ്ങൾ വരെയുള്ളതെല്ലാം പണിയായുധങ്ങളാണ്. രണ്ടാമതായി, അസംസ്കൃത പദാർത്ഥങ്ങൾ. വസ്ത്രമുണ്ടാക്കാൻ പരുത്തിവേണം. പരുത്തി ഒരസംസ്കൃത പദാർത്ഥമാണ്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. യാതൊരധ്വാനവും കൂടാതെ കിട്ടുന്ന പ്രകൃതി വിഭവങ്ങൾ അസംസ്കൃത പദാർത്ഥങ്ങളല്ല. അധ്വാനമർപ്പിച്ചുണ്ടാക്കുന്ന സാമഗ്രികൾ, ഉദാഹരണത്തിന് പരുത്തി മുതലായവ, ചരക്കുകളുണ്ടാക്കാനുതകുന്ന സാമഗ്രികളാണെങ്കിൽ മാത്രമേ അവയെ അസംസ്കൃത പദാർത്ഥങ്ങൾ (Raw Meterial) എന്നു പറയാൻ കഴിയൂ.

ഉൽപാദനത്തിനു പണിയായുധങ്ങളും അസംസ്കൃതപദാർത്ഥങ്ങളും മാത്രമുണ്ടായാൽ പോരാ. എണ്ണ, മണ്ണ് മുതലായ സഹായക സാമഗ്രികളും (Accessory

Meterials) ആവശ്യമായി വരും. എല്ലാറ്റിനും പുറമെ യന്ത്രങ്ങളും മറ്റും സ്ഥാപിക്കാനുള്ള പണിസ്ഥലവും കെട്ടിടവും വേണം. അതുകൊണ്ട് ഇവയും ഉൽപാദനോപകരണങ്ങളിൽ ഉൾപ്പെടുന്നു.

## സ്ഥിരമൂലധനവും വർദ്ധമാന മൂലധനവും

(Constant and Variable Capital)

ഉൽപാദനോപകരണങ്ങൾ മിച്ചവിലയുണ്ടാക്കാനുള്ള ഉപാധികളാണെന്നത് ശരിതന്നെ. പക്ഷേ, തൊഴിലാളികളുടെ മിച്ചമായ പ്രയത്നത്തിൽ നിന്ന് മാത്രമാണ് മിച്ചവിലയുണ്ടാകുന്നത് എന്ന കാര്യം വിസ്മരിക്കാൻ പാടില്ല. ഉൽപാദനോപകരണങ്ങളുടെ വിലയെ ഉൽപന്നങ്ങളിലേക്ക് സംക്രമിപ്പിക്കുന്നത് അധ്വാനത്തിന്റെ പ്രവൃത്തിയാണ്. അസംസ്കൃത പദാർത്ഥങ്ങളും സഹായസാമഗ്രികളും യന്ത്രങ്ങളുടെ വിലയുടെ ഒരു ഭാഗവും രൂപം മാറുന്നു. കൽക്കരി സ്റ്റീമായിത്തീർന്നു സ്വയം നശിച്ചുപോകുന്നു. എണ്ണ ഉപയോഗിക്കപ്പെട്ട് നാമാവശേഷമാകുന്നു. പക്ഷേ, അവയുടെ വിലകൾ ഉൽപാദിപ്പിക്കപ്പെട്ട ചരക്കുകളിൽ ചെന്നു ലയിക്കുന്നു.

അസംസ്കൃത പദാർത്ഥങ്ങൾ വിറക് മുതലായവയുടെ മുഴുവൻ വിലയും യന്ത്രങ്ങളുടെ വിലയുടെ ഒരു ഭാഗവും (തേമാനം) ചരക്കുകളിലേക്ക് സംക്രമിക്കുന്നു. എന്നാൽ ആ വിലകൾക്ക് ഉൽപാദനത്തിനിടയിൽ ഏറ്റക്കുറച്ചിലൊന്നുമുണ്ടാകുന്നില്ല. ഉൽപാദനവിധാനമാരംഭിക്കുമ്പോഴുള്ള വില മാത്രമേ ചരക്കുകളിൽ പ്രവേശിക്കുന്നുള്ളൂ. അതിനാൽ മുടക്കുമുതലിന്റെ ഈ ഭാഗത്തിന് — ഫാക്ടറി, കെട്ടിടങ്ങൾ, യന്ത്രങ്ങൾ, അസംസ്കൃത പദാർത്ഥങ്ങൾ, വിറക് എന്നിവയ്ക്ക് — മാറാത്ത മൂലധനം അല്ലെങ്കിൽ സ്ഥിര മൂലധനം (Constant Capital) എന്നു പറയുന്നു.

എന്നാൽ മറ്റൊരു വിലകൂടി ചരക്കിലേക്ക് പ്രവേശിക്കുന്നുണ്ട്. തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന വില. നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞതുപോലെ, തൊഴിലാളിയുടെ പ്രയത്നശക്തിക്ക് അതിന്റെ വിലയേക്കാൾ വലിയ വിലയെ സൃഷ്ടിക്കാൻ കഴിയും. 100 തൊഴിലാളികൾ ദിവസത്തിൽ 10 മണിക്കൂർ വീതം പ്രവൃത്തിയെടുക്കുന്നുവെന്നും ഒരു മണിക്കൂർ പ്രയത്നത്തിന്റെ ഫലം ഒരണയ്ക്കു സമമാണെന്നും വിചാരിക്കുക. എന്നാൽ ഒരു ദിവസത്തിൽ നൂറു തൊഴിലാളികളും കൂടി ആകെ ഉൽപാദിപ്പിക്കുന്ന വില 1000 ണ. അല്ലെങ്കിൽ 62.50 ക. യായിരിക്കും.

ഈ 62മ്മ കയുടെ ഒരു ഭാഗമാണ് കൂലി എന്ന പേരിൽ തൊഴിലാളികൾക്ക് കിട്ടുന്നത്. നമ്മുടെ ഉദാഹരണത്തിൽ അധ്വാനശക്തിക്കാവശ്യമായ സമയം 5 മണിക്കൂറാണെങ്കിൽ ഓരോ തൊഴിലാളിക്കും കിട്ടുന്ന കൂലി 5 ണ.യായിരിക്കും. നൂറു തൊഴിലാളികൾക്കു കൂടി ഒട്ടാകെ 500 ണ. അല്ലെങ്കിൽ 31മ്പ ക. കിട്ടും. അപ്പോൾ നോക്കുക, തൊഴിലാളികൾക്കു കൂലികൊടുക്കാൻ വേണ്ടി മുതലാളി നീക്കിവയ്ക്കുന്ന 31മ്പ ക. ഉൽപാദന വിധാനത്തിനുശേഷം 62മ്മ ക. യായി വർദ്ധിക്കുന്നു. സ്ഥിരം മൂലധനത്തിന്റെ ഒട്ടാകെവില 100 ക. യും തൊഴിലാളികളുടെ കൂലി 31മ്പ ക യുമാണെങ്കിൽ ഉൽപ്പന്നങ്ങളുടെ വില 162മ്മ ക. യായിരിക്കും. എന്തുകൊണ്ട്? തൊഴിലാളിയുടെ അധ്വാനസമയത്തിന്റെ ഒരു ഭാഗം — നമ്മുടെ ഉദാഹരണത്തിൽ ഓരോ തൊഴിലാളിയുടെയും 5 മണിക്കൂർ സമയത്തെ അധ്വാനം — പ്രതിഫലം കൊടുക്കാതെ കൈവശപ്പെടുത്താൻ മുതലാളിക്കു സാധിക്കുന്നു, അതുകൊണ്ട്.

ഇങ്ങനെ മൂലധനത്തിന്റെ ഒരു ഭാഗം — കൂലിക്കു വേണ്ടി നീക്കിവച്ച ഭാഗം — ഉൽപാദനവിധാനത്തിനു ശേഷം വർദ്ധിച്ചതായിത്തീരുന്നു. അതിനാൽ, പ്രയത്നശക്തി വാങ്ങാൻ വേണ്ടി നീക്കിവയ്ക്കപ്പെടുന്ന മൂലധനത്തിന്റെ ഈ ഭാഗത്തിനു വർദ്ധ

മാന മൂലധനം (Available Capital) എന്നു പറയുന്നു. ഈ വിഭാഗമാണ് മിച്ചവില സൃഷ്ടിക്കുന്നത്.

അതിനാൽ ഏതു തോതിലാണ് പ്രയത്നശക്തി ചൂഷണം ചെയ്യപ്പെടുന്നത് എന്നു മനസ്സിലാക്കുവാൻ, മിച്ചവിലയെന്തെന്നു കണക്കാക്കുവാൻ, ഉൽപ്പാദനത്തിലിറക്കിയ സ്ഥിരമൂലധനം, എത്രയെന്നു നോക്കേണ്ടതില്ല. വർദ്ധമാന മൂലധനവും (പ്രയത്നശക്തിയുടെ വില അല്ലെങ്കിൽ പ്രയത്നശക്തിക്കാവശ്യമായ സമയം) മിച്ചവിലയും (അല്ലെങ്കിൽ മിച്ചമായ സമയം) തമ്മിലുള്ള ബന്ധത്തെയാണ് മിച്ചവിലയുടെ തോത് എന്നുപറയുന്നത്. ഇതുതന്നെ സാങ്കേതികാക്ഷരങ്ങളെ കൊണ്ടു കുറിക്കാവുന്നതാണ്. മിച്ചവിലയ്ക്കുപകരം S എന്നും വർദ്ധമാന മൂലധനത്തിനു പകരം V എന്നും എഴുതിയാൽ ചൂഷണത്തിന്റെ അല്ലെങ്കിൽ മിച്ചവിലയുടെ തോത് S/V ആയിരിക്കും. നമ്മുടെ ഉദാഹരണത്തിൽ മിച്ചവിലയും വർദ്ധമാനമൂലധനവും രണ്ടും 31ന്ന ക.യാണ്. അതുകൊണ്ട് മിച്ചവിലയുടെ തോത് 100 ശതമാനമാണ്.

സ്ഥിരമൂലധനമെന്നും വർദ്ധമാനമൂലധനമെന്നുമുള്ള ഈ വിഭജനരീതി മുതലാളിത്ത സമുദായത്തിലെ ചൂഷണ സമ്പ്രദായത്തെ ഏറ്റവും നഗ്നമായ വിധത്തിൽ തുറന്നുകാണിക്കുന്നു. അതുകൊണ്ട് മുതലാളിമാർ സാധാരണമായി മൂലധനത്തെ ഇപ്രകാരമല്ല വിഭജിക്കാറുള്ളത്. മുതലാളി തന്റെ ലാഭത്തിന്റെ തോതു കണക്കാക്കുന്നതു വർദ്ധമാനമൂലധനത്തെ മാത്രം അടിസ്ഥാനമാക്കിയല്ല. നേരെമറിച്ച്, അയാളിറക്കിയ ഒട്ടാകെയുള്ള മൂലധനത്തെ അടിസ്ഥാനമാക്കിയാണ്. അതായതു സ്ഥിരമൂലധനത്തിന്റെയും വർദ്ധമാന മൂലധനത്തിന്റെയും തുകയും മിച്ചവിലയും തമ്മിലുള്ള ബന്ധത്തെയാണ് അയാൾ കണക്കാക്കുന്നത്. സ്ഥിര മൂലധനത്തെ ഇ എന്ന സങ്കേതാക്ഷരം കൊണ്ട് കുറിക്കുകയാണെങ്കിൽ ലാഭത്തിന്റെ തോത് ട/(ഇ+ഢ) ആയിരിക്കും. നമ്മുടെ ഉദാഹരണത്തിൽ മിച്ചവില 31ന്ന ക.യും ആകെയിറക്കിയ മൂലധനം 131ന്ന ക.യുമാണല്ലോ. അതുകൊണ്ട് ലാഭത്തിന്റെ തോത് 31ന്ന/131ന്ന അല്ലെങ്കിൽ സുമാർ 24 ശതമാനം മാത്രമാണ്.

മിച്ചവിലയുടെ തുകയും ലാഭത്തിന്റെ തുകയും ഇവിടെ സമമാണ്. (രണ്ടും 31ന്ന കയാണല്ലോ) പക്ഷെ, മിച്ചവിലയുടെ തോത് 100%മായിരിക്കെ ലാഭത്തോത് 24% മായിട്ടുമാത്രമേ കണക്കാക്കുന്നുള്ളൂ. ഇങ്ങനെ ലാഭത്തോത് മിച്ചവിലയുടെ തോതിനെക്കാൾ എത്രയോ കുറഞ്ഞതായി കാണപ്പെടുന്നു.

## മൂലധനത്തിന്റെ യാന്ത്രികഘടന

സ്ഥിരമൂലധനവും വർദ്ധമാന മൂലധനവും തമ്മിലുള്ള ബന്ധത്തിന് മൂലധനത്തിന്റെ യാന്ത്രിക ഘടന (Organic Composition of Capital) എന്നു പറയുന്നു. യാന്ത്രികഘടന വലുതാവുന്തോറും, അതായത്, വർദ്ധമാനമൂലധനത്തെ അപേക്ഷിച്ച് സ്ഥിരമൂലധനം കൂടുതൽ വേഗത്തിൽ വർദ്ധിക്കുന്തോറും ലാഭത്തോത് ചുരുങ്ങിക്കൊണ്ടു വരും. കാരണം, വർദ്ധമാന മൂലധനത്തിന്റെ തോത് കുറയുമ്പോൾ ചൂഷണത്തിന്റെ തോതും കുറയുന്നതാണ്.

നെയ്ത്തുവ്യവസായത്തിലും യന്ത്രവ്യവസായത്തിലും ഏർപ്പെട്ട രണ്ടു മുതലാളികളുണ്ടെന്നും അവരിറക്കിയ മൂലധനവും സമമാണെന്ന് വിചാരിക്കുക. അതായത് യന്ത്രമുതലാളിയുടെ വർദ്ധനമൂലധനം നെയ്ത്തുമുതലാളിയുടേതിനേക്കാൾ തുലോം കുറവായിരിക്കും. ലാഭം വർദ്ധമാനമൂലധനത്തെ ആശ്രയിച്ചിരിക്കുമെന്ന് നാം കണ്ടു. അപ്പോൾ വർദ്ധമാനമൂലധനം കുറവായതുകൊണ്ട് യന്ത്രമുതലാളിക്ക് കിട്ടുന്ന ലാഭം

നെയ്ത്തുമുതലാളിക്ക് കിട്ടുന്നതിനേക്കാൾ കുറവായിരിക്കുമോ? ഉവ്വ്. പക്ഷെ, മറ്റുചില തുകൂടി സംഭവിക്കും.

ലാഭത്തോത് കൂടുതലുള്ളതുകൊണ്ട് നെയ്ത്തു വ്യവസായത്തിലേക്ക് കൂടുതൽ മൂലധനം ആകർഷിക്കപ്പെടുന്നു. എന്നല്ല, നമ്മുടെ യന്ത്രമുതലാളിപോലും, സാധിക്കുമെങ്കിൽ തന്റെ മൂലധനം വീണ്ടെടുത്ത് കൂടുതൽ ആദായം കിട്ടുന്ന നെയ്ത്തുവ്യവസായത്തിലിറക്കാൻ ശ്രമിച്ചെന്നുവരും. അങ്ങനെ നെയ്ത്തുവ്യവസായശാലകളുടെ എണ്ണം വർദ്ധിക്കുകയും അതിന്റെ ഫലമായി വസ്തുങ്ങളുടെ മാർക്കറ്റുവില കുറയുകയും ചെയ്യും. ചരക്കുകളുടെ മാർക്കറ്റുവില കുറയുന്തോറും നെയ്ത്ത് മുതലാളിമാർക്ക് കിട്ടുന്ന ലാഭത്തിന്റെ തോതും കുറഞ്ഞുകുറഞ്ഞുവരും. യന്ത്രവ്യവസായത്തിലാകട്ടെ മറിച്ച് ഉൽപാദനം കുറയുകയും യന്ത്രച്ചരക്കുകളുടെ ഡിമാൻറ് സപ്ലൈയെക്കാൾ വർദ്ധിക്കുകയും (നെയ്ത്തുമുതലാളിമാർക്കുപോലും യന്ത്രങ്ങൾ വേണ്ടിവരുമല്ലോ.) അതിന്റെ ഫലമായി അവയുടെ മാർക്കറ്റുവില വർദ്ധിക്കുകയും ചെയ്യും. യന്ത്രങ്ങളുടെ മാർക്കറ്റുവില വർദ്ധിക്കുമ്പോൾ യന്ത്രമുതലാളിയുടെ ലാഭത്തോതും വർദ്ധിക്കും.

നെയ്ത്തുമുതലാളിയുടെ ലാഭത്തോത് യന്ത്രമുതലാളിയുടേതിനെക്കാൾ ചുരുങ്ങുന്നതുവരെ ഇത് തുടർന്നുകൊണ്ടുപോകും. നെയ്ത്തുമുതലാളിയുടെ ലാഭത്തോത് ചുരുങ്ങിയാൽ മൂലധനം വീണ്ടും കൂടുതൽ ആദായം കിട്ടുന്ന യന്ത്രവ്യവസായത്തിലേക്ക് തന്നെ ഒഴുകിപോകാൻ തുടങ്ങും. യന്ത്രങ്ങളുടെ ഉൽപ്പാദനം വീണ്ടും വർദ്ധിക്കാൻ തുടങ്ങും. യന്ത്രമുതലാളിയുടെ ലാഭത്തോത് നെയ്ത്ത് മുതലാളിയുടെ ലാഭത്തോതിനെക്കാൾ കുറയുന്നതുവരെ മൂലധനം യന്ത്രവ്യവസായത്തിലേക്ക് പോയിക്കൊണ്ടിരിക്കും.

## ശരാശരി ലാഭത്തോത്:

ഇതാണ് മുതലാളിത്ത സമ്പ്രദായത്തിന്റെ പ്രത്യേകത. പല ഉടമകളുടെയും കീഴിലായി പലതരത്തിലുള്ള വ്യവസായങ്ങളുണ്ട്. ഏത് വ്യവസായത്തിലാണോ കൂടുതൽ ലാഭം കിട്ടുക, ആ വ്യവസായത്തിലേക്ക് മൂലധനം ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു വ്യവസായത്തിൽനിന്ന് മറ്റൊരു വ്യവസായത്തിലേയ്ക്കുള്ള ഈ മൂലധനപ്രവാഹം ഇടവിടാതെ നടന്നുകൊണ്ടിരിക്കുന്നു. ലാഭത്തിനുവേണ്ടി മുതലാളിമാർ തമ്മിൽതമ്മിൽ നടത്തുന്ന ഈ മത്സരം സമമായ മൂലധനത്തിന് സമമായ ലാഭം എന്ന നിലയുളവാക്കുന്നു. ചുരുങ്ങിയ യാന്ത്രികഘടനയിലുള്ള വ്യവസായങ്ങളിലാണ് കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുക എന്ന് പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും ലാഭത്തെ വേട്ടയാടുന്ന മുതലാളിമാരുടെ പരസ്പര മൽസരത്തിന്റെ ഫലമായി വിവിധ വ്യവസായങ്ങളിൽ നിന്നും കിട്ടുന്ന ലാഭങ്ങൾക്ക് ഒരു പൊതുനിലവാരം — ഒരു ശരാശരി ലാഭത്തോത് ഉണ്ടായിത്തീരുന്നു.

## താഴ്ന്ന ലാഭത്തോത്

കിട്ടാവുന്നിടത്തോളമധികം മിച്ചവില സമ്പാദിക്കാനും മറ്റു മുതലാളിമാരുമായുള്ള മാർക്കറ്റുമത്സരത്തിൽ വിജയം നേടാനും ഓരോ മുതലാളിയും തന്റെ ഉൽപ്പാദനോപാദികളെ കൂടുതൽ കൂടുതൽ പരിഷ്ക്കരിക്കാൻ ശ്രമിക്കുന്നു. ഉൽപാദനോപകരണങ്ങൾ പരിഷ്ക്കരിക്കുമ്പോൾ എല്ലായ്പ്പോഴും സ്ഥിരമൂലധനത്തിന്റെ തോത് വർദ്ധമാനമൂലധനത്തെ അപേക്ഷിച്ച് കൂടുതൽ വളരുന്നതായിരിക്കും. മിച്ചവിലയെന്നത് വർദ്ധമാനമൂലധനത്തിന്റെ പ്രവർത്തന ഫലമാണ്. അതുകൊണ്ട് വർദ്ധമാന മൂലധനത്തിന്റെ തോത് കുറയുന്തോറും ലാഭത്തിന്റെ തോതും കുറയുന്നതാണ്. കാരണം, നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞവിധം, ലാഭത്തിന്റെ തോത് മിച്ചവിലയും

വർദ്ധമാനമൂലധനവും തമ്മിലുള്ള ബന്ധമല്ല, നേരെമറിച്ച് മിച്ചവിലയും മൂലധനവും തമ്മിലുള്ള തോതാണ്.

വ്യവസായം അഭിവൃദ്ധിപ്പെടുന്തോറും ലാഭത്തോത് കുറഞ്ഞുകുറഞ്ഞുവരുന്നു എന്ന യാഥാർത്ഥ്യം മുതലാളികളെയും അവരുടെ ധനശാസ്ത്രജ്ഞൻമാരെയും അമ്പരപ്പിക്കുന്നു. ലാഭത്തോത് താഴാതെ കഴിക്കാൻ, സാധിക്കുമെങ്കിൽ വർദ്ധിപ്പിക്കാൻ, അവർ എല്ലാ വഴിക്കും പരിശ്രമിച്ചുനോക്കുന്നു. തൊഴിലാളികളെ കൂടുതൽ മൃഗീയമായി ചൂഷണം ചെയ്യുകയാണ് ഒരു വഴി. പക്ഷേ, ഇത് തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വർഗസമരത്തെ വർദ്ധിപ്പിക്കാൻ മാത്രമെ പര്യാപ്തമാവുകയുള്ളു. പ്രയത്നശക്തിയും അസംസ്കൃത സാമഗ്രികളും ചുരുങ്ങിയ വിലയ്ക്കും പ്രയാസം കൂടാതെയും കിട്ടുന്ന അപരിഷ്കൃതതത്വങ്ങളെ ചൂഷണം ചെയ്യുകയാണ് മറ്റൊരുവഴി. പക്ഷേ, ഇത് കോളനികളും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള മത്സരത്തെ വർദ്ധിപ്പിക്കാൻ ഇടവരുത്തുന്നു. പിന്നെ ലാഭത്തോത് കുറയുമ്പോൾ മുതലാളികൾ തമ്മിൽതമ്മിലുള്ള മൽസരത്തിന് മൂർച്ചകൂടുന്നു. സർവ്വനാശത്തിൽനിന്ന് രക്ഷനേടാൻ വേണ്ടി ഒടുവിൽ അവർ ട്രസ്റ്റുകളിലും കാർട്ടലുകളിലും സംഘടിക്കുന്നു. ഇത്തരം കുത്തകസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ചരക്കുകളുടെ വില വർദ്ധിപ്പിക്കുന്നു. തൊഴിലാളികളുടെ കൂലി വെട്ടിച്ചുരുക്കാനും അവർ പരിശ്രമിക്കുന്നു. പക്ഷേ, ഈ താൽക്കാലികമായ യോജിപ്പ് അതിവേഗം പൊട്ടിപ്പോവുകയും ഭയങ്കരമായ യുദ്ധത്തിൽ ചെന്നവസാനിക്കുകയും ചെയ്യുന്നു.

## 7 മുതലാളിത്തവും സാമൂഹ്യവിപ്ലവവും

### ഉൽപാദനത്തിന്റെ പ്രചോദനം

മനുഷ്യന്റെ ആവശ്യങ്ങളും ആ ആവശ്യങ്ങളെ നിർവ്വഹിക്കാനുള്ള മാർഗ്ഗങ്ങളും തമ്മിൽ പൊരുത്തമുണ്ടായിരിക്കേണ്ടതു സമുദായത്തിന്റെ സാമ്പത്തിക ജീവിതത്തിനാവശ്യമാണ്. ചരക്കുകളുടെ ഉൽപാദനവും ഉപഭോഗവും തമ്മിൽ ഒരു സമനിലയുണ്ടായാൽ മാത്രമേ, ഏതു സാമ്പത്തിക ഘടനയ്ക്കും കേട്ടുകൂടാതെ നിലനിൽക്കാൻ സാധിക്കു. പക്ഷേ, മുതലാളിത്ത സമുദായത്തിലെ സ്ഥിതിയോ?

മുതലാളിത്ത സമുദായത്തിൽ ഇന്നിന്ന ചരക്കുകൾ ഇത്രയിത്ര ഉൽപാദിപ്പിക്കണമെന്നും ഇന്നിന്ന വ്യവസായങ്ങളിൽ ഇത്രയിത്ര തൊഴിലാളികൾ പ്രവൃത്തിയെടുക്കണമെന്നും നിർണയിക്കുന്ന ശക്തി എന്താണ്? ഉൽപാദനസാമഗ്രികളുടെയും കമ്പനികളുടെയും ഉടമസ്ഥന്മാരായ മുതലാളികളാണ് ഇതെല്ലാം തീർച്ചപ്പെടുത്തുന്നത് എന്ന് എളുപ്പത്തിൽ തോന്നിപ്പോകും. ഓരോ മുതലാളിക്കും തന്റെ സ്വന്തം കമ്പനിക്കകത്ത് എന്ത് എത്രയുണ്ടാക്കണമെന്നും എന്തുണ്ടാക്കാതിരിക്കണമെന്നും തീരുമാനിക്കാൻ തികച്ചും സ്വാതന്ത്ര്യമുണ്ടെന്നുള്ളതു വാസ്തവം തന്നെ. സ്വന്തം കമ്പനികുളളിൽ എന്തു പ്ലാൻ വേണമെങ്കിലും നടപ്പിൽവരുത്താൻ അയാൾക്കു കഴിവുണ്ട്. പക്ഷേ, ഒരു കാര്യം വ്യക്തമായി മനസ്സിലാക്കണം. മുതലാളി ചരക്കുൽപ്പാദിപ്പിക്കുന്നത് അവയെ മാർക്കറ്റിൽ വിറ്റഴിച്ചു ലാഭമുണ്ടാക്കാൻ വേണ്ടിയാണ്. ഒരു ചരക്കു മാർക്കറ്റിൽക്കൊണ്ടുപോയി വിറ്റാൽ ലാഭം കിട്ടുകയില്ലെങ്കിൽ ആ ചരക്കിന്റെ ഉൽപാദനത്തിൽ നിന്നു മുതലാളി വിരമിക്കുന്നതാണ്. ലാഭം കിട്ടുകയില്ലെങ്കിൽ എത്ര തന്നെ ഉപയോഗകരമായ സാധനവും നിർമ്മിക്കപ്പെടുകയില്ല. ലാഭമാണ് ഉൽപാദനത്തിന്റെ പ്രചോദനം. അപ്പോൾ, ഏതേതു ചരക്കുകൾ എത്രയെത്ര നിർമ്മിക്കണമെന്നു നിർണയിക്കുന്നതു മാർക്കറ്റാണ്. സമുദായത്തിന്റെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തി മുൻകൂട്ടി തയ്യാറാക്കിയ പ്ലാനനുസരിച്ചല്ല, നേരെ മറിച്ചു മാർക്കറ്റ

നിലവാരത്തിന്റെ അന്ധവും അരാജകവുമായ കയറ്റിറക്കങ്ങളാണ് മുതലാളിയുടെ ഉൽപാദനത്തെ നിയന്ത്രിക്കുന്നത്.

## മാർക്കറ്റു മത്സരം

മുതലാളികൾ തമ്മിൽതമ്മിലുള്ള മത്സരത്തിന്റെ ഫലമായി ഓരോ മുതലാളിയും തന്റെ ഉൽപാദനത്തെ വിപുലീകരിക്കാനും പുതിയ പുതിയ സാങ്കേതിക രീതികൾ നടപ്പിൽവരുത്താനും ശ്രമിക്കുന്നു. ഒന്നുകിൽ മാർക്കറ്റുമത്സരത്തിൽ വിജയം നേടുക, അല്ലെങ്കിൽ മുതലാളി എന്ന നിലനിൽപ്പുതന്നെ ഇല്ലാതാവുക. ഇതാണ് ഓരോ മുതലാളിയും അഭിമുഖീകരിക്കുന്ന പ്രശ്നം.

ഉൽപാദനോപകരണങ്ങളെ കൂടുതൽ പരിഷ്ക്കരിക്കാൻ വേണ്ടി മിച്ചവിലയുടെ ഒരു ഭാഗം മൂലധനത്തോട് കൂട്ടിച്ചേർക്കുകയാണ് മുതലാളി ചെയ്യുന്നത്. വർദ്ധമാനമൂലധനവും മിച്ചവിലയുടെ ഒരു ഭാഗവും മാത്രമേ ഉപഭോഗത്തിനുവേണ്ടി ചെലവഴിക്കുന്നുള്ളു. ഇങ്ങനെ ഉൽപാദനോപകരണങ്ങൾ കൂടുതൽ കൂടുതൽ പരിഷ്ക്കരിക്കുന്തോറും ക്രയശക്തിയുടെ വളർച്ചയുടെ തോത് ചുരുങ്ങിച്ചുരുങ്ങി വരുന്നു.

ഒരു ഭാഗത്ത് ഉൽപ്പന്നങ്ങൾ വർദ്ധിച്ചുവർദ്ധിച്ചു വരിക, മറുഭാഗത്തു ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ക്രയശക്തി കുറഞ്ഞു കുറഞ്ഞുവരിക. ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള ഈ വൈരുദ്ധ്യം മുതലാളിത്തത്തിന്റെ സഹജമായ സ്വഭാവമാണ്. ഈ വൈരുദ്ധ്യമാണ് ഭയങ്കരങ്ങളും നാശകരങ്ങളുമായ സാമ്പത്തികക്കുഴപ്പങ്ങളിലൂടെ ഇടയ്ക്കിടയ്ക്കു പൊട്ടിപ്പുറപ്പെടുന്നത്.

സാമ്പത്തികക്കുഴപ്പം! എന്തുകൊണ്ട്? ചരക്കുകളുടെ ഉൽപ്പാദനം കുറഞ്ഞുപോയതുകൊണ്ടല്ല, കൂടുതലായതുകൊണ്ട്, പട്ടിണിയും തൊഴിലില്ലായ്മയും കഷ്ടപ്പാടും! എന്തുകൊണ്ട് സ്വത്തുക്കൾ അമിതമായി ഉൽപ്പാദനം ചെയ്യപ്പെടുന്നതുകൊണ്ട്?

ഒന്നാം ലോകമഹായുദ്ധത്തിനും രണ്ടാം ലോകമഹായുദ്ധത്തിനുമിടയിലുള്ള ഇരുപതുകൊല്ലക്കാലത്തെ വ്യവസായാഭിവൃദ്ധിയെ പരിശോധിച്ചുനോക്കിയാൽ വെറും മൂന്നു കൊല്ലങ്ങളിൽ മാത്രമെ ചരക്കുകളുടെ പ്രചലനം ബുദ്ധിമുട്ടുകൂടാതെ നടന്നിട്ടുള്ളു എന്നു കാണാം. 1929-ലെ സാമ്പത്തിക കുഴപ്പം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തത്ര പൈശാചികതയോടുകൂടി സമുദായത്തെ മധ്യകാലോചിതമായ അപരിഷ്കൃതത്തിലേക്കു പിടിച്ചുതള്ളുകയാണ് ചെയ്തത്. ആ ഭയങ്കരക്കുഴപ്പത്തിന്റെ അനന്തരഫലങ്ങളിൽ നിന്ന് ലോകം ഇനിയും രക്ഷപ്പെട്ടിട്ടില്ല.

## മുതലാളിത്തത്തിന്റെ വൈരുദ്ധ്യം

അപ്പോൾ മുതലാളിത്ത സമുദായത്തിൽ കാണപ്പെടുന്ന സാർവ്വത്രികമായ പട്ടിണിക്കും പൈശാചികതകൾക്കും കാരണമെന്താണ്? കാരണം, ചരക്കു നിർമ്മാണ വ്യവസ്ഥയിലെ അനിവാര്യമായ വൈരുദ്ധ്യമല്ലാതെ മറ്റൊന്നുമല്ല. ലെനിൻ പറയുന്നു:-

"ശക്തിയേറിയ സാമൂഹ്യോൽപ്പാദനശക്തികൾ ലാഭമുണ്ടാക്കുകയെന്നതിൽ കവിഞ്ഞ മറ്റു യാതൊരു പണിയുമില്ലാതെ ധനികൻമാരുടെ ഒരു ഗ്യാംഗിനു കീഴിലായിത്തീർന്നതുകൊണ്ടുമാത്രമാണ് വമ്പിച്ച കുഴപ്പങ്ങളും സംഭവ്യങ്ങൾ അനിവാര്യമായിത്തീർന്നത്."

സാമൂഹ്യമായ ഉൽപാദനം, പക്ഷേ, സ്വകാര്യവ്യക്തികളുടെ ഉടമാവകാശം — ഇതാണ്, മുതലാളിത്തത്തിലടങ്ങിയ പ്രധാനവൈരുദ്ധ്യം. സാമൂഹ്യവളർച്ചയുടെ എല്ലാ ശക്തികളെയും സയൻസിന്റെ എല്ലാ സഹായത്തെയും ആയിരക്കണക്കിനുള്ള ജനങ്ങളുടെ അധ്വാനത്തെയും അടിസ്ഥാനമാക്കിയാണ് മുതലാളിത്ത

സമുദായത്തിലെ ഓരോ വ്യവസായവും സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഉൽപാദിപ്പിക്കുന്ന ചരക്കുകളെല്ലാം ഒരു പിടി മുതലാളികളുടെ സ്വകാര്യസ്വത്താണ്. സാമൂഹ്യമായ ഉൽപാദനം സമുദായത്തിന്റെ നന്മകളെയും അഭിവൃദ്ധിയേയും ലാക്കാക്കിയല്ല നേരെമറിച്ച്, ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ ലാഭക്കൊതിയൻമാരുടെ സ്ഥാപിതതാൽപര്യങ്ങളെ അടിസ്ഥാനമാക്കിയാണ് നടക്കുന്നത്. ഈ വൈരുദ്ധ്യമാണ്, വാസ്തവത്തിൽ മുതലാളിത്തത്തിന്റെ എല്ലാ തകരാറുകളുടെയും അടിസ്ഥാനം.

### മുതലാളിത്തത്തിന്റെ ഭാവി:

മുതലാളിത്തം വിപ്ലവകരമായ ഒരു പങ്കാണ് ചരിത്രത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. മദ്ധ്യകാലോചിതങ്ങളും ജീർണ്ണിച്ചവയുമായ ഫ്യൂഡലിസ്റ്റ് സാമൂഹ്യബന്ധങ്ങളെ തട്ടിത്തകർക്കുക, ചിന്നിച്ചിതറിക്കിടന്നിരുന്ന സങ്കുചിതങ്ങളായ ഉൽപ്പാദനോപകരണങ്ങളെ കേന്ദ്രീകരിച്ച് വിപുലപ്പെടുത്തുക, ഉൽപാദനശക്തികളെ, അത്ഭുതകരമാംവിധം അഭിവൃദ്ധിപ്പെടുത്തുക, മനുഷ്യന്റെ പുരോഗതിക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത സയൻസ്, സംസ്കാരം, സാഹിത്യം മുതലായവയെ വളർത്തുക, ഇതെല്ലാം മുതലാളിത്തത്തിന്റെ മഹത്തായ നേട്ടങ്ങളാണ്. പക്ഷേ, ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്നു മുതലാളിത്തം പുരോഗമനോന്മുഖമായ ശക്തിയല്ലാതായിത്തീർന്നിരിക്കുന്നു. എന്നല്ല, അത് അധഃപതിക്കുകയും നശിക്കാറാവുകയും ചെയ്തിരിക്കുന്നു. മൂത്തുമുരടിച്ചു കഴിഞ്ഞ മുതലാളിത്തം എല്ലാ അഭിവൃദ്ധിയുടെയും വിലങ്ങടിച്ചു നിൽക്കാൻ തുടങ്ങിയിരിക്കുന്നു. സയൻസിന്റെയും ടെക്നിക്കിന്റെയും വളർച്ചയെ അതു ബലാൽക്കാരമായി തടഞ്ഞുനിർത്തുന്നു. ഭൂരിപക്ഷക്കാരായ ദരിദ്രൻമാർ പട്ടിണിയിലും കഷ്ടപ്പാടിലും കിടന്നു നരകിക്കുമ്പോൾ സ്വത്തുക്കളുടെ ഉൽപാദനത്തെ വെട്ടിക്കുറയ്ക്കുകയും ഉൽപ്പന്നങ്ങളെ നശിപ്പിക്കുകയുമാണ് മുതലാളികൾ ചെയ്യുന്നത്. മുതലാളിത്ത ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഉൽപ്പാദനശക്തികൾക്ക് ഇനി വളരാൻ വയ്യ. മുതലാളിത്ത സമുദായത്തിലെ ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളെ ചങ്ങലയ്ക്കിട്ടിരിക്കുകയാണ്. ആ ചങ്ങല പൊട്ടിച്ചാൽ മാത്രമേ, മുതലാളിത്ത സാമൂഹ്യബന്ധങ്ങളെ തട്ടിത്തകർത്താൽ മാത്രമേ, ഉൽപ്പാദനശക്തികൾക്കു വളരാൻ കഴിയൂ. മുതലാളിത്ത സാമൂഹ്യഘടനയെ നശിപ്പിച്ചാൽ മാത്രമേ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ പട്ടിണിയും കഷ്ടപ്പാടും അവസാനിക്കുകയുള്ളൂ.

വാസ്തവത്തിൽ മുതലാളിത്ത ഘടനയെ നശിപ്പിക്കാനാവശ്യമായ ഉപാധികൾ മുതലാളിത്തം തന്നെ സൃഷ്ടിച്ചുവിട്ടിട്ടുണ്ട്. മുതലാളിത്തം നാശോന്മുഖമായിത്തീരുന്ന അതേസമയത്തു തൊഴിലാളിവർഗ്ഗം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം, വിപ്ലവബോധത്തോടുകൂടി മുന്നോട്ടു വരുന്നു. മുതലാളിത്തത്തിന്റെ വിപ്ലവത്തിന്റെ കീഴിൽ അഭിവൃദ്ധി അസാദ്ധ്യമാണെന്നു ബോധം വരുന്ന എല്ലാ മർദ്ദിതജനവിഭാഗങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ കീഴിലണിനിരക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗമായ കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളികളേയും കൃഷിക്കാരേയും ഇടത്തരക്കാരേയും, ഒറ്റവാക്കിൽ, കഷ്ടപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളെയും സംഘടിപ്പിച്ചു മഹത്തായ ഒരു സാമൂഹ്യവിപ്ലവത്തിലൂടെ അഭിവൃദ്ധിയിലേക്കു നയിക്കുന്നു.

### സോവിയറ്റ് യൂണിയൻ

ഇത്തരമൊരു വിപ്ലവമാണ് 1917 നവംബറിൽ റഷ്യയിലുണ്ടായത്. ലെനിനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിൽ അണിനിരന്നുകൊണ്ട് റഷ്യൻ ബഹുജനങ്ങൾ നടത്തിയ ആ മഹത്തായ വിപ്ലവം ലോകത്തിന്റെ

ആറിലൊരു ഭാഗത്തുനിന്ന് മുതലാളിത്തത്തെ ആട്ടിപ്പായിക്കുകയും മനുഷ്യസമുദായത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിക്കുകയും ചെയ്തു. ഉൽപാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യ ഉടമാവകാശം നശിപ്പിക്കപ്പെട്ടതിന്റെ ഫലമായി ഉൽപാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അവസാനിച്ചു. മുതലാളിയില്ലാതെ വ്യവസായം നടത്താമെന്നും ജന്മിയില്ലാതെ കൃഷി നടത്താമെന്നും ലോകത്തിനു കാണാൻ കഴിഞ്ഞു. ഉൽപാദന വിതരണങ്ങളിലെ അരാജകത്വം അവസാനിച്ചു. പ്ലാനനുസരിച്ച് ഉൽപാദനവ്യവസ്ഥയാകെ വളർത്താൻ കഴിയുമെന്നായി. പഞ്ചവത്സര പദ്ധതികളും കൂട്ടുകൃഷി സ്ഥാപനങ്ങളും ജനങ്ങളുടെ ജീവിതരീതിയെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം ഉയർത്തി. സാർവ്വത്രികമായ സാംസ്കാരികാഭിവൃദ്ധി ജനങ്ങളെ അനുഗ്രഹിച്ചു. പട്ടിണിയും തൊഴിലില്ലായ്മയും എന്നന്നേക്കുമായി നശിപ്പിക്കപ്പെട്ടു. അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ മുതലാളിത്ത രാജ്യങ്ങളെ ഭയങ്കരമായ സാമ്പത്തിക കുഴപ്പം തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ പട്ടിണിയും തൊഴിലില്ലായ്മയും ലോകമുതലാളിത്ത വ്യവസ്ഥയെയാകെ താറുമാറാക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, സോവിയറ്റ് യൂണിയൻ മാത്രം ലോകത്തിലെങ്ങുമുള്ള മർദ്ദിതജനാവലികൾക്കു മാർഗ്ഗദർശിത്വം നൽകിക്കൊണ്ട്, അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്.

(ഒന്നാം പതിപ്പ് മംഗളോദയം, തൃശ്ശൂർ 1946.)

# 2

# ധനശാസ്ത്രതത്വങ്ങൾ

## 1 ധനശാസ്ത്രത്തിന്റെ ഉള്ളടക്കം

ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ സാമഗ്രികൾ കൂടാതെ മനുഷ്യനു ജീവിച്ചിരിക്കാൻ വയ്യ. ഇതുപോലെ ഒഴിച്ചുകൂടാൻ വയ്യാത്ത പല ആവശ്യങ്ങളുമുണ്ടാവും. സംസ്കാരത്തിന്റെ വളർച്ചയോടൊപ്പം പത്രങ്ങൾ, പുസ്തകങ്ങൾ, റേഡിയോ എന്നിങ്ങനെ പലതും ആവശ്യമായിത്തീരും. ഈ സാമഗ്രികളെയാണ് പൊതുവിൽ ധനം എന്നു പറയുന്നത്. ധനത്തിന്റെ ഉൽപ്പാദനം, ഉപഭോഗം, വിതരണം, വിനിമയം എന്നിവയെ നിർണ്ണയിക്കുന്ന തത്വങ്ങളാണ് ധനശാസ്ത്രത്തിന്റെ ഉള്ളടക്കം.

മനുഷ്യന്റെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും സാധിപ്പിയ്ക്കുന്നതിനുതകുന്ന സാമഗ്രികളെ നിർമ്മിക്കുന്നതിനാണ് ഉൽപാദനം എന്നു പറയുന്നത്. ഉൽപാദനം കൂടാതെ ധനമുണ്ടാക്കാൻ വയ്യ. ഒന്നുകിൽ ആവശ്യമായ സാമഗ്രികൾ നേരിട്ടുൽപ്പാദിപ്പിക്കാം. പാടത്തോ വീട്ടിലോ സ്വന്തമായി ഉൽപ്പാദനം നടത്താം. അല്ലെങ്കിൽ മറ്റുള്ളവരുടെ കമ്പനിയിൽ പോയി പണിയെടുക്കാം. അതുമല്ലെങ്കിൽ അന്യരുടെ അധ്വാനം കൊണ്ട് ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാം. പക്ഷേ, അന്യരുടെ അധ്വാനഫലം കൊണ്ട് ജീവിക്കാൻ സാധിക്കണമെങ്കിൽ നിലം, ഫാക്ടറി മുതലായ ഉൽപാദനോപകരണങ്ങളുടെ മേൽ ഉടമാവകാശമുണ്ടായിരിക്കണം. ഏതു വിധമായാലും സമുദായത്തിന്റെ നിലനിൽപ്പിന് ഉൽപാദനം കൂടിയേ കഴിയൂ.

ഉല്പാദനം നടത്തുന്നത് ഒറ്റയ്ക്കൊറ്റയ്ക്കായിട്ടല്ല, സാമൂഹ്യമായിട്ടാണ്. പാടത്തായാലും കമ്പനിയിലായാലും ഉല്പാദനത്തിന് മനുഷ്യൻ പരസ്പരം ബന്ധപ്പെടുകയും സഹകരിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ മനുഷ്യ സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടി സാമൂഹ്യമായി നടത്തുന്ന അധ്വാനമാണ് ഉൽപാദനത്തിന്റെ അടിസ്ഥാനം.

ഉല്പാദനത്തിന്റെ ലക്ഷ്യം ഉപഭോഗമാണെന്നു പറയേണ്ടതില്ലല്ലോ. ഉപഭോഗത്തിനുവേണ്ടിയാണ്, അതായത്, മനുഷ്യന്റെ ആഗ്രഹങ്ങളുടേയും ആവശ്യങ്ങളുടെയും നിർവ്വഹണത്തിനു വേണ്ടിയാണ്, സാധനങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നത്. എന്നാൽ, ഉപഭോഗത്തോടുകൂടി ധനശാസ്ത്രത്തിന്റെ പരിധിയെത്തിയെന്നോ ഉല്പാദനവും ഉപഭോഗവും ധനശാസ്ത്രത്തിന്റെ പരസ്പരബന്ധമില്ലാത്ത രണ്ടു വ്യത്യസ്തശാഖകളാണെന്നോ വിചാരിക്കരുത്. വാസ്തവത്തിൽ ഉൽപാദനവും ഉപഭോഗവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ഇന്നത്തെ സമുദായത്തിൽ ഉപഭോഗ

ത്തിനുവേണ്ടിയുള്ള ഉല്പാദനം മാത്രമല്ല, ഉൽപാദനത്തിനുവേണ്ടിയുള്ള ഉപഭോഗവുമുണ്ട്. നൂലുണ്ടാക്കാൻ വേണ്ടി പരുത്തി വാങ്ങുക, തുണിയുണ്ടാക്കാൻ വേണ്ടി നൂൽ വാങ്ങുക — ഇതെല്ലാം ഉൽപാദനത്തിനുവേണ്ടിയുള്ള ഉപഭോഗമാണ്. ഉല്പാദിപ്പിച്ച ചരക്കുകൾ പുതിയ ഉൽപാദനമുറയ്ക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നു. ഇതുപോലെ ഉല്പാദനത്തിനാവശ്യമായ അധ്വാനശക്തിയുടെ നിലനിൽപ്പിന് — എന്നുവച്ചാൽ തൊഴിലാളികളുടെ ജീവിതനിർവ്വഹണത്തിന് — ഉപഭോഗം ആവശ്യമായിത്തീരുന്നു. ഉല്പാദനം ഉപഭോഗത്തിനുള്ള മാർഗ്ഗമാണ്; അതുപോലെ തന്നെ ഉപഭോഗം ഉല്പാദനത്തിനുള്ള മാർഗ്ഗവുമാണ്. അപ്പോൾ, ഉല്പാദനവും ഉപഭോഗവും ഒരേ സാമ്പത്തികജീവിതത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമാണ്.

ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും ഇടയിലുള്ള സാമൂഹ്യമധ്യവർത്തിയാണ് വിതരണം. ഉല്പാദിപ്പിച്ച ചരക്കുകളെ നിലവിലുള്ള സാമൂഹ്യനിയമങ്ങളനുസരിച്ച് പങ്കിടുന്നതിനാണ് വിതരണം എന്നു പറയുന്നത്. ഉല്പാദനത്തിന്റെ വിവിധഘടകങ്ങൾക്ക് — ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥനായ മുതലാളിക്കും അധ്വാനിക്കുന്ന തൊഴിലാളിക്കും — ഏതു തോതിലാണ് സ്വത്തു ഭാഗിച്ചുകിട്ടുന്നതെന്നും ഈ വിഭജനത്തിനടിസ്ഥാനമായ നിയമങ്ങളെന്തെല്ലാമാണെന്നും വിതരണത്തിന്റെ ധനശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു.

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. വിതരണമെന്നുവച്ചാൽ ഉല്പാദിപ്പിച്ചു കഴിഞ്ഞ ചരക്കുകളുടെ വിതരണം മാത്രമാണെന്നു തെറ്റിദ്ധരിച്ചു പോകരുത്. ചരക്കുകളുടെ ഉല്പാദനത്തിനു മുമ്പുതന്നെ ഉല്പാദനോപകരണങ്ങളുടെ വിതരണം നടന്നുകഴിഞ്ഞിരിക്കണം; സമുദായത്തിലെ അംഗങ്ങൾ ഉല്പാദനത്തിന്റെ വിവിധഘടകങ്ങളായി വിഭജിക്കപ്പെട്ടു കഴിഞ്ഞിരിക്കണം. ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ മുതലാളികൾ, ആ ഉല്പാദനോപകരണങ്ങളിൽ അധ്വാനമർപ്പിച്ചു നേരിട്ടു ചരക്കുകൾ നിർമ്മിക്കുന്ന തൊഴിലാളികൾ — ഇത്തരമൊരു വിതരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇന്നത്തെ സമുദായത്തിൽ (മുതലാളിത്ത സമുദായത്തിൽ) ഉൽപാദനം നടക്കുന്നത്. ഉല്പാദിപ്പിച്ച സ്വത്തുക്കളെ ഈ വിഭിന്നവർഗ്ഗങ്ങൾ തമ്മിൽ പങ്കിട്ടെടുക്കുന്നു. സ്വത്തിന്റെ ഒരു ഭാഗം 'കൂലി' എന്ന പേരിൽ തൊഴിലാളികൾക്കും ബാക്കിയുള്ളത് ലാഭം, പലിശ, വാടക എന്നീ പേരുകളിൽ മുതലാളികൾക്കും കിട്ടുന്നു.

ഉല്പാദിപ്പിച്ചു കഴിഞ്ഞ ചരക്കുകളെ കൈമാറ്റം ചെയ്യുന്നതിനു വിനിമയം എന്നു പറയുന്നു. ഇന്നത്തെ സമുദായത്തിൽ സ്വന്തം ആവശ്യത്തിനു വേണ്ടിയല്ല വിനിമയത്തിനുവേണ്ടിയാണ് ചരക്കുകളുല്പാദിപ്പിക്കുന്നത്. എല്ലാ ഉല്പാദകൻമാരും ഒരേ സാധനം തന്നെയാണുണ്ടാക്കുന്നതെങ്കിൽ വിനിമയം നടക്കുകയില്ല. വിനിമയം നടക്കണമെങ്കിൽ വിവിധ ഉൽപാദകർ വിവിധ സാമഗ്രികൾ നിർമ്മിക്കണം. ചിലർ തുണിയുണ്ടാക്കണം, ചിലർ ഭക്ഷണസാമഗ്രികളുണ്ടാക്കണം, മറ്റുചിലർ പുസ്തകങ്ങളുണ്ടാക്കണം. ഇതിനാണ് പ്രയത്നവിഭജനമെന്നു പറയുന്നത്. ഉല്പാദന വ്യവസ്ഥയിലുണ്ടാകുന്ന സാങ്കേതികാഭിവൃദ്ധി പ്രയത്നവിഭജനത്തിന്റെ സ്വഭാവത്തിലും മാറ്റമുണ്ടാക്കും. വിനിമയത്തിന്റെ സ്വഭാവം ഉല്പാദനത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. മറ്റൊരുവിധം പറഞ്ഞാൽ, ഉല്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങൾ വിനിമയ സമ്പ്രദായത്തിലും മാറ്റമുണ്ടാക്കുന്നതാണ്. ഇങ്ങനെ ഉല്പാദനവും വിനിമയവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

വിനിമയവും വിതരണവും തമ്മിലും ഇതുപോലെ അടുത്ത ബന്ധമുണ്ടെന്നു കാണാം. കൂലി, ലാഭം, പലിശ മുതലായ സാമൂഹ്യസ്വത്തുക്കളെ വിതരണം ചെയ്യു

ന്നതിന്റെ തോത് വിനിമയത്തെ ബാധിക്കുന്നതാണ്. ഉദാഹരണത്തിന്, കൂലിയുടെ തോത് വളരെയധികം കുറഞ്ഞുപോവുകയാണെങ്കിൽ ചരക്കുകളുടെ ഉപഭോക്താക്കൾ കൂടുതൽ നിർദ്ധനരായിത്തീരുകയും അങ്ങനെ വിനിമയത്തിന് കോട്ടംവരികയും ചെയ്യും.

ചുരുക്കിപ്പറഞ്ഞാൽ, ഉല്പാദനം, ഉപഭോഗം, വിതരണം, വിനിമയം — സാമ്പത്തികജീവിതത്തിന്റെ ഈ നാലുഭാഗങ്ങൾ പരസ്പരം ബന്ധപ്പെട്ടും പരസ്പരം ആശ്രയിച്ചുമാണ് കിടക്കുന്നത്. കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാകുന്നതിന് ഈ നാലിനേയും വെവ്വേറെയെടുത്ത് പരിശോധിക്കേണ്ടതാവശ്യം തന്നെ. പക്ഷേ, അങ്ങനെ പരിശോധിക്കുമ്പോൾ, ഈ നാലും സമ്പൂർണ്ണമായ ഒരേ ശാസ്ത്രത്തിന്റെ വിവിധഭാഗങ്ങൾ മാത്രമാണെന്ന യാഥാർത്ഥ്യം മറന്നുകളയരുത്.

## 2 ഉൽപാദനത്തിന്റെ ഘടകങ്ങൾ

ഉല്പാദനം നടത്തണമെങ്കിൽ ഉല്പാദനോപകരണങ്ങൾ വേണം. ഉല്പാദനോപകരണങ്ങൾ എന്നുവച്ചാൽ അധ്വാനമർപ്പിച്ച് ചരക്കുകളുണ്ടാക്കാനാവശ്യമായ ഉപകരണങ്ങൾ എന്നർത്ഥം. ഈ ഉപകരണങ്ങളിൽ പലഭാഗങ്ങളും അടങ്ങിയിട്ടുണ്ട്. ഒന്നാമതായി പണിയായുധങ്ങൾ, കൈവേലക്കാരന്റെ കോടാലി മുതൽ മുതലാളിത്ത സമുദായത്തിലെ വലിയ വലിയ യന്ത്രങ്ങൾ വരെയുള്ളതെല്ലാം പണിയായുധങ്ങളാണ്. രണ്ടാമതായി അസംസ്കൃത പദാർത്ഥങ്ങൾ. തുണിയുണ്ടാക്കാൻ പരുത്തി വേണം. ഇവിടെ പരുത്തി അസംസ്കൃത പദാർത്ഥമാണ്. ഇതിനു പുറമെ എണ്ണ, കല്ക്കരി മുതലായ സഹായകസാമഗ്രികളും ആവശ്യമാണ്. ഈ ഉപകരണങ്ങളെയെല്ലാം പൊതുവിൽ മൂലധനമെന്നു പറയുന്നു. മൂലധനം, നിലം അല്ലെങ്കിൽ പ്രകൃതിവിഭവങ്ങൾ, അദ്ധ്വാനം എന്നിങ്ങനെ മൂന്നുഘടകങ്ങൾ ഉല്പാദനത്തിനാവശ്യമാണ്.

### മൂലധനം

മൂലധനവും ഉല്പാദനോപകരണങ്ങളും ഒന്നാണെന്നു ചിലർ തെറ്റായി പറഞ്ഞുവരുന്നുണ്ട്. അവരുടെ അഭിപ്രായത്തിൽ മുതലാളിത്ത സമുദായത്തിലെന്നപോലെ അപരിഷ്കൃതയുഗത്തിലും നാടുവാഴിവ്യവസ്ഥയിലുമെല്ലാം മൂലധനം കാണാം. ഭാവിയിൽ കൂടുതൽ സ്വത്തു സമ്പാദിക്കാനുള്ള ആഗ്രഹം കൊണ്ട് വർത്തമാനകാലത്തിൽ പിശുക്കു കാണിക്കുന്ന ആർക്കും മൂലധനമുണ്ടാക്കാൻ കഴിയുമെന്നാണവർ വിശ്വസിക്കുന്നത്. ഇത്തരം തെറ്റായ ധാരണകൾ ചില ധനശാസ്ത്രജ്ഞൻമാരെപ്പോലും പിടികൂടിയിട്ടുണ്ട്. ഉദാഹരണത്തിന് ഹാരോൾഡ് ജി മൾട്ടൻ എന്ന ഗ്രന്ഥകാരൻ തന്റെ 'മൂലധനത്തിന്റെ രൂപീകരണം' എന്ന പുസ്തകത്തിൽ അഭിപ്രായപ്പെടുന്നത് മൂലധനം പ്രാചീനകാലം മുതൽ തുടർന്നുവരുന്ന ഒരേർപ്പാടാണെന്നാണ്. ഒരു മുക്കുവൻ തന്റെ ഒഴിവുസമയത്ത് കെട്ടിയുണ്ടാക്കുന്ന വല, ഒരു കൃഷിക്കാരൻ ഒരു മരകഷണമെടുത്തു ചെത്തിയുണ്ടാക്കുന്ന കലപ്പ, ഇതെല്ലാം മൂലധനമാണത്രെ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂലധനമെന്നതു ശിലായുഗം തൊട്ടു തുടർന്നുവരുന്ന വെറും വ്യക്തിപരമായ ഒരേർപ്പാടാണ്.

എന്നാൽ, ഉല്പാദനവ്യവസ്ഥയെ കൂടുതൽ ശാസ്ത്രീയമായപഗ്രഥിക്കുന്ന ആധുനിക ധനശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ എല്ലാ പണിയായുധങ്ങളും മൂലധനമല്ല. പണിയായുധങ്ങളും അസംസ്കൃതസാമഗ്രികളും മറ്റും മൂലധനമാകുന്നത് അവയുടെ സഹജമായ ഗുണം കൊണ്ടല്ല, മറിച്ച്, ചരക്കുകളുണ്ടാക്കി വിറ്റ് ലാഭം നേടാൻ അവയുപകരിക്കുന്നതുകൊണ്ടു മാത്രമാണ്. ഒരു ഭാഗത്ത് ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥ

രായ മുതലാളികൾ, മറുഭാഗത്ത് പണിയായുധങ്ങളൊന്നുമില്ലാതെ മറ്റുള്ളവരുടെ കമ്പനിയിൽ പോയി പണിയെടുത്ത് ഉപജീവനം കഴിക്കുന്ന തൊഴിലാളികൾ — ഇങ്ങനെ വിഭിന്നവർഗ്ഗങ്ങളടങ്ങിയ ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ മാത്രമേ മൂല ധനം കാണപ്പെടുകയുള്ളൂ. മുതലാളികളുടെ കയ്യിൽ തൊഴിലാളികളെ ചൂഷണം ചെയ്യാനും ലാഭം സമ്പാദിയ്ക്കാനുമുള്ള ഉപകരണങ്ങളായിത്തീരുമ്പോൾ മാത്രമേ ഉല്പാദന സാമഗ്രികൾ മൂലധനമാവുകയുള്ളൂ. ഇപ്പോൾ മൂലധനമെന്നത് ഒരു വെറും സാധനമല്ല, ഒരു സാമൂഹ്യബന്ധമാണ്.

ഇതിന്റെ അർത്ഥം എല്ലാ കാലത്തും മൂലധനമുണ്ടായിരുന്നില്ലെന്നാണ്. അധ്വാ നിക്കുന്നവരുടെ കയ്യിൽ പണിയായുധങ്ങളില്ലാതായപ്പോൾ മാത്രമാണ്, അധ്വാനി ക്കാത്ത മുതലാളികളുടെ കയ്യിൽ ഉല്പാദനോപകരണങ്ങൾ കേന്ദ്രീകരിച്ചപ്പോൾ മാത്രമാണ്, മൂലധനം പ്രത്യക്ഷപ്പെട്ടത്. ഇതിന്റെ അർത്ഥം, മുതലാളിത്ത വ്യവ സ്ഥയോടുകൂടിയാവിർഭവിച്ച മൂലധനം മുതലാളിത്തത്തിന്റെ അവസാനത്തോടുകൂടി അപ്രത്യക്ഷമാവുമെന്നാണ്.

ഇത്രയും പറഞ്ഞതിൽ നിന്നു മൂലധനം ഉല്പാദനത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാ ത്ത ഒരു ഘടകമല്ലെന്നു മനസ്സിലാക്കാം. മൂലധനത്തിന്റെ ഭരണമവസാനിച്ചാലും ഉല്പാദനം തുടരാൻ കഴിയും. പക്ഷേ, ഉല്പാദനോപകരണങ്ങൾ കൂടാതെ കഴിയില്ല.

## മൂലധനത്തിന്റെ ഭാഗങ്ങൾ

യന്ത്രവും അസംസ്കൃത പദാർത്ഥങ്ങളും അധ്വാനവും മറ്റുമുപയോഗിച്ച് ചരക്കുകളുണ്ടാ ക്കികഴിഞ്ഞാൽ അവയെ വിറ്റു പണമാക്കുകയും ആ പണം കൊണ്ട്, പുതിയ അസം സ്കൃത പദാർത്ഥങ്ങളും പുതിയ അധ്വാനശക്തിയും വാങ്ങി വീണ്ടും ചരക്കുകൾ നിർമ്മി ക്കാൻ തുടങ്ങുകയുമാണ് മുതലാളി ചെയ്യുന്നത്. ഇങ്ങനെ പുതുതായി ആവിർഭവിച്ച മൂലധനം വീണ്ടും ചരക്കുകളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നു. ചരക്കുകൾ വീ ണ്ടും പണമായി ഉപയോഗിക്കപ്പെടുന്നു. ഈ ചുറ്റിത്തിരിയലിന്നു ധനശാസ്ത്രജ്ഞൻ മാർ മൂലധനത്തിന്റെ പരിക്രമണം (Circulation of Capital) എന്നാണ് പറയാറു ള്ളത്.

മൂലധനത്തിന്റെ വിഭിന്ന ഭാഗങ്ങൾ വിഭിന്നസമയങ്ങളിലാണ് പരിക്രമണം നടത്തുന്നത്. യന്ത്രങ്ങൾ, കെട്ടിടങ്ങൾ മുതലായവ വളരെക്കാലം നിലനിൽക്കും. വളരെ കൊല്ലങ്ങൾക്കുശേഷമേ മുതലാളിക്കു പുതിയ യന്ത്രങ്ങൾ വാങ്ങേണ്ടി വരി കയുള്ളൂ. മറ്റൊരുവിധം പറഞ്ഞാൽ, കുറേശ്ശേകുറേശ്ശേയായി മാത്രമേ അവ ചരക്കു കളിലേക്കു പ്രവേശിച്ചു പണമായി മാറുകയുള്ളൂ. ഒരു യന്ത്രം പത്തുകൊല്ലം നില നിൽക്കുമെങ്കിൽ അതിന്റെ വിലയുടെ പത്തിലൊരംശം മാത്രമേ കൊല്ലംതോറും ചരക്കുകളിൽച്ചെന്നു ലയിക്കുകയുള്ളൂ. നേരെ മറിച്ച്, അസംസ്കൃത പദാർത്ഥങ്ങളും സഹായകസാമഗ്രികളും അധ്വാനശക്തിയും ഉല്പാദനത്തിന്റെ ഒരു പരിക്രമണം കൊണ്ടുതന്നെ നിർമ്മിക്കപ്പെട്ട ചരക്കുകളുടെ വിലയിലേക്ക് പ്രവേശിക്കുന്നു. ആ ചരക്കുകൾ വിറ്റുകിട്ടുന്ന പണം കൊണ്ടു പുതിയ അസംസ്കൃത പദാർത്ഥങ്ങളും അധ്വാ നശക്തിയും വാങ്ങി പുതിയൊരു പരിക്രമണം ആരംഭിക്കാം.

ഉല്പാദനത്തിന്റെ ഒരു പരിക്രമണം കൊണ്ടുതന്നെ അധ്വാനശക്തിയുടെയും അസംസ്കൃത പദാർത്ഥങ്ങളുടെയും മുഴുവൻ വിലയും ചരക്കുകളിലേക്ക് പ്രവേശിക്കു ന്നതാണ്. അതുകൊണ്ട്, അസംസ്കൃത പദാർത്ഥങ്ങളിലും അധ്വാനശക്തിയിലും നിക്ഷേപിക്കുന്ന മൂലധനത്തിന്റെ ഭാഗത്തിന് ധനശാസ്ത്രജ്ഞൻമാർ പരിക്രമണ മൂലധനം (Circulating Capital) എന്നു പറയുന്നു. മറിച്ച്, വില കുറേശ്ശെക്കുറേ

ശ്ശേയായി മാത്രം ചരക്കുകളിലേക്ക് സംക്രമിപ്പിക്കുന്ന യന്ത്രങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്കു് സ്ഥിരമൂലധനം (Fixed Capital) എന്നാണ് പറയുന്നത്.

### അധ്വാനം:

യന്ത്രം, അസംസ്കൃത പദാർത്ഥങ്ങൾ മുതലായ സാമഗ്രികളിൽ തൊഴിലാളി തന്റെ അധ്വാനമർപ്പിക്കുമ്പോഴാണ് ചരക്കുകളുണ്ടാകുന്നത്. തൊഴിലാളിയുടെ അധ്വാന ശക്തിയുടെ സഹായം കൂടാതെ മുതലാളിക്കു ചരക്കുകൾ നിർമ്മിക്കാൻ സാധ്യമല്ല. തൊഴിലാളിയാകട്ടെ, യാതൊരു പ്രതിഫലവും കൂടാതെ മുതലാളിയുടെ കമ്പനിയിൽ പോയി പണിയെടുക്കുകയില്ല. തൊഴിലാളി പ്രവർത്തിയെടുക്കുമ്പോൾ, അതായത്, തന്റെ അധ്വാനത്തെ ബാഹ്യപ്രകൃതിയിൽ ചെലുത്തുമ്പോൾ, ഒരു നിശ്ചിതതോതിലുള്ള തലച്ചോറിന്റെയും നാഡികളുടെയും മാംസപേശികളുടെയും ശക്തികളെ ചെലവഴിക്കേണ്ടിവരുന്നു. മേലിലും പ്രവൃത്തിയെടുക്കാൻ സാധിക്കത്തക്കവിധം ഈ അധ്വാനശക്തിയെ നിലനിർത്തണമെങ്കിൽ തൊഴിലാളിക്കു തന്റെ ജീവിതത്തെയും അധ്വാനശക്തിയേയും നിലനിർത്താനാവശ്യമായ ഭക്ഷണവും വസ്ത്രവും മറ്റു ജീവിത സാമഗ്രികളും കൂടിയേ കഴിയൂ. അയാൾക്കു പാർക്കാൻ ഒരു വീടുണ്ടാവണം. മാത്രമല്ല, അധ്വാനശക്തിയുടെ പ്രവാഹം തുടർച്ചയായി നിലനിന്നുപോകണമെങ്കിൽ ഒരു തൊഴിലാളിയുടെ മരണത്തിനു ശേഷം മറ്റൊരു തൊഴിലാളി ആ സ്ഥാനം ഏറ്റെടുക്കാനുണ്ടാവണം. മറ്റൊരുവിധം പറഞ്ഞാൽ തൊഴിലാളിക്കു തന്റെ ജീവിതത്തെ മാത്രം നിലനിർത്താനാവശ്യമായ സാമഗ്രികൾ കിട്ടിയാൽ പോരാ, തന്റെ ഭാര്യയേയും മക്കളെയും പോറ്റാൻ സാധിക്കുകയും വേണം.

ഈ ജീവിതച്ചെലവുകൾ ഓരോ രാജ്യത്തിലും ഓരോമാതിരിയായിരിക്കും. ഇംഗ്ലണ്ട്, അമേരിക്ക മുതലായ പരിഷ്കൃതരാജ്യങ്ങളിൽ തൊഴിലാളിയുടെ ജീവിതത്തോത് ഇന്ത്യയിലെ തൊഴിലാളിയുടേതിനേക്കാൾ എത്രയോ ഉയർന്നതാണ്. അതുകൊണ്ട്, ഈ രാജ്യങ്ങളിലെ തൊഴിലാളികൾക്ക് കൂടുതൽ ജീവിതസാമഗ്രികൾ ആവശ്യമായിരിക്കും.

തൊഴിലാളിയുടെ ജീവിതത്തെ നിലനിർത്താനാവശ്യമായ സാമഗ്രികളോ അവയെ വാങ്ങാനുതകുന്ന പണമോ കൊടുത്ത് അയാളുടെ അധ്വാനശക്തിയെ വിലയ്ക്കു് വാങ്ങുകയാണ് മുതലാളി ചെയ്യുന്നത്. അധ്വാനശക്തിയുടെ വിലയെന്നോണം തൊഴിലാളിക്കു കിട്ടുന്ന ഈ പ്രതിഫലത്തിനു കൂലി (Wages) എന്നു പറയുന്നു.

എന്നാൽ പലപ്പോഴും തൊഴിലാളിക്കു ജീവിക്കാനാവശ്യമായ കൂലി കിട്ടിയെന്നുവരില്ല. കൂലി വെട്ടിച്ചുരുക്കാൻ മുതലാളി ശ്രമിച്ചെന്നു വരും. പക്ഷേ, തൊഴിലാളിക്കു സംഘടനയും ശക്തിയുമുള്ളയിടങ്ങളിൽ ഈ കയ്യേറ്റം അത്ര ഫലപ്രദമാകില്ല.

തൊഴിലാളി തന്റെ അധ്വാനശക്തിയെ വിൽക്കാൻ തയ്യാറാവണമെങ്കിൽ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. ഒന്നാമത്, യന്ത്രങ്ങൾ മുതലായ ഉൽപാദനസാമഗ്രികൾ തൊഴിലാളിയുടെ അധീനത്തിലില്ലാതിരിക്കണം. ഉൽപാദനോപകരണങ്ങൾ സ്വന്തമായി ഇല്ലാത്തതു കൊണ്ടു തന്റെ അധ്വാനശക്തിയെ സ്വന്തമായി ഉപയോഗിക്കാൻ അയാൾക്കു നിവൃത്തിയില്ല. ജീവിതനിർവ്വഹണത്തിന് അധ്വാനശക്തിയെ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാർക്കു വിൽക്കുകയേ ഗത്യന്തരമുള്ളൂ. (മുതലാളിത്ത സമുദായം ആവിർഭവിക്കുന്നതിനു മുമ്പുള്ള കൈവേലക്കാർക്കും കൃഷിക്കാർക്കും മറ്റും സ്വന്തമായ ഉൽപാദനോപകരണങ്ങളുണ്ടായിരുന്നതുകൊണ്ട് അധ്വാനശക്തിയെ വിൽക്കാൻ അവർ നിർബന്ധരായിരുന്നില്ല. മുതലാളിത്ത സമു

ദായത്തിൽ മാത്രമാണ് മനുഷ്യന്റെ അധ്വാനശക്തി മാർക്കറ്റിൽ വിൽപ്പനയ്ക്കുള്ള ഒരു ചരക്കായിത്തീരുന്നത്.)

രണ്ടാമത്, തന്റെ സ്വന്തം അധ്വാനശക്തിയെ ഇഷ്ടമുള്ളവർക്കു വിൽക്കാൻ തൊഴിലാളിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം. (അടിമയ്ക്കോ ഫ്യൂഡലിസത്തിലെ അടിയാളനോ ഈ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.)

ഈ രണ്ടുപാധികളനുസരിച്ച് ഇന്നത്തെ സമുദായത്തിൽ — മുതലാളിത്ത സമുദായത്തിൽ — മാത്രമേ അധ്വാനശക്തിയെ വിൽക്കുന്ന സമ്പ്രദായം നിലവിലുള്ളു എന്നു കാണാം.

മുതലാളി തൊഴിലാളിയുടെ അധ്വാനശക്തിയെ വിലകൊടുത്തുവാങ്ങി അതിനെ ഉപയോഗിക്കുന്നു. അതിന്റെ സഹായത്തോടുകൂടി തന്റെ ചരക്കുകളിൽ കൂടുതൽ അധ്വാനം ചേർക്കുകയും അങ്ങനെ ആ ചരക്കുകൾക്ക് കൂടുതൽ വിലയുണ്ടാക്കുകയും ചെയ്യുന്നു.

## നിലം:

വ്യാവസായികമായ ഉല്പാദനത്തിന് യന്ത്രങ്ങളും അസംസ്കൃത പദാർത്ഥങ്ങളും അധ്വാനശക്തിയും മാത്രമുണ്ടായാൽ പോരാ. കെട്ടിടങ്ങൾ പണിയാനും യന്ത്രങ്ങൾ സ്ഥാപിക്കാനുമുതകുന്ന നിലം കൂടി വേണം.

കാറ്റ്, വെളിച്ചം മുതലായവയെപ്പോലെ അപരിമിതമായ ഒരു വസ്തുവല്ല നിലം. ആർക്കെത്ര വേണമെങ്കിലും എടുത്തുപയോഗിക്കാൻ സാധിക്കത്തക്കവിധം അത്രയധികം നിലം ലോകത്തിലില്ല. മാത്രമല്ല, ഉള്ള നിലം തന്നെ നിലമുടമസ്ഥൻമാരുടെ സ്വകാര്യസ്വത്തുമാണ്. അതിനാൽ, മുതലാളിക്ക് വ്യവസായങ്ങളുടെ നിർമ്മാണത്തിന് നിലം ആവശ്യമാണെങ്കിൽ അതുപയോഗിക്കുവാൻ നിലമുടമസ്ഥന്റെ സമ്മതം വാങ്ങേണ്ടിവരും. തന്റെ നിലം മറ്റുള്ളവർക്ക് സൗജന്യമായി കൊടുക്കുവാൻ നിലമുടമസ്ഥൻ ഇഷ്ടപ്പെടുകയില്ല. നിലം നിയമദൃഷ്ട്യാ അയാളുടെ സ്വകാര്യസ്വത്താണ്. അതിനാൽ, തന്റെ നിലം ഉപയോഗിക്കാനാഗ്രഹിക്കുന്നവർ കൊല്ലം തോറും ഒരു നിശ്ചിതമായ സംഖ്യ തനിക്കു പ്രതിഫലമായി നൽകണമെന്ന് അയാളോടാവശ്യപ്പെടുന്നു. ഈ സംഖ്യ പാട്ടം എന്ന പേരിലാണറിയപ്പെടുന്നത്.

മുതലാളിത്ത സമുദായത്തിൽ പ്രധാനമായി മൂന്നു തരത്തിലുള്ള വരവിനങ്ങളാണുള്ളത്: മുതലാളിത്തത്തിന്റെ ഉടമസ്ഥൻമാർക്ക് കിട്ടുന്ന ലാഭവും പലിശയും; നിലത്തിന്റെ ഉടമസ്ഥൻമാർക്കു കിട്ടുന്ന പാട്ടം; അധ്വാനശക്തിയുടെ ഉടമസ്ഥൻമാർക്ക് കിട്ടുന്ന കൂലി.

## പ്രയത്ന വിഭജനം:

റോബിൻസൺ ക്രൂസോവിന്റെ കഥ നിങ്ങൾ വായിച്ചിട്ടുണ്ടാവും. ഒറ്റയ്ക്ക് ഒരു ദ്വീപിൽ ചെന്നുപെട്ടപ്പോൾ സ്വന്തം ഉപജീവനത്തിന് അയാൾ എത്രമാത്രം ബുദ്ധിമുട്ടേണ്ടിവന്നു എന്നാണ് ആ കഥയിൽ വിവരിക്കുന്നത്. ദ്വീപിലെ പ്രകൃതിവിഭവങ്ങളും സ്വന്തം ബുദ്ധിശക്തിയും മാത്രമായിരുന്നു ക്രൂസോവിനാശ്രയം. എന്നാൽ, ക്രൂസോവിനെപ്പോലെ മറ്റാരുടേയും സഹായം കൂടാതെ ജീവിക്കുക നമുക്കാർക്കും സാധ്യമല്ല. ഭക്ഷണം, വസ്ത്രം, വീട്, പുസ്തകം മുതലായവയെല്ലാം ഒറ്റയ്ക്ക് മറ്റാരുടെയും സഹായം കൂടാതെ നേടുവാൻ ആർക്കാണ് സാധിക്കുക.

നിങ്ങളുടെ വസ്ത്രമൊന്നു പരിശോധിച്ചു നോക്കുക. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എത്രയോ ആയിരം ജനങ്ങളുടെ പ്രയത്നഫലമാണത്. പരുത്തി ഇന്ത്യയിലുണ്ടാക്കിയതാവും. കൃഷിചെയ്യുന്നവരുടെ, ചുമട്ടുകാരുടെ, വണ്ടിയോടിക്കുന്നവ

രുടെ, എല്ലാം പ്രയത്നം അതിലടങ്ങിയിട്ടുണ്ട്. പരുത്തികച്ചവടക്കാർ, നൂൽപ്പുകാർ, നെയ്ത്തുകാർ, ചായംമുക്കുന്നവർ, തുണിക്കച്ചവടക്കാർ, തുന്നൽക്കാർ ഇങ്ങനെ പലതരക്കാരുടെയും അധ്വാനം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. യന്ത്രമുണ്ടാക്കിയത് ഇംഗ്ലണ്ടിലാവും. അതിന് ഇരുമ്പുകുഴിച്ചെടുക്കുന്നവർ തുടങ്ങി യന്ത്രത്തിന്റെ പണി പൂർത്തിയാക്കുന്നവർവരെയുള്ള എത്രയോ ജനങ്ങളുടെ അധ്വാനം വേണ്ടിവന്നിട്ടുണ്ട്.

മറ്റൊരുവിധം പറഞ്ഞാൽ നിങ്ങളുടെ കുപ്പായത്തിലടങ്ങിയ അധ്വാനം എത്രയോ പ്രവൃത്തിക്കാർക്കിടയിൽ വിഭജിയ്ക്കപ്പെട്ടിരിയ്ക്കയാണ്. ഇതുപോലെതന്നെയാണ് മറ്റു സാമഗ്രികളുടെ കാര്യവും.

ഈ പ്രയത്നവിജയം യന്ത്രങ്ങളുടെ ആവിർഭാവത്തോടുകൂടി മാത്രമാണുണ്ടായതെന്നു തെറ്റിദ്ധരിയ്ക്കരുത്. വാസ്തവത്തിൽ, കാടൻമാരുടെ കാലംമുതൽക്കേ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പ്രവൃത്തിവിഭജനം തുടർന്നുപോയിട്ടുണ്ട്. ഉദാഹരണത്തിന്, പ്രാചീനകാലത്ത് വേട്ടയാടുന്നവർ, മൃഗങ്ങളെ പോറ്റുന്നവർ, കൃഷിചെയ്യുന്നവർ തുടങ്ങിയ വിവിധ ജനവിഭാഗങ്ങളുടെ പരസ്പര സഹകരണത്തിന്റെ അടിസ്ഥാനത്തിലാണ് സാമൂഹ്യജീവിതം നിലനിന്നുപോന്നത്. എന്നാൽ കഴിഞ്ഞ 200 കൊല്ലങ്ങളായി പ്രയത്നവിഭജനം കൂടുതൽ വർദ്ധിക്കുകയും കൂടുതൽ ജടിലമാവുകയും ചെയ്തിരിക്കുന്നു. പ്രയത്നവിഭജനത്തിന്റെ സ്വഭാവത്തിനുതന്നെ മാറ്റം വന്നിട്ടുണ്ട്. ഒരാൾ ഒരു ചരക്കുമാത്രം നിർമ്മിക്കുന്നതിൽ വൈദഗ്ധ്യം നേടുക — ഇതായിരുന്നു ആദ്യകാലത്തെ അപരിഷ്കൃതമായ വ്യവസായത്തിന്റെ സവിശേഷത. ഇന്ന് അങ്ങിനെയല്ല, ഒരേ ചരക്കിന്റെ ഉൽപാദനം തന്നെ അനേകംപേർക്കിടയിൽ വിഭജിയ്ക്കപ്പെട്ടിരിക്കുന്നു. ഒരു മൊട്ടുസൂചിയിൽ 18 വ്യത്യസ്തരീതിയിലുള്ള പ്രവർത്തിക്കാരുടെ അധ്വാനമടങ്ങിയിട്ടുണ്ടെന്നും ഓരോ വിഭാഗക്കാരും ആകെയാവശ്യമായ അധ്വാനത്തിന്റെ ഒരു ഭാഗം മാത്രമാണ് ചെയ്യുന്നതെന്നും ആഡംസ്മിത്ത് തന്റെ 'വെൽത്ത് ഓഫ് നേഷൻസ്' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ നിലയ്ക്ക്, ഏതെങ്കിലുമൊരു ചരക്ക് 'ഞാനാണുണ്ടാക്കിയത്, മറ്റാരുമല്ല' എന്നു പറയാൻ ആർക്കു കഴിയും? ഓരോ ചരക്കിൻറേയും ഉൽപാദനം തികച്ചും സാമൂഹ്യമായ ഉല്പാദനമായി മാറിക്കഴിഞ്ഞിട്ടുണ്ടെന്നാണ് കാണിയ്ക്കുന്നത്.

### കൃഷിയും വ്യവസായവും:

മുതലാളിത്തത്തിന്റെ ആവിർഭാവത്തിനു മുമ്പ് മിക്ക രാജ്യങ്ങളിലും സ്വയം സമ്പൂർണ്ണങ്ങളായ ഗ്രാമങ്ങളാണുണ്ടായിരുന്നത്. എന്നുവെച്ചാൽ, കൃഷിയും വ്യവസായവും ഇന്നത്തെപ്പോലെ അകന്നു കഴിഞ്ഞിരുന്നില്ല. കൃഷിക്കാർ ഭക്ഷണസാമഗ്രികളും കുടിൽവ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത സാമഗ്രികളുമുണ്ടാക്കിയിരുന്നു. മിക്കപ്പോഴും അവർതന്നെ ഒഴിവുസമയങ്ങളിൽ നൂൽക്കുകയോ നെയ്യുകയോ ചെയ്തിരുന്നു! ഏതായാലും അസംസ്കൃത സാമഗ്രികൾ മറുനാടുകളിലേക്കു കയറ്റി അയച്ചിരുന്നില്ല. ക്രമത്തിൽ ആ അസംസ്കൃതസാധനങ്ങളെല്ലാം കമ്പോളച്ചരക്കായി മാറി. ഉൾനാട്ടിലെ ജനങ്ങൾ സ്വന്തം ആവശ്യത്തിനു സ്വന്തമായുണ്ടാക്കിയിരുന്ന സാധനങ്ങളെല്ലാം പട്ടണങ്ങളിലെ മുതലാളികളുടെ കച്ചവടച്ചരക്കുകളായി മാറി. സ്വന്തം പണിയായുധങ്ങൾ കൊണ്ട് അധ്വാനിച്ചുപജീവനം കഴിച്ചിരുന്ന കൈവേലക്കാരും കുടിൽവ്യവസായക്കാരും മൂലധനത്തിന്റെ കീഴിൽ അണിനിരക്കാൻ നിർബദ്ധരായി. കൈവേലകളും കുടിൽ വ്യവസായങ്ങളും നശിപ്പിക്കപ്പെട്ടു. സ്വയംസമ്പൂർണ്ണങ്ങളായിരുന്ന ഗ്രാമങ്ങൾ മുതലാളികൾക്കാവശ്യമായ അസംസ്കൃത സാമഗ്രികൾ നൽകുകയും മുതലാളികളുണ്ടാക്കി വിടുന്ന വ്യവസായചരക്കുകൾ വാങ്ങുകയും ചെയ്യുന്ന

താവളങ്ങളായിത്തീർന്നു. പട്ടണത്തിലെ തൊഴിലാളികളെന്നപോലെതന്നെ ഉൾനാട്ടിലെ കൃഷിക്കാരും മൂലധനത്തിന്റെ അടിമകളായി മാറി.

ഈ പുതിയ രീതിയിലുള്ള പ്രയത്നവിഭജനം ആധുനികവ്യവസായങ്ങളുടെ വളർച്ചയെ വളരെയധികം സഹായിച്ചു എന്നു പറയേണ്ടതില്ലല്ലോ.

## 3 വ്യവസായഘടന

മുതലാളിത്തരീതിയിലുള്ള വ്യവസായങ്ങളുടെ ആരംഭകാലത്ത് മുതലാളികൾ ഒറ്റയ്ക്കൊറ്റയ്ക്ക് ഫാക്ടറികളും വ്യവസായശാലകളും നടത്തുകയാണ് ചെയ്തിരുന്നത്. അതായത് ഓരോ ഫാക്ടറിയുടേയും മൂലധനം ഒരൊറ്റ മുതലാളിയുടെ സ്വകാര്യസ്വത്തായിരിക്കും. വ്യവസായത്തിൽ നിന്നു കിട്ടുന്ന ലാഭം മുഴുവൻ അയാൾ ഒറ്റയ്ക്കനുഭവിക്കുകയും ചെയ്യും.

എന്നാൽ, വ്യവസായങ്ങൾ വളരാൻ തുടങ്ങിയപ്പോൾ ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഈ ഏർപ്പാടുകൾ അപര്യാപ്തമായിത്തീർന്നു. വലിയ വലിയ വ്യവസായങ്ങൾക്ക് — ഉദാഹരണത്തിന് റെയിൽവേ മുതലായ സ്ഥാപനങ്ങൾക്ക് — ആവശ്യമായ മൂലധനം മുഴുവനിറക്കാൻ ഒരു മുതലാളിക്കു തനിയേ സാധ്യമല്ല. ഈ ന്യൂനത പരിഹരിക്കുവാൻ വേണ്ടിയാണ് ജോയിൻറ് സ്റ്റോക്ക് കമ്പനികൾ ആവിർഭവിച്ചത്.

### ജോയിൻറ് സ്റ്റോക്ക് കമ്പനികൾ:

മുതലാളിത്ത രാജ്യങ്ങളിൽ ഇന്നുള്ള കമ്പനികൾ മിക്കവയും ജോയിൻറ് സ്റ്റോക്ക് കമ്പനികളാണ്. എന്നുവച്ചാൽ, ഒരു കമ്പനി ഒരേ വ്യക്തിയുടെ സ്വകാര്യസ്വത്തല്ല. ഒരേ കമ്പനിയിൽ അനേകം മുതലാളികൾ മൂലധനമിറക്കിയിട്ടുണ്ടാവും. അതായത് ഓരോ കമ്പനിയുടെയും മൂലധനത്തിൽ അനേകം വ്യക്തികളുടെ ഓഹരികൾ (ഷെയറുകൾ) അടങ്ങിയിരിക്കും. ഇത്തരം കമ്പനികൾക്കാണ് ജോയിൻറ് സ്റ്റോക്ക് കമ്പനികൾ എന്നു പറയുന്നത്. ജോയിൻറ് സ്റ്റോക്ക് കമ്പനിയുടെ മൂലധനത്തിൽ അനേകം വ്യക്തികളുടെ ഷെയറുകൾ അടങ്ങിയിട്ടുള്ളതുകൊണ്ട് ലാഭം എല്ലാ ഷെയറുടമസ്ഥൻമാർക്കും വീതിച്ചു കൊടുക്കുന്നതായിരിക്കും.

ജോയിൻറ് സ്റ്റോക്ക് കമ്പനിയുടെ മൂലധനം അനേകം ചെറിയ ചെറിയ ഷെയറുകളായി ഭാഗിച്ചിരിക്കും. പക്ഷേ, എല്ലാ ഷെയറുടമസ്ഥൻമാരും തുല്യമായ ഷെയറുകൾ എടുത്തുകൊള്ളണമെന്നില്ല. ചിലർക്ക് അധികവും മറ്റുചിലർക്ക് കുറച്ചും ഷെയറുകളുണ്ടാവാം. കമ്പനിയുടെയും വ്യവസായത്തിൽ നിന്നു കിട്ടുന്ന ആദായത്തിന്റെയും മേൽ ഷെയർ ഹോൾഡർമാർക്കുള്ള അവകാശം അവരുടെ ഷെയറിന്റെ തുകയെ ആശ്രയിച്ചിരിക്കും.

സാധാരണയായി ഷെയർ ഹോൾഡർമാരുടെ പൊതുയോഗത്തിൽവച്ചാണ് കമ്പനിയുടെ നടത്തിപ്പിനെ സംബന്ധിക്കുന്ന അടിസ്ഥാനകാര്യങ്ങളെല്ലാം തീരുമാനിക്കാറുള്ളത്. എല്ലാ ഷെയറുടമസ്ഥൻമാർക്കും അഭിപ്രായപ്രകടനത്തിനുള്ള അവകാശമുണ്ടെന്നാണ് വെപ്പ്. പക്ഷേ, കാര്യംകൊണ്ടു നോക്കുമ്പോൾ, ധാരാളം ഷെയറുകളുള്ള ഉടമസ്ഥൻമാരായ ഒരു പിടി വലിയ മുതലാളികളാണ് കമ്പനിയുടെ ഭരണത്തെയാകെ നിയന്ത്രിക്കുന്നത് എന്നു കാണാം. കമ്പനിയുടെ ഭരണം നടത്തുന്ന ഡയറക്ടർമാർ ഷെയർഹോൾഡർമാരാൽ തിരഞ്ഞെടുക്കപ്പെടുന്നവരാണെന്നതു ശരിതന്നെ. എന്നാൽ, സാധാരണ ഷെയർഹോൾഡർമാരിൽ മിക്കവരും വ്യവസായത്തിന്റെ നിയന്ത്രണത്തിലോ നടത്തിപ്പിലോ പങ്കെടുക്കുന്നവരല്ല.

എന്നല്ല, അവരിൽ പലരും ജനറൽ ബോഡിയോഗത്തിൽ പോകാൻപോലും മിനക്കെടാറില്ല. പോയാൽത്തന്നെ, വലിയ പണക്കാരെപ്പോലെ സ്വാധീനശക്തിയും ചപ്പടാച്ചികളും സൂത്രപ്പണികളും മറ്റുമില്ലാത്തതുകൊണ്ട് ഡയറക്ടർ പദവിയെ സ്വപ്നംകാണാൻപോലും അവർ ധൈര്യപ്പെടുകയില്ല. മിക്ക കമ്പനികളുടെയും ജനറൽ ബോഡിയോഗത്തിൽ വോട്ടുകളുടെ എണ്ണം ഷെയറിന്റെ സംഖ്യയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് ചിന്നിച്ചിതറിയ ചെറിയ ഷെയറുടമസ്ഥൻമാർക്ക് കമ്പനി ഭരണത്തിൽ യാതൊരു സ്വാധീനശക്തിയും ചെലുത്താനാവില്ല. ഈ സ്ഥിതിയിൽ ആകെയുള്ള മൂലധനത്തിന്റെ ഇരുപതോ മുപ്പതോ ശതമാനം ഇറക്കിയവർക്ക് വലിയ പ്രയാസമൊന്നും കൂടാതെ കമ്പനിയുടെ നിയന്ത്രണാധികാരം മുഴുവനും കയ്യിലാക്കാൻ കഴിയും.

അനേകം ഷെയറുകളുടെ ഉടമസ്ഥാവകാശമുള്ളതുകൊണ്ട് ഡയറക്ടർമാർക്ക് വലിയ വലിയ തുകകൾ ലാഭമായി കിട്ടും. ഡിവിഡൻറിനു പുറമെ ശമ്പളം, അലവൻസ്, സിറ്റിംഗ് ഫീസ് എന്നിങ്ങനെ പല പേരിലും അവർ സമ്പാദിക്കുന്നു. പോരെങ്കിൽ ഒരേ മുതലാളിക്ക് ഒന്നിലധികം കമ്പനികളുടെ ഡയറക്ടറാവുകയും ചെയ്യാം. അങ്ങനെ പല കമ്പനികളുടെയും മേൽനോട്ടം അവരുടെ ചുമതലയായിത്തീരും.

## ഷെയർ മാർക്കറ്റ്:

ഷെയർ ഹോൾഡർമാർക്ക് വേണമെങ്കിൽ തങ്ങളുടെ ഷെയറുകളുടെയും അതോടൊപ്പം അവയുടെ മേലുള്ള അവകാശങ്ങളേയും മറ്റുള്ളവർക്ക് വിൽക്കാവുന്നതാണ്. വേണമെന്നുതോന്നുമ്പോൾ ഒരു വ്യവസായത്തിലിറക്കിയ മൂലധനം പിൻവലിച്ച് മറ്റു വ്യവസായങ്ങളിലിറക്കാൻ ഇതു സൗകര്യം നൽകുന്നു. ഇത്തരം കൈമാറ്റങ്ങളെ സഹായിക്കുന്ന സ്ഥാപനങ്ങളാണ് ഷെയർ മാർക്കറ്റ്, സ്റ്റോക്ക് എക്സ്ചേഞ്ച് എന്നീ പേരുകളിൽ അറിയപ്പെട്ടുവരുന്നത്.

ആദ്യം ഷെയറുകൾ വിതരണം ചെയ്യുന്നത് നിശ്ചിതമായ വിലയ്ക്കായിരിക്കും. എന്നാൽ, പിന്നീട് ആ ഷെയറുകളെ ഷെയർമാർക്കറ്റിൽ വിൽക്കുകയാണെങ്കിൽ അവയുടെ വില അവയിൽനിന്നു കിട്ടുന്ന ഡിവിഡൻറിനെ ആശ്രയിച്ചാണിരിക്കുക. നൂറുറുപ്പികയുടെ ഒരു ഷെയറിന് 15ക. ഡിവിഡൻറ്കിട്ടുമെന്നിരിക്കട്ടെ. നൂറുറുപ്പിക ബേങ്കിൽ നിക്ഷേപിക്കുകയാണെങ്കിൽ അതിന് 5 ക. പലിശ കിട്ടുമെന്നും വിചാരിക്കുക. അപ്പോൾ നൂറു റുപ്പികയുടെ ഷെയറിനു കിട്ടുന്ന ഡിവിഡൻറ് മുന്നൂറുറുപ്പികയുടെ ബാങ്ക് പലിശയ്ക്ക്, സമമായിരിക്കും. ഈ പരിതഃസ്ഥിതിയിൽ നൂറുറുപ്പികയുടെ ഷെയറിന് മാർക്കറ്റിൽ കൂടുതൽ വില കിട്ടുമെന്നു പറയേണ്ടതില്ലല്ലോ!

ഷെയറുകൾ വാങ്ങാനും വിൽക്കാനുമുള്ള ഈ സൗകര്യത്തെ ചൂതുകളി വിദഗ്ധൻമാരായ മുതലാളികൾ തങ്ങൾക്കനുകൂലമായ വിധം, ഉപയോഗിക്കാൻ നോക്കാറുണ്ട്. ചെറിയ വിലയ്ക്കു ഷെയറുകൾ വാങ്ങി വലിയ വിലയ്ക്കു വിറ്റു ലാഭമടിക്കുകയാണു അവരുടെ ഉദ്ദേശം. കൃത്രിമമായ പല മാർഗ്ഗങ്ങളുപയോഗിച്ചു ഷെയറുകളുടെ വിലകളിൽ കയറ്റിറക്കങ്ങളുണ്ടാക്കാനും അങ്ങനെ വേണ്ടത്ര കരുതിയിരിക്കാത്ത ഷെയർ ഹോൾഡർമാരെ ദീപാളി കളിപ്പിക്കാനും അവർക്കു സാധിക്കുന്നു. ഏംഗെൽസ് പറയുന്നത് പോലെ, ചെറിയ മത്സ്യങ്ങളെ വലിയ മത്സ്യങ്ങൾക്കും ആട്ടിൻകുട്ടികളെ ചെന്നായ്ക്കൾക്കും വിഴുങ്ങാനുള്ള ഒരു സ്ഥലമാണ് സ്റ്റോക്ക് എക്സ്ചേഞ്ച്.

## വ്യവസായങ്ങളുടെ വളർച്ചയും കേന്ദ്രീകരണവും:

ജോയിൻറ് സ്റ്റോക്കുകളുടെ ആവിർഭാവം വ്യവസായത്തെ വിപുലമാക്കാൻ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. വ്യക്തികളായ മുതലാളികൾക്ക് ഊഹിക്കാൻപോലും

സാധിക്കാത്തത്ര വേഗത്തിലാണ് വ്യവസായങ്ങൾ വളരാൻ തുടങ്ങിയത്. വാസ്തവത്തിൽ, ജോയിൻറ് സ്റ്റോക്ക് സമ്പ്രദായത്തിന്റെ അനുഗ്രഹമില്ലായിരുന്നുവെങ്കിൽ ഇന്ന് നമ്മൾ കാണുന്ന റെയിൽവേകളും മോട്ടോർ നിർമ്മാണവും കപ്പൽനിർമ്മാണവും ഖനികളും അതുപോലെ മറ്റു വമ്പിച്ച വ്യവസായസ്ഥാപനങ്ങളും പൊന്തിവരുമായിരുന്നില്ല.

ജോയിൻറ് സ്റ്റോക്ക് കമ്പനികളുടെ ആവിർഭാവംകൊണ്ടുണ്ടായ മറ്റൊരു ഫലം മുതലാളികൾ തമ്മിൽത്തമ്മിലുള്ള മത്സരത്തിന്റെ ഊക്കുവർദ്ധിച്ചുവെന്നതാണ്. പണ്ടൊക്കെ മുതലാളികൾ ഒറ്റയ്ക്കൊറ്റയ്ക്കാണ് മത്സരിച്ചിരുന്നത്. ഇപ്പോൾ, അതിന്റെ സ്ഥാനത്തു വലിയ ജോയിൻറ് സ്റ്റോക്ക് കമ്പനികൾ തമ്മിലുള്ള മത്സരമാവിർഭവിച്ചു. ഇതു പണ്ടത്തെ മത്സരത്തെക്കാളും ഭയങ്കരമാണ്. മത്സരത്തിൽ തോൽക്കുന്നവർക്കുള്ള നഷ്ടവും വമ്പിച്ചതാണ്. ഓരോ കമ്പനിയും മറ്റു കമ്പനികളെ തോൽപ്പിക്കാൻവേണ്ടി മൂലധനത്തെ മേൽക്കുമേൽ വർദ്ധിപ്പിക്കുകയും കൂടുതൽ പരിഷ്കരിച്ച യന്ത്രങ്ങളുപയോഗിച്ചു ചുരുങ്ങിയ വിലയ്ക്ക് ചരക്കുകളുണ്ടാക്കി വിൽക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി മൂലധനകേന്ദ്രീകരണത്തിന്റെ ഗതിവേഗം വർദ്ധിക്കുന്നു.

കേന്ദ്രീകരണമെന്നുവച്ചാൽ ഉൽപാദനവ്യവസ്ഥയിൽ യന്ത്രങ്ങൾക്കായി നീക്കിവയ്ക്കുന്ന മൂലധനത്തിന്റെ തോതു കൂടുകയും തൊഴിലാളികളുടെ കൂലിക്കായി നീക്കിവയ്ക്കുന്ന ഭാഗം കുറയുകയും ചെയ്യുക എന്നർത്ഥമാണ്. അധ്വാനത്തിന്റെ തോതു കുറയുന്നതുകൊണ്ടു മുതലാളിക്കു കിട്ടുന്ന ലാഭത്തിന്റെ തോതും കുറഞ്ഞുകുറഞ്ഞുവരുന്നു. ലാഭത്തോതു കുറയുന്തോറും മുതലാളികൾ തമ്മിലുള്ള മത്സരത്തിന്റെ രൂക്ഷത വർദ്ധിക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരെ തോൽപ്പിച്ചു മാർക്കറ്റു കൈക്കലാക്കാനാണ് ഓരോ കമ്പനിയുടെയും ശ്രമം. ഈ മത്സരത്തിൽപ്പെട്ട് അനേകം കമ്പനികൾ പൊളിഞ്ഞുപോകുന്നു. ഒന്നു ചീയുന്നത് മറ്റൊന്നിനു വളംതന്നെ. വലിയ കമ്പനികൾ കൂടുതൽ വലിയ കമ്പനികളായിത്തീരുന്നു. മത്സരവും കേന്ദ്രീകരണവും പിന്നേയും തുടർന്നുകൊണ്ടുതന്നെ വരുന്നു. ഈ കേന്ദ്രീകരണത്തിന്റെയും മത്സരത്തിന്റെയും ഫലമായി കുറ്റൻ കമ്പനികളുടെ ലാഭത്തോതു കുറഞ്ഞുകുറഞ്ഞുവരുന്നു. ഒടുവിൽ കേന്ദ്രീകരണത്തിന്റെ വളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ മത്സരംകൊണ്ടു ലാഭമല്ല, വമ്പിച്ച നഷ്ടമാണുണ്ടാവുക എന്ന സ്ഥിതി വന്നുചേരുന്നു. ഈ ഘട്ടത്തിലാണ്, അതേവരെ പരസ്പരം മത്സരിച്ചുകൊണ്ടിരുന്ന മുതലാളികൾ കുത്തകകളായി സംഘടിക്കുന്നത്.

കാട്ടൽ, സിൻഡിക്കേറ്റ്, ട്രസ്റ്റ് എന്നിങ്ങനെ പലതരത്തിലുള്ള കുത്തകകളുണ്ട്. മുതലാളികൾ അല്ലെങ്കിൽ കമ്പനികൾ യോജിച്ചുകൊണ്ട് ഉല്പാദനത്തെയും വിതരണത്തെയും നിയന്ത്രിക്കുകയും തൊഴിലാളികളെയും ഉപഭോക്താക്കളെയും ചൂഷണം ചെയ്യുകയും ചെയ്യുന്നുവെന്നതാണ് അവരുടെ പൊതുസ്വഭാവം.

ഒറ്റയ്ക്കൊറ്റയ്ക്കു പ്രവർത്തിക്കുന്ന കമ്പനികളോട് മത്സരിക്കുവാനും അവയെ ചെൽപ്പടിക്കു കൊണ്ടുവരാനും വേണ്ടി കുത്തകകമ്പനികൾ പല അടവുകളും പ്രയോഗിക്കാറുണ്ട്. അസംസ്കൃത സാധനങ്ങൾ കിട്ടാതാക്കുക, ഗതാഗതം തടയുക, വ്യാപാരമാർഗ്ഗങ്ങൾ തകരാറാക്കുക, കുത്തകകമ്പനിയിൽ നിന്നുമാത്രമേ ചരക്കുകൾ വാങ്ങുകയുള്ളുവെന്ന് കച്ചവടക്കാരെകൊണ്ട് സമ്മതിപ്പിക്കുക, പലതരത്തിലുള്ള ബഹിഷ്കരണങ്ങൾ നടത്തുക, കടംകിട്ടാതാക്കുക, കുറച്ചുകാലത്തേയ്ക്ക് ചരക്കുകൾ വിലകുറച്ചുവിൽക്കുകയും അത്ര ചുരുങ്ങിയ വിലയ്ക്കുവിൽക്കാൻ കഴിയാത്ത

മറ്റുള്ളവരെ പൊളിയാൻ വിടുകയും ചെയ്യുക — ഇതൊക്കെയാണ് കുത്തകകമ്പനികളുപയോഗിക്കുന്ന സൂത്രങ്ങളിൽ ചിലത്.

കുത്തകകളുടെ ചരിത്രത്തെ മൂന്നു ഘട്ടങ്ങളായിട്ടാണ് വിഭജിക്കാറുള്ളത്. (1) പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ, 1850-നും 1870-നുമിടയിലാണ് സ്വതന്ത്രമായ മത്സരങ്ങൾ മൂർദ്ധന്യത്തിലെത്തിയത്. അവിടെവച്ചാണ് കുത്തകകൾ ആവിർഭവിക്കുന്നത്. (2) 1878-ലുണ്ടായ സാമ്പത്തിക കുഴപ്പത്തിനുശേഷം കുത്തകകൾ അതിവേഗം വളരാൻ തുടങ്ങി. പക്ഷേ 1900 — വരെയുള്ള ഘട്ടത്തിൽ അവയുടെ ശക്തി പരിമിതമായിരുന്നു. (3) 1900, 1908-ൽ ഉണ്ടായ സാമ്പത്തികക്കുഴപ്പത്തിനുശേഷം കുത്തകകൾ സാമ്പത്തികജീവിതത്തിന്റെ അടിസ്ഥാനമായിത്തീർന്നു.

ഇങ്ങനെ കുത്തകമുതലാളിത്തം സാമ്പത്തികജീവിതത്തിന്റെയാകെ അടിസ്ഥാനമായിത്തീരുന്ന കാലഘട്ടത്തെയാണ് സാമ്രാജ്യാധിപത്യം എന്നുപറയുന്നത്.

### ബാങ്കുകളുടെ പങ്ക്:

ആദ്യകാലത്ത്; അതായത് ജോയിൻറ് സ്റ്റോക്കു കമ്പനികളുടെ ആവിർഭാവത്തിനു മുമ്പ്, ബാങ്കുകൾക്ക് വ്യവസായങ്ങളിൽ വലിയ പങ്ക് വഹിക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം, നിശ്ചിതകാലത്തേയ്ക്കുമാത്രമായി വാങ്ങിവച്ചിട്ടുള്ള ഡിപ്പോസിറ്റുപണങ്ങൾ നീണ്ടകാലത്തേയ്ക്ക് വ്യവസായങ്ങളിലിറക്കുക എളുപ്പമായിരുന്നില്ല. എന്നാൽ, കമ്പനി സമ്പ്രദായമാവിർഭവിച്ചതിന്റെ ഫലമായി ഇഷ്ടമുള്ളപ്പോൾ ഷെയറുകൾ വിൽക്കാനും പണം പിൻവലിക്കാനും കഴിയുമെന്നായി. ഈ ഘട്ടത്തിലാണ് ബാങ്കുകൾ വ്യവസായങ്ങളിൽ കൂടുതലായി പണം നിക്ഷേപിക്കാൻ തുടങ്ങിയത്.

വ്യവസായം വളരുംതോറും കടത്തിന്റെ പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നു. ബാങ്കുകൾ വ്യവസായങ്ങളിൽ കൂടുതൽ കൂടുതൽ പണമിറക്കാൻ തുടങ്ങുന്നു. ഒടുവിൽ കുത്തകമുതലാളിത്തത്തിന്റെ ഘട്ടമാകുമ്പോഴേക്കും ബാങ്കുകൾ വ്യവസായങ്ങളുടെ പങ്കാളികളാവാൻ തുടങ്ങുന്നു. വ്യവസായ മൂലധനവും ബാങ്കു മൂലധനവും കൂടിച്ചേർന്നുണ്ടാകുന്ന പുതിയതരം മൂലധനമാണ് ഈ കാലഘട്ടത്തിലെ ഒരു പ്രത്യേകത.

കുത്തകകളുടെ കീഴിലും ലാഭത്തിനുവേണ്ടിത്തന്നെയാണ് ഉൽപാദനം നടത്തുന്നത്. മൂലധനത്തേയും ഉൽപാദനത്തെയും നിയന്ത്രിക്കുന്ന കുത്തകക്കാർക്കു മാർക്കറ്റുവിലകൾ വർദ്ധിപ്പിക്കാൻ കഴിയും. ജനങ്ങളുടെ ക്രയശക്തിയുടെ പരിമിതിയൊന്നുമാത്രമാണ് അവരുടെ ലാഭക്കൊതിക്ക് ഒരതിർത്തിയിടുന്നത്. സ്വന്തം രാജ്യത്തിലെ ജനങ്ങൾക്ക് ചരക്കുകൾ വാങ്ങാൻ കഴിവില്ലെന്ന് കാണുമ്പോൾ കുത്തകമുതലാളികൾ വിദേശമാർക്കറ്റുകളെ വെട്ടിപ്പിടിക്കാനൊരുങ്ങുന്നു. ഇതാണ് യുദ്ധങ്ങൾക്ക് വഴിതെളിക്കുന്നത്.

## 4 വിനിമയം

മുതലാളിത്തസമുദായത്തിൽ ഉല്പാദനം നടത്തുന്നത് ഉല്പാദകന്മാരുടെ സ്വന്തം ഉപയോഗത്തിനുവേണ്ടിയല്ല, വിനിമയത്തിനുവേണ്ടിയാണ്. പലരും പലതരത്തിലുള്ള ചരക്കുകളുണ്ടാക്കി പരസ്പരം കൈമാറുകയാണ് ചെയ്യുന്നത്. വിവിധ ചരക്കുകളുടെ വിലകൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ കഴിഞ്ഞാൽ മാത്രമേ വിനിമയത്തിന്റെ അടിസ്ഥാനതത്വങ്ങളെ നിർണയിക്കാൻ കഴിയൂ. അതുകൊണ്ടാണ് വിലയുടെ

അടിസ്ഥാനത്തെപ്പറ്റിയുള്ള ചർച്ചകൾക്ക് ധനശാസ്ത്രഗ്രന്ഥങ്ങളിൽ വലിയ സ്ഥാനം നൽകപ്പെട്ടിട്ടുള്ളത്.

## വിലയുടെ അടിസ്ഥാനം:

വിലയെപ്പറ്റിയുള്ള പല സിദ്ധാന്തങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവയിലൊന്ന് വിലയുടെ 'അധ്വാനസിദ്ധാന്തം' (Labour theory of value) എന്ന പേരിലാണറിയപ്പെടുന്നത്. ചരക്കുകളുടെ വിലകൾ അവയുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനത്തെ ആശ്രയിച്ചിരിക്കുമെന്ന ഈ സിദ്ധാന്തം കാറൽമാർക്സിന്റെ കണ്ടുപിടുത്തമാണെന്ന് ചിലർ ധരിച്ചുവച്ചിട്ടുണ്ട്. അതു ശരിയല്ല, ചരക്കുകൾ കൈമാറ്റം ചെയ്യുന്നത് അവയിലടങ്ങിയ അധ്വാനത്തിന്റെ തോതനുസരിച്ചാണെന്നു മാർക്സിനു മുമ്പുതന്നെ ആഡംസ്മിത്ത്, റിക്കാർഡോ തുടങ്ങിയ ശാസ്ത്രജ്ഞൻമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. യാതൊരു പ്രതിഫലവും കൊടുക്കാതെ സ്വത്തുക്കൾ കൈവശപ്പെടുത്തുന്ന നാടുവാഴികളുടെ സാമൂഹ്യവ്യവസ്ഥ പ്രകൃതിവിരുദ്ധമാണെന്നും മുതലാളിത്തം മാത്രമാണ് ന്യായമായിട്ടുള്ളതെന്നും തെളിയിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. പക്ഷേ, അവരുന്നയിച്ച തത്വം അപൂർണ്ണമായിരുന്നു. എന്തുകൊണ്ടെന്നാൽ, മുതലാളിക്കു കിട്ടുന്ന ലാഭത്തിന്റെ അടിസ്ഥാനമെന്തെന്നു വ്യക്തമാക്കുവാൻ അവർക്കു സാധിച്ചില്ല. കൈമാറ്റത്തിനിടയിൽ സ്വത്തുക്കളുടെ വില വർദ്ധിക്കുകയില്ലെങ്കിൽ ലാഭം എവിടെനിന്നാണുണ്ടാകുന്നത്. ഉദാഹരണത്തിന് 1000ക മൂലധനമിറക്കി തൊഴിലാളികളെകൊണ്ട് പണിയെടുപ്പിച്ച് ചരക്കുകളുണ്ടാക്കി വിൽക്കുന്ന ഒരു മുതലാളിക്ക് ഒടുവിൽ 1100 ക കിട്ടുന്നുവെന്നിരിക്കട്ടെ. തൊഴിലാളികൾക്ക് കിട്ടുന്ന കൂലി അവരുടെ അധ്വാനത്തിനു പ്രതിഫലമാണെന്നു റിക്കാർഡോ അഭിപ്രായപ്പെട്ടു. പക്ഷേ, അധ്വാനത്തിന്റെ തോതനുസരിച്ചാണ് കൈമാറ്റം നടക്കുന്നതെങ്കിൽ മുതലാളിക്ക് കൂടുതലായിക്കിട്ടിയ നൂററുറുപ്പിക എവിടെനിന്നുണ്ടായി? ഈ ചോദ്യത്തിനു സമാധാനം പറയാൻ റിക്കാർഡോവിനു കഴിഞ്ഞില്ല. ലാഭത്തിന്റെ അടിസ്ഥാനമെന്തെന്നു കാണാൻ കഴിയാഞ്ഞതുകൊണ്ടു വിലയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തം അപൂർണ്ണമായിത്തീർന്നു. റിക്കാർഡോവിന്റെയും മറ്റും ഈ കണ്ടുപിടുത്തത്തെ ഒരു ശാസ്ത്രീയതത്വമാക്കി ഉയർത്തുകയാണ് മാർക്സ് ചെയ്തത്. അധ്വാനവും അധ്വാനശക്തിയും തമ്മിൽ വ്യത്യാസമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. തൊഴിലാളിക്ക് അധ്വാനശക്തിയുടെ വിലമാത്രം കൊടുത്ത് ആ അധ്വാനശക്തിയുപയോഗിച്ചുണ്ടാകുന്ന അധ്വാനത്തിന്റെ ഫലം മുഴുവനും കൈവശപ്പെടുത്തുകയാണ് മുതലാളി ചെയ്യുന്നത്. ഒട്ടാകെയുള്ള അധ്വാനഫലത്തിന്റെ ഒരു ഭാഗം മാത്രമേ അധ്വാനശക്തിയുടെ വിലയെന്ന നിലയ്ക്കു കൊടുക്കേണ്ടി വരുന്നുള്ളു. മിച്ചമായ അധ്വാനഫലം മുതലാളി സ്വന്തമാക്കുന്നു. ഈ മിച്ചവിലയാണ് മുതലാളിയുടെ ലാഭത്തിന്റെ അടിസ്ഥാനമെന്ന് മാർക്സ് വ്യക്തമാക്കി.

മാർക്സിന്റെ ഈ കണ്ടുപിടുത്തം ധനശാസ്ത്ര ചിന്തകളിൽ വലിയൊരു വിപ്ലവമാണുണ്ടാക്കിയത്. കാരണം, വിലയേയും മിച്ചവിലയേയും സംബന്ധിക്കുന്ന ഈ തത്വം മുതലാളിയും തൊഴിലാളിയും തമ്മിൽ ആദായം പങ്കിട്ടെടുക്കുന്നതേതുവിധമാണെന്നു മാത്രമല്ല ചൂണ്ടിക്കാണിച്ചത്. വർഗ്ഗവിഭജനത്തിന്റെ എല്ലാ നഗ്നതകളേയും അതു തുറന്നുകാട്ടി. തൊഴിലാളികളുടെ മേൽ നടത്തപ്പെടുന്ന ചൂഷണമാണ് മുതലാളികളുടെ വർദ്ധിച്ചുവരുന്ന സ്വത്തുക്കളുടെയും മൂലധനകേന്ദ്രീകരണത്തിന്റെയും അടിസ്ഥാനമെന്ന് അതു വ്യക്തമാക്കി.

ഈ വിപ്ലവകരമായ സിദ്ധാന്തം ധനശാസ്ത്രജ്ഞന്മാരിലൊരു വിഭാഗത്തെ അസ്വസ്ഥമാക്കി. ഫ്യൂഡലിസത്തിനെതിരായി റിക്കോർഡോ ഉന്നയിച്ച ഒരു ധനശാസ്ത്രതത്വം മാർക്സിന്റെ കയ്യിൽ കിട്ടിയപ്പോഴേയ്ക്കും മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ ഒരായുധമായിത്തീർന്നുവെന്ന് കണ്ടപ്പോൾ അവരമ്പരന്നു. റിക്കാർഡോവിന്റെ ധനശാസ്ത്രം സ്വീകരിക്കുകയാണെങ്കിൽ അതിന്റെ യുക്തിയുക്തമായ തുടർച്ചയെന്ന നിലയ്ക്ക് മാർക്സിന്റെ ധനശാസ്ത്രം സ്വീകരിക്കേണ്ടിവരുമല്ലോ. അതുകൊണ്ടവർ റിക്കാർഡോവിനെപ്പോലും ഉപേക്ഷിച്ചു. വിലയെപ്പറ്റിയുള്ള പുതിയ തത്വങ്ങൾ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അങ്ങനെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടമായപ്പോഴേക്കും ഇംഗ്ലണ്ടിലും ഫ്രാൻസിലും ആസ്ത്രിയയിലും പുതിയ പുതിയ ധനശാസ്ത്രതത്വങ്ങൾ പൊന്തിവരാൻ തുടങ്ങി.

## 'ദൗർലഭ്യ' സിദ്ധാന്തം:

പ്രൊഫ: ഹായെക്കിന്റെ നേതൃത്വത്തിൽ 'ലണ്ടൻ സ്കൂൾ' എന്ന പേരിലറിയപ്പെടുന്ന ഒരു കൂട്ടം ധനശാസ്ത്രജ്ഞൻമാരുണ്ട്. കാറൽ മെൻഗർ, ബോഹം ബവെർക്ക് എന്നീ ആസ്ത്രിയൻ ധനശാസ്ത്രജ്ഞൻമാരുടെ കാൽപ്പാടുകളെ പിന്തുടർന്നുകൊണ്ട് അവരും ചരക്കുകളുടെ ദൗർലഭ്യത്തിനാണ് കൂടുതൽ സ്ഥാനം കൽപ്പിക്കുന്നത്. അതായത് ചരക്കുകൾക്കു വിലയുണ്ടാക്കുന്നത് അവയിലടങ്ങിയ അധ്വാനമല്ല, ഡിമാൻറിനെ അപേക്ഷിച്ച് അവയ്ക്കുള്ള ദൗർലഭ്യമാണ്.

വിലയുടെ അടിസ്ഥാനം ദൗർലഭ്യമാണെന്ന ഈ സിദ്ധാന്തം അശാസ്ത്രീയമാണെന്നു കാണാൻ പ്രയാസമില്ല. എന്തെന്നാൽ, നമ്മുടെ സമുദായത്തിൽ ചരക്കുകളുടെ ദൗർലഭ്യം വിലകളെ സൃഷ്ടിക്കുകയല്ല, നേരെ മറിച്ച് വിലയുടെ ആധിക്യം ദൗർലഭ്യത്തെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. വില കുറഞ്ഞ സാധനങ്ങൾ സാധാരണക്കാർക്കിടയിൽ ധാരാളമായി പ്രചരിക്കുന്നു. നേരെമറിച്ച് വില കൂടുതലുള്ള ചരക്കുകൾ വലിയ ധനവാൻമാരെ മാത്രമെ അനുഗ്രഹിക്കുന്നുള്ളു. ഭൂരിപക്ഷക്കാരെ സംബന്ധിച്ചിടത്തോളം അവ 'ദുർല്ലഭ'മാണ്. മാർക്സ് തന്റെ 'തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം' എന്ന ഗ്രന്ഥത്തിൽ എഴുതുകയുണ്ടായി:

"എന്തുകൊണ്ടാണ് പരുത്തിയും ഉരുളക്കിഴങ്ങും വോഡ്ക്കയും (ഒരു തരം വില കുറഞ്ഞ മദ്യം) മുതലാളിത്ത സമുദായത്തിന്റെ അടിക്കല്ലായിത്തീർന്നിട്ടുള്ളത്? കാരണം, അവയുണ്ടാക്കാൻ ഏറ്റവും കുറഞ്ഞ അധ്വാനമേ വേണ്ടൂ; അതുകൊണ്ട് അവയുടെ വിലകൾ ഏറ്റവും കുറവായിരിക്കുന്നു. പക്ഷേ, ഏറ്റവും വില കുറഞ്ഞ സാധനങ്ങളാണ് ഏറ്റവുമധികം വാങ്ങിയുപയോഗിക്കപ്പെടുന്നത്?... കാരണം ദാരിദ്ര്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സമുദായത്തിൽ ഏറ്റവും മോശമായ സാധനങ്ങളാണ് ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ആവശ്യങ്ങൾക്കുപകരിക്കുന്നത്."

'ദൗർലഭ്യ' സിദ്ധാന്തത്തിന്റെ അടിസ്ഥാനം സാമൂഹ്യഘടനയിലുണ്ടാകുന്ന മാറ്റങ്ങളോ സാമൂഹ്യമായ ഉൽപാദനവിതരണങ്ങളുടെ രീതിയോ അല്ല, നേരെമറിച്ച് വ്യക്തികളുടെ ആഗ്രഹങ്ങളും നിലവിലുള്ള ചരക്കുകളുടെ തുകയും തമ്മിലുള്ള ബന്ധമാണ്. അതായത്, ഈ സിദ്ധാന്തമനുസരിച്ച് വ്യക്തിപരമായ മനഃശാസ്ത്രമാണ് സമുദായത്തിന്റെ സാമ്പത്തിക നിയമങ്ങളെ നിർണയിക്കുന്നത്. വ്യക്തിയുടെ ഡിമാൻറിന്റെ ആധിക്യമാണ് വിലകളുടെ അടിസ്ഥാനം.

പക്ഷേ, ഡിമാൻറ് വാസ്തവത്തിൽ, വിവിധ വ്യക്തികളുടെയും വിവിധ ജനവിഭാഗങ്ങളുടെയും വരവുകളെ ആശ്രയിച്ചാണിരിക്കുക. പണക്കാരന്റെയും പട്ടിണിക്കാരന്റെയും ഡിമാൻറ് ഒരേതരത്തിലായിരിക്കില്ല. മറ്റൊരുവിധം പറഞ്ഞാൽ ഡിമാൻറി

ന്റെ അടിസ്ഥാനം സമുദായത്തിലെ വർഗവിഭജനമാണ്. അതുകൊണ്ടാണ് പണക്കാരും പ്രബലൻമാരുമായ ഒരു പിടി കുത്തകവ്യവസായക്കാർക്ക് ഭൂരിപക്ഷക്കാരുടെ ഡിമാൻറിനെ രൂപപ്പെടുത്താൻ കഴിയുന്നത്. ഇന്നത്തെ സമുദായത്തിൽ ഭൂരിപക്ഷക്കാരുടെ ഡിമാൻറുകളും ആഗ്രഹങ്ങളും ചരക്കുകളുടെ ഉൽപാദനവിതരണങ്ങളെ നിർണ്ണയിക്കുകയല്ല, നേരെമറിച്ച് നിലവിലുള്ള ഉൽപാദന സമ്പ്രദായം ഭൂരിപക്ഷക്കാരുടെ ഡിമാൻറുകളെ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വ്യക്തികളുടെ ഡിമാൻറാണ് വിലയുടെ അടിസ്ഥാനമെന്ന വാദം ശരിയല്ല.

## മാർജിനൽ യൂട്ടിലിട്ടി:

ഈ സിദ്ധാന്തമനുസരിച്ച് ഉപയോഗത്തിന്റെ ആധിക്യമാണ് വിലകളെ നിർണയിക്കുന്നത്. ജെവോൺസ് എന്ന ധനശാസ്ത്രജ്ഞൻ ഉറപ്പിച്ചു പറഞ്ഞു: 'വില പരിപൂർണമായും ഉപയോഗത്തെ ആശ്രയിച്ചാണിരിക്കുന്നത്.' പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്. വിവിധ ചരക്കുകളുടെ ഉപയോഗങ്ങളെ ഒരു പൊതുമാനദണ്ഡം കൊണ്ടളക്കുക എളുപ്പമല്ല. ഒരു ചരക്കിനുതന്നെ പലരും പല തോതിലുള്ള ഉപയോഗമാണ് കാണുക. ഒരാൾക്ക് മാർക്സിന്റെ 'ക്യാപിറ്റൽ' എന്ന പുസ്തകം ഏറ്റവും ഉപയോഗകരമായി തോന്നാം. മറ്റൊരാൾക്ക് വയറിളക്കാൻ കുറച്ച് ആവണക്കെണ്ണയായിരിക്കും കൂടുതൽ ഉപയോഗകരം. ഈ സ്ഥിതിക്ക്, കേവലം ഉപയോഗത്തെ അടിസ്ഥാനമാക്കി 'ക്യാപിറ്റലി'ന്റെയും ആവണക്കെണ്ണയുടെയും വിലകളെ താരതമ്യപ്പെടുത്തുന്നെങ്ങിനെയാണ്? ഇവിടെ ചരക്കിന്റെ വില കെട്ടിക്കുഴഞ്ഞ മാർക്കറ്റുപ്രശ്നങ്ങളെയോ സാമൂഹ്യബന്ധങ്ങളെയോ അല്ല, വ്യക്തിയുടെ ആഗ്രഹത്തെ മാത്രമാണാശ്രയിച്ചിരിക്കുന്നത്.

ദോശ ഉപയോഗകരമായ ഒരു സാധനമാണ്. പക്ഷേ, ഓരോ വ്യക്തിക്കും ദോശയുടെ ഉപയോഗത്തിന് ഒരതിർത്തിയുണ്ടായിരിക്കും. ചിലർക്ക് രണ്ടോ മൂന്നോ ദോശകൊണ്ട് വയർ നിറയും. മറ്റു ചിലർക്ക് 20-ഓ 40-ഓ കിട്ടിയാൽ തന്നെ ഒന്നുമാവില്ല. ഓരോ കൂടുതൽ ദോശയും ഉപയോഗത്തിന്റെ ആധിക്യത്തെ കുറച്ചുകൊണ്ടുവരുമെന്ന് ധനശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങിനെ ഒരതിർത്തിവരെയെത്തിയാൽ ദോശയുടെ ഉപയോഗം ഏറ്റവും കുറവായിരിക്കും. ഉപഭോക്താവിനെ തൃപ്തിപ്പെടുത്തുന്ന ഈ അതിർത്തിക്ക് 'ആവശ്യാതിർത്തി' അല്ലെങ്കിൽ 'മാർജിനൽ വാണ്ട്' (Marginal want) എന്നു പറയുന്നു. ഈ ആവശ്യത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി ചരക്കിന്റെ തുകയ്ക്ക് 'മാർജിനൽ യൂണിറ്റ്' എന്നും അതിന്റെ ഉപയോഗത്തിന് 'മാർജിനൽ യൂട്ടിലിറ്റി' എന്നുമാണ് പറയുന്നത്. ഈ അടിസ്ഥാനത്തിൽ മാർജിനൽ യൂണിറ്റിനു കൊടുക്കേണ്ടിവരുന്ന പണത്തിന്റെ തോതനുസരിച്ചാണ് വില കണക്കാക്കപ്പെടുന്നത്. കാരണം, അത് ആ വ്യക്തിയുടെ 'മാർജിനൽ യൂട്ടിലിറ്റി'ക്ക് സമമായിരിക്കും.

ഉപഭോക്താവിന് തന്റെ എല്ലാ ആവശ്യങ്ങളേയും മതിയാവോളം തൃപ്തിപ്പെടുത്താൻ സാധിച്ചില്ലെന്നു വരാം. അങ്ങനെ വരുമ്പോൾ, ഏറ്റവും കവിഞ്ഞ സംതൃപ്തി നേടുന്നതിനായി, വ്യത്യസ്ത ചരക്കുകളുടെ ആവശ്യങ്ങൾ തുല്യമായ ആധിക്യത്തിലെത്തുന്ന ഒരു ഘട്ടത്തിൽ നിയന്ത്രിക്കേണ്ടിവരും. ഈ ആശയങ്ങളിൽ നിന്നാണ് വിലയുടെ മാർജിൻയൂട്ടിലിട്ടി സിദ്ധാന്തം ഉന്നയിക്കപ്പെട്ടിട്ടുള്ളത്.

മാർക്കറ്റിൽ ഒരു ചരക്കിനു കൊടുക്കേണ്ടിവരുന്ന പണമാണത്രേ 'മാർജിനൽ യൂട്ടിലിറ്റി'യെ പ്രത്യക്ഷപ്പെടുത്തുന്നത്. പണവുമായി ചരക്കുകൾ വാങ്ങാൻ വരുന്ന ഒരുപഭോക്താവ് തന്റെ ആവശ്യങ്ങളെ അവയുടെ ആധിക്യത്തിന്റെ തോതനുസരി

ച്ച് രൂപപ്പെടുത്തുന്നു. ഏറ്റവും കവിഞ്ഞ സംതൃപ്തി വേണമെങ്കിൽ ഒരേ നിലയിലുള്ള 'മാർജിനൽ യൂട്ടിലിട്ടി'യുണ്ടാവണം. ഓരോ ചരക്കിന്റെയും വില അതിന്റെ 'മാർജിനൽ യൂണിറ്റി'നു കൊടുക്കേണ്ടിവരുന്ന പണത്തെ ആശ്രയിച്ചിരിക്കും; അത് ആ വ്യക്തിയുടെ 'മാർജിനൽ യൂട്ടിലിറ്റി'ക്കു സമമായിരിക്കുകയും ചെയ്യും.

മാനസികവും താത്വികവുമായ ഈ കണ്ടുപിടുത്തം പ്രായോഗിക ജീവിതത്തിൽ നിരർത്ഥകമാണെന്നു കാണാൻ വലിയ വിഷമമൊന്നുമില്ല. എന്തെന്നാൽ യഥാർത്ഥ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ചില കണക്കുകൂട്ടലുകൾ മാത്രമാണിത്.

ഒന്നാമത്, ചരക്കുകളുടെ തുകയെ പരിഗണിക്കാതെ സ്വന്തം കാലിൻമേൽ നിന്നുകൊണ്ടുള്ള വിലകളുടെ ഒരു മാനദണ്ഡമെന്ന നിലയ്ക്ക് പ്രവർത്തിക്കാൻ 'മാർജിനൽ യൂട്ടിലിറ്റി' സിദ്ധാന്തത്തിനു സാധിക്കുന്നില്ല.

രണ്ടാമത്, വ്യക്തികളുടെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും ആവശ്യങ്ങളുടെ നിയന്ത്രണത്തേയും മറ്റും പരിഗണിക്കുമ്പോൾ അവരുടെ വരുമാനമെന്തെന്നു നോക്കുന്നില്ല. പണക്കാരുടെയും പാവങ്ങളുടെയും ആവശ്യങ്ങളുടെ ആധിക്യത്തെ ഒരേ തോതിലാണ് കണക്കാക്കുന്നത്. അതായത് സാമൂഹ്യഘടനയുടെ സ്വഭാവത്തേയോ വിതരണത്തിലുള്ള ക്രമക്കേടുകളേയോ വർഗ്ഗവിഭജനത്തെയോ പരിഗണിക്കാതെ വെറും വ്യക്തിപരമായ ഉപയോഗത്തെ മാത്രമാണ് കണക്കാക്കുന്നത്. മാർക്കറ്റിലെ യാഥാർത്ഥ്യങ്ങളുമായി ഇതിന് യാതൊരു ബന്ധവുമില്ല.

മൂന്നാമത്, സർവ്വപ്രധാനമായി ഡിമാൻറിനെയാണ് കാണുന്നത്. ഡിമാൻറ് വ്യക്തിപരമായ ഉപയോഗത്തിന്റെ പ്രതിഫലനമാണെന്നും വ്യക്തിപരമായ ഉപയോഗമാണ് വിലയെ നിർണ്ണയിക്കുന്നതെന്നുമാണല്ലോ പറയുന്നത്. പക്ഷേ, യഥാർത്ഥ ജീവിതത്തിൽ ഡിമാൻറു മാർക്കറ്റുവിലകളെയല്ല, വിലകൾ ഡിമാൻറിനെയാണ് നിർണയിക്കുന്നതെന്നു കാണാം. വലിയൊരു വിഭാഗം ജനങ്ങൾക്ക് ജീവിതനിർവ്വഹണത്തിനാവശ്യമായ പണവും മറ്റു സൗകര്യങ്ങളുമില്ലാതിരിക്കെ, ഒരു ചരക്കിന്റെ വില ക്രമാതീതമായി വർദ്ധിച്ചാൽ അതുകൂടാതെ കഴിക്കാനും വില ക്രമാതീതമായി കുറഞ്ഞാൽ അതു കൂടുതൽ വാങ്ങിച്ചുപയോഗിക്കാനുമാണ് ആളുകൾ തയ്യാറാവുക.

മാർക്കറ്റുവിലകളെ നിർണ്ണയിക്കുന്ന കാര്യത്തിൽ ഡിമാൻറിന് യാതൊരു പങ്കുമില്ലെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. ഒരു ഭാഗത്ത് ഉൽപാദിപ്പിക്കാനാവശ്യമായ ചെലവുകളെയും മറുഭാഗത്ത് ചരക്കുകൾക്കുള്ള ഡിമാൻറിനേയും പരിഗണിക്കാതെ ഇഷ്ടംപോലെ വില നിശ്ചയിക്കാൻ മുതലാളികൾക്കു സാധിക്കുകയില്ല.

ഒരേ വ്യവസായത്തിൽ അനേകം മുതലാളികൾ മൂലധനമിറക്കിയിട്ടുണ്ടാവും. ഒരേ തരത്തിലുള്ള ചരക്കുകൾ പലരുമുണ്ടാക്കുന്നുണ്ടാവാം. ഡിമാൻറ് ധാരാളമുണ്ടെങ്കിൽ മുതലാളികൾക്കു പരിഭ്രമിക്കാനൊന്നുമില്ല; വില കയറ്റി വിൽക്കാൻ അവർക്ക് സാധിക്കും. പക്ഷേ, ഡിമാൻറ് കുറവാണെങ്കിൽ തന്റെ ചരക്കു വിറ്റഴിയണമെന്ന് ഓരോരുത്തരും ആഗ്രഹിക്കും. മുതലാളികൾ തമ്മിലുള്ള ഈ മത്സരം മാർക്കറ്റുവിലകളെ ബാധിക്കാതിരിക്കുകയില്ല.

നേരെ മറിച്ച് ചരക്കുകളുടെ ഉല്പാദനം ഏതാനും കുത്തകമുതലാളികളുടെ ആധിമുഖ്യത്തിലാണ് നടക്കുന്നതെങ്കിൽ കുറേയൊക്കെ വിലകയറ്റി വിൽക്കാൻ അവർക്കു സാധിക്കുന്നതാണ്. ഏറ്റവും പ്രബലരായ കുത്തക മുതലാളികൾ നിശ്ചയിക്കുന്ന വിലയ്ക്ക് ചരക്കുകൾ വിൽക്കാൻ മറ്റുള്ളവർ നിർബദ്ധരായിത്തീരും. അങ്ങനെ വരുമ്പോൾ വിലകളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ ഡിമാൻറുകളെ രൂപപ്പെട്ട

ത്തുകയല്ലാതെ ഭൂരിപക്ഷക്കാരായ ഉപഭോക്താക്കൾക്കു മറ്റു വഴിയൊന്നുമില്ല. 'മാർജിനൽ യൂട്ടിലിറ്റി സിദ്ധാന്തം' ഇവിടെ തികച്ചും നിസ്സഹായമാണ്.

ഈ പൊളിഞ്ഞ സിദ്ധാന്തത്തിനു യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നു ധനശാസ്ത്രജ്ഞൻമാർ തന്നെ മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടാണ് വിലയുടെ അടിസ്ഥാനത്തെ നിർണയിക്കുന്ന ഒരു തത്വമേ ആവശ്യമില്ലെന്ന ഒരു പുതിയ വാദം അടുത്തകാലത്തായി ചില ധനശാസ്ത്രജ്ഞൻമാർ പുറപ്പെടുവിക്കാൻ തുടങ്ങിയിട്ടുള്ളത്.

പക്ഷേ, വിലയുടെ അടിസ്ഥാനത്തെ നിർണ്ണയിക്കുന്ന ഒരു തത്വത്തിന്റെ സഹായം കൂടാതെ മുതലാളിത്ത വ്യവസ്ഥയുടെ വികാസക്രമത്തെപ്പറ്റിയാകട്ടെ, തൊഴിലില്ലായ്മ, സാമ്പത്തികകുഴപ്പം, സാമ്രാജ്യാധിപത്യം, യുദ്ധം മുതലായ വിഷമപ്രശ്നങ്ങളെപ്പറ്റിയാകട്ടെ പഠിക്കാൻ കഴിയില്ല. ഇത്തരം പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ സഹായിക്കുന്നുവെന്നതാണ് വിലയെ സംബന്ധിച്ചുള്ള മാർക്സിയൻ സിദ്ധാന്തത്തിന്റെ നേട്ടം.*

(ഇതിനെപ്പറ്റി കൂടുതൽ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഇതേ ഗ്രന്ഥകാരന്റെ 'ധനശാസ്ത്ര പ്രവേശിക', മാർക്സിയൻ ധനശാസ്ത്രം' എന്നീ പുസ്തകങ്ങൾ വായിക്കുക.)

## 5 പണം

ഒരു ചരക്കിന്റെ വില അതുണ്ടാക്കാനാവശ്യമായ സാമൂഹ്യാധ്വാനത്തെ ആശ്രയിച്ചിരിക്കും. പക്ഷേ, വിലകളെ അധ്വാനസമയം കൊണ്ടു നേരിട്ടളക്കാൻ വയ്യ. അതുകൊണ്ടാണ്, കൈമാറ്റ വ്യവസ്ഥയുടെ വളർച്ചയോടൊപ്പം പണത്തിന്റെ ആവശ്യം നേരിട്ടത്. ചരക്കുകളുടെ വിലകളെ സ്വർണ്ണംകൊണ്ടളക്കുവാൻ തുടങ്ങി. സ്വർണ്ണം വിലകളുടെ പൊതുരൂപമായിത്തീർന്നു. എന്നാൽ ഓരോ കൊള്ളക്കൊടുക്ക നടക്കുമ്പോഴും സ്വർണ്ണം തൂക്കി കൊടുക്കണമെന്നു വരുന്നത് വളരെ അസൗകര്യമാണ്. ആ അസൗകര്യം പരിഹരിക്കാൻവേണ്ടിയാണ് നിശ്ചിതമായ തൂക്കവും മറ്റുമുള്ള സ്വർണ്ണനാണ്യങ്ങളോ അവയെ പ്രതിനിധീകരിക്കുന്ന കടലാസുനോട്ടുകളോ ഉപയോഗിക്കാൻ തുടങ്ങിയത്.* (ഉറുപ്പികയുടെ ഉത്ഭവത്തെപ്പറ്റിയും ചരിത്രത്തെപ്പറ്റിയും മനസ്സിലാക്കാൻ ഇതേ ഗ്രന്ഥകാരന്റെ 'ഉറുപ്പിക' എന്ന പുസ്തകം വായിക്കുക.)

വിലകളെ അളക്കുവാനുള്ള ഉപകരണം, മാർക്കറ്റു വിലകളുടെ മാനദണ്ഡം, പ്രചലനത്തിന്റെ മദ്ധ്യവർത്തി, ധനസംഭരണത്തിനുള്ള ഉപകരണം, അടവിനുള്ള ഉപകരണം — ഇങ്ങനെ അഞ്ച് പ്രവർത്തനരംഗങ്ങളാണ് പണത്തിനുള്ളത്.

### വിലകളെ അളക്കാനുള്ള ഉപകരണം (Measure of Values)

മറ്റെല്ലാ ചരക്കുകളുടെയും വിലകളെ പ്രതിഫലിപ്പിക്കുന്ന ഒരു പൊതുചരക്കാണ് പണം. എന്നാൽ ഇത് സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ സഹജമായ ഗുണമാണെന്ന് തെറ്റിദ്ധരിക്കരുത്. നേരെ മറിച്ച് എല്ലാ ചരക്കുകളുടെയും വിലകളെ അളക്കാനുള്ള പൊതു ഉപകരണമായിത്തീരുമ്പോഴാണ് സ്വർണ്ണമോ വെള്ളിയോ പണമായിത്തീരുന്നത്.

ഒരു ചരക്കിന്റെ വില സാമൂഹ്യാധ്വാനത്തിന്റെ യൂണിറ്റുകളായിട്ടല്ല — എന്നുവെച്ചാൽ, ഇത്ര മണിക്കൂർ, ഇത്ര മിനിട്ട് എന്ന സമയക്കണക്കിലല്ല — പണത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കപ്പെടുന്നത്. 20 വാര തുണി = 2 ഗ്രാം സ്വർണ്ണം

— ഇതാണ് വിലയുടെ പണരൂപം. ഇവിടെ തുണിയുടെ വില പണത്തിന്റെ സഹായത്തോടുകൂടി അളക്കപ്പെടുന്നു. ചരക്കുകളുടെ വിലകളെ അളക്കാനുള്ള ഒരുപകരണമെന്ന നിലയ്ക്കാണ് പണം ഇവിടെ നിലകൊള്ളുന്നത്.

എന്നാൽ, പണം തന്നെ ഒരു ചരക്കായതുകൊണ്ടാണ്, പണത്തിനു തന്നെ വിലയുള്ളതുകൊണ്ടാണ്, അതിനു മറ്റു ചരക്കുകളുടെ വിലകളെ പ്രതിഫലിപ്പിച്ചു കാണിക്കാൻ കഴിയുന്നത്. 20 വാര തുണി, 2 ഗ്രാം സ്വർണത്തിനു സമമാണ് എന്നു പറഞ്ഞാൽ, വാസ്തവത്തിൽ 20 വാര തുണിയുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനവും 2 ഗ്രാം സ്വർണ്ണമുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനവും സമമാണ് എന്നർത്ഥമത്രെ. അപ്പോൾ, ചരക്കുണ്ടാക്കാനാവശ്യമായ സാമൂഹ്യാധ്വാനത്തിന്റെ തുകയിൽ മാറ്റമുണ്ടായാൽ പണത്തിന്റെ തുകയിലും മാറ്റമുണ്ടാകും. അതുപോലെ തന്നെ, സ്വർണ്ണം കൂടുതൽ എളുപ്പത്തിൽ കുഴിച്ചെടുക്കാൻ കഴിഞ്ഞാൽ ചരക്കുകളുടെ ആപേക്ഷിക വില (സ്വർണ്ണക്കണക്കിലുള്ള വില, അല്ലെങ്കിൽ മാർക്കറ്റു വില) വർദ്ധിക്കുന്നതുമായിരിക്കും.

ഉല്പാദനത്തിലുള്ള ടെക്നിക്കിൽ മാറ്റമുണ്ടായാലും ശരി, ഇല്ലെങ്കിലും ശരി, ഒരു നിശ്ചിത അളവിലുള്ള ചരക്കിന്റെ വില ഒരു നിശ്ചിത അളവിലുള്ള പണത്തിൽ പ്രതിഫലിക്കുമെന്നു തീർച്ചയാണല്ലോ. അതുകൊണ്ട് ഏതു ചരക്കിന്റെയും വിലയെ പണത്തിന്റെ സഹായത്തോടുകൂടി അളക്കാവുന്നതാണ്.

ഒരു മേശയുടെ വില ആ മേശയിലടങ്ങിയിട്ടുള്ളത്ര തന്നെ സാമൂഹ്യാധ്വാനത്തെ പ്രതിനിധീകരിക്കുന്ന പണത്തിനു സമമാണ്. ചരക്കുകളുടെ വിലകളെ അളക്കുവാനുള്ള ഒരുപകരണം എന്ന പങ്കാണ് പണം ഇവിടെ നിർവ്വഹിക്കുന്നത്.

എന്നാൽ ഒരു ചരക്കിന്റെ വിലയെ പണക്കണക്കിൽ അളക്കുവാൻ പണത്തിന്റെ സാന്നിദ്ധ്യം കൂടിയേ കഴിയു എന്നില്ല. ചരക്കിലടങ്ങിയ അധ്വാനം ഒരു നിശ്ചിത അളവിലുള്ള പണത്തിലടങ്ങിയ അധ്വാനത്തിനു സമമാണ് എന്നു കണക്കാക്കുക മാത്രമാണിവിടെ ചെയ്യുന്നത്. ഒരു ചരക്കു ശരിക്കു കൈമാറ്റം ചെയ്യുന്നതിനു മുമ്പും അതിന്റെ വിലയെന്തെന്നു പറയാവുന്നതാണല്ലോ. എന്റെ പുസ്തകം രണ്ടുറുപ്പികയ്ക്കു സമമാണ് എന്നു പറയുവാൻ എന്റെയോ നിങ്ങളുടെയോ കയ്യിൽ പണമുണ്ടായിക്കൊള്ളണമെന്നില്ല. അപ്പോൾ വിലകളെ അളക്കാനുള്ള ഉപകരണം എന്ന നിലയ്ക്കു പണത്തിനു സാങ്കൽപികമായ സാന്നിദ്ധ്യം മാത്രമുണ്ടായാൽ മതി.

## മാർക്കറ്റുവിലകളുടെ മാനദണ്ഡം (Standard of Prices)

വ്യത്യസ്ത ഗുണങ്ങളും വ്യത്യസ്തവിലകളുമുള്ള വിവിധ ചരക്കുകളെ പണത്തിന്റെ അടിസ്ഥാനത്തിൽ പരസ്പരം താരതമ്യപ്പെടുത്താൻ കഴിയുമെന്നു നമ്മൾ കണ്ടുകഴിഞ്ഞു. ചരക്കിന്റെ പണവിലയെ മാർക്കറ്റുവില (Price) എന്നു പറയുന്നു. വ്യത്യസ്ത ചരക്കുകളുടെ മാർക്കറ്റുവിലകൾ വിവിധ തോതിലായിരിക്കും. എന്നുവെച്ചാൽ, വിവിധ ചരക്കുകൾക്കു സമമായ പണത്തിന്റെ തുകകൾ വ്യത്യസ്തങ്ങളായിരിക്കും. എങ്കിലും ഒരു നിശ്ചിത അളവിലുള്ള സ്വർണ്ണത്തെ മാനദണ്ഡമായി നിശ്ചയിച്ച് ആ മാനദണ്ഡം കൊണ്ടു വ്യത്യസ്ത മാർക്കറ്റുവിലകളെ അളക്കാവുന്നതാണ്. എന്നുവച്ചാൽ, ഓരോ ചരക്കിന്റെയും മാർക്കറ്റുവിലയിൽ പണത്തിന്റെ എത്ര യൂണിറ്റുകൾ അടങ്ങിയിട്ടുണ്ട് എന്നു കണക്കാക്കാൻ സാധിക്കും. എന്നാൽ, ഒരു ചരക്ക് പണത്തിന്റെ എത്ര യൂണിറ്റുകൾക്ക് സമമാണെന്നുള്ളതു നമ്മൾ മാനദണ്ഡമായി നിശ്ചയിക്കുന്ന യൂണിറ്റിനെ ആശ്രയിച്ചിരിക്കും. ഒരേ ചരക്കിന്റെ മാർക്കറ്റുവില എത്ര ഔൺസ് സ്വർണ്ണത്തിനു സമമാണെന്നും എത്ര ഗ്രാം സ്വർണ്ണത്തിനും സമമാണെന്നും കണക്കാക്കാവുന്ന

താണല്ലോ. പൗണ്ട്, ഡോളർ, ഉറുപ്പിക, റൂബിൾ, ഫ്രാങ്ക് മുതലായ നാണ്യങ്ങൾ വ്യത്യസ്ത രാജ്യങ്ങളിൽ ഉപയോഗിക്കപ്പെടുന്ന മാനദണ്ഡങ്ങളാണ്. ഓരോ നാണ്യത്തിലും നിശ്ചിത തൂക്കത്തിലുള്ള സ്വർണ്ണമോ വെള്ളിയോ അടങ്ങിയിരിക്കും. അതുകൊണ്ട് ചരക്കുകളുടെ വിലകളെ പൗണ്ടുകണക്കിലോ ഡോളർ കണക്കിലോ ഉറുപ്പിക കണക്കിലോ അളക്കാവുന്നതാണ്. പക്ഷേ, ഏതു യൂണിറ്റുകൊണ്ടളന്നാലും — പൗണ്ടുകണക്കിൽ പറഞ്ഞാലും ശരി, ഡോളർ കണക്കിൽ പറഞ്ഞാലും ശരി — ഒരു ചരക്കിന്റെ വിലയെ പ്രതിനിധീകരിക്കുന്ന സ്വർണ്ണത്തിന്റെ അളവ് സമമായിരിക്കും. യൂണിറ്റുകളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുമെന്നേയുള്ളൂ.

ഒരു നിശ്ചിത തൂക്കമുള്ള സ്വർണ്ണത്തെ മാനദണ്ഡമാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ ചരക്കിന്റെയും വില കണക്കാക്കുകയാണ് നമ്മൾ ചെയ്യാറുള്ളത്. മാനദണ്ഡമായുപയോഗിക്കുന്ന ഈ യൂനിറ്റിനെത്തന്നെ അനേകം ഭാഗങ്ങളാക്കി വിഭജിക്കാവുന്നതാണ്. ഉദാഹരണത്തിന് ഒരുറാത്തൽ സ്വർണ്ണമാണ് യൂണിറ്റെങ്കിൽ അതിനെ ഓരോന്നിലും ഓരോ ഔൺസ് വീതമുള്ള 16 ഭാഗങ്ങളാക്കാം.

സ്വർണ്ണത്തിന്റെ വിലയിൽ മാറ്റമുണ്ടായാലും മാർക്കറ്റുവിലകളുടെ മാനദണ്ഡം എന്ന അതിന്റെ പ്രവർത്തനത്തിനു തടസ്സമുണ്ടാവില്ല. കാരണം, സ്വർണ്ണത്തിന്റെ വിലയ്ക്കു മാറ്റമുണ്ടായാലും വ്യത്യസ്തതൂക്കങ്ങളുള്ള സ്വർണ്ണ കഷണങ്ങളുടെ പരസ്പര ബന്ധത്തിനു മാറ്റമുണ്ടാവില്ല. സ്വർണ്ണത്തിന്റെ വിലയിൽ എന്തുതന്നെ മാറ്റങ്ങളുണ്ടായാലും 16 ഔൺസ് എല്ലായ്പ്പോഴും 1 ഔൺസിന്റെ 16 ഇരട്ടിയായിരിക്കും. പൗണ്ടിലടങ്ങിയ സ്വർണ്ണം കുറഞ്ഞാലും ശരി, അധികമായാലും ശരി, ഒരു ഷില്ലിംഗ് എല്ലായ്പ്പോഴും പൗണ്ടിന്റെ 20-ൽ ഒരു ഭാഗമായിരിക്കും.

ക്ലിപ്തമായ തൂക്കവും ശുദ്ധിയുമുള്ള ലോഹക്കഷണത്തെ സ്റ്റാൻഡേർഡായി ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടിയാണ് നാണ്യങ്ങൾ ആവിർഭവിച്ചത്. അതുമുതൽക്കാണ് മാർക്കറ്റുവിലകളെ അളക്കുവാനുള്ള പണം നാണ്യങ്ങൾ എന്ന രൂപം ധരിക്കാൻ തുടങ്ങിയത്.

സാധാരണമായി ഭരണാധികാരികളാണ് നാണ്യങ്ങൾ നിർമ്മിക്കാറുള്ളത്. എന്നാൽ, പണത്തിന്റെ ഓരോ യൂണിറ്റിനും നൽകപ്പെടുന്ന രാജകീയ മുദ്ര വാസ്തവത്തിൽ അതിന്റെ വിലയെയല്ല, തൂക്കത്തെയാണ് നിജപ്പെടുത്തുന്നത്. നാണ്യമാക്കപ്പെടുന്ന ലോഹക്കഷണത്തിന്റെ തൂക്കമെന്താണെന്നു പ്രഖ്യാപിക്കുക മാത്രമാണ് ഭരണാധികാരികൾ ചെയ്യുന്നത്. മാർക്സ് പറയുകയുണ്ടായി: 'രാജാവ് സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ നിർമ്മാതാവല്ല; അയാൾ നാണ്യങ്ങളുടെ പേരുകൾ മാത്രമാണ് നിർമ്മിക്കുന്നത്.'

വിവിധ രാജ്യങ്ങളിൽ മാർക്കറ്റുവിലകളെ അളക്കുവാനുപയോഗിക്കുന്ന മാനദണ്ഡങ്ങൾ പല തരത്തിലുള്ളതായിരിക്കും. എങ്കിലും ഒരു രാജ്യത്തിലെ മാർക്കറ്റുവിലകളെ മറ്റൊരു രാജ്യത്തിലെ മാർക്കറ്റുവിലകളുമായി താരതമ്യപ്പെടുത്താൻ കഴിയും. ഇതിന് ഓരോ രാജ്യത്തിലും മാനദണ്ഡമായുപയോഗിക്കുന്ന നാണ്യത്തിൽ എത്ര സ്വർണ്ണം അടങ്ങിയിട്ടുണ്ടെന്നു കണക്കാക്കണം. വിഭിന്ന രാജ്യങ്ങളിലെ കറൻസികൾ കൈമാറ്റം ചെയ്യപ്പെടുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെ.

## ദ്വിലോഹനാണ്യവ്യവസ്ഥ (Bimetalism)

മാർക്കറ്റുവിലകളെ അളക്കാൻ സ്വർണ്ണം തന്നെ വേണമെന്നില്ല. വെള്ളിയോ ചെമ്പോ ഉപയോഗിക്കാവുന്നതാണ്. എന്നുവച്ചാൽ, ഒരേ ചരക്കിന്റെ മാർക്കറ്റുവിലയെ വ്യത്യസ്ത അളവിലുള്ള വിവിധ ലോഹങ്ങൾകൊണ്ടളക്കാവുന്നതാണ്.

ഒരേ സമയത്തുതന്നെ സ്വർണ്ണം, വെള്ളി എന്നീ രണ്ട് വ്യത്യസ്ത ചരക്കുകൾ മാർക്കറ്റുവിലകളുടെ മാനദണ്ഡങ്ങളായി ഉപയോഗിക്കപ്പെടുകയാണെങ്കിൽ ഓരോ ചരക്കിനും വ്യത്യസ്തങ്ങളായ രണ്ട് മാർക്കറ്റുവിലകളുണ്ടാവും — സ്വർണ്ണക്കണക്കിലുള്ള മാർക്കറ്റുവിലയും വെള്ളിക്കണക്കിലുള്ള മാർക്കറ്റുവിലയും. സ്വർണ്ണത്തിൻറേയും വെള്ളിയുടെയും വിലകളുടെ തോത് (ഉദാ: 15:1) മാറാതിരിക്കുന്നതിടത്തോളം വലിയ തകരാറൊന്നുമുണ്ടാവില്ല. പക്ഷേ, ഈ തോതിൽ മാറ്റമുണ്ടായാൽ സ്വർണ്ണമാർക്കറ്റുവിലയും വെള്ളിമാർക്കറ്റുവിലയും തമ്മിലുള്ള ബന്ധത്തിലും മാറ്റമുണ്ടാകും. അതുകൊണ്ട്, ഒരേ രാജ്യത്തിൽ ചരക്കുകളുടെ മാർക്കറ്റുവിലകളെ അളക്കാൻ രണ്ടു മാനദണ്ഡങ്ങളുണ്ടാവുക എന്നത് — ദ്വിലോഹനാണ്യ വ്യവസ്ഥയെ നിലനിർത്തുകയെന്നത് — പ്രായോഗികമായ കാര്യമല്ല.

## പ്രചലനത്തിന്റെ മദ്ധ്യവർത്തി (Medium of circulation)

പ്രാചീനകാലങ്ങളിൽ ചരക്കു നേരിട്ടുകൊടുത്തു പകരം ചരക്കുവാങ്ങുക എന്ന കൈമാറ്റസമ്പ്രദായമാണ് നടപ്പുണ്ടായിരുന്നത്. ചരക്കുകൊടുത്തു ചരക്കുവാങ്ങുക, തുണികൊടുത്തു കൈക്കോട്ടു വാങ്ങുക — ഈ കൈമാറ്റ സമ്പ്രദായത്തിന് 'ബാർട്ടർ' എന്നു പറയുന്നു.

പണത്തിന്റെ ആവിർഭാവം ഈ കൈമാറ്റ സമ്പ്രദായത്തിൽ വലിയൊരു മാറ്റമുണ്ടാക്കി. ഇപ്പോൾ ചരക്കുകൊടുത്തു പകരം ചരക്കല്ല, പണമാണ്, വാങ്ങുന്നത്. നെയ്ത്തുകാരൻ ആദ്യമായി തന്റെ തുണി വിറ്റു പണം വാങ്ങുന്നു. പിന്നീട് ആ പണം കൊടുത്ത് കൈക്കോട്ട് വാങ്ങുന്നു. തുണി — പണം-കൈക്കോട്ട്, ഇതാണ് പുതിയ കൈമാറ്റ സമ്പ്രദായം. പണത്തിന്റെ സഹായത്തോടുകൂടി നടത്തുന്ന ഈ കൈമാറ്റത്തിനു പ്രചലനം എന്നു പറയുന്നു. പ്രചലനത്തിന്റെ മധ്യവർത്തി എന്ന നിലയ്ക്കാണ് പണം ഇവിടെ പ്രവർത്തിക്കുന്നത്.

പണം ആദ്യമായി ചരക്കുവാങ്ങുന്നവന്റെ കയ്യിൽ നിന്നു വിൽക്കുന്നവന്റെ കയ്യിലേക്കും പിന്നീട് അയാളിൽ നിന്നും മറ്റൊരു ചരക്കുടമസ്ഥന്റെ കയ്യിലേക്കും പോകുന്നു. ഇവിടെ പണം സാങ്കൽപികമായി കണക്കാക്കിയാൽ പോരാ, ശാരീരികമായി പ്രത്യക്ഷപ്പെടുകതന്നെ വേണം. പക്ഷേ, ഒന്നുണ്ട്: ചരക്കുടമസ്ഥൻ ചരക്കുവിറ്റ് പണം വാങ്ങുന്നത് അതുകൊടുത്തു മറ്റൊരു ചരക്കുവാങ്ങാൻ വേണ്ടിയാണ്. അതുകൊണ്ട് അത് അൽപസമയം മാത്രമേ അയാളുടെ കയ്യിൽ ഇരിക്കുന്നുള്ളു. പണം ഇവിടെ ക്ഷണികമായ ഒരു പങ്കു മാത്രമേ വഹിക്കുന്നുള്ളു. അതിനാൽ പൂർണവും, യഥാർത്ഥവുമായ പണത്തിന്റെ സ്ഥാനത്ത് ആ പണത്തിന്റെ പ്രതിനിധിയായി മറ്റു വല്ലതും — ടോക്കൺ നാണയങ്ങളോ കറൻസി നോട്ടുകളോ-ഉപയോഗിക്കാവുന്നതാണ്. പൂർണ്ണവിലയുള്ള നാണ്യങ്ങളെപ്പോലെതന്നെ ഈ ടോക്കൺ നാണ്യങ്ങൾ, നോട്ടുകൾ മുതലായവയ്ക്കും പ്രചലനത്തിന്റെ മധ്യവർത്തി എന്ന പങ്ക് നിർവിഘ്നം നിർവ്വഹിക്കാൻ കഴിയും. കാരണം, സ്വർണത്തിന്റെ വിലയെ അവ പ്രതിനിധീകരിക്കുന്നുണ്ട്.

ചരക്ക് കൊടുത്ത് പണം വാങ്ങി അതുകൊടുത്ത് ചരക്കുവാങ്ങുക (ചരക്ക് — പണം — ചരക്ക്) ഇതാണല്ലോ പ്രചലനത്തിൽ നടക്കുന്നത്. പണത്തിന്റെ മധ്യവർത്തിത്വം പ്രചലനത്തെ രണ്ടു ഘട്ടങ്ങളായി ഭാഗിക്കുന്നു. ചരക്ക് കൊടുത്ത് പകരം പണം വാങ്ങുന്നതോടുകൂടി ഒന്നാമത്തെ ഘട്ടമായി. ഇതിനാണ് വിൽപനയെന്ന് പറയുന്നത്. വിറ്റു കിട്ടിയ പണം കൊടുത്ത് മറ്റൊരു ചരക്ക് വാങ്ങുന്നതോടെ രണ്ടാ

മത്തെ ഘട്ടവും അവസാനിച്ചു. ഈ രണ്ടാമത്തെ ഘട്ടത്തിന് വിലയ്ക്കുവാങ്ങൽ എന്നു പറയുന്നു.

നെയ്ത്തുകാരൻ വസ്ത്രം വിൽക്കുന്നു; വിറ്റു കിട്ടിയ പണം കൊണ്ട് കയ്ക്കോട്ടു വാങ്ങുന്നു — ഈ അവസാനത്തെ ഘട്ടം, കയ്ക്കോട്ടുകാരന്റെ നിലയിൽനിന്നു നോക്കുമ്പോൾ, ഒന്നാമത്തെ ഘട്ടം മാത്രമാണ്. അയാൾ കയ്ക്കോട്ടു വിറ്റു പണം വാങ്ങുന്നു. അതൊരു വിൽപനയാണ്. വിറ്റുകിട്ടിയ പണം കൊണ്ട് അയാൾ തുണിയോ ആവശ്യമായ മറ്റു വല്ല സാധനമോ വാങ്ങുന്നു. അപ്പോൾ ഒരു ചരക്കുടമസ്ഥന് വിൽപ്പനയായി തോന്നുന്നത്, മറ്റൊരുത്തന് വിലയ്ക്കു വാങ്ങലായി തോന്നും. ഈ വ്യത്യാസം സാരമില്ല. കാരണം, തന്റെ അധ്വാന ഫലം മറ്റുള്ളവരുടെ അധ്വാനഫലവുമായി കൈമാറ്റം ചെയ്യുക എന്ന സാമൂഹ്യപ്രവർത്തനത്തിലാണ് ഓരോ ചരക്കുടമസ്ഥനും ഏർപ്പെട്ടിട്ടുള്ളത് എന്ന കാര്യത്തിൽ സംശയമില്ല.

പണത്തിന്റെ ആവിർഭാവം കൈമാറ്റത്തെ സുഗമമാക്കിതീർത്തു. ചരക്കുടമസ്ഥനു തന്റെ ചരക്കുവാങ്ങാൻ തയ്യാറുള്ളവനും പക്ഷേ, അതേ സമയത്തു തന്നെ തനിക്കാവശ്യമുള്ള മറ്റൊന്നു പകരം തരാൻ കഴിവുള്ളവനുമായ ഒരാളെ തേടിപ്പിടിക്കേണ്ട ആവശ്യമില്ലാതായി. അയാൾക്കതു പണത്തിനു വിൽക്കാം. ആ പണം കൊണ്ട് ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് വാങ്ങുകയും ചെയ്യാം. ഇത് കൈമാറ്റത്തിന്റെ വളർച്ചയെ സഹായിച്ചു.

പക്ഷേ, പ്രചലനത്തെ വിൽപന, വാങ്ങൽ എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായി വിഭജിക്കാൻ കഴിയുന്നതുകൊണ്ട് ചില ദോഷങ്ങളുണ്ട്. ഉദാഹരണത്തിന്, ഒന്നാമത്തെ ഘട്ടത്തിനുശേഷം ചരക്കുടമസ്ഥൻ തനിക്കു കിട്ടിയ പണം ചെലവിടാതെ മുറുക്കിപ്പിടിക്കുകയാണെങ്കിൽ പ്രചലനത്തിനു തടസ്സം നേരിടും. സാമ്പത്തിക കുഴപ്പം തുടങ്ങിയ വിഷമപ്രശ്നങ്ങളുടെ ബീജങ്ങൾ പ്രചലനത്തിന്റെ ഈ വിഭജനത്തിൽ ഒളിഞ്ഞുകിടപ്പുണ്ടെന്നു കാണാം.

## സംഭരണത്തിനുള്ള ഉപകരണം (Means of Hoardings)

പണത്തിന്റെ ആവിർഭാവം പ്രചലനത്തെ വിൽപ്പന, വാങ്ങൽ എന്നിങ്ങനെ രണ്ടു ഘട്ടങ്ങളാക്കി വിഭജിക്കുന്നുവെന്നു പറഞ്ഞുവല്ലോ. വിൽപന കഴിഞ്ഞ ഉടനെ തനിക്കാവശ്യമുള്ള മറ്റെന്തെങ്കിലും വാങ്ങാൻ ചരക്കുടമസ്ഥൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, വിറ്റു കിട്ടിയ പണം ചെലവിടാതെ മുറുകെപ്പിടിക്കുകയാണ് അയാൾ ചെയ്യുന്നതെങ്കിൽ, ആ പണത്തിനു പ്രചലനത്തിന്റെ മധ്യവർത്തിയെന്ന പങ്കു നിർവ്വഹിക്കാൻ കഴിയില്ല. സംഭരണത്തിനുള്ള ഉപകരണം എന്ന പങ്കാണ് പണം ഇവിടെ നിർവ്വഹിക്കുന്നത്. ചരക്കുവിൽപ്പനക്കാരൻ പണം സൂക്ഷിപ്പുകാരനായി മാറുന്നു. കഴിയുന്നിടത്തോളമധികം വില്ക്കുക, കഴിയുന്നിടത്തോളം കുറച്ചു വാങ്ങുക — ഇതാണ് സൂക്ഷിപ്പുകാരന്റെ സാമ്പത്തിക ശാസ്ത്രം. അയാളുടെ കയ്യിൽ പണം സ്വത്തിന്റെ സംഭരണത്തിനുള്ള ഒരുപകരണമാണ്.

കൈമാറ്റം അഭിവൃദ്ധിപ്പെടുന്തോറും പണത്തിന്റെ ഈ പ്രവർത്തനം വർദ്ധിച്ചുകൊണ്ടുവരുന്നു. അങ്ങിനെ കൈമാറ്റത്തിന്റെ വളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ പണത്തിനു 'മൂലധന'മെന്നു രൂപമെടുക്കാൻ സാധിക്കുന്നു.

## അടവിനുള്ള ഉപകരണം (Means of Payment)

ചില ചരക്കുകൾ ഉൽപ്പാദിപ്പിക്കാൻ കൂടുതൽ താമസമുണ്ടായെന്നുവരാം. മറ്റു ചില ചരക്കുകൾ എളുപ്പത്തിൽ ഉണ്ടാക്കാൻ കഴിയും. കൂടുതൽ സമയമെടുക്കുന്ന ആളുടെ ചരക്കിന്റെ പണി മുഴുമിക്കുന്നതിനു മുമ്പുതന്നെ മറ്റുള്ളവരുടെ ചരക്കുകൾ തയ്യാ

റാവുന്നു. എങ്കിലും കൂടുതൽ സമയമെടുക്കുന്ന ആൾക്ക് തന്റെ ചരക്കിന്റെ ഉൽപാദനം പൂർത്തിയാകുന്നതുവരെ ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ സാധിക്കുന്നില്ല. കാരണം, വാങ്ങാനുള്ളത് തയ്യാറായി കഴിഞ്ഞിട്ടുണ്ടെങ്കിലും വിൽക്കാനുള്ളത് തയ്യാറായിട്ടില്ല. അയാളെന്തു ചെയ്യും? ഒരു നിവൃത്തിയുണ്ട്: തന്റെ ചരക്കു പൂർത്തിയായതിനുശേഷം കൊടുത്തുകൊള്ളാമെന്ന നിബന്ധനയിന്മേൽ അയാൾക്കാവശ്യമായ സാധനങ്ങൾ ഇപ്പോൾത്തന്നെ വാങ്ങാവുന്നതാണ്. ഇവിടെ വാങ്ങൽ ആദ്യം തന്നെ കഴിഞ്ഞു. വിൽപന പിന്നീടാണ് നടക്കുന്നത്. മുൻകൂട്ടി ചരക്കുവാങ്ങുന്നവന് അധമർണ്ണനെന്നും പണം കിട്ടാതെ മുൻകൂട്ടി ചരക്കു വിൽക്കുന്നവന് ഉത്തമർണ്ണനെന്നും പറഞ്ഞു. ഒന്നാമത്തെ ചരക്കുടമസ്ഥൻ തന്റെ ചരക്കുണ്ടാക്കി കഴിഞ്ഞതിനുശേഷം അതു വിറ്റു പണമാക്കി ഉത്തമർണ്ണനായ രണ്ടാമത്തെ ചരക്കുടമസ്ഥനു കൊടുക്കുന്നു. ഇവിടെ പണം അടവിനുള്ള ഒരുപകരണമാണ്.

കൈക്കോട്ടുടമസ്ഥൻ തന്റെ കയ്ക്കോട്ട്, പണം പിന്നീട് കിട്ടുമെന്ന വിശ്വാസത്തിൽ, നെയ്ത്തുകാരന് കടം കൊടുക്കുന്നുവെന്നു വിചാരിക്കുക. നെയ്ത്തുകാരൻ തുണി നെയ്തുണ്ടാക്കിക്കഴിഞ്ഞതിനുശേഷം അതു മറ്റൊരാൾക്കു വിറ്റു പണം മേടിക്കുന്നു. ഇവിടെ പണം പ്രചലനത്തിന്റെ മധ്യവർത്തിയാണ്. അതേ പണം തന്നെ നെയ്ത്തുകാരൻ കൈക്കോട്ടു വിൽപ്പനക്കാരനു കൊടുത്തു തന്റെ കടം വീട്ടുന്നു. ഇവിടെ പണം അടവിനുള്ള ഉപകരണമാണ്.

വിൽപന, കടമിടപാട് മുതലായ പ്രവർത്തനങ്ങളുടെ പിന്നിൽ വിവിധ ചരക്കുകൾ നിർമ്മിക്കുന്ന ഉൽപാദകൻമാർ തമ്മിലുള്ള സാമൂഹ്യബന്ധം വ്യക്തമായി കാണാവുന്നതാണ്. അടവിനുള്ള ഉപകരണം എന്ന നിലയ്ക്കു പണം ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള സാമൂഹ്യബന്ധത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

ഇവിടെ ചരക്കുവാങ്ങാൻ പണത്തിന്റെ ആവശ്യം നേരിടുന്നില്ല. പണത്തിന്റെ സഹായം കൂടാതെ തന്നെ കൈമാറ്റം നടക്കുന്നു. പക്ഷേ, തൽക്കാലം പണമില്ലെങ്കിലും പണത്തിന്റെ അടിസ്ഥാനത്തിൽതന്നെയാണ് കൈമാറ്റം നടക്കുന്നത് എന്ന് തീർച്ചയാണ്. ഒരു നിശ്ചിത സമയത്തിനുശേഷം മാത്രമേ പണം രംഗപ്രവേശം ചെയ്യുന്നുള്ളൂ എന്നതാണ് കടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കൊള്ളകൊടുക്കകളുടെ പ്രത്യേകത. കൈമാറ്റ വ്യവസ്ഥ വളരുന്തോറും അത്തരം കൊള്ളകൊടുക്കകളും വർദ്ധിച്ചുകൊണ്ടുവരുന്നു. അതോടൊപ്പം അടവിനുള്ള ഉപകരണം എന്ന നിലയ്ക്ക് പണത്തിനുള്ള പങ്കും വർദ്ധിച്ചുവരുന്നു.

അടവിനുള്ള ഉപകരണം എന്ന പണത്തിന്റെ ഈ പ്രവർത്തനത്തിൽ നിന്നാണ് കാലക്രമത്തിൽ ഋണവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ബാങ്ക് നോട്ടുകൾ, പ്രോമിസറി നോട്ടുകൾ മുതലായവ ഉപയോഗിക്കാൻ തുടങ്ങിയത്.[1]

## 6 ഋണവ്യവസ്ഥ

ചരക്കുവിറ്റ് പണം വാങ്ങി ആ പണം കൊണ്ട് ആവശ്യമുള്ള മറ്റു ചരക്കുകൾ വാങ്ങുക ഇതാണ് വിനിമയത്തിൽ നടക്കുന്നത്. ചരക്കുകളുടെ കൈമാറ്റത്തെ എളുപ്പമാക്കിത്തീർക്കുന്ന ഒരു മധ്യവർത്തി എന്ന പങ്കാണ് പണം ഇവിടെ നിർവ്വഹിക്കുന്നത്. പക്ഷേ, പണമില്ലെങ്കിൽ വിനിമയം ഒരിക്കലും നടക്കുകയില്ലേ? ചരക്കുകളുണ്ട്; വാങ്ങാനാഗ്രഹിക്കുന്ന ആളുകളുമുണ്ട്; എന്നാൽ വാങ്ങാനാഗ്രഹിക്കുന്ന ആളുടെ കയ്യിൽ തൽക്കാലം പണമില്ല. ഈ പരിതഃസ്ഥിതിയിൽ എന്താണ് ചെയ്യുക?

---

[1] ഇതിനെപ്പറ്റി കൂടുതൽ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഇതേ ഗ്രന്ഥകാരന്റെ 'നാണയപ്രശ്നം' വായിക്കുക.

## കടത്തിന്റെ ആവശ്യം

ഒരു മില്ലുടമസ്ഥൻ കുറേ തുണിയുണ്ടാക്കിയെന്നും അതു വിറ്റഴിക്കാൻ ആറുമാസം പിടിക്കുമെന്നും വിചാരിക്കുക. ഉൽപാദനം മുടക്കം കൂടാതെ തുടർന്നുപോകണ മെങ്കിൽ അയാൾക്ക് കൽക്കരി, പരുത്തി, മുതലായ സാമഗ്രികൾ ആവശ്യമായി വരും. ഉണ്ടാക്കിയ ചരക്കു വിറ്റഴിച്ചു പണമാക്കിയാൽ മാത്രമല്ലേ അയാൾക്ക് മറ്റു ചരക്കുകൾ വാങ്ങാൻ സാധിക്കൂ? പക്ഷേ, അയാളുടെ പണം മുഴുവനും പെട്ടെ ന്നുപയോഗിക്കാൻ വയ്യാത്ത മുടക്കുമുതലിൽ മുടങ്ങിക്കിടക്കുകയാണ്. കൽക്കരി വാങ്ങാൻ അയാളുടെ കയ്യിൽ പണമില്ല. പണം കിട്ടാതെ കൽക്കരിയുടമസ്ഥൻ തന്റെ മുതലൊട്ടു കൈവിടുകയുമില്ല.

കൽക്കരി വിൽക്കാൻ തയ്യാറുള്ള ആളുണ്ട്; കൽക്കരി ആവശ്യമുള്ള ആളുമുണ്ട്. എന്നിട്ടു പണമില്ലാത്തതു കൊണ്ടു വിനിമയം നടക്കുന്നില്ല.

ഒരു നിവൃത്തിയുണ്ട്: ആറുമാസം വരെ, അതായത് മില്ലുടമസ്ഥൻ തന്റെ തുണി വിറ്റുപണമാക്കുന്നതുവരെ കൽക്കരിയുടമസ്ഥന് കാത്തിരിക്കാൻ കഴിയുമെങ്കിൽ കൈമാറ്റം ഇപ്പോൾതന്നെ നടത്താവുന്നതാണ്. പണം പെട്ടെന്നു കൊടുക്കുന്നതി നുപകരം ഒരു നിശ്ചിത സമയത്തിനുള്ളിൽ (ആറുമാസത്തിനുള്ളിൽ) അടച്ചുതീർ ക്കാമെന്ന കടബാധ്യതയിൻമേൽ ഇപ്പോൾ തന്നെ ചരക്കുവിൽപ്പന നടത്താം. അങ്ങനെയാണെങ്കിൽ, കൈമാറ്റത്തിനു പണത്തിന്റെ മധ്യവർത്തിത്വം കൂടിയേ കഴിയൂ എന്നില്ല. കടബാധ്യതയംഗീകരിച്ചുകൊണ്ട് ഭാവിയിൽ, നിശ്ചിത സമയത്തി നുള്ളിൽ പണമടച്ചുതീർത്തുകൊള്ളാമെന്ന ഒരു വാഗ്ദാനം പണത്തിന്റെ പ്രവർത്തി നിർവ്വഹിക്കുന്നു. പച്ചയായി പറഞ്ഞാൽ, ചരക്കുകൾ കടത്തിനു വിൽക്കുന്നു; പണം പിന്നീട് കൊടുത്താൽ മതി. അതിനാൽ, ഇവിടെ പണം വിനിമയത്തിന്റെ മധ്യവർ ത്തി എന്ന പങ്കല്ല, അടവിനുള്ള ഉപകരണം എന്ന പങ്കാണ് നിർവ്വഹിക്കുന്നത്.

ചരക്കുകളുടെ കൈമാറ്റത്തെ സുഗമമാക്കുകയും മൂലധനം ചരക്കുകളിൽ മുട ങ്ങിക്കിടക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകളെ കുറയ്ക്കുകയും ചെയ്യുന്ന ഈ കടത്തിന് വ്യാപാരകടം എന്നു പറയുന്നു.

മുതലാളിത്ത രീതിയിലുള്ള ഉൽപാദനത്തിന്റെയും വ്യാപാരത്തിന്റെയും വളർച്ച യോടൊപ്പം ഋണവ്യവസ്ഥയും വളർന്നിട്ടുണ്ട്. എന്നല്ല, ക്രമത്തിൽ അത് സാമൂഹ്യ ജീവിതത്തിന്റെ ഒരഭിവാജ്യഘടകമായിത്തീർന്നിരിക്കുന്നു. പണം മിക്കവാറും അട വിനുള്ള ഉപകരണം മാത്രമായിത്തീർന്നിരിക്കുന്നു. അതായത്, റൊക്കം പണത്തി നു വേണ്ടിയല്ല, ഒരു നിശ്ചിത ദിവസത്തിനുള്ളിൽ അടച്ചുതീർത്തുകൊള്ളാമെന്ന വാ ഗ്ദാനത്തിൻമേലാണ് ചരക്കുകളുടെ കൈമാറ്റം നടക്കുന്നത്. കടത്തിനു ചരക്കുകൾ വിറ്റഴിക്കുന്ന ഉത്തമർണ്ണൻതന്നെ പലപ്പോഴും കടത്തിനു ചരക്കുകൾ വാങ്ങുന്ന ഒര ധമർണ്ണൻ കൂടിയായിരിക്കും. ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുകയാണ് പണം ഇവിടെ ചെയ്യുന്നത്.

## എക്സ്ചേഞ്ച് ബില്ലുകൾ

കടംവാങ്ങുവാൻ കടം കൊടുക്കുന്നവന് ഒരു നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിത മായ സംഖ്യ മടക്കികൊടുക്കുന്നതാണെന്നുള്ള വാഗ്ദാനം എഴുതി ഒപ്പിട്ടുകൊടുക്കുക പതിവാണ്. മുകളിൽ പറഞ്ഞ ഉദാഹരണത്തിലാണെങ്കിൽ, മില്ലുടമസ്ഥൻ കൽ ക്കരിയുടമസ്ഥനോട് അയാളധികാരപ്പെടുത്തുന്ന മറ്റാർക്കെങ്കിലുമോ ഒരു നിശ്ചിത തീയതിയ്ക്കുള്ളിൽ പണം കൊടുത്തു തീർക്കാമെന്ന വാഗ്ദാനം എഴുതി ഒപ്പിട്ടു കൊടുക്കു ന്നതായിരിക്കും. ഇങ്ങനെ ഒപ്പിട്ടുകൊടുക്കുന്ന രേഖയ്ക്കാണ് എക്ചേഞ്ച് ബിൽ എന്നു

പറയുന്നത്. ഒരു നിശ്ചിതതീയതിയ്ക്കുള്ളിൽ അടച്ചു തീർക്കാനുള്ള കടത്തിന്റെ സർട്ടിഫിക്കറ്റാണ് എക്സ്ചേഞ്ച് ബിൽ എന്നു പറയാം.

മില്ലുടമസ്ഥൻ 1000 രൂപ വിലയുള്ള കൽക്കരി കടമായി വാങ്ങുക മാത്രമല്ല, 1000 ക. വിലയുള്ള തുണി മറ്റൊരു കച്ചവടക്കാരന് കടം കൊടുക്കുകകൂടി ചെയ്യുന്നുവെന്നിരിക്കട്ടെ. കച്ചവടക്കാരൻ മില്ലുടമസ്ഥന് ഒരു എക്സ്ചേഞ്ച് ബില്ലും മില്ലുടമസ്ഥൻ കൽക്കരിയുടമസ്ഥന് മറ്റൊരു എക്സ്ചേഞ്ച് ബില്ലും കൊടുക്കേണ്ടിവരും. എന്നാൽ, അതിന് പകരം മറ്റൊന്നു ചെയ്യാം. മില്ലുടമസ്ഥന് കച്ചവടക്കാരനിൽ നിന്നു കിട്ടാനുള്ള സംഖ്യ കൽക്കരിയുടമസ്ഥന് അധികാരപ്പെടുത്തിക്കൊടുക്കാം. അതായത്, താൻ വീട്ടാനുള്ള കടം കച്ചവടക്കാരനിൽ നിന്നും വസൂലാക്കിക്കൊള്ളാൻ കൽക്കരിയുടമസ്ഥനോടാവശ്യപ്പെടാവുന്നതാണ്. നിശ്ചിതസമയത്തിനുള്ളിൽ കച്ചവടക്കാരൻ 1000 രൂപ കൽക്കരിയുടമസ്ഥനു കൊടുത്താൽ രണ്ടുകടങ്ങളും ഒരേസമയത്ത് തീർന്നതായി കണക്കാക്കാം.

## ചില സാങ്കേതിക പദങ്ങൾ

കച്ചവടക്കാരൻ നേരിട്ടടയ്ക്കാമെന്നു വാഗ്ദാനം ചെയ്യുന്നതിനു പകരം നിശ്ചിതസംഖ്യയ്ക്കു മറ്റൊരാളെ ബാദ്ധ്യതപ്പെടുത്തിക്കൊടുക്കുകയാണെങ്കിൽ ആ ബില്ലിന് ഡ്രാഫ്റ്റ് എന്നു പറയുന്നു. ഡ്രാഫ്റ്റ് കൊടുക്കുന്ന ആളെ (നമ്മുടെ ഉദാഹരണത്തിൽ മില്ലുടമസ്ഥനെ) ഡ്രായർ (drawer) എന്നും അടച്ചുതീർക്കേണ്ട ആളെ (കച്ചവടക്കാരനെ) ഡ്രായീ (drawee) എന്നും ഡ്രാഫ്റ്റിൽ കാണിച്ച സംഖ്യ വസൂലാക്കുന്ന ആളെ (കൽക്കരിയുടമസ്ഥനെ പേയീ (payee) എന്നും പറയുന്നു.

അപ്പോൾ ഒരു സാധാരണ എക്സ്ചേഞ്ച് ബില്ലിന് രണ്ടുപേരുണ്ടായാൽ മതി. ഡ്രാഫ്റ്റിന് ചുരുങ്ങിയത് മൂന്നുപേരെങ്കിലും വേണം.

കൽക്കരിയുടമസ്ഥൻ മില്ലുടമസ്ഥനിൽ നിന്നു കിട്ടിയ ബില്ലിന്റെ ഉറപ്പിൻമേൽ കുറേ യന്ത്രസാമഗ്രികൾ കടമായി വാങ്ങാനാഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. എന്നാൽ അയാൾ ആ ബില്ല് യന്ത്രസാമഗ്രികളുടെ ഉടമസ്ഥന് 'എൻഡോർസ്' ചെയ്ത് കൊടുക്കും.

എക്സ്ചേഞ്ച് ബില്ലിൽ കാണിച്ച കാലാവധിക്കു മുമ്പുതന്നെ ഒരു മുതലാളിക്ക് വല്ല സംഗതിവശാലും പണത്തിന്റെ ആവശ്യം നേരിട്ടുവെങ്കിൽ തന്റെ കയ്യിലുള്ള ബിൽ മറ്റൊരു മുതലാളിക്ക് 'എൻഡോർസ്' ചെയ്തുകൊടുത്തു പണം വാങ്ങാം. പണം മുൻകൂർ കൊടുത്ത് എക്സ്ചേഞ്ച് ബിൽ സ്വീകരിക്കുന്ന മുതലാളി കാലാവധിക്കുശേഷം തന്റെ പണം വസൂലാക്കിക്കൊള്ളും. ഇങ്ങിനെ എക്സ്ചേഞ്ച് ബില്ലിന്റെ ഉടമസ്ഥന് ബില്ലിന്റെ കാലാവധിക്കു മുമ്പുതന്നെ മറ്റൊരാളിൽ നിന്നു പണം വാങ്ങാൻ കഴിയുന്നു. ഈ പ്രവർത്തിക്ക് 'ഡിസ്കൗണ്ടിംഗ്' (discounting) എന്നുപറയുന്നു.

പക്ഷേ, ഒരു കാര്യമുണ്ട്; പണം കയ്യിലുള്ള മുതലാളി യാതൊരു പ്രതിഫലവും കൂടാതെ എക്സ്ചേഞ്ച് ബിൽ ഡിസ്കൗണ്ട് ചെയ്തു കൊടുക്കാൻ ഇഷ്ടപ്പെടുകയില്ല. ബില്ലിൽ കാണിച്ച മുഴുവൻ സംഖ്യയും അയാൾ കൊടുക്കുകയില്ല. ഒരു നിശ്ചിത സംഖ്യ കിഴിച്ചെടുത്ത് ബാക്കിയേ കൊടുക്കുകയുള്ളു. ഇങ്ങനെ പിടിച്ചെടുക്കുന്ന സംഖ്യയ്ക്ക് 'ഡിസ്കൗണ്ട് പലിശ' (discounting interest) എന്നു പറയുന്നു.

## സമുദായത്തിൽ ഋണവ്യവസ്ഥയ്ക്കുള്ള സ്ഥാനം

മുതലാളിത്തരീതിയിലുള്ള ഉൽപാദനവ്യവസ്ഥയിൽ കടമിടപാടിന് അതിപ്രധാനമായ ഒരു പങ്കാണുള്ളത്. മൂലധനത്തിന്റെ പ്രചലനത്തെ സുഗമമാക്കുക, മുതലാ

ളികൾക്കിടയിലുള്ള കൊള്ളക്കൊടുക്കുകളെ എളുപ്പമാക്കിത്തീർക്കുക, രൊക്കപ്പണത്തിന്റെ സഹായമില്ലാതെതന്നെ കാര്യങ്ങൾ നിർവ്വഹിക്കുക, അങ്ങിനെ പ്രചലനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക — ഇതെല്ലാം എക്സ്ചേഞ്ച് ബില്ലുകൊണ്ടുള്ള നേട്ടങ്ങളാണ്.

മുതലാളിത്ത രീതിയിലുള്ള ഉൽപാദനം വർദ്ധിക്കുംതോറും ക്രെഡിറ്റിന്റെ പ്രാധാന്യവും വർദ്ധിക്കുന്നതാണ്. പണത്തിന്റെ മധ്യവർത്തിത്വം കൂടാതെതന്നെ പരുത്തിക്കാരന്റെ കയ്യിലുള്ള പരുത്തി നൂൽപ്പുകാരന്റെ കയ്യിലെത്തുന്നു. പണത്തിന്റെ സ്ഥാനത്ത് ഒരു വാഗ്ദാനപത്രം മാത്രമേയുള്ളൂ. നൂൽപ്പുകാരൻ തന്റെ നൂൽ നെയ്ത്തുകാരനും നെയ്ത്തുകാരൻ തന്റെ തുണി കച്ചവടക്കാരനും കച്ചവടക്കാരൻ അത് മറ്റൊരു കച്ചവടക്കാരനും കൊടുക്കുന്നു. എല്ലാം കടത്തിന്. മുകളിൽ പ്രസ്താവിച്ച പോലെ അനവധി എക്സ്ചേഞ്ച് ബില്ലുകളുടെ ആവശ്യമില്ല. ഒരേ ബിൽ ഒന്നിനുശേഷം മറ്റൊന്നായി അനേകം ഇടപാടുകളെ സഹായിക്കുന്നു. പണമില്ലെന്നതുകൊണ്ട് ഉൽപാദനത്തിനു യാതൊരു തടസ്സവുമുണ്ടാകുന്നില്ല. എന്നല്ല, എക്സ്ചേഞ്ച് ബില്ലുകളുടെ സഹായത്തോടുകൂടി കൈമാറ്റം കൂടുതൽ വേഗത്തിൽ നടക്കാൻ തുടങ്ങുമ്പോൾ ഉൽപാദനം വർദ്ധിക്കുകയാണ് ചെയ്യുക.

## പലിശയുടെ അടിസ്ഥാനം:

നേരിട്ട് ഉൽപാദനം നടത്തുന്നവർ തമ്മിൽതമ്മിൽ മാത്രമേ കടമിടപാടുകൾ പാടുള്ളൂ എന്നില്ല. ഒരാൾക്കു തന്റെ കയ്യിലുള്ള പണം ഉൽപാദനത്തിലിറക്കാതെ മറ്റൊരാൾക്കു കടംകൊടുക്കാനുപയോഗിക്കാം.

ഒരു പണക്കാരൻ തന്റെ കയ്യിലുള്ള 1000 ക മറ്റൊരാൾക്കു കടം കൊടുക്കുന്നുവെന്നിരിക്കട്ടെ. എന്നാൽ കടംവാങ്ങുന്ന ആൾക്ക് ആ ആയിരം ഉറുപ്പിക മൂലധനമെന്ന നിലയ്ക്ക് ഉപയോഗിക്കാനും അങ്ങിനെ അതിന്റെ സഹായത്തോടുകൂടി ലാഭം സമ്പാദിക്കാനും സാധിക്കും.

പണത്തിന്റെ ഉടമസ്ഥൻ തന്റെ 1000 ക. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ചെലവിടുകയോ അല്ലെങ്കിൽ പെട്ടിയിൽ സൂക്ഷിച്ചുവയ്ക്കുകയോ ആണ് ചെയ്യുന്നതെങ്കിൽ അതു മൂലധനമാകയില്ല. അപ്പോൾ കടംവാങ്ങുന്ന ആൾക്ക് മുതലാളി എന്ന നിലയ്ക്ക് പ്രവർത്തിക്കാൻ കഴിയുന്നതുതന്നെ പണമുടമസ്ഥനിൽ നിന്നു കടം കിട്ടുന്നതുകൊണ്ടാണ്. അതിനാൽ മൂലധനമെന്ന നിലയ്ക്ക് ആദ്യമായി പണമിറക്കുന്നത് പണമുടമസ്ഥനായ ഒന്നാമത്തെ മുതലാളിയാണ്.

ഒന്നാമത്തെ മുതലാളി ഇറക്കിയ പണം മൂലധനമെന്ന നിലയ്ക്ക് മടങ്ങിവരണമെങ്കിൽ കടംകൊടുത്ത സംഖ്യമാത്രം മടങ്ങിവന്നാൽ പോരാ. അതു ലാഭത്തോടുകൂടി മടങ്ങിവരണം. വെറുതെ, യാതൊരു പ്രതിഫലവും കൂടാതെ കടം കൊടുക്കാൻ ആരും ഇഷ്ടപ്പെടുകയില്ലല്ലോ. ഉൽപ്പാദനത്തിലേർപ്പെടുന്ന മുതലാളി തന്റെ ലാഭത്തിന്റെ ഒരു ഭാഗം പണമുടമസ്ഥനു കൊടുക്കാൻ തയ്യാറാവേണ്ടിവരും. പണമുടമസ്ഥനായ മുതലാളിയ്ക്കു കിട്ടുന്ന ലാഭത്തിനാണ് പലിശ എന്നു പറയുന്നത്.

അപ്പോൾ ഒരേ മൂലധനത്തിന്റെ രണ്ട് വ്യത്യസ്ത രൂപങ്ങളിൽ നിന്നാണ് പലിശയും ലാഭവുമുണ്ടാക്കുന്നത്. പലിശയെന്നത് മൂലധനത്തിന്റെ ഉടമസ്ഥാവകാശത്തിനുള്ള പ്രതിഫലമാണ്. ലാഭമാകട്ടെ മൂലധനത്തിന്റെ പ്രവർത്തനത്തിന് — മൂലധനമുപയോഗിക്കുന്നവന് കിട്ടുന്ന പ്രതിഫലനമാണ്. മുതലാളികളെ പണമുതലാളികളെന്നും വ്യവസായ മുതലാളികളെന്നും രണ്ടാക്കി തരംതിരിക്കുകയാണെങ്കിൽ

പണമുതലാളിയ്ക്ക കിട്ടുന്നത് പലിശയും വ്യവസായ മുതലാളിയ്ക്ക കിട്ടുന്നത് ലാഭവുമായിരിക്കും. ഇങ്ങനെ വ്യവസായത്തിൽ നിന്നുണ്ടാകുന്ന ആദായം വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ രണ്ടു ഭാഗങ്ങളായിത്തീരുന്നു — ലാഭവും പലിശയും.

അധമർണ്ണൻ എന്താവശ്യത്തിനാണ് കടം വാങ്ങിക്കൊണ്ടു പോകുന്നതെന്ന് പണമുതലാളി നോക്കുന്നില്ല. വ്യവസായത്തിലിറക്കാനായാലും ശരി, അല്ലെങ്കിലും ശരി, പണമുതലാളിക്ക് തന്റെ പണത്തിനു പലിശ കിട്ടണം.

ഒരു മുതലാളി തന്റെ സ്വന്തം പണം നേരിട്ട് വ്യവസായത്തിലിറക്കി പ്രവർത്തിക്കുകയാണെങ്കിൽ അയാൾക്ക് മൂലധനത്തിന്റെ ഉടമസ്ഥനെന്നും മൂലധനമുപയോഗിക്കുന്നവനെന്നും രണ്ടു പങ്കുണ്ടായിരിക്കും. പണം സ്വന്തമാണെങ്കിൽ പണമുടമസ്ഥനെന്ന നിലയ്ക്ക കിട്ടുന്ന പലിശയും മൂലധനമുപയോഗിക്കുന്നവനെന്ന നിലയ്ക്ക കിട്ടുന്ന ലാഭവും രണ്ടും അയാൾക്കുതന്നെ എടുക്കാവുന്നതാണ്.

### പലിശയും സാമൂഹ്യബന്ധങ്ങളും:

ഒരു വ്യക്തിക്ക് തന്റെ കയ്യിലുള്ള പണം മറ്റുള്ളവർക്ക് കടംകൊടുത്ത് പലിശ വാങ്ങിയനുഭവിക്കാനോ അല്ലെങ്കിൽ നേരിട്ടു വ്യവസായത്തിലേർപ്പെട്ട് ലാഭമുണ്ടാക്കാനോ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, പണമാണ് ലാഭത്തിന്റെയോ പലിശയുടെയോ അടിസ്ഥാനമെന്നു കരുതുന്നത് ശരിയായിരിക്കില്ല. സമുദായത്തിലെ മുഴുവൻ പണവും മൂലധനമാക്കി മാറ്റാമെന്നോ അല്ലെങ്കിൽ ഉൽപാദനം നടത്താതെ പലിശമാത്രം ഉണ്ടാക്കാമെന്നോ വിചാരിക്കുന്നത് തെറ്റാണ്. ധാരാളത്തിലധികം മുതലാളികൾ കടമിടപാട് നടത്തുന്ന പണമുതലാളികളായി തീരുകയും വ്യവസായത്തിൽ മൂലധനമിറക്കുന്നവരുടെ എണ്ണം വളരെയധികം കുറയുകയും ചെയ്താൽ, പണത്തിന്റെ സപ്ലൈ ഡിമാൻറിനെക്കാളധികമായാൽ, അതിന്റെ വിലയിടിയാൻ തുടങ്ങും. എന്നുവച്ചാൽ പലിശയുടെ നിരക്ക് കുറയാൻ തുടങ്ങും. ഫലമോ? പണമുതലാളികളിൽ പലർക്കും പലിശകൊണ്ടു മാത്രം ജീവിക്കാൻ വയ്യാതാവുകയും അങ്ങിനെ ഒടുവിൽ അവർ തങ്ങളുടെ പണം വല്ല വ്യവസായത്തിലുമിറക്കാൻ നിർബദ്ധിതരാവുകയും ചെയ്യും.

ഇത്രയും പറഞ്ഞതിൽ നിന്ന്, മുതലാളിത്ത രീതിയിലുള്ള ഉൽപാദനബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ് ലാഭമെന്നപോലെതന്നെ പലിശയും ഉണ്ടാകുന്നത് എന്നു മനസ്സിലാക്കാം. പലിശയുണ്ടാകുന്നത് പണമൂലധനത്തിന്റെ സഹജമായ ശക്തികൊണ്ടാണെന്നു വിചാരിയ്ക്കുന്നത്, പണം തന്നെത്താൻ വർദ്ധിക്കുമെന്ന് വിശ്വസിക്കുന്നത്, പലിശയുടെ അടിസ്ഥാനമായ സാമൂഹ്യബന്ധങ്ങളെ വിസ്മരിക്കലാണ്. പലിശയുടെ പിന്നിൽ പണമുതലാളിയും വ്യവസായ മുതലാളിയും തമ്മിലും വ്യവസായമുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധങ്ങളെ കാണണം. എന്നാൽ മാത്രമേ തൊഴിലാളികളുടെ അധ്വാനഫലമായുണ്ടാകുന്ന ആദായവും പണമുതലാളിയ്ക്ക കിട്ടുന്ന പലിശയും തമ്മിലുള്ള ബന്ധം വ്യക്തമായി മനസ്സിലാക്കാൻ കഴിയുകയുള്ളു.

## 7 ബാങ്കും പണമിടപാടും

കടമിടപാടുകൾ വ്യക്തികൾക്കു തമ്മിൽ നേരിട്ടുനടത്തുന്നതിനുപകരം അതിനായുള്ള ഒരു പ്രത്യേക സ്ഥാപനം വഴിക്കു നടത്താവുന്നതാണ്. ഈ സ്ഥാപനമാണ് ബാങ്ക്.

പണം കൈവശമുള്ള മുതലാളിക്ക് അത് കടമായി വാങ്ങാൻ തയ്യാറുള്ള മറ്റൊരാളെ തേടിപ്പിടിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അയാളതു ബാങ്കിൽ നിക്ഷേപിക്കുന്നു. പണമാവശ്യമുള്ളവർ അതു ബാങ്കിൽ നിന്നു വാങ്ങുന്നു. ഒരു മുതലാളിയുടെ മാത്രമല്ല, അനേകം മുതലാളിമാരുടെ, ഉപയോഗിക്കാതെ കിടക്കുന്ന പണം ബാങ്കു വാങ്ങിവെയ്ക്കുകയും അതുകൊണ്ട് ആവശ്യമുള്ളവരുമായി ഇടപാടു നടത്തുകയും ചെയ്യുന്നു. ഇങ്ങനെ പണമാവശ്യമുള്ള വ്യവസായമുതലാളികളുടെയും പണം കടംകൊടുക്കുന്ന പണമുതലാളികളുടെയും നടുക്ക് ഒരു മധ്യവർത്തിയായിട്ടാണ് ബാങ്ക് നിലക്കൊള്ളുന്നത്.

ബാങ്കിൽ നിന്നു കിട്ടുന്ന പണം മൂലധനമാക്കി ഉപയോഗിക്കാനും അങ്ങനെ ഉൽപാദനത്തെ വിപുലമാക്കുവാനും വ്യവസായ മുതലാളികൾ സാധിക്കുന്നു. കടമൂലധനത്തിന്റെ പ്രത്യേകതയാണിത്: മൂലധനത്തെ വ്യവസായത്തിലിറക്കുന്നത് ആ മൂലധനത്തിന്റെ ഉടമസ്ഥനല്ല, മറ്റൊരാളാണ്. കടമൂലധനത്തിന്റെ സഹായത്തോടുകൂടി വ്യവസായമുതലാളി കൂടുതൽ തൊഴിലാളികളെക്കൊണ്ടു പ്രവൃത്തിയെടുപ്പിക്കുകയും അങ്ങനെ കൂടുതൽ ലാഭമുണ്ടാക്കുകയും ചെയ്യുന്നു.

കടമൂലധനം ഉപയോഗിക്കാനുള്ള സമ്മതത്തിനു പ്രതിഫലമായി ആദായത്തിന്റെ ഒരു ഭാഗം ബാങ്കിനു കൊടുക്കുവാൻ വ്യവസായ മുതലാളി തയ്യാറാവേണ്ടിവരും. വ്യവസായ മുതലാളി കടംവാങ്ങിയ സംഖ്യ 1000 രൂപയാണെന്നും ഒരു കൊല്ലത്തിനുശേഷം 1080 രൂപ ബാങ്കിലേയ്ക്കു തിരിച്ചടയ്ക്കുന്നുവെന്നും വിചാരിക്കുക. എന്നാൽ, വ്യവസായ മുതലാളി താൻ വാങ്ങിയ കടത്തിന് 8 ശതമാനം പലിശ കൊടുക്കുന്നുണ്ടെന്നു പറയാം. ഈ എട്ട് ശതമാനത്തിന്റെ ഒരു ഭാഗം — ഉദാഹരണത്തിന് 5 ശതമാനം — ബാങ്കിൽ പണം നിക്ഷേപിച്ച പണമുടമസ്ഥന് കൊടുക്കുന്നതായിരിക്കും. ബാക്കിയുള്ള 3 ശതമാനം ബാങ്കിന്റെ ലാഭമാണ്. നമ്മളിപ്പോൾ പറഞ്ഞ ഉദാഹരണത്തിൽ ബാങ്കും വ്യവസായ മുതലാളിയും തമ്മിലുണ്ടായ 1000 രൂപയുടെ ഇടപാടിൽ ബാങ്കിന് കിട്ടുന്ന ലാഭം 80 രൂപയായിരിക്കും.

ബാങ്കിൽ നിന്നും കടംകൊടുത്ത 1000 രൂപ മൂലധനമാക്കി മാറ്റപ്പെടുകയാണ് ചെയ്യുന്നത്. ഈ അർത്ഥത്തിൽ മൂലധനംകൊണ്ട് ഇടപാടുകൾ നടത്തുന്ന ഒരു സ്ഥാപനമാണ് ബാങ്ക് എന്നു പറയാം.

## ബാങ്കിന്റെ മൂലധനം:

ഒരു ബാങ്കിൽ അതിന്റെ ഉടമസ്ഥൻമാർ നിക്ഷേപിച്ചിട്ടുള്ള പണത്തിന് ബാങ്കിന്റെ അടിസ്ഥാനമൂലധനമെന്നു പറയുന്നു. അനേകം മുതലാളികൾ കൂട്ടായിട്ടാണ് ബാങ്ക് നടത്തുന്നതെങ്കിൽ അവരിറക്കിയ മൂലധനത്തിന് ബാങ്ക് സ്റ്റോക്ക് എന്നു പറയും.

ബാങ്കിന്റെ ഉടമസ്ഥൻമാർ, അല്ലെങ്കിൽ സ്റ്റോക്ക് ഹോൾഡർമാർ, തങ്ങൾക്കു കൊല്ലം തോറുമുണ്ടാകുന്ന ആദായത്തിന്റെ ഒരു ഭാഗം ബാങ്കിനെ കൂടുതൽ വലുതാക്കാനും പരിഷ്ക്കരിക്കാനും വേണ്ടി നീക്കിവയ്ക്കും. ഇങ്ങനെ നീക്കിവയ്ക്കുന്ന സംഖ്യയ്ക്ക് റിസർവ്വ് മൂലധനം എന്നു പറയുന്നു.

ബാങ്കിനു പ്രധാനമായി രണ്ടുതരത്തിലുള്ള പ്രവർത്തനങ്ങളുണ്ട്: പല വ്യക്തികളിൽ നിന്നും പണം വാങ്ങി സൂക്ഷിക്കുന്നതിന് നിഷ്ക്രിയ പ്രവർത്തനമെന്നും (Passive bank Operations) ആ പണം ആവശ്യക്കാർക്കു വിതരണം ചെയ്യുന്നതിന് സക്രിയ പ്രവർത്തനം (Active Operations) എന്നും പറയാവുന്നതാണ്.

### നിഷ്ക്രിയ പ്രവർത്തനങ്ങൾ:

ബാങ്കിൽ നിക്ഷേപിയ്ക്കുന്നതിനുവേണ്ടി പലവഴിയായും പണം വന്നുചേരുന്നു. 1. വ്യവസായികളും വ്യാപാരികളും തങ്ങളുടെ റിസർവ്വഫണ്ടുകൾ സൂക്ഷിയ്ക്കുന്നത് ബാങ്കിലാണ്. അത്യാവശ്യകാര്യങ്ങൾക്കു വേണ്ടിവരുന്നതു കഴിച്ച് ബാക്കിയുള്ള പണമെല്ലാം പലിശയ്ക്കു കടം കൊടുക്കാനായി ഉപയോഗിക്കാം. 2. കടമിടപാടുനടത്തി പലിശ സമ്പാദിക്കാനാഗ്രഹിക്കുന്ന പണമുതലാളികൾ തങ്ങളുടെ പണമെല്ലാം ബാങ്കിൽ നിക്ഷേപിക്കുന്നു. ബാങ്കുവഴിയായിട്ടാണ് അവർ ഇടപാടുകൾ നടത്തുന്നത്. 3. വ്യവസായത്തിന്റെയും ഋണവ്യവസ്ഥയുടെയും വളർച്ചയോടൊപ്പം എല്ലാ വർഗ്ഗങ്ങളിലും പെട്ട ആളുകൾ തങ്ങളുടെ സമ്പാദ്യങ്ങളും പെട്ടെന്നാവശ്യമില്ലാത്ത പണവും എല്ലാം പലിശ കിട്ടണമെന്ന ഉദ്ദേശത്തോടെ ബാങ്കിൽ നിക്ഷേപിക്കാൻ തുടങ്ങുന്നു. ഒറ്റയ്ക്കൊറ്റയ്ക്ക് പണമൂലധനമായി പ്രവർത്തിക്കാൻ കഴിവില്ലാത്ത ചെറിയ ചെറിയ തുകകൾ ഇപ്രകാരം ഒന്നിച്ചുകൂടുമ്പോൾ ഒരു വലിയ ശക്തിയായിത്തീരുന്നു. 4. പണക്കാർ തങ്ങൾക്കു കുറേശ്ശെകുറേശ്ശെയായി ഉപയോഗിച്ച് തീർക്കാനുള്ള എല്ലാ വരവിനങ്ങളും ബാങ്കിൽ നിക്ഷേപിക്കുന്നു.

### ഡിപ്പോസിറ്റും ചെക്കും:

തനിക്കിഷ്ടമുള്ളപ്പോൾ മടക്കിക്കിട്ടണമെന്ന കരാറിൻമേൽ ഒരാൾ ബാങ്കിൽ പണം സൂക്ഷിക്കുന്നുവെങ്കിൽ അതിന് അസ്ഥിരം സൂക്ഷിപ്പ് എന്നും ഒരു നിശ്ചിതാവധിക്കു മുമ്പിൽ മടക്കിവാങ്ങുകയില്ലെന്ന കരാറിൻമേൽ സൂക്ഷിക്കുന്നതിന് സ്ഥിരം സൂക്ഷിപ്പ് എന്നും പറയുന്നു. സൂക്ഷിപ്പു പണം എടുത്തുപയോഗിച്ച് ലാഭമുണ്ടാക്കാൻ സൗകര്യപ്പെടുന്നതുകൊണ്ട് ബാങ്കുകൾ ഡിപ്പോസിറ്റർമാർക്ക് പലിശ കൊടുക്കും. അസ്ഥിരം ഡിപ്പോസിറ്റിൽനിന്നാണ് സ്ഥിരം ഡിപ്പോസിറ്റിനേക്കാൾ കൂടുതൽ പലിശ കിട്ടുക എന്നു പറയേണ്ടതില്ലല്ലോ.

ഡിപ്പോസിറ്റർക്ക് ബാങ്കിൽ നിന്ന് ഒരു ചെക്ക് പുസ്തകം കിട്ടും. ആവശ്യമുള്ള സംഖ്യ ചെക്കിലെഴുതി ഒപ്പിട്ടുകൊടുത്താൽ അയാൾക്കോ അയാൾ അധികാരപ്പെടുത്തുന്ന മറ്റാർക്കുമെങ്കിലും ബാങ്കിൽ നിന്നും കിട്ടുന്നതാണ്. ഒരാളിൽ നിന്നു കിട്ടിയ ചെക്കു മറ്റൊരാൾക്കും അയാൾ അത് മൂന്നാമതൊരുവനും മൂന്നാമൻ അത് നാലാമതൊരുവനും — ഇങ്ങനെ എത്രവേണമെങ്കിലും 'ട്രാൻസ്ഫർ' ചെയ്തുകൊടുക്കാവുന്നതാണ്. ഇപ്രകാരം ചെക്കിന്റെ സഹായത്തോടുകൂടി പണം നേരിട്ടുപയോഗിക്കാതെതന്നെ, ഇടപാടുകൾ നടത്താൻ കഴിയുന്നു. വ്യവസായം അഭിവൃദ്ധിപ്പെട്ട രാജ്യങ്ങളിലെല്ലാം കറൻസി വളരെ കുറച്ചുമാത്രമേ ഉപയോഗിക്കപ്പെടാറുള്ളൂ. ചെറിയ ചെറിയ അടവുകളൊഴിച്ചു മറ്റെല്ലാ പ്രധാനപ്പെട്ട അടവുകളും സാധാരണമായി, പണത്തിന്റെ സഹായമില്ലാതെ, ചെക്കുകൾ മുതലായവ വഴിക്കാണ് നടക്കുന്നത്.

### ബാങ്കിന്റെ സക്രിയ പ്രവർത്തനങ്ങൾ:

ബാങ്കു കൊടുക്കുന്ന കടങ്ങൾ പലതരത്തിലുണ്ട്. മുഖ്യമായ സേവനങ്ങളിലൊന്ന് എക്സ്ചേഞ്ച് ബില്ലുകൾ ഡിസ്കൗണ്ട് ചെയ്തുകൊടുക്കലാണ്. ബിൽ കൈവശമുള്ള മുതലാളിക്ക്, വേണമെങ്കിൽ, ആ ബില്ലിന്റെ ഉറപ്പിൻമേൽ ഡിസ്കൗണ്ടിംഗ് പലിശ കഴിച്ചു ബാക്കിയുള്ള സംഖ്യ ബാങ്കിൽ നിന്നു മുൻകൂട്ടി വാങ്ങാം. ബില്ലിന്റെ കാലാവധിക്കു ശേഷം അതിൽ കാണിച്ച സംഖ്യ വസൂലാക്കിയെടുക്കാൻ ബാങ്കിനധികാരമുണ്ടായിരിക്കും.

പണയത്തിൻമേൽ കടംകൊടുക്കൽ ബാങ്കിന്റെ മറ്റൊരു സക്രിയ പ്രവർത്തനമാണ്. സ്വർണപണ്ടങ്ങളുടെ ഉറപ്പിന്മേൽ മാത്രമല്ല, ഗവൺമെൻറു കടലാസുകൾ, സ്റ്റോക്കുകൾ, ലേഡിംഗ് ബില്ലുകൾ (Lading bills) ഡോക്യവാറണ്ടുകൾ മുതലായ രേഖകളുടെ ഉറപ്പിൻമേലും പണം അഡ്വാൻസ് ചെയ്യുക സാധാരണമാണ്.

കടംകൊടുക്കുന്നതു കുറഞ്ഞകാലത്തേയ്ക്കോ അധികകാലത്തേയ്ക്കോ ആവാം. സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഇടപാടുകൾ, ബില്ലുകൾ ഡിസ്കൗണ്ടുചെയ്യൽ മുതലായവ ചുരുങ്ങിയകാലത്തേയ്ക്കുള്ള ഇടപാടുകളാണ്. കച്ചവടത്തിന്റെയും വ്യവസായങ്ങളുടെയും പൊതു ആവശ്യങ്ങൾക്കുവേണ്ടി കടങ്ങളും ഓവർഡ്രാഫ്റ്റുകളും കൊടുക്കുന്നതു ചിലപ്പോൾ നീണ്ട കാലത്തേയ്ക്കായിരിക്കും. ബാങ്കിലുള്ള സൂക്ഷിപ്പുപണത്തെക്കാൾ കൂടുതൽ വാങ്ങാനുള്ള അവകാശത്തിനാണ് 'ഓവർ ഡ്രാഫ്റ്റ്' എന്നു പറയുന്നത്.

## ഋണവ്യവസ്ഥയും ചൂതാട്ടവും:

വ്യവസായത്തിന്റെ അഭിവൃദ്ധിയോടൊപ്പം പണം കൊണ്ടുള്ള ചൂതാട്ടങ്ങളും കൃത്രിമമായ ഇടപാടുകളും വർദ്ധിച്ചുവന്നിട്ടുണ്ട്. വിറ്റഴിയാത്ത ചരക്കുകളുടെ ഉറപ്പിന്മേൽ അഡ്വാൻസ് കിട്ടുമെങ്കിൽ അതു വാങ്ങി ഉൽപാദനം വീണ്ടും വർദ്ധിപ്പിക്കാനാണ് മുതലാളി പരിശ്രമിക്കുക. വീണ്ടും വീണ്ടും അഡ്വാൻസ് വാങ്ങുക, ചരക്കുനിർമ്മാണം മേൽക്കുമേൽ വർദ്ധിപ്പിക്കുക, അഡ്വാൻസ് കിട്ടാൻ വേണ്ടി മാത്രമായിട്ടാണെങ്കിലും വിറ്റഴിയാത്ത ചരക്കുകൾ വിദേശമാർക്കറ്റുകളിലേക്കയച്ചുകൊണ്ടിരിക്കുക — ഇങ്ങിനെ ഋണവ്യവസ്ഥ 'അമിതോൽപാദന'ത്തെ പ്രോത്സാഹിപ്പിക്കുന്നു. 'അമിതോൽപ്പാദന'മാകട്ടെ സാമ്പത്തിക കുഴപ്പത്തിൽ ചെന്നവസാനിക്കുകയും ചെയ്യുന്നു.

മറ്റൊന്നു കൂടിയുണ്ട്: ചൂതാട്ടവിദഗ്ധൻമാരും ആളെപ്പറ്റിക്കുന്നവരുമായ ചില മുതലാളികൾ ചിലപ്പോൾ മോശമായിക്കഴിഞ്ഞ വ്യവസായത്തെ നന്നാക്കുവാനോ മറ്റുള്ളവരുടെ മൂലധനം കൈക്കലാക്കുവാനോ വേണ്ടി കൃത്രിമമായ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യാറുണ്ട്. സാമ്പത്തിക കുഴപ്പം വരുമ്പോൾ ഇത്തരം വഞ്ചനകളെല്ലാം പെട്ടെന്നു പൊട്ടിത്തെറിക്കുന്നതു കാണാം.

## ബാങ്കിന്റെ പലിശനിരക്ക്:

പലിശയുടെ തോത് പണത്തിനുള്ള ആവശ്യക്കാരെ അനുസരിച്ചിരിക്കും. വ്യവസായ മുതലാളികളും പണമുതലാളികളും തമ്മിലുള്ള മത്സരമാണ് പലിശനിരക്കു നിർണ്ണയിക്കുന്നത് എന്നു പറഞ്ഞാൽ തെറ്റില്ല.

അഭിവൃദ്ധി, അമിതോൽപ്പാദനം, കുഴപ്പം, മാന്ദ്യം, വീണ്ടും അഭിവൃദ്ധി ഇങ്ങനെ വിവിധഘട്ടങ്ങളിലൂടെയാണല്ലോ ഉൽപാദനക്രമം തിരിയാറുള്ളത്. സാധാരണമായി, വ്യവസായാഭിവൃദ്ധിയുള്ള കാലങ്ങളിൽ — അതായത്, ചരക്കുകൾ എളുപ്പത്തിൽ വിറ്റഴിക്കുകയും ധാരാളം ലാഭം കിട്ടുകയും ചെയ്യുന്ന കാലങ്ങളിൽ പലിശനിരക്കു കുറഞ്ഞും സാമ്പത്തിക കുഴപ്പമോ വ്യവസായമാന്ദ്യമോ നേരിടുന്ന കാലങ്ങളിൽ പലിശനിരക്കു കൂടിയും ഇരിക്കുന്നതു കാണാം.

ഏറ്റവും കവിഞ്ഞ പലിശത്തോതു സാധാരണമായി കുഴപ്പക്കാലങ്ങളിലാണുണ്ടാവുക. കാരണം, കുഴപ്പക്കാലങ്ങളിൽ എക്സ്ചേഞ്ച് ബിൽ ഡിസ്കൗണ്ട് ചെയ്തു കിട്ടുവാനും ചരക്കു മുതലായ സെക്യൂരിറ്റികളുടെ ഉറപ്പിൻമേൽ കടംലഭിക്കുവാനും ബുദ്ധിമുട്ടുണ്ടാവും. ഇതു വാസ്തവത്തിൽ മൂലധനത്തെ — അല്ലെങ്കിൽ മൂലധനത്തിന്റെ പ്രതിരൂപമായ ചരക്കിനെ — പണമാക്കി മാറ്റാനുള്ള ബുദ്ധിമുട്ടാണ്. ചരക്കുകൾ ചിലവാകാതെ കെട്ടിക്കിടക്കുകയായതുകൊണ്ട് നിലവിലുള്ള ഇടപാടുകൾ

തീർക്കാൻ (കൊടുത്തുതീർക്കാനുള്ള പണം കൊടുത്തുതീർക്കാൻ) ഏതുവിധത്തി ലെങ്കിലും പണം കടംവാങ്ങേണ്ടതാവശ്യമായിവരുന്നു. ഈ സ്ഥിതിയിൽ ഉയർന്ന പലിശനിരക്ക് സ്വാഭാവികം മാത്രമായിരിക്കും.

പൊതുവിൽ പറയുമ്പോൾ, പണം കൂടുതലും ആവശ്യക്കാർ കുറവുമാണെങ്കിൽ പലിശനിരക്ക് താണും പണത്തിനുള്ള ആവശ്യക്കാർ കൂടുതലാണെങ്കിൽ പലിശനിരക്ക് കൂടിയുമിരിക്കും.

## ഡിപ്പോസിറ്റും ഇടപാടുകളും:

ഒരേ തുക തന്നെ അനേകം ഇടപാടുകൾക്കും അനേകം ഡിപ്പോസിറ്റുകൾക്കും ഉപയോഗിക്കാവുന്നതാണ്. എ എന്ന ആൾ തന്റെ നൂററുറപ്പിക ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്യുന്നുവെന്നു വിചാരിക്കുക. ബി ആ നൂറു റുപ്പിക ബാങ്കിൽ നിന്ന് വാങ്ങുകയും ഏതോ ഇടപാടുസംബന്ധിച്ച് സി യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. സി അതു വീണ്ടും ബാങ്കിൽ നിക്ഷേപിക്കുന്നു. ബാങ്ക് അതേ നൂറു റുപ്പിക വീണ്ടും ഡിക്കു കൊടുക്കുന്നു. ഡി അത് ഇയ്ക്ക് കൊടുക്കുകയും ഇ അത് വീണ്ടും ബാങ്കിൽതന്നെ നിക്ഷേപിക്കുകയും ചെയ്യുന്നു. ഈ ഉദാഹരണത്തിന് ഒരേ തുക എ യുടേയും സി യുടേയും ഇ യുടെയും ഡിപ്പോസിറ്റുകളായിത്തീരുന്നു. ഇടപാടുകളും ഡിപ്പോസിറ്റുകളും ഇങ്ങനെ എത്ര വേണമെങ്കിലും വർദ്ധിപ്പിക്കാവുന്നതാണ്. ഡിപ്പോസിറ്റുകൾ വാസ്തവത്തിൽ പണത്തിന്റെ രൂപത്തിലല്ല ബാങ്കിലെ അക്കൗണ്ടു പുസ്തകങ്ങളിൽ മാത്രമാണ് കിടക്കുന്നത്. ചില ബാങ്കുകൾ ഇങ്ങനെ കയ്യിലുള്ള പണത്തിന്റെ എത്രയോ ഇരട്ടികൊണ്ട് ഇടപാടു നടത്തുകയും ലാഭമുണ്ടാക്കുകയും ചെയ്യാറുണ്ട്. പക്ഷേ, ചിലപ്പോളിതു ബാങ്കിന്റെ പൊളിച്ചിലിനുതന്നെയും ഇടവരുത്തിയെന്നു വരും. ഏതാനും ഡിപ്പോസിറ്റർമാർ ഒരേസമയത്തു തങ്ങളുടെ പണം മടക്കിച്ചോദിച്ചാൽ പൊളിയുകയല്ലാതെ മറ്റെന്താണ് ചെയ്യുക?

## ബാലൻസ് ഷീറ്റ്:

തങ്ങളുടെ കക്ഷികളുടെ വിശ്വാസത്തെ നിലനിർത്താൻ വേണ്ടി ബാങ്കുകൾ ഇടയ്ക്കിടയ്ക്ക് — മിക്ക പ്രധാന ബാങ്കുകളും ആഴ്ചയിലൊരിക്കൽ — തങ്ങളുടെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന, വരവ് ചെലവുകൾ പ്രസിദ്ധം ചെയ്യുക പതിവാണ്. ഇത് ബാങ്കിന്റെ ബാലൻസ്ഷീറ്റ് എന്നു പറയുന്നു. വരവിനത്തിൽ ബാങ്ക് മറ്റുള്ളവരിൽ നിന്നു പിരിഞ്ഞുകിട്ടാനുള്ള സംഖ്യകളുടെ വിവരങ്ങളും രൊക്കമുള്ള പണവും മറ്റു ബാങ്കുകളിൽ നിക്ഷേപിച്ച സംഖ്യയും ഉൾപ്പെടും. ചെലവിനത്തിൽ ഷെയർ ഹോൾഡർമാർക്കും ഡിപ്പോസിറ്റർമാർക്കും മറ്റും കൊടുത്തു വീട്ടാനുള്ള സംഖ്യകളുടെ വിവരങ്ങളാണുണ്ടായിരിക്കുക.

## ക്ലിയറൻസ് ഹൗസ്:

ഇന്നത്തെ സമുദായത്തിൽ പണത്തിന്റെ കൊള്ളക്കൊടുക്കുകളുടെ സ്ഥാനത്ത് ചെക്കുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുവെന്നു പറഞ്ഞുവല്ലോ. ഈ ചെക്കുകളെ വീണ്ടും പണമാക്കി മാറ്റണമെങ്കിൽ അവയെ വിതരണം ചെയ്ത ബാങ്കിനെത്തന്നെ ആശ്രയിച്ചേ കഴിയു എന്നില്ല. ചെക്കുകൾ സ്വീകരിക്കുന്നവർ അവയെ 'ഇഷ്യ' ചെയ്ത ബാങ്കുകൾ വഴിയ്ക്കല്ല, തങ്ങളുടെ സ്വന്തം ഇടപാടുകളുള്ള ബാങ്കുകൾ വഴിയാണ് കൊള്ളക്കൊടുക്കുകൾ നടത്താനിഷ്ടപ്പെടുക. അങ്ങനെ എ എന്ന ബാങ്ക് വിതരണം ചെയ്ത ചെക്കുകൾ ബി എന്ന ബാങ്കിലും ബി എന്ന ബാങ്ക് വിതരണം ചെയ്ത

ചെക്കുകൾ സി എന്ന ബാങ്കിലും എത്തിച്ചേരുന്നു. അതുകൊണ്ട് ചെക്കുകൾ ബില്ലുകൾ മുതലായവയുടെ കാര്യത്തിൽ ഓരോ ബാങ്കിനും മറ്റുബാങ്കുകളുമായി പരസ്പരം കടബാധ്യതകളുണ്ടായിരിക്കും. ഓരോ ബാങ്കും മറ്റുള്ള എല്ലാ ബാങ്കുകളുമായി ഇടപാടുകൾ ശരിപ്പെടുത്തണമെന്നു വരുന്നത് ബുദ്ധിമുട്ട് പിടിച്ച പണിയാണ്. അതിനാൽ, എല്ലാ ബാങ്കുകൾക്കും ഒരേ സ്ഥലത്തുവച്ച് തന്താങ്ങളുടെ ഇടപാടുകളെല്ലാം ശരിപ്പെടുത്താൻ സൗകര്യപ്പെടുത്തുന്ന ഒരു സ്ഥാപനമാവശ്യമാണ്. ഈ സ്ഥാപനത്തെയാണ് ക്ലിയറിംഗ് ഹൗസ് എന്നുപറയുന്നത്. ഓരോ ബാങ്കും ചെക്കുകളോ ബില്ലുകളോ വഴിയ്ക്ക് മറ്റുബാങ്കുകൾക്ക് കൊടുക്കാനുള്ള സംഖ്യകളുടെയും മറ്റു ബാങ്കുകളിൽ നിന്ന് കിട്ടാനുള്ള സംഖ്യകളുടെയും ഒരു പട്ടിക തയ്യാറാക്കി ക്ലിയറിംഗ് ഹൗസിലേയ്ക്കയക്കുന്നു. ഓരോ ബാങ്കിലും ക്ലിയറിംഗ് ഹൗസിൽ സ്വന്തമായ കണക്കുകളുണ്ടായിരിക്കും. മറ്റു ബാങ്കുകളിൽ നിന്നു കിട്ടാനുള്ള സംഖ്യ ക്ലിയറിംഗ് ഹൗസിലുള്ള ഈ അക്കൗണ്ടിൽ കൂട്ടിച്ചേർക്കുകയും മറ്റു ബാങ്കുകൾക്ക് കൊടുക്കാനുള്ള സംഖ്യ അതിൽ നിന്ന് തട്ടിക്കിഴിക്കുകയും ചെയ്യും. ഇടപാടുകൾ നടത്തുന്നതിലുള്ള നിരവധി ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കാനും ലോഹനാണയങ്ങളുടെയോ കറൻസി നോട്ടുകളുടെയോ സഹായം കൂടാതെതന്നെ കാര്യങ്ങൾ നിർവ്വഹിക്കാനും ഈ ഏർപ്പാടുകൊണ്ടു സാധിക്കുന്നു.

ഇന്ത്യയിൽ ക്ലിയറിംഗ് ഹൗസിന്റെ പ്രവർത്തി മദ്രാസ്, കൽക്കത്ത, ബോംബെ എന്നീ പ്രധാന നഗരങ്ങളിൽ റിസർവ് ബാങ്കും റിസർവ്വ ബാങ്കിന്റെ ശാഖകളില്ലാത്ത സ്ഥലങ്ങളിൽ ഇമ്പീരിയൽ ബാങ്കുമാണ് നിർവ്വഹിയ്ക്കുന്നത്.

## 8 ബാങ്കിന്റെ ചരിത്രം

കടംവാങ്ങലും കൊടുക്കലും പ്രാചീനകാലം മുതൽക്കേ തുടർന്നുവന്നിട്ടുണ്ട്. ഇന്ത്യയിൽ ചന്ദ്രഗുപ്തമൗര്യന്റെ കാലത്ത് (ക്രി.മു. 821 മുതൽ 298 വരെ) കടമിടപാടുകളും സ്വത്തു നിക്ഷേപിക്കലും പണയമിടപാടുകളും മറ്റും നടപ്പുണ്ടായിരുന്നുവെന്ന് കൗടില്യന്റെ അർത്ഥശാസ്ത്രം വ്യക്തമാക്കുന്നുണ്ട്. അക്കാലത്ത് നടപ്പുണ്ടായിരുന്ന പലിശനിരക്ക് താഴെക്കൊടുത്ത പ്രകാരമായിരുന്നുവത്രേ: 'നൂറു പണത്തിനു ധർമ്മ്യമായ മാസവൃദ്ധി (മാസപ്പലിശ) ഒന്നേകാൽ പണം വീതം; വ്യാവഹാരിക വൃദ്ധി (കച്ചവടപ്പലിശ) അഞ്ചു പണം വീതം; കാന്താരഗന്മാരുടെ (കാന്താരമാർഗ്ഗത്തിലൂടെ കച്ചവടം നടത്തുന്ന വണിക്കുകളുടെ) പലിശ പത്തു പണം വീതം; സമുദ്രന്മാരുടെ (കടൽക്കച്ചവടക്കാരുടെ) പലിശ ഇരുപത് പണം വീതം. ഇതിൽ നിന്നു കവിഞ്ഞു പലിശ വാങ്ങിയാൽ കർത്താവിനും കാരയിതാവിനും പൂർവ്വസാഹസം ദണ്ഡം' (കൗടില്യന്റെ അർത്ഥശാസ്ത്രം: കെ. വാസുദേവൻ മൂസതിന്റെ മലയാള തർജ്ജമ, പേജ്: 800-801).

"ധാന്യവൃദ്ധി (നെൽപ്പലിശ) സസ്യങ്ങളുടെ നിഷ്പത്തികാലത്തിങ്കൽ ഉപാർദ്ധ (ഒന്നര)യാകുന്നു." (പേജ് 801), നെല്ലിനു പലിശ കൂട്ടേണ്ടത് സസ്യനിഷ്പത്തിക്കാലത്തോളമാണ്. വാങ്ങിയത് എന്നായാലും അതിനു സസ്യനിഷ്പത്തിക്കാലംവരേയ്ക്കും പകുതി പലിശ കൂട്ടും. "ഋണം വാങ്ങിയവർ മരിച്ചുപോയാൽ കസീദം (പലിശയോടുകൂടിയ ഋണം) അവന്റെ പുത്രൻമാരോ നികഥഹരൻമാരായ (മുതലിനെ പിന്തുടരുന്ന) ദായാദന്മാരോ) സഹഗ്രാഹികളോ കടം വാങ്ങുന്നതിൽ കൂട്ടുകൂടിയവർ ജാമ്യക്കാരോ കൊടുത്തുതീർക്കണം" (പേജ് 808). കൊടുത്തുതീർക്കാത്ത പക്ഷം സാക്ഷിവാക്യാദികളെ പ്രമാണമാക്കി ധർമ്മസ്ഥൻമാർ കൊടുപ്പിക്കണം. ഉപനിധി (സൂക്ഷിപ്പാനേൽപ്പിച്ച ദ്രവ്യം)യെ സംബന്ധിച്ചും ഇതുതന്നെ ചെയ്യണം.

“ഉപനിധിദ്രവ്യത്തെ പണയപ്പെടുത്തുകയോ വിക്രിയം ചെയ്യുകയോ അപവ്യയനം ചെയ്യുകയോ (നിഷേധിച്ചു പറയുക) ചെയ്താൽ ആ ദ്രവ്യത്തിന്റെ നാലിരട്ടി ഉപനിധാതാവിനു കൊടുക്കുകയും അതിന്റെ അഞ്ചിലൊന്നു രാജാവിനു ദണ്ഡമായി കൊടുക്കുകയും വേണം.” (പേജ് ൮൦൯).

ഇന്ത്യയിലെന്നപോലെതന്നെ ഗ്രീസു തുടങ്ങിയ മറ്റു പ്രാചീനരാജ്യങ്ങളിലും പണമിടപാടുകളും കൊള്ളക്കൊടുക്കകളും സാമൂഹ്യജീവിതത്തിന്റെ അനിവാര്യ ഭാഗമായിരുന്നു. പക്ഷേ, പ്രാചീനരീതിയിലുള്ള അത്തരം പണമിടപാടുകളും ആധുനികരീതിയിൽ ബാങ്കിന്റെ നേതൃത്വത്തിലുള്ള കടമിടപാടുകളും തമ്മിൽ കുറച്ചൊന്നുമല്ല വ്യത്യാസമുള്ളത് എന്ന് വ്യക്തമായി മനസ്സിലാക്കേണ്ടതാവശ്യമാണ്.

## പണമിടപാടുകാർ:

ഉൽപ്പന്നങ്ങളുടെ ഒരു ഭാഗമെങ്കിലും വിൽപ്പനയ്ക്കുള്ള ചരക്കുകളായി മാറുക, കൈമാറ്റങ്ങളുടെ വളർച്ചയുടെ ഫലമായി പണം ആവിർഭവിക്കുകയും വിനിമയവ്യവസ്ഥയിലെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യുക — സാമൂഹ്യവും സാമ്പത്തികവുമായ ഈ പരിതസ്ഥിതികളിൽ നിന്നാണ് പണമിടപാടുകാരൻ ആദ്യമായി പ്രത്യക്ഷപ്പെട്ടത്.

വലിയ വലിയ വ്യവസായങ്ങളും യന്ത്രങ്ങളും അക്കാലത്തുണ്ടായിരുന്നില്ല. കൈവേലക്കാരുടെയും കുടിൽവ്യവസായക്കാരുടെയും അധ്വാനത്തെ അടിസ്ഥാനപ്പെടുത്തിയ ചെറുകിട വ്യവസായങ്ങൾ മാത്രമാണുണ്ടായിരുന്നത്. ധനികൻമാരായ പ്രമാണികൾക്കും കൈവേലക്കാർ, കൃഷിക്കാർ മുതലായവർക്കും കടം കൊടുക്കുകയായിരുന്നു അന്നത്തെ പണമിടപാടുകാരന്റെ പ്രവൃത്തി. കടത്തിൽ മുങ്ങിയ ധനികൻമാർ ചിലപ്പോൾ പാപ്പരായിത്തീരും; പണമിടപാടുകാരന്റെ ചൂഷണത്തിന്റെ ഫലമായി പലപ്പോഴും കൃഷിക്കാരും ചെറുകിട ഉൽപാദകൻമാരും തകർന്നുപോകും. ഇതു പണമൂലധനത്തിന്റെ കേന്ദ്രീകരണത്തെ സഹായിച്ചു.

ഇന്ത്യയിലെ പ്രാകൃതമായ പണമിടപാടു സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ മഹാജൻ, ബണിയൻ, ഷരോഫ്, ചെട്ടി, മുൽട്ടാനി എന്നിങ്ങനെ പല പേരുകളും ധരിച്ചുകൊണ്ട് ഇപ്പോഴും നിലനിന്നു വരുന്നുണ്ട്. ഉൾനാടുകളിലെ കച്ചവടം, കൃഷി മുതലായവയിൽ പലേടത്തും ഈ നാടൻപണമിടപാടുകാർക്ക് ഇപ്പോഴും സ്ഥാനമുണ്ട്. പക്ഷേ, ഈ പഴയ പണമിടപാടുസമ്പ്രദായത്തെ ആധുനിക ബാങ്കുകളുമായി കൂട്ടിക്കുഴയ്ക്കരുത്. കാരണം, ഈ പണമിടപാടുകാർ മുതലാളിത്തത്തിനു മുമ്പുള്ള ചെറുകിട ഉൽപാദകൻമാർക്കും സ്വതന്ത്രരായ കൈവേലക്കാർക്കും യോജിച്ച കാലഘട്ടത്തിലുള്ളവരാണ്. ബാങ്കുകളാകട്ടെ, വൻകിടവ്യവസായങ്ങളുടെ കാലഘട്ടത്തിന് — മുതലാളിത്ത വ്യവസ്ഥയ്ക്കു — യോജിച്ച സ്ഥാപനങ്ങളാണ്.

പലിശയുടെ കാര്യത്തിലും ഈ വ്യത്യാസം കാണാം. പണമിടപാടുകാരന്റെ പലിശയും ബാങ്കിന്റെ പലിശയും ഒരേ തരത്തിലുള്ളവയല്ല. ജീവിതനിർവ്വഹണത്തിനത്യാവശ്യമായ ചെലവുകൾ കഴിച്ചു ബാക്കിയുള്ള ഉൽപാദനം മുഴുവൻ പലിശയുടെ പേരിൽ തട്ടിക്കൊണ്ടു പോകാൻ പണമിടപാടുകാരന് സാധിച്ചിരുന്നു. ബാങ്കിന്റെ പലിശയാകട്ടെ മിച്ചവിലയുടെ — വ്യവസായം നടത്തിയുണ്ടാകുന്ന ലാഭത്തിന്റെ — ഒരു ഭാഗം മാത്രമാണ്.

## ബാങ്കുകളുടെ ഉത്ഭവം:

ആധുനിക രീതിയിലുള്ള ബാങ്കിംഗ് പ്രവർത്തനങ്ങൾ നാടുവാഴിവ്യവസ്ഥയുടെ അവസാനകാലങ്ങളിലാണ് ആരംഭിച്ചത്. സ്വർണ്ണം കൊണ്ടു കൈകാര്യം നടത്തുന്ന

തട്ടാൻമാർക്ക് ഇംഗ്ലണ്ടിൽ നല്ല സ്ഥാനമുണ്ടായിരുന്നു. വാസ്തവത്തിൽ ലണ്ടനിലെ ഇന്നത്തെ പണക്കമ്പോളം (Money market) തട്ടാൻമാരിൽ നിന്നാണാരംഭിച്ചത് എന്നു പറയാം. വിവിധ രാജ്യങ്ങളുടെ നാണ്യങ്ങളെ ആവശ്യമുള്ള മറ്റു നാണ്യങ്ങളുമായി മാറ്റിക്കൊടുക്കുക, മറ്റുള്ളവരുടെ പണവും സ്വർണ്ണവും മറ്റു വിലപിടിച്ച വസ്തുക്കളും സൂക്ഷിച്ചുവയ്ക്കുക, പലിശയ്ക്കു പണം കൊടുക്കുക മുതലായ പ്രവർത്തനങ്ങളിലേർപ്പെട്ടു തട്ടാൻമാർ പിടിപ്പത് ലാഭം സമ്പാദിച്ചിരുന്നു. 17-ാം നൂറ്റാണ്ടാകുമ്പോഴേക്കും ധാരാളം വളർച്ച പ്രാപിച്ചു കഴിഞ്ഞിരുന്ന കച്ചവടക്കാരുടെ ആവശ്യത്തിനുവേണ്ടി ആംസ്റ്റർഡാം, ഹാംബർഗ്, വെന്നീസ്, ജെനോവ തുടങ്ങിയ പ്രധാനപ്പെട്ട കച്ചവട കേന്ദ്രങ്ങളിലെല്ലാം ബാങ്കുകൾ പൊന്തിവരാൻ തുടങ്ങി. കച്ചവടത്തിനാവശ്യമായ നാണ്യങ്ങളുടെ മാറ്റം ശുക്കവും നിർണ്ണയിച്ചിരുന്നത് ബാങ്കുകൾ വഴിക്കായിരുന്നു. പ്രധാനപ്പെട്ട കച്ചവടക്കാരെല്ലാം ബാങ്കുകളിൽ സ്വന്തം അക്കൗണ്ട് വച്ചിരുന്നു. അങ്ങിനെ ക്രമത്തിൽ കച്ചവടക്കാർ തമ്മിലുള്ള ഇടപാടുകൾ തട്ടിക്കിഴിച്ചു തിട്ടപ്പെടുത്തുന്ന പ്രവൃത്തിയും ബാങ്കുകൾ വഴിക്കായിത്തീർന്നു. എറിക് റോൾ എന്ന ഗ്രന്ഥകാരൻ തന്റെ 'പണത്തെപ്പറ്റി' (About Money) എന്ന പുസ്തകത്തിൽ എഴുതുന്നു.

"തന്റെ പക്കൽ സൂക്ഷിപ്പിന് കിട്ടിയ പണത്തിനു പകരമായി ബാങ്കർ കൊടുക്കുന്ന രസീതികൾ പണത്തിന്റെ സ്ഥാനമെടുക്കുകയും വിനിമയത്തിന്റെ മദ്ധ്യവർത്തിയെന്ന നിലയ്ക്കു പ്രചരിക്കുകയും ചെയ്യുക എന്നത് ഒരു പതിവായിത്തീർന്നു. അതേസമയത്തുതന്നെ, പൊതുജനങ്ങളുടെ വിശ്വാസം നിലനിൽക്കുന്നിടത്തോളം കാലം സൂക്ഷിപ്പുപണത്തിന്റെ ഒരു ഭാഗമെടുത്തു കടം കൊടുക്കാനും ബാങ്കുകൾക്കു സാധിച്ചു. ഉടമസ്ഥൻമാർ മടക്കിച്ചോദിച്ചേക്കാനിടയുള്ള ഒരു ഭാഗംമാത്രം സൂക്ഷിച്ചുവച്ചാൽ മതിയെന്നായി. ഇപ്രകാരം കടമിടപാടിന്റെ തുകയും യഥാർത്ഥമായ പണവും വർദ്ധിച്ചു."

അതോടൊപ്പം മറ്റൊരു പുരോഗതിയും സാദ്ധ്യമായിത്തീരുന്നു. സൂക്ഷിപ്പുപണത്തിന്റെ ഒരു ഭാഗമെടുത്തു കടംകൊടുക്കുന്നതിനു പുറമെ, അവരുടെ നോട്ടുകളും വിനിമയത്തിന്റെ മദ്ധ്യവർത്തിയെന്ന നിലയ്ക്ക് പ്രചരിക്കാൻ തുടങ്ങിയതുകൊണ്ട്, മാന്യന്മാരായ കക്ഷികൾക്ക് ഡിപ്പോസിറ്റൊന്നും കൂടാതെ തന്നെ നോട്ടുകൾ 'ഇഷ്യൂ' ചെയ്യാൻ ബാങ്കർമാർക്ക് സാധിക്കുമെന്നായി. അതായത്, ബാങ്കുകൾക്ക് 'ഡിപ്പോസിറ്റുകൾ സൃഷ്ടിക്കു'വാനും കക്ഷികൾക്ക് അവയുപയോഗിക്കാനും കഴിയുമെന്നായി.

## ബാങ്കും മുതലാളിത്തവും

പണമിടപാടുകളുടെ മധ്യവർത്തിയായി നിന്നുകൊണ്ട് മുതലാളിത്തരീതിയിലുള്ള വ്യവസായങ്ങളെ സഹായിക്കാൻ വേണ്ടിയാണല്ലോ ആധുനിക ബാങ്കുകൾ ആവിർഭവിച്ചത്. ബാങ്കിന്റെ സഹായത്തോടുകൂടി വ്യവസായ മുതലാളിമാർക്ക് ഒറ്റയ്ക്കൊറ്റയ്ക്കു നിർവ്വഹിക്കാൻ കഴിയുന്നതിലും എത്രയോ അധികം ഉൽപാദനം നടത്താൻ കഴിയുമെന്നാവുന്നു. അനേകം വ്യക്തികളുടെ കൂട്ടായ മൂലധനമാണ് — സാമൂഹ്യമൂലധനമാണ് — മുതലാളിത്ത വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തിയത്. സാമൂഹ്യമൂലധനമാണ് ജോയിൻറ് സ്റ്റോക്കു കമ്പനികളുടെ അടിസ്ഥാനമെന്നു പറയാം. ജോയിൻറ് സ്റ്റോക്ക് കമ്പനികളുടെ ആവിർഭാവത്തിന്റെ ഫലമായി ഉൽപാദനത്തിന്റെ നേരിട്ടുള്ള മേൽനോട്ടം വഹിക്കുന്ന മുതലാളി മറ്റുള്ളവരുടെ മൂലധനം കൊണ്ടു കൈകാര്യം നടത്തുന്ന വെറുമൊരു മാനേജർ മാത്രമായിത്തീരുന്നു. മൂലധനത്തിന്റെ യഥാർത്ഥ ഉടമസ്ഥൻമാർ വെറും ഉടമസ്ഥൻമാർ — ഉൽപാദനത്തിൽ യാതൊരു പങ്കും വഹിക്കാത്ത പണമുതലാളികൾ — മാത്രവുമായിത്തീരുന്നു. അവർക്കു

കിട്ടുന്ന ഡിവിഡൻറുകൾ അവരിറക്കിയ മൂലധനത്തിനു കിട്ടുന്ന പലിശ മാത്രമാണ്. ഇങ്ങനെ വ്യവസായത്തിന്റെ വളർച്ചയോടൊപ്പം ലാഭമെന്നതു കൂടുതൽകൂടുതൽ പലിശയുടെ രൂപം ധരിക്കുന്നു.

### ബാങ്കിന്റെ കേന്ദ്രീകരണം:

മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം ബാങ്കിംഗ് വ്യവസ്ഥയും വളർന്നുവന്നിട്ടുണ്ട്. ഉൽപാദനരംഗത്തിലെന്നപോലെത്തന്നെ ബാങ്കുകളിലും മൂലധനം അധികമധികം കേന്ദ്രീകരിക്കാൻ തുടങ്ങുന്നു. ഉൽപാദന മുതലാളികൾ തമ്മിൽതമ്മിൽ മത്സരിക്കുന്നതുപോലെ പണമുതലാളികൾ തമ്മിലും മത്സരം നടക്കുന്നു. ഈ മത്സരത്തിൽ ചെറിയ ബാങ്കുകൾ പൊളിഞ്ഞുപോവുകയും വലിയ ബാങ്കുകൾ കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ വലിയ വലിയ ബാങ്കുകളിൽ മൂലധനത്തിന്റെ വമ്പിച്ച തുകകൾ ഒന്നിച്ചുകൂടാൻ തുടങ്ങുന്നു. ഈ മൂലധനത്തിന്റെ ഭൂരിഭാഗവും മറ്റുള്ളവരുടെ പണമാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ അതോടൊപ്പം ബാങ്കിന്റെ സ്വന്തം മൂലധനവും വർദ്ധിക്കുന്നുണ്ടെന്നു കാണാം. വലിയ ബാങ്കുകൾ ചെറിയ ബാങ്കുകളെ വിഴുങ്ങുകയും അങ്ങിനെ സ്വന്തം ശക്തിയെ വർദ്ധിപ്പിക്കുകയുമാണ് ചെയ്യുന്നത്.

വ്യവസായങ്ങളുടെയെന്നപോലെതന്നെ ബാങ്കുകളുടെ കേന്ദ്രീകരണം ഇരുപതാം നൂറ്റാണ്ടോടുകൂടിയാണ് വിപുലമാവാൻ തുടങ്ങിയത്. ബ്രിട്ടനിലെ ബാങ്കുകൾ എങ്ങിനെയാണ് കേന്ദ്രീകരിച്ചതെന്ന് താഴെ കൊടുത്ത പട്ടിക വ്യക്തമാക്കുന്നു.

| കൊല്ലം | ബാങ്കുകളുടെ എണ്ണം | ബ്രാഞ്ചുകൾ | റിസർവ് ഫണ്ടും മൂലധനവും (ലക്ഷം പവൻ) | ഡിപ്പോസിറ്റ് മൂലധനം (ലക്ഷം പവൻ) |
|---|---|---|---|---|
| 1890 | 104 | 2203 | 678 | 3687 |
| 1900 | 77 | 3757 | 738 | 5867 |
| 1910 | 45 | 5202 | 809 | 7207 |
| 1915 | 37 | 6027 | 817 | 9926 |
| 1920 | 20 | 7612 | 1282 | 19615 |
| 1925 | 18 | 8837 | 1348 | 18068 |
| 1930 | 16 | 10082 | 1443 | 19768 |
| 1932 | 16 | 10066 | 1352 | 20643 |

1890 മുതൽ 1932 വരെയുള്ള കാലത്തിനുള്ളിൽ ജോയിൻറ് സ്റ്റോക്ക് ബാങ്കുകളുടെ എണ്ണം 104 ൽ നിന്ന് 16 ആയി കുറഞ്ഞു. പക്ഷേ, അതേസമയത്ത് മൂലധനം 6 കോടി 78 ലക്ഷത്തിൽ നിന്ന് 18 കോടി 52 ലക്ഷം പവനായും ഡിപ്പോസിറ്റ് 86 കോടി 87 ലക്ഷത്തിൽ നിന്ന് 206 കോടി 48 ലക്ഷമായും വർദ്ധിക്കുകയാണ് ചെയ്തത്. എന്നാൽ ഈ 16 ബാങ്കുകൾ തന്നെ ഒരേതരത്തിലുള്ളവയല്ല. ഇംഗ്ലണ്ടിലെ ജോയിൻറ് സ്റ്റോക്ക് ബാങ്കുകളിൽ ഒട്ടാകെയുള്ള മൂലധനത്തിന്റെ 90 ശതമാനത്തിലധികം ഭാഗം ലോയിഡ് നാഷണൽ പ്രൊവിൻഷ്യൽ, വെസ്റ്റ് മിൻസ്റ്റർ, ബർക്ക്ലണ്ട്, മിഡ് ലണ്ട് എന്നീ അഞ്ചു വലിയ ബാങ്കുകളിലാണ്. ഈ കൂറ്റൻ ബാങ്കുകളാണ് ഇംഗ്ലണ്ടിലൊട്ടുക്കുമുള്ള ഋണവ്യവസ്ഥയെ നിയന്ത്രിക്കുന്നത്.

മറ്റു രാജ്യങ്ങളിലും ഇതുപോലെത്തന്നെ, അല്പാല്പം ഏറ്റക്കുറച്ചിലുകളോടുകൂടി കേന്ദ്രീകരണം ശക്തിപ്പെട്ടുകൊണ്ടുവന്നു. രണ്ടാം ലോകമഹായുദ്ധത്തോടുകൂടി കേന്ദ്രീകരണം മൂർദ്ധന്യദശയിലെത്തി.

### ഫൈനാൻസ് മൂലധനം:

വളർന്നുവരുന്ന ഈ മൂലധനകേന്ദ്രീകരണത്തെ ആദായകരമാക്കി ഉപയോഗിക്കാൻ വേണ്ടി ബാങ്കുകൾ വ്യവസായങ്ങളുമായി അധികമധികം അടുക്കാൻ തുടങ്ങി. ആദ്യമൊക്കെ ഡിപ്പോസിറ്റുകളുടെ ഒരു ഭാഗം വ്യവസായവിപുലീകരണത്തിനുവേണ്ടി മുതലാളികൾക്കു നീണ്ട കാലത്തേക്കു കടംകൊടുക്കാൻ തുടങ്ങുകയാണ് ചെയ്തത്. ജോയിൻറ് സ്റ്റോക്ക് സമ്പ്രദായം വ്യവസായങ്ങളിൽ മൂലധനമിറക്കാൻ ബാങ്കുകൾക്ക് വളരെ സൗകര്യം നൽകി. ക്രമത്തിൽ, വ്യവസായ കമ്പനിയുടെ ഷെയറുകളുടെ ഒരു ഗണ്യമായ ഭാഗമെടുക്കുന്ന ബാങ്കുകൾക്കു കമ്പനിയെ മുഴുവൻ നിയന്ത്രിക്കാൻ കഴിയുമെന്നായി.

ഇങ്ങനെ മൂലധനകേന്ദ്രീകരണത്തോടൊപ്പം ബാങ്കുകളും വ്യവസായങ്ങളും തമ്മിൽ അധികമധികം അടുക്കുകയും ഒടുവിൽ രണ്ടുമൂലധനങ്ങളും തമ്മിൽ വ്യത്യാസം കാണാൻ കഴിയാത്തവിധം ഒന്നിച്ചുചേർന്നു ലയിക്കുകയും ചെയ്യുന്നു. ബാങ്കുമുതലാളികൾ വലിയ വലിയ വ്യവസായ സ്ഥാപനങ്ങളുടെ ഡയറക്ടർമാരായും വലിയ വലിയ വ്യവസായ മുതലാളികൾ ബാങ്കുകളുടെ ഡയറക്ടർമാരായും പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെ വിരലിന്മേലെണ്ണാവുന്ന ഒരു പിടി പണക്കാർ രാജ്യത്തിലെ സാമ്പത്തിക ജീവിതത്തെയാകെ നിയന്ത്രിക്കാൻ തുടങ്ങുന്നു.

ബാങ്കു മൂലധനവും വ്യവസായ മൂലധനവും തമ്മിൽ ഒന്നിച്ചു ചേർന്നു ലയിച്ചുണ്ടാകുന്ന മൂലധനം 'ഫൈനാൻസുമൂലധനം' എന്ന പേരിലാണറിയപ്പെടുന്നത്. ബാങ്കു മൂലധനത്തിന്റെയും വ്യവസായ മൂലധനത്തിന്റെയും ഒന്നിച്ചുചേരൽ സാമ്രാജ്യാധിപത്യത്തിന്റെ ഒരു സവിശേഷസ്വഭാവമാണ്. അതുകൊണ്ടാണ് സാമ്രാജ്യാധിപത്യത്തെ ഫൈനാൻസ് മൂലധനത്തിന്റെ കാലഘട്ടം എന്നു വിളിക്കുന്നത്.

## 9 വിദേശവ്യാപാരം

രണ്ടു രാജ്യങ്ങൾ തമ്മിൽ ചരക്കുകൾ കൈമാറ്റം ചെയ്യുന്നതിനാണ് വിദേശവ്യാപാരം എന്നു പറയുന്നത്. മുതലാളിത്തത്തിന്റെ ആവിർഭാവത്തിനുശേഷം രാജ്യങ്ങൾ തമ്മിലുള്ള കച്ചവടബന്ധം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം വളർന്നുവന്നിട്ടുണ്ട്. സാമൂഹ്യജീവിതവുമായി ബന്ധപ്പെടാതെ കഴിയ്ക്കാൻ വ്യക്തികൾക്കു സാധിക്കാതിരിക്കുന്നതുപോലെ സാർവ്വലൗകിക ബന്ധങ്ങളിൽ നിന്നൊറ്റപ്പെട്ടു നിൽക്കുവാൻ രാജ്യങ്ങൾക്കും സാധിക്കില്ലെന്ന നില വന്നുചേർന്നിരിക്കുന്നു. വിവിധ രാജ്യങ്ങൾ വിവിധ തരത്തിലുള്ള ചരക്കുനിർമ്മാണത്തിലേർപ്പെടുകയും ഉൽപ്പന്നങ്ങളെ പരസ്പരം കൈമാറുകയുമാണ് ചെയ്യുന്നത്.

### വാണിജ്യാവശിഷ്ടം:

എന്നാൽ, നേരിട്ടുള്ള ഈ കച്ചവടബന്ധത്തെ കെട്ടിപ്പിണയ്ക്കുന്ന പല കാര്യങ്ങളുമുണ്ട്. ഒരു രാജ്യത്തിലെ മുതലാളികൾ മറ്റൊരു രാജ്യത്തിൽ മൂലധനമിറക്കിയിട്ടുണ്ടെങ്കിൽ അതിൽ നിന്നുള്ള ആദായം (പലിശ) വരാനുണ്ടാവും. ചരക്കുകളുടെ കൈമാറ്റത്തിനു മറ്റൊരു രാജ്യത്തിന്റെ കപ്പലോ തീവണ്ടിയോ ആണുപയോഗിക്കുന്നതെങ്കിൽ അതിനു പ്രതിഫലം കൊടുക്കണം. ഒരു രാജ്യത്തിലെ നാട്ടുകാർ മറ്റു രാജ്യങ്ങ

ളിൽ സഞ്ചരിക്കുകയോ വിദ്യാഭ്യാസത്തിനുവേണ്ടി താമസിക്കുകയോ ചെയ്യുമ്പോഴും പണം ചെലവിടേണ്ടിവരും. ഇതിന്നെല്ലാം പുറമേ മറ്റുതരത്തിലുള്ള സേവനങ്ങളുമുണ്ടാകാം. ഇന്ത്യയിലാണെങ്കിൽ പഴയ ബ്രിട്ടീഷുദ്യോഗസ്ഥന്മാർക്കു പെൻഷനും മറ്റും കൊടുക്കേണ്ടതുണ്ട്. 'ഇന്ത്യയ്ക്കുവേണ്ടി' ഇംഗ്ലണ്ടിൽ ചെയ്യുന്ന ചെലവുകളുണ്ടാകും. ഇങ്ങിനെ എല്ലാത്തരം വരവു ചെലവുകളും തട്ടിക്കിഴിച്ചു ബാക്കിയുള്ളതു മാത്രമേ പണമായി അടയ്ക്കേണ്ടിവരൂ.

ചരക്കുകളുടെ കയറ്റുമതിയും ഇറക്കുമതിയും തമ്മിലുള്ള വ്യവസായത്തിനു വാണിജ്യാവശിഷ്ടം എന്നു പറയുന്നു. എന്നാൽ അടവുകളുടെ അവശിഷ്ടം കണക്കാക്കണമെങ്കിൽ മേൽവിവരിച്ച പലതരത്തിലുള്ള വരവു ചെലവുകളെയും പരിഗണിക്കണം; ദൃശ്യങ്ങളായ കയറ്റുമതികളും 'അദൃശ്യ'ങ്ങളായ കയറ്റുമതികളും കണക്കാക്കണം.

## വ്യാപാരത്തിന്റെ സാങ്കേതികവശം:

ഇന്ത്യയിലെ ഒരു മുതലാളി (എ) ഇംഗ്ലണ്ടിലെ ഒരു മുതലാളിയിൽനിന്ന് (ബി) 1000 ക. വിലപിടിച്ച യന്ത്രസാമഗ്രികൾ വരുത്തുന്നുവെന്നും ഇംഗ്ലണ്ടിലെ മറ്റൊരു മുതലാളി (സി) ഇന്ത്യയിലെ വേറൊരു മുതലാളിയിൽ നിന്ന് (ഡി) 1000 ക വിലപിടിച്ച പരുത്തി വാങ്ങുന്നുവെന്നും വിചാരിക്കുക. ഇന്ത്യയിലെ (എ) എന്ന മുതലാളി യന്ത്രസാമഗ്രികളുടെ വിലയായ 1000 കയ്ക്കുള്ള സ്വർണ്ണം ഇംഗ്ലണ്ടിലേക്കും പരുത്തി വാങ്ങിയ (സി) എന്ന ഇംഗ്ലീഷ് മുതലാളി പരുത്തിയുടെ വില ഇന്ത്യയിലേക്കും കയറ്റിഅയയ്ക്കണമെന്നു വന്നാൽ അതൊരു വിഷമംപിടിച്ച പണിയായിരിക്കും. ഒരു രാജ്യത്തിലെ പണം മറ്റുരാജ്യങ്ങളിൽ സ്വീകരിക്കാത്തതുകൊണ്ടു സ്വർണ്ണം കൊടുക്കേണ്ടി വരും. ഓരോ കയറ്റുമതിയും ഓരോ ഇറക്കുമതിയും നടക്കുന്നതോടൊപ്പം ഒരു രാജ്യത്തിൽനിന്നു മറ്റൊരു രാജ്യത്തിലേക്കു സ്വർണ്ണം പാക്കുചെയ്ത് കപ്പലിൽ കയറ്റി അയയ്ക്കണമെന്നു വന്നാൽ അതുകൊണ്ടു കുറച്ചൊന്നുമല്ല നഷ്ടവും ബുദ്ധിമുട്ടുമുണ്ടാവുക. ഈ അസൗകര്യങ്ങൾ വിദേശവ്യാപാരത്തിന്റെ അഭിവൃദ്ധിയെത്തന്നെ തടഞ്ഞുനിർത്തും. അതുകൊണ്ടാണ് ഈ ബുദ്ധിമുട്ടുകളെ പരിഹരിക്കാൻവേണ്ടി മുതലാളികൾ സാധാരണയായി എക്സ്ചേഞ്ച് ബില്ലുകൾ ഉപയോഗിക്കുന്നത്. പണം കിട്ടാനുള്ള ആൾ പണം കൊടുക്കാനുള്ള ആളുടെ പേരിലെഴുതുന്ന ഒരു വിദേശ ഹുണ്ടിയാണ് 'എക്സ്ചേഞ്ച് ബിൽ'. പണം കൊടുക്കേണ്ട ആൾ ബിൽ 'സ്വീകരിച്ചു' കൊണ്ടുതന്നെ കടബാധ്യതയംഗീകരിക്കുന്നു. നമ്മുടെ ഉദാഹരണത്തിൽ 'ബി' എന്ന ഇംഗ്ലീഷ് മുതലാളി 'എ' എന്ന ഇന്ത്യൻ മുതലാളിക്ക് ഒരു ബില്ലയയ്ക്കുകയും 'എ' അത് സ്വീകരിച്ചുവെന്ന് ഒപ്പിട്ടുകൊടുക്കുകയും ചെയ്യുന്നു. ബിയ്ക്ക് ഇപ്പോൾ ഇന്ത്യയിൽ 1000 കയുടെ അവകാശമുണ്ട്. എന്നാൽ അതേസമയത്ത് സി എന്ന ഇംഗ്ലീഷ് മുതലാളി പരുത്തി വാങ്ങിയ തുകയ്ക്ക് ഇന്ത്യയിലെ ഡി എന്ന മുതലാളിക്ക് 1000 ക കൊടുക്കാനും ബാധ്യതപ്പെട്ടിരിക്കുന്നു. അതിനാൽ, പണം കയറ്റി അയയ്ക്കാതെ തന്നെ കൊള്ളക്കൊടുക്ക നടത്താൻ ഒരെളുപ്പവഴിയുണ്ട്; ബി തനിക്ക് ഇന്ത്യയിലുള്ള 1000 ക. യുടെ അവകാശം സി യ്ക്കു വിൽക്കുന്നു. സി ആ ബിൽ ഇന്ത്യയിലുള്ള ഡി എന്ന മുതലാളിക്കയച്ചുകൊടുക്കുന്നു. ഡി തന്റെ ബാങ്കുമുഖാന്തരം ആ സംഖ്യ എ യിൽ നിന്നു പിരിച്ചെടുക്കുകയും ചെയ്യുന്നു.

ഇങ്ങനെ ഒരേ എക്സ്ചേഞ്ച് ബിൽ രണ്ടു കടങ്ങൾ വീട്ടാനുപകരിക്കുന്നു. ഇംഗ്ലണ്ടിൽ നിന്നും യന്ത്രസാമഗ്രികൾ വാങ്ങിയ ഇന്ത്യൻ മുതലാളി ഇംഗ്ലണ്ടിലേയ്ക്കും പരുത്തി വാങ്ങിയ ഇംഗ്ലീഷ് മുതലാളി ഇന്ത്യയിലേക്കും പണമയച്ച് അനാവശ്യമായി ബു

ഡിമുട്ടേണ്ടതില്ല. ഇപ്രകാരം എക്സ്ചേഞ്ച് ബില്ലുകൾ, വഴിയായി, സ്വർണ്ണം കയറ്റിയയയ്ക്കാതെതന്നെ, മറ്റു രാജ്യങ്ങളുമായി വ്യാപാരം നടത്താവുന്നതാണ്.

## വിദേശബില്ലുകളുടെ വില:

എന്നാൽ ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യൻ മുതലാളികൾ വാങ്ങുന്ന ചരക്കുകളുടെയും ഇന്ത്യയിൽ നിന്ന് ഇംഗ്ലീഷ് മുതലാളികൾ വാങ്ങുന്ന ചരക്കുകളുടെയും വില സമമായിക്കൊള്ളണമെന്നില്ലല്ലോ. പോരെങ്കിൽ എ, ബി, സി, ഡി എന്ന നാലു മുതലാളികൾ മാത്രമല്ല ഉള്ളത്. ഓരോ രാജ്യത്തും അനേകം മുതലാളികൾ പലതരത്തിലുള്ള കച്ചവടങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടായിരിക്കും. കടക്കാരനായ ഓരോ മുതലാളിക്കും താൻ ശരിക്കടയ്ക്കാൻ ബാദ്ധ്യതപ്പെട്ട കൃത്യമായ സംഖ്യക്കുള്ള ബില്ല കിട്ടിയാലേ കാര്യം നടക്കു. ഇവിടെയാണ് ബാങ്കുകളുടെ സഹായം ആവശ്യമായിവരുന്നത്. വിവിധ രാജ്യങ്ങളിലെ കച്ചവടക്കാരുടെ ഒട്ടാകെയുള്ള പറ്റുവരവുകണക്കുകൾ തീർത്ത് ശരിപ്പെടുത്തുന്നതു ബാങ്കുകൾ വഴിക്കാണ്. ഇങ്ങിനെ വിദേശവ്യാപാരത്തെ സഹായിക്കുന്ന ബാങ്കുകൾക്ക് എക്സ്ചേഞ്ച് ബാങ്കുകൾ എന്നു പറയുന്നു.

രണ്ട് രാജ്യങ്ങൾ പരസ്പരം കൈമാറുന്ന എക്സ്ചേഞ്ച് ബില്ലുകളുടെ ഒട്ടാകെയുള്ള തുകകൾ സമമാണെങ്കിൽ പണം പറ്റി അയയ്ക്കാതെതന്നെ പറ്റുവരവുകൾ തട്ടിത്തീർക്കാം. ഇന്ത്യ ഇംഗ്ലണ്ടിലേക്ക് ഒരു കോടി ഉറുപ്പിക വിലപ്പിടിച്ച ചരക്കുകൾ കയറ്റി അയയ്ക്കുകയും ഇംഗ്ലണ്ടിൽ നിന്ന് അതേവിലയ്ക്കുള്ള (1 കോടി ക) ചരക്കുകൾ ഇറക്കുമതി ചെയ്യുകയും ചെയ്താൽ പണം കയറ്റി അയയ്ക്കുകയോ ഇറക്കുമതി ചെയ്യുകയോ വേണ്ടിവരില്ല. ഈ പരിതസ്ഥിതിയിൽ എക്സ്ചേഞ്ച് ബില്ലുകളുടെ വില സ്ഥിരമായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള കച്ചവടബന്ധത്തിൽ രണ്ടുരാജ്യങ്ങളുടെയും കയറ്റുമതിയും ഇറക്കുമതിയും സമമാണെങ്കിൽ ഇന്ത്യ വാങ്ങുന്ന ഇംഗ്ലീഷ് ബില്ലുകളുടെയും ഇംഗ്ലണ്ടു വാങ്ങുന്ന ഇന്ത്യൻ ബില്ലുകളുടെയും തുക സമമായിരിക്കും. ഇംഗ്ലണ്ടിൽ നിന്നും ഇന്ത്യയിലേക്കുള്ള ഇറക്കുമതി ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയേക്കാൾ കൂടുതലായാൽ ഇംഗ്ലീഷ് ബില്ലുകൾക്ക് കൂടുതൽ ഡിമാൻറുണ്ടാവും. നേരെമറിച്ച്, ഇന്ത്യയുടെ കയറ്റുമതി കൂടുതലായാൽ അവയുടെ ഡിമാൻറ് ചുരുങ്ങുകയും ചെയ്യും.

ഒരു രാജ്യത്തെ ഇറക്കുമതി കയറ്റുമതിയേക്കാൾ അധികമാകുംതോറും ആ രാജ്യത്തിന് വിദേശബില്ലുകളുടെ — എന്നുവച്ചാൽ വിദേശരാജ്യങ്ങളിലെ പണത്തിന്റെ — ആവശ്യം വർദ്ധിച്ചുകൊണ്ടുവരും. വിദേശബില്ലുകളുടെ ഡിമാൻറു വർദ്ധിച്ചാൽ അവയുടെ വിലയും വർദ്ധിക്കും.

## സ്വതന്ത്ര വ്യാപാരവും സംരക്ഷണവും:

വ്യവസായരംഗത്തിൽ ആദ്യമായി പ്രവേശിച്ചതു ബ്രിട്ടീഷ് മുതലാളികളാണ്. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലമായപ്പോഴേയ്ക്കും ബ്രിട്ടൻ ലോകത്തിലെ ഒന്നാമത്തെ വ്യവസായിക രാജ്യമായിക്കഴിഞ്ഞിരുന്നു. ലോക മാർക്കറ്റിനാവശ്യമായ പരുത്തിച്ചരക്കുകളുടെ സിംഹഭാഗവും ബ്രിട്ടനാണ് സപ്ലൈ ചെയ്തിരുന്നത്. പരുത്തിച്ചരക്കുകളുടെ കുടിക്കൂടിവന്ന ഡിമാൻറ് പുതിയ യന്ത്രങ്ങൾ കണ്ടുപിടിച്ച് നടപ്പിൽ വരുത്താൻ ബ്രിട്ടനെ പ്രേരിപ്പിച്ചു. രാജ്യത്തിൽ സമൃദ്ധിയായുള്ള കൽക്കരി ഖനികൾ അവരെ അനുഗ്രഹിച്ചു. യന്ത്രങ്ങളുടെ ആവശ്യം ഇരുമ്പുവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തി.

വ്യാവസായികമായ ഈ പരിവർത്തനങ്ങളുടെ കാലത്താണ് ഫ്രഞ്ച് വിപ്ലവവും അതിനെത്തുടർന്നുണ്ടായ 'നെപ്പോളിയാണിക്' യുദ്ധങ്ങളും പൊട്ടിപ്പുറപ്പെട്ടത്. യുദ്ധങ്ങൾ ബ്രിട്ടീഷ് മുതലാളികൾക്ക് വലിയൊരനുഗ്രഹമായിത്തീർന്നു. കാരണം,

ഇംഗ്ലണ്ടിലെ വ്യവസായങ്ങളെ പൂർവ്വാധികം അഭിവൃദ്ധിപ്പെടുത്താനും ലോകമാർക്കറ്റിൽ നിന്ന് എതിരാളികളെയെല്ലാം തുരത്തിക്കളയാനും അങ്ങനെ തങ്ങളുടെ കുത്തകയുറപ്പിക്കാനും അവർക്ക് സൗകര്യം കിട്ടി. ചുരുക്കത്തിൽ 1815-ൽ സമാധാനം പുനഃസ്ഥാപിതമായപ്പോഴേക്കും ഇംഗ്ലണ്ട് ഏറ്റവും പ്രബലമായ വ്യവസായ രാജ്യമായി മാറിക്കഴിഞ്ഞിരുന്നു.

തങ്ങളുടെ ഉപഭോഗസാമഗ്രികൾ വിറ്റഴിക്കാനുള്ള മാർക്കറ്റിനുവേണ്ടി ബ്രിട്ടീഷ് മുതലാളികൾ 'സൂര്യനസ്തമിക്കാത്ത' രാജ്യങ്ങളിലേയ്ക്കെല്ലാം നോക്കാൻ തുടങ്ങി. തെക്കെ അമേരിക്കയിലെ കോളനികൾ തങ്ങളുടെ യൂറോപ്യൻ മർദ്ദകരുടെ പിടുത്തത്തിൽ നിന്നു രക്ഷനേടിയപ്പോൾ ബ്രിട്ടീഷുകാരുടെ കച്ചവടത്തിനു വലിയൊരു പ്രചോദനം ലഭിച്ചു. ഫ്രഞ്ചുകാരുടെയും ഡച്ചുകാരുടെയും കീഴിലായിരുന്ന പല കോളനികളും സർവ്വോപരി ഇന്ത്യയും ബ്രിട്ടന്റെ അധീനതയിലായിത്തീർന്നു. അങ്ങിനെ ഇംഗ്ലണ്ടിന്റെ കയറ്റുമതികൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചു.

എന്നാൽ ബ്രിട്ടന്റെ ഈ സർവ്വതോന്മുഖമായ വ്യവസായികാഭിവൃദ്ധി കണ്ടുമിണ്ടാതിരിക്കുകയാണോ മറ്റു യൂറോപ്യൻ രാജ്യങ്ങളെല്ലാം ചെയ്തത്? തീർച്ചയായുമല്ല. 1815-ലെ സന്ധിക്കുശേഷം ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളും ഇംഗ്ലണ്ടിനെ അനുഗമിക്കാൻ തുടങ്ങി. ആവിയന്ത്രങ്ങളുടെ സഹായത്തോടുകൂടി തങ്ങളുടെ വ്യവസായങ്ങളെ പുഷ്ടിപ്പെടുത്താൻ അവരും പരിശ്രമിച്ചു. ഈ സംരംഭത്തിൽ വിജയം കിട്ടാൻവേണ്ടി അവർ സംരക്ഷണച്ചുങ്കങ്ങളേർപ്പെടുത്തി. സംരക്ഷണച്ചുങ്കമാകുന്ന കോട്ടയാണ് ഇംഗ്ലണ്ടിന്റെ വിലചുരുങ്ങിയ ചരക്കുകളുടെ ആക്രമണത്തിൽ നിന്ന് അവരെ രക്ഷിച്ചുപോന്നത്. സ്വതന്ത്രവ്യാപാരം ഏത് വിഷമവും പരിഹരിക്കുന്ന സർവ്വരോഗവിനാശിനിയാണെന്നും ഏതു രാജ്യത്തിന്റെയും അഭിവൃദ്ധിക്ക് അതൊഴിച്ചുകൂടാൻ വയ്യാത്തതാണെന്നും മറ്റുമുള്ള ഇംഗ്ലീഷ് മുതലാളികളുടെ സദാചാര പ്രസംഗങ്ങളൊന്നും ചെവിക്കൊള്ളാതെ അമേരിക്കൻ ഐക്യനാടുകളും യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടെ സംരക്ഷണച്ചുങ്കങ്ങളുടെ സഹായത്തോടുകൂടി ലോകമാർക്കറ്റിൽ മത്സരിക്കാനൊരുങ്ങി.

### ലോകമാർക്കറ്റിലെ മത്സരം:

മുതലാളിത്തത്തിന്റെ വളർച്ചയാണ് ലോകമാർക്കറ്റിനെ സൃഷ്ടിച്ചത്. വിഭിന്നരാജ്യങ്ങൾ വിഭിന്നചരക്കുകളുണ്ടാക്കി പരസ്പരം കൈമാറുകയെന്ന സാർവ്വദേശീയമായ പ്രവൃത്തിവിഭജനത്തെ അങ്ങേ അറ്റം വളർത്തിയത് മുതലാളിത്തമാണ്. എന്നാൽ ഈ പ്രവൃത്തിവിഭജനം എല്ലാ രാജ്യങ്ങളും യോജിച്ചുകൊണ്ടുള്ള ഒരേർപ്പാടല്ല. മാർക്കറ്റിൽ വിജയം നേടാൻ വേണ്ടി ഓരോ രാജ്യത്തിലെ മുതലാളിയും പരിശ്രമിക്കുന്നു. മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം ഈ സാർവ്വദേശീയമായ മത്സരവും വർദ്ധിക്കുന്നു. മാർക്കറ്റിനുവേണ്ടിയുള്ള ഈ മത്സരത്തിൽ വിജയംനേടാൻ വേണ്ടിയാണ് ഓരോ രാജ്യവും സംരക്ഷണ വ്യവസ്ഥയെ ആശ്രയിച്ചത്.

ശക്തിയുള്ള രാജ്യങ്ങളുടെ മത്സരത്തിൽ നിന്ന് പിന്നണിയിൽക്കിടക്കുന്ന രാജ്യങ്ങളുടെ വ്യവസായങ്ങളെ രക്ഷിക്കുക എന്ന പങ്കാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ 'സംരക്ഷണച്ചുങ്കങ്ങൾ' നിർവ്വഹിച്ചത്. എന്നാൽ പിന്നീടു കുത്തകമുതലാളികളുടെ ഒരായുധമായിത്തീർന്നു. സ്വന്തം രാജ്യത്തിൽ വിലകളെ കൃത്രിമമായി ഉയർത്തുവാനും ചെലവാകാത്ത ചരക്കുകളെ മറുനാടൻ കമ്പോളങ്ങളിൽ കൊണ്ടുവന്ന് നിറച്ച് ഏറ്റവും ചുരുങ്ങിയ വിലയ്ക്കു വിറ്റു ലോകമാർക്കറ്റു കൈവശപ്പെടുത്താനുമുള്ള ഒരുപകരണമായിത്തീർന്നു. പക്ഷേ, എല്ലാ വ്യവസായരാജ്യങ്ങളിലുമുള്ള കുത്തകമു

തലാളികൾ ഇതേ നയം തുടർന്നതു കൊണ്ട് ക്രമത്തിൽ സംരക്ഷണച്ചുങ്കങ്ങൾ ദുർബ്ബലമായിത്തീർന്നു. അവയുടെ സ്ഥാനത്തു കൂടുതൽ ശക്തമായ സംരക്ഷണമാർഗ്ഗങ്ങളെ അവലംബിക്കേണ്ടിവന്നു. ഓരോ രാജ്യത്തിനും ഇറക്കുമതി 'ക്വാട്ട' നിശ്ചയിക്കുക, കമ്പനികൾ ഒറ്റയ്ക്കൊറ്റയ്ക്കു വിദേശവ്യാപാരം നടത്തുന്നതിനു പകരം സംഘടിതമായി സ്റ്റേറ്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുക, വിദേശവ്യാപാരത്തിന്റെ കാര്യത്തിൽ കുത്തകകളേർപ്പെടുത്തുക, ഇറക്കുമതിക്ക് 'പെർമിറ്റ്' വാങ്ങണമെന്നും കയറ്റുമതിയിൽ നിന്നു കിട്ടുന്ന വിദേശകറൻസി സ്റ്റേറ്റിനെ ഏൽപ്പിക്കണമെന്നും മറ്റുമുള്ള നിബന്ധനകൾ ചുമത്തുക മുതലായവയാണ് ഈ പുതിയ മാർഗ്ഗങ്ങൾ.

### കമ്പോള പ്രശ്നം:

ആദ്യകാലത്ത് ചരക്കുകൾ വിറ്റഴിക്കാനുള്ള കമ്പോളങ്ങൾ കണ്ടുപിടിക്കുവാൻ മുതലാളികൾക്കു വലിയ പ്രയാസമുണ്ടായിരുന്നില്ല. കോളനികൾ പിടിച്ചടക്കുക, റെയിൽവേപ്പാതകൾ വെട്ടുക, മൂലധനം കയറ്റി അയയ്ക്കുക — ഇങ്ങനെ പല വഴിക്കും മാർക്കറ്റുകളെ വിപുലമാക്കുവാനും നിലനിർത്തുവാനും അവർക്കു സാധിച്ചു. എന്നാൽ മുതലാളിത്തത്തിന്റെ അവസാനഘട്ടമായപ്പോഴേയ്ക്കും കമ്പോളപ്രശ്നം വളരെ അപായകരമായിത്തീർന്നു..

- പുതിയ കോളനികൾ പിടിച്ചടക്കാൻ ഒന്നും ബാക്കിയില്ലെന്നായി.
- വലിയ റെയിൽപ്പാതകൾ പണിയുന്ന കാലമവസാനിച്ചു.
- മൂലധനക്കയറ്റുമതിയുടെ ഊക്കു കുറഞ്ഞു.
- കുത്തകകൾ ജനങ്ങളുടെ ക്രയശക്തിയെ കൂടുതൽ പരിമിതമാക്കി.
- ഒന്നാം ലോകമഹായുദ്ധത്തോടുകൂടി ലോകത്തിന്റെ ആറിലൊരു ഭാഗം ലോകമാർക്കറ്റിൽ നിന്നു വിട്ടു പോയി. രണ്ടാംലോകമഹായുദ്ധത്തോടുകൂടി കിഴക്കൻ യൂറോപ്പിലും മധ്യയൂറോപ്പിലും പല രാജ്യങ്ങളും മുതലാളികളുടെ പിടിയിൽ നിന്നു മോചനം നേടി.

ഇങ്ങനെ ലോകമാർക്കറ്റ് അധികമധികം ഇടുങ്ങി വരികയാണ്. ഉണ്ടാക്കുന്ന ചരക്കുകൾ വിറ്റഴിക്കാൻ നിവൃത്തിയില്ലെന്ന ഒരു ഘട്ടത്തിലാണ് മുതലാളിത്തം എത്തിച്ചേർന്നിട്ടുള്ളത്. ഇന്നു ലോകമുതലാളിത്തത്തെ നേരിട്ടിട്ടുള്ള ഏറ്റവും വിഷമംപിടിച്ച പ്രശ്നം കമ്പോള പ്രശ്നമാണെന്നു പറയാം.

## 10 സ്വർണ്ണമാന വ്യവസ്ഥ

ഇന്നത്തെ സമുദായത്തിൽ എല്ലാത്തരം കൊള്ളക്കൊടുക്കകളും പണത്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. ചരക്കുകളുടെ വിലകൾ, മൂലധനത്തിന്റെ തുക, കടമിടപാടുകൾ, രാജ്യങ്ങൾ തമ്മിലുള്ള കച്ചവടം മുതലായവയെല്ലാം സ്വർണ്ണത്തിന്റെ തൂക്കത്തെ അടിസ്ഥാനപ്പെടുത്തിയല്ല, ഡോളർ, പൗണ്ട്, ഉറുപ്പിക, റൂബിൾ തുടങ്ങിയ കറൻസികളുടെ അടിസ്ഥാനത്തിലാണ് കണക്കാക്കപ്പെടുന്നത്. ഓരോ കറൻസിയും ഒരു നിശ്ചിതതൂക്കമുള്ള സ്വർണ്ണത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ട് പരസ്പരമുള്ള ഇടപാടുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നില്ല. എന്നാൽ, കറൻസി പ്രതിനിധീകരിക്കുന്ന സ്വർണത്തിന്റെ തോതു കൂടെക്കൂടെ മാറിക്കൊണ്ടിരിക്കുകയോ അനിശ്ചിതവും അസ്ഥിരവുമായിരിക്കുകയോ ചെയ്താൽ വിനിമയബന്ധങ്ങളിലും ഋണവ്യവസ്ഥയിലും ഒടുവിൽ ഉൽപ്പാദനവ്യവസ്ഥയിലാകെയും കുഴപ്പങ്ങൾ നേരിടും. വലിയ ഏറ്റക്കുറച്ചിലൊന്നുമില്ലാതെ, ഏറെക്കുറെ സ്ഥിരമായ നിരക്കിൽ,

വ്യത്യസ്ത കറൻസികളെ പരസ്പരം കൈമാറാൻ സാധിച്ചാലേ രാജ്യങ്ങൾ തമ്മിലുള്ള കച്ചവടം ശരിക്കു നടക്കുകയുള്ളു. അതുകൊണ്ട്, വിദേശവിനിമയനിരക്കുകളെ ഏറെക്കുറെ സ്ഥിരമാക്കി നിർത്താൻ സഹായിക്കുന്ന ഒരു സാർവ്വലൗകിക മാനദണ്ഡം ആവശ്യമായിത്തീരുന്നു.

## സ്വർണ്ണമാനത്തിന്റെ ഉത്ഭവം:

ഏതു തരത്തിലാണോ ഒരേ രാജ്യാതിർത്തിക്കുള്ളിൽ ചരക്കുകളുടെ കൊള്ളക്കൊടുക്കകൾ വളർന്നതിന്റെ ഫലമായി പണം ആവിർഭവിച്ചത്, അതുപോലെത്തന്നെ രാജ്യങ്ങൾ തമ്മിലുള്ള കച്ചവടത്തിന്റെ അഭിവൃദ്ധിയുടെ ഫലമായി ഒരു സാർവ്വലൗകിക മാനദണ്ഡം ആവിർഭവിച്ചു.

വിദേശവ്യാപാരത്തിന്റെ നേതൃത്വം വഹിച്ചിരുന്ന ബ്രിട്ടനിലാണ് ആദ്യമായി 1821-ൽ സ്വർണ്ണമാനം രൂപമെടുത്തത്. ക്രമേണ ഒന്നിനുശേഷം മറ്റൊന്നായി മിക്ക യൂറോപ്യൻ രാജ്യങ്ങളും സ്വർണ്ണമാനം സ്വീകരിക്കാൻ തുടങ്ങി. അങ്ങനെ 20-ാം നൂറ്റാണ്ടാകുമ്പോഴേയ്ക്കും മിക്ക പരിഷ്കൃതരാജ്യങ്ങളും തങ്ങളുടെ ഇടപാടുകളുടെയും കൊള്ളക്കൊടുക്കകളുടെയും അടിസ്ഥാനമായി സ്വർണ്ണമാനവ്യവസ്ഥയെ സ്വീകരിച്ചുകഴിഞ്ഞിരുന്നു.

സ്വർണ്ണമാനം നിലവിലുള്ള ഒരു രാജ്യത്തിലെ പണത്തിന്റെ യൂണിറ്റ് ക്ലിപ്തമായ തൂക്കവും ഗുണവുമുള്ള സ്വർണ്ണത്തിന് സമമായിരിക്കും. സ്വർണ്ണനാണ്യങ്ങളുടെ സ്ഥാനത്ത് നോട്ടുകളോ ടോക്കൺനാണ്യങ്ങളോ പ്രചരിക്കുമെന്നത് വാസ്തവം തന്നെ. പക്ഷേ, ഈ നോട്ടുകളും നാണ്യങ്ങളും ഉടമസ്ഥന്മാർക്കവശ്യമുള്ളപ്പോൾ സ്വർണ്ണമാക്കി മാറ്റിക്കൊടുക്കാൻ അതാതു രാജ്യത്തിലെ ഗവൺമെൻറ് — അല്ലെങ്കിൽ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിലുള്ള സെൻട്രൽ ബാങ്ക് — ചുമതലപ്പെട്ടിരിക്കും. ഓരോ രാജ്യത്തിലെയും പണം നിശ്ചിതതൂക്കത്തിലും മാറ്റിലുമുള്ള സ്വർണ്ണമാക്കി മാറ്റാൻ സാധിക്കുമെങ്കിൽ വിഭിന്ന രാജ്യങ്ങളിലെ കറൻസികളുടെ അവയിലടങ്ങിയ സ്വർണ്ണത്തിന്റെ തോതനുസരിച്ച് പരസ്പരം കൈമാറാവുന്നതാണ്. ഉദാഹരണത്തിന് ഡോളറിലും പൗണ്ടിലും അടങ്ങിയ സ്വർണ്ണത്തിന്റെ തോതിനെ അടിസ്ഥാനമാക്കി ഒരു ഡോളർ എത്ര പൗണ്ടിന് സമമാണെന്ന് കണക്കാക്കാം. ഇങ്ങനെ മറ്റു രാജ്യങ്ങളുടെ കറൻസികളെ സ്വന്തം കറൻസിയുടെ കണക്കിൽ അളക്കാൻ സാധിക്കുന്നതുകൊണ്ട് മറുനാടുകളുമായുള്ള കൊള്ളക്കൊടുക്കകളേയും കടമിടപാടുകളേയും അഭിവൃദ്ധിപ്പെടുത്താം. അതുകൊണ്ടാണ് സ്വർണമാനം സാർവ്വദേശീയ വ്യാപാരത്തിന്റെ അഭിവൃദ്ധിയെ സഹായിച്ചുവെന്ന് പറയുന്നത്.

## ഇംഗ്ലണ്ടിൽ:

ഒന്നാം ലോകമഹായുദ്ധം വരെയും ഇംഗ്ലണ്ടു സ്വർണ്ണമാനത്തിലായിരുന്നു. ഇംഗ്ലണ്ടിന്റെ അടിസ്ഥാനനാണ്യമായ പൗണ്ടിൽ (സോവറിൽ) 123.5 ഗ്രെയിൻ സ്റ്റാൻഡേർഡ് സ്വർണ്ണം അടങ്ങിയിരുന്നു. ഈ സ്റ്റാൻഡേർഡ് സ്വർണ്ണത്തിന്റെ 12ൽ ഒരു ഭാഗം കൂട്ട് (അലോയ്) ആയിരുന്നു. അതുകൊണ്ട് ഒരു സോവറിനിൽ 113 ഗ്രെയിൻ പരിശുദ്ധസ്വർണ്ണമാണടങ്ങിയിരുന്നതെന്നു പറയാം.

സോവറിൻ നാണ്യങ്ങളോടൊപ്പം ബാങ്ക് ഓഫ് ഇംഗ്ലണ്ട് അടിച്ചിറക്കിയ നോട്ടുകളും പ്രചരിച്ചിരുന്നു. ഈ നോട്ടുകൾ, വാസ്തവത്തിൽ ഒരു തരം വാഗ്ദാനപത്രങ്ങൾ മാത്രമായിരുന്നു. കാരണം, നോട്ടുകൈവശമുള്ള ഒരാൾക്ക് വേണമെന്നു തോന്നുമ്പോൾ അത് ബാങ്കിലടച്ച് പകരം ആ നോട്ടിൽപ്പറഞ്ഞ സംഖ്യ പവനായി മേടിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു.

സെൻട്രൽ ബാങ്കിനു വേണമെങ്കിൽ ധാരാളത്തിലധികം നോട്ടുകൾ അടിച്ചിറക്കിക്കൂടേ? അതാപത്താണ്. കാരണം, ആവശ്യത്തിലധികം നോട്ടുകൾ പ്രചരിച്ചാൽ ഓരോ പവൻ നോട്ടിനും ഒരു സോവറിന്റെ വില കിട്ടാതാവും; സോവറിന്റെ വില 113 ഗ്രെയിൻ സ്വർണ്ണത്തെക്കാൾ കുറയാൻ തുടങ്ങും. അങ്ങിനെ 113 ഗ്രെയിൻ സ്വർണ്ണത്തെക്കാൾ വിലകുറഞ്ഞ ഒരു സോവറിൻ ഒരു സോവറിൻ എന്ന നിലയ്ക്ക് പ്രചരിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം സ്വർണ്ണത്തിന്റെ മാർക്കറ്റുവില വർദ്ധിക്കുമെന്നാണ്. അതായത് ഒരു സോവറിനിലടങ്ങിയ സ്വർണ്ണം വിറ്റാൽ ഒരു പൗണ്ടിലധികം വില കിട്ടും. പൗണ്ടുനോട്ടുകളും പൗണ്ടിനേക്കാളും വിലപിടിച്ച സോവറിൻ നാണ്യങ്ങളും സമാനവിലയ്ക്ക് പ്രചരിക്കുന്നതിങ്ങനെയാണ്? അപ്പോൾ, ഈ സ്ഥിതിയിൽ സോവറിൻ നാണ്യങ്ങൾ പ്രചാരത്തിൽ നിന്നു പിൻവലിയുകയും സ്വകാര്യവ്യക്തികളുടെ പെട്ടികളിലേയ്ക്കോ കലാപരമായ കാര്യങ്ങളിലേയ്ക്കോ ആഭരണാദികളിലേക്കോ അല്ലെങ്കിൽ വിദേശങ്ങളിലേയ്ക്കോ ഒഴുകിപോവുകയും ചെയ്യും.

## സ്വർണമാനത്തിന്റെ പ്രവർത്തനം:

സ്വർണ്ണമാനത്തിന്റെ കീഴിലുള്ള ഒരു രാജ്യത്തിൽ നിശ്ചിതവിലയ്ക്കു സ്വർണ്ണം വാങ്ങാനും വിൽക്കാനും — ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും — ആളുകൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. ഒരാൾ ഒരു നോട്ട് സെൻട്രൽ ബാങ്കിലടച്ച് അത്രയും സംഖ്യ മറ്റൊരു രാജ്യത്തിലേയയ്ക്കണമെന്നാവശ്യപ്പെട്ടാൽ ബാങ്ക് സ്വർണ്ണം കയറ്റി അയയ്ക്കാൻ തയ്യാറാവേണ്ടി വരും. വേണ്ടത്ര സ്വർണ്ണം കൊടുക്കുവാനോ മറുനാടുകളിലേയ്ക്ക് കയറ്റി അയയ്ക്കുവാനോ സെൻട്രൽ ബാങ്കിന് കോപ്പില്ലെങ്കിൽ സ്വർണ്ണമാന വ്യവസ്ഥ തകർന്നുപോകും.

കൂടുതൽ നോട്ടുകളടിച്ചിറക്കിയാൽ എന്താണ് സംഭവിക്കുക? സോവറിൻ നാണ്യത്തിന്റെ സ്വർണ്ണവില വർദ്ധിക്കും; പൗണ്ടിന്റെ സ്വർണ്ണവില താഴും. ഈ സ്ഥിതിയിൽ പൗണ്ടുനോട്ടുകൾ കൊടുത്ത് പകരം സ്വർണ്ണം വാങ്ങാൻ ആർക്കാണാഗ്രഹമില്ലാതിരിക്കുക? അതുകൊണ്ട് ബാങ്കുനോട്ടുകളുടെയും സോവറിനുകളുടെയും ഒട്ടാകെയുള്ള തുക സമുദായത്തിനാവശ്യമുള്ളതിലും അധികമാകാതിരിക്കാൻ — ആവശ്യത്തിൽക്കവിഞ്ഞ നോട്ടുകൾ അടിച്ചിറക്കാതിരിക്കാൻ — സെൻട്രൽ ബാങ്ക് ശ്രദ്ധിക്കേണ്ടിവരും.

എന്നാൽ അതേസമയത്ത് തന്നെ, സ്വർണ്ണസോവറിൻ കൊടുത്താൽ പകരം നോട്ടു കൊടുക്കണമെന്ന വ്യവസ്ഥയുള്ളതുകൊണ്ട്, നോട്ടുകളുടെ എണ്ണം വല്ലാതെ കുറയാനും പാടില്ല. നോട്ടുകളുടെ തുക വല്ലാതെ കുറഞ്ഞാൽ ഒരു പൗണ്ട് നോട്ടിന് 118 ഗ്രെയിന് സ്വർണ്ണത്തേക്കാളധികം വിലയുണ്ടായിത്തീരും. അപ്പോൾ സോവറിൻ കൈവശമുള്ളവർ അതു മാറ്റി പകരം നോട്ടുവാങ്ങാൻ തുടങ്ങും. സ്റ്റാൻഡേർഡിന്ന് 8 പ 17 ഷി 9 പെ എന്ന തോതിൽ സ്വർണ്ണം വാങ്ങി പകരം നോട്ടു കൊടുക്കാൻ ബാങ്ക് നിയമപ്രകാരം ചുമതലപ്പെട്ടിട്ടുമുണ്ട്. അപ്പോൾ, അതും കുഴപ്പമാണ്.

ഇങ്ങനെ, നോട്ടുകളുടെ എണ്ണം ആവശ്യത്തിലധികം കുറയുകയോ വർദ്ധിക്കുകയോ ചെയ്യാതിരിക്കാനുള്ള ഒരമരമെന്ന നിലയ്ക്കാണ് സ്വർണ്ണമാനം പ്രവർത്തിക്കുന്നത്.

## സ്വർണ്ണമാനത്തിന്റെ കീഴിൽ വിദേശവ്യാപാരം:

രണ്ടു രാജ്യങ്ങൾ — ഉദാഹരണത്തിന് ബ്രിട്ടനും ഫ്രാൻസും — കച്ചവടബന്ധത്തിൽ ഏർപ്പെടുന്നു എന്നിരിക്കട്ടെ. ഇംഗ്ലണ്ടിലെ ഒരു കയറ്റുമതിക്കാരൻ ഫ്രാൻസിൽ

തന്റെ ചരക്കുകൾ വിറ്റഴിക്കുന്നു. ഇംഗ്ലീഷ് ചരക്കുകൾ ഇറക്കുമതി ചെയ്യുന്ന ഫ്രഞ്ചുകാരൻ ഇംഗ്ലണ്ടിലേക്കു പണം നേരിട്ടു കയറ്റിയയക്കേണ്ടതില്ല. ഇംഗ്ലീഷ് കച്ചവടക്കാരൻ ഫ്രാൻസിലുള്ള തന്റെ കക്ഷിയുടെ പേരിൽ ഒരു ബിൽ 'ഡ്രാ' ചെയ്യുകയും ഫ്രഞ്ചുകാരൻ അത് 'സ്വീകരിക്കുകയും' ചെയ്യുന്നു. ഫ്രഞ്ചുകാരന്റെ കയ്യിൽ ഫ്രാങ്ക് മുതലായ ഫ്രഞ്ചുകറൻസിയേയുള്ളൂ. ഇടപാടു തീർക്കണമെങ്കിൽ പൗണ്ട് സ്റ്റെർലിംഗ് വേണം. സ്റ്റെർലിംഗ് കിട്ടുന്നതെങ്ങിനെ? ഒരു വഴിയുണ്ട്: ഇംഗ്ലണ്ടിലേക്ക് ചരക്കുകളയയ്ക്കുക. ഫ്രഞ്ചുകാരന്റെ കയറ്റുമതി വർദ്ധിക്കുന്ന തോതിൽ സ്റ്റെർലിംഗിന്റെ സപ്ലൈയും വർദ്ധിക്കും. സ്റ്റെർലിംഗിന്റെ സപ്ലൈ ഡിമാൻറിനേക്കാൾ കുറവാണെങ്കിൽ അതിന്റെ വിനിമയനിരക്ക് വർദ്ധിക്കും. ഇങ്ങിനെ വിവിധ കറൻസികളുടെ ഡിമാൻറിലും സപ്ലൈയിലുമുണ്ടാകുന്ന ഏറ്റക്കുറച്ചിലാണ് അവ തമ്മിലുള്ള വിനിമയനിരക്കിനെ നിർണ്ണയിക്കുന്നത്.

കച്ചവടബന്ധത്തിലേർപ്പെടുന്ന രണ്ടു രാജ്യങ്ങൾ സ്വർണ്ണമാനത്തിലാണെങ്കിൽ, അതായത്, ഓരോ രാജ്യത്തിലേയും കറൻസിക്ക് സ്വർണ്ണവുമായി നിശ്ചിതമായ ബന്ധമുണ്ടെങ്കിൽ, ആ രാജ്യങ്ങൾ തമ്മിലുള്ള വിനിമയബന്ധം താറുമാറാവാതെ നിലനിർത്താവുന്നതാണ്. നിശ്ചിതമായ തൂക്കവും മാറ്റുമുള്ള സ്വർണ്ണം വാങ്ങാൻ ഓരോ കറൻസിയുടെയും എത്ര യൂണിറ്റുകൾ വേണമെന്നു കണക്കാക്കാം. ഇതിന് 'വിനിമയത്തിന്റെ കമ്മട്ടനിരക്ക്' (Mintpar) എന്നു പറയുന്നു. ഡിമാൻറിലും സപ്ലൈയിലുമുണ്ടാകുന്ന മാറ്റങ്ങളനുസരിച്ച് വിനിമയനിരക്ക് കയറുകയോ ഇറങ്ങുകയോ ചെയ്യുന്നത് ഈ കമ്മട്ടനിരക്കിനെ കേന്ദ്രമാക്കിക്കൊണ്ടായിരിക്കും. സ്വർണ്ണമാനം നിലവിലുണ്ടെങ്കിൽ ഈ കയറ്റമിറക്കങ്ങൾ ഒരതിർത്തിയിലധികം പോവുകയില്ല. എ എന്ന രാജ്യത്തിന് ബി. എന്ന രാജ്യത്തിന്റെ കറൻസിയുടെ ആവശ്യമുണ്ടെന്നിരിക്കട്ടെ. ബി. യുടെ കറൻസിയുടെ ആപേക്ഷികമായ വില വർദ്ധിച്ചുവെന്നു വരാം. അത്തരം ഘട്ടങ്ങളിൽ തന്റെ കറൻസി മുമ്പത്തേക്കാളധികം കൊടുത്താലെ എ യ്ക്ക് ബി യുടെ കറൻസി കിട്ടുകയുള്ളൂ. പക്ഷേ, ബി യുടെ കറൻസിയുടെ വില എത്ര വർദ്ധിച്ചാലും അത് കൊടുക്കുവാൻ എ തയ്യാറാവുമോ? ഇല്ല കാരണം, തന്റെ കറൻസി കൊടുക്കുന്നതിനേക്കാൾ ലാഭം അത് സ്വർണ്ണമാക്കി മാറ്റി ആ സ്വർണ്ണം ബി യിലേക്ക് കയറ്റി അയയ്ക്കുകയാണെന്നു കണ്ടാൽ അയാളങ്ങനെയാണ് ചെയ്യുക. അവിടെവച്ച് ആ സ്വർണ്ണം വേണമെങ്കിൽ വീണ്ടും ബി യുടെ കറൻസിയാക്കി മാറ്റുകയും ചെയ്യാമല്ലോ.

വിനിമയനിരക്കുകളുടെ കയറ്റിറക്കങ്ങളുടെ ഈ അതിർത്തികൾക്കു സ്വർണ്ണരേഖകൾ (Gold Points) എന്നു പറയുന്നു. എന്തുകൊണ്ടെന്നാൽ, വിനിമയനിരക്ക് ആ അതിർത്തി കടക്കുമ്പോൾ ഒരു രാജ്യത്തിൽ നിന്ന് മറ്റൊരു രാജ്യത്തിലേയ്ക്ക് സ്വർണ്ണം കയറ്റിയയയ്ക്കപ്പെടുന്നതാണ്.

ഒരു രാജ്യത്തിൽ നിന്ന് മറ്റൊരു രാജ്യത്തിലേയ്ക്ക് സ്വർണ്ണം കയറ്റി അയയ്ക്കുന്നതിലേക്കാവശ്യമായ ചെലവാണ് ഈ സ്വർണരേഖകൾ നിർണയിക്കുന്നത്.

### വിനിമയനിരക്കിലെ മാറ്റങ്ങൾ:

ഇത്രയും പറഞ്ഞതിൽ നിന്നു രണ്ടു കറൻസികളുടെ വിനിമയത്തോതു തികച്ചും സ്ഥിരമായിക്കൊള്ളണമെന്നില്ല എന്നു മനസ്സിലാക്കാം. ഒരു രാജ്യത്തിൽ നിന്ന് മറ്റൊരു രാജ്യത്തിലേക്കു സ്വർണ്ണം കയറ്റിയയയ്ക്കാനാവശ്യമായ ചെലവനുസരിച്ച് വിനിമയനിരക്ക് ഏറുകയോ കുറയുകയോ ചെയ്യാം. മറ്റൊരുവിധം പറഞ്ഞാൽ, വിനിമയനിരക്കു സ്വർണ്ണരേഖകളുടെ അതിർത്തികൾക്കുള്ളിൽ കയറിയിറങ്ങിക്കൊണ്ടി

രിക്കും. കറൻസിയുടെ ഡിമാൻഡിലും സപ്ലൈയിലുമുണ്ടാകുന്ന മാറ്റങ്ങളാണ് ഈ കയറ്റിറക്കങ്ങൾക്കു കാരണം. പൗണ്ട് സ്റ്റെർലിംഗ് ഡോളറാക്കി മാറ്റാനാഗ്രഹിക്കുന്നവരേക്കാളധികമാണ് ഡോളർ പൗണ്ടാക്കി മാറ്റാനാഗ്രഹിക്കുന്നവർ എങ്കിൽ വിനിമയനിരക്ക് അമേരിക്കയ്ക്കെതിരാവും. അതായത്, ഡോളറിന് പൗണ്ടുകണക്കിലുള്ള വില കുറയും. എന്നാൽ, സ്വർണ്ണമാനം നിലവിലുള്ളതുകൊണ്ട്, ഈ കുറവു ന്യൂയോർക്കിൽ നിന്നു ലണ്ടനിലേക്കു സ്വർണ്ണം കയറ്റിയയയ്ക്കാനാവശ്യമായ ചെലവിനേക്കാളധികമാവില്ല.

ഇത്രത്തോളം പറഞ്ഞത് സ്വർണ്ണമാനവ്യവസ്ഥ നിലവിലുണ്ടായിരുന്ന കാലത്തെ സ്ഥിതിയാണ്. എന്നാൽ, ഇന്ന് ആ സ്ഥിതിയല്ല, സ്വർണ്ണമാനം ഉപേക്ഷിക്കപ്പെട്ടിട്ട് 17 കൊല്ലമായി.

## സ്വർണ്ണമാനത്തിന്റെ തകർച്ച:

1981 സെപ്റ്റംബർ മാസത്തിലാണ് പൗണ്ട് സ്റ്റെർലിംഗ് സ്വർണ്ണമാനത്തിൽ നിന്ന് സ്വതന്ത്രമാക്കപ്പെട്ടത്.

പൗണ്ട് സ്റ്റെർലിംഗ് സ്വർണ്ണവുമായുള്ള ബന്ധം ഉപേക്ഷിച്ചതോടുകൂടി നോട്ടുകൾ കൊടുത്താൽ സ്വർണ്ണം കിട്ടുമെന്ന വ്യവസ്ഥയും അന്തർദ്ധാനം ചെയ്തു. അനിയന്ത്രിതമായ നോട്ടുകളടിച്ചുവിട്ടു സ്റ്റെർലിംഗിന്റെ വില കുറയ്ക്കുവാൻ ഗവൺമെൻറിനു സാധിക്കുമെന്നായി.

കറൻസിയുടെ വിലയിടിഞ്ഞാൽ ലോകമാർക്കറ്റിൽ പ്രബലമായ സ്ഥാനം കൈക്കലാക്കാൻ സാധിക്കുമെന്ന് ഓരോ മുതലാളിയും വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ, തന്റെ ചരക്കുകളുണ്ടാക്കാനുള്ള ചെലവ്, സ്വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ, കുറയുകയാണ് ചെയ്യുന്നത്. കടലാസ്സുനോട്ടുകളുടെ പ്രചാരം വർദ്ധിക്കുംതോറും ചരക്കുകളുടെ മാർക്കറ്റുവിലകൾ വർദ്ധിച്ചുകൊണ്ടുവരും. വിലയിടിഞ്ഞ പണം സ്വർണ്ണത്തിനു കൈമാറ്റം ചെയ്യുന്നത് ലാഭകരമാണ്. കാരണം, വിലയിടിഞ്ഞ കറൻസിയുള്ള രാജ്യത്തിന്റെ ചരക്കുകൾ സ്വർണ്ണമാനത്തിൽതന്നെ നിലനിൽക്കുന്ന രാജ്യങ്ങളുടെ ചരക്കുകളെ അപേക്ഷിച്ച് ആദായകരമായിരിക്കും. നേരെമറിച്ച്, സ്വർണ്ണമാനത്തിലുള്ള പഴയ പണത്തിന്റെ അടിസ്ഥാനത്തിൽ ഉൽപാദനം നടത്തുന്ന രാജ്യങ്ങളുടെ ചരക്കുകൾക്ക് താരതമ്യേന കൂടുതൽ വിലയുണ്ടാകുമെന്നു കാണാം. ചുരുങ്ങിയ വിലയ്ക്കു ചരക്കുകൾ വിൽക്കാൻ കഴിയുന്നവർക്കാണല്ലോ മാർക്കറ്റിലെ മത്സരത്തിൽ വിജയം നേടാൻ കഴിയുക. അതുകൊണ്ടാണ് നോട്ടടിച്ചു പണപ്പെരുപ്പമുണ്ടായ രാജ്യത്തിന് (വിലയിടിഞ്ഞ കറൻസിയുപയോഗിക്കുന്ന രാജ്യത്തിന്) കൂടുതൽ ആദായമുണ്ടാവുമെന്നു പറഞ്ഞത്.

എന്നാൽ, ഇംഗ്ലണ്ടിലെ കറൻസി വ്യവസ്ഥയിലുണ്ടായ ഈ മാറ്റങ്ങൾ കണ്ടു ചുമ്മായിരിക്കുകയാണോ മറ്റു രാജ്യങ്ങൾ ചെയ്തത്? ഒരിക്കലുമല്ല. അധികം കഴിയുന്നതിനു മുമ്പ് ജർമ്മനിയും ഫ്രാൻസും ബ്രിട്ടനെ അനുഗമിച്ചു. ഉത്തമർണ്ണരാജ്യങ്ങളിൽ വച്ച് ഏറ്റവും പ്രബലമായ അമേരിക്കയിലെ ഡോളർമാത്രം, കുറച്ചുകാലം, പരിതസ്ഥിതികളോടെതിരിട്ടുകൊണ്ട് പ്രതാപത്തോടെ തലയുയർത്തി നിൽക്കാൻ നോക്കി. പക്ഷേ, പൗണ്ട് സ്റ്റെർലിംഗ് സ്വർണ്ണമാനത്തെ ഉപേക്ഷിച്ച സ്ഥിതിക്ക് ഡോളർമാത്രം സ്വർണ്ണമാനത്തെ വിടാതെ പിടിച്ചുനിന്നാൽ എന്തായിരിക്കും ഫലം? ബ്രിട്ടന് തന്റെ ചരക്കുകളെ ചുരുങ്ങിയ വിലയ്ക്കു വിറ്റഴിക്കാൻ കഴിയും. ലോകമാർക്കറ്റിലെ മത്സരത്തിൽ നിന്നും അമേരിക്കൻ ചരക്കുകൾ പിൻമാറേണ്ടിവരും. അതി

ന് അമേരിക്കൻ മുതലാളികൾ തയ്യാറാവുമോ? തീർച്ചയായുമില്ല, അതുകൊണ്ടത്രേ, 1933 മാർച്ചിൽ, അമേരിക്കയും സ്വർണ്ണമാനത്തെ വലിച്ചെറിഞ്ഞത്.

അമേരിക്കൻ ഡോളറും ബ്രിട്ടീഷ്പൗണ്ടും ലോകത്തിൽവച്ച് ഏറ്റവും സ്ഥിരതയുള്ള കറൻസികളാണെങ്കിലും അവയൊരിക്കലും സ്വർണ്ണവുമായുള്ള ബന്ധം വേർപെടുത്തുകയില്ലെന്നും വിശ്വസിച്ചിരുന്ന മറ്റു പല രാജ്യങ്ങളും തങ്ങളുടെ സൂക്ഷിപ്പുകളെ ഡോളറോ പൗണ്ടോ ആക്കി മാറ്റുക പതിവായിരുന്നു. അതുകൊണ്ട് ഡോളറും പൗണ്ടും പൊളിഞ്ഞപ്പോൾ മറ്റു കറൻസികൾ കൂടി അപകടത്തിലായി.

## സ്വർണ്ണമാന വ്യവസ്ഥ തകർന്നതെന്തുകൊണ്ട്?

സ്വർണ്ണമാനവ്യവസ്ഥയുടെ പരാജയത്തെ വെറുമൊരു യാദൃശ്ചിക സംഭവമായിട്ടാണ് ചില ധനശാസ്ത്രജ്ഞൻമാർ വ്യാഖ്യാനിക്കുന്നത്. മറ്റു ചിലർ സ്വർണ്ണമാനം തകർന്നതിനുള്ള ഉത്തരവാദിത്വമെല്ലാം സ്വർണ്ണത്തിന്റെ — ഭൂമിയിൽ നിന്നു കുഴിച്ചെടുക്കപ്പെടുന്ന ആ പാവപ്പെട്ട ലോഹക്കഷണത്തിന്റെ — തലയ്ക്കു വച്ചുകെട്ടാനാണൊരുങ്ങിയത്. ഒരു സാർവ്വദേശീയ മാനദണ്ഡമെന്ന നിലയ്ക്കു പ്രവർത്തിക്കുവാൻ സ്വർണ്ണത്തിനു കഴിവില്ലെന്നും അതുകൊണ്ടാണ് സ്വർണ്ണമാന വ്യവസ്ഥ പരാജയപ്പെട്ടതെന്നും അവരഭിപ്രായപ്പെട്ടു. എന്നാൽ, പുരോഗമനവാദികളായ ചില ധനശാസ്ത്രജ്ഞൻമാർ ഈ പരാജയത്തിന്റെ ശാസ്ത്രീയകാരണങ്ങളാരായുവാൻ പരിശ്രമിക്കാതിരുന്നില്ല. ഉദാഹരണത്തിന്, ഇന്ത്യയിലെ ഒരു പ്രസിദ്ധ ശാസ്ത്രജ്ഞനായ മിസ്റ്റർ കെ.ടി.ഷാ അഭിപ്രായപ്പെട്ടു. വിദേശ വ്യാപാരത്തിൽ പ്രതിഫലിച്ച അതിരുകവിഞ്ഞ സാമ്പത്തിക ദേശീയത്വമാണ് കറൻസികുഴപ്പത്തിന്റെ പ്രധാന കാരണമെന്ന്. പക്ഷേ, മിസ്റ്റർ ഷായുടെ ഈ അഭിപ്രായം പോലും കേവലം അവ്യക്തമാണ്. കാരണം, സ്വർണ്ണമാനത്തിന്റെ തകർച്ചയുടെ പിന്നിലുള്ള മുതലാളിത്തവ്യവസ്ഥയുടെ പരാജയത്തെ അദ്ദേഹം വേണ്ടപോലെ അപഗ്രഥിച്ചുകാണുന്നില്ല.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സാർവ്വദേശീയവ്യാപാരത്തിന് ഗണ്യമായ ഉടവുതട്ടി. 1920-22 ലെയും 1929-33 ലെയും സാമ്പത്തികകുഴപ്പങ്ങൾ ഈ സ്ഥിതിയെ കൂടുതൽ വഷളാക്കിത്തീർത്തു. ഉണ്ടാക്കിയ ചരക്കുകൾ വിറ്റഴിക്കാൻ കഴിയാതെ മുതലാളികൾ ബേജാറാവാൻ തുടങ്ങി. ലോകമാർക്കറ്റിൽ താന്താങ്ങൾക്കുള്ള പങ്കുനിലനിർത്താൻ വേണ്ടി ഓരോ മുതലാളി രാജ്യവും ഭയങ്കരമായ മത്സരങ്ങളിലേർപ്പെട്ടു. ഈ പരസ്പര മത്സരത്തിൽ താരിഫുകൾ, ക്വാട്ടകൾ, കൈമാറ്റസന്ധികൾ, നാണ്യങ്ങളുടെ വിലകുറയ്ക്കൽ തുടങ്ങിയ എല്ലാത്തരം ആയുധങ്ങളും ഉപയോഗിക്കപ്പെട്ടു. ഇങ്ങിനെ ഓരോ രാജ്യത്തിലേയും മുതലാളികൾ മറ്റു രാജ്യങ്ങളിലെ മുതലാളികൾക്കെതിരായി നടത്തുന്ന സമരത്തിന്റെ വിവിധരംഗങ്ങളിലൊന്നു മാത്രമാണ് കറൻസിക്കുഴപ്പത്തിലൂടെ പ്രത്യക്ഷപ്പെട്ടത്.

ഓരോ രാജ്യവും ശ്രദ്ധിച്ചതു സ്വർണ്ണമാനത്തിന്റെ പവിത്രതയെ നിലനിർത്താനല്ല, നേരെമറിച്ച്, സ്വന്തം ഉൽപാദനത്തേയും കച്ചവടത്തേയും വിപുലമാക്കാനാണ്. അതുകൊണ്ടാണ് ഓരോ രാജ്യവും ഉയർന്ന താരീഫുകളും എക്സ്ചേഞ്ച് നിയന്ത്രണങ്ങളും മറ്റുനിയന്ത്രണ നടപടികളും നടപ്പാക്കാനൊരുങ്ങിയത്. കറൻസിയുടെ അതിരുകവിഞ്ഞ 'ഇൻഫ്ളക്ഷൻ' ഈ മത്സരത്തിനുള്ള മൂർച്ചയേറിയ ഒരായുധമായിത്തീർന്നു. കാരണം, പണപ്പെരുപ്പമുള്ള രാജ്യത്തിനു ചുരുങ്ങിയ മാർക്കറ്റുവിലയ്ക്കു ചരക്കുകൾ വിറ്റഴിക്കാൻ കഴിയും. അതുകൊണ്ട്, മൂർദ്ധന്യദിശയിലെത്തിയ മാർക്കറ്റു മത്സരത്തിന്റെ ഒരഭിവാജ്യ ഭാഗമെന്നോണം ഒരു ഭയങ്കരമായ കറൻസി യുദ്ധം പൊട്ടിപ്പുറപ്പെട്ടു.

സ്വർണ്ണമാനം നിലനില്ക്കണമെങ്കിൽ വിവിധ രാജ്യങ്ങളുടെ വിദേശവിനിമയം അസ്ഥിരമാവാതിരിക്കണം. വിദേശവിനിമയം അസ്ഥിരമാവാതിരിക്കണമെങ്കിൽ രാജ്യങ്ങൾ തമ്മിലുള്ള അടവുകളുടെ അവശിഷ്ടങ്ങൾ ഏറെക്കുറെ സ്ഥിരമായിരിക്കണം. പക്ഷേ ഓരോ രാജ്യവും തന്റെ മാത്രം ഉൽപാദനത്തേയും വിദേശവ്യാപാരത്തേയും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണെങ്കിൽ, ഓരോ രാജ്യവും തന്റെ ചരക്കുകളെ ചുരുങ്ങിയ വിലയ്ക്കു വിറ്റഴിക്കാൻ സാധിക്കത്തക്കവണ്ണം ഉൽപാദനക്ഷമത വളർത്താൻ മുതിരുകയാണെങ്കിൽ, ഓരോ രാജ്യവും സ്വന്തം കറൻസിയുടെ വില കുറയ്ക്കുവാനും ലോകമാർക്കറ്റിൽ മറ്റു രാജ്യങ്ങളെ പരാജയപ്പെടുത്തുവാനുമൊരുങ്ങുകയാണെങ്കിൽ, ഈ സ്ഥിരത എത്രകാലം നിലനിൽക്കും?

അപ്പോൾ, സ്വർണ്ണമാനത്തിന്റെ പരാജയത്തിന്റെ പിന്നിൽ മുതലാളിത്തത്തിന്റെ അസമമായ വളർച്ചയും അതിലടങ്ങിയ മത്സരങ്ങളും കാണാതിരിക്കുന്ന ധനശാസ്ത്രജ്ഞൻ അശാസ്ത്രീയമായ തീരുമാനത്തിലേ എത്തിച്ചേരുകയുള്ളൂ. കറൻസിക്കുഴപ്പം മുതലാളിത്തത്തിന്റെ പൊതുവിലുള്ള കുഴപ്പത്തിന്റെ ഒരു ഭാഗം മാത്രമാണെന്നു മനസ്സിലാക്കാതെ അതിനു പരിഹാരം കാണുക സാധ്യമല്ല.

## 11 പണത്തിന്റെ വിലയും വിദേശവിനിമയവും

ചരക്കുകളുടെ വില ചിലപ്പോൾ കയറുകയും ചിലപ്പോൾ കുറയുകയും ചെയ്യാറുണ്ടല്ലോ. ഇതിനു രണ്ടു തരം കാരണങ്ങളുണ്ടാവാം: ഒന്നുകിൽ വിലകളെ അളക്കാനുള്ള മാനദണ്ഡ(പണ)ത്തെ സംബന്ധിക്കുന്ന മാറ്റങ്ങൾ; അല്ലെങ്കിൽ അളക്കപ്പെടുന്ന ചരക്കുകളെ സംബന്ധിക്കുന്ന മാറ്റങ്ങൾ. ചരക്കിന്റെയെന്നപോലെതന്നെ പണത്തിന്റെയും ഡിമാൻറിലോ സപ്ലൈയിലോ മാറ്റമുണ്ടായാൽ വിലകളിലും മാറ്റമുണ്ടാകും.[2]

യുദ്ധകാലത്ത് വിലകളിൽ വലിയൊരു വിപ്ലവമുണ്ടായി. ചരക്കുകളുടെ ഡിമാൻറു സപ്ലൈയെ അപേക്ഷിച്ച് വർദ്ധിച്ചുകൊണ്ടുവന്നു. തൊഴിലാളികളെ കിട്ടാനുള്ള പ്രയാസം, അസംസ്കൃതസാമഗ്രികളുടെ കുറവ്, പുതിയ യന്ത്രങ്ങളുടെ അഭാവം — ഇങ്ങനെ പല കാരണങ്ങളാലും ചരക്കുകളുടെ സപ്ലൈ കുറഞ്ഞു. ഡിമാൻറാണെങ്കിൽ വർദ്ധിച്ചുകൊണ്ടുവരികയും ചെയ്തു. അതിന്റെ ഫലമായിട്ടാണ് വിലകൾ എന്തെന്നില്ലാതെ വർദ്ധിച്ചത്.

ഡിമാൻറിന്റെ ആധിക്യം കുറഞ്ഞതോടുകൂടി സ്ഥിതി വീണ്ടും മാറി. ചരക്കുകളുടെ വില പെട്ടെന്നിടിയാൻ തുടങ്ങി. അതാണ് 1920-ലെ സാമ്പത്തിക കുഴപ്പത്തിലുണ്ടായത്. അതാണ് ഇന്ന് മുതലാളികളെ തുറിച്ചുനോക്കുന്ന ഒരു ഭയങ്കര പ്രശ്നം.

### വിലകളുടെ മാറ്റം ജനങ്ങളെ ബാധിക്കുന്നതെങ്ങനെ?

വിലകളിൽ പെട്ടെന്നുണ്ടാകുന്ന ഈ ഉയർച്ചയും താഴ്ചയും വിവിധജനവിഭാഗങ്ങളെ വ്യത്യസ്തരീതിയിലാണ് ബാധിക്കുക. വിലകൾ വർദ്ധിച്ചാൽ ഉൽപ്പാദനത്തിലേർപ്പെടുന്ന വ്യവസായമുതലാളികൾക്കു കൂടുതൽ ലാഭമടിക്കാൻ സാധിക്കും. നേരെ മറിച്ചു, പലിശയ്ക്കു കടം കൊടുക്കുന്ന പണമുതലാളികളുടെ ആദായം കുറയുകയാണ് ചെയ്യുക. കാരണം, ചരക്കുകളുടെ വില വർദ്ധിച്ചാലും പലിശയുടെ തോത് നിശ്ചിതമായിരിക്കും. അതുകൊണ്ട് നിശ്ചിതമായ പലിശയ്ക്ക് ഇപ്പോൾ കിട്ടുന്ന ചരക്കുകളുടെ

---

[2] നാണയപ്രശ്നം എന്ന പുസ്തകം നോക്കുക.

തോത് മുമ്പത്തേക്കാൾ കുറവായിരിക്കും. മാർക്കറ്റിൽ പണം ധാരാളം പ്രചരിക്കുന്നതുകൊണ്ട്, എന്നുവച്ചാൽ പണമുതലാളിയുടെ പണത്തിന്റെ ഡിമാൻറ് വർദ്ധിക്കാത്തതുകൊണ്ട്, പലിശനിരക്ക് കൂട്ടാൻ സാധിക്കുകയുമില്ല.

തൊഴിലാളികൾക്കാണ് ഏറ്റവുമധികം ദോഷം. വിലവർദ്ധനവിനനുസരിച്ച് കൂലിക്കയറ്റമുണ്ടാവില്ല. കൂലിയുടെ തോത് എല്ലായ്പ്പോഴും വിലക്കയറ്റത്തിന്റെ പിന്നിലായിരിക്കും. അതിന്റെ ഫലമായി തൊഴിലാളികളുടെ യഥാർത്ഥ കൂലി (കൂലി കൊണ്ടു വാങ്ങാവുന്ന ചരക്കുകളുടെ തുക) കുറയുന്നു. അങ്ങിനെ ജീവിതനിലവാരം താഴുന്നു; ചൂഷണം വർദ്ധിക്കുന്നു.

വിലകൾ താഴുന്ന കാലത്തെ സ്ഥിതി വ്യത്യസ്തമാണ്. ചരക്കുകൾ വിൽക്കുന്നവർക്ക്, പ്രത്യേകിച്ചും കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നവർക്ക്; ആവശ്യത്തിനു വേണ്ട പണമുണ്ടാക്കാൻ കഴിയില്ല. അങ്ങിനെ കടഭാരം വർദ്ധിക്കുന്നു. പലിശയ്ക്കു കടം കൊടുക്കുന്ന പണമുതലാളിയ്ക്കു കൂടുതൽ ആദായമുണ്ടാക്കാൻ സാധിക്കുന്നു. കാരണം, നിശ്ചിതമായ പലിശ മുമ്പത്തേക്കാളധികം ചരക്കുകളേയാണ് ഇപ്പോൾ പ്രതിനിധീകരിക്കുന്നത്. വ്യവസായ മുതലാളികൾ തങ്ങൾക്കു കിട്ടുന്ന മിച്ചവിലയുടെ കൂടുതൽ ഭാഗം പണമുതലാളിക്കു കൊടുക്കാൻ നിർബദ്ധരാവുന്നു.

ഇവിടെയും തൊഴിലാളികൾക്കാണ് കൂടുതൽ ദോഷം. വിലക്കുറവിനെ നേരിടാൻ വേണ്ടി മുതലാളികൾ തൊഴിലാളികളുടെ കൂലി കുറയ്ക്കുന്നു. അങ്ങിനെ തൊഴിലാളിയും മുതലാളിയും തമ്മിലുള്ള സമരം മൂർച്ഛിക്കുന്നു.

ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ വിലയിടിവിനെ നേരിടാൻ എല്ലാ രാജ്യങ്ങളും ഒരേ മാർഗ്ഗമല്ല കൈക്കൊണ്ടത്. ഇംഗ്ലണ്ടിലും അമേരിക്കയിലും നിഷ്പക്ഷ രാജ്യങ്ങളിലും മുതലാളികൾക്കും ഭരണാധികാരികൾക്കും താരതമ്യേന കൂടുതൽ ശക്തിയുണ്ടായിരുന്നതുകൊണ്ട് 'ഡിഫ്ളേഷൻ' (പണസങ്കോചം അല്ലെങ്കിൽ പണം പിൻവലിക്കൽ) നടപ്പിൽ വരുത്തുകയാണുണ്ടായത്. പണമുതലാളികളുടെ ആദായം ചുരുക്കുകയും തൊഴിലാളികളുടെ കൂലി, ഉദ്യോഗസ്ഥരുടെ ശമ്പളം മുതലായവ കുറയുകയും ചെയ്തു. ഇങ്ങിനെ പണത്തിന്റെ തുക കുറച്ചുകൊണ്ട് സ്വന്തം ലാഭത്തോത് ഏറെക്കുറെ നിലനിർത്താൻ പ്രാബല്യത്തിലിരുന്ന വ്യവസായമുതലാളികൾക്കു സാധിച്ചു.

യുദ്ധത്തിൽ വലിയ നാശനഷ്ടങ്ങളേൽക്കുകയും പരാജയംമൂലം ഭരണാധികാരികളുടെ ശക്തി ഇളക്കുകയും ചെയ്തു രാജ്യങ്ങളിലാകട്ടെ, വമ്പിച്ച വിപ്ലവപ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പ്രക്ഷോഭങ്ങളെ ശാന്തമാക്കാൻ വേണ്ടി എട്ടുമണിക്കൂർ പ്രവൃത്തി, സംഘടനയ്ക്കുള്ള അവകാശം, പൊതുസ്വാതന്ത്ര്യം, പ്രായപൂർത്തി വോട്ടവകാശം എന്നിങ്ങനെ പല വിട്ടുവീഴ്ചകളും ചെയ്യാൻ മുതലാളിമാർ നിർബന്ധിതരായി. ഈ പരിതസ്ഥിതിയിൽ കൂലിയും ശമ്പളവും നേരിട്ടുകുറച്ച് പണസങ്കോചനം നടപ്പിൽവരുത്തുക സാധ്യമായിരുന്നില്ല. അതിനാൽ, ഇത്തരം രാജ്യങ്ങളിൽ പണത്തിന്റെ വില കുറയ്ക്കൽ (Depreciation) എന്ന മാർഗ്ഗമാണ് ഭരണാധികാരികൾ കൈക്കൊണ്ടത്. നോട്ടുകൾ കൂടുതൽ അടിച്ചിറക്കുകയാണെങ്കിൽ തൊഴിലാളികളുടെ കൂലിയും ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും പ്രത്യക്ഷത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ അവയുടെ യഥാർത്ഥമായ തോതു കുറയ്ക്കാൻ കഴിയും. കാരണം, പണത്തിന്റെ വിലയിടിയുമ്പോൾ കൂലിയുടെയും ശമ്പളത്തിന്റെയും ക്രയശക്തി ചുരുങ്ങും. ഇതിന്റെ അർത്ഥം യഥാർത്ഥമായ കൂലിയും ശമ്പളവും ചുരുങ്ങുക എന്നുതന്നെയാണ്.

ഈ മാർഗ്ഗം തൊഴിലാളികളുടെ ദാരിദ്ര്യത്തെ വർദ്ധിപ്പിക്കുന്നു; ചെറിയ സ്വ ക്ഷിപ്പുകളുള്ള ഇടത്തരക്കാരെ ദീപാളി കളിപ്പിക്കുന്നു; പണമുതലാളികൾക്കു കിട്ടു ന്ന ആദായത്തിന്റെ തോതു കുറയ്ക്കുന്നു; അങ്ങിനെ വളഞ്ഞ വഴികളിലൂടെ വീണ്ടും വ്യവസായമുതലാളികളുടെ ലാഭം വർദ്ധിപ്പിക്കുന്നു.

## ചൂതാട്ടക്കാർ:

വില കയറുമ്പോഴും വിലയിടിയുമ്പോഴും ഒരുപോലെ ലാഭമടിയ്ക്കുന്ന ഒരുതരം മുതലാളികളുണ്ട്. ചൂതാട്ടമാണ് അവരുടെ പ്രധാന ജോലി. വില കയറാൻ തുടങ്ങുമ്പോൾ അവർ ചരക്കുകൾ ധാരാളമായി വാങ്ങുകയും അങ്ങിനെ വിലകളെ പിന്നേയും വർദ്ധിപ്പിക്കുകയും ഒടുവിൽ ഏറ്റവും കവിഞ്ഞ വിലയ്ക്ക് വിറ്റു പണമാക്കുകയും ചെയ്യുന്നു. നേരെമറിച്ച് വിലയിടിയാൻ തുടങ്ങുമ്പോൾ അവർ ചരക്കുകൾ വാങ്ങുന്നത് കഴിയുന്നതും ചുരുക്കുകയും വില ഏറ്റവുമധികം താഴാൻ കാത്തിരിക്കുകയും ചെയ്യുന്നു.

ഇത്തരം ചൂതാട്ടങ്ങൾ ഇടത്തരക്കാരായ സ്വത്തുടമസ്ഥൻമാരെ പാപ്പരാക്കിവിടുന്നു; പണം ഏതാനും പേരുടെ കയ്യിൽ കേന്ദ്രീകരിക്കാൻ ഇടവരുത്തുന്നു; വിതരണത്തിലുള്ള അസമത്വങ്ങൾ വർദ്ധിപ്പിക്കുന്നു; അങ്ങനെ ക്രമത്തിൽ സാമ്പത്തിക വ്യവസ്ഥയാകെ തകരാൻ തുടങ്ങുന്നു.

## വിദേശ വിനിമയം:

സ്വർണമാനം നിലവിലുണ്ടായിരുന്ന കാലത്ത് കറൻസികൾ പ്രതിനിധീകരിച്ചിരുന്ന സ്വർണ്ണത്തിന്റെ തോതു നോക്കിയിട്ടാണ് അവയുടെ ആപേക്ഷികവിലകളെ കണക്കാക്കിയിരുന്നത്. സ്വർണ്ണമാനം തകർന്നതോടുകൂടി ഈ മാർഗ്ഗം അപ്രായോഗികമായിത്തീർന്നു. ഇപ്പോൾ കറൻസികളുടെ ആപേക്ഷികവിലകൾ കണക്കാക്കുന്നത് ഓരോ രാജ്യത്തിലും ചരക്കുകളുടെ വിലകളുടെ പൊതുനിലവാരത്തിലുണ്ടാകുന്ന മാറ്റങ്ങൾ നോക്കിയിട്ടാണ്. ഒരു രാജ്യത്തിലെ വിലകൾ ഗണ്യമായ തോതിൽ വർദ്ധിക്കുകയാണെങ്കിൽ അത് ആ രാജ്യത്തിലെ കറൻസിയും മറ്റു രാജ്യങ്ങളിലെ കറൻസികളും തമ്മിലുള്ള ബന്ധത്തെ ബാധിക്കാതിരിക്കില്ല.

എന്നാൽ ചരക്കുകളുടെ വിലയിലുണ്ടാകുന്ന മാറ്റങ്ങൾ മാത്രമല്ല കറൻസികളുടെ വിലയിലുണ്ടാകുന്ന മാറ്റങ്ങളും വിനിമയബന്ധത്തെ ബാധിക്കുന്നതാണ്. ഉദാഹരണത്തിന്, ഡോളറും പൗണ്ട് സ്റ്റർലിംഗും തമ്മിലുള്ള ബന്ധമെടുക്കുക. ഒരു പൗണ്ട് 4 ഡോളറിന് സമമാണ്. ബ്രിട്ടനിൽ ഒരു പൗണ്ട് കൊടുത്താൽ കിട്ടുന്നത്ര ചരക്കുകൾക്ക് അമേരിക്കയിൽ 4 ഡോളർ കൊടുക്കേണ്ടിവരുന്നിടത്തോളം കാലം ഒരു പൗണ്ടിന്റെയും 4 ഡോളറിന്റെയും വിലകൾ സമമാണെന്ന് പറയാം. ചരക്കുകളുടെ വിലവർദ്ധനവോ വിലയിടിവോ ഒരേ തോതിലാണെങ്കിൽ രണ്ടു കറൻസികളും തമ്മിലുള്ള വിനിമയബന്ധം താറുമാറാവുകയില്ല. 1947 ഒക്ടോബറിൽ ബ്രിട്ടനിൽ മൊത്തച്ചരക്കുകളുടെ വിലകൾ 1987-ലെ നിലവാരത്തേക്കാൾ 83 ശതമാനം കൂടുതലായിരുന്നു. അതേസമയത്ത് അമേരിക്കയിലെ നിലവാരം 84 ശതമാനവും വർദ്ധിച്ചിരുന്നു. അപ്പോൾ രണ്ടു രാജ്യങ്ങളിലെയും ചരക്കുകളുടെ വിലകൾ ഏതാണ്ടൊരേ തോതിലാണ് വർദ്ധിച്ചത്. അതുകൊണ്ട്, ഒരു കറൻസിയുടെ വില മറ്റേ കറൻസിയുടേതിനെ അപേക്ഷിച്ച് കൂടിയെന്നോ കുറഞ്ഞുവെന്നോ പറയാൻ വയ്യ.

ബ്രിട്ടനിലെ ഭരണാധികാരികൾ പൗണ്ടിന്റെ വില കുറയ്ക്കാൻ തീരുമാനിച്ചുവെന്നും അതിന്റെ ഫലമായി പൗണ്ടിന്റെ വിനിമയനിരക്ക് എട്ട് ഡോറളായിത്തീർന്നുവെന്നും വിചാരിക്കുക. എന്നാൽ ബ്രിട്ടനിലേക്കിറക്കുമതി ചെയ്യുന്ന ഭക്ഷണം, അസംസ്കൃത സാമഗ്രികൾ തുടങ്ങിയ എല്ലാ ചരക്കുകളുടെയും വിലകൾ പെട്ടെന്ന്

വർദ്ധിക്കും. അമേരിക്കയിൽ നിന്നോ കനഡയിൽ നിന്നോ ഇറക്കുമതി ചെയ്യുന്ന 4 ഡോളർ വിലപിടിച്ച ചരക്കുകൾക്ക് മുമ്പ് 1 പൗണ്ട് കൊടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 1 പവൻ 6 ഷെല്ലിംഗ് 8 പെൻസ് കൊടുക്കേണ്ടി വരും. ബ്രിട്ടന്റെ ഇറക്കുമതിചരക്കുകളുടെ വിലകൾ ഇങ്ങനെ വർദ്ധിക്കാൻ തുടങ്ങിയാൽ ജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ അധഃപതിക്കും. തൊഴിലാളികളുടെ യഥാർത്ഥകൂലി കുറയും. കാരണം, അവർക്കു കിട്ടുന്ന പണം കൊടുത്താൽ മുമ്പത്തേക്കാളും കുറച്ചു ചരക്കുകൾ മാത്രമേ കിട്ടുകയുള്ളു. അതുകൊണ്ട് കറൻസിയുടെ വിലയിടിവ് തൊഴിലാളികൾക്കും ഭൂരിപക്ഷക്കാരായ മറ്റു സാധാരണക്കാർക്കും ഹാനികരമാണ്.

കറൻസിയുടെ വിലയിടിഞ്ഞാൽ കയറ്റുമതികൾക്ക് തെല്ലൊരു പ്രചോദനം കിട്ടുമെന്നുള്ളത് ശരിയാണ്. ഉദാഹരണത്തിന്, മുമ്പ് 4 ഡോളർ കൊടുത്താൽ കിട്ടിയിരുന്നത്ര ബ്രിട്ടീഷ് ചരക്കുകൾ ഇപ്പോൾ 3 ഡോളറോ 3.5 ഡോളറോ കൊടുത്താൽ കിട്ടുന്നതായിരിക്കും. അതിന്റെ ഫലമായി അമേരിക്കക്കാർ കൂടുതൽ ബ്രിട്ടീഷ് ചരക്കുകൾ വാങ്ങാൻ തുടങ്ങിയെന്നു വരാം.

എന്നാൽ, ഇതിനു ചില വിഷമങ്ങളുണ്ട്. എന്തെന്നാൽ, ബ്രിട്ടീഷ് ചരക്കുകൾ പലതും വിദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന അസംസ്കൃത സാമഗ്രികൾകൊണ്ടാണുണ്ടാക്കുന്നത്. കറൻസിയുടെ വിലയിടിവുകാരണം ആ അസംസ്കൃത സാമഗ്രികളുടെ വില വർദ്ധിക്കും. അതിന്റെ ഫലമായി കയറ്റുമതി ചെയ്യുന്ന ചരക്കുകളുടെ വിലകളേയും കുറച്ചൊക്കെ വർദ്ധിപ്പിക്കേണ്ടിവരും. മാത്രമല്ല ജീവിതത്തോത് താഴ്ന്നുകൊണ്ട് തൊഴിലാളികൾ കൂടുതൽ കൂലിക്കുവേണ്ടി സമരം ചെയ്തുവെന്നു വരും. അങ്ങനെ കയറ്റുമതികൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ തന്നെ കുറയാൻ തുടങ്ങും.

മറ്റൊരു വിഷമം കൂടിയുണ്ട്. ഒരു രാജ്യത്തിലെ കറൻസിയുടെ വിലയിടിഞ്ഞാൽ ലോകമാർക്കറ്റിൽ മത്സരിക്കുന്ന മറ്റു രാജ്യങ്ങളിലെ മുതലാളികളും തങ്ങളുടെ കറൻസികളുടെ വില കുറയ്ക്കാൻ തുടങ്ങും. കറൻസികൾ കൊണ്ടുള്ള ഈ സമരത്തിന്റെ ഫലമായി ആദ്യം വില കുറച്ച രാജ്യത്തിനുണ്ടാകുന്ന നേട്ടം താൽക്കാലികം മാത്രമായിരിക്കും.

## ഫ്രാങ്കിന്റെ വിലയിടിവ്:

മറ്റൊരുദാഹരണമെടുക്കാം: 1948 ജനുവരി 25-നു രാത്രി ഫ്രഞ്ചു ഭരണാധികാരികൾ ഫ്രാങ്കിന്റെ വില സുമാർ 50 ശതമാനം കണ്ട് കുറയ്ക്കുകയുണ്ടായി. പുതിയ വിനിമയനിരക്കുകൾ പ്രകാരം ഒരു പൗണ്ട് 864 ഫ്രാങ്കിന് സമമായിരിക്കുമെന്നും (പഴയ നിരക്ക്: 480 ഫ്രാങ്ക് = 1 പൗണ്ട്) ഒരു ഡോളർ 214 ഫ്രാങ്കിനു സമമായിരിക്കുമെന്നും (പഴയ നിരക്ക്: 120 ഫ്രാങ്ക്= 1 ഡോളർ) ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു.

ഫ്രഞ്ചു മുതലാളികളെ സംബന്ധിച്ചിടത്തോളം ഈ മാറ്റത്തിന്റെ അർത്ഥം വിദേശമാർക്കറ്റുകളിലേക്കു കൂടുതൽ പ്രവേശനം ലഭിക്കുക എന്നതാണ്. കാരണം ഫ്രഞ്ചു ചരക്കുകൾ വാങ്ങുന്നവർക്ക് ഇപ്പോൾ മുമ്പത്തേക്കാൾ കുറച്ചു ഡോളറോ പൗണ്ടോ മതിയാവും. ലോകമാർക്കറ്റിൽ ഫ്രഞ്ചുചരക്കുകളുടെ വില കുറയുന്നതുകൊണ്ട് അവയുടെ വിൽപ്പന വർദ്ധിച്ചുവെന്നു വരാം.

ജനുവരി 26-നു മുമ്പ് ഫ്രാങ്ക് പൗണ്ടായോ പൗണ്ട് ഫ്രാങ്കായോ മാറ്റാനാഗ്രഹിച്ചിരുന്നവർ പൗണ്ടിന് 480 ഫ്രാങ്ക് എന്ന തോതിലാണ് വിനിമയം നടത്തിയിരുന്നത്. അതായത് 1000 പൗണ്ട് വിലയുള്ള ചരക്കുകൾ ബ്രിട്ടനിൽ വിറ്റഴിക്കുന്ന ഒരു ഫ്രഞ്ച്

മുതലാളിക്ക് 4,80,000 ഫ്രാങ്ക് കിട്ടിയിരുന്നു. ജനുവരി 26 ന മുതലാകട്ടെ അത്രയും ചരക്കുകൾക്ക് 8,64,000 ഫ്രാങ്ക് കിട്ടുമെന്നായി. ഇതിന്റെ അർത്ഥം ഫ്രാങ്കിന്റെ വിലയിടിവിനുശേഷം ബ്രിട്ടനിലേക്ക് ചരക്കുകൾ കയറ്റിയയയ്ക്കുന്ന ഫ്രഞ്ച് മുതലാളികൾക്ക് കൂടുതൽ ലാഭമടിക്കാൻ കഴിയുക എന്നാണ്.

ഫ്രാൻസിലേക്ക് ചരക്കുകൾ കയറ്റിയയയ്ക്കുന്ന ബ്രിട്ടീഷ് മുതലാളികളുടെ കാര്യം നേരെമറിച്ചാണ്. ഫ്രഞ്ചുമാർക്കറ്റിൽ 4,80,000 ഫ്രാങ്ക് വിലയുള്ള ചരക്കുകൾ വിറ്റഴിക്കുന്ന ബ്രിട്ടീഷ് മുതലാളിക്ക് മുമ്പ് 1000 പൗണ്ട് കിട്ടിയിരുന്നു. ഫ്രാങ്കിന്റെ വിലയിടിവിനു ശേഷമാകട്ടെ, അത്രയും ചരക്കുകൾക്ക് 550 പൗണ്ട് മാത്രമേ കിട്ടുകയുള്ളുവെന്നായി. ഈ നഷ്ടം നികത്താൻ വേണ്ടി ബ്രിട്ടീഷ് മുതലാളികൾ ഒന്നുകിൽ തങ്ങളുടെ ചരക്കുകളുടെ വില വർദ്ധിപ്പിക്കും; അല്ലെങ്കിൽ ഫ്രഞ്ചു മാർക്കറ്റിൽ നിന്നും ചരക്കുകൾ പിൻവലിച്ച മറ്റുവല്ല മാർക്കറ്റുകളെയും അഭയം പ്രാപിക്കും.

അപ്പോൾ, ഫ്രാങ്കിന്റെ വിലയിടിവുകൊണ്ട് പെട്ടെന്നുണ്ടായ ഫലം ബ്രിട്ടനിൽ നിന്നോ അമേരിക്കയിൽ നിന്നോ മറ്റു രാജ്യങ്ങളിൽ നിന്നോ ഇറക്കുമതി ചെയ്യുന്ന ചരക്കുകൾക്ക് ഫ്രഞ്ചുകാർ കൂടുതൽ വിലകൊടുക്കുവാൻ നിർബദ്ധരാവുമെന്നതാണ്. കറൻസിയുടെ വിലയിടിവിനു മുമ്പുതന്നെ ഫ്രാൻസിൽ ചരക്കുകളുടെ വില വല്ലാതെ വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു. വിലക്കയറ്റത്തിനനുസരിച്ച് തൊഴിലാളികളുടെ കൂലിയും ഇടത്തരക്കാരുടെ ശമ്പളവും വർദ്ധിച്ചിരുന്നില്ല. ഫ്രാങ്കിന്റെ വിലയിടിവിന്റെ ഫലമായി ചരക്കുകളുടെ വിലകൾ ഇനിയും വർദ്ധിക്കുകയാണ് ചെയ്യുക. അതിന്റെ ഫലമായി തൊഴിലാളികളുടെ യഥാർത്ഥകൂലി വീണ്ടും കുറയും; ജനങ്ങളുടെ ജീവിതത്തോത് കൂടുതൽ വഷളായിത്തീരും.

### കറൻസികുഴപ്പത്തിന്റെ പിന്നിൽ:

രണ്ടാംലോകമഹായുദ്ധവും അതിനെതുടർന്നുണ്ടായ വിഷമതകളും മിക്ക മുതലാളിത്തരാജ്യങ്ങളുടെയും സാമ്പത്തികവ്യവസ്ഥയെ താറുമാറാക്കിയിരിക്കുന്നു. മാർക്കറ്റുകൾ ഇടുങ്ങിവരികയാണ്. മുതലാളിത്തരാജ്യങ്ങൾ തമ്മിലുള്ള മാർക്കറ്റുമത്സരം വർദ്ധിച്ചുവരികയാണ്. പണപ്പെരുപ്പം (ഇൻഫ്ളെക്ഷൻ) ഭയങ്കരമായിക്കൊണ്ടുവരികയാണ്. പൗണ്ട്, ഫ്രാങ്ക്, ലിറ, ചൈനീസ്, ഡോളർ, ഉറുപ്പിക തുടങ്ങിയ മിക്ക കറൻസികളുടെയും വിലകൾ ഇടിയാൻ തുടങ്ങിയിരിക്കുന്നു. വിനിമയനിരക്കിലുണ്ടായിക്കൊണ്ടിരിക്കുന്ന അസ്ഥിരതകളും പെട്ടെന്നുണ്ടായ കയറ്റിറക്കങ്ങളും വിദേശവ്യാപാരത്തെ ബാധിക്കാൻ തുടങ്ങിയിരിക്കുന്നു. കറൻസിയുടെ വിലയിടിവുകാരണം ജനങ്ങളുടെ ജീവിതത്തോതു കുറഞ്ഞുകുറഞ്ഞു വരികയാണ്. തൊഴിലാളികളുടെ ചൂഷണത്തോത് വർദ്ധിച്ചിരിക്കുന്നു. ഇടത്തരക്കാരുടെ സൂക്ഷിപ്പുപണങ്ങൾ അന്തർദ്ധാനം ചെയ്യുന്നു. നാട്ടുകാരുടെ കയ്യിലുള്ള പണമെല്ലാം ഏതാനും കുറ്റൻമുതലാളിമാരുടെ കയ്യിൽ കേന്ദ്രീകരിക്കാൻ തുടങ്ങുന്നു.

ഇതെല്ലാം യാദൃശ്ചികസംഭവങ്ങളല്ല. മുതലാളിത്ത രീതിയിലുള്ള സ്വകാര്യസ്വത്തുടമകളുടെയും ഉൽപാദനവിതരണങ്ങളിലുള്ള ക്രമക്കേടുകളുടെയും അനിവാര്യഫലമാണിത്. മൗലികമായ ഈ യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ട് കറൻസികുഴപ്പത്തിനു പരിഹാരം കാണുക സാധ്യമല്ല.

## 12 സാമ്പത്തികക്കുഴപ്പം

മുതലാളിത്തത്തിന്റെ കഴിഞ്ഞ 180 കൊല്ലത്തെ ചരിത്രത്തിൽ ഇടവിട്ടിടവിട്ടുണ്ടായ ഒട്ടനവധി സാമ്പത്തിക കുഴപ്പങ്ങൾ വെറും യാദൃശ്ചികസംഭവങ്ങളല്ലെന്നും നമ്മുടെ

ഉൽപാദനവ്യവസ്ഥയുടെ എന്തോ പന്തികേടിന്റെ ഫലമാണവയെന്നും അധികമധികം ആളുകൾ മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. അത്രയും നല്ലത്. പക്ഷേ, ഈ പന്തികേടിന്റെ സ്വഭാവമെന്താണെന്നു വ്യക്തമായി മനസ്സിലാക്കിയാൽ മാത്രമേ അതിനുള്ള പരിഹാരം കാണാൻ സാധിക്കൂ.

## ഉൽപ്പാദനം നടത്തുന്നതെങ്ങനെ?

മുതലാളിത്ത രീതിയിലുള്ള ഉൽപാദനവ്യവസ്ഥയ്ക്ക് മൂന്ന് ഘട്ടങ്ങളുണ്ട്. 1. മുതലാളി ആദ്യമായി തന്റെ വശമുള്ള പണം ചരക്കാക്കി മാറ്റുന്നു; ഉല്പാദനോപകരണങ്ങളും തൊഴിലാളിയുടെ അധ്വാനശക്തിയും വിലയ്ക്കുവാങ്ങുന്നു. 2. ശരിക്കുള്ള ഉല്പാദനം; തൊഴിലാളികൾ ഉല്പാദനോപകരണങ്ങളിൽ അധ്വാനം ചെലുത്തി ചരക്കുകൾ നിർമ്മിക്കുന്നു. 3. വിൽപ്പന: ഉല്പാദിപ്പിച്ചുകഴിഞ്ഞ ചരക്കുകൾ മാർക്കറ്റിൽ വിറ്റഴിക്കുന്നു; അങ്ങിനെ ചരക്കുകളെ വീണ്ടും പണമാക്കി മാറ്റുന്നു.

ഉല്പാദിപ്പിച്ചു കഴിഞ്ഞ ചരക്കുകളെ ഉപഭോക്താക്കൾ വാങ്ങിയനുഭവിച്ചു കഴിയുമ്പോഴേയ്ക്കും അവയെ വീണ്ടും സപ്ലൈ ചെയ്യാൻ സാധിക്കണം. അതുകൊണ്ട് ഒരിക്കൽ ചരക്കുകൾ വിറ്റഴിച്ചു പണമാക്കിയാൽ ആ പണം വീണ്ടും ഉല്പാദനത്തിലിറക്കുന്നു. ആദ്യത്തെപ്പോലെ തന്നെ വീണ്ടും ഉല്പാദനവ്യവസ്ഥയുടെ ഒന്നാംഘട്ടമാരംഭിക്കുകയായി. വീണ്ടും രണ്ടാം ഘട്ടം, വീണ്ടും മൂന്നാം ഘട്ടം, വീണ്ടും ഒന്നാംഘട്ടം — ഇങ്ങനെ ഉല്പാദനം തുടർന്നുകൊണ്ടേയിരിക്കുന്നു.

ലാഭം കിട്ടാൻ വേണ്ടിയാണല്ലോ മുതലാളി ഉല്പാദനത്തിലേർപ്പെടുന്നത്. ലാഭം കിട്ടിയില്ലെങ്കിൽ അയാൾ തന്റെ പണം വ്യവസായത്തിലിറക്കുകയില്ല. അപ്പോൾ ഉല്പാദനവ്യവസ്ഥയുടെ മൂന്നാംഘട്ടത്തിൽ ചരക്കുകൾ വിറ്റുകിട്ടുന്ന പണം ആദ്യമിറക്കിയ പണത്തേക്കാളധികമുണ്ടായിരിക്കുമെന്നു തീർച്ചയാണ്. ഈ അധികമുള്ള സംഖ്യയ്ക്കാണ് മിച്ചവിലയെന്നു പറയുന്നത്. മിച്ചവില വേണമെങ്കിൽ മുഴുവനും മുതലാളിക്കനുഭവിക്കാം; സുഖഭോഗങ്ങൾക്കുവേണ്ടി ചിലവഴിക്കാം. അല്ലെങ്കിൽ, അതു മുഴുവനോ അതിലൊരു ഭാഗമോ മൂലധനത്തോടുകൂടിച്ചേർത്തു വ്യവസായത്തെ വിപുലീകരിക്കാം.

സ്വാഭാവികമായി ഓരോ മുതലാളിയും തന്റെ ഉല്പാദനോപകരണങ്ങളെ കൂടുതൽ കൂടുതൽ പരിഷ്കരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുക. ഇതിന് രണ്ട് കാരണങ്ങളുണ്ട്: ഒന്നാമത്, മിച്ചവില സമ്പാദിക്കാനുള്ള ദുര; രണ്ടാമത് മാർക്കറ്റിലെ മത്സരം. തന്താങ്ങളുടെ ചരക്കുകൾ വിറ്റഴിക്കാൻ വേണ്ടി മുതലാളികൾ പരസ്പരം മത്സരിക്കുന്നു. മത്സരത്തിൽ തോൽക്കുന്ന മുതലാളി തകർന്നു നശിച്ചുപോകുന്നു. അതുകൊണ്ട് മാർക്കറ്റു മത്സരത്തിൽ എതിരാളികളെ തോൽപ്പിക്കാൻ വേണ്ടി ഓരോ മുതലാളിയും തന്റെ ഉല്പാദനോപകരണങ്ങളെ മറ്റുള്ളവരെക്കാൾ കുറഞ്ഞ ചെലവിനു ചരക്കുകളുല്പാദിപ്പിക്കാനും ശ്രമിക്കുന്നു. അപ്പോൾ മുതലാളിത്ത രീതിയിലുള്ള ഉല്പാദനവ്യവസ്ഥ നിലനിൽക്കുകയും വളരുകയും ചെയ്യണമെങ്കിൽ ഉല്പാദനത്തിൽ കൂടുതൽക്കൂടുതൽ, പണമിറക്കിയേ കഴിയൂ. അതുകൊണ്ട് ഓരോ മുതലാളിയും തന്റെ മിച്ചവില മുഴുവനുമോ അല്ലെങ്കിൽ അതിന്റെ ഒരു മുഖ്യഭാഗമെങ്കിലുമോ പുനരുല്പാദനത്തിൽ കൂട്ടിച്ചേർക്കുന്നു. അങ്ങിനെ ഉല്പാദനം കൂടുതൽക്കൂടുതൽ വിപുലമായിത്തീരുന്നു.

## ഉല്പാദനോപകരണങ്ങളും ഉപഭോഗസാമഗ്രികളും:

വ്യവസായങ്ങളെ മൊത്തത്തിൽ രണ്ടു ഗ്രൂപ്പുകളായി തരംതിരിക്കാം. 1. ഉല്പാദനോപകരണങ്ങൾ (യന്ത്രങ്ങൾ, അസംസ്കൃതപദാർത്ഥങ്ങൾ, എണ്ണ മുതലായവ) നിർ

മ്മിക്കുന്ന വ്യവസായങ്ങൾ. 2. ഉപഭോഗസാമഗ്രികൾ (ഭക്ഷണം, വസ്ത്രം ചെരിപ്പ് മുതലായവ) നിർമ്മിക്കുന്ന വ്യവസായങ്ങൾ. രണ്ടാമത്തെ ഗ്രൂപ്പുകാർക്കാവശ്യമായ യന്ത്രങ്ങളും മറ്റും ഒന്നാം ഗ്രൂപ്പുകാരിൽനിന്നാണ് കിട്ടുന്നത്. അതുകൊണ്ട് ഉപഭോഗ സാമഗ്രികളുണ്ടാക്കുന്ന വ്യവസായങ്ങളെ പരിഷ്ക്കരിക്കണമെങ്കിൽ യന്ത്രസാമഗ്രിക ളുണ്ടാക്കുന്ന വ്യവസായങ്ങളെയും പരിഷ്ക്കരിക്കണം. ഇങ്ങിനെ രണ്ടു ഗ്രൂപ്പുകളിലും മൂ ലധനശേഖരണം ആവശ്യമായിത്തീരുന്നു.

ഉല്പാദനോപകരണങ്ങളായാലും ശരി, ഉപഭോഗസാമഗ്രികളായാലും ശരി, നിർമ്മിക്കപ്പെട്ടുകഴിഞ്ഞാൽ അവയെ മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയണം. എന്നാ ലേ പുനരുൽപ്പാദനം സാധ്യമാകൂ.

ഉല്പാദനമുറയുടെ അവസാനത്തിൽ നമ്മൾ കാണുന്നതെന്താണ്? യന്ത്രങ്ങളു ടെയും എണ്ണയുടെയും കൂലിയുടെയും മറ്റും രൂപത്തിൽ മൂലധനമിറക്കിയ ഒന്നാംവിഭാ ഗക്കാരുടെ കയ്യിൽ ഇപ്പോൾ യന്ത്രങ്ങൾ മാത്രമാണുള്ളത്. ഈ യന്ത്രങ്ങൾ വിറ്റ ഴിച്ച് പണമാക്കിയാലെ തൊഴിലാളികൾക്കു കൂലികൊടുക്കാനും വീണ്ടും ഉല്പാദനമു റയാരംഭിക്കാനും ആവശ്യമായ മൂലധനമിറക്കാൻ കഴിയൂ. രണ്ടാംവിഭാഗക്കാരുടെ കാര്യമോ? യന്ത്രങ്ങളുടെയും അസംസ്കൃതപദാർത്ഥങ്ങളുടെയും കൂലിയുടെയും രൂപ ത്തിൽ അവരിറക്കിയ മൂലധനം മുഴുവൻ ഇപ്പോൾ ഉപഭോഗസാമഗ്രികളുടെ രൂപ ത്തിലാണ്. ഈ ഉപഭോഗസാമഗ്രികളെ വിറ്റഴിച്ചാലേ രണ്ടാം വിഭാഗക്കാരായ മുത ലാളികൾക്കു വീണ്ടും ഉല്പാദനമുറയാരംഭിക്കാൻ കഴിയൂ.

ഒന്നാംവിഭാഗക്കാർ യന്ത്രങ്ങളുണ്ടാക്കുന്നു. ആ യന്ത്രങ്ങളെ എങ്ങിനെയാണ് വിറ്റഴിക്കുന്നത്? കുറെയൊക്കെ ഒന്നാംവിഭാഗക്കാരുടെയിടയിൽതന്നെ ചെലവാ ക്കാം. ബാക്കിയുള്ളത് രണ്ടാംവിഭാഗക്കാർക്കിടയിൽ വിറ്റുതീർക്കണം. രണ്ടാം വി ഭാഗക്കാർ ഭക്ഷണസാമഗ്രികൾ, തുണി, ചെരുപ്പ്, മരുന്ന് തുടങ്ങിയ ഉപഭോഗസാ ധനങ്ങൾ നിർമ്മിക്കുന്നു. അവയെ വിറ്റഴിക്കുന്നതെങ്ങനെയാണ്. കുറേയൊക്കെ രണ്ടാം വിഭാഗക്കാർക്കിടയിൽ തന്നെ ചെലവാകും. ബാക്കിയുള്ളത് ഒന്നാം വിഭാ ഗക്കാരുടെയിടയിൽ തന്നെ വിറ്റുതീർക്കണം. ഒന്നാമത്തെ ഗ്രൂപ്പിനാവശ്യമായ ഉപ ഭോഗസാമഗ്രികൾ രണ്ടാംഗ്രൂപ്പുകാരും രണ്ടാംഗ്രൂപ്പുകാർക്കാവശ്യമായ ഉല്പാദനോപ കരണങ്ങൾ ഒന്നാംഗ്രൂപ്പുകാരുമാണ് സപ്ലൈ ചെയ്യുന്നത്.

ഒരു കാര്യം ഇവിടെ ഊന്നിപ്പറയേണ്ടതുണ്ട്. മുതലാളിത്തസമുദായത്തിൽ ഓരോ ഇനത്തിലും എത്രയെത്ര ചരക്കുകൾ ആവശ്യമുണ്ടെന്നും അവയുടെ മാർ ക്കറ്റുവിലകൾ എന്തായിരിക്കണമെന്നും എത്ര ചരക്കുകൾ വാങ്ങപ്പെട്ടുമെന്നും മറ്റും അറിയുന്നതു ചരക്കുകൾ നിർമ്മിക്കുന്ന സമയത്തല്ല, നിർമ്മിച്ചതിനുശേഷം മാത്ര മാണ്. അതായത്, സമുദായത്തിലെ ഉല്പാദനവിതരണങ്ങൾ യാതൊരുപ്ലാനുമില്ലാ തെയാണ് നടക്കുന്നത്. ഓരോ ഉൽപാദകനും ഒറ്റയ്ക്കൊറ്റയ്ക്ക് ചരക്കുകളുണ്ടാക്കുക യും അവയെ വിറ്റഴിക്കാൻ വേണ്ടി ഒറ്റയ്ക്കൊറ്റയ്ക്കു മാർക്കറ്റിൽ കൊണ്ടുവരികയുമാണ് ചെയ്യുന്നത്. മാർക്കറ്റിലെത്തുമ്പോഴാണ് താന്താങ്ങളുടെ ചരക്കുകൾ എത്രമടങ്ങു ചെലവാകുമെന്ന് മുതലാളികൾ മനസ്സിലാക്കുന്നത്. ഡിമാൻറു കുറവുള്ള ചരക്കുക ളുടെ മാർക്കറ്റുവില ഇടിയും. അപ്പോൾ കുറേപേർ ആ ഉല്പാദനരംഗത്തിൽ നിന്നു പിൻമാറി ഡിമാൻറു കൂടുതലുള്ള വ്യവസായങ്ങളന്വേഷിക്കാൻ തുടങ്ങും. പക്ഷേ, കൂ ടുതൽ ആളുകൾ പിൻവലിയുകയും അതിന്റെ ഫലമായി ഉൽപ്പന്നങ്ങൾ കുറയുകയും ചെയ്താൽ അവയുടെ മാർക്കറ്റുവില വീണ്ടും ഉയരാൻ തുടങ്ങും. അപ്പോൾ വീണ്ടും ആ ഉൽപാദനരംഗത്തേക്ക് മുതലാളികൾ ആകർഷിക്കപ്പെടുകയുണ്ടായി. ഇങ്ങനെ വിലകളിലുണ്ടാകുന്ന ഏറ്റക്കുറവുകളുടേയും മൂലധനത്തിന്റെ പോക്കുവരവുകളുടെയും

ഫലമായിട്ടാണ് സമുദായത്തിനാവശ്യമായ ചരക്കുകൾ എത്രയാണെന്ന് നിർണ്ണയിക്കപ്പെടുന്നത്.

ഒരു വിഭാഗത്തിൽപ്പെട്ട ചരക്കുകളിലുണ്ടാകുന്ന മാറ്റങ്ങൾ മറ്റവിഭാഗത്തെയും ബാധിക്കും. കാരണം, ഉല്പാദനവിഭാഗങ്ങൾ പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഉപഭോഗസാമഗ്രികളുണ്ടാക്കുന്നവർക്ക് യന്ത്രങ്ങൾ വേണം. യന്ത്രങ്ങളുണ്ടാക്കുന്നവർക്ക് ഉപഭോഗസാമഗ്രികളും വേണം. ഒന്നാം ഗ്രൂപ്പുകാർ നിർമ്മിക്കുന്ന യന്ത്രങ്ങൾ തുടങ്ങിയ ഉല്പാദനോപകരണങ്ങൾ രണ്ടാംഗ്രൂപ്പുകാർക്കാവശ്യമുള്ളതിനേക്കാൾ അധികമാണെങ്കിൽ അവ വിറ്റഴിയാതെ കിടക്കും. നേരെമറിച്ച്, കുറവാണെങ്കിലോ രണ്ടാം ഗ്രൂപ്പുകാർക്കു പുനരുല്പാദനത്തിനാവശ്യമായ യന്ത്രങ്ങളും മറ്റും കിട്ടുകയില്ല. അപ്പോൾ ചരക്കുകൾ വിറ്റഴിക്കാൻ സാധിക്കുക എന്നത് ഒരു വ്യക്തിയുടെ മാത്രം പ്രശ്നമല്ല. സമുദായത്തിലൊട്ടാകെയുള്ള ചരക്കുകൾ വിറ്റഴിക്കേണ്ട പ്രശ്നമാണത്. വ്യക്തികൾ ഒറ്റയ്ക്കൊറ്റയ്ക്കു സ്വതന്ത്രമായി നടത്തുന്ന ചരക്കുനിർമ്മാണവും സമുദായത്തിനൊട്ടാകെ ആവശ്യമുള്ള ചരക്കുനിർമ്മാണവും തമ്മിൽ എത്രകണ്ട് പൊരുത്തമുണ്ട് എന്നതിനെ ആശ്രയിച്ചിരിക്കും പുനരുല്പാദനത്തിന്റെ സുഗമമായ പുരോഗതി.

എന്നാൽ മുതലാളിത്ത സമുദായത്തിൽ ഈ സുഗമമായ പുരോഗതി സാധ്യമല്ല. കാരണം, യാതൊരു പ്ലാനുമില്ലാതെ അരാജകമായിട്ടാണ് വ്യവസായങ്ങൾ വളരുന്നത്. ഒന്നാംവിഭാഗത്തിലെ വ്യവസായങ്ങളും രണ്ടാം വിഭാഗത്തിലെ വ്യവസായങ്ങളും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത മട്ടിലാണ് വിപുലീകരണം നടക്കുന്നത്.

ആകെയിറങ്ങുന്ന മൂലധനത്തിന്റെ തോതനുസരിച്ചാണ് ലാഭം കണക്കാക്കപ്പെടുന്നത്. യന്ത്രങ്ങളുണ്ടാക്കുന്ന വ്യവസായങ്ങളിൽ, ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന വ്യവസായങ്ങളെ അപേക്ഷിച്ച്, മൂലധനത്തിന്റെ തോത് എത്രയോ അധികമായിരിക്കും. അതുകൊണ്ട് ഒന്നാം വിഭാഗക്കാരുടെ ഒട്ടാകെയുള്ള ലാഭം രണ്ടാം വിഭാഗക്കാരുടേതിനെക്കാൾ ജാസ്തിയായിരിക്കും. അതിനാൽ വ്യവസായങ്ങളുടെ വിപുലീകരണത്തിനു കൂടുതൽ പണം നീക്കിവയ്ക്കാൻ സാധിക്കും. രണ്ടാം വിഭാഗക്കാർക്ക് അത്ര തന്നെ സാധിക്കില്ല. ഇങ്ങനെ മൂലധനസംഭരണം രണ്ടു വിഭാഗങ്ങളിലും അസമമായിട്ടാണ് വളരുന്നത്.

മറ്റൊരു വ്യത്യാസം കൂടിയുണ്ട്: ലാഭത്തിന്റെ മുഖ്യമായ ഭാഗം വ്യവസായങ്ങളുടെ വിപുലീകരണത്തിനുവേണ്ടി നീക്കിവയ്ക്കണമെന്നു പറഞ്ഞുവല്ലോ. ഇങ്ങിനെ നീക്കിവയ്ക്കുന്ന തുകയുടെ ഒരു ഭാഗം യന്ത്രങ്ങൾ അസംസ്കൃതപദാർത്ഥങ്ങൾ മുതലായവയ്ക്ക് വേണ്ടിയും ബാക്കിയുള്ളത് തൊഴിലാളികളുടെ കൂലിയ്ക്കുവേണ്ടിയുമാണ് ചെലവഴിക്കുന്നത്. യന്ത്രങ്ങൾക്കാണ് കൂടുതൽ ചെലവുവേണ്ടിവരിക എന്നു പറയേണ്ടതില്ലല്ലോ. എന്നല്ല, യന്ത്രങ്ങൾ പരിഷ്കരിക്കുന്തോറും യന്ത്രങ്ങൾക്കും അസംസ്കൃതസാധനങ്ങൾക്കും വേണ്ടി നീക്കിവയ്ക്കുന്നതിന്റെ തോതു വർദ്ധിച്ചുകൊണ്ടും തൊഴിലാളികൾക്കുവേണ്ടി നീക്കിവയ്ക്കുന്നതിന്റെ തോതു ചുരുങ്ങിക്കൊണ്ടുമാണ് വരിക. ഇതിന്റെ അർത്ഥം വ്യവസായങ്ങളുടെ വിപുലീകരണത്തോടൊപ്പം തൊഴിലാളികൾക്ക് ഉപഭോഗസാമഗ്രികൾ വാങ്ങാനുള്ള കഴിവ് ചുരുങ്ങിച്ചുരുങ്ങി വരുന്നു എന്നാണ്. മറ്റൊരുവിധം പറഞ്ഞാൽ ഒന്നാംവിഭാഗത്തിൽപ്പെട്ട വ്യവസായങ്ങളുടെ വളർച്ചയോടൊപ്പം രണ്ടാം വിഭാഗത്തിന്റെ വിൽപനയുടെ തോത് കുറഞ്ഞുകുറഞ്ഞുവരുന്നു.

മൂലധനസംഭരണത്തിന്റെ ഫലമായി ഉല്പാദനം കൂടുതൽ കൂടുതൽ വിപുലമാവാൻ തുടങ്ങുന്നു. ഉല്പാദനോപകരണങ്ങളുടെ ഡിമാൻറ് അതിവേഗം വർദ്ധിക്കുന്നു. അതോടൊപ്പം ചരക്കുകളുടെ മാർക്കറ്റുവിലയും വർദ്ധിക്കുന്നു. മാർക്കറ്റുവില വർദ്ധിക്കുമ്പോൾ ലാഭത്തോതും കയറാൻ തുടങ്ങുന്നു. അതിന്റെ ഫലമായി ഉല്പാദനോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളിലേയ്ക്ക് മൂലധനം ധാരാളമായി ഒഴുകിവരാൻ തുടങ്ങുന്നു. അങ്ങിനെ ഒന്നാം ഗ്രൂപ്പ് മേൽക്കുമേൽ വിപുലമായിക്കൊണ്ടുവരുന്നു.

ഉല്പാദനോപകരണങ്ങളുടെ ഡിമാൻറ് പെട്ടെന്ന്, ഒരു നൊടിയിടകൊണ്ട്, തൃപ്തിപ്പെടുത്താൻ കഴിയില്ല. കാരണം, അവയെ നിർമ്മിക്കാൻ കാലതാമസം പിടിക്കും. അതിനാൽ യന്ത്രങ്ങളും മറ്റുമുണ്ടാക്കി മാർക്കറ്റിലെത്തിക്കുന്നതുവരെയും അവയുടെ ഡിമാൻറ് വർദ്ധിച്ചുകൊണ്ടേയിരിക്കും. ഡിമാൻറ് നിലനിൽക്കുന്നിടത്തോളം വർദ്ധിച്ച മാർക്കറ്റുവിലകളും നിലനിൽക്കുന്നതുകൊണ്ട് ഉല്പാദനോപകരണവ്യവസായങ്ങൾ മൂലധനക്കാരെ ആകർഷിച്ചുകൊണ്ടേയിരിക്കും. സാമൂഹ്യമായ യാതൊരു പ്ലാനുമില്ലാതെ, താനുണ്ടാക്കുന്നതും മറ്റുള്ളവരുണ്ടാക്കുന്നതും തമ്മിൽ വല്ലപൊരുത്തകേടുണ്ടോ എന്നു നോക്കാതെ, യന്ത്രങ്ങൾക്കും മറ്റും രണ്ടാം വിഭാഗക്കാർക്കുള്ള യഥാർത്ഥമായ ഡിമാന്റെന്താണെന്നു മനസ്സിലാക്കാതെ, ഓരോ മുതലാളിയും തന്റെ ഇഷ്ടമനുസരിച്ച് ഇഷ്ടംപോലെ ചരക്കുകളുണ്ടാക്കി വിടുന്നു.

എന്നാൽ രണ്ടാം വിഭാഗത്തിൽപ്പെട്ട വ്യവസായത്തിന്റെ സ്ഥിതിയെന്താണ്? ഒന്നാംവിഭാഗത്തിലെന്നപോലെതന്നെ ഇവിടേയും മിച്ചവിലയുടെ പ്രധാനഭാഗം ഉല്പാദനോപകരണങ്ങൾക്കു വേണ്ടിയാണ് നീക്കിവെയ്ക്കുന്നത്. കൂലിക്കുവേണ്ടി, അതായത് തൊഴിലാളികളുടെ ഉപഭോഗത്തിനുവേണ്ടി, നീക്കിവയ്ക്കുന്നതിന്റെ തോതു കുറയുകയാണ് ചെയ്യുന്നത്. വ്യവസായം അധികമധികം വിപുലമാകുംതോറും തൊഴിലാളികൾക്കനുഭവിക്കാനുള്ള സ്വത്തിന്റെ തോതു കുറഞ്ഞുകുറഞ്ഞുവരുന്നു. അതായത്, ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് താണുതാണുവരുന്നു.

## തൊഴിലില്ലായ്മ പരന്നുപിടിക്കുന്നു:

ഉപഭോഗസാമഗ്രികളുടെ ഡിമാൻറു കുറഞ്ഞാൽ അവയുടെ മാർക്കറ്റുവിലയും കുറയും. പുതിയ മൂലധനക്കാരുടെ ആകർഷണം നിലയ്ക്കും. ലാഭത്തോത് ചുരുങ്ങും. നഷ്ടം നേരിടും. ഉല്പാദനം കുറയ്ക്കുവാൻ മുതലാളികൾ നിർബദ്ധിതരായിത്തീരും. അതിന്റെ ഫലമായി കുറേ തൊഴിലാളികൾക്കു ജോലിയില്ലാതാവും. തൊഴിലാളികൾക്കു ലഭിക്കുന്ന പ്രതിഫലത്തിന്റെ തുക കുറയുമ്പോൾ ചരക്കുകളുടെ വിൽപന വീണ്ടും ചുരുങ്ങും. ഉല്പാദനം ഇനിയും കുറയ്ക്കാൻ മുതലാളിമാർ നിർബദ്ധിതരായിത്തീരും. ചില കമ്പനികൾ പൊളിയും. ചിലതു പൂട്ടിയിടും. തൊഴിലില്ലാത്തവരുടെ എണ്ണം പെരുകിക്കൊണ്ടുവരും. ചരക്കുകൾ വിറ്റഴിക്കാതെ ഗോദാമിൽ കിടക്കുമ്പോൾ തൊഴിലാളികൾ പണിയില്ലാതെ തെണ്ടിത്തിരിയും.

രണ്ടാംവിഭാഗക്കാർ കമ്പനി പൂട്ടിയിടാൻ തുടങ്ങിയാൽ ഒന്നാംവിഭാഗക്കാരുടെ ഉല്പാദനോപകരണങ്ങൾ ചെലവാകുന്നതെങ്ങനെ? അങ്ങിനെ, യന്ത്രങ്ങളും മറ്റു മാർക്കറ്റിലെത്തുമ്പോഴേക്കും അവയെ വാങ്ങാനാളില്ലാതായിത്തീരുന്നു. വിറ്റഴിക്കാൻ സാധിക്കാത്തത്ര ചരക്കുകൾ മാർക്കറ്റിലെത്തിയിട്ടുണ്ടെന്ന് അപ്പോൾ മാത്രമാണ് അവർ മനസ്സിലാക്കുന്നത്. അതോടുകൂടി ഒന്നാം വിഭാഗത്തിൽപ്പെട്ട കമ്പനികളും പൂട്ടാൻ തുടങ്ങുകയായി. അങ്ങിനെ തൊഴിലില്ലായ്മ സാർവ്വത്രികമായിത്തീരുന്നു.

### കൃഷിക്കാർ തകരുന്നു:

കമ്പനികൾ പൂട്ടിക്കിടക്കുന്നതുകൊണ്ട് അസംസ്കൃതസാധനങ്ങളും വിറ്റഴിക്കാതെ കിടക്കും. നാട്ടുകാരുടെ കയ്യിൽ, പണമില്ലാത്തതുകൊണ്ട് കാർഷികച്ചരക്കുകൾ വാങ്ങാനാളില്ലാതാവും. അതിന്റെ ഫലമായി അവയുടെ വിലയിടിയാൻ തുടങ്ങും. മുതലാളികൾക്കു കൂടുതൽ ശക്തിയും പ്രാബല്യവും സംഘടനയുമുള്ളതുകൊണ്ട് അവർ കുഴപ്പത്തിന്റെ ഭാരത്തെ കഴിയുന്നതും കൃഷിക്കാരുടെ ചുമലിലേക്കു മാറ്റാൻ ശ്രമിക്കും. ചുരുക്കത്തിൽ, മറ്റു ജനവിഭാഗങ്ങളെയപേക്ഷിച്ച് കൃഷിക്കാരാണ് കൂടുതൽ തകരുക. അവരും തൊഴിലാളികളെപ്പോലെത്തന്നെ നിസ്സഹായരായി അലഞ്ഞു തിരിയാൻ തുടങ്ങും.

കൃഷിക്കാരുടെ വരവുചുരുങ്ങുക എന്നുവച്ചാൽ വ്യവസായച്ചരക്കുകളുടെ വില്പന വീണ്ടും കുറയുക എന്നർത്ഥമാണ്. അങ്ങനെ കൃഷിക്കാരുടെ പാപ്പരത്തം വ്യവസായങ്ങളെയും ബാധിക്കുന്നു.

### ബാങ്കുകൾ പൊളിയുന്നു:

ഉല്പന്നങ്ങൾ വിറ്റഴിയാതായാൽ അതു കടമിടപാടുകളെയും ബാധിക്കും. അഭിവൃദ്ധിയുടെ കാലത്തു മുതലാളികൾ തങ്ങളുടെ വ്യവസായങ്ങളെ വിപുലീകരിക്കാൻ വേണ്ടി ബാങ്കിൽ നിന്നു ധാരാളം കടംവാങ്ങിയിരുന്നു. ബാങ്കിൽ നിന്നു കടം കിട്ടിയിരുന്നതുകൊണ്ടാണ്, ചരക്കുകൾ വിറ്റുതീരുന്നതിനു മുമ്പുവരെ വിപുലീകരണം നിർബാധം തുടരാൻ സാധിച്ചിരുന്നത്. ബാങ്കുകൾക്കാണെങ്കിൽ പണത്തിനു യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. അതുകൊണ്ടവർ വ്യവസായമുതലാളികൾക്കു യഥേഷ്ടം കടംകൊടുത്തിരുന്നു. പക്ഷേ, ചരക്കുകൾ വിറ്റഴിയാതാവുമ്പോൾ ബാങ്കിൽ നിന്നു വാങ്ങിയ കടം തിരിച്ചുകൊടുക്കാൻ മുതലാളികൾക്കു സാധിക്കില്ലെന്നാവും. ഡിപ്പോസിറ്റർമാർ അമ്പരക്കാൻ തുടങ്ങും. ഏതാനും ഡിപ്പോസിറ്റർമാർ തങ്ങളുടെ സൂക്ഷിപ്പുപണം മടക്കി ചോദിച്ചാൽ മതി, ബാങ്കുകൾ പൊളിയാൻ തുടങ്ങും. 'ഭാവി സുരക്ഷിതമാക്കാൻ വേണ്ടി' പണം ബാങ്കിലിട്ട ഡിപ്പോസിറ്റർമാരെല്ലാം പൊളിഞ്ഞു പാളീസാകുന്നു. അങ്ങിനെ കുഴപ്പം സാർവ്വത്രികമായിത്തീരുന്നു.

ചരക്കുകളുടെ ഡിമാൻറും വില്പനയും കുറയാൻ തുടങ്ങിയാലും കുറച്ചുകാലം കടത്തിനു വാങ്ങിയ പണംകൊണ്ട് ഉല്പാദനം തുടരാൻ മുതലാളികൾക്കു സാധിക്കും. കിട്ടുന്നിടത്തോളം കടംവാങ്ങുക, സാധിക്കുന്നിടത്തോളം ഉല്പാദിപ്പിക്കുക — ഇതാണ് ഓരോ മുതലാളിയും ചെയ്യുന്നത്. അങ്ങനെ കുഴപ്പത്തിന്റെ യാഥാർത്ഥ്യം ജനങ്ങളിൽ നിന്നു മറച്ചുവയ്ക്കാൻ കുറെയൊക്കെ സാധിക്കും. പക്ഷേ, ഏതെങ്കിലുമൊരു മുഖ്യമായ ബാങ്കു പൊളിഞ്ഞാൽ പെട്ടെന്നു പണക്കമ്പോളമാകെ തകരാൻ തുടങ്ങും. കൃത്രിമമായ ഉല്പാദനവ്യവസ്ഥയുടെ കള്ളി അപ്പോളാണ് വെളിച്ചത്താവുക. സാമ്പത്തികക്കുഴപ്പത്തിന്റെ ആഴം എത്ര ഭയങ്കരമാണെന്ന് അപ്പോഴാണ് ആളുകൾക്ക് മനസ്സിലാവുക.

### കുഴപ്പവും ഋണവ്യവസ്ഥയും:

മുതലാളിത്തരീതിയിലുള്ള ഉൽപാദനം ഋണവ്യവസ്ഥയെ ആശ്രയിച്ചാണ് നടക്കുന്നത്. അതുകൊണ്ട്, കുഴപ്പം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് പണത്തിന്റെ ദൗർലഭ്യത്തിലൂടെയാണ്. എക്സ്ചേഞ്ച് ബില്ലുകളെ രൊക്കം പണമാക്കി മാറ്റി ഇടപാടുകൾ തീർക്കാൻ മുതലാളികൾ വെമ്പൽകൊള്ളുന്നു. ഈ കാരണത്താൽ, കുഴപ്പം

വെറുമൊരു പണക്കുഴപ്പമാണെന്നും, അല്ലെങ്കിൽ വെറുമൊരു ക്രെഡിറ്റ് കുഴപ്പമാണെന്നും, തോന്നിപ്പോകാനിടയുണ്ട്. എന്നാൽ വാസ്തവമെന്താണ്?

അമിതോല്പാദനം, വിലയിടിവ് മുതലായ കാരണങ്ങളാൽ ചരക്കിന്റെ പ്രചലനത്തിനു തടസ്സം നേരിടുമ്പോൾ, അതായത് കുന്നുകൂടിക്കിടക്കുന്ന ചരക്കുകളെ വിറ്റഴിക്കാൻ പ്രയാസം നേരിടുമ്പോൾ, ആ തടസ്സവും ആ പ്രയാസവും ഋണവ്യവസ്ഥയെയും ബാധിക്കുമെന്നു തീർച്ചയാണ്. പുനരുല്പാദനത്തിന്റെ ഒരു ഘട്ടത്തിൽ ചരക്കുകളുടെ പ്രചലനം പെട്ടെന്നു നിന്നുപോകുന്നു. പുനരുല്പാദനത്തിന്റെ ഗതിക്രമം നിർബാധം തുടരുന്നില്ലെന്ന് ആളുകൾ മനസ്സിലാക്കാൻ തുടങ്ങുന്നു. കച്ചവടസംബന്ധിയായ കടപ്പണത്തിന്റെ ഡിമാൻറു ചുരുങ്ങുന്നു. നൂൽപ്പകാരന്റെ കയ്യിൽ ധാരാളം നൂൽ കെട്ടിക്കിടപ്പുള്ളതുകൊണ്ട് കടത്തിന് പരുത്തിവാങ്ങി ഇനിയും നൂലുണ്ടാക്കാൻ അയാൾ മുതിരുകയില്ല. കച്ചവടക്കാരന്റെ കയ്യിൽ ചരക്കുവിറ്റഴിയാതെ കിടക്കുന്നതു കൊണ്ട് കടത്തിനു കൂടുതൽ ചരക്കു വാങ്ങേണ്ട ആവശ്യം അയാൾക്കും നേരിടുന്നില്ല. ഈ കാരണങ്ങളാലാണ് ഋണവ്യവസ്ഥ ചുരുങ്ങിപ്പോകുന്നത്.

മൂലധനമെല്ലാം ഉല്പാദനത്തിന്റെ ഗതിക്രമത്തിൽ കെട്ടിക്കിടക്കുകയാണ്. ചരക്കുകളുണ്ട്, പക്ഷേ, പണമില്ല. വ്യവസായമുതലാളികൾക്കു പണത്തിനുള്ള തിടുക്കം വർദ്ധിക്കുന്നു. ഉല്പാദനത്തിന്റെ വിപുലീകരണത്തിനു പുതിയ മൂലധനം ആവശ്യമായിവരുന്നതുകൊണ്ടല്ല, ഉള്ള മൂലധനം ചരക്കുകളുടെയും അസംസ്കൃത പദാർത്ഥങ്ങളുടെയും രൂപത്തിൽ കെട്ടിക്കിടക്കുന്നതുകൊണ്ട്. കുഴപ്പകാലങ്ങളിൽ അടവിനുള്ള ഉപകരണം എന്ന നിലക്കുള്ള പണത്തിനാണ് ദൗർലഭ്യം നേരിടുന്നത്. പണത്തിന്റെ ഡിമാൻറ് വർദ്ധിക്കുന്നതുകൊണ്ട് ബാങ്കർമാർ തങ്ങളുടെ പലിശനിരക്കും ഡിസ്കൗണ്ടിന്റെ തോതും ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. പക്ഷേ, എക്സ്ചേഞ്ച് ബില്ലുകൾ യഥാർത്ഥചരക്കുകളുടെ കൊള്ളക്കൊടുക്കകളുടെ പ്രതിനിധികൾ മാത്രമാണ്. അതായത്, ചരക്കുകളുടെ കൈമാറ്റമാണ് എക്സ്ചേഞ്ച് ബില്ലുകളുടെ തന്നെ അടിസ്ഥാനം. (ചില ബില്ലുകൾ യഥാർത്ഥ ചരക്കുകളെയല്ല, വെറും തട്ടിപ്പുകളെയും ചതിപ്പണികളെയും മാത്രമാണ് പ്രതിനിധീകരിക്കുന്നത് എന്നു വരാവുന്നതാണ്. പക്ഷേ, ഇത്തരം തട്ടിപ്പുകൾ കുഴപ്പകാലങ്ങളിൽ പൊട്ടിത്തെറിക്കുന്നതു കാണാം). അപ്പോൾ സമുദായത്തിന്റെ ഡിമാൻറിനേക്കാളധികം ചരക്കുകളുണ്ടാക്കിവിടുന്നു എന്നതാണ് കുഴപ്പത്തിനുള്ള പ്രത്യക്ഷകാരണം. മറ്റൊരുവിധം പറഞ്ഞാൽ കുഴപ്പത്തിന്റെ കാരണമാരായേണ്ടതു ഋണവ്യവസ്ഥയിലല്ല, മുതലാളിത്തരീതിയിലുള്ള ഉല്പാദനവ്യവസ്ഥയിലാണ്.

കൃത്രിമമായ ഈ ഉൽപാദനക്രമത്തെ രക്ഷിക്കുവാൻ ഒരു ബാങ്കിന്റെ, കടലാസുനോട്ടുകൾക്കു സാധിക്കുമെന്നോ കുറേ നോട്ടുകളടിച്ചിറക്കി വിറ്റഴിയാത്ത ചരക്കുകളെ വാങ്ങിവച്ച് കുഴപ്പമവസാനിപ്പിക്കാമെന്നോ വ്യാമോഹിക്കുന്നതു വിഡ്ഢിത്തമാണ്.

## മുതലാളിത്തത്തിന്റെ അനിവാര്യസ്വഭാവം:

ചരക്കുകൾ വിറ്റഴിയാതെ കൂമ്പാരമായി കെട്ടിക്കിടക്കുന്നു. ആളുകൾക്കാവശ്യമില്ലാഞ്ഞിട്ടാണോ? അല്ല. ആവശ്യമുണ്ട്; പക്ഷേ, വാങ്ങാൻ പണമില്ല. മുതലാളികൾക്കു ലാഭം കിട്ടിയില്ലെങ്കിൽ അവരാകട്ടെ വിൽക്കുകയുമില്ല. ഉൽപാദനവ്യവസ്ഥയാകെ സ്തംഭിച്ചിരിക്കുന്നു. യന്ത്രങ്ങളും അസംസ്കൃതസാധനങ്ങളുമുണ്ട്. അധ്വാനിക്കാൻ തയ്യാറുള്ള ജനങ്ങളുമുണ്ട്. എന്നിട്ടും യന്ത്രങ്ങൾ ചലിയ്ക്കുന്നില്ല. ലക്ഷക്കണക്കിനു തൊഴിലാളികൾ ജോലിയില്ലാതെ തെണ്ടിത്തിരിയുന്നു. എന്തുകൊണ്ട്? ഉൽപാദ

നോപകരണങ്ങൾ മുതലാളികളുടെ സ്വകാര്യസ്വത്താണ്. ലാഭമില്ലെങ്കിൽ അവർ ഉൽപാദനം നടത്തുകയില്ല. സാർവ്വത്രികമായ പട്ടിണിയും തൊഴിലില്ലായ്മയും കഷ്ടപ്പാടും — ചരക്കുനിർമ്മാണം കുറഞ്ഞതുകൊണ്ടല്ല, കൂടുതലായതുകൊണ്ട്! സ്വത്തു വർദ്ധിച്ചതുകൊണ്ടുള്ള പട്ടിണി! മുതലാളിത്തത്തിന്റെ പ്രത്യേകതയാണിത്.

ഏറ്റവുമധികം ലാഭംകിട്ടാൻ വേണ്ടി ഓരോ മുതലാളിയും അപരിമിതമായ തോതിൽ ഉല്പാദനം നടത്തുന്നു. അതേസമയത്ത് മാർക്കറ്റിന്റെ വ്യാപ്തി ചുരുങ്ങിച്ചുരുങ്ങി വരികയും ചെയ്യുന്നു. ഈ വൈരുദ്ധ്യമാണ് കുഴപ്പത്തിലൂടെ പ്രത്യക്ഷപ്പെടുന്നത്.

ലാഭം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ ഓരോ മുതലാളിയും ഉൽപ്പാദനച്ചെലവു ചുരുക്കുന്നു; തൊഴിലാളികളിൽ നിന്നു കൂടുതൽ അധ്വാനഭാരം പിഴിഞ്ഞെടുക്കുന്നു; ക്രമീകരണ പദ്ധതികൾ നടപ്പിൽ വരുത്തി തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നു; പുതിയ യന്ത്രങ്ങൾ നടപ്പിൽ വരുത്തുന്നു. ഇത്തരം മാർഗ്ഗങ്ങളിലൂടെ ഒരു ഭാഗത്തു തൊഴിലാളികൾക്കു വേണ്ടിയുള്ള ചെലവിനം ചുരുക്കുകയും മറുഭാഗത്ത് ചരക്കുകളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കുറഞ്ഞ വിലയ്ക്ക് ചരക്കുകൾ വിറ്റഴിക്കാമെന്നും അങ്ങിനെ തന്റെ സ്വപ്നങ്ങളെയെല്ലാം എളുപ്പത്തിൽ സഫലമാക്കാമെന്നുമാണ് മുതലാളി ഇപ്പോൾ വിചാരിക്കുന്നത്. പക്ഷേ, അയാളുടെ സ്വപ്നങ്ങൾ നിറവേറുന്നില്ല. കാരണം, കൂലിക്കുറവിന്റെയും തൊഴിലില്ലായ്മയുടെയും മറ്റും ഫലമായി ജനങ്ങളുടെ ക്രയശക്തി പൂർവ്വാധികം ക്ഷയിച്ചിരിക്കുന്നു. അങ്ങിനെ ചരക്കുകൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്നു.

### അഭിവൃദ്ധിയും കുഴപ്പവും:

കുഴപ്പത്തിൽ ചെറിയ കമ്പനികളെല്ലാം ദീപാളി കുളിക്കുന്നു. വലിയ കമ്പനികളിൽത്തന്നെ പലതും പൂട്ടിയിടുന്നു. ഇങ്ങിനെ കമ്പനികൾ പൂട്ടിപ്പൂട്ടി ഒരു ഘട്ടംവരെയെത്തിയാൽ നിലവിലുള്ള പരിമിതമായ ഡിമാൻറുപോലും തൃപ്തിപ്പെടുത്താൻ കഴിയാതാവുന്നു. ഈ ഘട്ടത്തിലാണ് ഉപഭോഗസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ വീണ്ടും തലയുയർത്താൻ തുടങ്ങുന്നത്. പുതിയ യന്ത്രങ്ങൾ ആവശ്യമായിത്തീരുന്നതുകൊണ്ടു മെല്ലെമെല്ലെ ഉൽപാദനോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുവാൻ തുടങ്ങുന്നു.

വ്യവസായത്തിന്റെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ തുടർന്നുകൊണ്ടു പെട്ടെന്നുണ്ടാകുന്ന സാമ്പത്തികക്കുഴപ്പം, പിന്നെ മന്ദഗതിയിലുള്ള വളർച്ച, വീണ്ടും അഭിവൃദ്ധി, വീണ്ടും കുഴപ്പം — ഇങ്ങിനെയാണ് മുതലാളിത്തസമുദായം വളർന്നുവന്നത്.

അഭിവൃദ്ധിയുടെ കാലത്ത് ഉൽപാദനത്തിന്റെ എല്ലാ ഘടകങ്ങളും ഉഷാറായി പ്രവർത്തിക്കുന്നു; മൂലധനം ധാരാളമായി വ്യവസായങ്ങളിലേക്കാകർഷിക്കപ്പെടുന്നു; തൊഴിലാളികൾക്ക് ജോലി കിട്ടുന്നു; ജനങ്ങളുടെ കയ്യിൽ പണമെത്തിച്ചേരുന്നു; മുതലാളികളുടെ ലാഭം കണക്കിലധികം വർദ്ധിക്കുന്നു. വ്യവസായത്തിന്റെ മുന്നോട്ടുള്ള ഗതിയുടെ ഫലങ്ങൾ ഇതൊക്കെയാണെങ്കിൽ അധോഗതിയുടെയും കുഴപ്പത്തിന്റെയും ഫലങ്ങൾ നേരെമറിച്ചാണ്. കുഴപ്പകാലത്ത് സാമ്പത്തികജീവിതം അമ്പേ താറുമാറാവുന്നു.

20-ാം നൂറ്റാണ്ടിന്റെ ആവിർഭാവത്തിനുശേഷം മുതലാളിത്തത്തിനു വളർച്ച മുട്ടി. അതോടുകൂടി അഭിവൃദ്ധി എന്ന ഒന്നില്ലാതായിത്തീർന്നു. മുതലാളിത്തം ഒരു തീരാക്കുഴപ്പത്തിൽ പെട്ടിരിക്കുന്നു എന്നു പറയുന്നതാണ് ശരി. ഈ തീരാക്കുഴപ്പത്തിലുണ്ടാകുന്ന സാമ്പത്തികകുഴപ്പം എത്ര ഭയങ്കരമായിരിക്കുമെന്ന് 1929-33 ലെ അനുഭവങ്ങൾ വ്യക്തമാക്കുകയുണ്ടായല്ലോ.

### പുറത്തേയ്ക്കുള്ള വഴി:

കുഴപ്പത്തിന്റെ ഭാരം തൊഴിലാളികളുടെയും മറ്റു ജനവിഭാഗങ്ങളുടെയും ചുമലിലേക്കു മാറ്റുവാനും മാർക്കറ്റിനുവേണ്ടി മറ്റു രാജ്യങ്ങൾ കയ്യേറിപ്പിടിക്കുവാനുമാണ് മുതലാളികൾ ശ്രമിക്കുന്നത്. തൽഫലമായി മുതലാളികളും തൊഴിലാളികളും തമ്മിലും രാജ്യങ്ങൾ തമ്മിൽത്തമ്മിലുമുള്ള മത്സരങ്ങൾ മൂർദ്ധന്യത്തിലെത്തുന്നു. സ്വന്തം രാജ്യങ്ങളിലെ ജനങ്ങളെ അടിച്ചമർത്തുക, മറ്റു രാജ്യങ്ങളുടെ നേരെ യുദ്ധത്തിനൊരുങ്ങുക — ഇതാണ് കുഴപ്പത്തിൽ നിന്നു പുറത്തുകടക്കാൻ മുതലാളികൾ കാണുന്ന വഴി. പക്ഷേ; ഈ വഴി സാമൂഹ്യവ്യവസ്ഥയെ കൂടുതൽ താറുമാറാക്കാൻ മാത്രമേ പര്യാപ്തമാവുകയുള്ളു.

ഒരു പിടി മുതലാളികൾ ഉൽപാദനോപകരണങ്ങളെ സ്വകാര്യസ്വത്താക്കി വച്ചുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങളെയോ ക്രയശക്തിയേയോ പരിഗണിക്കാതെ, സ്വന്തം ലാഭത്തിനുവേണ്ടി നടത്തുന്ന അരാജകമായ ഉൽപാദനവ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം സാമ്പത്തികക്കുഴപ്പങ്ങളിൽ നിന്നു രക്ഷനേടുക സാധ്യമല്ല. കുഴപ്പമവസാനിക്കണമെങ്കിൽ മുതലാളിത്തമവസാനിക്കണം. അല്ലാതെ മറ്റൊരു പോംവഴിയുമില്ല.

## 13 പ്ലാനിംഗ്

മുതലാളിത്തത്തിൻകീഴിൽ വ്യവസായങ്ങൾക്ക് ഒരതിർത്തിയിലധികം വളരാൻ കഴിയില്ല. കാരണം, വ്യവസായങ്ങൾ വളരുന്തോറും മാർക്കറ്റ് കൂടുതൽക്കൂടുതൽ ഇടുങ്ങിവരികയാണ് ചെയ്യുന്നത്. ആളുകൾക്ക് വാങ്ങാനുള്ള കഴിവുണ്ടങ്കിലല്ലേ ചരക്കുകൾ വിറ്റഴിയുകയുള്ളു? മൂലധനത്തിന്റെ കേന്ദ്രീകരണത്തോടൊപ്പം തൊഴിലാളികളുടേയും മറ്റുപഭോക്താക്കളുടെയും ക്രയശക്തി ചുരുങ്ങിച്ചുരുങ്ങിവരികയാണ്. അതിന്റെ ഫലമായി ഉപഭോഗസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായക്കാർക്കു തങ്ങളുടെ ചരക്കുകൾ മുഴുവൻ വിറ്റഴിക്കാൻ കഴിയാതാവുന്നു. ഉപഭോഗസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്കു മാന്ദ്യംതട്ടിയാൽ അവയ്ക്കു പുതിയ യന്ത്രങ്ങളും മറ്റും വാങ്ങിയുപയോഗിക്കാൻ കഴിയാതാവും. അങ്ങിനെ യന്ത്രവ്യവസായങ്ങളും കുഴപ്പത്തിൽപ്പെടും. സാമ്പത്തികകുഴപ്പത്തിന്റെ അനിവാര്യഫലങ്ങളായ പട്ടിണിയും തൊഴിലില്ലായ്മയും രാജ്യത്തെയാകെ താറുമാറാക്കാൻ തുടങ്ങും.

### മുതലാളിത്തവും പ്ലാനിങ്ങും:

പ്ലാനിംഗും നിയന്ത്രണങ്ങളും വഴിയായി കുഴപ്പങ്ങളവസാനിപ്പിക്കാനും സാമ്പത്തിക വ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്താനും കഴിയുമെന്നാണ് ചില ധനശാസ്ത്രജ്ഞൻമാർ വിശ്വസിക്കുന്നത്. പക്ഷേ, ഉൽപാദനോപകരണങ്ങൾ വ്യക്തികളുടെ സ്വകാര്യസ്വത്തുക്കളായിരിക്കുന്നേടത്തോളം കാലം പ്ലാനിംഗ് വിജയിക്കുകയില്ലെന്ന യാഥാർത്ഥ്യത്തെ അവരിൽ പലരും വിസ്മരിക്കുന്നു. മുതലാളികളുടെ സ്വകാര്യഉടമയിലുള്ള കമ്പനികളിലും ഫാക്ടറികളിലും നടക്കുന്ന ഉൽപാദനത്തെ പ്ലാൻ ചെയ്യുവാൻ ഏത് ഗവൺമെൻറിനാണ് സാധിക്കുക?

ഒരു രാജ്യത്തിലെ വിഭവങ്ങളെയും ഉൽപ്പാദനശക്തികളെയും ഏറ്റവും ഫലപ്രദമായ വിധത്തിൽ ഉപയോഗിച്ച് ജനങ്ങളുടെ ജീവിതത്തോതുയർത്തുകയും അങ്ങിനെ പട്ടിണിയും തൊഴിലില്ലായ്മയും അവസാനിപ്പിക്കുകയുമാണ് പ്ലാനിംഗിന്റെ ഉദ്ദേശം. ഏതെല്ലാം ചരക്കുകൾ ഉണ്ടാകണം, ഓരോന്നും എത്ര വീതമുണ്ടാക്കണം, അസംസ്കൃതസാധനങ്ങളെ ഏതെല്ലാം തരത്തിൽ ഉപയോഗിക്കണം, വിതരണം

സുഗമമാക്കേണ്ടതെങ്ങനെ, ഗതാഗതസൗകര്യങ്ങളെ എങ്ങിനെ അഭിവൃദ്ധിപ്പെടുത്തണം, തൊഴിലാളികളുടെ അധ്വാനശക്തിയെ എങ്ങിനെ ഉപയോഗിക്കണം — ഇതെല്ലാം മുൻകൂട്ടി നിശ്ചയിച്ച് ഉൽപാദനവ്യവസ്ഥയെ പരിഷ്കരിക്കുന്നതിനാണ് പ്ലാനിംഗ് എന്നു പറയുന്നത്. പക്ഷേ, രാജ്യത്തിലെ മുഴുവൻ വിഭവങ്ങളെയും പൊതുതാൽപര്യങ്ങൾക്കനുകൂലമായ വിധം നിയന്ത്രിക്കാൻ സ്റ്റേറ്റിനധികാരമുണ്ടെങ്കിൽ മാത്രമേ ഇത്തരം പ്ലാനുകൾ നടപ്പിൽ വരുത്താൻ കഴിയൂ.

മുതലാളിത്തവ്യവസ്ഥയിൽ ഓരോ മുതലാളിക്കും തന്റെ സ്വന്തം ഫാക്ടറിയിൽ പ്ലാനിടാനേ അധികാരമുള്ളൂ. സമുദായത്തിനൊട്ടാകെയുള്ള ഒരു പ്ലാൻ നടപ്പിൽ വരുത്തുക സാധ്യമല്ല. എന്തുകൊണ്ടെന്നാൽ, ഓരോ വ്യക്തിയും തന്റെ സ്വന്തം ലാഭത്തിനുവേണ്ടി മാത്രമാണ് ഉൽപാദനത്തിലേർപ്പെടുന്നത്. എന്തുണ്ടാക്കിയാലാണോ കൂടുതൽ ലാഭം കിട്ടുക, അതുണ്ടാക്കാനാണ് ഓരോരുത്തനും ശ്രമിക്കുക. ഉദാഹരണത്തിന് ഒരു കൊല്ലത്തിൽ നാട്ടുകാർക്കാകെ ആവശ്യമായ തുണി എത്രയായിരിക്കണമെന്നു പ്ലാനിട്ടുവെന്നിരിക്കട്ടെ. തുണി വിറ്റുകിട്ടുന്നതിനേക്കാളധികം ലാഭം മൊട്ടുസൂചി വിറ്റാലാണ് കിട്ടുക എന്നുകണ്ടാൽ മുതലാളികൾ വസ്ത്രനിർമ്മാണം നിർത്തിവച്ച് മൊട്ടുസൂചിയുണ്ടാക്കാൻ തുടങ്ങും. ഇങ്ങിനെ ഓരോ ഘട്ടത്തിലും ഉല്പാദനത്തെ നിർണ്ണയിക്കുക ജനങ്ങളുടെ ഉപയോഗവും ആവശ്യവുമല്ല, സ്വകാര്യസ്വത്തുടമകളുടെ സ്വന്തം ലാഭം മാത്രമായിരിക്കും. ഉല്പാദനവ്യവസ്ഥയിലെ വിവിധ ശാഖകളെ അനിയന്ത്രിതമായും പരസ്പരം ബന്ധമില്ലാത്ത തരത്തിലും വളരാനനുവദിക്കുന്ന ഈ അരാജകമായ സമ്പ്രദായത്തിൽ കുഴപ്പങ്ങൾ അനിവാര്യമായിത്തീരുന്നു. ഈ അരാജകത്തേയും കുഴപ്പങ്ങളേയും അവസാനിപ്പിക്കണമെങ്കിൽ നിലം, വ്യവസായം, ഗതാഗതമാർഗ്ഗങ്ങൾ, കറൻസി, ബാങ്കുകൾ, കച്ചവടസ്ഥാപനങ്ങൾ, വിദേശവ്യാപാരങ്ങൾ, വിദ്യാലയങ്ങൾ മുതലായവയെല്ലാം ലാഭമുണ്ടാക്കാനുള്ള ഉപകരണങ്ങളെന്ന നിലവിട്ട് സമുദായത്തിന്റെ പൊതുസ്വത്തുക്കളായി മാറണം. ഇവയെല്ലാം പൊതുസ്വത്തുക്കളായിത്തീർന്നതുകൊണ്ടാണ് സോവിയറ്റ് യൂണിയനിൽ പ്ലാനിംഗ് വിജയിച്ചത്.

## പ്ലാനിംഗ് വിജയിക്കണമെങ്കിൽ:

ഉല്പാദനോപകരണങ്ങൾ സാമൂഹ്യസ്വത്തുക്കളായി മാറുന്നതോടൊപ്പം ഉല്പാദനവ്യവസ്ഥയിലെ വിവിധഭാഗങ്ങൾ തമ്മിലുള്ള പൊരുത്തക്കേടവസാനിക്കുന്നു. അധ്വാനശക്തി, അസംസ്കൃതസാധനങ്ങൾ മുതലായവയെ ഏറ്റവും ഉപകാരപ്രദമായ തരത്തിൽ ഉപയോഗിക്കാമെന്നാവുന്നു. ലാഭത്തിന്റെയും ലാഭത്തിനുവേണ്ടിയുള്ള മത്സരത്തിന്റെ അരാജകമായ ഭരണത്തിന്റെ സ്ഥാനത്ത് നിയന്ത്രിതമായ ഉല്പാദനാഭിവൃദ്ധി സാധ്യമായിത്തീരുന്നു.

അപ്പോൾ പ്ലാനിംഗ് വിജയിക്കണമെങ്കിൽ രാജ്യത്തിലെ പ്രധാനപ്പെട്ട ഉല്പാദനോപകരണങ്ങളുടെ മേൽ സ്റ്റേറ്റിന് പരിപൂർണ്ണമായ നിയന്ത്രണമുണ്ടായിരിക്കണം. ഇവിടെ ഒരു കാര്യം ഊന്നിപ്പറയേണ്ടതുണ്ട്: സ്റ്റേറ്റിന്റെ നിയന്ത്രണം എന്നുവച്ചാൽ മുതലാളികളുടെ ഉപകരണം മാത്രമായ സ്റ്റേറ്റിന്റെ നിയന്ത്രണം എന്നല്ല അർത്ഥം. സ്റ്റേറ്റ് ജനങ്ങളെ മുഴുവൻ പ്രതിനിധീകരിക്കണം. അതിനാൽ, പ്ലാനിംഗിനു വേണ്ടിയുള്ള സംരംഭങ്ങൾ സ്റ്റേറ്റിനെ തികച്ചും ജനകീയമാക്കി മാറ്റാനുള്ള പ്രക്ഷോഭവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. എന്നുവെച്ചാൽ സാമ്പത്തികമായ പ്ലാനിംഗ് രാഷ്ട്രീയമായ പ്ലാനിംഗുമായി ബന്ധപ്പെട്ടിരിക്കുന്നു.

പ്ലാനിംഗിന്റെ വിജയത്തിന് ഏറ്റവും പ്രധാനമായി വേണ്ടത് ജനങ്ങളുടെ സഹകരണവും ത്യാഗങ്ങളുമാണ്. പക്ഷേ, ജനങ്ങൾ സഹകരിക്കുകയും ത്യാഗങ്ങളനുഭവിക്കുകയും ചെയ്യണമെങ്കിൽ ഉല്പാദിക്കുന്ന സ്വത്തുക്കളത്രയും തങ്ങളുടെ സ്വത്തുക്കളാണെന്നും മുതലാളികളുടെ ലാഭത്തിനുവേണ്ടിയല്ല, ജനങ്ങളുടെ ജീവിതത്തോതുയർത്താൻ വേണ്ടിയാണ് ഉൽപാദനം നടത്തുന്നതെന്നും അവർക്കു ബോധ്യപ്പെടണം. അതായത്, പ്ലാനിംഗിലും പ്ലാനിംഗ് നടപ്പിൽ വരുത്തുന്നതിലും അവർക്കു പരിപൂർണ്ണമായ അധികാരമുണ്ടായിരിക്കണം. എന്നുവെച്ചാൽ പ്ലാനിംഗ് ജനങ്ങളുടെ പ്ലാനിങ്ങായിരിക്കണം.

പക്ഷേ, പ്ലാനിംഗ് ജനങ്ങളുടെ പ്ലാനിങ്ങാവണമെങ്കിൽ ആദ്യമായി ഉൽപാദനോപകരണങ്ങൾ ജനങ്ങളുടെ സ്വത്തുക്കളായി മാറണം. □

(കേരള സാഹിത്യ അക്കാദമി 1958)

# 3
# ഉറുപ്പിക

## 1 ഇന്ത്യയിലെ പ്രാചീന നാണ്യങ്ങൾ

മറ്റുരാജ്യങ്ങളിലെന്നപോലെതന്നെ ഇന്ത്യയിലും നാണയമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. പ്രാചീനനിവാസികളുടെ ഇടയിൽ 'ബാർട്ടർ' എന്ന പേരിലറിയപ്പെടുന്ന നേരിട്ടുള്ള കൈമാറ്റ (ചരക്കുകൊടുത്തു പകരം ചരക്കുവാങ്ങുക)മാണ് നടപ്പുണ്ടായിരുന്നത്. പിന്നീട് കൊള്ളക്കൊടുക്കകളുടെ വളർച്ചയോടൊപ്പം പശുവും ചില ലോഹങ്ങളും കൈമാറ്റത്തിൽ മദ്ധ്യവർത്തികളായിത്തീർന്നു. പഴയ സംസ്കൃതഗ്രന്ഥങ്ങളിൽ പലതിലും സ്വർണ്ണത്തെപ്പറ്റി പറയുന്നുണ്ട്. ആ പ്രാചീന കാലത്തുതന്നെ സ്വർണ്ണവും വെള്ളിയും പണമായി ഉപയോഗിക്കപ്പെട്ടിരുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. എങ്കിലും ആദ്യകാലത്തു നാണ്യങ്ങളുണ്ടായിരുന്നില്ല. പണം തൂക്കിക്കൊടുക്കുകയാണ് ചെയ്തിരുന്നത്. ഋഗ്വേദകാലങ്ങളിൽ മുദ്രണം ചെയ്യപ്പെടാത്ത സ്വർണക്കട്ടികളും വെള്ളിവാളങ്ങളുമാണ് കറൻസിയായി ഉപയോഗിക്കപ്പെട്ടിരുന്നത്.

518 ബി.സി.ക്കുശേഷം വടക്കേ ഇന്ത്യയിലെ ചില പ്രദേശങ്ങൾ പേർഷ്യൻ ചക്രവർത്തിയുടെ കീഴിലായിരുന്ന കാലത്ത് ഇന്ത്യയിൽ നിന്നു കൊല്ലംതോറും 360 ടാലന്റ് (ഒരു ടാലന്റ് സുമാർ 57 റാത്തൽ) സ്വർണപ്പൊടി മഹാനായ ചക്രവർത്തിക്കു കപ്പമായി കൊടുത്തിരുന്നുവെന്നു ഹെറഡോട്ടസ് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നുണ്ട്. നാണ്യക്കണക്കിലല്ല തൂക്കത്തെ അടിസ്ഥാനപ്പെടുത്തിയാണ് അക്കാലത്ത് 'പണം' ഉപയോഗിക്കപ്പെട്ടിരുന്നത് എന്ന് ഇതിൽനിന്നു തീരുമാനിക്കാം.

### നാണ്യനിർമ്മാണം

മറ്റുരാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും, ക്രമത്തിൽ നിശ്ചിതമായ തൂക്കവും മാറ്റുമുള്ള ലോഹത്തുണ്ടുകൾ കൈമാറ്റത്തിനുപയോഗിച്ചുതുടങ്ങി. അങ്ങനെ മെല്ലെ മെല്ലെ വ്യക്തമായ രൂപങ്ങളും പേരുകളുമുള്ള പല നാണ്യങ്ങളും ആവിർഭവിച്ചു.

കാശിയിൽ നിന്നും പുറപ്പെടുന്ന 'നാഗരീപ്രചാരിണി' പത്രികയുടെ ഒരു പഴയ ലക്കത്തിൽ (1997 വൈശാഖ്) പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിൽ ഇന്ത്യയുടെ പ്രാചീന നാണയങ്ങളെപ്പറ്റിയുള്ള ചില രസകരമായ വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. ബുദ്ധന്റെ കാലത്തിനുമുമ്പു പ്രചരിച്ചിരുന്ന ചില പ്രാചീന നാണ്യങ്ങൾ താൻ നേരിട്ടു കാണുകയുണ്ടായിട്ടുണ്ടെന്ന് ലേഖകൻ (ശ്രീ ദുർഗ്ഗാപ്രസാദ്) അവകാശപ്പെടുന്നു.

പണം, കാർഷാപണം മുതലായ പേരുകളിൽ പ്രചരിച്ചിരുന്ന വെള്ളിനാണ്യങ്ങളെപ്പറ്റിയും നിഷ്കം, പാദം മുതലായ ചിലസ്വർണ്ണനാണയങ്ങളെപ്പറ്റിയും അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. കൗടില്യന്റെ അർത്ഥശാസ്ത്രം രണ്ടാമധികരണം പന്ത്രണ്ടാമധ്യായത്തിൽ അക്കാലത്തെ നാണ്യനിർമ്മാണത്തെപ്പറ്റി ഇങ്ങനെ പറയുന്നു:

'ലക്ഷണാധ്യക്ഷൻ (കമ്മട്ടത്തിന്റെ അധ്യക്ഷൻ) നാലിലൊരു ഭാഗം (നാലുമാഷം) ചെമ്പ് ഒരു മാഷം ഉരുക്കോ വെള്ളീയമോ ഈയമോ അഞ്ജനമോ ചേർത്ത് രൂപ്യ (രൂപാ വെള്ളിനാണ്യ)മായിരിക്കുന്ന പണത്തെയും അതിൽ പകുതി വീതം ചേർത്ത് അർദ്ധപണത്തെയും അതിൽ പകുതിവീതം ചേർത്ത് പാദ (കാൽപണ)ത്തെയും അതിൽ പകുതി വീതം ചേർത്ത് അഷ്ടഭാഗ (അരകാൽപണ)ത്തെയും നിർമ്മിപ്പിക്കണം. നാലിലൊരുഭാഗം വെള്ളിച്ചേർത്തു താമ്രരൂപമായ മാഷകം, അർദ്ധമാഷകം, കാകണി, അർദ്ധകാകണി എന്നിവയും നിർമ്മിപ്പിക്കണം.'

രൂപദർശകൻ (നാണ്യപരിശോധകൻ) നാട്ടിൽ വ്യവഹാരത്തിനു വേണ്ടതും കോശത്തിൽ വയ്ക്കേണ്ടതുമായ പണത്തിന്റെ മാത്രമായ വ്യവസ്ഥപ്പെടുത്തണം.[1]

ഒരു പണത്തിനു പതിനാറുമാഷത്തൂക്കം അതിൽ നാലുമാഷം ചെമ്പ്, പതിനൊന്നുമാഷം വെള്ളി, ഒരു മാഷം ഉരുക്ക് വെള്ളീയം മുതലായ മറ്റുപലതും — ഇങ്ങനെ എല്ലാ നാണ്യങ്ങളും തൂക്കത്തെ അടിസ്ഥാനപ്പെടുത്തിയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. നാലു മാഷം വെള്ളിയും പതിനൊന്നു മാഷം ചെമ്പും ഒരു മാഷം ഉരുക്കും മുതലായവയിലൊന്നും അടങ്ങിയതായിരുന്നു മാഷകം[2]

## നാണ്യങ്ങളിലെ കൊത്തുപണികൾ

ആദ്യകാലത്തു നാണ്യങ്ങളിന്മേൽ രാജാവിന്റെ ചിത്രമോ മറ്റുതരത്തിലുള്ള എഴുത്തുകളോ ഉണ്ടായിരുന്നില്ല. നാണ്യത്തിലടങ്ങിയ ലോഹത്തിന്റെ തൂക്കവും മറ്റും മാത്രമാണ് ആളുകൾ നോക്കിയിരുന്നത്. എന്നാൽ ക്രമത്തിൽ ജനങ്ങളുടെ കലാബോധം മറ്റു സ്ഥലങ്ങളിലെന്നപോലെതന്നെ നാണ്യങ്ങളുടെ മേലും പ്രതിഫലിക്കാൻ തുടങ്ങി. ചില പ്രാചീനനാണ്യങ്ങളിന്മേൽ ആന, നായ, മരം മുതലായവയുടെ ചിത്രങ്ങൾ കൊത്തിയുണ്ടാക്കിയിരുന്നുവെന്നും പറയപ്പെടുന്നു.

വൃത്താകാരത്തിലുള്ള മൂന്നു പുള്ളികളോടുകൂടിയ ചെറിയ വെള്ളിക്കഷണങ്ങളായിരുന്നു ആദ്യകാലത്തെ നാണ്യങ്ങളെന്നു സി.ജെ. ബ്രൗൺ എന്ന ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു.[3]

പിന്നീട് പ്രചാരത്തിൽ വന്നത് വളഞ്ഞതും ഒരു ഭാഗത്തു ചിത്രപ്പണികൾ കൊത്തിയുണ്ടാക്കിയതുമായ വെള്ളിവാളമായിരുന്നു. ഇത്തരം വിചിത്രനാണ്യങ്ങൾ ക്രിസ്താബ്ദം പതിനാലാം നൂറ്റാണ്ടുവരെയും തെക്കെ ഇന്ത്യയിലെ പല സ്ഥലങ്ങളിലും പ്രചരിച്ചിരുന്നുവെന്നു മിസ്റ്റർ ബ്രൗൺ പ്രസ്താവിക്കുന്നു. നേരെ മറിച്ച്, വിദേശീയാക്രമങ്ങളുടെ ഫലമായി വടക്കെ ഇന്ത്യയിലെ നാണ്യങ്ങൾ കൂടുതൽ വേഗത്തിലാണ് പരിഷ്കരിക്കാൻ തുടങ്ങിയത്. വടക്കേ ഇന്ത്യയുടെ പ്രാചീന നാണ്യങ്ങളിൽ ഗ്രീ

---

1 കൗടില്യന്റെ അർത്ഥശാസ്ത്രം കെ. വാസുദേവൻ മൂസതിന്റെ മലയാള തർജ്ജമ, പേജ്

2 തൂക്കത്തിന്റെ സമ്പ്രദായം പ്രാകൃതവും പക്ഷേ, എളുപ്പമേറിയതുമായിരുന്നു. നോക്കുക: പൗതവാദ്ധ്യക്ഷൻ (അളവും തൂക്കവും നോക്കുന്ന അദ്ധ്യക്ഷൻ) പൗതവകർമ്മാന്തങ്ങൾ (അളവും തൂക്കവും നോക്കാനുള്ള ഉപകരണങ്ങൾ ഉണ്ടാക്കിക്കണം. പത്തു ധാന്യമാഷം (ഉഴുന്നുമണി) അല്ലെങ്കിൽ അഞ്ചു ഗഞ്ജ (കുന്നി) ഒരു സുവർണ്ണമാഷം, ഒരു സുവർണ്ണം അഥവാ കർഷം, നാലുകർഷം ഒരു പലം, എൺപത്തെട്ടു ഗൗരസർഷപം (ചെറുകടുക്) ഒരു രൂപ്യമാഷം, പതിനാറു രൂപ്യമാഷം അല്ലെങ്കിൽ 20 ശൈംബ്യം (മഞ്ചാടി) ഒരു ധരണം. കൗടല്യന്റെ അർത്ഥ ശാസ്ത്രം, മലയാള തർജ്ജമ 178-ാം പേജ്.

3 C. J. Brown: The Coins of India Page 14

ക്കകാരുടെയും റോമൻകാരുടെയും മറ്റും നാണ്യങ്ങളുടെ അനുകരണങ്ങൾ ധാരാളം കാണാവുന്നതാണ്. ഗുപ്തൻമാരുടെയും പിന്നീടു രജപുത്രൻമാരുടെയും കാലത്തെ നാണ്യങ്ങൾ താരതമ്യേന ഭംഗികുടിയവയായിരുന്നുവെന്നറിയുന്നു.

മുഹമ്മദ് ഗോറിയുടെ ആക്രമണത്തിനുശേഷമുണ്ടായ അതിപ്രധാനമായ ഒരു മാറ്റം നാണ്യങ്ങളിന്മേൽ ബിംബങ്ങളും മറ്റും കൊത്തിയുണ്ടാക്കാൻ പാടില്ലെന്നു തീരുമാനിച്ചതാണ്. അക്കാലത്ത് മദ്ധ്യേഷ്യയുമായുള്ള വ്യാപാരം വളരെ വർദ്ധിക്കുകയുണ്ടായി. എന്നാൽ ആ തോതനുസരിച്ച് സ്വർണത്തിന്റെ ഉൽപാദനം വർദ്ധിച്ചില്ല. അതുകൊണ്ടായിരിക്കണം സ്വർണനാണ്യങ്ങളെക്കാളധികം വെള്ളിനാണ്യങ്ങൾക്കു പ്രചാരവും പ്രാബല്യവും ലഭിക്കാൻ തുടങ്ങിയത്.

## ഉറുപ്പികയുടെ വരവ്:

മുഗൾ ചക്രവർത്തിമാരിൽ ബാബറുടെയും ഹുമയൂണിന്റെയും ഭരണകാലങ്ങളിൽ 'ശഹറുഖീ' 'ദീർഹം' എന്നീ പുതിയ വെള്ളിനാണ്യങ്ങൾ അടിച്ചിറക്കുകയുണ്ടായി. എങ്കിലും അവയ്ക്കു താൽക്കാലിക പ്രചാരം മാത്രമേ ഉണ്ടായുള്ളൂ. പിന്നീട് അധികാരത്തിൽവന്ന ഷേർഷായുടെ കാലത്താണ് യഥാർത്ഥത്തിൽ സ്ഥായിയായി പല പരിഷ്കാരങ്ങളും വന്നത്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് വെള്ളിയുറുപ്പിക ആദ്യമായി നിർമ്മിക്കാൻ തുടങ്ങിയത് എന്ന കാര്യത്തിൽ ഗവേഷകൻമാർ തികച്ചും യോജിക്കുന്നുണ്ട്. വെള്ളിയുറുപ്പികയിൽ 172.5 ഗ്രെയിൻ വെള്ളിയാണടങ്ങിയിരുന്നത്. ഉറുപ്പികയ്ക്കു പുറമെ 'ദം' എന്നൊരു ചെമ്പുനാണ്യവുമുണ്ടായിരുന്നു. ഔറംഗസീബിന്റെ കാലംവരേയും ഈ ദം നാണ്യങ്ങൾ സ്റ്റേറ്റിന്റെ വരവുചിലവുകൾക്കുപയോഗിക്കപ്പെട്ടുപോന്നിരുന്നു. ഒരു ദമ്മിൽ 328.5 ഗ്രെയിൻ ചെമ്പാണടങ്ങിയിരുന്നത്. ചെറിയ കൊള്ളക്കൊടുക്കകൾക്ക് ദമ്മിന്റെ എട്ടിലൊരു ഭാഗം വിലവരുന്ന 'ദമ്മിടി' എന്ന ഒരു തരം ചെറുനാണ്യവും പ്രചരിച്ചിരുന്നു. 1616 വരെ ഒരു ഉറുപ്പിക 40 ദമ്മിനു സമമായിരുന്നു. 1627 മുതൽക്ക് 30 ദമ്മിനു സമമായി.

കുഫിയിലും ഹിന്ദിയിലുമുള്ള ചില അക്ഷരങ്ങളാണ് ഷെർഷയുടെ നാണ്യങ്ങളെ അലങ്കരിച്ചിരുന്നത്. അക്ബറും ജഹാംഗീറും നാണ്യനിർമ്മാണത്തിൽ കലാപരമായ ചില പരിഷ്കാരങ്ങൾ വരുത്തുകയും ചില പുതിയ നാണ്യങ്ങൾ അടിച്ചിറക്കുകയും ചെയ്തു. അവരുടെ കാലത്തു പ്രചരിച്ചിരുന്ന പ്രധാന സ്വർണനാണ്യം 170 മുതൽ 175 ഗ്രെയിൻ വരെ തൂക്കമുള്ള മുഹർ (മോഹർ എന്നും പറയും) ആയിരുന്നു. മോഹറിനു പുറമെ അര മോഹർ കാൽമോഹർ മുതലായ നാണ്യങ്ങളുണ്ടായിരുന്നു. ഷേർഷയുടെ കാലംമുതൽക്കുതന്നെ പ്രചരിച്ചുവന്നിരുന്ന വെള്ളിയുറുപ്പികയ്ക്ക് 178 ഗ്രെയിൻ തൂക്കമാണുണ്ടായിരുന്നത്. അര ഉറുപ്പിക, കാലുറുപ്പിക അരയ്ക്കാലുറുപ്പിക മാഹാണി ഉറുപ്പിക മുതലായവയും പ്രചരിച്ചിരുന്നു. ഇതിനെല്ലാം പുറമെ ചില സവിശേഷാവശ്യങ്ങൾക്കുവേണ്ടി ചിലപ്പോൾ ചില പ്രത്യേക നാണ്യങ്ങളും അടിച്ചിറക്കുക പതിവായിരുന്നു. സമ്മാനങ്ങളുടെ ആവശ്യത്തിനുവേണ്ടിയുള്ള 'സിസർ' നാണ്യങ്ങളും ജഹാംഗീർ പുറപ്പെടുവിച്ച 'നൂർ അഫ്ഷൻ' (വെളിച്ചം പരക്കുന്നു) എന്ന നാണ്യവും ഇത്തരത്തിൽപ്പെട്ടവയാണ്. മുഗൾ ചക്രവർത്തിമാർ കലാവിദ്യയിൽ ശ്രുതിപ്പെട്ടവരായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ജഹാംഗീർ അടിച്ചിറക്കിയ ചില നാണ്യങ്ങളിന്മേൽ കയ്യിൽ ഒരു വീഞ്ഞുകോപ്പയുമായി അദ്ദേഹം ചമ്മണംപടിഞ്ഞിരിക്കുന്ന ചിത്രം കൊത്തിയിരുന്നു. തന്റെ അന്തഃപുരത്തിലെ സുന്ദരികൾക്കു സമ്മാനം കൊടുക്കാൻവേണ്ടിയുണ്ടാക്കിയ നാണ്യങ്ങളായിരുന്നു അവ.

ഹൈദരാലിയുടെ കാലത്ത് ബഹാദൂരിപഗോഡ എന്ന പേരിലറിയപ്പെടുന്ന ചില നാണ്യങ്ങൾ പ്രചരിച്ചിരുന്നു. ഈ നാണ്യങ്ങളുടെ ഒരു ഭാഗത്ത് ഹൈദറുടെ പേരിന്റെ ആദ്യത്തെ ഉറുദു അക്ഷരവും മറുഭാഗത്ത് പാർവ്വതീ പരമേശ്വരൻമാർ അടുത്തടുത്തിരിക്കുന്ന ചിത്രവുമാണുണ്ടായിരുന്നത്. 1763-ൽ ഹൈദർ കീഴടക്കിയ ഇക്കേരിരാജാക്കൻമാരുടെ നാണ്യങ്ങളിന്മേലും ഈ ചിത്രമുണ്ടായിരുന്നുവെന്നും അത് മാറ്റാതിരിക്കുക മാത്രമാണ് ഹൈദർ ചെയ്തതെന്നും ചില ഗ്രന്ഥകാരൻമാർ അഭിപ്രായപ്പെടുന്നുണ്ട്. ഏതായാലും മുസ്ലീം ചക്രവർത്തികൾക്കു ഹിന്ദുമതത്തോടുള്ള സഹിഷ്ണുത ഇതിൽനിന്നു വ്യക്തമാകുന്നുണ്ടെന്നു തീർച്ചയാണ്.

## നാണ്യങ്ങളുടെ വൈവിധ്യം

മുഗൾ സാമ്രാജ്യത്തിന്റെ നാശത്തോടൊപ്പം നിലവിലുണ്ടായിരുന്ന കറൻസി വ്യവസ്ഥയും ഛിന്നഭിന്നമായിത്തീർന്നു. സ്വതന്ത്രരായ വിവിധരാജാക്കൻമാർ സ്വന്തം നാണ്യങ്ങളടിച്ചിറക്കാൻ തുടങ്ങി. പരസ്പരം കലഹിച്ചുകൊണ്ടിരുന്ന ആ രാജാക്കൻമാർ താന്താങ്ങളുടെ രാജ്യസീമകൾക്കുള്ളിൽ താന്താങ്ങളുടെ നാണ്യങ്ങൾ മാത്രമാണ് പ്രചരിപ്പിച്ചിരുന്നത്. ചെമ്പ്, വെള്ളി, സ്വർണ്ണം എന്നീ ലോഹങ്ങൾകൊണ്ടുള്ള വിഭിന്നനാണ്യങ്ങൾ ഒരേസമയത്ത് നിശ്ചിതമായ ബന്ധമൊന്നുമില്ലാതെതന്നെ പ്രചരിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തുപോലും 994 വിവിധ നാണ്യങ്ങൾ പ്രചരിച്ചിരുന്നുവത്രേ (Maclees Indian Currency Page 13) ഉറുപ്പിക നാണ്യങ്ങൾ തന്നെയും പലേടത്തും പലതരത്തിലായിരുന്നു. ബങ്കാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ 27-ൽ കുറയാത്ത തരത്തിലുള്ള ഉറുപ്പിക നാണ്യങ്ങൾ പ്രചരിച്ചിരുന്നുവത്രേ!

ഈ കുഴപ്പം പിടിച്ച പരിതസ്ഥിതിയിലാണ് ഈസ്റ്റിന്ത്യാകമ്പനിക്കാർ മെല്ലെ മെല്ലെ തങ്ങളുടെ ഭരണാധികാരമുറപ്പിക്കാൻ മുതിർന്നത്. തങ്ങളുടെ കച്ചവടത്തിന്റെ വളർച്ചയ്ക്ക് സ്വന്തമായ നാണ്യങ്ങൾ അടിച്ചിറക്കേണ്ടതാവശ്യമാണെന്നവർ മനസ്സിലാക്കി. 1742-ൽ മുഹമ്മദ്ഷായുടെ കയ്യിൽനിന്നും 'ആർക്കാട് ഉറുപ്പികകൾ' അടിക്കാനുള്ള അവകാശം കമ്പനിക്കാർ സമ്പാദിച്ചു. ഇങ്ങനെ ക്രമത്തിൽ ക്രമത്തിൽ കീഴടക്കപ്പെട്ട രാജ്യങ്ങളുടെ വിസ്താരത്തോടൊപ്പം നാണ്യമടിക്കാനുള്ള അവകാശധികാരങ്ങളും അവർ നേടിക്കൊണ്ടിരുന്നു.

വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത നാണ്യങ്ങളാണ് പ്രചരിച്ചിരുന്നത്. നാണ്യങ്ങളുടെ ഈ വൈവിധ്യവും ആധിക്യവും കച്ചവടത്തിന്റെ പുരോഗതിക്ക് തടസ്സമായിരുന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങൾ തമ്മിൽ വ്യാപാരബന്ധം വളരാൻ തുടങ്ങിയപ്പോൾ ഈ കുഴപ്പം കൂടുതൽ ദുസ്സഹമായിത്തീർന്നു. ബങ്കാൾ മുതലായ ചില സ്ഥലങ്ങളിലെ സ്ഥിതി ഏറ്റവും വിഷമം പിടിച്ചതായിരുന്നു. ഒരു ജില്ലയിൽ പ്രചരിച്ചിരുന്ന നാണ്യങ്ങൾക്കു മറ്റു ജില്ലകളിൽ പ്രവേശനമുണ്ടായിരുന്നില്ല. ചിലപ്പോൾ ഒരേ ജില്ലയ്ക്കുള്ളിൽത്തന്നെ വിവിധ നാണ്യങ്ങൾ നടപ്പിലുണ്ടായിരുന്നു!

ഈസ്റ്റിന്ത്യാ കമ്പനിക്കാർക്കു തങ്ങളുടെ സ്വന്തമായ വെള്ളിനാണ്യങ്ങളും സ്വർണ്ണനാണ്യങ്ങളും ഉണ്ടായിരുന്നു. വെള്ളിനാണ്യവും സ്വർണ്ണനാണ്യവും തമ്മിൽ നിശ്ചിതമായ ഒരു ബന്ധം ആദ്യംമുതൽക്കേ നിലനിർത്തിപ്പോന്നുവെന്നുള്ളതു വാസ്തവമാണ്. വെള്ളിനാണ്യങ്ങളുടെയും സ്വർണ്ണനാണ്യങ്ങളുടെയും വിലകൾ അവയുടെ ലോഹവിലകളെ ആശ്രയിച്ചിരിക്കണമെന്നു നിശ്ചയിക്കപ്പെട്ടിരുന്നു. പക്ഷേ, ഇതത്ര എളുപ്പമായിരുന്നില്ല. സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും തമ്മിൽ നിശ്ചിതമായ ബന്ധം നിലനിർത്തണമെങ്കിൽ വെള്ളിയുടെയും സ്വർണ്ണത്തിന്റെയും

വിലകൾക്ക നിശ്ചിതവും മാറ്റമില്ലാത്തതുമായ ഒരു ബന്ധമുണ്ടായിരിക്കേണ്ടിവരും. എന്നാൽ ഇത് സാദ്ധ്യമായിരുന്നില്ല. കാരണം സ്വർണ്ണത്തിന്റെ വില വർദ്ധിക്കുമ്പോൾ സ്വർണ്ണനാണ്യങ്ങളും, വെള്ളിയുടെ വില വർദ്ധിക്കുമ്പോൾ വെള്ളിനാണ്യങ്ങളും പ്രചാരത്തിൽ നിന്നു പിൻവലിയുകയും വില കുറഞ്ഞ നാണ്യങ്ങൾ പ്രചാരത്തിൽ വരികയും ചെയ്യുമെന്നതുതന്നെ.

### പരിഷ്കരിച്ച ഉറുപ്പിക

ഈ ബുദ്ധിമുട്ടുകളെല്ലാം പരിഹരിക്കാൻ നാണ്യനയത്തിൽ ചില പരിഷ്കാരങ്ങൾ കൂടിയേതീരൂ എന്നായി. വാസ്തവത്തിൽ ഇന്ത്യയിലെ പ്രധാനവിഭാഗങ്ങളെല്ലാം ഒരേ ഭരണാധികാരത്തിലായിക്കഴിഞ്ഞ സ്ഥിതിക്ക നാണ്യനയസംബന്ധിയായ പരിഷ്കാരങ്ങളേർപ്പെടുത്തുവാനും ഒരേ തരത്തിലുള്ള നാണ്യങ്ങൾക്ക പ്രചുരമായ പ്രചാരം നൽകാനും വളരെ പ്രയാസമുണ്ടായിരുന്നില്ല.[4]

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തുതന്നെ ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ കീഴിലുള്ള വിഭിന്ന സംസ്ഥാനങ്ങൾ ഒരേതരത്തിലുള്ള നാണ്യങ്ങൾ പ്രചാരത്തിൽ വരുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കികഴിഞ്ഞിരുന്നു. 1818-ൽ മദ്രാസുസംസ്ഥാനത്തിലെ അടിസ്ഥാന നാണ്യമായ സ്വർണ്ണപഗോഡയുടെ സ്ഥാനത്ത് 180 തൂക്കവും 12-ൽ 11 ഭാഗം ലോഹശുദ്ധിയുമുള്ള വെള്ളിയുറുപ്പിക അടിച്ചിറക്കുവാൻ തുടങ്ങി. 1823-ൽ ബോംബെയിൽ പ്രചരിച്ചിരുന്ന ഉറുപ്പിക മദ്രാസിലെ പുതിയ ഉറുപ്പികയ്ക്ക് സമാനമാക്കിത്തീർത്തു. ഒടുവിൽ 1835-ൽ ഈ പരിഷ്കരണങ്ങൾക്കെല്ലാം മകുടംവെയ്ക്കുന്ന ഒരു പുതിയ മുദ്രണനിയമത്തെയും നടപ്പിൽവരുത്തി.

## 2 വെള്ളിമാനം

1835-ലെ മുദ്രണനിയമം ഇന്ത്യയുടെ നാണ്യനയത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്. ഈ നിയമപ്രകാരമാണ് ഇന്ത്യയിൽ ആദ്യമായി വെള്ളിമാനവ്യവസ്ഥ (Silver standard) സ്ഥാപിതമായത്. കൊള്ളക്കൊടുക്കകൾക്ക് വെള്ളിയുറുപ്പികയുപയോഗിക്കാൻ ആളുകൾ നിർബന്ധിതരായിത്തീർന്നു. വെള്ളിയുറുപ്പിക ഇന്ത്യയുടെ അടിസ്ഥാനനാണ്യമായി അംഗീകരിക്കപ്പെട്ടു. ആക്ടിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണസീമയ്ക്ക് എല്ലായിടത്തും വെള്ളിയുറുപ്പിക അടിസ്ഥാനനാണ്യമായി സ്വീകരിക്കപ്പെടുന്നതാണ്. ഈ പുതിയ ഉറുപ്പികയുടെ തൂക്കം 180 ഗ്രേൻ ആയിരിക്കും. അതിൽ 11/12 ഭാഗം (അതായത് 165 ഗ്രേൻ) തനി വെള്ളിയും ബാക്കി 15 ഗ്രേൻ കൂട്ടും അടങ്ങിയിരിക്കുന്നു. ഇതേ തോതിൽതന്നെ വെള്ളികൊണ്ടുള്ള അരയുറുപ്പിക നാണ്യങ്ങളും കാലുറുപ്പിക നാണ്യങ്ങളും അരയ്ക്കാലുറുപ്പിക നാണ്യങ്ങളും അടിച്ചിറക്കപ്പെടുന്നതാണ്.
2. കമ്പനിയുടെ ഭരണസീമയ്ക്കുള്ളിൽ എവിടേയും സ്വർണനാണ്യങ്ങൾ 'ലീഗൽ ടെൻഡറാ'യി സ്വീകരിക്കപ്പെടുകയില്ല. അതായതു കമ്പനിയുടെ കീഴിലുള്ള യാതൊരാളും സ്വർണ്ണനാണ്യങ്ങൾ വാങ്ങുവാനോ കൊടുക്കുവാനോ നിയമപ്രകാരം ചുമതലപ്പെടുകയില്ല. എങ്കിലും ചില പ്രത്യേകതരത്തിലുള്ള സ്വർണ്ണങ്ങളുടെ മുദ്രണത്തെ നിയമം തടയുകയില്ല. വെള്ളിയുറുപ്പികയ്ക്കുള്ളത്ര തന്നെ

[4] 1831-ലാണ് ബങ്കാളിലെ ഗവർണർ ജനറൽ ഇന്ത്യയുടെ മുഴുവൻ ഗവർണർ ജനറലായിത്തീർന്നത്. ഈ കാലമാവുമ്പോഴേക്കും ഇന്ത്യയുടെ ഭരണം മിക്കവാറും കേന്ദ്രീകൃതമായിക്കഴിഞ്ഞിരുന്നു.

തൂക്കവും (180 ഗ്രേൻ = 3/8 ഔൺസ്) ലോഹശുദ്ധിയുമുള്ള സ്വർണ്ണമോഹറു കൾ അടിച്ചിറക്കാവുന്നതാണ്. ഈ സ്വർണ്ണനാണ്യങ്ങൾ മോഹറിനു 15ക. എന്ന തോതിൽ ഉപയോഗിക്കപ്പെടുകയും ചെയ്യാം. പക്ഷേ, എന്തായാലും, അടിസ്ഥാനനാണ്യം വെള്ളിയുറപ്പികതന്നെയായിരിക്കും.

## സ്വർണ്ണനാണ്യവും വെള്ളിനാണ്യവും

ആദ്യകാലത്തു സ്വർണ്ണം, വെള്ളി എന്നീ രണ്ടു ലോഹങ്ങൾക്കൊണ്ടുള്ള നാണ്യ ങ്ങൾ ഇന്ത്യയിൽ മാത്രമല്ല മിക്ക പരിഷ്കൃതരാജ്യങ്ങളിലും പ്രചരിച്ചിരുന്നു. ലോഹ ങ്ങളുടെ വിലയിൽ കയറ്റിറക്കങ്ങൾ നേരിട്ടിരുന്നത് കൊണ്ട് ഈ ദ്വിലോഹനാ ണ്യവ്യവസ്ഥ (Bimetalism) വ്യാപാരത്തിന്റെ വളർച്ചയ്ക്കു ഹാനികരമായിത്തീർ ന്നു. ഏതെങ്കിലുമൊരു ലോഹത്തെ അടിസ്ഥാനനാണ്യമായുപയോഗിക്കേണ്ട തിന്റെ ആവശ്യകത പരിഷ്കൃതരാജ്യങ്ങൾക്കു ബോധ്യപ്പെടുവാൻ തുടങ്ങി. അങ്ങ നെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലമായപ്പോഴേക്കും യൂറോപ്പിലെ പല രാജ്യങ്ങളും സ്വർണ്ണനാണ്യങ്ങളെ അടിസ്ഥാനനാണ്യങ്ങളായി സ്വീകരിച്ചു. വിഭി ന്നരാജ്യങ്ങളിലെ സ്വർണ്ണനാണ്യങ്ങളുടെ പേരുകൾ വ്യത്യസ്തങ്ങളായിരുന്നു. നാ ണ്യങ്ങളുടെ തൂക്കവും ഒരുപോലെയായിരുന്നില്ല. എങ്കിലും ഓരോ നാണ്യത്തിനും നിശ്ചിതമായ തൂക്കവും മാറ്റുമുണ്ടായിരുന്നതുകൊണ്ടും അതിന്റെ ലോഹവിലയും മു ഖവിലയും തമ്മിൽ പൊരുത്തക്കേടില്ലാതിരുന്നതുകൊണ്ടും രാജ്യങ്ങൾ തമ്മിലുള്ള കൊള്ളക്കൊടുക്കകൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കാരണം, ഒരു രാജ്യത്തിന്റെ സ്വർണ്ണനാണ്യവും മറ്റൊരു രാജ്യത്തിന്റെ സ്വർണ്ണനാണ്യവും തമ്മിലുള്ള ബന്ധം എളുപ്പത്തിൽ കണക്കാക്കാൻ കഴിഞ്ഞിരുന്നു.

മറ്റെല്ലാ പരിഷ്കൃത രാജ്യങ്ങളും അടിസ്ഥാനനാണ്യങ്ങൾക്കു സ്വർണ്ണമുപയോഗി ക്കാൻ തുടങ്ങിയ അതേകാലത്ത് ഇന്ത്യയിൽമാത്രം വെള്ളിയുറുപ്പികയോടു കൂടുതൽ മമത കാണിക്കാനുള്ള കാരണമെന്താണ്? ഇക്കാര്യത്തിൽ ധനശാസ്ത്രജ്ഞൻമാ രുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇന്ത്യയെപ്പോലുള്ള ഒരു വിശാലരാജ്യ ത്തിൽ സ്വർണ്ണമാനം നടപ്പിൽവരുത്തിയാൽ സ്വർണ്ണത്തിന്റെ ആവശ്യവും വില യും പതിൻമടങ്ങു വർദ്ധിക്കുമെന്നും അതിന്റെ ഫലമായി പാശ്ചാത്യരാജ്യങ്ങളിലെ നാണ്യവ്യവസ്ഥകൾ തകർന്നുപോകാനിടയുണ്ടെന്നും ചില ധനശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുകയുണ്ടായി. ഏതായാലും ഒന്നു തീർച്ചയാണ്. ഈസ്റ്റിന്ത്യാകമ്പ നിയുടെ കാലംമുതൽക്ക് ഇന്ത്യയുടെ കറൻസിനയത്തിന്റെ പിന്നിൽ കോടിക്കണ ക്കിന് ഇന്ത്യാക്കാരുടെ താൽപര്യമല്ല, വിദേശീയവ്യാപാരികളുടെ താൽപര്യമാണ് സംരക്ഷിക്കപ്പെട്ടു പോന്നിട്ടുള്ളത്. ഈ യാഥാർത്ഥ്യത്തെ ഉറുപ്പികയുടെ ചരിത്രം ഓരോ പതനത്തിലും തെളിയിക്കുന്നുണ്ട്.

1835-ലെ നിയമമനുസരിച്ച് നടപ്പിൽ വന്ന വെള്ളിമാന വ്യവസ്ഥയുടെ കീഴിൽ, എന്തായാലും ഉറുപ്പികയുടെ വില ഇന്നത്തെപ്പോലെ കൃത്രിമമായിരുന്നില്ല. നാണ്യ നിർമ്മാണം സ്വതന്ത്രമായിരുന്നു; അതായത്, ലോഹം മുദ്രണശാലയിൽ കൊണ്ടു പോയി നാണ്യങ്ങളാക്കി മാറ്റുവാൻ നാട്ടുകാർക്കധികാരമുണ്ടായിരുന്നു. ലോഹത്തി ന്റെ ആയിരത്തിലൊരു ഭാഗം ഉരുക്കുവാനുള്ള ചെലവായും നൂറിൽ രണ്ടു ഭാഗം രാ ജഭോഗമായും വസൂലാക്കപ്പെട്ടിരുന്നുവെന്നുമാത്രം. ഇങ്ങനെ ലോഹം നാണ്യങ്ങ ളാക്കി മാറ്റാൻ കഴിഞ്ഞിരുന്നതുപോലെതന്നെ നാണ്യങ്ങളുരുക്കി ലോഹമാക്കി മാ റ്റാനും ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. നാണ്യത്തിന്റെ മുഖവിലയും അതില

ടങ്ങിയ ലോഹത്തിന്റെ വിലയും സമമായിരുന്നതുകൊണ്ടു നാണ്യം ലോഹമാക്കിയാലും ലോഹം നാണ്യമാക്കിയാലും യാതൊരു തരക്കേടുമുണ്ടായിരുന്നില്ല.

സ്വർണ്ണനാണ്യങ്ങൾ 'ലീഗൽ ടെൻഡർ' അല്ലാതായിത്തീർന്നുവെങ്കിലും ജനങ്ങളുടെ സ്വർണ്ണനാണ്യപ്രതിപത്തി പിന്നേയും നിലനിന്നു. നാട്ടുകാരുടെ കൊള്ളക്കൊടുക്കകളിൽ നിന്നു സ്വർണ്ണനാണ്യങ്ങളെ തീരെ നീക്കം ചെയ്യുക എന്ന കാര്യം എളുപ്പമുള്ളതായിരുന്നില്ല. അതുകൊണ്ട് സ്വർണ്ണനാണ്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനത്തിൽ മാറ്റംവരുത്തുവാൻ അധികൃതൻമാർ നിർബന്ധിതരായി. 1841-ലെ പ്രഖ്യാപനപ്രകാരം ഗവൺമെൻറിലേയ്ക്കടയ്ക്കാനുള്ള സംഖ്യകൾ സ്വർണ്ണനാണ്യങ്ങളായി അടച്ചുതീർക്കുവാൻ ജനങ്ങൾക്കു സൗകര്യം നൽകുന്നതാണെന്നും 15 ക.യ്ക്ക് ഒരു മോഹർ എന്ന തോതിൽ സ്വർണ്ണനാണ്യങ്ങൾ ഖജനാകളിൽ സ്വീകരിക്കപ്പെടുന്നതാണെന്നും തീരുമാനിക്കപ്പെട്ടു. പക്ഷേ, ഇതിന്റെ അർത്ഥം സ്വർണ്ണനാണ്യങ്ങൾ വീണ്ടും 'ലീഗൽ ടെൻഡററായിത്തീർന്നുവെന്നല്ല. കാരണം, സ്വർണ്ണനാണ്യങ്ങൾക്കു പകരം ഉറുപ്പിക ആവശ്യപ്പെടുവാനോ, സ്വർണ്ണനാണ്യങ്ങൾ സ്വീകരിച്ചേ കഴിയൂ എന്നു ശഠിക്കുവാനോ ജനങ്ങൾക്കധികാരമുണ്ടായിരുന്നില്ല.

സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും തമ്മിലുള്ള തോതു തിട്ടപ്പെടുത്തിയിരുന്നുവെന്നതു ശരിതന്നെ. അക്കാലത്തു സ്വർണ്ണത്തിനു വെള്ളിയുടേതിനേക്കാൾ 15 ഇരട്ടി വിലയുണ്ടായിരുന്നതുകൊണ്ട് ഒരു സ്വർണ്ണമോഹർ 15 വെള്ളിയുറുപ്പികയ്ക്കു സമമായിരുന്നുവെന്നു തീർച്ചയാണ്. എന്നാൽ ഒരേസമയത്ത് രണ്ടുതരത്തിലുള്ള നാണ്യങ്ങൾ അടിസ്ഥാന നാണ്യമായി പ്രചരിക്കുകയെന്നത് ധനശാസ്ത്രസിദ്ധാന്തങ്ങൾക്കെതിരാണ്. അതുകൊണ്ട് അധികം കഴിയുന്നതിനുമുമ്പ് ഈ ഏർപ്പാടു പൊളിഞ്ഞുപോയതിൽ അത്ഭുതമില്ല. 1848-നും 1857-നും ഇടയിൽ ആസ്ട്രേലിയയിലും കാലിഫോർണിയയിലും പുതിയ സ്വർണ്ണഖനികൾ തുറക്കുന്നതിന്റെ ഫലമായി സ്വർണ്ണത്തിന്റെ ഉത്പാദനം വർദ്ധിക്കുകയും അങ്ങനെ അതിന്റെ വെള്ളിക്കണക്കിലുള്ള ആപേക്ഷികവില താണുപോവുകയും ചെയ്തു. സ്വർണ്ണത്തിന്റെ വിലയിടിഞ്ഞപ്പോൾ ഒരു സ്വർണ്ണമോഹറിനു മാർക്കറ്റിൽ 15 ക. കിട്ടുകയില്ലെന്നായി. എങ്കിലും ഒരു സ്വർണ്ണമോഹർ 15 ക.യ്ക്കു സമമാണെന്നുള്ള (1841 ലെ) സർക്കാർ പ്രഖ്യാപനം നിലവിലുണ്ടായിരുന്നു. അതുകൊണ്ട് ജനങ്ങൾ ഗവൺമെൻറിലേക്കുള്ള അടവുകൾക്കു സ്വർണ്ണനാണ്യങ്ങൾ മാത്രം ഉപയോഗിക്കാൻ തുടങ്ങി. വെള്ളിനാണ്യങ്ങൾ മെല്ലെ മെല്ലെ പ്രചാരത്തിൽ നിന്നു പിൻവലിയാനും തുടങ്ങി. മാർക്കറ്റ് നിലവാരത്തേക്കാൾ ഉയർന്ന നിരക്കിൽ സ്വർണ്ണനാണ്യങ്ങൾ സ്വീകരിക്കേണ്ടിവന്നതുകൊണ്ടു ഗവൺമെൻറിനു വമ്പിച്ച നഷ്ടം പിണഞ്ഞുകൊണ്ടിരുന്നു. ഒരുദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. ഗവൺമെൻറിലേക്കു നികുതിവകയായോ മറ്റോ 30 ക. അടയ്ക്കാൻ ചുമതലപ്പെട്ട ഒരാൾ രണ്ടുസ്വർണ്ണമോഹറാണടച്ചിരുന്നത്. സ്വർണ്ണത്തിന്റെ വിലയിടിഞ്ഞപ്പോൾ രണ്ടു സ്വർണ്ണമോഹറിലുള്ള സ്വർണ്ണത്തിന്റെ വില സുമാർ 28 ക. മാത്രമായിത്തീർന്നു. ഈ സ്ഥിതിക്കു 30 ക. യ്ക്കു പകരം രണ്ടു സ്വർണ്ണമോഹർ കൊടുക്കുന്ന ഒരാൾക്ക് രണ്ടുറുപ്പിക ലാഭമാണ്. ഗവൺമെൻറിനത്രയ്ക്കു നഷ്ടവും. ഈ വിഷമഘട്ടത്തിൽ വെള്ളിനാണ്യത്തിന്റെ സ്ഥാനത്തു സ്വർണ്ണനാണ്യത്തെ പ്രതിഷ്ഠിക്കാൻ അധികൃതന്മാർക്ക് സാധിക്കുമായിരുന്നു. എങ്കിലും അവരതു ചെയ്തില്ല. നേരെമറിച്ച് 1841 ലെ പ്രഖ്യാപനം പിൻവലിക്കുകയാണവർ ചെയ്തത്. അങ്ങനെ 1853 ജനുവരി ഒന്നാം തീയതി മുതൽക്കു സ്വർണ്ണമോഹറുകൾ നാണ്യങ്ങളെന്ന നിലയ്ക്കു സ്വീകരിക്കപ്പെട്ടുതുടങ്ങി.

## സ്വർണ്ണത്തിനുവേണ്ടി പ്രക്ഷോഭം

അതിനുശേഷം സ്വർണ്ണനാണ്യങ്ങൾക്കു വേണ്ടിയുള്ള നാട്ടുകാരുടെ പ്രക്ഷോഭം തുടർന്നുകൊണ്ടിരുന്നു. ബങ്കാൾ, ബോംബെ, മദ്രാസ് എന്നീ സ്ഥലങ്ങളിലെ വ്യാപാരിസംഘങ്ങൾ ഇന്ത്യാഗവൺമെന്റിനു മെമ്മോറിയലുകൾ സമർപ്പിച്ചു. വെള്ളിയുടെ ഉൽപാദനം സ്വർണ്ണത്തെ അപേക്ഷിച്ചു വല്ലാതെ കുറഞ്ഞിട്ടുണ്ടെന്നും അതിന്റെ ഫലമായി വെള്ളിയുടെ വില വർദ്ധിച്ചിട്ടുണ്ടെന്നും ഇതു ചരക്കുകളുടെ വിലകളെക്കൂടി ബാധിക്കുന്നതുകൊണ്ട് വ്യാപാരത്തിനു ഹാനിതട്ടാൻ തുടങ്ങിയിട്ടുണ്ടെന്നും അതിനാൽ അടിസ്ഥാനനാണ്യമായി സ്വർണ്ണം നടപ്പിൽവരുത്തേണ്ടതാവശ്യമാണെന്നും അവർ വാദിച്ചു. ഇന്ത്യയുടെ ഈ നാണ്യമായ ആവശ്യത്തെ സംബന്ധിച്ച് പല വാദപ്രതിവാദങ്ങളുമുണ്ടായി. ഇന്ത്യയുടെ കറൻസി പ്രശ്നങ്ങളെപ്പറ്റി അന്വേഷണം നടത്താൻ വേണ്ടി 1866-ൽ സർ വില്യം മാൻസ്ഫീൽഡിന്റെ അധ്യക്ഷതയിൽ നിയമിക്കപ്പെട്ട കമ്മീഷൻപോലും സ്വർണ്ണനാണ്യനയത്തെ അനുകൂലിക്കുകയാണുണ്ടായത്. പക്ഷേ, എന്തായിട്ടും അധികൃതൻമാർ ഇളകിയില്ല. 1874 മെയ് 7നു ഗവൺമെൻറു വിളംബരം ചെയ്തു: 'സ്വർണ്ണനാണ്യം പ്രചാരത്തിൽ വരുത്തുന്നതിന്റെ അഭിലഷണീയതയെപ്പറ്റിയാലോചിച്ചതിനുശേഷം തൽക്കാലം സ്വർണ്ണത്തെ വിലയുടെ മാനദണ്ഡമാക്കാനുള്ള യാതൊരു നടപടിയും ആവശ്യമില്ലെന്ന തീരുമാനത്തിലാണ് ഗവൺമെന്റ് എത്തിയിട്ടുള്ളത്.'

അങ്ങനെ, ഇന്ത്യയുടെ അടിസ്ഥാന നാണ്യമെന്ന നിലയിൽ വെള്ളിതന്നെ വാഴാൻ തുടങ്ങി.

## വെള്ളിയുടെ വിലയിടിവ്

ഇവിടത്തെ കറൻസിയുടെ നിലയേയും വിലയേയും ചോദ്യംചെയ്തുകൊണ്ട് വെള്ളിയുടെ വില പെട്ടെന്നു താഴാൻ തുടങ്ങി. 1872-നു ശേഷമുള്ള രണ്ടു ദശാബ്ദങ്ങളിൽ സ്വർണ്ണത്തിന്റെ വില അതേ തൂക്കത്തിലുള്ള വെള്ളിയുടെ വിലയേക്കാൾ ഏതാണ്ട് 15.5 ഇരട്ടിയായിരുന്നു. 1827-നു ശേഷമുള്ള 2 ദശാബ്ദങ്ങളിലാവട്ടെ, സ്വർണ്ണവില വെള്ളിവിലയുടെ 27 ഇരട്ടിയായി വർദ്ധിച്ചു. വെള്ളിയുടെ വിലയിടിവ് എത്ര ഭയങ്കരമായിരുന്നുവെന്നു താഴെക്കാണുന്ന കണക്കുകളിൽ നിന്നു വ്യക്തമാവും.

| | | |
|---|---|---|
| 1927-ൽ വെള്ളിയുടെ വില | | 60 പെൻസ് |
| 1873-ൽ | ടി | 57 7/8 പെൻസ് |
| 1876—80-ൽ | ടി | 52 3/4 പെൻസ് |
| 1881—85-ൽ | ടി | 50 5/8 പെൻസ് |
| 1885—90-ൽ | ടി | 55 5/8 പെൻസ് |

ഇങ്ങനെ കുറഞ്ഞു കുറഞ്ഞ് 1893 ആകുമ്പോഴേക്കും വെള്ളിയുടെ വില 37 11/16 പെൻസായിത്തീർന്നു. ഒട്ടാകെ 1873-നും 1893നുമിടയിൽ വെള്ളിക്കുണ്ടായ വിലയിടിവ് ഏതാണ്ട് 40 ശതമാനമാണ്.

## വിലയിടിവിന്റെ കാരണങ്ങൾ

1871-ലെ ഫ്രാങ്കോ-പ്രഷ്യ യുദ്ധത്തിലെ വിജയത്തിനു ശേഷം ജർമ്മനി തന്റെ അടിസ്ഥാനനാണ്യമായിരുന്ന വെള്ളിയുപേക്ഷിച്ച്, പകരം സ്വർണ്ണം സ്വീകരിച്ചു. ഡെൻമാർക്ക്, സ്വീഡൻ, നോർവെ, ഹോളണ്ട് മുതലായ രാജ്യങ്ങളും വെള്ളിമാനമുപേക്ഷിച്ച് സ്വർണ്ണമാനം നടപ്പിൽവരുത്തി. വെള്ളിയുടെ നാണ്യപരമായ ഉപയോഗം

കുറഞ്ഞതിനാൽ അതിന്റെ ആവശ്യത്തിനും കുറവായി. മാർക്കറ്റിൽ വെള്ളിയുടെ 'സപ്ലൈ' 'ഡിമാന്റി'നെ (വരവ്, ചെലവിനെ) അപേക്ഷിച്ച് കൂടുതലായിത്തീർന്നപ്പോൾ അതിന്റെ വിലയിടിയാൻതുടങ്ങി. ഇതേ സമയത്തു മറ്റൊന്നും കൂടിയുണ്ടായി. വെള്ളിയുടെ ഉൽപാദനം വർദ്ധിക്കുകയും പരിഷ്ക്കരിച്ച ഖനനയന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതിന്റെ ഫലമായി ഉൽപാദനചെലവ് കുറയുകയും ചെയ്തു. നേരെമറിച്ച സ്വർണ്ണത്തിന്റെ ഉൽപാദനം കുറയുകയാണ് ചെയ്തത്. ഒരു ഭാഗത്ത് വെള്ളിയുടെ 'സപ്ലൈ' വർദ്ധിക്കുകയും 'ഡിമാന്റ്' ചുരുങ്ങുകയും ചെയ്തു. മറുഭാഗത്ത് സ്വർണ്ണത്തിന്റെ 'സപ്ലൈ' ചുരുങ്ങുകയും ഡിമാന്റ് വർദ്ധിക്കുകയും ചെയ്തു. ഇതായിരുന്നു വെള്ളിയുടെ വിലയിടിവിന്റെ പ്രധാന കാരണം.

## ഫലങ്ങൾ

ഉറുപ്പികയിൽ 165 ഗ്രേൻ തനി വെള്ളിയാണടങ്ങിയിരുന്നത് എന്ന് പറഞ്ഞുവല്ലോ. വെള്ളിയുടെ വില 60 പെൻസായിരുന്നപ്പോൾ ഒരുറുപ്പിക ഏതാണ്ട് രണ്ടു ഷില്ലിംഗിനു സമമായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഉറുപ്പികയുടെ വിനിമയനിരക്ക് അന്നു രണ്ട് ഷില്ലിംഗായിരുന്നു. വെള്ളിയുടെ വിലയിടിയുംതോറും ഉറുപ്പികയുടെ വിനിമയനിരക്കും കുറഞ്ഞുകുറഞ്ഞുവന്നു. 1891-93 ആയപ്പോഴേക്കും വിനിമയ നിരക്ക് 1 ഷി 8 പെൻസായിത്തീർന്നു.

താഴെ കൊടുക്കുന്ന പട്ടിക നോക്കുക:

| കൊല്ലം | വെള്ളിയുടെ വില ഔൺസിന് എത്ര പെൻസ് എന്ന് | വിനിമയനിരക്ക് ക.യ്ക്ക് എത്ര പെൻസ് എന്ന് |
|---|---|---|
| 1872—72 | 59 1/8 പെൻസ് | 22.351 |
| 1874—75 | 58 5/16 പെൻസ് | 22.221 |
| 1875—76 | 56 7/8 പെൻസ് | 21.645 |
| 1876—77 | 52 3/4 പെൻസ് | 20.491 |
| 1891 മാർച്ച് 31 ന് | 47 പെൻസ് | 18.091 |
| 1893 മാർച്ച് 31 ന് | 39 പെൻസ് | 14.984 |

ഉറുപ്പികയുടെ വിനിമയനിരക്ക് ഇപ്രകാരം താഴുന്നതുകൊണ്ടുള്ള ഫലമെന്തെന്നു നോക്കാം. വിനിമയനിരക്കു രണ്ടു ഷില്ലിങ്ങായിരുന്നപ്പോൾ ഒരു പൗണ്ടു പത്തുറുപ്പികയ്ക്കു സമമായിരുന്നു. അതായത് ഇംഗ്ലണ്ടിൽ ഒരു പൗണ്ടോ ഒരു പൗണ്ട് വിലപിടിച്ച സാധനങ്ങളോ കിട്ടണമെങ്കിൽ ഇവിടെ പത്തുറുപ്പിക കൊടുക്കണം. വിനിമയനിരക്ക് താണുതാണ് ഒരു റുപ്പിക 16 പെൻസിനു സമമാകുമ്പോൾ ഒരു പൗണ്ട് 15 ക.യ്ക്കു സമമായിത്തീരും. അപ്പോൾ ഇംഗ്ലണ്ടിൽ ഒരു പൗണ്ടാവശ്യമുള്ളവർ ഇവിടെ പത്തുറുപ്പികയല്ല പതിനഞ്ചുറുപ്പിക കൊടുക്കേണ്ടിവരും.

ഉറുപ്പികയുടെ വിനിമയവില ഇടിയുന്നതുകണ്ടപ്പോൾ ഇന്ത്യയിൽനിന്ന് ഇംഗ്ലണ്ടിലേക്ക് ഉറുപ്പികയയയ്ക്കുന്നവർ പരിഭ്രമിച്ചു വശായി. വലിയ വലിയ ഉദ്യോഗസ്ഥൻമാർ, ഇന്ത്യയിൽ കച്ചവടം നടത്തി ലാഭം ഇംഗ്ലണ്ടിലേയ്ക്കു കയറ്റുന്ന വ്യാപാരികൾ മുതലായവരാണീക്കൂട്ടർ. ഓരോ പൗണ്ടിനും മുമ്പത്തേക്കാളധികം ഉറുപ്പികയയയ്ക്കണമെന്നു വരുന്നത് അവർക്കിഷ്ടമാവുകയില്ലല്ലോ. ഇക്കൂട്ടരെ പിന്താങ്ങിക്കൊണ്ട് ഇംഗ്ലണ്ടിൽനിന്നും ചരക്കുകൾ ഇറക്കുമതി ചെയ്യുന്ന കച്ചവടക്കാരും ബഹളംകൂട്ടി.

കാരണം, ഓരോപൗണ്ടു വിലയുള്ള ചരക്കിനും ഉറുപ്പിക കണക്കിലുള്ള വില കൂടുതലായിത്തീരുന്നതു വിൽപ്പനയ്ക്കു കൂടുതൽ വിഷമം നേരിട്ടു.

വിനിമയനിരക്ക് ഇന്ത്യാ ഗവൺമെന്റിന്റെ ബഡ്ജറ്റിനെയും ബാധിക്കാതിരുന്നില്ല. ഹോം ചാർജ്ജുകൾ[5] വകയിൽ ഇന്ത്യാ ഗവൺമെന്റ് അടയ്ക്കേണ്ട സംഖ്യ വർദ്ധിച്ചു. 1892–93-ൽ ഹോംചാർജ്ജുകൾ വകയിൽ ഇന്ത്യാ ഗവൺമെന്റടച്ച സംഖ്യ 1 കോടി 65 ലക്ഷം പൗണ്ടായിരുന്നു. അക്കൊല്ലത്തെ വിനിമയ നിരക്കു പ്രകാരം (1 ഷി. 2.985 പെൻസ്). ഈ സംഖ്യ 26, 47, 84, 150 ക.യ്ക്കു സമമാണ്. 1873–74 ലെ നിരക്കുപ്രകാരമാണ്. (അതായത് 1 ഷി. 10.351 പെൻസ്) അടച്ചിരുന്നെങ്കിൽ 17, 75, 19, 200 ക മാത്രം മതിയാകുമായിരുന്നു. ഇങ്ങനെ വിനിമയനിരക്കിലുള്ള മാറ്റം കാരണമായി ഇന്ത്യയ്ക്ക് 8, 72, 64, 150 ക. കൂടുതൽ നഷ്ടമനുഭവിക്കേണ്ടിവന്നു.[6]

എന്നാൽ ഇന്ത്യയിലെ ഒരു ഗണ്യമായ ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം വിനിമയനിരക്കിന്റെ താഴ്ച ഹാനികരമായിരുന്നില്ല. ജനങ്ങൾ വിലകുറഞ്ഞ വെള്ളി വാങ്ങി അത് മുദ്രണശാലയിൽ കൊടുത്ത് ഉറുപ്പികനാണ്യങ്ങളാക്കി മാറ്റാൻ തുടങ്ങി. പ്രചാരത്തിലുള്ള ഉറുപ്പികയുടെ എണ്ണം വർദ്ധിച്ചു. അതോടൊപ്പം ചരക്കുകളുടെ വിലയിലും വർദ്ധന കാണപ്പെട്ടു. അന്യനാടുകളിൽ നിന്നുള്ള ഇറക്കുമതി ചുരുങ്ങി. (കാരണം വില കൂടുതലുള്ള ഇന്ത്യൻ മാർക്കറ്റിൽ ചരക്കുകൾ വിറ്റുകിട്ടുന്ന പണം സ്വന്തം കറൻസിയിലേക്കു മാറ്റുമ്പോൾ ഇതു മുമ്പത്തേക്കാൾ കുറവായിരിക്കും) ഇതു വാസ്തവത്തിൽ ഇന്ത്യയുടെ വ്യവസായങ്ങൾക്കും കച്ചവടങ്ങൾക്കും പ്രോൽസാഹനം നൽകുകയാണ് ചെയ്തത്. വിദേശമേധാവികൾക്കു ശുണ്ഠി പിടിക്കാൻ മറ്റെന്തുവേണം?

ഈ കുഴപ്പത്തിൽനിന്നു പുറത്തുകടക്കാൻ ഫലപ്രദമായ യാതൊരു പരിപാടിയും അധികൃതൻമാർക്കുണ്ടായിരുന്നില്ല. വിവിധ രാജ്യങ്ങളുടെ കറൻസി നയത്തെപ്പറ്റിയും വിനിമയ നിരക്കുകളെപ്പറ്റിയും ആലോചിക്കാൻ കൂടിയ സാർവ്വലൗകിക സമ്മേളനങ്ങൾ ഉപയോഗകരമായ വല്ല തീരുമാനത്തിലും എത്തിച്ചേരുമെന്ന് അവർ ആശിച്ചു. 1867-നും 1892-നും ഇടയിൽ നാല് സാർവ്വലൗകിക സമ്മേളനങ്ങൾ നടന്നു. ഒടുവിലത്തേത് 1892-ലെ ബ്രസൽസ് സമ്മേളനം — യാതൊരു തീരുമാനവുമെടുക്കാതെ തെറ്റിപ്പിരിയുകയാണ് ചെയ്തത്.

ഇതിനിടയിൽ ഇന്ത്യാ ഗവൺമെന്റ് ഇന്ത്യാസെക്രട്ടറിക്കയച്ച ഒരു പ്രസ്താവനയിൽ ഉറുപ്പികയുടെ സ്ഥിതി കൂടുതൽ വഷളായിക്കൊണ്ടുവരുകയാണെന്നു ചൂണ്ടിക്കാണിക്കുകയും വെള്ളിനാണ്യങ്ങളടിക്കുന്ന മുദ്രണശാലകൾ പൂട്ടുക, ഇംഗ്ലണ്ടിലെ കറൻസി ഇന്ത്യയിലും പ്രചരിപ്പിക്കുക തുടങ്ങിയ ചില അടിയന്തിരനടപടികളെടുക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ഈ അഭിപ്രായങ്ങൾക്കെതിരായി നാടൊട്ടുക്കും വമ്പിച്ച ആക്ഷേപങ്ങൾ വന്നു. സ്വർണ്ണത്തിന്റെ മറവിൽ നിന്നുകൊണ്ടു വെള്ളിയെ നാണ്യവ്യവസ്ഥയിൽ നിന്നു നിഷ്കാസനം ചെയ്യാനുള്ള ഒരു പ്ലാനാണ് നടപ്പിൽവരാൻ പോകുന്നതെന്ന് ജനങ്ങൾ ഭയപ്പെട്ടു. കൽക്കത്തയിലെ ഇന്ത്യൻ അസോസിയേഷൻ ഗവൺമെൻറിന്റെ നാണ്യനയത്തെ വിമർശിച്ചുകൊണ്ട് ഇങ്ങനെ അഭിപ്രായപ്പെട്ടു:

'ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി നന്നാക്കാനുള്ള ശരിയായ മാർഗ്ഗം സൈന്യചെലവു ചുരുക്കുകയും ഇംഗ്ലണ്ടിൽ ചെയ്യേണ്ടിവരുന്ന ചെലവുകൾ

---

[5] ഇന്ത്യാ ഗവൺമെന്റ് ഇംഗ്ലണ്ടിൽ ചെയ്യുന്ന ചെലവുകൾക്കാണ് ഹോം ചാർജ്ജുകൾ എന്നു പറയുന്നത്. ഇന്ത്യാ ഓഫീസ് സംബന്ധിച്ച ചെലവുകൾ, പലിശ, പെൻഷൻ മുതലായവയെല്ലാം ഇതിലുൾപ്പെടും

[6] Kale യുടെ 'Gokhale and Economic Reforms'പേജ് 28 നോക്കുക

കുറയ്ക്കുകയും ബ്രിട്ടീഷുദ്യോഗസ്ഥൻമാരുടെ എണ്ണം ചുരുക്കി അവരുടെ സ്ഥാനത്ത് ഇന്ത്യക്കാരെ നിയമിക്കുകയുമാണ്. ആവശ്യമാണെങ്കിൽ ഇന്ത്യയിലെ വ്യവസായങ്ങളുടെ അഭിവൃദ്ധിക്കോ നാട്ടുകാരുടെ ആവശ്യങ്ങൾക്കോ ഉതകാത്ത വിദേശസാമഗ്രികളുടെ മേൽ അൽപം നികുതി ചുമത്തുകയും ചെയ്യാവുന്നതാണ്.'

പക്ഷേ, നാട്ടുകാരുടെ ആക്ഷേപങ്ങളെല്ലാം വനരോദനങ്ങളായി കലാശിക്കുകയാണ് ചെയ്തത്. മാത്രമല്ല, വിനിമയ നിരക്കു താണതുകൊണ്ടുള്ള 'നഷ്ടം' പരിഹരിക്കാൻ വേണ്ടി വലിയ വലിയ ബ്രിട്ടീഷുദ്യോഗസ്ഥൻമാർക്കു ബത്തകൾ കൊടുക്കാൻ ഗവൺമെൻറ് തയ്യാറാവുകയും ചെയ്തു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുതലായ സംഘടനകളുടെ കഠിനമായ ആക്ഷേപങ്ങളെ അവഗണിച്ചുകൊണ്ട് കൊല്ലംതോറും ഒരു കോടിയിലധികം ഉറുപ്പിക ഈ ബത്തകൾവകയ്ക്കു ഗവൺമെന്റു ചിലവിട്ടുകൊണ്ടിരുന്നു.

## 3 കൃത്രിമമായ വിനിമയനിരക്ക്

1890-നു ശേഷം ഇന്ത്യയുടെ നാണ്യവ്യവസ്ഥ താറുമാറാകാൻ തുടങ്ങി. ഉറുപ്പികയുടെ നിലയുറപ്പിക്കുവാൻവേണ്ടി വെള്ളിനാണ്യങ്ങളടിക്കുന്ന മുദ്രണശാലകൾ പൂട്ടുക, ഇംഗ്ലണ്ടിലെ കറൻസി ഇന്ത്യയിലും പ്രചരിപ്പിക്കുക തുടങ്ങിയ ചില അടിയന്തിര നടപടികളെടുക്കണമെന്ന് ഇന്ത്യാ ഗവൺമെന്റ് അഭിപ്രായപ്പെട്ടു. ഗവൺമെന്റിന്റെ ഈ അഭിപ്രായത്തിന്റെ പ്രായോഗികതയെപ്പറ്റിയാലോചിക്കാൻ 1892 സെപ്തംബർ 1ന് ലോർഡ് ഹെർഷലിന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി നിയമിക്കപ്പെട്ടു. ലണ്ടനിലിരുന്നുകൊണ്ടുതന്നെ ഹെർഷൽകമ്മിറ്റി തെളിവുകളെടുക്കാൻ തുടങ്ങി. തെളിവു നൽകിയ ഒരേ ഒരു ഇന്ത്യക്കാരൻ ദാദാഭായി നവറോജിയായിരുന്നു. അദ്ദേഹം ഇന്ത്യാ ഗവൺമെന്റിന്റെ അഭിപ്രായങ്ങളെ കലശലായി എതിർക്കുകയാണ് ചെയ്തത്. നവറോജിയുടെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഏതാനും ചില ഇംഗ്ലീഷുകാരും ഇന്ത്യാ ഗവൺമെന്റിന്റെ നയത്തിൽ ആക്ഷേപം പ്രകടിപ്പിക്കുകയുണ്ടായി.

കമ്മിറ്റിയുടെ റിപ്പോർട്ട് 1893-ൽ പുറത്തുവന്നു. സ്വതന്ത്ര മുദ്രണശാല പൂട്ടണമെന്നും 7.53344 ഗ്രേൻ ശുദ്ധസ്വർണ്ണത്തിന് (1 ഷി. 4 പെൻസിന്) ഒരുറുപ്പികയെന്ന തോതിൽ സ്വർണ്ണം വാങ്ങി ഉറുപ്പികയടിച്ചു കൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാവണമെന്നും ഉറുപ്പികയ്ക്ക് 1 ഷി 4. പെൻസ് എന്ന നിരക്കിൽ സ്വർണ്ണനാണ്യങ്ങൾ ഗവൺമെന്റ് ഖജനാകളിൽ സ്വീകരിക്കപ്പെടണമെന്നും ഉറുപ്പിക മേലിലും 'ലീഗൽ ടെൻഡറാ'യി പ്രചരിപ്പിക്കണമെന്നുമായിരുന്നു കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ. അടിസ്ഥാന നാണ്യമെന്ന നിലയ്ക്കു വെള്ളിക്കു സ്ഥാനം എടുത്തുകളയണമെന്നു ശുപാർശ ചെയ്ത കമ്മിറ്റി ഇന്ത്യയിൽ സ്വർണ്ണമാന വ്യവസ്ഥയേർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായില്ല. സ്വർണ്ണമാനത്തിന്റെ കാര്യം ഭാവിക്കു വിട്ടുകൊടുക്കുകയും തൽക്കാലം ഉറുപ്പികയുടെ വിനിമയനിരക്ക് 16 പെൻസായിരിക്കണമെന്ന് അഭിപ്രായപ്പെടുകയുമാണ് അവർ ചെയ്തത്. ഈ അഭിപ്രായം ഇന്ത്യയുടെ വ്യവസായിക താൽപ്പര്യങ്ങൾക്കെതിരായിരുന്നുവെന്നു മനസ്സിലാക്കാൻ വിഷമമില്ല. കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധം ചെയ്ത ദിവസം വിനിമയനിരക്ക് 14.625 പെൻസായിരുന്നു. കമ്മിറ്റിയുടെ ശുപാർശകളനുസരിച്ച് 7.53344 ഗ്രേൻ സ്വർണ്ണത്തിന് (അതായത് 16 പെൻസിന്) 1 ക.എന്ന തോതിൽ ഉറുപ്പിക കൊടുക്കുവാൻ ഗവൺമെന്റു തയ്യാറാവേണ്ടിവന്നു. വിനിമയനിരക്ക് ഇപ്രകാരം ഉയർത്തിയതിൽ ഇന്ത്യയുടെ വ്യവസായത്തിന് ഉടവുതട്ടുമെന്ന് ഇന്ത്യൻ വ്യവസായനേതാക്കൾ താക്കീതു നൽകുകയുണ്ടായി. പക്ഷേ, ഫലമൊന്നുമുണ്ടായില്ല.

## 1893-ലെ മുദ്രണനിയമം

ഹെർഷൽകമ്മിറ്റിയുടെ ശുപാർശകളെ പറയത്തക്ക മാറ്റമൊന്നും കൂടാതെതന്നെ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ട് '1893-ലെ എട്ടാം ആക്റ്റ്' എന്ന പേരിലറിയപ്പെടുന്ന ഒരു നിയമം പാസാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ താഴെകൊടുത്ത വ്യവസ്ഥകൾ നടപ്പിൽവരുത്തുകയും ചെയ്തു.

1. ഉറുപ്പികയ്ക്കു 7.53344 ഗ്രേൻ ശുദ്ധ സ്വർണ്ണം (1 ഷി. 4 പൈ) എന്ന നിരക്കിൽ സ്വർണ്ണനാണയങ്ങൾക്കും സ്വർണ്ണലോഹക്കട്ടികൾക്കും പകരമായി ഉറുപ്പിക നൽകുവാൻ മുദ്രണശാലകൾ തയ്യാറായിരിക്കും.

2. ഗവൺമെന്റിലേക്കുള്ള അടവുകൾക്കു പവനും (സോവറിൻ) അരപ്പവനും ഉപയോഗിക്കാവുന്നതാണ്. പവനു 15 ക. (അരപ്പവന് 7.5ക) എന്ന തോതിൽ ഗവൺമെന്റ് അവയെ സ്വീകരിക്കുന്നതാണ്.

ഇതേ നിരക്കിൽ സ്വർണ്ണത്തിനു പകരമായി കറൻസിനോട്ടുകളും അടിച്ചിറക്കുന്നതായിരിക്കും.

ഇങ്ങനെ 1835 മുതൽക്കു നിലനിന്നുപോന്ന വെള്ളിമാനവ്യവസ്ഥ ഉപേക്ഷിക്കപ്പെട്ടു. മുദ്രണശാലികളിൽ വെള്ളികൊടുത്ത് ഉറുപ്പികയടിച്ചുവാങ്ങാൻ നാട്ടുകാർക്കധികാരമില്ലാതായി. 1893-നു ശേഷം ഉറുപ്പിക നാണ്യങ്ങൾ വെള്ളികൊണ്ടുള്ളവയല്ലാതായിയെന്ന് ഇതിനർത്ഥമില്ല. മുമ്പത്തെപ്പോലെതന്നെ ആക്റ്റിനുശേഷവും ഉറുപ്പികനാണ്യത്തിൽ 180 ഗ്രേൻ സ്റ്റാൻഡേർഡ് വെള്ളി (11/12 ഭാഗം ശുദ്ധമായത്) അടങ്ങിയിരുന്നു. പക്ഷേ, ആക്റ്റിനു മുമ്പ് ഉറുപ്പികയുടെ വില അതിലടങ്ങിയ വെള്ളിയുടെ വിലയായിരുന്നു. ഇപ്പോൾ അങ്ങനെയല്ലാതായി. ഉറുപ്പികനാണ്യം അതിലടങ്ങിയ വെള്ളിയുടേതിനേക്കാൾ കൂടുതൽ വിലയെ പ്രതിനിധീകരിക്കാൻ തുടങ്ങി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഉറുപ്പിക വെറുമൊരു ടോക്കൺ (പ്രതീക)നാണ്യമായി മാറി. വെള്ളിയുടെ വില എത്രതന്നെ കുറഞ്ഞാലും ഒരുറുപ്പിക പതിനാറു പെൻസിനു അതായത് 7.53344 ഗ്രേൻ സ്വർണ്ണത്തിനു സമമാണെന്നു വിധിക്കപ്പെട്ടു. ഇതുവരെയും സ്വതന്ത്രനാണ്യമായിരുന്ന വെള്ളിയുറുപ്പിക ബ്രിട്ടീഷു കറൻസിയുടെ അടിമയായി മാറി.

ഒരു കാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. വിനിമയനിരക്ക് ഉറുപ്പികയ്ക്കു 16 പെൻസായി നിജപ്പെടുത്തുക എന്നുവച്ചാൽ സ്വർണ്ണമാനം നടപ്പിൽവരുത്തുക എന്നർത്ഥമില്ല. ഉറുപ്പികയ്ക്കു 16 പെൻസ് എന്ന തോതിൽ സ്വർണ്ണത്തിനു പകരം ഉറുപ്പിക കൊടുക്കാൻ ഗവൺമെന്റു തയ്യാറായി എന്നതു ശരിതന്നെ. പക്ഷേ, അതേ സമയത്ത്, നിശ്ചിതമായ നിരക്കനുസരിച്ച് ഉറുപ്പികയ്ക്കു പകരം സ്വർണ്ണം കൊടുക്കാൻ അവർ തയ്യാറുണ്ടായിരുന്നില്ല! അതിനാൽ 1893-ലെ ആക്റ്റ് പ്രകാരം നടപ്പിൽ വന്ന വ്യവസ്ഥ സ്വർണ്ണമാനമാണെന്നു പറഞ്ഞുകൂടാ. നോട്ടുകൾക്കും ഉറുപ്പികനാണ്യങ്ങൾക്കും പകരം സ്വർണ്ണം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണെങ്കിൽ മാത്രമേ അത് സ്വർണ്ണമാനവ്യവസ്ഥയാവുകയുള്ളു.

## ആക്റ്റിന്റെ ഉദ്ദേശ്യം

ഉറുപ്പികയുടെ വിനിമയനിരക്കു താഴുന്നതുകൊണ്ടു ഗവൺമെന്റിന്റെ ധനകാര്യനയത്തിൽ കുഴപ്പമുണ്ടാവുമെന്നു ഹോം ചാർജ്ജുകൾ, സിവിൽ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം മുതലായ ഇനങ്ങളിൽ കൂടുതൽ പണം ചിലവഴിക്കേണ്ടിവരുമെന്നും അതുകൊണ്ട് ഉറുപ്പികയെ പതിനാറുപെൻസുമായി കൂട്ടിയുറപ്പിക്കുന്നതു നല്ലതാണെന്നും മറ്റുമാണ് ഹെർഷൽകമ്മിറ്റിയുടെ തീരുമാനങ്ങളെ ശരിവച്ചവർ വാദിച്ചത്. ഈ

വാദങ്ങളിൽ യാതൊരു കഴമ്പുമില്ലെന്ന് കാണാൻ വിഷമമില്ല. ഗവൺമെന്റിന്റെ ധനകാര്യനയത്തിൽ കുഴപ്പം നേരിട്ടുവെങ്കിൽ അതിനു വെള്ളിയെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല. ചെലവു വരവിനേക്കാൾ വർദ്ധിപ്പിക്കുകയും അനാവശ്യമായ പല യുദ്ധങ്ങളിലേക്കും വാരിക്കോരിച്ചെലവഴിച്ച പണമെല്ലാം ഇന്ത്യയുടെ തലയിൽ വച്ചുകെട്ടുകയും ചെയ്യുന്ന ഒരു ഗവൺമെന്റിന്റെ സാമ്പത്തിക വിഷമതകൾ ഇല്ലാതാവുക എങ്ങനെയാണ്? ഇരിക്കട്ടെ, സാമ്പത്തിക വിഷമതകൾ പരിഹരിക്കാൻ പണം ആവശ്യമാണെന്നുതന്നെ വിചാരിക്കുക. ഗവൺമെന്റിനു സാമ്പത്തികവിഷമതകളുണ്ടെങ്കിൽ ഇന്ത്യയുടെ പൊതുതാൽപര്യങ്ങൾക്കു ഹാനികരമല്ലാത്തവിധത്തിൽ പുതിയ നികുതികൾ ചുമത്താൻ ഒരുങ്ങാമായിരുന്നില്ലേ? വിദേശസാമാനങ്ങളുടെ മേൽ ഇറക്കുമതിച്ചുങ്കം ചുമത്തണമെന്ന് ഇന്ത്യാക്കാർ എത്രയോതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. 1875-ൽ ഡ്യൂട്ടി 5 ശതമാനം മാത്രമായിരുന്നു. വസ്തുങ്ങളുടെ ഇറക്കുമതിക്ക് അനാശാസ്യമായ ആനുകൂല്യങ്ങളാണ് അനുവദിക്കപ്പെട്ടിരുന്നത്. 1882-ൽ ഉപ്പ്, മദ്യം എന്നിവയൊഴിച്ച് മറ്റെല്ലാ ചരക്കുകളിൽ നിന്നും ഇറക്കുമതിച്ചുങ്കം എടുത്തുകളഞ്ഞു. അതിനുശേഷം കുറേക്കാലത്തേയ്ക്ക് പറയത്തക്ക യാതൊരു നികുതിഭാരവും കൂടാതെയാണ് വിദേശസാമാനങ്ങൾ ഇന്ത്യയിൽ വന്നുകൊണ്ടിരുന്നത്. വിദേശസാമഗ്രികളുമായി വിജയകരമാംവിധം മത്സരിക്കാനാവാത്തതുകൊണ്ട് ഇന്ത്യയുടെ സാമ്പത്തികപുരോഗതിക്കു വിഘ്നം നേരിട്ടു. മുദ്രണനിയമത്തിന്റെ സഹായത്തോടുകൂടി ഉറുപ്പികയുടെ പ്രചാരത്തിൽ കൃത്രിമമായ കുറവു വരുത്തുകയെന്ന നയം തീർച്ചയായും വ്യവസായത്തിന്റെ പോഷണത്തിനനുകൂലമാവുകയില്ല. പക്ഷേ, ഇന്ത്യയെ ഒരു വ്യവസായികരാജ്യവുമായി ഉയർത്താനല്ല, എന്നെന്നും ഒരു കർഷകരാജ്യമാക്കിവച്ചു ചൂഷണം ചെയ്യാനാണ് ബ്രിട്ടീഷു മുതലാളികൾ ആഗ്രഹിച്ചത്.

ഉറുപ്പികയുടെ വിലയിടിവു കാരണമായി ഇന്ത്യയുടെ ബഡ്ജറ്റിലുണ്ടായ അധികച്ചെലവു നികത്താൻ ഗവൺമെന്റ് കൈക്കൊണ്ട നയം മറുനാടൻ ചരക്കുകളുടെ മേൽ ചുങ്കം ചുമത്തുകയെന്നതല്ല, നാട്ടുകാരുടെ നികുതിഭാരം വർദ്ധിപ്പിക്കുകയെന്നതാണ്. ഉറുപ്പികയുടെ വിലയിടിഞ്ഞതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടെന്നും അതുകൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതു ന്യായം മാത്രമാണെന്നും ഗവൺമെന്റുപക്ഷക്കാർ വാദിച്ചു. ആർ.സി. ദത്ത് എഴുതുന്നു:

“അരിയുടെയും ഗോതമ്പിന്റെയും ഉറുപ്പികക്കണക്കിലുള്ള വില വർദ്ധിക്കുന്നതു കണ്ടപ്പോൾ സെറ്റിൽമെന്റ് ഓഫീസർ നിലനികുതി വർദ്ധിപ്പിക്കാനൊരുങ്ങി. നിലത്തിൻമേലുള്ള പാട്ടവും നികുതിയും സെസ്സ് മുതലായ പ്രാദേശിക നികുതികൾപോലും വർദ്ധിപ്പിക്കപ്പെട്ടു. കച്ചവടക്കാർക്കു ഉറുപ്പികക്കണക്കിൽ കൂടുതൽ ആദായമുണ്ടാവാൻ തുടങ്ങിയപ്പോൾ ആദായനികുതി കണക്കാക്കുന്ന ഉദ്യോഗസ്ഥൻ തന്റെ ഡിപ്പാർട്ടുമെന്റിന്റെ പിരിവുകളും വർദ്ധിപ്പിച്ചു.”[7]

ഇന്ത്യയുടെ ഒട്ടാകെയുള്ള നികുതി 1870–71-ൽ 20,62,28,320 ക. യായിരുന്നത് 1890–91 ആകുമ്പോഴേക്കും 24,04,52,090 ക.യായി വർദ്ധിച്ചു.[8] ആദായനികുതി 1886–87-ൽ, 1,35,47,000 ക. യായിരുന്നത് 1896–97-ൽ 1,87,28,000 ക.യായിത്തീർന്നു. 1882–85 കൊല്ലങ്ങളിലെ നികുതിയുടെ തോതിനെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ 1885 മുതൽ 1898 വരെയുള്ള 14 കൊല്ലങ്ങളിൽ ഗവൺമെന്റ് ജനങ്ങളിൽ നിന്നു 120 കോടിയുറുപ്പിക കൂടുതൽ ഈടാക്കിയെന്നും അതിൽ 80 കോടിയും

[7] R. C. Dutt — Economic History of India

[8] K. T. Shah, Sixty years of Indian Finance P. 224

സൈന്യച്ചെലവുകൾക്കു വേണ്ടിയാണ് വിനിയോഗിച്ചതെന്നും വിദ്യാഭ്യാസത്തിന് ഒരു കോടി ഉറുപ്പികമാത്രമേ ചെലവഴിച്ചുള്ളുവെന്നും ഗോപാലകൃഷ്ണഗോഖലെ തന്റെ ഒരു പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ഇങ്ങനെ ഉറുപ്പികയുടെ സ്വർണ്ണവിലയിടിഞ്ഞതിന്റെ ഫലമായി ഹോംചാർജ്ജുകളും മറ്റു ചിലവുകളും ചുരുക്കാൻ ശ്രമിക്കുകയല്ല, അവ നികത്താൻ വേണ്ടി നാട്ടുകാരിൽ നിന്നും കൂടുതൽ നികുതി പിരിച്ചെടുക്കുകയാണ് ഗവൺമെന്റു ചെയ്തത്. ഒടുവിൽ ഉദ്യോഗസ്ഥൻമാരുടെ ബത്തകൾ, വിലയിടിവിനുള്ള പ്രതിഫലങ്ങൾ മുതലായവയുടെ പേരിൽ പണം വാരിക്കോരി ചെലവുചെയ്യപ്പെട്ടു. ഗവൺമെന്റിന്റെ അധികചെലവുകളും നാട്ടുകാരുടെ നികുതിഭാരവും ചുരുക്കണമെന്നു നാട്ടിൽ പലേടത്തും പ്രക്ഷോഭമുണ്ടായിരുന്നുവെങ്കിലും അതൊന്നും വകവയ്ക്കാതെ ഗവൺമെന്റ് തങ്ങളുടെ ആപൽക്കരമായ ധനകാര്യനയം തുടർന്നുപോവുകയാണ് ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ വെള്ളിയുടെ വിലയിടിവാണ് ഇന്ത്യയിലെ കൃത്രിമമായ കറൻസി വ്യവസ്ഥയുടെ സ്ഥാപനത്തിനു കാരണമെന്ന് വാദിക്കുന്നത് അസംബന്ധമാണ്. വാസ്തവത്തിൽ സാമ്പത്തിക വിഷമതകളെ പരിഹരിക്കാനാണെന്നപേരിൽ ശൈശവാവസ്ഥയിലുള്ള ഇന്ത്യൻ വ്യവസായങ്ങളുടെ വളർച്ചയെ തടഞ്ഞുനിർത്തുകയും അങ്ങിനെ ബ്രിട്ടീഷുസ്ഥാപിത താൽപര്യങ്ങളെ സംരക്ഷിക്കുകയും ചെയ്യാനാണ് കറൻസി പരിഷ്കരണം കൊണ്ട് അധികൃതൻമാർ ഉദ്ദേശിച്ചത്.

വെള്ളിയുടെ വിലയിടിവിനെ തുടർന്നുകൊണ്ട് ഇന്ത്യയുടെ വ്യവസായങ്ങൾ, വിശേഷിച്ചും വസ്ത്രവ്യവസായം അഭിവൃദ്ധിപ്പെടാൻ തുടങ്ങിയിരുന്നു. 1876–77-ൽ 47 പരുത്തിമില്ലുകൾ മാത്രമാണുണ്ടായിരുന്നത്. 1891–92ലാകട്ടെ മില്ലുകളുടെ എണ്ണം 127 ആയിത്തീർന്നു. ഈ കാലത്തിനുള്ളിൽ സ്പിൻഡിലുകൾ 11,00,112-ൽ നിന്നും 32,72,988 ആയും ലൂമുകൾ 9139-ൽ നിന്നും 24670 ആയും വർദ്ധിച്ചു.[9] ഇന്ത്യയിലെ പരുത്തിമില്ലുകൾ ചീന മുതലായ വിദേശമാർക്കറ്റുകളിൽ പോലും മാഞ്ചസ്റ്റർമില്ലുകളോട് മത്സരിക്കാൻ തുടങ്ങി. മാഞ്ചസ്റ്ററിലെ മുതലാളികൾ ഇതെങ്ങനെ പൊറുക്കും? ഉറുപ്പികയുടെ വിനിമയനിരക്ക് ഉയർത്തണമെന്നും അതിനായി വെള്ളിയുടെ സ്വതന്ത്രമുദ്രണം ഇന്ത്യയിൽ നിയമവിരുദ്ധമാക്കണമെന്നും അവർ പ്രക്ഷോഭം കൂട്ടാൻ തുടങ്ങി. ശൈശവാവസ്ഥയിലുള്ള ഇന്ത്യൻ വ്യവസായങ്ങളുടെ കഴുത്തറുക്കണമെന്നു വാശിപിടിച്ച മാഞ്ചസ്റ്ററിന്റെയും ലങ്കാഷയറിന്റേയും ആഗ്രഹവും വാശിയുമാണ് 1893ലെ നാണ്യപരിഷ്കാരത്തിൽ നിഴലിച്ചുകാണുന്നത്.

നാട്ടുകാരുടെ സംഘടനകളും നേതാക്കൻമാരും ഗവൺമെന്റിന്റെ നാണ്യനയത്തെ ശക്തിയായെതിർത്തുനോക്കി. 1893 ഡിസംബറിൽ ലാഹോറിൽവച്ചു കൂടിയ കോൺഗ്രസ് സമ്മേളനം പാസാക്കിയ ഒരു പ്രമേയം ഇങ്ങനെ പറയുന്നു: “ഗവൺമെന്റ് നിയമം മൂലം വെള്ളിയുടെ സ്വതന്ത്രമുദ്രണം നിർത്തിയിരിക്കുന്നുവെന്നതിൽ ഈ കോൺഗ്രസ് വ്യസനം രേഖപ്പെടുത്തുന്നു. കാരണം ഉറുപ്പികയുടെ വില കൃത്രിമമായി ഉയർത്തുകയെന്നത് നാട്ടുകാരുടെ മേൽ പരോക്ഷമായി നികുതി ചുമത്തലാണ്. ഈ നയംകൊണ്ട് നമ്മുടെ വ്യാപാരത്തിനും വ്യവസായങ്ങൾക്കും – പ്രത്യേകിച്ച് വസ്ത്രമില്ലുകൾക്കും – വലിയ ഹാനിതട്ടിയിരിക്കുന്നു.”

പക്ഷേ, നാട്ടുകാരുടെ ഇത്തരം ആക്ഷേപങ്ങളൊന്നും അധികൃതൻമാർ ചെവികൊള്ളുകയുണ്ടായില്ല.

---

9 ജി.ഡി. ബിർലാ ‘രൂപയെ കി കഹാനി’

## ആക്ടിന്റെ പ്രവർത്തനം

ആക്ട് നടപ്പിൽവന്നതിനുശേഷവും ആദ്യത്തെ ഏതാനും കൊല്ലങ്ങളിൽ വിനിമയ നിരക്ക് 16 പെൻസിനേക്കാൾ എത്രയോ കുറഞ്ഞുപോയിരുന്നു. 1894-ൽ വിനിമയ നിരക്ക് 1 ഷി. 1 പെൻസുമാത്രമായിരുന്നു. 16 പെൻസുവീതം കൊടുത്ത് ഉറുപ്പിക വാങ്ങാൻ ആളുകൾ തയ്യാറാവുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിച്ചിരുന്നത്. പക്ഷേ, ഉറുപ്പികയുടെ വില ഇടിഞ്ഞുകൊണ്ടേയിരുന്നതിനാൽ അവരുടെ പ്രതീക്ഷകൾ ഫലിക്കുകയുണ്ടായില്ല. ഗവൺമെന്റിന്റെ നിയമങ്ങൾക്കു ധനശാസ്ത്രതത്വങ്ങളോട് പൊരുതിജയിക്കാൻ കഴിഞ്ഞില്ല. മുദ്രണശാലകൾ പൂട്ടിയതിനുശേഷവും സ്വർണ്ണം കൊടുത്താൽ പകരം ഉറുപ്പിക നൽകുവാൻ ഗവൺമെന്റു ഖജനാകൾ തയ്യാറായിരുന്നുവെന്നത് വാസ്തവമാണ്. എന്നാൽ സ്വർണ്ണത്തിനു ഗവൺമെന്റു കൊടുക്കുന്നതിനേക്കാളധികം വില മാർക്കറ്റിൽ കിട്ടുമ്പോൾ ഗവൺമെന്റു ഖജനാകളിലേക്ക് ആരാണ് പോവുക? 7.53344 ഗ്രേൻ സ്വർണ്ണത്തിന് ഒരു ഉറുപ്പികയാണ് ഗവൺമെന്റ് കൊടുത്തിരുന്നത്. പക്ഷേ, ഇത്രയും സ്വർണ്ണത്തിന് മാർക്കറ്റിൽ ഒരു റുപ്പികയേക്കാളധികം വിലയുണ്ടായിരുന്നു. മാർക്കറ്റു നിലവാരം റുപ്പികയ്ക്ക് 15 പെൻസാണെന്നിരിക്കട്ടെ. 15 പെൻസിനു കിട്ടുന്ന ഒരു റുപ്പിക 16 പെൻസു കൊടുത്ത് ഗവൺമെന്റിന്റെ കയ്യിൽ നിന്നും വാങ്ങാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ? അപ്പോൾ ഗവൺമെന്റിന്റെ നാണ്യനയത്തിന് വിജയമുണ്ടായില്ലെങ്കിൽ അതിലൽഭുതപ്പെടാനൊന്നുമില്ല. തങ്ങളുടെ പുതിയ നയത്തിന് വേണ്ടത്ര വിജയമുണ്ടാവില്ലെന്നു കണ്ടപ്പോൾ ഗവൺമെന്റ് ഒരു സൂത്രം പ്രയോഗിച്ചു. ഉറുപ്പികയുടെ പ്രചാരത്തെ ബലാൽക്കാരമായി കുറച്ചുവെങ്കിൽ, ഡിമാന്റിനു യോജിച്ച സപ്ലൈ ഇല്ലാതാക്കിയാൽ ഉറുപ്പികയ്ക്കു കൂടുതൽ വിലയുണ്ടാകുമെന്നവർ തീർച്ചയാക്കി. സ്വതന്ത്രമുദ്രണശാല പൂട്ടിക്കഴിഞ്ഞതുകൊണ്ടു നാണ്യമടിക്കാനുള്ള അധികാരം ഗവൺമെന്റിനു മാത്രമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു പുതിയ നാണ്യങ്ങൾ അടിച്ചിറക്കാതിരിക്കുക എന്നൊരു വിചിത്രനയം ഗവൺമെന്റിനു കൈക്കൊള്ളുവാൻ കഴിഞ്ഞു. മാത്രമല്ല, പ്രചാരത്തിലുള്ള ഉറുപ്പിക നാണ്യങ്ങളുടെ ഒരുഭാഗം പിൻവലിച്ച് ഉരുക്കുവെള്ളിയാക്കി മാറ്റാൻപോലും അവർ മുതിർന്നു. ഈ കൃത്രിമമായ നാണ്യനയത്തിന്റെ ഫലമായി 1898 ആകുമ്പോഴേയ്ക്കും വിനിമയനിരക്ക് 16 പെൻസിനടുത്തുത്തെത്തുകതന്നെ ചെയ്തു. മുദ്രണശാലകൾ പൂട്ടിയതിനുശേഷം വെള്ളിയുടെ വിലയിലും വിനിമയനിരക്കിലും ഉണ്ടായ മാറ്റങ്ങൾ താഴെക്കൊടുക്കുന്നു.

| കൊല്ലം | വെള്ളിയുടെ വില | വിനിമയനിരക്ക് |
|---|---|---|
| 1894-95 | 28 15/16 പെൻസ് | 13.101 പെൻസ് |
| 1895-96 | 29 7/8 ടി | 13.638 ടി |
| 1896-97 | 30 3/4 ടി | 14.451 ടി |
| 1897-98 | 27 9/16 ടി | 15.354 ടി |
| 1898-99 | 26 15/16 ടി | 15.978 ടി |

മറ്റൊരു രാജ്യത്തിനും കാണാൻ സാധിക്കാത്ത ഈ വിചിത്രമായ കറൻസി നയത്തിന്റെ ഫലം കഠിനമായിരുന്നു. ഇന്ത്യയുടെ വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും ആവശ്യമായത്ര നാണ്യങ്ങൾ നാട്ടിലില്ലെന്നായി. ഡിമാന്റിനനുസരിച്ച് ഉറുപ്പിക കിട്ടാനില്ലെന്നായപ്പോൾ കച്ചവടക്കാർക്കും വ്യവസായികൾക്കും വലിയ

വിഷമം നേരിട്ടു. ബാങ്കിലെ പലിശനിരക്ക് 13 ശതമാനമായി ഉയർന്നു. എന്നിട്ടും 24 ശതമാനം പലിശ കൊടുത്താൽക്കൂടി ഉറുപ്പിക കടം കിട്ടില്ലെന്നായി. വ്യവസായത്തിനു ഹാനി തട്ടത്തക്കവിധത്തിൽ ചരക്കുകളുടെ വിലയിടിയാൻ തുടങ്ങി. 1898 ആഗസ്റ്റ് 6-ന്റെ 'ടൈംസ് ഓഫ് ഇന്ത്യ' ഇങ്ങനെ എഴുതുകയുണ്ടായി: 'സ്ഥിതിഗതികൾ നന്നാവുന്നതിനു പകരം അധികമധികം ചീത്തയായിക്കൊണ്ടുവരികയാണ്. മുമ്പൊരിക്കലും കേട്ടിട്ടോ കണ്ടിട്ടോ ഇല്ലാത്തത്ര മോശമായ കാലമാണ് ഇത്. മിക്ക മില്ലുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ചില മില്ലുകൾ ചെലവുചെയ്ത സംഖ്യമാത്രം കിട്ടിയതുകൊണ്ട് തൃപ്തിപ്പെടുന്നു. ലാഭമുണ്ടാക്കുന്ന മില്ലുകൾ വളരെ കുറവാണ്. ഈ ദുഷ്കാലം എപ്പോളാണവസാനിക്കുക എന്നറിഞ്ഞുകൂടാ.'[10]

ഈ മാന്ദ്യം ഇന്ത്യയുടെ കയറ്റുമതിവ്യാപാരത്തേയും ബാധിക്കാതിരുന്നില്ല. താഴെക്കാണുന്ന കണക്കുകൾ നോക്കുക:

## മിച്ച കയറ്റുമതി

| കൊല്ലം | ഇറക്കുമതിയേക്കാൾ കയറ്റുമതി എത്ര അധികമാണ്. | | വിനിമയ നിരക്ക് | |
|---|---|---|---|---|
| 1893-94 | 15 കോടി ക. | | 14.54 പെൻസ് | |
| 1894-95 | 34 | ടി | 13.10 | ടി |
| 1895-96 | 32 | ടി | 13.64 | ടി |
| 1896-97 | 20 | ടി | 14.45 | ടി |
| 1897-98 | 11 | ടി | 15.40 | ടി |

ക്ഷാമം, ഭൂകമ്പം, പകർച്ചവ്യാധികൾ, അതിർത്തിയുദ്ധം എന്നിവയെല്ലാം കയറ്റുമതി കുറയാനുള്ള കാരണങ്ങളാണെന്നു പറയപ്പെടാറുണ്ട്. പക്ഷേ, ഗവൺമെന്റിന്റെ നാണ്യനയവും അതിന് ഏറെക്കുറെ ഉത്തരവാദിയാണെന്ന വാസ്തവം മറച്ചുവയ്ക്കാവതല്ല.

ഉറുപ്പികയുടെ വില കൃത്രിമമായി വർദ്ധിപ്പിച്ചാൽ മാത്രമേ വിനിമയനിരക്ക് 16 പെൻസാക്കി നിർത്തുവാൻ കഴിയൂ എന്നു വരുന്നത് തീർച്ചയായും ഗവൺമെന്റ് തുടരുന്ന നാണ്യനയത്തിന്റെ കൊള്ളരുതായ്മയെയാണ് കാണിക്കുന്നത്. പക്ഷേ, എന്തായിട്ടും ഇന്ത്യയുടെ കച്ചവടങ്ങൾക്കും വ്യവസായങ്ങൾക്കും ഹാനി തട്ടുന്നുണ്ടോ എന്നല്ല വിനിമയത്തോത് വിഘ്നംകൂടാതെ വാഴുന്നുണ്ടോ എന്നുമാത്രമാണ് ശ്രദ്ധിച്ചത്.

## സ്വർണ്ണവിനിമയമാറ്റം

ഉറുപ്പികയുടെ വിനിമയനിരക്കു പതിനാറു പെൻസാക്കി നിലനിർത്തണമെങ്കിൽ ഉറുപ്പികനാണ്യങ്ങൾ ഇനിയും പ്രചാരത്തിൽനിന്ന് പിൻവലിച്ച് ഉരുക്കി വിൽക്കേണ്ടതാണെന്നു ഗവൺമെൻറ് അഭിപ്രായപ്പെട്ടു. ഉറുപ്പികയ്ക്കു പിൻബലമായി ഒരു സ്വർണ്ണനിധിയേർപ്പെടുത്തണമെന്നും സാധിക്കുമെങ്കിൽ സ്വർണ്ണമാനത്തെ അടിസ്ഥാനപ്പെടുത്തിയ വല്ല കറൻസിയും നടപ്പിൽവരുത്തണമെന്നും അവർക്കഭിപ്രായമുണ്ടായിരുന്നു. ഈ അഭിപ്രായങ്ങളെപ്പറ്റി പ്രത്യേകമായും ഇന്ത്യയുടെ നാണ്യനയത്തെപ്പറ്റി പൊതുവിലും അന്വേഷണം നടത്താൻവേണ്ടി 1898 സർ ഹെൻറി ഫൗ

[10] J. M. Kains: Indian Currency and Finance പേജ്: 30–31

ളറുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി നിയമിക്കപ്പെട്ടു. ഇന്ത്യയുടെ പരിതസ്ഥിതികൾക്കനുയോജ്യമായ ഒരു കറൻസി വ്യവസ്ഥ കണ്ടുപിടിക്കുകയെന്നതായിരുന്നു കമ്മിറ്റിയുടെ പ്രധാനമായ പ്രവൃത്തി. കമ്മിറ്റിയുടെ മുമ്പാകെ തെളിവു കൊടുത്തവരിൽ ഇന്ത്യാക്കാരായി രണ്ടുപേർ — പ്രസിദ്ധ സാമ്പത്തികശാസ്ത്രജ്ഞനായ രമേശ് ചന്ദ്രദത്തും (പിന്നീട് കോൺഗ്രസ് പ്രസിഡൻറ്) മേർവാൻജി റംസ്റ്റംജി എന്ന ഒരു പാഴ്സി വ്യാപാരിയും — മാത്രമാണുണ്ടായിരുന്നത്. രണ്ടുപേരും ഗവൺമെന്റിന്റെ നാണ്യനയത്തെ കഠിനമായി വിമർശിക്കുകയുണ്ടായി. രമേശ് ചന്ദ്രദത്ത് പറഞ്ഞു: 'മുദ്രണശാലകൾ പൂട്ടിയതിനെതുടർന്ന് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും-പഞ്ചാബ്, ഐക്യസംസ്ഥാനം, ബംഗാൾ, ബോംബെ, മദ്രാസ്, ആസാം, മധ്യ സംസ്ഥാനം എന്നീ സംസ്ഥാനങ്ങളിലെല്ലാം — ധാന്യങ്ങളുടെ വിലയിടിയാൻ തുടങ്ങി... മുദ്രണശാലകൾ പൂട്ടിയതിനു ശേഷം ഉറുപ്പിക കൂടുതൽ വിലപിടിച്ചതായിത്തീർന്നതാണ് ഇതിനുകാരണം എന്നു ഞാൻ വിചാരിക്കുന്നു. 1892, 1894, 1895 എന്നീ വർഷങ്ങളിൽ ഞാൻ ബങ്കാളിലുണ്ടായിരുന്നു. (1893-ൽ ഞാൻ രാജ്യത്തുണ്ടായിരുന്നില്ല.) സ്വന്തം അനുഭവത്തിൽ എനിക്കു പറയാൻ കഴിയും. 1894-95 ലെ വിലയിടിവിനു മറ്റൊരു യാതൊരു കാരണവുമുണ്ടാവാൻ തരമില്ലെന്ന്. ആ സമയത്ത് ഐക്യസംസ്ഥാനത്തിൽ ക്ഷാമം പിടിപെട്ടിട്ടുണ്ടായിരുന്നു. അതിനാൽ ധാന്യങ്ങളുടെ വില വർദ്ധിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. പക്ഷേ, എല്ലായിടത്തും വില ഇടിയുകയാണുണ്ടായതെന്ന് നിങ്ങൾക്കു കാണാൻ സാധിക്കും.'

1898-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനം കറൻസിപ്രശ്നത്തെ സംബന്ധിച്ച പാസാക്കിയ ഒരു പ്രമേയത്തിൽ ഇങ്ങനെ പറയുന്നു: 'വിനിമയ നിരക്കു താണുപോകുന്നതുകൊണ്ടുണ്ടാകുന്ന ഹാനിയുടെ അടിസ്ഥാനകാരണം ഇന്ത്യാ ഗവൺമെന്റ് ഇംഗ്ലണ്ടിൽ ചെയ്തുകൊണ്ടിരിക്കുന്ന വർദ്ധിച്ച ചെലവുകളാണ്. ഈ നഷ്ടം പരിഹരിക്കാൻ വേണ്ടി കൃത്രിമമാർഗ്ഗങ്ങളവലംബിച്ച് എക്സ്ചേഞ്ച് ഉയർത്തുകയോ കറൻസിയുടെ പ്രചാരത്തെ കുറയ്ക്കുകയോ ചെയ്താൽ ഇന്ത്യയുടെ സാമ്പത്തികവിഷമതകൾ വർദ്ധിക്കുകയും ഇന്ത്യയുടെ വ്യാപാരത്തിനു നാശം തട്ടുകയും ചെയ്യുമെന്നതിനു യാതൊരു സംശയവുമില്ല.'

നാട്ടുകാരുടെ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും ഇടയിൽ കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്തുവന്നു. ഉറുപ്പികയോടൊപ്പം ബ്രിട്ടീഷ് കറൻസിയായ സോവറിനും ഇന്ത്യയിൽ ലീഗൽടെൻഡറാക്കണമെന്നും (അതായതു വരവു ചെലവുകൾക്കും കൊള്ള കൊടുക്കകൾക്കും നികുതി മുതലായവ അടയ്ക്കുന്നതിനും എത്ര സോവറിൻ വേണമെങ്കിലും ഉപയോഗിക്കാവുന്നതാണെന്നും) ഉറുപ്പികയുടെ വിനിമയനിരക്ക് 16 പെൻസാക്കി സ്ഥിരപ്പെടുത്തണമെന്നും സ്വർണ്ണത്തിനു പകരം ഉറുപ്പിക കൊടുക്കുന്ന സമ്പ്രദായം തുടരണമെന്നും പക്ഷേ, സ്വർണ്ണനാണ്യങ്ങൾ തൃപ്തികരമായ തോതിൽ പ്രചരിക്കാൻ തുടങ്ങുന്നതുവരെ പുതുതായി ഉറുപ്പിക അടിച്ചിറക്കരുതെന്നും ഉറുപ്പിക അടിക്കുന്നതിൽ നിന്നുള്ള ലാഭം ഗവൺമെന്റ് ഖജനായിൽ കൂട്ടിച്ചേർക്കാതെ പ്രത്യേകമായ ഒരു സ്വർണ്ണറിസേർവിൽ നിക്ഷേപിക്കണമെന്നും ഈ റിസേർവിന്റെ സഹായത്തോടുകൂടി ക്രമത്തിൽ ക്രമത്തിൽ ഉറുപ്പിക നാണ്യങ്ങൾ പിൻവലിച്ചു സ്വർണ്ണമാനം നടപ്പിൽവരുത്താൻ ശ്രമിക്കണമെന്നും മറ്റുമായിരുന്നു റിപ്പോർട്ടിലടങ്ങിയ പ്രധാനശുപാർശകൾ. കൊള്ളക്കൊടുക്കകൾക്കു സോവറിൻ ഉപയോഗിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കണമെന്നും ആസ്ട്രേലിയയിൽ ചെയ്യുന്നതുപോലെ ഇന്ത്യയിലും ചില പ്രത്യേക നിബന്ധനകളിന്മേൽ സോവറിൻ നാണ്യങ്ങൾ അടിച്ചിറക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ, ഇതൊ

ന്നും നടപ്പിൽവരികയുണ്ടായില്ല. വാസ്തവത്തിൽ ഫൗളവർ കമ്മിറ്റിയുടെ ശുപാർശ കളെ അടിസ്ഥാനപ്പെടുത്തിയ നിയമനിർമ്മാണമല്ല ഗവൺമെന്റ് അപ്പപ്പോൾ പു റപ്പെടുവിച്ച നോട്ടിഫിക്കേഷനുകളും ഓർഡിനൻസുകളുമാണ് ഇന്ത്യയിൽ നാണ്യന യത്തെ രൂപവൽക്കരിച്ചത്.

## 4 സ്വർണ്ണവിനിമയമാനം

1898 മുതൽ 1913 വരെ ഇന്ത്യയുടെ കറൻസിയിലുണ്ടായ മാറ്റങ്ങളെ ചുവടെ കാണി ച്ചവിധം സംക്ഷേപിക്കാവുന്നതാണ്

1898: ഫൗളർ കമ്മിറ്റിയുടെ നിയമനം. ഉറുപ്പികയുടെ വിനിമയനിരക്ക് 16 പെൻസി നടുത്തെത്തി.

1899: 1899 ലെ ഇന്ത്യാ ആക്റ്റ് നമ്പർ XXII ആക്റ്റ് പ്രകാരം ബ്രിട്ടീഷ് സോവറിൻ ഇന്ത്യയിൽ ലീഗൽ ടെൻഡറായിത്തീർന്നു. വിനിമയനിരക്ക് 16 പെൻസിന് ഒരു റുപ്പിക എന്നു നിജപ്പെടുത്തി.

1900: നാണ്യമുദ്രണത്തിൽനിന്നുള്ള ലാഭം കൊണ്ടു ലണ്ടനിൽ ഒരു സ്വർണ്ണനിധി (ഗോൾഡ് റിസർവ്) സ്ഥാപിച്ചു.

1903: ഇന്ത്യയിൽ സോവറിൻ നാണ്യങ്ങളടിക്കുന്നതിനെ സംബന്ധിച്ച് 1899 മുതൽക്കു തുടർന്നുവന്ന ആലോചനകൾ അവസാനമായി തള്ളിക്കളഞ്ഞു. ഇന്ത്യ യിൽ സോവറിൻ അടിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

1904: ഉറുപ്പികയ്ക്ക് ഒരു ഷി. 4 1/8 പെൻസ് എന്ന തോതിൽ ഇന്ത്യയുടെ പേരിൽ കൗൺസിൽ ബില്ലുകൾ എത്രവേണമെങ്കിലും കൊടുക്കാൻ തയ്യാറാണെന്ന് ഇന്ത്യാ സെക്രട്ടറി പ്രസ്താവിച്ചു. (കൗൺസിൽബിൽ എന്താണെന്ന് ചുവടെ വി ശദീകരിക്കുന്നതാണ്.)

കറൻസിനോട്ടുകളുടെ ഉറപ്പിനുവേണ്ടിയുള്ള കറൻസി റിസർവിൽ ഒരു ഭാ ഗം സ്വർണ്ണമായി ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിക്ഷേപിക്കണമെന്ന നിയമം പാ സായി. കറൻസി റിസർവ്വിന്റെ ഒരുഭാഗം സ്റ്റെർലിംഗ് സെക്യൂരിറ്റികളായിരി ക്കണമെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു.

1906: സ്വർണ്ണത്തിനു പകരം ഉറുപ്പിക കൊടുക്കുമെന്ന ഗവൺമെന്റ് പ്രഖ്യാപനം പിൻവലിക്കപ്പെട്ടു. സ്വർണ്ണം കൊണ്ടുള്ള ബ്രിട്ടീഷ് നാണ്യങ്ങൾക്ക് പകരമായി മാത്രമേ ഉറുപ്പിക കൊടുക്കുകയുള്ളു എന്നു തീരുമാനിക്കപ്പെട്ടു.

1907: ഗോൾഡ് സ്റ്റാൻഡേർഡ് റിസർവിന്റെ (സ്വർണ്ണമാനനിധിയുടെ) ഒരു ശാഖ ഇന്ത്യയിൽ തുറക്കുകയും അതിൽ ഉറുപ്പികകൾ നിക്ഷേപിക്കണമെന്ന വ്യവ സ്ഥയേർപ്പെടുത്തുകയും ചെയ്തു.

1908: ഉറുപ്പികയ്ക്ക് ഒരു ഷി. 3 29/32 പെൻസ് എന്ന നിരക്കിൽ സ്റ്റർലിംഗ് ഡ്രാഫ്റ്റുകൾ വിൽക്കുകയും അത് ലണ്ടനിലെ ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിൽ നിന്നു കാഷു ചെയ്തുകൊടുക്കുകയും ചെയ്യണമെന്ന തീരുമാനം നടപ്പിൽവന്നു.

1910–11: പത്തുറുപ്പികയുടെയും അമ്പതു റുപ്പികയുടെയും കറൻസിനോട്ടുകൾ സാർവ്വ ത്രികമായ ലീഗൽ ടെൻഡറാക്കുവാനുള്ള നിയമം പാസായി. ഈ നിയമമനു സരിച്ച് 1911-ൽ നൂറുറുപ്പികനോട്ടുകളും ലീഗൽ ടെൻഡറാക്കിക്കൊണ്ടുള്ള ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

1913: ഇന്ത്യയുടെ കറൻസിവ്യവസ്ഥയുടെ നാനാവശങ്ങളേയും പരിശോധിച്ചു റി പ്പോർട്ട് ചെയ്യാൻവേണ്ടി പുതിയൊരു റോയൽ കമ്മീഷൻ നിയമിക്കപ്പെട്ടു.

ഇങ്ങനെ അപ്പപ്പോൾ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകളും പ്രഖ്യാപനങ്ങളും വഴിയായി അസ്ഥിരങ്ങളായ അനേകം ഘട്ടങ്ങളെ തരണംചെയ്തുകൊണ്ട് ഇന്ത്യയിൽ രൂപവൽക്കരിക്കപ്പെട്ട കറൻസിവ്യവസ്ഥയാണ് സ്വർണ്ണവിനിമയമാനം (ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡ്) എന്നപേരിൽ അറിയപ്പെടുന്നത്. 1913 ലെ കറൻസി കമ്മിഷനിലെ ഒരംഗമായിരുന്ന ജെ എം (പിന്നീട് ലോർഡ്) കെയിൻസ് വിനിമയമാനത്തിന്റെ സ്വഭാവത്തെ ഇങ്ങനെ നിർവ്വചിക്കുന്നു.

'ഏതെങ്കിലും ഒരു രാജ്യത്തിൽ ഗണ്യമായ തോതിൽ സ്വർണ്ണനാണ്യങ്ങൾ പ്രചരിക്കാതിരിക്കുക, പ്രചരണത്തിലുള്ള നാണ്യങ്ങൾക്കു പകരം സ്വർണ്ണം കൊടുത്തേ കഴിയൂ എന്ന നിർബന്ധമില്ലാതിരിക്കുക, അതേസമയത്തു വിദേശങ്ങളിലുള്ള അടവുകൾക്ക് ഒരു നിശ്ചിതമായ തോതിൽ സ്വർണ്ണം കൊടുക്കാൻ ഗവൺമെന്റോ സെൻട്രൽ ബാങ്കോ ഏർപ്പാടു ചെയ്തിരിക്കുക, ഈ അടവുകൾക്കാവശ്യമായ സ്വർണ്ണത്തിന്റെ ഒരു ഗണ്യമായ ഭാഗം വിദേശങ്ങളിൽ നിക്ഷേപിക്കുക — ഇത്രയെല്ലാമായാൽ ആ രാജ്യത്തിൽ സ്വർണ്ണവിനിമയമാനമാണ് നിലവിലുള്ളതെന്ന് പറയാം.'*

ഈ നിർവ്വചനമനുസരിച്ച് ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡിന്റെ സവിശേഷതകൾ താഴെപ്പറയുന്നവയാണെന്നു മനസ്സിലാക്കാം.

1. ഇന്ത്യയ്ക്കു സ്വതന്ത്രമായ ഒരു നാണ്യവ്യവസ്ഥ — വെള്ളിമാനമായാലും ശരി, സ്വർണ്ണമാനമായാലും ശരി — ഉണ്ടായിരിക്കുകയില്ല. ഉറുപ്പികയിലും അരയുറുപ്പികയിലും എല്ലാ ലീഗൽ ടെൻഡറാണെങ്കിലും വെറും ടോക്കൺ നാണ്യങ്ങൾ മാത്രമായിരിക്കും.

2. ഉറുപ്പികയ്ക്കു പകരം ആഭ്യന്തര ആവശ്യങ്ങൾക്കും വേണ്ടിവരുന്ന സ്വർണ്ണം കൊടുക്കുവാൻ ഗവൺമെന്റിനു ബാദ്ധ്യതയില്ല. വിദേശങ്ങളിലെ അടവുകൾക്കു മാത്രമേ ഉറുപ്പികയ്ക്കുപകരം നിശ്ചിതമായ തോതിൽ (ഉറുപ്പികയ്ക്കു 1 ഷി 4 പെൻസെന്ന തോതിൽ) സ്വർണ്ണം കൊടുക്കേണ്ടതുള്ളു.

3. വിദേശങ്ങളിലെ അടവുകൾക്കു വിഘ്നമുണ്ടാക്കാതിരിക്കാൻ വിദേശത്ത് (എന്നുവച്ചാൽ ലണ്ടനിൽ) സ്വർണ്ണവും ഫണ്ടുകളും നിക്ഷേപിക്കണം. ഇന്ത്യ ലണ്ടനിൽ നിക്ഷേപിക്കുന്ന ഈ ഫണ്ടുകൾക്ക് സ്വർണമാനനിധി (ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വ്) എന്നുപറയുന്നു.

## ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വ്

ഈ റിസർവ്വിനാവശ്യമായ തുകകൾ പ്രധാനമായും ഉറുപ്പികയടിക്കുന്നതിൽ നിന്നു ലഭിച്ച ലാഭം കൊണ്ടാണ് രൂപവൽക്കരിക്കപ്പെട്ടത്. ഉറുപ്പികയുടെ വിനിമയവില 16 പെൻസാക്കി നിജപ്പെടുത്തുകയുണ്ടായല്ലോ. എന്നാൽ അതിന്റെ വെള്ളി വില (180 ഗ്രേൻസ്റ്റാൻഡേർഡു വെള്ളി: 11/12 ഭാഗം അല്ലെങ്കിൽ 165 ഗ്രേൻ പരിശുദ്ധവെള്ളിയടങ്ങിയത്) പതിനാറു പെൻസിനേക്കാൾ എത്രയോ കുറവായിരുന്നു. വെള്ളിയുടെ വില ലണ്ടൻമാർക്കറ്റിൽ 24 പെൻസായിരുന്നപ്പോൾ ഒരുറുപ്പികയടിക്കാൻ ഒട്ടാകെയാവശ്യമായിരുന്ന ചെലവ് 9.181 പെൻസ് മാത്രമായിരുന്നു. വെള്ളിയുടെ വില 332 പെൻസായപ്പോൾ ഉറുപ്പികയിലടങ്ങിയ വെള്ളിയുടെ വില 12.241 പെൻസായി. ഉറുപ്പികയുടെ നാണ്യവിലയും വെള്ളിവിലയും തമ്മിലുള്ള ഈ വ്യത്യാസം ഗവൺമെന്റിന്റെ ലാഭമാണ്. ഉറുപ്പികയടിയ്ക്കുന്നതിൽ നിന്നുള്ള ലാഭം ഗവൺമെന്റിന്റെ സാധാരണ ഖജനായിൽ കൂട്ടിച്ചേർക്കരുതെന്നും അതുപയോഗിച്ച് ഇന്ത്യയിൽ

ഒരു സ്വർണ്ണനിധി സ്ഥാപിക്കണമെന്നും ഈ സ്വർണ്ണനിധി പേപ്പർ കറൻസി റിസർവ്വിൽ നിന്നും വ്യത്യസ്തമായിരിക്കണമെന്നും ഫൗളർകമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ഇത്തരമൊരു സ്വർണ്ണനിധിക്രമത്തിൽ സ്വർണ്ണമാന വ്യവസ്ഥ നടപ്പിൽവരുത്താൻ സഹായിക്കുമെന്നാണ് കമ്മിറ്റി ആശിച്ചിരുന്നത്. പക്ഷേ, ഇന്ത്യയുടെ ഭരണാധികാരികളുടെ ആവശ്യം മറ്റൊന്നായിരുന്നു. ഇന്ത്യയുടെ താൽപര്യങ്ങളേക്കാളധികം സാമ്രാജ്യാധിപത്യത്തിന്റെ താൽപര്യങ്ങളെയാണവർ പ്രതിനിധീകരിച്ചിരുന്നത്. അതുകൊണ്ട് സ്വർണ്ണനിധി ലണ്ടനിലാണ് സ്ഥാപിക്കപ്പെട്ടത്. സ്വർണ്ണത്തിനു പുറമെ സ്റ്റർലിംഗ്സെക്യൂരിറ്റികൾ കൂടി അതിലുൾപ്പെടുത്തുകയും ചെയ്തു. ബ്രിട്ടീഷ് മുതലാളികളുടെ വ്യാവസായികവും വിനിമയപരവുമായ അന്തസ് വർദ്ധിപ്പിക്കാൻ ഈ സ്വർണ്ണനിധി പ്രയോജനപ്പെട്ടു.

1907-ൽ സ്വർണ്ണറിസർവ്വിന്റെ ഒരു ശാഖ ഇന്ത്യയിലും സ്ഥാപിക്കുകയുണ്ടായി. നിശ്ചിതനിരക്കിൽ 16 പെൻസിന് ഒരുറുപ്പികയെന്ന തോതിൽ സ്വർണ്ണത്തിനു പകരം ഉറുപ്പിക കൊടുക്കാൻ സൗകര്യമുണ്ടാക്കുകയെന്നതായിരുന്നു ഈ ശാഖയുടെ ഉദ്ദേശ്യം. 1908–1909-ൽ സ്വർണ്ണമാന റിസർവ്വിന്റെ ഘടന താഴെക്കൊടുത്തപ്രകാരമായിരുന്നു.

| | | |
|---|---|---|
| സ്റ്റർലിംഗ് സെക്യൂരിറ്റികളുടെ വില | £ | 1,31,86,521 |
| സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ ബാലൻസുകൾ | | |
| (ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിക്ഷേപിച്ചത് | £ | 11,31,223 |
| ട്രഷറി ബാലൻസിൽ നിന്നും കൊടുത്ത കടങ്ങൾ | £ | 310 |
| ഇന്ത്യയിൽ നിക്ഷേപിച്ച ഉറുപ്പിക | | |
| (6 കോടി ക. 16 പെൻസ് നിരക്കിൽ) | £ | 40,00,000 |
| ആകെ | £ | 1,83,18,054 |

1913 മാർച്ച് 31 ആകുമ്പോഴേയ്ക്കു ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വ് താഴെ കൊടുത്ത പ്രകാരമായി വർദ്ധിച്ചു.

| | | |
|---|---|---|
| സ്റ്റർലിംഗ് സെക്യൂരിറ്റികളുടെ വില | £ | 1,59,45,669 |
| ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിക്ഷേപിച്ച സ്വർണ്ണം | £ | 16,20,000 |
| അൽപകാലത്തേക്ക് കടം കൊടുത്ത സംഖ്യ | £ | 10,05,664 |
| ഇന്ത്യയിൽ 6 കോടി ക. 16 പെൻസ് നിരക്കിൽ | £ | 40,00,000 |
| ആകെ | £ | 2,25,71,333 |

പ്രതിവർഷം വർദ്ധിച്ചുകൊണ്ടുവന്ന ഈ തുകയുടെ ഉദ്ദേശ്യം ഉറുപ്പികയുടെ ഉറപ്പുനിലനിർത്തലാണെന്നു പറയപ്പെട്ടു. പക്ഷേ, വാസ്തവത്തിൽ ഇന്ത്യയുടെ സാമ്പത്തികവും വ്യവസായികവുമായ താൽപര്യങ്ങളെ രക്ഷിക്കാനുതകുന്ന ഒരു സ്വതന്ത്രമായ കറൻസി വ്യവസ്ഥയില്ലാതാക്കുകയും ഇന്ത്യയുടെ വിഭവങ്ങളെ ചൂഷണം ചെയ്യാൻ ബ്രിട്ടീഷ് മുതലാളിമാർക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുകയായിരുന്നു, അധികൃതൻമാരുടെ യഥാർത്ഥമായ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം പാലിക്കാനുള്ള ഒരു ഉപകരണമെന്ന നിലയ്ക്കാണ് ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വ് ഉപയോഗിക്കപ്പെട്ടത്. ഇതു വ്യക്തമായി മനസിലാവണമെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി, സാമ്രാജ്യാധിപത്യത്തിന്റെ കാലഘട്ടം ആവിർഭവിച്ചുവെന്നോർമ്മി

ക്കേണ്ടതാവശ്യമാണ്. സാമ്രാജ്യാധിപത്യത്തിന്റെ സവിശേഷസ്വഭാവങ്ങളിലൊന്നു മറുനാട്ടിൽ മൂലധനം നിക്ഷേപിക്കുകയെന്നതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിയാണ് ഇന്ത്യയിൽ ബ്രിട്ടീഷ് മൂലധനം ഗണ്യമായ തോതിൽ വർദ്ധിക്കാൻ തുടങ്ങിയതെന്നു പറയേണ്ടതില്ലല്ലോ. ബ്രിട്ടീഷ് മൂലധന നിക്ഷേപത്തെ സഹായിക്കുക എന്നതായിരുന്നു ഇന്ത്യയുടെ കറൻസി വ്യവസ്ഥയുടെയും അതിന്റെ സവിശേഷഘടകമായ സ്വർണ്ണമാനനിധിയുടെയും പ്രധാനോദ്ദേശ്യങ്ങളിലൊന്ന്. 1907-ൽ ഗോൾഡ് റിസർവ്വിൽ നിന്ന് 1.5 കോടി ഉറുപ്പിക റെയിൽവേയിൽ നിക്ഷേപിക്കുകയുണ്ടായി. റിസർവ്വിൽ നിന്നു കൊല്ലംതോറും ഗണ്യമായൊരു സംഖ്യ റെയിൽവേയിലിറക്കുന്നതാണെന്നു തീരുമാനിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയുടെ കറൻസി ബ്രിട്ടീഷ് കുത്തകമുതലാളികളുടെ ഒരുപകരണം മാത്രമായി മാറി. ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡിന്റെ പ്രവർത്തനക്രമത്തെ പരിശോധിച്ചുനോക്കിയാൽ ഈ പരമാർത്ഥം കൂടുതൽ വ്യക്തമാവുന്നതാണ്.

## കൗൺസിൽ ബില്ലും റിവേർസ് കൗൺസിൽ ബില്ലും

സ്വർണ്ണവിനിമയമാനത്തിന്റെ പ്രായോഗികപ്രവർത്തനത്തിനാവശ്യമായ രണ്ടു പ്രധാനോപകരണങ്ങളാണ് കൗൺസിൽ ബില്ലുകളും റിവേർസ് കൗൺസിൽ ബില്ലുകളും. ഇന്ത്യാ സെക്രട്ടറി ഇന്ത്യാ ഗവൺമെന്റിന്റെ പേരിൽ പുറപ്പെടുവിക്കുന്ന ഹുണ്ടികാണ് (ഒരു തരം പേ ഓർഡറിനാണ്) കൗൺസിൽ ഡ്രാഫ്റ്റ് എന്നു പറയുന്നത്. സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഇൻ കൗൺസിൽ — ചുരുക്കത്തിൽ ഇന്ത്യാ കൗൺസിൽ പുറപ്പെടുവിക്കുന്ന ബില്ലായതുകൊണ്ടത്രെ ഇതിനു കൗൺസിൽ ബിൽ എന്ന പേര് ലഭിച്ചത്.

പലിശ, പെൻഷൻ, യുദ്ധഓഫീസിലേക്കും ഗവൺമെന്റ്സ്റ്റോറിലേക്കും സ്റ്റേറ്റിലേക്കുമുള്ള അടവുകൾ ഇങ്ങനെ പലവകയായും ഇന്ത്യാ ഗവൺമെന്റ് ഇംഗ്ലണ്ടിലേയ്ക്കു കൊല്ലംതോറും പണമടയ്ക്കേണ്ടതുണ്ട്. ഈ അടവുകൾക്ക് 'ഹോം ചാർജുകൾ' എന്നു പറയുന്നു. 1893 വരെയും ഹോം ചാർജുകൾക്കാവശ്യമായത്ര കൗൺസിൽ ബില്ലുകളാണ് വിൽക്കപ്പെട്ടിരുന്നത്. ഇന്ത്യൻ ചരക്കുകൾ വാങ്ങുന്ന ബ്രിട്ടീഷിറക്കുമതിക്കാർ ഇന്ത്യയിലേക്കും ഇന്ത്യയിൽ നിന്നും ഹോംചാർജുകൾ വകയ്ക്ക് ഇംഗ്ലണ്ടിലേക്കും സ്വർണം കയറ്റി അയയ്ക്കുകയാണെങ്കിൽ അത് തീരെ സൗകര്യമില്ലാത്ത ഒരേർപ്പാടായിരിക്കും. അതുകൊണ്ട് ഇംഗ്ലീഷ് ഇറക്കുമതിക്കാർ ഇന്ത്യാ സെക്രട്ടറിക്കു സോവറിൻ നൽകുകയും അത്രയും സംഖ്യയ്ക്കുള്ള ഉറുപ്പിക ഇന്ത്യൻ കയറ്റുമതിക്കാർക്ക് നൽകുകയുമാണ് ചെയ്തിരുന്നത്. ഇതെളുപ്പമായിരുന്നു. കയറ്റുമതി ഇറക്കുമതിയേക്കാളധികമായതുകൊണ്ട് വിദേശങ്ങളിൽ നിന്ന് ഇന്ത്യയ്ക്ക് പണം കിട്ടേണ്ടതുണ്ട്. പണമടയ്ക്കാൻ കടപ്പെട്ട വിദേശിയർ സെക്രട്ടറി ഓഫ് സ്റ്റേറ്റ് വിൽക്കുന്ന ബില്ലുകൾ വാങ്ങുന്നു. ആ ബില്ലുകൾ ഇന്ത്യയിലേയ്ക്കയച്ച് ഇന്ത്യാ ഗവൺമെന്റിന്റെ ട്രഷറിയിൽ നിന്ന് അവയെ പണമാക്കി മാറ്റാവുന്നതാണ്. ഇംഗ്ലണ്ടിൽ ബില്ലുകൾ വിറ്റുകിട്ടുന്ന ബ്രിട്ടീഷു കറൻസികൾ ഹോംചാർജുകളുടെ അടവിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യാം. 1893 നു ശേഷം കൗൺസിൽ ഡ്രാഫ്റ്റുകളുടെ വിൽപന സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ ആവശ്യങ്ങൾക്കു മാത്രമായിരിക്കണമെന്ന നിബന്ധന നീക്കംചെയ്യപ്പെട്ടു. ഒടുവിൽ 1904-ൽ അതിർത്തിയൊന്നും വയ്ക്കാതെ, എത്ര വേണമെങ്കിലും ഉറുപ്പികയ്ക്ക് 1 ഷി. 4 1/8 പെൻസ് എന്നതോതിൽ കൗൺസിൽ ഡ്രാഫ്റ്റുകൾ വിൽക്കാൻ താൻ തയ്യാറാണെന്ന് ഇന്ത്യാ സെക്രട്ടറി പ്രഖ്യാപിച്ചു. ഇങ്ങനെ ഹോം ചാർജ്ജുകൾ വസൂലാക്കുന്നതിനുവേണ്ടി മാത്രമല്ല, ഉറുപ്പിക ആവശ്യമുള്ള എല്ലാ

ബ്രിട്ടീഷ് മുതലാളികളുടെയും സൗകര്യത്തിനുവേണ്ടിയും കൗൺസിൽ ബില്ലുകൾ വിൽക്കപ്പെടാൻ തുടങ്ങി. ഇന്ത്യയിൽ മൂലധനമിറക്കാനാഗ്രഹിക്കുന്ന ബ്രിട്ടീഷ് മുതലാളിമാർക്ക് ഉറുപ്പിക വിനിമയം അത്യാവശ്യമായിത്തീർന്ന ഒരു കാലമായിരുന്നു അത്. ഇന്ത്യയിലേക്കു സ്വർണ്ണം കൊണ്ടുവരാതെതന്നെ ഇവിടെ മൂലധനം നിക്ഷേപിക്കാൻ അവർക്കു സാധിക്കുമെന്നായി. ഉറുപ്പികയാവശ്യമുള്ളവർ ഇംഗ്ലണ്ടിൽ ഇന്ത്യാ സെക്രട്ടറിയുടെ പക്കൽ സ്വർണ്ണമോ സ്റ്റർലിംങ്ങോ അടച്ച പകരം ഇന്ത്യാ ഗവൺമെന്റിന്റെ പേരിൽ ഹുണ്ടികൾ വാങ്ങുകയും ആ ഹുണ്ടികൾ മാറ്റി ഉറുപ്പികയാക്കുകയുമാണ് ചെയ്തുവന്നത്.

എത്ര സംഖ്യയ്ക്കുള്ള ബില്ലുകളാണ് വിൽപനയ്ക്കുള്ളതെന്ന് കാണിച്ചുകൊണ്ട് ഇന്ത്യാ സെക്രട്ടറി ആദ്യമായി ഒരറിയിപ്പ് പ്രസിദ്ധം ചെയ്യുന്നു. ഉറുപ്പിക വിനിമയം ആവശ്യമുണ്ടെന്ന് നിശ്ചിത ദിവസം ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ ടെൻഡർ കൊടുക്കണമെന്നാണ് വ്യവസ്ഥ. അതായത്, ഏതുതോതിൽ എത്ര ഉറുപ്പിക വാങ്ങാൻ തയ്യാറുണ്ടെന്ന് അവരിലോരോരുത്തരും സെക്രട്ടറിയെ അറിയിക്കണം. പിന്നീട് ആരുടെ ടെൻഡറാണ് സ്വീകരിച്ചതെന്നും ആർക്ക് ഏത് നിരക്കിൽ ഹുണ്ടി കൊടുക്കുമെന്നും ഇന്ത്യാ സെക്രട്ടറി പ്രഖ്യാപിക്കും.

സാധാരണ പരിതസ്ഥിതിയിൽ ബില്ലുകൾ ഇന്ത്യാ സെക്രട്ടറിയിൽ നിന്നും വാങ്ങിയതിനുശേഷം അവയെ ഉറുപ്പികയാക്കി മാറ്റാൻ സമയംപിടിക്കും. ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലേക്ക് തപാലെത്താൻ രണ്ടാഴ്ച വേണ്ടിവരുമെന്ന് വിചാരിക്കുക. എന്നാൽ ഇത്രയും കാലത്തേയ്ക്കുള്ള പലിശ നഷ്ടമാവും. അതുകൊണ്ട് കമ്പിവഴിക്കുള്ള ഹുണ്ടി വാങ്ങി അത് ഉടനടി കൽക്കത്തയിൽ ഉറുപ്പികയാക്കി മാറ്റാനാണ് ആളുകൾ പലപ്പോഴും ഇഷ്ടപ്പെടാറുള്ളത്. ഇതിന് കമ്പി ഹുണ്ടികൾ അല്ലെങ്കിൽ ടെലിഗ്രാഫിക്ക് ട്രാൻസ്ഫർ (Telegraphic Transfer) എന്നുപറയുന്നു. ടെലിഗ്രാഫിക് ട്രാൻസ്ഫറിന് സാധാരണനിരക്കിനേക്കാൾ കുറച്ചധികം കിട്ടണമെന്ന് ഇന്ത്യാ സെക്രട്ടറി ആവശ്യപ്പെടുമെന്നു തീർച്ചയാണ്. (ഉദാഹരണത്തിന് ഉറുപ്പികയ്ക്ക് സാധാരണ നിരക്കിനേക്കാൾ 1/32 പെൻസ് അധികം കൊടുക്കേണ്ടി വരും).

ഇന്ത്യയിൽ ഉറുപ്പികയാവശ്യമുള്ള ബ്രിട്ടീഷുകാരുടെ മുമ്പിൽ രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നുകിൽ ഇന്ത്യയിലേക്കു സ്വർണ്ണം കയറ്റി അയച്ച് അത് നിലവിലുള്ള നിരക്കിൽ ഉറുപ്പികയാക്കി മാറ്റാം; അല്ലെങ്കിൽ ഇന്ത്യാ സെക്രട്ടറിയിൽ നിന്ന് കൗൺസിൽ ബിൽ വാങ്ങി ഉറുപ്പികയാക്കാം. കൗൺസിൽ ബിൽ വാങ്ങുകയാണ് കൂടുതൽ ആദായകരമെന്ന് കണ്ടാൽ ഇന്ത്യയിലേക്ക് സ്വർണ്ണം കയറ്റി അയയ്ക്കാൻ ആരും മിനക്കെടുകയില്ലെന്നു പറയേണ്ടതില്ലല്ലോ.

ഇംഗ്ലണ്ടിൽ നിന്നോ മറ്റു രാജ്യങ്ങളിൽ നിന്നോ ഇന്ത്യയിലേക്കു സ്വർണ്ണം കൊണ്ടുവരാൻ ചെലവു വേണ്ടിവരുമെന്നു തീർച്ചയാണ്. സാധാരണ കാലങ്ങളിൽ 16 പെൻസ് (അത്ര സ്വർണ്ണം) കൊണ്ടുവരാൻ 1/8 പെനി ചെലവുവരും. അപ്പോൾ ഉറുപ്പികയ്ക്കുവേണ്ടി സ്വർണ്ണം കൊണ്ടുവരുന്നവനെ സംബന്ധിച്ചിടത്തോളം ഒരുറുപ്പികയുടെ വില 16 1/8 പെൻസ് ആവും. ഈ സ്ഥിതിയിൽ ഉറുപ്പികയ്ക്ക് 16 1/8 പെൻസിനേക്കാൾ കവിഞ്ഞനിരക്കിൽ കൗൺസിൽ ബിൽ വാങ്ങാൻ ആളുകൾ തയ്യാറാവുകയില്ല. എന്നാൽ നേരെമറിച്ച് ഒരുറുപ്പികയുടെ ബിൽ 16 1/8 പെൻസിനേക്കാൾ താണനിരക്ക് (ഉദാഹരണത്തിന് 16 1/16 പെൻസിനു) കിട്ടുകയാണെങ്കിൽ അയാളൊരിക്കലും സ്വർണ്ണം വാങ്ങാനോ കൊണ്ടുവരാനോ ഇഷ്ടപ്പെടുകയില്ല. ഇന്ത്യയിലേക്ക് കഴിയുന്നതും സ്വർണ്ണം വരാതാക്കാനുള്ള ഒരു നയമാണ് ഇന്ത്യാ സെക്രട്ടറി കൈക്കൊണ്ടത്. സ്വർണ്ണമയയ്ക്കുന്നതിനു പകരം കൗൺസിൽ ബിൽ വാങ്ങാൻ ആളുക

ളെ പ്രേരിപ്പിക്കത്തക്കവണ്ണം അത്ര കുറഞ്ഞ നിരക്കിലാണ് എല്ലായ്പ്പോഴും ബില്ലുകൾ വിൽക്കപ്പെടുന്നത്.

അപൂർവ്വം ചില സന്ദർഭങ്ങളിൽ കയറ്റുമതിയേക്കാൾ ഇറക്കുമതി കൂടുതലായതിനാലോ അതുപോലെയുള്ള മറ്റു കാരണങ്ങളാലോ ഇംഗ്ലണ്ടിലേയ്ക്കടയ്ക്കേണ്ട സ്റ്റർലിങ്ങിന്റെ തുക ഉറുപ്പികയുടെ ഡിമാൻറിനേക്കാൾ വർദ്ധിച്ചുവെന്നുവരാം. അപ്പോൾ ഉറുപ്പികയ്ക്കു പകരം സ്റ്റർലിങ്ങു കൊടുക്കേണ്ടിവരും. അതിനായി ഇന്ത്യാ ഗവൺമെന്റ് ഇന്ത്യാ സെക്രട്ടറിയുടെ പേരിൽ റിവേർസ് കൗൺസിൽ ഡ്രാഫ്റ്റുകൾ പുറപ്പെടുവിക്കുന്നു. ഉറുപ്പികയ്ക്കു പകരം സ്റ്റർലിങ്ങു കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് ഇന്ത്യാ സെക്രട്ടറിയുടെ പേരിൽ പുറപ്പെടുവിക്കുന്ന ഓർഡറുകൾക്കാണ് 'റിവേർസ് കൗൺസിൽ ഡ്രാഫ്റ്റുകൾ' അല്ലെങ്കിൽ സ്റ്റർലിംഗ് ഡ്രാഫ്റ്റുകൾ എന്നു പറയുന്നത്. സ്റ്റർലിങ്ങാവശ്യമുള്ളവർ ഇന്ത്യാ ഗവൺമെന്റിന്റെ പക്കൽ ഉറുപ്പികയടയ്ക്കുകയും അതിനു പകരമായി ലണ്ടനിൽ സ്റ്റർലിങ്ങ് കൊടുക്കുകയും ചെയ്യുന്നു. സാധാരണയായി റിവേർസുകൗൺസിലുകൾ ഉറുപ്പികയ്ക്കു 1 ഷി 3 29/32 പെൻസ് എന്ന തോതിനേക്കാൾ കുറച്ചു വിൽക്കുവാൻ ഇന്ത്യാ സെക്രട്ടറി തയ്യാറാവുകയില്ല.

ഇങ്ങനെ കൗൺസിലുകളുടേയും റിവേർസ് കൗൺസിലുകളുടെയും വിൽപ്പനവഴിക്കാണ് ഉറുപ്പികയുടെ വിനിമയ നിരക്ക് 16 പെൻസാക്കി നിലനിർത്താൻ സാധിച്ചത്. ഉറുപ്പികയുടെ വില നിർദ്ദിഷ്ടനിരക്കിനേക്കാൾ കുറയാൻ തുടങ്ങുമ്പോൾ റിവേർസു കൗൺസിലുകളുടെ വിൽപ്പനവഴിക്കു മാർക്കറ്റിൽ നിന്ന് ഉറുപ്പിക പിൻവലിക്കുകയും അങ്ങനെ നാണ്യ സങ്കോചനത്തിലൂടെ (Contraction of Currency = നിലവിലുള്ള നാണ്യങ്ങളുടെ അളവു ചുരുക്കൽ) ഉറുപ്പികയുടെ വിനിമയനിരക്കു വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്. നേരെമറിച്ച് ഉറുപ്പികയുടെ നിരക്കു വർദ്ധിക്കുകയാണ് ചെയ്യുന്നതെങ്കിൽ ഇന്ത്യാ സെക്രട്ടറി കൗൺസിൽ ബില്ലുകൾ വിൽക്കാൻ തുടങ്ങുകയും അങ്ങനെ ഇന്ത്യൻ ട്രഷറിയിൽ നിന്ന് ഉറുപ്പിക പുറപ്പെടുവിച്ചു വിലവർദ്ധന തടയുകയും ചെയ്യുന്നതാണ്. (നാണ്യ വർദ്ധനവിലൂടെ = Expansion of Currency) ഇത്തരം കൃത്രിമോപായങ്ങളുടെ സഹായത്തോടുകൂടിയാണ് വിനിമയനിരക്കു സംരക്ഷിക്കപ്പെട്ടുപോന്നത്. ഉറുപ്പികയുടെ നിരക്ക് 1 ഷി. 3 29/32 പെൻസിന്റെയും 1 ഷി 4 1/8 പെൻസിൻറേയും അതിർത്തിക്കുള്ളിൽത്തന്നെ നിൽക്കാനാവശ്യമായ തരത്തിൽ കൗൺസിൽ ബില്ലുകളുടേയും റിവേർസുകൗൺസിൽ ബില്ലുകളുടെയും വിൽപനകൾ ക്രമീകരിക്കപ്പെട്ടുപോന്നു.

ഇന്ത്യാ സെക്രട്ടറിയുടെ ബാലൻസുകൾ ലണ്ടനിൽ സ്വർണ്ണമായി നിക്ഷേപിച്ചിട്ടുള്ള പേപ്പർ കറൻസി റിസർവ്വ് (ഇന്ത്യയിൽ പ്രചരിപ്പിക്കപ്പെടുന്ന കറൻസി നോട്ടുകളുടെ ഉറപ്പിനുവേണ്ടിയുള്ള ഈ റിസർവിന്റെ ഒരുഭാഗം ഇന്ത്യയിലും മറ്റേഭാഗം ഇംഗ്ലണ്ടിലുമാണ്.) ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വ് എന്നീ നിധികളിലാണ് കൗൺസിൽബില്ലുകൾ വിറ്റുകിട്ടുന്ന പണം വരവ് ചേർക്കുന്നത്. അത്രയും സംഖ്യയ്ക്കുള്ള ഉറുപ്പിക വിനിമയം ഇന്ത്യാ ഗവൺമെന്റിന്റെ ബാലൻസുകളിൽ നിന്നോ പേപ്പർ കറൻസി റിസർവ്വിന്റെ ഇന്ത്യാ വിഭാഗത്തിൽ നിന്നോ ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിന്റെ ഉറുപ്പികാ ശാഖയിൽ നിന്നോ അടച്ചുതീർക്കുകയും ചെയ്യുന്നു. നേരെമറിച്ച് റിവേർസ് കൗൺസിൽ വിറ്റുകിട്ടുന്ന തുകകൾ ഇന്ത്യാ ഗവൺമെന്റു വരവു പിടിക്കുകയും അത്രയും സംഖ്യയ്ക്കുള്ള സ്റ്റർലിങ്ങ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് അടച്ചുതീർക്കുകയും ചെയ്യുന്നു. ബില്ലുകൾ വിൽക്കുന്ന സമ്പ്രദായം എളുപ്പത്തിൽ മനസ്സിലാക്കാൻ ഡി കെ മൽഹോത്ര തന്റെ History of Problems of Indian Currency എന്ന പുസ്തകത്തിൽ കൊടുത്ത പട്ടിക സഹായിക്കും. (പട്ടിക 1)

## 5 കറൻസി നോട്ടുകൾ

ഈ അദ്ധ്യായം അവസാനിക്കുന്നതിനു മുമ്പായി ഇന്ത്യയിലെ കറൻസി നോട്ടുകളെപ്പറ്റിയും അല്പമൊന്നു മനസ്സിലാക്കി വെയ്ക്കുന്നതു നന്നായിരിക്കും. ഏതൊരു രാജ്യത്തും വ്യാവസായികവും വ്യാപാരപരവുമായ അഭിവൃദ്ധിയോടൊപ്പം നോട്ടുകളുടെ ആവശ്യവും പ്രചാരവും വർദ്ധിക്കുന്നുണ്ടെന്നു കാണാം. താത്വികമായി നോക്കുമ്പോൾ സ്വർണ്ണനാണ്യങ്ങളെ നിർണ്ണയിക്കുന്ന നിയമങ്ങൾതന്നെയാണ് കറൻസി നോട്ടുകളെയും നിർണ്ണയിക്കുന്നത്. കാരണം, ടോക്കൺ നാണ്യങ്ങളെപ്പോലെത്തന്നെ കറൻസി നോട്ടുകളും സ്വർണ്ണനാണ്യങ്ങളെ പ്രതിനിധീകരിക്കുകമാത്രമാണ് ചെയ്യുന്നത്. ജെ.എം. കെയിൻസ് എഴുതുന്നു:

“ഇന്നത്തെ പരിതസ്ഥിതിയിൽ ഒരു ടോക്കൺ നാണ്യമായ ഉറുപ്പിക വെള്ളി ലോഹത്തിൻമേലടിച്ച ഒരു നോട്ടുമാത്രമാണ്. ചെറിയ തുകകളുടെ കൊള്ളക്കൊടുക്കകൾക്ക് ഉപകരിക്കുന്നതുകൊണ്ട് അത് പ്രചരിക്കുന്നു. ജനങ്ങൾക്ക് അതുപയോഗിക്കാൻ വലിയ സൗകര്യവുമുണ്ട്. പക്ഷേ, അതുപയോഗിക്കാൻ വലിയ ചെലവ് നേരിടുന്നതാണ്. ഉറുപ്പികൾ അടിച്ചിറക്കുമ്പോൾ അവയുടെ മുഖവില മുഴുവനും റിസർവ്വായി സൂക്ഷിക്കുവാൻ ഗവൺമെന്റിനു സാധ്യമല്ല. നാണ്യങ്ങളുടെ മുഖവിലയും വെള്ളിവിലയും തമ്മിലുള്ള വ്യത്യാസം മാത്രമേ സൂക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് വലിയ തുകകളുടെ കൊള്ളക്കൊടുക്കകൾക്കു നോട്ടുകളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്.”[11]

1861 നു മുമ്പ് ചില സ്വകാര്യബാങ്കുകൾ മാത്രമാണ് നോട്ടുകൾ പുറപ്പെടുവിച്ചിരുന്നത്. 1839-നും 1843 നും ഇടയിൽ പാസാക്കിയ നിയമങ്ങളനുസരിച്ച് ബംഗാൾ, ബോംബെ, മദ്രാസ് എന്നീ നഗരങ്ങളിലെ പ്രസിഡൻസി ബാങ്കുകൾക്ക് നോട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം ലഭിച്ചു. ഓരോ ബാങ്കിനും കവിഞ്ഞത് എത്ര നോട്ടടിപ്പാനധികാരമുണ്ടെന്നും (ഉദാഹരണത്തിന് ബാങ്ക് ഓഫ് ബംഗാളിന് 2 കോടി ഉറുപ്പികയുടെ നോട്ടു പുറപ്പെടുവിക്കാം.) ഓരോ ബാങ്കും നോട്ടിന്റെ മുഖവിലയുടെ ഏതൊരു ഭാഗമാണ് സ്വർണ്ണമായി റിസർവ്വിൽ വെയ്ക്കേണ്ടതെന്നും (ഉ: 25 ശതമാനം) വ്യവസ്ഥ ചെയ്തിരുന്നു. ഈ നോട്ടുകൾ ലീഗൽ ടെൻഡറായിരുന്നില്ല. മാത്രമല്ല അവയുടെ പ്രചാരം പരിമിതമായിരുന്നു. ബംഗാൾ, ബോംബെ, മദ്രാസ് എന്നീ നഗരങ്ങളിൽ മാത്രമാണ് പ്രധാനമായും നോട്ടുകൾ പ്രചരിച്ചിരുന്നത്.

1861-ൽ നോട്ടടിക്കാനുള്ള അവകാശം ഗവൺമെന്റു തന്നെ ഏറ്റെടുത്തു. അക്കൊല്ലത്തെ XIX-ാം നമ്പർ ആക്റ്റ് പ്രകാരം പ്രസിഡൻസി ബാങ്കുകളുടെ അവകാശം റദ്ദാക്കുകയും ഗവൺമെന്റിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ പലതരത്തിലുള്ള നോട്ടുകൾ പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും അതിനായി ‘പേപ്പർ കറൻസി ഡിപ്പാർട്ട്മെന്റ്’ എന്ന ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുകയും ചെയ്തു.

എന്നാൽ അപ്പോഴും ഇന്ത്യയിലെല്ലായിടത്തും ഒരു പോലെ പ്രചരിപ്പിക്കാവുന്ന നോട്ടുകളല്ല വിതരണം ചെയ്യപ്പെട്ടത്. രാജ്യത്തെ മുഴുവൻ കൽക്കത്ത, ബോംബെ, മദ്രാസ് എന്നിങ്ങനെ ചില സർക്കിളുകളായി വിഭജിക്കുകയും ഓരോ സർക്കിളിലും അച്ചടിച്ചിറക്കുന്ന നോട്ടുകൾ അവിടെ മാത്രമേ പ്രചരിക്കുകയുള്ളു എന്നു വ്യവസ്ഥയേർപ്പെടുത്തുകയും ചെയ്തിരുന്നു. നോട്ടുകൾക്ക് കൂടുതൽ വിപുലമായ പ്രചാരം ആവശ്യമായിത്തീർന്നപ്പോൾ മാത്രമാണ് ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെട്ട

[11] J. M. Kains: Indian Currency and Finance പേജ്: 37-38.

കയും അങ്ങനെ ഇന്ത്യയിലൊട്ടുക്കും പ്രചരിക്കുന്ന നോട്ടുകൾ അടിച്ചിറക്കപ്പെടുകയും ചെയ്തത്.

ആദ്യ 10 ക, 20 ക, 50 ക, 100 ക, 500 ക, 1000 ക, 10,000 ക എന്നിവയുടെ നോട്ടുകളാണ് പുറപ്പെടുവിക്കപ്പെട്ടത്. 20 ക യുടെ നോട്ടിനു വേണ്ടത്ര പ്രചാരമില്ലാതിരുന്നതുകൊണ്ട് പിന്നീട് (1910-ൽ) അതു പിൻവലിക്കപ്പെട്ടു. 1891 — ൽ ചെറിയ അടവുകൾക്കുപകരിക്കാൻ വേണ്ടി 5 ക.നോട്ടും പ്രചരിക്കപ്പെടാൻ തുടങ്ങി.

1861-ലെ ആക്ടിൽ നോട്ടിന്റെ ഉറപ്പിനുവേണ്ടി ഒരു നിശ്ചിതസംഖ്യ റിസർവ്വായി വെയ്ക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. നാലുകോടി ഉറുപ്പിക വരെ വിലയുള്ള നോട്ടുകൾക്ക് പിൻബലമായി സെക്യൂരിറ്റികൾ (പ്രധാനമായി ഇന്ത്യാ ഗവൺമെന്റിന്റെ ഉറുപ്പിക സെക്യൂരിറ്റികൾ) ഉണ്ടായാൽ മതി. നാലുകോടിയിലധികമായാൽ അധികമുള്ള നോട്ടിന്റെ മുഴുവൻ വിലയും വെള്ളിനാണ്യമായോ ലോഹമായോ റിസർവ്വിൽ വെയ്ക്കണം. കൂടുതൽ നോട്ടടിക്കാതിരിക്കാനുള്ള ഒരു മുൻകരുതലെന്ന നിലയ്ക്ക് ഇതു പ്രയോജനപ്പെട്ടേയ്ക്കാം. എന്നാൽ നാട്ടുകാരുടെ ആവശ്യങ്ങൾക്കൊത്ത തരത്തിൽ നോട്ടുകൾ വിതരണം ചെയ്യാൻ ഈ വ്യവസ്ഥയ്ക്കു സാധ്യമല്ല. ചബലാനി എന്ന ധനശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിക്കുന്നതുപോലെ 'നോട്ടുകളടിക്കുന്നതുകൊണ്ട് ഗവൺമെന്റിന് യാതൊരു ലാഭവുമുണ്ടായില്ല; കാരണം, നോട്ടുകളുടെ വിലയ്ക്കു തുല്യമായ നാണ്യങ്ങളോ ലോഹമോ റിസർവിൽ വയ്ക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടു നോട്ടടിക്കൽ ഉറുപ്പിക അടിച്ചിറക്കലിനേക്കാൾ ഒട്ടുംതന്നെ ചെലവുകുറഞ്ഞതായിരുന്നില്ല.'[12]

1893-ൽ മുദ്രണശാലകൾ പൂട്ടിയതോടുകൂടി ഈ സ്ഥിതിക്കു കുറച്ചൊരു മാറ്റമുണ്ടായി. ഉറുപ്പിക പൂർണ്ണവിലയില്ലാത്ത ടോക്കൺ നാണ്യമായി മാറിയതുകൊണ്ട് നോട്ടിന്റെ പിൻബലമായ റിസർവ്വിൽ മുമ്പത്തേക്കാൾ കുറഞ്ഞ വെള്ളിവെച്ചാൽ മതിയെന്നായി. വേറെയും ചില മാറ്റങ്ങൾ വരുത്തപ്പെട്ടു. ഫിഡ്യൂഷ്യറിവിഭാഗം — അതായതു വെള്ളിയുടെ പിൻബലമില്ലാതെ അടയ്ക്കാവുന്ന നോട്ടുകളുടെ തുക — 1861-ൽ 4 കോടി ക. ആയിരുന്നത് 1913 ആകുമ്പോഴേയ്ക്കും 14 കോടി ക.യായി വർദ്ധിച്ചു. ഇതിന്റെ അർത്ഥം നോട്ടുകളുടെ തുക 14 കോടി ക. യിൽ കവിഞ്ഞാൽ മാത്രമേ കൂടുതലായ നോട്ടുകളുടെ മുഴുവൻ വിലയും വെള്ളിയായി വെയ്ക്കേണ്ടതുള്ളുവെന്നാണ്. ഈ 14 കോടി ക.യിൽ (£93,33,000) 4 കോടി ക (£26,66,000) ഇംഗ്ലീഷ് സെക്യൂരിറ്റികളായി വെയ്ക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ തുകകളിൽ നിന്നു കിട്ടുന്ന പലിശയിൽ പേപ്പർ കറൻസി ഡിപ്പാർട്ട്മെന്റിന്റെ ചെലവുകിഴിച്ചു ബാക്കിയുള്ളതു 'നോട്ടു പ്രചരണ ലാഭം' എന്ന പേരോടുകൂടി ഗവൺമെന്റിന്റെ പൊതുവരുമാനങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടുവന്നു.

1898 വരെയും ഫിഡ്യൂഷ്യറി വിഭാഗം കഴിച്ച് ബാക്കിയുള്ളതു മുഴുവൻ 'പേപ്പർ കറൻസി റിസർവ്വ്' എന്ന പേരിൽ വെള്ളിനാണ്യങ്ങളാക്കി ഇന്ത്യയിൽത്തന്നെയാണ് വെച്ചിരുന്നത്. 1898-ലെ ഗോൾഡ് ആക്ട് പ്രകാരം ഈ പേപ്പർ കറൻസി റിസർവ്വിന്റെ ഒരു ഭാഗം സ്വർണ്ണമായി വെയ്ക്കാവുന്നതാണെന്നു തീരുമാനിക്കപ്പെട്ടു. ഇന്ത്യയിൽ പ്രചരിക്കുന്ന നോട്ടുകളുടെ ഉറപ്പിനു വേണ്ടിയുള്ള ഈ സ്വർണ്ണം ലണ്ടനിൽ നിക്ഷേപിച്ചാൽ മതിയെന്നും നിശ്ചയിക്കപ്പെട്ടു! റിസർവ്വിലെ ലോഹങ്ങൾ എത്രകണ്ടു സ്വർണ്ണമായും എത്രകണ്ടു വെള്ളിയായും വയ്ക്കണമെന്നും അതിലെത്രകണ്ടു ലണ്ടനിൽ വയ്ക്കണമെന്നും തീരുമാനിക്കുവാൻ 1905-ലെ ആക്ട് ഗവൺമെന്റിനധികാരം

[12] Chamlani: Indian Currency, Banking and Exchange. പേജ് 21

നൽകി. ഉറുപ്പികനാണ്യങ്ങൾ എന്തായാലും ഇന്ത്യയിൽ വെയ്ക്കണമെന്നു മാത്രമേ നിർബന്ധമുണ്ടായിരുന്നുള്ളു.

നോട്ടുകൾ നാണ്യങ്ങളാക്കി മാറ്റാൻ ബുദ്ധിമുട്ടുണ്ടാകാതിരിക്കത്തക്കവണ്ണം കറൻസിവ്യവസ്ഥയ്ക്കു പിൻബലം നൽകുവാൻ വേണ്ടിയാണ് പേപ്പർ കറൻസി സ്ഥാപിക്കപ്പെട്ടത്. എന്നാൽ 1905 മുതൽക്കു ലണ്ടനിൽ നിക്ഷേപിച്ച സ്വർണവും സ്റ്റർലിങ്ങ് സെക്യൂരിറ്റികളും വിനിമയവ്യവസ്ഥയുടെ പിൻബലമായും ഉപയോഗിക്കുവാൻ തുടങ്ങി. അതായത് ഇന്ത്യയിൽ ഇഷ്യൂ ചെയ്യുന്ന റിവേർസു കൗൺസിൽ ബില്ലുകൾ വകയ്ക്കു ലണ്ടനിലയ്ക്കേണ്ട സംഖ്യകൾ ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിൽ നിന്നു മാത്രമല്ല, പേപ്പർ കറൻസി റിസർവ്വിൽ നിന്നും അടച്ചു തീർക്കാൻ തുടങ്ങി.

ഇത്രയും വിവരിച്ചതിൽ നിന്ന് 1899 മുതൽ 1914 വരെ നിലനിന്നുപോന്ന കറൻസി വ്യവസ്ഥയുടെ – സ്വർണ്ണവിനിമയമാനത്തിന്റെ – പ്രധാനസ്വഭാവങ്ങളെ ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്:

1. കറൻസി വ്യവസ്ഥയിൽ രണ്ടുതരത്തിലുള്ള നാണ്യങ്ങളുണ്ട്: ഉറുപ്പികയും — സോവറിനും. സോവറിൻ (പൗണ്ട് സ്റ്റർലിങ്ങ്) സാധാരണയായി മറുനാടുകളിലെ അടവുകൾക്ക് ഉപയോഗിക്കപ്പെടുന്നു.
2. സോവറിന്റെ വില 15 ക.യായിരിക്കും. അതായത് 1 ഷി 4 പെ = 1 ഉറുപ്പിക. 1 ഷി 4 പെൻസിന്റെ പ്രതിനിധിമാത്രമായ ഉറുപ്പിക വെറുമൊരു ടോക്കൺ നാണ്യമായിരിക്കും.
3. സോവറിനുപകരം നിശ്ചിതനിരക്കനുസരിച്ച് എത്ര ഉറുപ്പികവേണമെങ്കിലും ഗവൺമെന്റിൽനിന്നാവശ്യപ്പെടാവുന്നതാണ്.
4. നേരെമറിച്ച് ഉറുപ്പികയ്ക്കു പകരം സ്വർണ്ണനാണ്യം കിട്ടണമെന്നാവശ്യപ്പെടാൻ ജനങ്ങൾക്ക് നിവൃത്തിയില്ല. എങ്കിലും സാധാരണയായി മറുനാട്ടിലെ ഉപയോഗങ്ങൾക്കും മറ്റു വിനിമയാവശ്യങ്ങൾക്കും സോവറിൻ നൽകപ്പെടുന്നതാണ്.
5. കൗൺസിൽ ബില്ലുകളുടെയും റിവേർസ് കൗൺസിൽ ബില്ലുകളുടെയും സഹായത്തോടുകൂടി ഉറുപ്പികയുടെ വിനിമയനിരക്ക് 1 ഷി 4 പെൻസാക്കി നിലനിർത്തുന്നതാണ്.
6. ഈയാവശ്യത്തിനുവേണ്ടി ലണ്ടനിലും ഇന്ത്യയിലും ഓരോ റിസർവ്വുണ്ടായിരിക്കും.

## 6 ഉറുപ്പികയും ഒന്നാം ലോകമഹായുദ്ധവും

സ്വർണ്ണവിനിമയമാന്യം കൃത്രിമവും അസ്വാഭാവികവുമായ ഒരു കറൻസിവ്യവസ്ഥയാണ്. കാരണം, ഈ വ്യവസ്ഥയിൽ വിനിമയനിരക്കു വെള്ളിനാണ്യത്തിലടങ്ങിയ ലോഹത്തിന്റെ വിലയെ ആശ്രയിച്ചിരിക്കുകയില്ല. വെള്ളിയുറുപ്പിക വെറുമൊരു ടോക്കൻ നാണ്യമാണ്. 1893ന് മുമ്പ്, വെള്ളിയുറുപ്പിക പൂർണവിലയുള്ള നാണ്യമായിരുന്ന കാലത്ത്, വെള്ളിയുടെ വിലയിടിവ് ഏതുവിധമാണ് ഉറുപ്പികയുടെ വിനിമയനിരക്കിനെ ബാധിച്ചതെന്നു നമ്മൾ കാണുകയുണ്ടായി. എന്നാൽ 1899 മുതൽ ലോകമഹായുദ്ധം വരെയും (ശരിക്കു പറയുകയാണെങ്കിൽ 1899 മുതൽ 1916 വരെ) വെള്ളിയുടെ വിലയിലുണ്ടായ കയറ്റിറക്കങ്ങൾ ഉറുപ്പികയുടെ വിനിമയനിരക്കിനെ ബാധിക്കുകയുണ്ടായില്ല. വിനിമയനിരക്കു ലോഹവിലയല്ല വിദേശബില്ലുകളുടെ സപ്ലൈയേയും ഡിമാന്റിനേയുമാണാശ്രയിച്ചിരുന്നത്. അതുകൊണ്ട് കൗൺ

സിൽ ബില്ലുകളുടേയും റിവേർസു കൗൺസിൽ ബില്ലുകളുടെയും വിൽപനവഴിക്കു വിനിമയനിരക്ക് 16 പെൻസാക്കി നിലനിർത്താൻ അധികൃതൻമാർക്കു സാധിച്ചു.

മറ്റു പരിഷ്കൃതരാജ്യങ്ങളിലെങ്ങും കാണാൻ കഴിയാത്ത ഈ വിചിത്രമായ കറൻസി വ്യവസ്ഥ ഇന്ത്യയുടെ പരിതഃസ്ഥിതികൾക്കു ഏറ്റവും പറ്റിയതാണെന്നു പറഞ്ഞുകൊണ്ട് ധനശാസ്ത്രജ്ഞൻമാർ നീണ്ടനീണ്ടലേഖനങ്ങളും പുസ്തകങ്ങളും എഴുതിവിടുകയുണ്ടായി. പക്ഷേ, ലോകമഹായുദ്ധം അവരുടെ വ്യാമോഹങ്ങളെയെല്ലാം തകർത്തുകളഞ്ഞു. ബ്രിട്ടീഷു മുതലാളിയുടെ നിയമങ്ങളെക്കാളധികം ധനശാസ്ത്രതത്വങ്ങൾക്കാണ് ശക്തികൂടുകയെന്നു ലോകത്തിനു ബോധ്യപ്പെടാൻ തുടങ്ങി.

ഇന്ത്യയിൽ പ്രചരിക്കുന്ന ഉറുപ്പിക പൂർണമല്ലാത്ത ടോക്കൻ നാണ്യമായിരിക്കുക; പക്ഷേ, അതേസമയത്ത് നിശ്ചിതനിരക്കിൽ 16 പെൻസിന് 1 ക. എന്ന തോതിൽ ഉറുപ്പിക കൊടുത്താൽ വിദേശവിനിമയം കിട്ടാനുള്ള ഏർപ്പാടുണ്ടായിരിക്കുക; ഇതാണല്ലോ വിനിമയമാനവ്യവസ്ഥയുടെ പ്രധാനമായ സ്വഭാവം. വെള്ളിയുടെ വിലവർദ്ധനവിന്റെ ഫലമായ ഉറുപ്പിക ടോക്കൻ നാണ്യമല്ലാതായിത്തീർന്നാൽ, അതായത് ഉറുപ്പികയുടെ വെള്ളിവില അതിന്റെ മുഖവിലയേക്കാൾ വർദ്ധിച്ചാൽ സ്വർണ്ണവിനിമയമാനം തനിയെ തകർന്നുപോകും. ഇതാണ് ലോകമഹായുദ്ധകാലത്തു സംഭവിച്ചത്.

1914 ജൂലൈ മാസത്തിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ട ഉടനെ മറ്റു പലതിലുമെന്നപോലെ നാണയകാര്യത്തിലും ബുദ്ധിമുട്ടുകൾ നേരിട്ടു. ആദ്യത്തെ ചില മാസങ്ങളിൽ നാട്ടിലൊട്ടുക്കും അമ്പരപ്പും അസ്ഥിരതയും കാണപ്പെട്ടു. ബാങ്കിൽ നിക്ഷേപിച്ചിരുന്ന പണം ആളുകൾ തിരിച്ചുവാങ്ങാൻ തുടങ്ങി. സേവിംഗ്സ് ബാങ്കിലും കറൻസി നോട്ടിലുമുള്ള വിശ്വാസം കുറഞ്ഞു. ഈ താൽക്കാലികക്കുഴപ്പങ്ങളിൽ നിന്നു രക്ഷനേടുവാൻ ഗവൺമെന്റിനു വലിയ പ്രയാസമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ക്രമത്തിൽ സ്ഥിതിഗതികൾ മോശമായിക്കൊണ്ടുവന്നു. യുദ്ധത്തിന്റെ ആഘാതങ്ങൾ കറൻസി വ്യവസ്ഥയെ താറുമാറാക്കാൻ തുടങ്ങി. അതിലിടയ്ക്കാണ് ഇംഗ്ലണ്ട് സ്വർണ്ണമാനം ഉപേക്ഷിച്ചത്. ഇത് ഇംഗ്ലീഷ് കറൻസിയുമായി ബന്ധിക്കപ്പെട്ട ഉറുപ്പികയേയും ബാധിച്ചുവെന്നു പറയേണ്ടതില്ലല്ലോ. ഇന്ത്യയുടെ പേരിൽ ഇംഗ്ലണ്ടിൽ നിക്ഷേപിക്കപ്പെട്ട പണമെല്ലാം അതുവരേയും സ്വർണ്ണത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. സ്വർണ്ണമാനം തകർന്നതോടെ ഒരു ഞൊടിയിടകൊണ്ട് നമ്മുടെ സ്വർണ്ണനിക്ഷേപങ്ങളെല്ലാം സ്റ്റർലിങ്ങു കടലാസുകളായി മാറി!

1916 ആകുമ്പോഴേക്കും യുദ്ധത്തിന്റെ ആഘാതങ്ങൾ ഇന്ത്യയുടെ കറൻസിവ്യവസ്ഥയിൽ തികച്ചും പ്രതിഫലിക്കാൻ തുടങ്ങി. നമ്മുടെ ആനുകൂലവാണിജ്യം (മിച്ചക്കയറ്റുമതി) മുമ്പത്തെക്കാൾ എത്രയോ അധികമായിത്തീർന്നു. 1914—15-ൽ കയറ്റുമതി ഇറക്കുമതിയേക്കാൾ 2,91,08,500 പൗണ്ടായിരുന്നു. 1916—17-ൽ മിച്ചക്കയറ്റുമതി 6,04,83,200 പൗണ്ടും 1917—18-ൽ 6,14,20,000 പൗണ്ടും 1918-19-ൽ 5,65,40,000 പൗണ്ടുമായിരുന്നു. അസംസ്കൃതസാധനങ്ങൾ, ഭക്ഷണസാമഗ്രികൾ, യുദ്ധാവശ്യത്തിനുതകുന്ന മറ്റു ചരക്കുകൾ മുതലായവയുടെ കയറ്റുമതി വർദ്ധിക്കുകയും അതേ സമയത്ത് പ്രധാനപ്പെട്ട പലചരക്കുകളുടെയും കയറ്റുമതി കുറയുകയും ചെയ്തതാണ് ഇതിനു കാരണം. അനുകൂലവാണിജ്യം ഉറുപ്പികയുടെ ഡിമാൻഡു വർദ്ധിപ്പിക്കുകയും വിനിമയനിരക്കു മെല്ലെമെല്ലെ ഉയർത്താൻ തുടങ്ങുകയും ചെയ്തു.

ഉറുപ്പികയുടെ ഡിമാൻറ് വർദ്ധിപ്പിക്കാൻ മറ്റു കാരണങ്ങളുമുണ്ടായി. ഇറാക്ക്, ഇറാൻ, കിഴക്കൻ ആഫ്രിക്ക മുതലായ രാജ്യങ്ങളിലെ യുദ്ധച്ചെലവുകൾക്കു ഉറുപ്പികയാവശ്യമായിവന്നു. ഇന്ത്യയിൽത്തന്നെ പട്ടാളക്കാരുടെ ശമ്പളത്തിനും

യുദ്ധസാമഗ്രികൾ ശേഖരിക്കുന്നതിനും മറ്റു യുദ്ധച്ചെലവുകൾക്കും ഉറുപ്പിക ധാരാള മായി ചെലവിടേണ്ടിവന്നു. ഈ ചെലവുകൾക്കു പകരമായി ഇന്ത്യയുടെ പേരിൽ സ്റ്റർലിങ്ങ് വരവും പിടിച്ചിരുന്നുവെന്നതു വാസ്തവം തന്നെ. പക്ഷേ, ബാങ്ക് ഓഫ് ഇംഗ്ലണ്ടിലെ കണക്കുപുസ്തകങ്ങളിലെ ചില വരികൾക്ക് ഇന്ത്യയിലെ നാണ്യക്കുഴ പ്പം പരിഹരിക്കാൻ കഴിയില്ല. 1914 മുതൽ 1919 വരെയുള്ള യുദ്ധവർഷങ്ങളിൽ ഈ ചെലവുകൾ ആകെ 24,00,00,000 (ഇരുപത്തിനാലുകോടി) പൗണ്ട് സ്റ്റെർലിങ് (360 കോടി ഉറുപ്പിക) ആയിരുന്നു. പോരെങ്കിൽ അമേരിക്കയും ബ്രിട്ടനും ഇന്ത്യൻ കമ്പോ ളത്തിൽ നിന്നു വാങ്ങിയിരുന്ന മറ്റു ചരക്കുകളുടെ വിലകളും സ്റ്റർലിങ്ങ് കണക്കിൽ വരവുപിടിക്കുക മാത്രമാണ് ചെയ്തിരുന്നത്. അന്നത്തെ ധനകാര്യമെമ്പറായ സർ വില്യം മേയർ സമ്മതിക്കുകയുണ്ടായി: 'യുദ്ധചെലവുകൾ വഹിക്കുന്ന കാര്യത്തിൽ സാമ്രാജ്യത്തിന് ഇന്ത്യ ചെയ്തിട്ടുള്ള സഹായം ഗണ്യമായതാണ്.' ചരക്കുകൾക്കു പകരമായി സ്വർണ്ണമോ വെള്ളിയോ ഇന്ത്യയിലേക്കിറക്കുമതി ചെയ്യുന്നതിനെ നിയ മം വിലക്കിയിരുന്നു. ഒരു ഭാഗത്ത് ഉറുപ്പികയുടെ ഡിമാൻറ് വർദ്ധിച്ചുകൊണ്ടുവരിക, മറുഭാഗത്ത് വെള്ളിയുടെ സപ്ലൈ കുറഞ്ഞുകൊണ്ടുവരിക — ഇതായിരുന്നു സ്ഥിതി. യുദ്ധത്തിനു മുമ്പുള്ള അഞ്ചുകൊല്ലങ്ങളിൽ ആകെ 54 കോടി ക.യ്ക്കുള്ള സ്വർണ്ണവും വെള്ളിയും മാത്രമാണ് വന്നത്. നമ്മൾ അടിമകളായതുകൊണ്ട് ചരക്കുകൾക്കു പകരം ചരക്കോ ലോഹമോ കിട്ടണമെന്നാവശ്യപ്പെടാൻ നമുക്കധികാരമില്ല. ഈ സ്ഥിതിയുടെ ഫലമായി ഇന്ത്യയ്ക്കു നേരിട്ട വിഷമതകൾക്കു 'യുദ്ധസംബന്ധമായ ത്യാഗം' എന്നാണ് അന്നത്തെ ധനകാര്യമെമ്പർ പേരിട്ടത്.

ഈ കാരണങ്ങളുടെയെല്ലാം ഫലമായി ഇന്ത്യയിൽ കറൻസിയുടെ ഡിമാന്റ് വർദ്ധിച്ചുകൊണ്ടേയിരുന്നു. 1904 — നും 1909 നും ഇടയിൽ (കറൻസിക്ക് നല്ല ഡി മാന്റുണ്ടായിരുന്ന കാലമായിരുന്നു അത്) ആകെ 18,00,00,000 സ്റ്റാൻഡേർഡ് ഔൺ സ് വെള്ളിയാണ് ഉറുപ്പികയടിക്കാനുപയോഗിച്ചിരുന്നത്. എന്നാൽ 1916 ഏപ്രിലി നും 1919 മാർച്ചിനുമിടയിൽ ആകെ 50,00,00,000 സ്റ്റാൻഡേർഡ് വെള്ളി ഉറുപ്പികയാ ക്കപ്പെട്ടു. നോട്ടിന്റെ വർദ്ധനവ് ഇതിലുമധികം ഗൗരവാവഹമാണ്. 1914 മാർച്ചിൽ സുമാർ 65 കോടി ക.യുടെ നോട്ടാണ് പ്രചാരത്തിലുണ്ടായിരുന്നത്. 1919 ഡിസംബ റിൽ ഈ സംഖ്യ 183 കോടി ക.യായിരുന്നു. നോട്ടിന്റെ ഉറപ്പിനുവേണ്ടിവെയ്ക്കുന്ന റി സർവ്വിന്റെ തോതും കുറയ്ക്കപ്പെട്ടു. യുദ്ധാരംഭത്തിൽ 'എഡ്യൂസറി ഇസ്യൂ' അതായത് ലോഹത്തിന്റെ ഉറപ്പുകൂടാതെ പുറപ്പെടുവിക്കുന്ന നോട്ടുകളുടെ അതിർത്തി, 14 കോ ടി ക.യായിരുന്നു. എന്നാൽ 1919 ന്റെ അവസാനമായപ്പോഴേയ്ക്കും ഇതു 120 കോടി ക.യായി വർദ്ധിച്ചു. സർ വില്യം മേയർ ചൂണ്ടിക്കാണിച്ചു: 'ഈ പ്രവർത്തനങ്ങൾ കൊണ്ടു നമുക്ക് ഗവൺമെന്റിനെ എത്രത്തോളം സഹായിക്കാൻ സാധിച്ചിട്ടുണ്ടെ ന്ന് അധികം പേർക്കും മനസ്സിലായിട്ടില്ല.

ഈ പരിതസ്ഥിതിയിൽ വെള്ളിയുടെ നിലയെന്തായിരുന്നു? മിക്ക രാജ്യങ്ങളി ലും വെള്ളിയുടെ ഡിമാൻറ് പൂർവ്വാധികം വർദ്ധിച്ചുകൊണ്ടാണ് വന്നത്. ഡിമാന്റിന നുസരിച്ച് സപ്ലൈ വർദ്ധിക്കുകയുണ്ടായില്ല. എന്നല്ലാ, ഉൽപാദനം കുറഞ്ഞതിനാ ലും വെള്ളി ധാരാളമായി ഉൽപാദിപ്പിച്ചിരുന്ന മെക്സിക്കൊ മുതലായ രാജ്യങ്ങളിൽ രാഷ്ട്രീയാസ്വസ്ഥ്യങ്ങൾ പൊട്ടിപ്പുറപ്പെട്ടതിനാലും നിയമസംബന്ധിയായ ചില പ്ര തിബന്ധങ്ങളാലും അതുപോലെയുള്ള മറ്റു കാരണങ്ങളാലും വെള്ളിയുടെ സപ്ലൈ ക്രമത്തിൽ കുറയാൻ തുടങ്ങുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി വെള്ളിയുടെ വില കയറാൻ തുടങ്ങി. 1915-ൽ വെള്ളിയുടെ വില ഔൺസിന് 27 1/4 പെൻസ് മാ

ത്രമായിരുന്നു. 1918 അത് 35 1/8 പെൻസായും 1916 ഡിസംബറിൽ 37 പെൻസായും 1917 ആഗസ്റ്റിൽ 43 പെൻസായും വർദ്ധിച്ചു.

വെള്ളിക്ക് 24 പെൻസ് വിലയുണ്ടായിരുന്ന കാലത്ത് ഒരുറുപ്പികയിലടങ്ങിയ അതേ വെള്ളിയുടെ വില സുമാർ 9 പെൻസായിരുന്നു. വെള്ളിവില 43 പെൻസായപ്പോൾ ഉറുപ്പികയിലടങ്ങിയ അതേ വെള്ളിയുടെ വില 16 പെൻസായി ഉയർന്നു. ഉറുപ്പികയുടെ മുഖവിലയും വെള്ളിവിലയും ഒന്നായിത്തീർന്നുവെന്നർത്ഥം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 1917 ആഗസ്റ്റായപ്പോഴേക്കും ഉറുപ്പിക ടോക്കൺ നാണ്യമല്ലാതായിത്തീർന്നു.

വെള്ളിയുടെ വില 43 പെൻസായി ഉറച്ചുനിൽക്കാതെ പിന്നെയും വർദ്ധിക്കുകയാണെങ്കിലോ? നിലവിലുള്ള വിനിമയ നിരക്ക് 16 പെൻസായിരിക്കെ, ഉറുപ്പികയിലടങ്ങിയ വെള്ളിയുടെ വില 16 പെൻസിൽ കവിഞ്ഞാൽ ഉറുപ്പികയുരുക്കി വിൽക്കുന്നത് കൂടുതൽ ആദായകരമായിരിക്കും. കാരണം ഉറുപ്പികവില 16 പെൻസായിരിക്കണമെന്ന് നിയമം. എത്ര ശാസിച്ചാലും ശരി അതിലടങ്ങിയ വെള്ളി ഉരുക്കി വിറ്റാൽ 16 പെൻസിലധികം കിട്ടും. ഈ പരിതഃസ്ഥിതിയിൽ വിനിമയ നിരക്ക് 16 പെൻസാക്കി നിലനിർത്താൻ എത്ര വലിയ സാമ്രാജ്യശക്തിക്കും സാധിക്കുകയില്ല. ധനശാസ്ത്രതത്വങ്ങൾ എല്ലായ്പോഴും സാമ്രാജ്യാധിപത്യങ്ങളേക്കാൾ ശക്തി കൂടിയവയത്രെ.

ഇതാണ് സംഭവിച്ചത്: വെള്ളിയുടെ വില പിന്നേയും വർദ്ധിച്ചുകൊണ്ടേ വന്നു. താഴെ കൊടുത്ത പട്ടിക നോക്കുക:

| കൊല്ലം | ഒരു സ്റ്റാൻഡേർഡ് ഔൺസ് വെള്ളിയുടെ വില | |
|---|---|---|
| 1915 | 27 1/4 പെൻസ് | |
| 1916 ഏപ്രിൽ | 35 1/8 | ടി |
| 1917 ആഗസ്റ്റ് | 43 | ടി |
| 1918 സെപ്തംബർ | 55 | ടി |
| 1919 മേയ് | 58 | ടി |
| 1919 ഡിസംബർ | 78 | ടി |

ഇങ്ങനെ വർദ്ധിച്ച് വർദ്ധിച്ച് 1920-ൽ വെള്ളിയുടെ വില 89 പെൻസായിത്തീർന്നു.

വെള്ളിയുടെ സ്വകാര്യ ഇറക്കുമതി നിരോധിക്കുക, അമേരിക്കയിൽ നിന്ന് നാണയാവശ്യങ്ങൾക്ക് വെള്ളിവാങ്ങുക (1918-ൽ ഇങ്ങനെ അമേരിക്കയിൽ നിന്ന് 20 കോടി ഔൺസ് വെള്ളി വാങ്ങുകയുണ്ടായി. ഔൺസിന് 80 പെൻസെന്ന നിരക്കിൽ വാങ്ങിയ ഈ വെള്ളിയാണ് പിന്നീട് സാമ്പത്തിക്കുഴപ്പക്കാലത്ത് ഔൺസിന് 20 പെൻസെന്ന നിരക്കിൽ വിറ്റഴിച്ചത്!) വിനിമയം (കൗൺസിൽ ബില്ലുകളുടെ വിൽപന) നിയന്ത്രിക്കുക മുതലായ പല മാർഗ്ഗങ്ങളും അധികൃതൻമാർ അവലംബിച്ചുനോക്കി. എങ്കിലും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. ഒടുവിൽ ഈ നാണ്യക്കുഴപ്പത്തിൽ നിന്നു രക്ഷ നേടുവാൻ വേണ്ടി, ഗവൺമെന്റ് ഉറുപ്പികയുടെ വിനിമയനിരക്ക് വർദ്ധിപ്പിക്കാനൊരുങ്ങി. 1917 ആഗസ്റ്റ് 28 ന് ടി ടി (ടെലിഗ്രാഫിക് ട്രാൻസറിന്റെ)യുടെ വില 16 1/8 പെൻസിൽ നിന്ന് 17 പെൻസാക്കി ഉയർത്തി. ഉറുപ്പികയുടെ വിനിമയനിരക്ക് മേലിൽ വെള്ളിയുടെ വിലയെ അടിസ്ഥാനപ്പെടുത്തി നിജപ്പെടുത്തുന്നതായിരിക്കുമെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. അങ്ങനെ കൗൺസിൽ

ഡ്രാഫ്റ്റുകളുടെ വിൽപന ആശ്രയിച്ചുപോന്നതും സാമ്രാജ്യാധിപത്യത്തിന്റെ എച്ചിൽ നക്കികളായ അനേകം ധനശാസ്ത്രജ്ഞൻമാരുടെ പ്രശംസയ്ക്കു പാത്രമായിത്തീർന്ന തുമായ സ്വർണ്ണവിനിമയമാനം തകർന്നു പാളീസായി.

വെള്ളിവില വർദ്ധിച്ചതിന്റെ ഫലമായി, ഉറുപ്പികയുടെ വിനിമയനിരക്ക് കൂടിക്കൂ ടി വന്നതെങ്ങനെയെന്നു നോക്കുക:

| തീയതി | | ഉറുപ്പികയുടെ ടെലിഗ്രാഫിക് ട്രാൻസ്ഫർ നിരക്ക് |
|---|---|---|
| 1917 ജനുവരി | 3 ന് | 1 ഷി. 4.25 പൈ. |
| 1917 ആഗസ്റ്റ് | 28 ന് | 1 ഷി. 5 പൈ. |
| 1918 ഏപ്രിൽ | 12 ന് | 1 ഷി. 6 പൈ. |
| 1919 മേയ് | 13 ന് | 1 ഷി. 8 പൈ. |
| 1919 ആഗസ്റ്റ് | 12 ന് | 1 ഷി. 10 പൈ. |
| 1919 സെപ്റ്റംബർ | 18 ന് | 2 ഷി. 0 പൈ. |
| 1919 നവംബർ | 22 ന് | 2 ഷി. 2 പൈ. |
| 1919 ഡിസംബർ | 12 ന് | 2 ഷി. 4 പൈ. |

## 7 ബേബിങ്ങ്ടൺ സ്മിത്ത് കമ്മിറ്റി

1919 മെയ് മാസത്തിൽ, ഇന്ത്യയുടെ കറൻസിപ്രശ്നത്തെപ്പറ്റിയാലോചിക്കാൻ വേണ്ടി സർ ഹെൻറി ബേബിങ്ങ്ടൺ സ്മിത്തിന്റെ അധ്യക്ഷതയിൽ ഒരു കറൻസി കമ്മിറ്റി നിയമിക്കപ്പെട്ടു. (വിനിമയനിരക്ക് ആ സമയത്ത് 20 പെൻസായിരുന്നു). യുദ്ധത്തിന്റെ ഫലമായി ഇന്ത്യയുടെ കറൻസി വ്യവസ്ഥയിലുണ്ടായ മാറ്റങ്ങളെന്തെല്ലാമെന്നു പരിശോധിക്കുകയും സ്വർണ്ണവിനിമയമാനം സ്ഥിരമാക്കി നിർത്താനാവശ്യമായ നടപടികളെന്തൊക്കെയായിരിക്കണമെന്ന് ശുപാർശ ചെയ്യുകയുമായിരുന്നു കമ്മിറ്റിയുടെ പ്രവൃത്തി. എന്നാൽ എക്സ്ചേഞ്ച് സ്റ്റാൻഡേർഡിനു പകരം ഇന്ത്യയുടെ അഭിവൃദ്ധിക്കുതകുന്ന മറ്റൊരു സ്റ്റാൻഡേർഡ് ശുപാർശ ചെയ്യുവാൻ കമ്മിറ്റിക്കധികാരമുണ്ടായിരുന്നില്ല.

കമ്മിറ്റിയുടെ ശുപാർശകളിൽ ഏറ്റവും പ്രധാനമായത് പത്തുറുപ്പികയ്ക്ക് 1 സോവറിൻ (ഒരു റുപ്പികയ്ക്ക് 2 ഷില്ലിങ്ങ്) എന്ന നിരക്കിൽ നടപ്പിൽ വരുത്തണമെന്നായിരുന്നു. (ഈ നിരക്കു പ്രകാരം ഒരു റുപ്പിക 11,30,016 ഗ്രേൻ പരിശുദ്ധ സ്വർണ്ണത്തിനു സമമായിരിക്കും.) ഉറുപ്പികയെ എന്നെന്നും ഒരു നാണ്യമാക്കിവെക്കാൻ ഇത്ര ഉയർന്ന വിനിമയനിരക്കാവശ്യമാണെന്നു കമ്മിറ്റി വിചാരിച്ചു. ഇന്ത്യയിൽ വിദേശസാമഗ്രികളുടെ ഇറക്കുമതി വർദ്ധിപ്പിക്കാനും ഉയർന്ന നിരക്ക് ആവശ്യമാണെന്നു കമ്മിറ്റി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് കൗൺസിൽ ബിൽ റിവേഴ്സ് കൗൺസിൽ ബിൽ മുതലായ പഴയ മാർഗ്ഗങ്ങളുടെ സഹായത്തോടുകൂടി ഉറുപ്പികയെ 2 ഷില്ലിങ്ങിനു സമമാക്കി നിർത്തണമെന്നു കമ്മിറ്റി അഭിപ്രായപ്പെട്ടത്. കമ്മിറ്റിയുടെ അഭിപ്രായത്തിൽ ഉയർന്ന വിനിമയനിരക്ക് ഇന്ത്യയ്ക്ക് പറ്റിയതാണ്. അവർ പറയുന്നു:

'ഉയർന്ന വിനിമയനിരക്ക്, അത് ഇന്ത്യയിലെ വിലക്കയറ്റത്തെ തടയുകയും മന്ദീഭവിപ്പിക്കുകയും ചെയ്യുന്നിടത്തോളം കാലം, രാജ്യത്തിനു പൊതുവിൽ ഗുണപ്രദമാണ്. വിനിമയനിരക്കിനെ ഒരുയർന്ന തോതിൽ ഉറപ്പിക്കുന്നതുകൊണ്ട് ഇന്ത്യൻ വ്യാപാരത്തിനു സ്ഥിരമായ യാതൊരു കോട്ടവും തട്ടാനില്ല.'

ഈ അഭിപ്രായം വാസ്തവത്തിൽ നിന്ന് എത്രയോ അകലെയാണെന്ന കാര്യത്തിൽ സംശയമില്ല.

വിനിമയനിരക്ക് 2 ഷി. ആണെങ്കിൽ (10 ക= 1 സോവറിൻ) ഒരു സോവറിൻ വിലയുള്ള ഇറക്കുമതിച്ചരക്കിന് 10 ക. കൊടുത്താൽ മതി. വിനിമയനിരക്ക് അതിലും കുറവാണെങ്കിൽ – ഉദാഹരണത്തിന് 1 ഷി. 4 പൈ ആണെങ്കിൽ – അതേ ചരക്കിനു കൂടുതൽ വില കൊടുക്കേണ്ടിവരും. വസ്ത്രം മുതലായ ഉപഭോഗസാമഗ്രികൾ കുറഞ്ഞവിലയ്ക്ക് ഇറക്കുമതി ചെയ്യുകയാണെങ്കിൽ അവയോട് മത്സരിച്ചുകൊണ്ട് ഇന്ത്യൻ വ്യവസായങ്ങൾക്ക് വളരാൻ കഴിയുകയുമില്ല. മി. എയിൻസ്കഫ് ഇക്കാര്യം തുറന്നുസമ്മതിക്കുന്നുണ്ട്:

'ഉയർന്ന വിനിമയനിരക്ക് ബ്രിട്ടീഷ് ഉൽപാദകന് അയാളുടെ ഇന്ത്യൻ എതിരാളിയെ അപേക്ഷിച്ച് കൂടുതൽ അനുകൂലമാണ്. അതുകൊണ്ട്, പൊതുവിൽ അതാതു പരിതഃസ്ഥിതിക്കനുസരിച്ച് വിനിമയനിരക്കിനെ കഴിയുന്നത്ര ഉയർന്നതോതിൽ ഉറപ്പിക്കുന്നത് അയാളുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് ഏറ്റവും യോജിച്ചതായി തോന്നും'. (ഇന്ത്യയിലെ യുദ്ധാനന്തരമുള്ള ബ്രിട്ടീഷ് വ്യാപാരത്തിന്റെ സ്ഥിതിയേയും ഭാവിയേയും പറ്റി മി: എയിൻസ്കഫിന്റെ റിപ്പോർട്ട് — ബ്രിജ്നാരായണന്റെ 'Indian Economic Problems, Part 1' എന്ന പുസ്തകത്തിൽ ഉദ്ധരിച്ചത്.)

ബ്രിട്ടീഷ് മുതലാളികളും അവരുടെ പത്രങ്ങളും വലിയ ഉത്സാഹത്തോടുകൂടിയാണ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ സ്വാഗതം ചെയ്തത്. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽവരികയാണെങ്കിൽ തങ്ങളുടെ വ്യവസായങ്ങൾക്കു നല്ല രക്ഷകിട്ടുമെന്ന് അവർക്ക് അറിയാമായിരുന്നു. 1920 ഫെബ്രുവരി 7 ന്റെ ടൈംസ് ട്രെയിഡ് സപ്ലിമെൻറ് പ്രസിദ്ധീകരിച്ചിരുന്ന 'Trade and New Rupee Basis' എന്ന ലേഖനത്തിൽ ഇങ്ങനെ പറയുന്നു.

"സാർവ്വദേശീയ നടപടിയുടെ സാദ്ധ്യതകൾക്കു പുറമെ സ്റ്റർലിങ്ങിന്റെ ഇടിവിനെ തടയാനുള്ള കഴിവു യുനൈറ്റഡ്ക്കിങ്ഡമിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനേയും തൽഫലമായുണ്ടാകുന്ന വിദേശങ്ങളിലേയ്ക്കുള്ള അധികമായ കയറ്റുമതിയേയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് ഒരു ഹുണ്ടികരാജ്യമെന്ന നമ്മുടെ മുൻസ്ഥിതി അവസാനമായി വീണ്ടെടുക്കാം. ഉറുപ്പിക വിനിമയത്തിന്റെ പുതിയ സ്റ്റർലിങ് നിരക്കിന്റെ അടിയന്തിരഫലം ഇന്ത്യയിലേക്കുള്ള നമ്മുടെ കയറ്റുമതിയെ ഉത്തേജിപ്പിക്കലും അവിടെനിന്നുള്ള ഇറക്കുമതിയെ നിയന്ത്രിക്കലുമായിരിക്കണം. കമ്മിറ്റിയുടെ റിപ്പോർട്ട് സ്വാഭാവികമായി ഈ കാര്യത്തിനു വലിയ പ്രാധാന്യം കൽപ്പിക്കാതെ കഴിച്ചിട്ടുണ്ട്. പക്ഷേ, വ്യവസായാഭിവൃദ്ധിയുള്ള വടക്കൻ രാജ്യങ്ങളിൽ ഇതിലുള്ള ശുപാർശകൾക്ക് കിട്ടിയ സ്വാഗതത്തിൽ നിന്ന്, ഇത് നമ്മുടെ ഉൽപാദകന്മാരെ സാരമായി സ്പർശിക്കുന്നതാണെന്നതു വ്യക്തമാണ്."[13]

റിപ്പോർട്ടിന്റെ പ്രസിദ്ധീകരണകാലത്തു വിനിമയനിരക്ക് 2 ഷി. 4 പൈ. സ്റ്റെർലിങ്ങ് ആയിരുന്നു. പക്ഷേ, ഉറുപ്പിക 2 ഷി. സ്വർണ്ണത്തിനു തുല്യമാക്കണമെന്ന റിപ്പോർട്ടിലെ ശുപാർശ കാരണമായി വിനിമയനിരക്ക് 2 ഷി. 10 പെ. സ്റ്റർലിങ് വരെ കയറി. ഇത് 2 ഷി. സ്വർണ്ണത്തിനു സമമായിരുന്നു. ജി.ഡി. ബിർള പറഞ്ഞപോലെ, 'വെള്ളിയിൽ നിന്നു സ്വർണ്ണത്തിലേക്കും, സ്വർണ്ണത്തിൽ നിന്ന് സ്വർണ്ണവിനിമയത്തിലേയും സ്വർണ്ണവിനിമയത്തിൽ നിന്നു വീണ്ടും വെള്ളിയിലേക്കും, വെള്ളിയിൽ നിന്നു വീണ്ടും സ്വർണ്ണത്തിലേക്കും ഇങ്ങനെ, വിദേശങ്ങളുമായുള്ള നമ്മുടെ ഇടപാടു

[13] ബ്രിജ് നാരായണന്റെ "Indian Economic Problems, Part 1' എന്ന പുസ്തകത്തിൽ ഉദ്ധരിച്ചതു്.

കൾ വൈറ്റ് ഹാളിന്റെ ആഗ്രഹങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചായിരുന്നു. ഇതു രാജ്യത്തിന്റെ താൽപര്യങ്ങൾക്കു കാര്യമായ ഉടവു തട്ടിച്ചിട്ടുണ്ട്.'

കമ്മിറ്റിയിലെ ഒരംഗമായ (ഏക ഇന്ത്യൻ മെമ്പറായ) ഡി.എം. ദലാൽ ഉയർന്ന വിനിമയനിരക്കിനെ എതിർക്കുകയും ഉറുപ്പിക 1 ഷി. 4 പെൻസിനു സമമായിരിക്കണമെന്നഭിപ്രായപ്പെടുകയും ചെയ്തുകൊണ്ട് ഒരു മൈനോറിറ്റി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. "ഇന്ത്യയിലിന്നു നിലവിലുള്ള സ്വർണ്ണവിനിമയമാനം ഒരു കറൻസി വ്യവസ്ഥയെന്ന നിലയ്ക്ക് ഇന്ത്യയുടെ സ്ഥിതിഗതികൾക്കു തീരെ ഉതകാത്തതാണ്." എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ സ്റ്റർലിങ്ങ് റിസർവ്വിനും നോട്ടീസിന്റെ ഉറപ്പിനുവേണ്ടി നിക്ഷേപിച്ച സ്വർണ്ണ റിസർവ്വിനും പുതിയ വിനിമയനിരക്കുപ്രകാരം വിലകണക്കാക്കിയാൽ ഇന്ത്യയ്ക്കു വമ്പിച്ച നഷ്ടം പിണയുമെന്ന് മി.ദലാൽ താക്കീതു നൽകുകയും ചെയ്തു. മി. ദലാൽ പറഞ്ഞു: ഉറുപ്പികയുടെ ഉയർന്ന സ്റ്റർലിങ്ങ് വിലയോടുകൂടി, ഇന്ത്യൻ ഉൽപന്നങ്ങൾക്കുള്ള കച്ചവടാവശ്യം കുറഞ്ഞുപോകുവാനും, അതോടൊപ്പം ഇന്ത്യയിൽ നിന്ന് ഉറുപ്പികയായിട്ടുള്ള അടവുകൾ ആദായകരമായതുകൊണ്ട്, ഇറക്കുമതികൾക്കു പ്രോത്സാഹനം ലഭിക്കുവാനും വഴിയുണ്ട്. ഈ സംഭവ്യതകൾ ഫലപ്പെടുകയാണെങ്കിൽ, ഇന്ത്യയുടെ ട്രെയ്ഡ് ബാലൻസുകൾകൊണ്ട് ഇന്ത്യയ്ക്കുള്ള ആനുകൂല്യം കുറയും. അല്ലെങ്കിൽ അവ ഇന്ത്യയ്ക്കു പ്രതികൂലമായി എന്നു കൂടി വരാം.

പക്ഷേ, ഈ അഭിപ്രായങ്ങളൊന്നും ചെവികൊള്ളാതെ ഗവൺമെന്റ് മെജോറിറ്റി റിപ്പോർട്ട് സ്വീകരിക്കുകയും അതിലടങ്ങിയ ശുപാർശകൾ നടപ്പിൽവരുത്താനൊരുങ്ങുകയുമാണ് ചെയ്തത്.

കമ്മിറ്റിയുടെ മറ്റു ശുപാർശകളിൽ പ്രധാനമായവയാണ്: 1. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഇറക്കുമതി തടയാതിരിക്കുക. 2. വിനിമയത്തിന് ക്ഷീണം ബാധിക്കുമ്പോൾ റിവേർസ് കൗൺസിലുകൾ തുറക്കുക. 3. ബോംബെയിൽ റോയൽ മിൻറ് വീണ്ടും തുറക്കുകയും സോവറിൻ അടിക്കാനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്യുക. ഉറുപ്പികയ്ക്ക് 11.30016 ഗ്രേൻ സ്വർണ്ണം എന്ന തോതിൽ സോവറിൻ കൊടുക്കാൻ തയ്യാറാവുക. 4. കയറ്റുമതിക്കുള്ള പ്രതിബന്ധങ്ങൾ കുറച്ചുകാലത്തേക്കു കൂടി നിലനിർത്തുക. 5. പ്രചാരത്തിലുള്ള നോട്ടുകളുടെ 40 ശതമാനം വിലയ്ക്കുള്ള ലോഹങ്ങൾ പേപ്പർ കറൻസി റിസർവിൽ വയ്ക്കണമെന്ന് തീരുമാനിക്കുക. 6. പേപ്പർ കറൻസി റിസർവിലുള്ള സ്വർണ്ണവും വെള്ളിയും ഇന്ത്യയിൽ തന്നെ നിക്ഷേപിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക. 7. നോട്ടുകൾക്കു പകരം ആവശ്യക്കാർക്ക് സ്വർണ്ണമോ വെള്ളിയോ കൊടുക്കുന്നതാണെന്നു പ്രഖ്യാപിക്കുക. 8. കറൻസി റിസർവ്വിലുള്ള സ്വർണ്ണത്തിനും സ്റ്റർലിങ്ങിനും (രണ്ടും വ്യത്യാസമില്ലാത്തവയാണെന്ന് കമ്മിറ്റി വിചാരിച്ചു) പുതിയ നിരക്കുപ്രകാരം വില കണക്കാക്കുക. അതിന്റെ ഫലമായി റിസർവിലുണ്ടാകുന്ന 38.4 കോടിയുടെ കുറവു കഴിയുന്ന വേഗത്തിൽ നിരക്കാൻ ശ്രമിക്കുക. 9. ഗോൾഡ് സ്റ്റാൻഡേർഡ് റിസർവിലെ സ്വർണ്ണത്തിന്റെ ഒരു ഗണ്യമായ ഭാഗം ഇന്ത്യയിൽതന്നെ വയ്ക്കുക. പക്ഷേ, ഈ സ്വർണ്ണം പുറംരാജ്യങ്ങളിലേയ്ക്കുള്ള അടവുകളുടെ ആവശ്യത്തിനുവേണ്ടി മാത്രമേ കൊടുക്കുകയുള്ളുവെന്നു തീരുമാനിക്കുക.

കമ്മിറ്റിയുടെ പ്രധാന ശുപാർശകളെ ഇന്ത്യാ സെക്രട്ടറി സ്വീകരിക്കുകയും 1920-ലെ ഇന്ത്യൻ കോയ്നേജ് (അമെന്റ്മെന്റ്) ആക്ട് പ്രകാരം സോവറിൻ പത്തുറുപ്പിക നിരക്കിനു ലീഗൽടെൻഡറാക്കുകയും ചെയ്തു.

പത്തുറുപ്പികയ്ക്ക് ഒരു സോവറിൻ – അതായത് ഒരു റുപ്പികയ്ക്ക് രണ്ടു ഷില്ലിംഗ് – എന്ന നിരക്ക് നടപ്പിൽ വന്നതിന്റെ ഫലമായി ഇന്ത്യയ്ക്ക് വമ്പിച്ച നഷ്ടങ്ങളും സഹി

ക്കേണ്ടിവന്നു. ഉറുപ്പികയുടെ നിരക്ക് 16 പെൻസിൽ നിന്ന് 24 പെൻസാക്കി ഉയർത്തുക എന്നുവച്ചാൽ ഇംഗ്ലണ്ടിലടയ്ക്കേണ്ട ഓരോ ഉറുപ്പികയ്ക്കും കൂടുതൽ സ്വർണ്ണം കൊടുക്കേണ്ടി വരിക എന്നർത്ഥമാണ്. 16 പെൻസ് നിരക്കിൽ ഉറുപ്പിക 7.53344 ഗ്രേൻ പരിശുദ്ധ സ്വർണ്ണത്തിനു സമമായിരുന്നു. 24 പെൻസു നിരക്കനുസരിച്ചാകട്ടെ ഒരുറുപ്പിക 11.30016 ഗ്രേൻ പരിശുദ്ധ സ്വർണ്ണത്തിനു സമമായിരിക്കും.

ഇന്ത്യയിൽ വിറ്റഴിച്ചിരുന്ന റിവേഴ്സ് കൗൺസിലുകൾ അടച്ചു തീർത്തിരുന്നതു ലണ്ടനിലെ ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിൽ നിന്നും പേപ്പർ കറൻസി റിസർവിൽ നിന്നുമാണെന്നു മുമ്പു പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. ഈ റിസർവിലെ സ്വർണ്ണം കമ്പനി കടലാസുകളിലും ട്രഷറി ബില്ലുകളിലും മറ്റു സെക്യൂരിറ്റികളിലും ഇറക്കിയിരുന്നു. ഉറുപ്പികയുടെ നിരക്കു വർദ്ധിക്കുന്നതിനു മുമ്പാണ് ഈ സെക്യൂരിറ്റികളത്രയും വാങ്ങിയത്. ഇപ്പോഴാകട്ടെ, റിവേർസ് കൗൺസിലുകൾ 2 ഷെല്ലിംഗിനു വിൽക്കാൻ തുടങ്ങിയപ്പോൾ ഇന്ത്യാ സെക്രട്ടറി ഓരോ റുപ്പികയ്ക്കും അര ഷില്ലിംഗ് കണ്ടു കൂടുതൽ കൊടുക്കാൻ തയ്യാറാവേണ്ടി വന്നു. പൗണ്ടിനു 15 ക. എന്ന തോതിൽ വാങ്ങിയ സെക്യൂരിറ്റികളും ട്രഷറി ബില്ലുകളും പൗണ്ടിനു 10 ക. എന്ന തോതിൽ വിറ്റഴിക്കേണ്ടിവന്നു. ഇങ്ങനെ വിനിമയനിരക്കിലുണ്ടായ മാറ്റം കാരണമായി നാൽപതുകോടിയോളം ഉറുപ്പിക ഇന്ത്യയ്ക്കു നഷ്ടം നേരിട്ടു!

ഉറുപ്പികയുടെ വില താരതമ്യേന വർദ്ധിക്കുകയും സ്റ്റർലിങ്ങിൻറേതു കുറയുകയും ചെയ്യുതിനാൽ സ്റ്റർലിങ്ങിന്റെ ഡിമാൻറു വർദ്ധിക്കാൻ തുടങ്ങി. ഉറുപ്പികയ്ക്കു കൂടുതൽ ഷില്ലിങ്ങു കിട്ടുമെന്നു കണ്ടപ്പോൾ നാനാഭാഗത്തുനിന്നും ഇംഗ്ലണ്ടിലേക്കു പണമയയ്ക്കാനുള്ള ഉത്സാഹം പെട്ടെന്നു വർദ്ധിച്ചു. വിനിമയനിരക്കു വർദ്ധിച്ചു. വിനിമയനിരക്കു കൂട്ടിയതുകൊണ്ട് ബ്രിട്ടീഷ് ചരക്കുകൾ കുറഞ്ഞവിലയ്ക്ക് ഇന്ത്യയിൽ വിറ്റഴിയ്ക്കാൻ കഴിഞ്ഞു. നേരെമറിച്ചു നമ്മുടെ ചരക്കുകൾക്കാകട്ടെ വിദേശക്കമ്പോളങ്ങളിൽ വില വർദ്ധിക്കുകയും ചെയ്തു. ഈ സ്ഥിതിയിൽ കയറ്റുമതിയേക്കാൾ ഇറക്കുമതി വർദ്ധിക്കുകയെന്നത് അനിവാര്യമായിരുന്നു. കയറ്റുമതിയേക്കാൾ ഇറക്കുമതി വർദ്ധിച്ചതുകൊണ്ട് പുറംരാജ്യങ്ങളിൽ പണമയയ്ക്കേണ്ടിവന്നു. ഇന്ത്യയിൽ മുതലിറക്കി ലാഭമുണ്ടാക്കുന്ന ബ്രിട്ടീഷ് മുതലാളികൾ യുദ്ധകാലത്തുണ്ടായ തങ്ങളുടെ കുന്നുകൂടിയ ലാഭം ലണ്ടനിലേയ്ക്കു കയറ്റാൻ ഇതുതന്നെയാണവസരം എന്നു മനസ്സിലാക്കി. കാരണം പുതിയ നിരക്കനുസരിച്ച് ഓരോ ഉറുപ്പികയ്ക്കും 2 ഷില്ലിങ്ങുവീതം കിട്ടുമെന്നവർക്കുറപ്പുണ്ടായിരുന്നു. കൃത്രിമമായി ഉയർത്തപ്പെട്ട ഈ വിനിമയനിരക്കിന്റെ സഹായത്തോടുകൂടി പിടിപ്പതു ലാഭമടിക്കാനുള്ള സന്ദർഭം വെറുതെ കളഞ്ഞുകൂടെന്നു ഭാഗ്യാന്വേഷികളായ സ്പെക്യുലേറ്റർമാരും തീർച്ചപ്പെടുത്തി. പിന്നീട് നിരക്കു താഴുമ്പോൾ വീണ്ടും ഉറുപ്പികയാക്കി മാറ്റാമെന്ന ഉദ്ദേശത്തോടെ അവർ ധാരാളം റിവേർസു കൗൺസിലുകൾ വാങ്ങാൻ തുടങ്ങി. ചുരുക്കത്തിൽ ഉറുപ്പികയുടെ കമ്പോളം ചൂതാട്ടക്കാരുടെ കേളീരംഗമായി മാറി! സ്റ്റർലിങ്ങ് മാത്രമല്ല സ്വർണ്ണംപോലും മാർക്കറ്റുനിലവാരത്തേക്കാൾ കുറഞ്ഞവിലയ്ക്ക് വിൽക്കാൻ അധികൃതൻമാർ മുതിരുകയുണ്ടായി. ഇങ്ങനെ ഇന്ത്യയുടെ സ്റ്റർലിങ്ങും സ്വർണ്ണവും ധാരാളമായി കൊള്ളയടിക്കപ്പെട്ടു. 'ഈ കൊള്ളയ്ക്കുത്തരവാദിയാരാണ്? വൈറ്റ്ഹോളോ ഡൽഹിയോ?' എന്ന ചോദ്യത്തിനുത്തരമായി അപ്പോഴത്തെ ധനകാര്യമെമ്പറായ സർ മാൽകം ഹെയ്‌ലി പറഞ്ഞു: 'ഇത്തരം ചോദ്യങ്ങൾക്കു സമാധാനം പറയാൻ ഗവൺമെന്റിനു സാദ്ധ്യമല്ലെന്നു പറയേണ്ടിവന്നതിനാൽ ഞാൻ വ്യസനിക്കുന്നു.'

ബ്രിട്ടീഷ് കറൻസിയായ സ്റ്റർലിങ്ങിന്റെ വില അതിവേഗം ഇടിഞ്ഞുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. യുദ്ധകാലത്ത് ഇംഗ്ലണ്ട് സ്വർണ്ണമാനം ഉപേക്ഷിച്ച

വെന്നു മുമ്പൊരിടത്ത് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അമേരിക്കൻ കറൻസിയായ ഡോളർ മാത്രമാണ് സ്വർണ്ണമാനത്തിലുണ്ടായിരുന്നത്. സ്റ്റർലിങ്ങിന്റെ വിലയിടിയുമ്പോൾ ഓരോ ഡോളറിനും കൂടുതൽ സ്റ്റർലിങ്ങു കൊടുക്കേണ്ടിവരും. അപ്പോൾ ഇതേ തോതനുസരിച്ചുതന്നെ ഉറുപ്പികയുടെ സ്റ്റർലിങ്ങ് വിലയും വർദ്ധിക്കുമെന്നു തീർച്ചയാണ്. ബേബിങ്ങ്ടൺ സ്മിത്ത് കമ്മിറ്റിയുടെ ശുപാർകളനുസരിച്ചുള്ള നിയമപ്രകാരം ഒരുറുപ്പിക 2 ഷില്ലിങ്ങിലടങ്ങിയ സ്വർണ്ണത്തിനു സമമാണ്. പൗണ്ട് സ്റ്റർലിങ്ങിന്റെ വിലയിടിയുകയാണെങ്കിൽ ഉറുപ്പികയുടെ സ്റ്റർലിങ്ങു നിരക്ക് 2 ഷില്ലിങ്ങിനേക്കാൾ അധികമാവും. ഒരുദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാൻ ശ്രമിക്കാം.

ഒരു നിശ്ചിത അളവിലുള്ള സ്വർണ്ണം = 4.8 ഡോളർ = ഒരു പൗണ്ട് സ്റ്റർലിങ്ങ് സോവറിൻ = 10 ഉറുപ്പിക.

സ്റ്റർലിങ്ങിന്റെ വില 50 ശതമാനം ഇടിഞ്ഞുവെന്നു വിചാരിക്കുക. അപ്പോൾ അതേ അളവിലുള്ള സ്വർണ്ണം = 4.8 ഡോളർ = 1.5 പൗണ്ട് സ്റ്റർലിങ്ങ് = സോവറിൻ = 10 ക.

സ്റ്റർലിങ്ങിന്റെ വിലയിടിയുമ്പോൾ ഓരോ ഉറുപ്പികയ്ക്കും നിശ്ചിതമായ (2 ഷി സ്വർണ്ണം എന്ന) നിരക്കനുസരിച്ചുതന്നെ കൂടുതൽ സ്റ്റർലിങ്ങു കൊടുക്കേണ്ടിവരുമെന്നാണ് മുകളിൽ ചേർത്ത ഉദാഹരണം കാണിക്കുന്നത്. ആദ്യം പത്തുറുപ്പിക ഒരു പൗണ്ട് സ്റ്റർലിങ്ങായിരുന്നു. ഇപ്പോളത് ഒന്നരപൗണ്ട് സ്റ്റർലിങ്ങായി വർദ്ധിച്ചു. 2 ഷി. സ്വർണ്ണം എന്നു വച്ചാൽ സ്റ്റർലിങ് രൂപത്തിൽ നിലവിലുള്ള കറൻസി 2 ഷി. 10 പെൻസിലധികമായിരിക്കും. ഇങ്ങനെ സ്റ്റെർലിങ്ങിന്റെ വിലയിടിവിനനുസരിച്ച് റിവേർസു കൗൺസിലിന്റെ ഉടമസ്ഥൻമാർക്ക് കൂടുതൽ പണം കിട്ടും. അതുകൊണ്ടത്രെ ലാഭക്കൊതിയൻമാരായ ബ്രിട്ടീഷുമുതലാളികളും ചൂതാട്ടക്കാരായ സ്പെക്യൂലേറ്റർമാരും തങ്ങളുടെ ഉറുപ്പിക സ്റ്റർലിങ്ങാക്കി മാറ്റാൻ വെമ്പൽ കൊണ്ടത്.

റിവേർസ് കൗൺസിലിന്റെ വിൽപ്പന വഴിക്ക് ഇന്ത്യ കൊള്ളയടിക്കപ്പെടുകയാണ് ചെയ്യുന്നതെന്ന് ഇന്ത്യയിലെ ധനശാസ്ത്രജ്ഞന്മാരും പൊതുപ്രവർത്തകൻമാരും ആക്ഷേപിക്കുകയുണ്ടായി. ഇതിലത്ഭുതപ്പെടാനില്ല. ലണ്ടനിലുള്ള ഇന്ത്യയുടെ പണം 16 പെൻസ് നിരക്കിലാണ് നിക്ഷേപിച്ചിരുന്നത്. അതായത് ലണ്ടനിൽ ഒരു പൗണ്ട് സ്റ്റർലിങ് നിക്ഷേപിക്കാൻ നമ്മൾ 15 ക വിലയ്ക്കുള്ള ചരക്കുകളാണ് വിൽക്കേണ്ടിവന്നിരുന്നത്. എന്നാൽ വിനിമയനിരക്ക് 24 പെൻസ് (സ്വർണ്ണം) ആവുകയും ആ നിരക്കു സ്ഥിരമാക്കി നിർത്താൻ വേണ്ടി റിവേർസ് കൗൺസിൽ ബില്ലുകൾ വിൽക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ ഒരു പൗണ്ട് സ്റ്റർലിങ്ങ് സുമാർ 7 ക.യ്ക്ക് കിട്ടാൻ തുടങ്ങി. 15 ക. നിരക്കിൽ ലണ്ടനിൽ ശേഖരിച്ചുവച്ച സ്വത്തുക്കൾ 7 ക. നിരക്കിൽ വിൽക്കുന്നത് കൊള്ളയല്ലെങ്കിൽ പിന്നെ മറ്റെന്താണ്?

ഇന്ത്യയ്ക്ക് ഇതുമൂലമുണ്ടാകുന്ന വമ്പിച്ച നഷ്ടങ്ങൾ പരിഹരിക്കാൻ ഇന്ത്യാ ഗവൺമെന്റ് വല്ല നടപടിയുമെടുത്തുവോ? ഇല്ല. നേരെ മറിച്ച് റിവേർസ് കൗൺസിലുകളുടെ വിൽപന വഴിക്കു വിനിമയനിരക്കിനെ ശാശ്വതമാക്കാനാണവർ ശ്രമിച്ചത്. സ്റ്റെർലിങ്ങ് സെക്യൂരിറ്റി പേപ്പർ കറൻസി റിസർവ്വിലെ ട്രഷറി ബില്ലുകളും മറ്റും വില കുറച്ചു വിറ്റിട്ടെങ്കിലും കൃത്രിമമായ ഒരു വിനിമയനിരക്കിന്റെ മാനം കാക്കണമെന്നായിരുന്നു അവർ ആഗ്രഹിച്ചത്. 1920-ന്റെ ആരംഭം മുതൽ സെപ്തംബർ മാസം അവസാനമാകുമ്പോഴേയ്ക്കും പേപ്പർ കറൻസി റിസർവ്വിൽ നിന്ന് £554 മില്യൺസ് ഇങ്ങനെ കൊടുത്തുകഴിഞ്ഞു. പകരമായി കിട്ടിയ ഉറുപ്പികയുടെ സ്റ്റർലിങ്ങു വിലയാകട്ടെ £25 മില്യൺ മാത്രമായിരുന്നു. പക്ഷേ എന്തായിട്ടും, ഉറുപ്പികയുടെ വിനിമയനിരക്കു സ്ഥിരമാക്കി നിർത്തുകയെന്ന കാര്യം അത്ര എളുപ്പമുള്ളതായിരുന്നില്ല.

പത്തുറുപ്പികയ്ക്ക് ഒരു സോവറിൻ എന്ന തോതിൽ സോവറിൻ വാങ്ങാൻ ഗവൺമെന്റ് തയ്യാറായെന്നത് ശരിതന്നെ. എന്നാൽ അതേ നിരക്കിൽ ഉറുപ്പികയ്ക്കു പകരം സ്റ്റർലിങ്ങുകൊടുക്കാൻ ഗവൺമെന്റിനിഷ്ടമുണ്ടായിരുന്നില്ല. കാരണം, സോവറിന്റെ മാർക്കറ്റുവില 10 കായേക്കാളധികമായിരുന്നു. ഉദാഹരണത്തിന്, 1921 ആഗസ്റ്റ് 1നു ഉറുപ്പികയുടെ വിനിമയനിരക്ക് സ്റ്റർലിങ്ങ് കണക്കിൽ 15 13/22 പെൻസും (ഔദ്യോഗികനിരക്കല്ല, മാർക്കറ്റ് നിരക്ക് — നിയമപ്രകാരം 24 പെൻസുതന്നെ) അതേസമയത്ത് സ്വർണ്ണക്കണക്കിൽ 11 1/23 പെൻസുമായിരുന്നു. പുതിയ നിരക്കനുസരിച്ച് സ്വർണ്ണത്തിന്റെ വില തോലയ്ക്കു 15 ക. 14 ണ. 0 പ. ആകേണ്ടതായിരുന്നു. പക്ഷേ, അതുണ്ടായില്ല. മാർക്കറ്റിൽ 22.25 കയായിരുന്നു സ്വർണ്ണത്തിന്റെ വില. ഈ സ്ഥിതിയിൽ ഉറുപ്പികയ്ക്ക് 2 ഷില്ലിങ്ങ് സ്വർണ്ണം എന്ന നിരക്ക് നിലനിൽക്കുകയെന്നു വച്ചാൽ മാർക്കറ്റു നിലവാരത്തേക്കാൾ കുറഞ്ഞവിലയ്ക്കു സ്വർണ്ണം കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകേണ്ടിവരിക എന്നർത്ഥമാണ്.

ഒരു സോവറിനു മാർക്കറ്റിൽ പത്തുറുപ്പിയേക്കാളധികം വിലയുള്ളിടത്തോളം കാലം ഉറുപ്പികയുടെ വിനിമയനിരക്ക് 2 ഷില്ലിങ്ങായി അധികകാലം നിലനിൽക്കുകയില്ലെന്ന് ഗവൺമെന്റ് മനസ്സിലാക്കി. എന്നാൽ വിനിമയനിരക്ക് താഴ്ത്തുവാൻ അവർ തയ്യാറായോ? ഇല്ല. നേരെമറിച്ച് ഉറുപ്പികയുടെ പ്രചാരം കൃത്രിമമായി കുറയ്ക്കുവാനും അങ്ങനെ അതിന്റെ വില വർദ്ധിപ്പിക്കാനും ശ്രമിക്കുകയാണവർ ചെയ്തത്. പുതിയ കറൻസിയുടെ നിർമ്മാണം മിക്കവാറും നിർത്തൽ ചെയ്യപ്പെട്ടു. നിലവിലുള്ള പണം തന്നെയും പിൻവലിപ്പിക്കാൻ തുടങ്ങി. സാധാരണയായി പ്രചാരത്തിലുള്ള ഉറുപ്പിക വർദ്ധിക്കുമ്പോൾ പണപ്പെരുപ്പവും പ്രചാരത്തിൽനിന്ന് ഉറുപ്പിക പിൻവലിയുമ്പോൾ പണസങ്കോചനവും ഉണ്ടാകുമെന്ന് പറയാം. മുമ്പൊരദ്ധ്യായത്തിൽ വിവരിച്ചപോലെ ഇന്ത്യാസെക്രട്ടറി ഗവൺമെന്റിന്റെ പേരിൽ ഹുണ്ടിവിൽക്കുകയും ആ ഹുണ്ടി മാറ്റാൻ വേണ്ടി ഇന്ത്യാ ഗവൺമെന്റ് ഉറുപ്പിക കൊടുക്കുകയും ചെയ്യുമ്പോൾ കറൻസിക്കു പെരുപ്പമുണ്ടാകുന്നു. നേരെമറിച്ച്, ഇന്ത്യാഗവൺമെന്റ് ജനങ്ങളിൽ നിന്ന് ഉറുപ്പിക വാങ്ങി റിവേർസ്സു കൗൺസിൽ വിൽക്കുമ്പോൾ പണത്തിന് സങ്കോചനമുണ്ടാകുന്നു. അതുകൊണ്ടത്രേ റിവേർസ് കൗൺസിലുകൾ ധാരാളമായി വിൽക്കാൻ ഗവൺമെന്റ് തയ്യാറായത്. 1920 ജനുവരി 1 മുതൽ 1924 ആഗസ്റ്റ് വരെ ഇപ്രകാരം 45.75 കോടി ഉറുപ്പിക പ്രചാരത്തിൽ നിന്ന് പിൻവലിക്കുകയുണ്ടായി. മാർക്കറ്റിൽ ഉറുപ്പികയ്ക്കുള്ള ക്ഷാമം വർദ്ധിച്ചു. ബാങ്ക്റെറ്റ് 5 ശതമാനമായിരുന്നത് 1923-ൽ 9 ശതമാനമായി വർദ്ധിച്ചു. ഈ സ്ഥിതി വ്യവസായങ്ങളുടെ വളർച്ചയെ കുറച്ചൊന്നുമല്ല തടസ്സപ്പെടുത്തിയത്. ബങ്കാൾ ചേംബറിന്റെ കമ്മിറ്റി 1924-ൽ ഗവൺമെൻറിനു സമർപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ ഇങ്ങനെ പറയുന്നു:

'അഭിവൃദ്ധിയുള്ള ഏതുരാജ്യത്തിനും കൊല്ലംതോറും കറൻസിയുടെ വർദ്ധനവാവശ്യമാണ്. ഇന്ത്യയിലെ ഇന്നത്തെ പരിതഃസ്ഥിതിയിൽ കറൻസിയുടെ വർദ്ധനവ് സാദ്ധ്യമല്ല. അതുകൊണ്ടാണ് ഉറുപ്പികയ്ക്കു ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നത്. വിനിമയനിരക്ക് 24 പെൻസായതുകൊണ്ട് ഗവൺമെന്റിന്റെ പക്കൽ സോവറിൻ കൊടുത്ത പകരം നോട്ടുവാങ്ങാൻ ആരും ഇഷ്ടപ്പെടുകയില്ല. ഇന്ത്യാ സെക്രട്ടറി കൗൺസിൽ ബിൽ വിൽക്കുന്നതുകൊണ്ടുണ്ടാകാറുള്ള കറൻസി വർദ്ധനവും അടുത്തകാലത്തായി നിന്നുപോയിരിക്കുന്നു. ഈ ഹുണ്ടികൾ മാറ്റി ഉറുപ്പികയാക്കുന്നതു കറൻസിറിസർവ്വിൽ നിന്നാണെങ്കിൽ കറൻസി വർദ്ധിക്കുമായിരുന്നു. പക്ഷേ, ഇമ്പീരിയൽ ബാങ്കിൽ ഒരു കണക്കുബുക്കിൽ വരവുപിടിക്കുകയും മറ്റൊരു കണക്ക

ബുക്കിൽ ചേർക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. ഒരു തരത്തിലും കറൻസിയുടെ തുക വർദ്ധിക്കുന്നില്ല.'

എന്നാൽ ഈ ആക്ഷേപങ്ങളൊന്നും അധികൃതൻമാർ ചെവികൊള്ളുകയുണ്ടായില്ല. ഗവൺമെന്റിന്റെ ഈ ആപൽക്കരമായ നയത്തെപ്പറ്റി സർ. സ്റ്റാൻലി റീഡ് ഇങ്ങനെ എഴുതുകയുണ്ടായി:

'വിനിമയ വ്യവസ്ഥ ഉറപ്പിക്കുവാൻ വേണ്ടി രൂപവൽക്കരിച്ച ഈ നയം വാസ്തവത്തിൽ വിനിമയനിരക്കുകളെ താറുമാറാക്കുകയാണ് ചെയ്തത്. ഈ നയത്തിന്റെ ഫലമായി ഗവൺമെന്റിനു വമ്പിച്ച നഷ്ടം നേരിട്ടു. കച്ചവടത്തിൽ കുഴപ്പമുണ്ടായി. നൂറ്റക്കണക്കിനുള്ള വലിയ വ്യാപാരികൾ പാപ്പരത്തത്തിന്റെ വക്കത്തെത്തി.'

റിവേർസ് കൗൺസിലുകളുടെ വിൽപന തുടങ്ങിയത് 1920 ഫെബ്രുവരിയിലാണ്. ആ സമയത്ത് വെള്ളിയുടെ വില 82 പെൻസും 89മ്മ പെൻസിനുമിടയിലായിരുന്നു. എന്നാൽ ഫെബ്രുവരിക്കുശേഷം വെള്ളിയുടെ വില ക്രമത്തിൽ കുറയാൻ തുടങ്ങി. ചൈന മുതലായ രാജ്യങ്ങളിൽ വെള്ളിക്കുള്ള ഡിമാൻറ് കുറഞ്ഞതും യൂറോപ്യൻ മിൻറുകൾ വെള്ളിവാങ്ങുന്നത് നിർത്തിയതും ഫ്രാൻസു തുടങ്ങിയ ചില രാജ്യങ്ങൾ തങ്ങളുടെ വെള്ളി കറൻസി മുഴുവൻ ഉരുക്കി വിറ്റതും ലോകമൊട്ടുക്കു പടർന്നു പിടിച്ച പൊതുവിലയിടിവും മറ്റും മറ്റും വെള്ളിയുടെ വിലയിടിവിനു കാരണങ്ങളത്രേ. വെള്ളിയുടെ വിലയോടൊപ്പം ഉറുപ്പികയുടെ വിലയും ഇടിയാൻ തുടങ്ങി.

എന്തായിട്ടും റിവേർസ് കൗൺസിലുകൾക്കാകട്ടെ മറ്റു സൂത്രപ്പണികൾക്കാകട്ടെ വിനിമയനിരക്കിന്റെ സ്ഥിതിയെ കാത്തുരക്ഷിക്കാൻ കഴിഞ്ഞില്ല. ഉറുപ്പികയ്ക്ക് 2 ഷി. സ്വർണ്ണം എന്ന വിനിമയനിരക്ക് നിലനിർത്താൻ സാധിക്കില്ലെന്നു തീർച്ചപ്പെട്ടപ്പോൾ ഗവൺമെന്റ് ഉറുപ്പികയ്ക്ക് 2 ഷി. സ്റ്റർലിങ്ങ് എന്ന തോതു നിലനിർത്താൻ ശ്രമിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ല. ധനശാസ്ത്രസിദ്ധാന്തങ്ങളുടെ പ്രവർത്തനത്തെ റിവേർസ് കൗൺസിലുകളുടെ വിൽപനകൊണ്ട് തടയാൻ ഗവൺമെന്റിനു സാധ്യമായില്ല. ഉറുപ്പികയുടെ വെള്ളിവില ഇടിഞ്ഞുകൊണ്ടേവന്നു. ഒടുവിൽ വമ്പിച്ച നഷ്ടങ്ങൾ സഹിച്ചതിനുശേഷം 1920 സെപ്റ്റംബർ അവസാനത്തിൽ റിവേർസ് കൗൺസിലുകളുടെ വിൽപന തൽക്കാലം നിർത്തിവെക്കുക തന്നെ ചെയ്യേണ്ടിവന്നു. ഉറുപ്പികയുടെ കൃത്രിമമായ നിരക്കു നിലനിർത്താനുള്ള ഉദ്യമത്തിൽനിന്ന് അവർ തൽക്കാലം വിരമിച്ചു. അതിനുശേഷം 1926 വരേയും വിനിമയനിരക്കിനെ പരിപൂർണമായും മാർക്കറ്റുശക്തികളുടെ പ്രവർത്തനത്തിനു വിട്ടുകൊടുക്കുകയാണ് ഗവൺമെന്റ് ചെയ്തത്. ഉറുപ്പികയുടെ സ്റ്റർലിങ്ങ് നിലവാരവും സ്വർണനിലവാരവും ഏതു തരത്തിലാണു മാറ്റിക്കൊണ്ടുവന്നതെന്നു നോക്കുക.

| | സ്റ്റർലിങ്ങ് | സ്വർണ്ണം |
|---|---|---|
| 1921 ജനുവരി 1 | 17 1/4 പെൻസ് | 12 15/32 പെ. |
| 1922 ടി | 15 15/16 ടി | 13 25/32 ടി |
| 1923 ടി | 16 1/32 ടി | 15 3/32 ടി |
| 1924 ടി | 17 5/32 ടി | 15 1/32 ടി |
| 1925 ടി | 18 1/16 ടി | 17 21/32 ടി |

ഇങ്ങനെ 1925 ഏപ്രിൽ ആകുമ്പോഴേയ്ക്കും 18 പെൻസ് സ്റ്റർലിങ്ങും 18 പെൻസ് സ്വർണ്ണവും സമമായിത്തീർന്നു. ഈയവസരത്തിലാണ് ഇംഗ്ലണ്ട് സ്വർണ്ണമാനവ്യവസ്ഥയിലേക്കു മടങ്ങിയത്.

ഇന്ത്യയിലും ഉറുപ്പികയുടെ വിനിമയനിരക്ക് 8 പെൻസാക്കി നിലനിർത്തുവാൻ ഗവൺമെന്റ് പരിശ്രമിച്ചു. വിനിമയനിരക്കു കൂടുതൽ ഉയരുന്നതിനെ തടയാൻവേണ്ടി ഇന്ത്യയിൽ സ്റ്റർലിങ്ങു വാങ്ങുക എന്നൊരു നയം അവർ സ്വീകരിച്ചു. ഇന്ത്യയിൽ സ്റ്റർലിങ്ങു വാങ്ങലും ലണ്ടനിൽ കൗൺസിൽ ഡ്രാഫ്റ്റുകൾ വിൽക്കലും ഒരേ ഫലമാണുളവാക്കുക. സ്റ്റർലിങ്ങ് വാങ്ങുകയെന്ന നയം എക്സ്ചേഞ്ച് മാർക്കറ്റിലെ കയറ്റിറക്കങ്ങൾ നിയന്ത്രിക്കാൻ ഗവൺമെന്റിനെ സഹായിച്ചു. 1924 മുതൽക്കു കൗൺസിൽ ഡ്രാഫ്റ്റുകൾ വില്ക്കുക എന്ന സമ്പ്രദായം ക്രമത്തിൽ നാമാവശേഷമാവുകയും അതിന്റെ സ്ഥാനത്ത് സ്റ്റർലിങ്ങു വാങ്ങൽ വഴി വിനിമയമാർക്കറ്റു നിയന്ത്രിക്കുന്ന നയം നടപ്പിൽവരികയും ചെയ്തു.

## 8 ഹിൽട്ടൺയങ്ങ് കമ്മീഷൻ

1921-ന്റെ അവസാനമാകുമ്പോഴേയ്ക്കും ഉറുപ്പികയുടെ വിനിമയനിരക്ക് 1 ഷി. 4 പെ. ആയിക്കഴിഞ്ഞിരുന്നു. നിരക്ക് 1 ഷി 4 പെൻസാക്കി സ്ഥിരപ്പെടുത്തണമെന്ന് ഈയവസരത്തിൽ ഇന്ത്യൻ വർത്തകതാൽപര്യങ്ങൾ ആവശ്യപ്പെടുകയുണ്ടായി. പക്ഷേ, എന്തായിട്ടും അധികൃതന്മാർ കുലുങ്ങിയില്ല. സങ്കോചനപദ്ധതികൾ വഴിക്ക് ഉറുപ്പികയുടെ നിരക്ക് വർദ്ധിപ്പിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. 1925 ആകുമ്പോഴേയ്ക്കും നിരക്ക് 1 ഷി. 6 പെൻസിനടുത്തെത്തി. ഉറുപ്പികയുടെ നിരക്ക് ഇനിയുമധികം വർദ്ധിക്കുന്നത് ആപൽക്കരമാണെന്ന് ഇന്ത്യാ ഗവൺമെന്റിനുപോലും ബോധ്യപ്പെട്ടു. 1924 ഒക്ടോബർ എട്ടിന് ഇന്ത്യാ ഗവൺമെന്റ് ഇന്ത്യാസെക്രട്ടറിക്കയച്ച ഒരു കേബിളിൽ ഇങ്ങനെ പറയുന്നു:

‘ഉറുപ്പികയുടെ നിരക്ക് 18 പെൻസിനേക്കാളധികമാക്കാനുള്ള എല്ലാ ശ്രമങ്ങളെയും തടയേണ്ടതാണെന്ന് ഞങ്ങൾക്ക് ബോധ്യം വന്നിരിക്കുന്നു. കറൻസിക്ക് സങ്കോചനമുണ്ടാക്കാൻ ഗവൺമെന്റെടുത്ത നയമാണ് മാർക്കറ്റിലെ ക്ഷാമത്തിന് കാരണം. ഈ നയത്തിനെതിരായ പ്രക്ഷോഭം വർധിച്ചു കൊണ്ടുവരികയാണ്.’

പക്ഷേ, ഈ താക്കീതുകളൊന്നും ഇന്ത്യാ സെക്രട്ടറിയുടെ ചെവിയിൽ പെട്ടെന്നു കടക്കുകയുണ്ടായില്ല. ഇന്ത്യാഗവൺമെന്റ് വീണ്ടും വീണ്ടും നിർബന്ധിച്ചപ്പോൾ മാത്രമാണ് പുതിയൊരു കമ്മീഷനെ നിയമിക്കാൻ അദ്ദേഹം ഒരുങ്ങിയത്.

1925 ആഗസ്റ്റിൽ എഡ്വേർഡ് ഹിൽട്ടൺയങ്ങിന്റെ അധ്യക്ഷതയിൽ നിയമിക്കപ്പെട്ട ഈ പുതിയ കമ്മീഷന്റെ റിപ്പോർട്ട് 1926-ൽ പുറത്തുവന്നു. റിപ്പോർട്ടിൽ താഴെ കൊടുത്ത ശുപാർശകളാണ് അടങ്ങിയിരുന്നത്.

1. സോവറിനുള്ള ലീഗൽ ടെൻഡർ പദവി എടുത്തുകളയണം. ഇന്ത്യയിലെ ആവശ്യങ്ങൾക്കു സ്വർണ്ണനാണ്യങ്ങളല്ല കറൻസി നോട്ടുകളും വെള്ളിയുറുപ്പികയുമാണ് ഉപയോഗിക്കേണ്ടത്. പക്ഷേ, നിശ്ചിതനിരക്കിൽ ഉറുപ്പികയ്ക്കു പകരം സ്വർണ്ണവാളങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യാൻ കറൻസി അധികൃതർ ഏർപ്പാട് ചെയ്യണം. 2. കറൻസിയുടെ നിയന്ത്രണവും ക്രമീകരണവും നടത്തുവാനുതകുന്ന ഒരു സെൻട്രൽബാങ്ക് സ്ഥാപിക്കണം. 3. ഉറുപ്പികയുടെ വിനിമയനിരക്ക് 1 ഷി. 6 പെൻസാക്കി ഉറപ്പിക്കണം. 4. ഒറ്റയുറുപ്പിക നോട്ടുകൾ വീണ്ടും അടിച്ചിറക്കുകയും അവയെ ലീഗൽ ടെണ്ടറാക്കുകയും വേണം. 5. പേപ്പർ കറൻസി റിസർവ്വും ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വും കൂട്ടിച്ചേർക്കണം. ഒട്ടാകെയുള്ള റിസർവ്വിന്റെ 40 ശതമാനമെങ്കിലും സ്വർണ്ണമോ സ്വർണ്ണനിക്ഷേപങ്ങളോ ആയിരിക്കണം.

## ഗോൾഡ് ബുള്ളിയൻ സ്റ്റാൻഡേർഡ്

കമ്മീഷന്റെ അഭിപ്രായത്തിൽ ഇന്ത്യയുടെ കാലാവസ്ഥയ്ക്ക് ഏറ്റവും പറ്റിയത് സ്വർണ്ണമാനമല്ല, ഗോൾഡ് ബുള്ളിയൻ സ്റ്റാൻഡേർഡ് എന്ന ഒരു വിചിത്രമായ വ്യവസ്ഥയാണ്. റിപ്പോർട്ടിലെ 54-ാം പാരയിൽ തങ്ങളുടെ ഈ വ്യവസ്ഥയെ അവർ വിവരിക്കുന്നു:

'ഞങ്ങളുടെ നിർദ്ദേശത്തിന്റെ സ്വത്ത് ഇതാണ്: കറൻസിനോട്ടുകളും വെള്ളിയുറുപ്പികയും ഇന്നത്തെപ്പോലെതന്നെ ഇന്ത്യയിലെ വിനിമയമാർഗ്ഗമായി പ്രചരിക്കണം. ആവശ്യമാകുമ്പോൾ കറൻസിയെ നേരിട്ട് സ്വർണ്ണമായി മാറ്റത്തക്ക നിലയിൽ നിർത്തുകയും അങ്ങനെ സ്വർണ്ണത്തെ ആസ്പദിച്ചുള്ള കറൻസിവ്യവസ്ഥയുടെ സ്ഥിരത പാലിക്കപ്പെടുകയും വേണം. എന്നാൽ സ്വർണ്ണം നാണയമായി പ്രചരിക്കാൻ പാടില്ല. അത് ആദ്യം പ്രചരിക്കാനും പാടില്ല; എന്നും പ്രചരിക്കേണ്ട ആവശ്യമില്ല.'

കറൻസി സ്വർണ്ണമാക്കി മാറ്റാൻ നാട്ടുകാർക്കവകാശമുണ്ടെന്ന് കമ്മിറ്റി പറയുന്നു. പക്ഷേ, ഇന്ത്യയിലെ ആവശ്യങ്ങൾക്കു വേണ്ടി സ്വർണ്ണം ചോദിക്കാൻ പാടില്ല. വിദേശങ്ങളിലെ അടവുകൾക്ക് വേണമെങ്കിൽ കിട്ടുന്നതാണ്. അതുതന്നെയും 400 ഔൺസ് പരിശുദ്ധ സ്വർണ്ണത്തിൽ കുറഞ്ഞു യാതൊരു സംഖ്യയും മാറ്റുന്നതല്ല! 400 ഔൺസ് എന്നുവച്ചാൽ 1066 2/3 തോല. തോലയ്ക്ക് 21.75 ക പ്രകാരം കണക്കാക്കുകയാണെങ്കിൽ 23,200 ക. സ്വർണ്ണമാക്കി മാറ്റാവുന്നതാണ്! ഇത്ര വലിയ സംഖ്യ സ്വർണ്ണമാക്കി മാറ്റാൻ വല്ല ധനികനോ കച്ചവടക്കാരനോ ആഗ്രഹിക്കുന്നുണ്ടെങ്കിൽത്തന്നെ സ്വർണ്ണത്തിനു പകരം സ്വർണ്ണവിനിമയം (സ്റ്റർലിങ്ങ്) കൊടുക്കാൻ കറൻസി അധികൃതർക്ക് അധികാരമുണ്ടായിരിക്കും! ഇതാണ് സ്വർണ്ണവാളവ്യവസ്ഥ.

## വിനിമയനിരക്ക്

കമ്മിഷനിലെ ഒരംഗമായ സർ. പുരുഷോത്തംദാസ് തക്കുർദാസ് ഭൂരിപക്ഷത്തിനെതിരായി ഒരു 'ഭിന്നാഭിപ്രായക്കുറിപ്പ്' സമർപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആക്ഷേപം വിനിമയനിരക്കിനെപ്പറ്റിയായിരുന്നു. ഭൂരിപക്ഷക്കാർ അഭിപ്രായപ്പെട്ടത് ഉറുപ്പികയുടെ വിനിമയനിരക്ക് 18 പെൻസാക്കണമെന്നാണ്. (ഈ നിരക്കനുസരിച്ച് ഒരുറുപ്പിക 8.47 ഗ്രേൻ പരിശുദ്ധ സ്വർണ്ണത്തിനു സമമായിരിക്കും.) ഇത്ര ഉയർന്ന നിരക്ക് ഇന്ത്യയിലെ ഉൽപാദകന്മാർക്ക് ഹാനികരമാണെന്നും ഇന്ത്യയിലെ ബ്രിട്ടീഷുദ്യോഗസ്ഥൻമാർക്കു മാത്രമേ അതുകൊണ്ട് ലാഭമുണ്ടാവുകയുള്ളുവെന്നും അതുകൊണ്ട് ഉറുപ്പികയുടെ നിരക്ക് 16 പെൻസായിരിക്കണമെന്നും സർ പുരുഷോത്തംദാസ് വാദിച്ചു.

1927 മാർച്ച് 27 ഉം 28 ഉം തീയതികളിൽ അസംബ്ലിയിൽ വച്ച് കറൻസിനയത്തെപ്പറ്റിയുള്ള ഒരു വലിയ വാദപ്രതിവാദം നടന്നു. ഉറുപ്പികയുടെ നിരക്ക് 18 പെൻസാക്കി സ്ഥിരപ്പെടുത്തണമെന്ന് ഒരു ബില്ലവതരിപ്പിക്കപ്പെട്ടു. 16 പെൻസാവുകയാണെങ്കിൽ ചരക്കുകളുടെ വില വല്ലാതെ വർദ്ധിക്കുമെന്നും അതുകൊണ്ട് നാട്ടുകാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നും മറ്റും ധനകാര്യമെമ്പർ സർ. ബേസിൻ ബ്ലാക്കറ്റ് മുതലകണ്ണുനീരൊഴുക്കി.

അസംബ്ലിയിൽ ആ സമയത്ത് നാട്ടുകാരെ പ്രതിനിധീകരിക്കുന്ന മൂന്നു പാർട്ടികളാണുണ്ടായിരുന്നത്. — പണ്ഡിത് മോട്ടിലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള സ്വരാജ്യപാർട്ടിയും പണ്ഡിത് മദനമോഹനമാളവ്യയുടെ നേതൃത്വത്തിലുള്ള നേഷണലിസ്റ്റ് പാർട്ടിയും ജിന്നയുടെ നേതൃത്വത്തിലുള്ള സ്വതന്ത്ര പാർട്ടിയും. 18 പെൻസു

നിരക്കിനെ എല്ലാ കക്ഷിക്കാരും എതിർത്തുവെന്നതു പ്രസ്താവ്യമാണ്. ധനകാര്യമെമ്പറുടെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് പണ്ഡിത് മാളവ്യ പറഞ്ഞു:

'ധനകാര്യമെമ്പർ പറയുന്ന ഈ നിരക്ക് രണ്ടുകൊല്ലമായി നിലനിന്നുവരുന്ന ഒന്നാണെന്ന്. ദൈവത്തെ വിചാരിച്ച് ഇനിയിതിൽ മാറ്റമൊന്നും വരുത്തരുതേ എന്നാണദ്ദേഹം പറയുന്നത്! 1924-ൽ ത്തന്നെ വിനിമയനിരക്ക് ഉറപ്പിക്കാൻ ഞങ്ങളാവശ്യപ്പെടുകയുണ്ടായി, എന്ന വാസ്തവം അദ്ദേഹം മറന്നുപോയപോലെ നടിക്കുന്നു. വിനിമയ നിരക്ക് 16 പെൻസാക്കണമെന്ന് ഞങ്ങളപ്പോൾ അഭിപ്രായപ്പെട്ടു. അതെന്തുകൊണ്ടു സ്വീകരിച്ചില്ല? ഈ വിഷയത്തെപ്പറ്റിയാലോചിക്കാൻ ഒരു റോയൻകമ്മിഷനെ നിയമിക്കണമെന്ന അഭിപ്രായംപോലും അദ്ദേഹത്തിനു സ്വീകാര്യമായിരുന്നില്ല. പിന്നീട് ഈ അഭിപ്രായം സ്വീകരിച്ചു. പക്ഷേ, പൊതുജനാഭിപ്രായത്തെ അവഹേളിച്ചുകൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ പേരുകൾ പ്രസിദ്ധംചെയ്തപ്പോൾതന്നെ ഞങ്ങൾക്കു മനസ്സിലായി, ഗവൺമെന്റിനനുകൂലമായ ശുപാർശകൾ മാത്രമേ പുറത്തുവരികയുള്ളുവെന്ന്. വിനിമയനിരക്ക് 18 ഔൺസാക്കുവാനാണഭിപ്രായപ്പെടുക, എന്നു ഞങ്ങൾക്ക് അപ്പോൾതന്നെ ബോധ്യമായി.'

നാട്ടുകാരുടെ പ്രതിനിധികളെല്ലാംതന്നെ 18 പെൻസു നിരക്കിനെ എതിർത്തു. എന്നിട്ടും ഗവൺമെന്റിന്റെ തീരുമാനം 3 വോട്ടുകൊണ്ട് പാസ്സായി. (അനുകൂലമായി 68-ഉം എതിരായി 65-ഉം വോട്ടുകൾ) അസംബ്ലിയുടെ ഘടന പരിശോധിച്ചാൽ ഇതിലത്ഭുതമില്ലെന്നു കാണാം. എന്തെന്നാൽ ഗവൺമെന്റിനു വോട്ടുകൊടുത്തവരിൽ മിക്കവരും നോമിനേറ്റഡ് മെമ്പർമാരായിരുന്നു.

ഇന്ത്യയിലെ വ്യവസായനേതാക്കൻമാരും ദേശീയബോധമുള്ള ധനശാസ്ത്രജ്ഞൻമാരുമെല്ലാം 18 പെൻസ് നിരക്കിനെ കഠിനമായെതിർത്തു. അവരുടെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

ഉയർന്ന വിനിമയനിരക്ക് ഒരു രാജ്യത്തിലെ അനുകൂല പരിതസ്ഥിതിയെ പ്രതികൂലമാക്കി മാറ്റുകയും സ്വർണ്ണമോ സെക്യൂരിറ്റികളോ അഥവാ അവ രണ്ടുമോ പുറംരാജ്യങ്ങളിലേക്കു കയറ്റി അയയ്ക്കാനിടവരുത്തുകയും ചെയ്യും. ഇന്ത്യയുടെ വ്യവസായാഭിവൃദ്ധിക്കു കറൻസിയുടെ മൂല്യാപചയനം ആവശ്യമാണ്. കറൻസിയുടെ മൂല്യാപചയനം ഇറക്കുമതികളെ കുറയ്ക്കുകയും കയറ്റുമതികൾക്കു പ്രചോദനം നൽകുകയും ചെയ്യും. സ്വന്തം ചരക്കുകളെ താരതമ്യേന കുറഞ്ഞവിലയ്ക്കു വിറ്റു വിദേശമാർക്കറ്റിലെ മത്സരത്തിൽ വിജയം നേടാൻ അതുസഹായിക്കും. അതുകൊണ്ട് ഉറുപ്പികയുടെ വിനിമയനിരക്കു 16 പെൻസാക്കേണ്ടതാവശ്യമാണ്.

ഇന്ത്യൻ വ്യവസായികളുടേയും ധനശാസ്ത്രപണ്ഡിതൻമാരുടെയും ഈ അഭിപ്രായങ്ങൾ ഏറ്റവും മിതമായിരുന്നു. ഉയർന്ന വിനിമയനിരിക്ക് ഇന്ത്യൻ വ്യവസായങ്ങൾക്ക് ഹാനികരമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, വിനിമയനിരക്ക് 18 പെൻസോ അതോ 16 പെൻസോ എന്നതല്ല, ഇന്ത്യയുടെ കറൻസിനയം രൂപവൽക്കരിക്കാനും നിയന്ത്രിക്കാനും ഇന്ത്യയ്ക്കു പരിപൂർണ്ണാധികാരമുണ്ടായിരിക്കണോ വേണ്ടയോ എന്നതാണ് രാജ്യത്തിന്റെ മുന്നിലുള്ള പ്രധാന പ്രശ്നം. ഇന്ത്യയെ എന്നെന്നും ഒരു കോളനിയാക്കിവയ്ക്കാനാഗ്രഹിക്കുന്ന ബ്രിട്ടീഷുകുത്തക മുതലാളികൾ ഇന്ത്യയുടെ കറൻസിയെ നിയന്ത്രിക്കുന്നിടത്തോളം കാലം ഇന്ത്യയ്ക്കഭിവൃദ്ധിയുണ്ടാവുകയില്ലെന്ന വാസ്തവം മനസ്സിലാക്കുന്നതിനുപകരം വിനിമയനിരക്കിൽ ചില്ലറ മാറ്റങ്ങൾ വരുത്തണമെന്നു വാദിച്ചു തൃപ്തിപ്പെടാനാണ് അവരൊരുങ്ങിയത്. ഉറുപ്പികയെ 'പൗണ്ട് സ്റ്റെർലിങ്ങിന്റെ' കൂട്ടുകെട്ടിൽ നിന്നു മോചിപ്പിച്ച് ഒരു സ്വതന്ത്ര കറൻസിയാക്കണമെന്നു വാദിക്കാൻപോലും അവർ തയ്യാറായില്ല.

എന്നാൽ, അധികൃതന്മാരുടെ നിലയെന്തായിരുന്നു? ഇന്ത്യൻ നേതാക്കൻമാരുടെ ഏറ്റവും മിതമായ അഭിപ്രായങ്ങളെപ്പോലും അവഗണിച്ചുകൊണ്ട് ഹിൽട്ടൺയങ്ങ് കമ്മിഷന്റെ ശുപാർശകളെ ബലാൽക്കാരമായി നടപ്പിൽ വരുത്താനാണവർ ഒരുങ്ങിയത്. 1927 ലെ കറൻസി ആക്ട് പ്രകാരം ഉറുപ്പികയുടെ വിനിമയനിരക്കു 18 പെൻസാക്കി ഉറപ്പിക്കപ്പെട്ടു. ഈ നിരക്ക് നിലനിർത്താൻ വേണ്ടി തോലയ്ക്കു 21 ക. 3 ണ. പ്രകാരം സ്വർണ്ണം വാങ്ങാനും ലണ്ടനിലെ അടവുകൾക്കു 1065 തോല (400 ഔൺസ്)യിൽ കുറയാത്ത തുകയ്ക്കുള്ള സ്വർണ്ണമോ സ്റ്റർലിങ്ങോ വിൽക്കുവാനും ഗവൺമെന്റു തയ്യാറായി. പക്ഷേ, വിൽപനയുടെ കാര്യത്തിൽ സ്വർണ്ണമോ സ്റ്റർലിങ്ങോ ഏതാണാവശ്യമെന്നു തീരുമാനിക്കാൻ കറൻസിയുടെ കൺട്രോളർക്കു പൂർണാധികാരമുണ്ടായിരുന്നു. ക്രമത്തിൽ ഉറുപ്പികയ്ക്കുപകരം സ്റ്റർലിങ്ങേ കിട്ടുകയുള്ളു വെന്നായി. ഇങ്ങനെ പുതിയ രൂപത്തിൽ സ്റ്റർലിങ്ങ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡ് വീണ്ടും നടപ്പിൽവന്നു.

### സ്ഥിരീകരണ മാർഗ്ഗങ്ങൾ

നിയമം പാസാക്കാൻ എളുപ്പത്തിൽകഴിഞ്ഞു. പക്ഷേ, ആ നിയമപ്രകാരം ഉറുപ്പികയുടെ വിനിമയനിരക്ക് 18 പെൻസാക്കി നിർത്തുക എന്നത് അത്ര എളുപ്പമായിരുന്നില്ല. കാരണം, നിയമപ്രകാരം ഉറുപ്പികയുടെ വില 18 പെൻസായിരിക്കെ അതിലടങ്ങിയ വെള്ളിയുടെ വില മാർക്കറ്റിൽ ഏതാണ്ട് 16 പെൻസ് മാത്രമായിരുന്നു. ഉറുപ്പികയുടെ നിരക്ക് 18 പെൻസാക്കി നിർത്താൻ അധികൃതന്മാർ അവലംബിച്ച കൃത്രിമമാർഗ്ഗങ്ങൾ ഇവയാണ്.

1. അടിയന്തിരാവശ്യങ്ങൾക്ക് ഇമ്പീരിയൽ ബാങ്കിനു കടംകൊടുക്കുന്ന തുകയുടെ പലിശനിരക്ക് വർദ്ധിപ്പിക്കുക. 2. ട്രഷറി ബില്ലുകൾ ധാരാളമായി വിറ്റു പണത്തിനു സങ്കോചനമുണ്ടാക്കുക. 3. സ്റ്റർലിംങ്ങ് ബില്ലുകൾ വിൽക്കുകയും അതിനാവശ്യമായ ട്രാൻസ്ഫറുകൾക്ക് ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിനേയും പേപ്പർ കറൻസി റിസർവിനേയും ആശ്രയിക്കുകയും ചെയ്യുക.

ഈ കൃത്രിമമായ കറൻസിനയത്തിന്റെ ഫലങ്ങൾ ഭയങ്കരങ്ങളായിരുന്നു. നാട്ടിലെ വ്യവസായങ്ങൾക്കും കച്ചവടത്തിനും (?) നേരിട്ടു വിദേശവ്യാപാരത്തിൽ വമ്പിച്ച നഷ്ടങ്ങളുണ്ടായി. നമ്മുടെ നിക്ഷേപങ്ങളെല്ലാം ഒഴുകിപ്പോകാൻ തുടങ്ങി. ഇന്ത്യയുടെ തലയിൽ വെച്ചുകെട്ടപ്പെട്ട കടഭാരം വർദ്ധിച്ചു. കോടിക്കണക്കിനുള്ള കൃഷിക്കാരുടെ നില ദയനീയമായിത്തീർന്നു. ഈയവസരത്തിലാണ് ലോകമൊട്ടുക്കും (സോവിയറ്റു യൂണിയനൊഴിച്ച്) അതിഭയങ്കരമായ സാമ്പത്തികക്കുഴപ്പം പരന്നുപിടിച്ചത്.

## 9 സാമ്പത്തികക്കുഴപ്പം

സാമ്പത്തികക്കുഴപ്പം എല്ലാ മുതലാളിത്തരാജ്യങ്ങളേയും ബാധിച്ചു. എന്നാൽ സ്വന്തം കറൻസിയേയും വിദേശവ്യാപാരത്തേയും നിയന്ത്രിക്കാനധികാരമില്ലാത്ത ഇന്ത്യയെപ്പോലുള്ള അടിമരാജ്യങ്ങൾ കൂടുതൽ കഷ്ടപ്പാടനുഭവിക്കേണ്ടിവന്നു. സാമ്പത്തികക്കുഴപ്പംകൊണ്ടുള്ള വിലയിടിവ് ഇന്ത്യയിൽ അന്ത്യന്തം ഭയങ്കരമായിത്തീരാനുള്ള പ്രധാനകാരണം കറൻസിയുടെ കൃത്രിമമായ സങ്കോചമാണെന്നു തീർത്തു പറയാവുന്നതാണ്. 1926-ലെ ഹിൽടൺയങ്ങ് കമ്മിഷന്റെ ന്യൂനപക്ഷ റിപ്പോർട്ടിൽ സർ. പുരുഷോത്തംദാസ് ഇങ്ങനെയൊരു താക്കീത് നൽകിയിരുന്നു:

'സ്വർണ്ണത്തിന്റെ വിലയിടിയുകയാണെങ്കിൽ – ഇന്ത്യൻ വിലകളും അതിനെ തുടർന്ന് ഇടിയുമല്ലോ – അതിലും വലിയതോതിലുള്ള ഒരിടിവിനെ, അതായത്, 1 ഷി. 6 പെ. എന്ന നിരക്കിന്റെ പ്രവർത്തനഫലത്തിന്റെയും, ലോകത്തിലാകെ വരുന്ന ഇടിവിന്റെയും ഇരട്ടഫലത്തെ ഇന്ത്യയ്ക്കു നേരിടേണ്ടിവരും.'

താഴെക്കൊടുത്ത കണക്കുകളിൽ നിന്ന് ഇന്ത്യയിലെയും ഇംഗ്ലണ്ടിലേയും വിലയിടിവുകൾ തമ്മിലുള്ള വ്യത്യാസം വ്യക്തമാകും.

| കൽക്കത്ത (1914 ജൂലൈ = 100) | ഇംഗ്ലണ്ട് (1913 = 100) |
|---|---|
| 1929 സെപ്റ്റംബർ — 143 | 135.8 |
| 1930 ടി — 111 | 115.5 |
| 1931 ടി — 91 | 99.2 |
| 1932 ടി — 91 | 102.1 |
| 1933 ടി — 88 | 103.0 |

1931 നുശേഷം ഇംഗ്ലണ്ടിലെ വിലയിടിവു നിലയ്ക്കുകയും വിലകൾ മെല്ലെ മെല്ലെ ഉയരാൻ തുടങ്ങുകയും ചെയ്തു. എന്നാൽ നേരെമറിച്ച്, ഇന്ത്യയിൽ വിലയിടിവ് പൂർവ്വാധികം ദുസ്സഹമായിത്തീരുകയാണുണ്ടായത്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാന സംഗതി ഇറക്കുമതിച്ചരക്കുകളുടെ വിലയേക്കാളധികം കയറ്റുമതിച്ചരക്കുകളുടെ വില ഇടിഞ്ഞുകൊണ്ടിരുന്നുവെന്നതാണ്. നോക്കുക:

കൽക്കത്ത (1914=100)

| | കയറ്റുമതി ചരക്കുകളുടെ വില | ഇറക്കുമതി ചരക്കുകളുടെ വില |
|---|---|---|
| 1929 സെപ്റ്റംബർ | 133 | 150 |
| 1931 ഡിസംബർ | 81 | 124 |
| 1932 ടി | 69 | 115 |
| 1933 ടി | 73 | 112 |

ഇന്ത്യയിൽ നിർമ്മിക്കുന്ന ചരക്കുകളുടെ വിലയാണ് കൂടുതൽ ഇടിഞ്ഞതെന്ന് ഈ കണക്കുകൾ വിളിച്ചുപറയുന്നുണ്ട്. എന്നാൽ ഇതുകൊണ്ട് മാത്രമായില്ല. ഇന്ത്യയിൽ നിർമ്മിക്കുന്ന എല്ലാ ചരക്കുകളുടേയും വിലകൾ ഒരുപോലെയല്ല ഇടിഞ്ഞത് എന്നുകൂടി മനസ്സിലാക്കണം. സംഘടിതമായി പ്രവർത്തിക്കുന്നവയും വിദേശീയ മുതലാളികളുടെ നിയന്ത്രണത്തിലുള്ളവയുമായ വ്യവസായങ്ങൾക്ക് താരതമ്യേന കുറച്ചേ ഹാനി നേരിട്ടുള്ളു. ഉദാഹരണത്തിന് ചായയെടുക്കുക. (കോടിക്കണക്കിലുള്ള ഉറുപ്പിക വിലപിടിച്ച ചായ കൊല്ലംതോറും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്നുണ്ട്.) ഇന്ത്യയുടെ ചായ വ്യവസായത്തിന്റെ ഗണ്യമായ ഭാഗം വിദേശീയ മുതലാളികളുടെ കീഴിലാണ്. കുഴപ്പക്കാലത്ത് അവർ ഇന്ത്യാ ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി ചായയുടെ ഉൽപാദനം കുറയ്ക്കുകയും വിലയിടിവിൽ നിന്നു രക്ഷനേടാനുതകുന്ന മറ്റുവഴികൾ ആരായുകയും ചെയ്തു. 1914-ൽ 100 എന്ന സൂചകസംഖ്യയെ അടിസ്ഥാനമാക്കി നോക്കിയാൽ ചായയുടെ വില 1929 സെപ്റ്റംബറിൽ

129-ഉം 1933 മേയിൽ 74 ഉം 1934 മേയിൽ 147 ഉം ആയിരുന്നുവെന്ന് കാണാം. നേരെ മറിച്ചായിരുന്നു നാട്ടുകാരുൽപ്പാദിപ്പിക്കുന്ന ചരക്കുകളുടെ സ്ഥിതി. അരി, ഗോതമ്പ്, പരുത്തി എന്നിവയുടെ വിലയിടിവ് എത്ര ദയനീയമായിരുന്നുവെന്ന് താഴെചേർത്ത സൂചകസംഖ്യകളിൽ നിന്നു മനസ്സിലാക്കാം.

1914 ജൂലൈ = 100

| | 1929 സെപ്റ്റംബർ | 1933 മെയ് | 1934 മെയ് |
|---|---|---|---|
| അരി | 124 | 60 | 65 |
| ഗോതമ്പ് | 135 | 89 | 72 |
| പരുത്തി | 146 | 84 | 71 |

ചരക്കുകളുടെ വിലയിടിഞ്ഞുവെങ്കിലും നികുതി, പാട്ടം മുതലായവയിൽ പറയത്തക്ക ഇളവുകളൊന്നുമുണ്ടായില്ല. കൃഷിക്കാരുടെ കടഭാരം 1928-29-ൽ 900 കോടി ക.യായിരുന്നത് 1933 ആകുമ്പോഴേയ്ക്കും 1200 കോടിയായി വർദ്ധിച്ചു. പട്ടണങ്ങളിലാണെങ്കിൽ, മുതലാളികൾ വിലയിടിവിന്റെ ആഘാതങ്ങളിൽ നിന്നു രക്ഷപ്പെടാൻവേണ്ടി തൊഴിലാളികളുടെ കൂലി വെട്ടിക്കുറയ്ക്കാനും അനേകം പേരെ ജോലിയിൽനിന്നു പിരിക്കുവാനും സങ്കോചപ്പെടുകയുണ്ടായില്ല. ചുരുക്കത്തിൽ ഈ വിഷമംപിടിച്ച വിലയിടിവു കോടിക്കണക്കിനുള്ള കൃഷിക്കാരേയും തൊഴിലാളികളെയും നരകത്തിലാഴ്ത്തുകയും ലക്ഷക്കണക്കിലുള്ള ഇടത്തരക്കാരെ പാപ്പരാക്കി മാറ്റുകയും ചെയ്തു. 1934-ൽ സ്റ്റാലിൻ പറഞ്ഞ ഈ വാക്കുകൾ എത്ര ശരിയാണെന്നു നോക്കൂ:

"വ്യവസായത്തിന്റെ നില ഉയർത്തുന്നതിൽ മുതലാളിത്തം കുറേയൊക്കെ വിജയിച്ചിട്ടുണ്ട്. ഒന്നാമത്, തൊഴിലാളികളെ തോൽപ്പിച്ച് ഉല്പാദനത്തെ ത്വരിതപ്പെടുത്തിയിട്ടും, ചൂഷണത്തിന് ശക്തികൂട്ടിയിട്ടും; രണ്ടാമത്, കൃഷിക്കാരെ തോൽപ്പിച്ച്, അവരുടെ അധ്വാനഫലമായുണ്ടാകുന്ന ഉല്പന്നങ്ങൾക്ക് – ഭക്ഷണസാധനങ്ങൾക്കും കുറെയെല്ലാം അസംസ്കൃതപദാർത്ഥങ്ങൾക്കും – ഏറ്റവും താണവില കൊടുക്കുന്ന നയംകൊണ്ട്; മൂന്നാമത്. കോളനികളിലെയും സാമ്പത്തികമായി പിന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളിലെയും കൃഷിക്കാരെ തോൽപ്പിച്ച്, അവരുടെ ഉല്പന്നങ്ങൾക്ക് – പ്രധാനമായി അസംസ്കൃതപദാർത്ഥങ്ങൾക്കും കുറെയെല്ലാം ഭക്ഷണസാധനങ്ങൾക്കും – നിർബന്ധമായും കുടുതൽ വില കുറച്ചിട്ട്."

## 10 വീണ്ടും സ്റ്റർലിങ്ങ് വിനിമയം

സാമ്പത്തികക്കുഴപ്പത്തിനിടയിലാണ് 1931 സെപ്റ്റംബറിൽ ഇംഗ്ലണ്ട് സ്വർണ്ണമാന വ്യവസ്ഥയുപേക്ഷിച്ചത്. അതോടുകൂടി ബ്രി. കറൻസിയുടെ അടിമയായ ഇന്ത്യൻ കറൻസിയിലും മാറ്റങ്ങളാവശ്യമായിത്തീർന്നു.

1927-ലെ ആക്റ്റ് പ്രകാരം 18 പെൻസ് നിരക്കിൽ സ്വർണ്ണത്തിനുപകരം ഉറുപ്പികയും ഉറുപ്പികയ്ക്കുപകരം സ്റ്റർലിങ്ങും കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. സ്റ്റർലിങ്ങ് നോട്ടുകൾ നിശ്ചിതതോതിലുള്ള സ്വർണ്ണത്തെ പ്രതിനിധീകരിച്ചിരുന്നതുകൊണ്ട് ഉറുപ്പികയ്ക്കു പകരമായി കിട്ടുന്ന സ്റ്റർലിങ്ങുകൾ സ്വർണ്ണാവശ്യങ്ങൾക്കും ഉപയോഗിക്കാമായിരുന്നു. ഇംഗ്ലണ്ടു സ്വർണ്ണമാനമുപേക്ഷിച്ചപ്പോൾ ഈ സ്ഥിതി മാറി. സ്റ്റർലിങ്ങിനുപകരം സ്വർണ്ണം നൽകുന്നതല്ലെന്ന് പ്രഖ്യാപിക്കപ്പെട്ടു. സ്റ്റർലിങ്ങിന്റെ വില അതിന്റെ സപ്ലൈയെയും ഡിമാൻറിനെയുമാണ് ആശ്രയിച്ചിരിക്കുക എന്നു വന്നു.

ഉറുപ്പികയുടെ സ്ഥിതിയോ? ഉറുപ്പികയെ ബ്രിട്ടീഷ് കറൻസിയുടെ പിടുത്തത്തിൽ നിന്നും മോചിപ്പിച്ച് സ്വതന്ത്രമാക്കുവാനോ ഉറുപ്പികയുടെ വിനിമയനിരക്ക സ്വർണ്ണത്തെ അടിസ്ഥാനമാക്കി നിശ്ചയിക്കാനോ അധികൃതൻമാർ ഇഷ്ടപ്പെട്ടില്ല. ഉറുപ്പികയെ സ്റ്റർലിങ്ങുമായി കൂട്ടികെട്ടുകയാണവർ ചെയ്യത്. ഉറുപ്പിക വിനിമയത്തിന് (അതായത് ഇന്ത്യയിലെ ചരക്കുകൾക്കു വിദേശങ്ങളിൽ) എത്രതന്നെ ഡിമാൻറ് ഉണ്ടായാലും ഉറുപ്പികയുടെ വില 18 പെൻസായിരിക്കുമെന്ന് വിധിക്കപ്പെട്ടു. ഇതിന്റെ ഫലമായി സ്റ്റർലിങ്ങിന്റെ വിലയിടിവുകൾ ഉറുപ്പികയേയും ബാധിക്കുമെന്നായി. ചുരുക്കിപ്പറഞ്ഞാൽ ഉറുപ്പിക സ്റ്റർലിങ്ങിന്റെ പ്രതീകനാണ്യ (Token coin)മായി മാറി. ഈ സ്ഥിതിയിൽ നിന്ന് ഇന്നേവരെയും ഉറുപ്പികയ്ക്കു മോചനം കിട്ടിയിട്ടില്ല.

## 11 സ്വർണ്ണ കയറ്റുമതി

ഈ അപായകരമായ നാണ്യനയവും സാമ്പത്തിക്കുഴപ്പവും കൂടി ഇന്ത്യയുടെ വിദേശവ്യാപാരത്തെ താറുമാറാക്കാൻ തുടങ്ങി. കയറ്റുമതി 1927—28-ൽ 319.15 കോടി ക.യായിരുന്നത് 1932—33-ൽ 132.27 കോടി ക.യായിത്തീർന്നു. സാമ്പത്തികക്കുഴപ്പത്തിന്റെ ഭയങ്കരത ഒട്ടൊക്കെ ശമിച്ചതിനു ശേഷവും കയറ്റുമതിവ്യാപാരം പൂർവ്വസ്ഥിതിയിലെത്തുകയുണ്ടായില്ല. 1936—37-ൽ കയറ്റുമതി 196.13 കോടി ക. മാത്രമായിരുന്നു. കയറ്റി അയയ്ക്കുന്ന ചരക്കുകളുടെ തുക അത്രയ്ക്കു കുറഞ്ഞുപോയതുകൊണ്ടാണ് ഈ സ്ഥിതി നേരിട്ടതെന്ന് തെറ്റിദ്ധരിക്കരുത്. ചരക്കുകളുടെ തുകയിലും കുറച്ചൊക്കെ കുറവുവന്നുവെന്നത് ശരിയാണെങ്കിലും പ്രധാനമായ കാരണം വിലയിടിവാണെന്നു തീർച്ചയത്രെ.

വിദേശവ്യാപാരം പ്രതികൂലമായിക്കൊണ്ടുവന്ന ഈ പരിതഃസ്ഥിതിയിൽ വിനിമയനിരക്കിനെ 18 പെൻസിൽ ഉറപ്പിച്ചുനിർത്തുക എളുപ്പമായിരുന്നില്ല. എന്നാൽ ഉറുപ്പികയെ സ്വതന്ത്രനാണ്യമാക്കുവാൻ അധികൃതൻമാർ തയ്യാറായോ? തീർച്ചയായുമില്ല. ഹോം ചാർജ്ജുകൾ, കടബാധ്യതകൾ മുതലായവ അടച്ചുതീർക്കുവാനും ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധത്തെ നിലനിർത്തുവാനും അങ്ങനെ ബ്രിട്ടീഷു മുതലാളികളുടെ താൽപര്യങ്ങളെ രക്ഷിക്കുവാനും വേണ്ടി ഇന്ത്യയിൽ നിന്നും പുറം രാജ്യങ്ങളിലേയ്ക്കു ധാരാളമായി സ്വർണ്ണം കയറ്റി അയയ്ക്കുകയാണവർ ചെയ്യത്.

ഇംഗ്ലണ്ട് സ്വർണ്ണമാനത്തിലുണ്ടായിരുന്ന കാലത്ത് ഒരൗൺസ് സ്വർണ്ണത്തിന്റെ വില സുമാർ 85 ഷില്ലിംഗായിരുന്നു. സ്വർണ്ണമാനം ഉപേക്ഷിക്കപ്പെടുകയും സ്റ്റർലിങ്ങിന്റെ വിലയിടിയുകയും ചെയ്യപ്പോൾ സ്വർണ്ണത്തിന്റെ വിലവർദ്ധിക്കാൻ തുടങ്ങി. കുറച്ചുകാലത്തേയ്ക്ക് സ്വർണ്ണവില 140 ഷില്ലിങ്ങിനടുത്തായിരുന്നു.

സ്റ്റർലിങ്ങിന്റെ വിലയിടിഞ്ഞപ്പോൾ അതിന്റെ വാലിൽതൂങ്ങിയായ ഉറുപ്പികയുടെ വിലയും ഇടിഞ്ഞു. എന്നുവെച്ചാൽ, സ്വർണ്ണത്തിന്റെ ഉറുപ്പികവില വർദ്ധിച്ചു. 1931-ന്റെ അവസാനത്തിൽ സ്വർണ്ണത്തിന്റെ വില 21 ക. 13 ണ. യായിരുന്നു. അതിനുശേഷം സ്വർണ്ണവില എങ്ങനെ വർദ്ധിച്ചുവെന്നു നോക്കുക.

| | | | ക.ണ.പ. |
|---|---|---|---|
| 1933 | ഏപ്രിൽ | തോലയ്ക്ക് | 30 0 0 |
| 1934 | ടി | ടി | 36 0 0 |
| 1938 | ടി | ടി | 35 0 0 |
| 1939 | ടി | ടി | 37 1 3 |

സ്വർണ്ണത്തിനു നല്ലവില കിട്ടുന്നുവെന്നു കണ്ടപ്പോൾ നാട്ടുകാർ തങ്ങളുടെ സ്വർണ്ണാ ഭരണങ്ങളും മറ്റും വിൽക്കാൻ തുടങ്ങി. ഇന്ത്യയിൽ നിന്ന് സ്വർണ്ണം ധാരാളമായി കയറ്റി അയയ്ക്കപ്പെടാൻ തുടങ്ങി. എത്ര വിലപിടിച്ച സ്വർണ്ണമാണ് ഇങ്ങനെ പോ യതെന്ന് നോക്കുക:-

| കൊല്ലം | ലക്ഷം ക. |
|---|---|
| 1931–32 | 5,797 |
| 1932–33 | 6,552 |
| 1933–34 | 5,705 |
| 1934–35 | 5,254 |
| 1935–36 | 3,735 |
| 1936–37 | 2,784 |
| 1937–38 | 1,633 |
| 1938–39 | 2,326 |
| 1939–40 | 4,464 |
| ആകെ | 38,250 ലക്ഷം ക. |

ഇത്രയധികം സ്വർണ്ണം നാദിർഷാ, തിമൂർലാങ്ങ് മുതലായവരുടെ ആക്രമണകാല ത്തുപോലും ഇന്ത്യയിൽ നിന്നു കടത്തിക്കൊണ്ടുപോയിട്ടില്ലെന്നു പറയപ്പെടുന്നു. വി ലപിടിച്ച സ്വർണ്ണത്തിനു പകരമായി ഇന്ത്യാ ഗവൺമെൻറിന്റെ കണക്കിൽ വിലയി ടിഞ്ഞുകൊണ്ടിരുന്ന സ്റ്റർലിങ്ങ് വരവുപിടിക്കുകയാണുണ്ടായത്. സ്വർണ്ണം വിറ്റ നാ ട്ടുകാർക്ക് വിലയിടിവു നേരിട്ടുകൊണ്ടിരുന്ന ഉറുപ്പികയും കിട്ടി. വിലപിടിച്ച സ്വർണ്ണം വിലയിടിയുന്ന കറൻസിക്കു വേണ്ടി കൈമാറിയതുകൊണ്ട് ഇന്ത്യയ്ക്ക് വമ്പിച്ച നഷ്ട മാണുണ്ടായത്.

സ്വർണ്ണത്തിനു പുറമെ, അത്രതന്നെ ഭയങ്കരമായ തോതിലെങ്കിലും, ധാരാളം വെള്ളിയും ഇന്ത്യയിൽനിന്നു കടത്തപ്പെടുകയുണ്ടായി.

സ്വർണ്ണവും വെള്ളിയും വിറ്റു നല്ല ലാഭമുണ്ടാക്കുകയാണ് നാട്ടുകാർ ചെയ്യുന്ന തെന്നും അതു തടയേണ്ട ആവശ്യമൊന്നുമില്ലെന്നുമായിരുന്നു ഗവൺമെൻറിന്റെ മുട ന്തൻന്യായം. ഈ വാദം ശരിയല്ല. കാരണം 1933-ലെ അസംബ്ലിയോഗത്തിൽ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ, സാമ്പത്തികക്കുഴപ്പത്തിന്റെ ആഘാത ങ്ങളിൽ നിന്നും കുറച്ചെങ്കിലും രക്ഷനേടാനും അരി, ഗോതമ്പ്, ഉപ്പ്, വസ്ത്രം മുതലായ നിത്യോപയോഗ സാമഗ്രികൾ വാങ്ങാനും വേണ്ടിയാണ് നാട്ടുകാർ തങ്ങളുടെ സ്വർ ണ്ണം കൈവിടാനൊരുങ്ങിയത്. സ്വർണ്ണത്തിന്റെ വിലവർദ്ധനവ് സ്പെക്യുലേറ്റർമാ രെയും ആകർഷിച്ചുവെന്നും അവരീയവസരത്തെ തങ്ങളുടെ മടിശീല തടിപ്പിക്കാൻ വേണ്ടിയുപയോഗിച്ചുവെന്നും ഉള്ളതു വാസ്തവമാണ് പക്ഷേ, സ്വർണ്ണവില്പനക്കാരിൽ നിന്നു ഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോളം, ലാഭക്കൊതിക്കൊണ്ടാണ് സ്വർണ്ണം വിറ്റതെന്നു വാദിക്കുന്നത് ശരിയാവുകയില്ല. ദരിദ്രൻമാരും ഇടത്തരക്കാരും വാസ്തവ ത്തിൽ തങ്ങളുടെ ശോചനീയമായ സാമ്പത്തികസ്ഥിതിയിൽ നിന്ന് അല്പമെങ്കിലും രക്ഷനേടാൻ വേണ്ടി മാത്രമാണ് സ്വർണ്ണപണ്ടങ്ങളും മറ്റും കൈവിട്ടത്. നാട്ടുകാർ വിൽക്കുന്ന സ്വർണ്ണമെല്ലാം തൽക്കാലം ഗവൺമെൻറ് തന്നെ വാങ്ങണമെന്നും സ്വർണ്ണം രാജ്യത്തിൽനിന്നു പുറത്തേയ്ക്കു പോകുന്നതിനെ തടയണമെന്നും വ്യവസാ യനേതാക്കൻമാരും പൊതുജനനേതാക്കൻമാരും ധനശാസ്ത്രജ്ഞൻമാരും അടി

ക്കടി പ്രക്ഷോഭം നടത്തിക്കൊണ്ടിരുന്നു. 1931 സെപ്തംബർ 26 നു മിസ്റ്റർ (ഇപ്പോൾ സർ) ഷൺമുഖം അസംബ്ലിയിൽ താഴെക്കൊടുത്ത പ്രമേയമവതരിപ്പിച്ചു:-

'ഇന്നത്തെ പരിതസ്ഥിതിയിൽ ഉറുപ്പികയെ സ്റ്റർലിങ്ങുമായി ബന്ധിപ്പിക്കുന്നത് ഇന്ത്യയ്ക്ക് ഹാനികരമാണെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നതിനാലും, വിനിമയ നിരക്ക് 18 പെൻസാക്കി വച്ചതിന്റെ ഫലമായി രാജ്യത്തിലെ കൃഷിക്കും വ്യവസായങ്ങൾക്കും വലിയ ദോഷം തട്ടുകയും കറൻസി റിസർവ്വിലുള്ള സ്വർണ്ണവും സ്വർണ്ണത്തിനു സമമായ സെക്യൂരിറ്റികളും മിക്കവാറും നാമാവശേഷമായിത്തീരുകയും ചെയ്തതിനാലും, ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധത്തെ നിലനിർത്താനുള്ള ഉത്തരവാദിത്വം ഇന്ത്യാ ഗവൺമെന്റ് ഏറ്റെടുത്തതുകൊണ്ട് ഇനിയും എത്രയോ സ്വർണ്ണവും മറ്റു ധാന്യങ്ങളും നശിക്കാനും അങ്ങനെ രാജ്യത്തിനു സാമ്പത്തികമായി വളരെയധികം നാശമുണ്ടാക്കാനും ഇടയുള്ളതിനാലും, ഇന്ത്യാ ഗവൺമെന്റ് നമ്മുടെ കറൻസി റിസർവ്വിലും ഗോൾഡ് സ്റ്റാൻഡേർഡു റിസർവ്വിലും ഉള്ള സ്വർണ്ണമോ സ്റ്റർലിങ്ങോ ഇനിയും കുറഞ്ഞുപോകാതിരിക്കാനാവശ്യമായ നടപടികൾ ഉടനടി എടുക്കേണ്ടതാണെന്നും ഈ അസംബ്ലി അഭിപ്രായപ്പെടുന്നു. നാടിന്റെ നന്മയോർത്ത് ഉറുപ്പികയ്ക്കു പകരം സ്വർണ്ണമോ സ്റ്റർലിങ്ങോ കൊടുക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കാതിരിക്കണമെന്നും ഇതിനു നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണെന്നും അസംബ്ലിക്കഭിപ്രായമുണ്ട്. ഈ അഭിപ്രായം സ്വീകാര്യമല്ലെങ്കിൽ ബ്രിട്ടീഷുഗവൺമെൻറിൽ നിന്നു നീണ്ടകാലത്തേയ്ക്കു നിശ്ചിതോപാധികളിന്മേൽ ധാരാളം സംഖ്യ കടമായി കിട്ടുന്നതുവരെയും ഗവൺമെന്റ് ആ ഉത്തരവാദിത്വം ഏറ്റെടുക്കാതിരിക്കണം. കൂടുതൽ നികുതി ചുമത്താനുള്ള ഒരു ബിൽ അവതരിപ്പിക്കുമെന്നു ധനകാര്യമെമ്പർ കുറച്ചുദിവസത്തിനു മുമ്പു സൂചിപ്പിക്കുകയുണ്ടായി. മെമ്പർമാർക്കു മുൻകൂർ നോട്ടീസ് കൊടുക്കാതെ നികുതിപിരിവിനെ സംബന്ധിച്ച പ്രമേയങ്ങളൊന്നും കൊണ്ടുവരരുതെന്നും എന്തുതന്നെയായാലും ഈ സമ്മേളനത്തിൽ അത് കൊണ്ടുവരരുതെന്നുമാണ് അസംബ്ലിയുടെ അഭിപ്രായം.'

ഈ പ്രമേയം സർ ഷൺമുഖത്തെപ്പോലുള്ള മിതവാദികൾക്ക് യോജിച്ചതായിരിക്കാം. എന്നാൽ രാജ്യത്തിന്റെ മുമ്പിലുള്ള യഥാർത്ഥപ്രശ്നങ്ങളെ കുറെയൊക്കെ മറച്ചുവയ്ക്കുകയാണ് പ്രമേയം ചെയ്തതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ കറൻസിനയം രൂപവൽക്കരിക്കാൻ നമുക്കധികാരമുണ്ടായിരിക്കണോ വേണ്ടയോ എന്ന മൗലികപ്രശ്നത്തെ തൊടുവാൻപോലും മിതവാദിനേതാക്കൻമാർ ആഗ്രഹിക്കാറില്ല. സ്വന്തം കറൻസിനയം നടപ്പിൽവരുത്താൻ ഇന്ത്യയിലെ ജനങ്ങൾക്കധികാരമുണ്ടായിരിക്കണമെന്നു വാദിക്കുന്നതിനുപകരം ബ്രിട്ടീഷ് ഗവൺമെന്റിന്റെ സമ്മനസോടെ കറൻസിനയത്തിൽ ചില്ലറ പരിഷ്കാരങ്ങൾ വരുത്തണമെന്നു കെഞ്ചുകമാത്രമാണവർ ചെയ്യാറുള്ളത്.

പ്രമേയം പാസായി. അനുകൂലമായി 64 ഉം എതിരായി 40 ഉം വോട്ടുകൾ കിട്ടി. പക്ഷേ, ഫലമൊന്നുമുണ്ടായില്ല. നാട്ടുകാരുടെ ഈ മിതമായ അഭിപ്രായത്തെപ്പോലും ധിക്കരിക്കുവാനാണ് അധികൃതൻമാർ മുതിർന്നത്. 25 കോടി ഉറുപ്പികയുടെ പുതിയ നികുതികൾ ചുമത്താനുള്ള ഒരു ബിൽ അതേ അസംബ്ലിയോഗത്തിൽതന്നെ അവതരിപ്പിക്കാനായിരുന്നു ഗവൺമെന്റിന്റെ മറുപടി.

അതിനുശേഷം വിനിമയനിരക്ക് താഴ്ത്തണമെന്ന ആവശ്യം ഇന്ത്യയിലെ വ്യവസായനേതാക്കൻമാരും പൊതുപ്രവർത്തകരും ഇടവിടാതെ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഇംഗ്ലണ്ട്, സ്കാൻഡിനേവിയൻ രാജ്യങ്ങൾ, ഈജിപ്ത്, ജപ്പാൻ, അമേരി

ക്ക, ഫ്രാൻസ്, ഹോളണ്ട്, ഇറ്റലി, ചെക്കോസ്ളോവോക്യ ഇങ്ങനെ മിക്ക രാജ്യങ്ങളും ഒന്നിനുശേഷം മറ്റൊന്നായി തങ്ങളുടെ കറൻസിക്കു മൂല്യാപചയം വരുത്തിക്കൊണ്ടിരുന്ന (കറൻസിയുടെ വില താഴ്ത്തിക്കൊണ്ടിരുന്ന) ഒരു കാലമായിരുന്നു അത്. വിദേശിയാധിപത്യത്തിലുള്ള ഇന്ത്യയിൽ മാത്രം ഒരുയർന്ന കറൻസി നില നിർത്തപ്പെട്ടുപോന്നു. ഇത് അക്രമവും അനീതിയുമാണെന്ന് നാട്ടുകാർ മുറവിളികൂട്ടി. 1936-ൽ ഫ്രാങ്കിന്റെയും ഗോൾഡ്സ് ബ്ലോക്കിൽപ്പെട്ട മറ്റു കറൻസികളുടെയും മൂല്യാപചയത്തിനു ശേഷം ഇന്ത്യൻ വ്യവസായികളുടെ പരിഭ്രമവും അമ്പരപ്പും വർദ്ധിച്ചു. യൂറോപ്യൻകറൻസികളുടെ മൂല്യാപചയനം ആ രാജ്യത്തിൽനിന്നും ഇന്ത്യയിലേക്കുള്ള ഇറക്കുമതിക്ക് പ്രചോദനം നൽകുമെന്നും അങ്ങനെ ഇന്ത്യയുടെ കയറ്റുമതി വ്യാപാരത്തിന് ഇടിവുനേരിടുമെന്നും അവർ ഭയപ്പെട്ടു. വിനിമയനിരക്കിൽ യാതൊരു മാറ്റവും വരുത്താനിഷ്ടപ്പെടാത്ത ഇന്ത്യാ ഗവൺമെന്റിന്റെ കറൻസിനയം 1936 ഒക്ടോബറിലെ അസംബ്ലിയോഗത്തിൽ കഠിനമായ വിമർശനങ്ങൾക്കുപാത്രമായിത്തീർന്നു. 1938 മെയ് മാസത്തിൽ കോൺഗ്രസ് മന്ത്രിസഭകൾ നിലവിലുള്ള സംസ്ഥാനങ്ങളിലെ പ്രധാനമന്ത്രിമാർ ഉറുപ്പികയുടെ വില കുറയ്ക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്നും ഇക്കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുടെ സഹകരണം നേടണമെന്നും തീരുമാനിക്കുകയുണ്ടായി. 1938 ഡിസംബറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകക്കമ്മിറ്റി താഴെ കൊടുത്ത പ്രമേയം പാസാക്കി:

"വിനിമയനിരക്ക് ഉറുപ്പികയ്ക്ക് 18 പെൻസാക്കി നിജപ്പെടുത്തിയതിനുശേഷം ഇന്ത്യയിലെ എല്ലാ കച്ചവടതാൽപര്യങ്ങളും പൊതുസ്ഥാപനങ്ങളും അത് ഇന്ത്യയുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്കെതിരാണെന്നു പ്രതിഷേധിക്കുകയും അതു മാറ്റുവാൻ തുടരെത്തുടരെ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് ഈ ഉദ്യമങ്ങളെയെല്ലാം ഇതേവരെ നിരസിക്കയും അവസാനമായി ഈ തോതിൽ യാതൊരുമാറ്റവും വരുത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് 1938 ജൂൺ 6 നു ഒരു കമ്യൂണിക്കെ പുറപ്പെടുവിക്കുകയാണുണ്ടായത്. മാത്രമല്ല, ഇതിനെ ന്യായീകരിക്കുവാൻ വേണ്ടി, പുനഃക്രമീകരണഘട്ടത്തിൽ വന്നേയ്ക്കാവുന്ന വ്യവസ്ഥയില്ലായ്മയേയും അസ്ഥിരതയേയും പൊക്കിപ്പിടിക്കുകയാണ് ചെയ്തത്. അവരുടെ അഭിപ്രായത്തിൽ ഈ തോത് കുറച്ചാലുള്ള നേട്ടത്തേക്കാൾ കൂടുതൽ നഷ്ടമായിരിക്കും ഈ പുനഃക്രമീകരണം കൊണ്ട് ഇന്ത്യൻതാൽപര്യങ്ങൾക്കുണ്ടാവുക. കഴിഞ്ഞ ജൂൺമാസത്തിനുശേഷം കച്ചവടത്തിന്റെ തുലാസ് അധികമധികം ഇന്ത്യയ്ക്കെതിരായി തൂങ്ങുവാൻ തുടങ്ങി. ഈ 1 ഷി. 6 പെ. എന്ന തോത് ഈ രാജ്യത്തിൽ കാർഷികോൽപന്നങ്ങളുടെ വില ഇടിച്ച്, കൃഷിക്കാരനെ സാരമായി ബാധിക്കുകയും, ഈ രാജ്യങ്ങളിലേക്കുള്ള ഇറക്കുമതിക്ക് അനർഹവും അന്യായവുമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു എന്നാണ് ഈ കമ്മിറ്റിയുടെ അഭിപ്രായം. ധാരാളം സ്വർണ്ണം കയറ്റുമതിചെയ്താൽ പോലും – ഇതുതന്നെ രാജ്യത്തിനു വളരെ അപായകരമാണ് – ഈ തോതു മേലിൽ ഒരിക്കലും നിലനിർത്താൻ കഴിയുകയില്ലെന്നു വർക്കിംഗ് കമ്മിറ്റിക്കു വിശ്വാസമുണ്ട്. കറൻസിയും ക്രഡിറ്റും സങ്കോചിപ്പിക്കുന്ന നയം കൊണ്ടും, ഇന്ത്യയുടെ സ്വർണ്ണവും സ്റ്റർലിങ്ങ് സൂക്ഷിപ്പും പ്രത്യേകിച്ച് പേപ്പർ കറൻസി റിസർവ്വും എടുത്തു തീർത്തുകൊണ്ടും മാത്രമേ ഈ തോത് നിലനിർത്തിക്കൊണ്ടുപോകാനാകു എന്ന ഒരു ഘട്ടം ഇന്നെത്തിയിട്ടുണ്ട്. ഈ സ്റ്റർലിങ്ങു സൂക്ഷിപ്പ് ഇപ്പോൾതന്നെ ഭയാനകമാംവണ്ണം ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു. ഈ തോത് നിലനിർത്താനുള്ള ശ്രമം ഇന്നിയും ഇന്ത്യാഗവൺമെൻറ്

തുടരുകയാണെങ്കിൽ സ്റ്റർലിങ്ങ് സൂക്ഷിപ്പുകൾ കൂടുതൽ ഒഴിയുക എന്ന അപായ നിലയിലാണെത്താൻ പോകുന്നത്. വർക്കിംഗ് കമ്മിറ്റി ഈ വരാൻ പോകുന്ന സംഭവഗതിയെ ഏറ്റവും ഗൗരവത്തോടും ഉൽകണ്ഠയോടും കൂടിയാണ് വീക്ഷിക്കുന്നത്. അതുകൊണ്ട് ഇന്നത്തെ വിനിമയനിരക്ക് നിലനിർത്താനുള്ള ഉദ്യമങ്ങൾ ഉടനടി അവസാനിപ്പിക്കണമെന്നാണ് രാജ്യത്തിന്റെ ഉത്തമ താൽപര്യങ്ങൾ ആവശ്യപ്പെടുന്നതെന്നു വർക്കിംഗ് കമ്മിറ്റി തീരുമാനിക്കുകയും ഈ നിരക്ക് 1 ഷി. 4 പെ. ആക്കി താഴ്ത്തുവാൻ അടിയന്തിര നടപടികളെടുക്കുന്നതിനു ഗവർണർ ജനറൽ-ഇൻ-കൗൺസിലിനെ നിർബന്ധിക്കുകയും ചെയ്യുന്നു.

പ്രവർത്തകകമ്മിറ്റിയുടെ പ്രമേയത്തിനു മറുപടിയെന്നോണം ഇന്ത്യാ ഗവൺമെന്റ് ഒരു കമ്മ്യൂണിക്കെ പുറപ്പെടുവിച്ചു. പ്രവർത്തകകമ്മിറ്റിക്കു പറ്റിയ ചില ചില്ലറ പിശകുകളെ എടുത്തുപൊക്കിപിടിച്ചുകൊണ്ട് യഥാർത്ഥ പ്രശ്നത്തെ മറച്ചുവെയ്ക്കുകയായിരുന്നു കമ്മ്യൂണിക്കെയുടെ ഉദ്ദേശ്യം. ഉദാഹരണത്തിനു പേപ്പർ കറൻസി റിസർവ്വിലെ സ്റ്റർലിങ്ങു സ്വത്തുക്കളെപ്പറ്റി ഗവൺമെന്റ് പറഞ്ഞു: 'യഥാർത്ഥത്തിൽ പേപ്പർ കറൻസി റിസർവിലുള്ള മുതലുകൾ 1935 ഏപ്രിൽമാസത്തിൽതന്നെ റിസർവ് ബാങ്കിലെ മുതലുകളിൽ ചേർന്നുപോയിരിക്കുന്നു.'

1938 ജൂൺ മുതൽക്ക് ഇന്ത്യയുടെ വാണിജ്യം അനുകൂലമാവാൻ തുടങ്ങിയിട്ടുണ്ടെന്ന് ഗവൺമെന്റ് കമ്മ്യൂണിക്കെ ചൂണ്ടിക്കാണിച്ചു. പക്ഷേ, അതുവരെയുണ്ടായ പ്രതികൂല വാണിജ്യത്തെപ്പറ്റി ഒരക്ഷരം മിണ്ടിയില്ല. ഇങ്ങനെ വാക്കുകൾകൊണ്ടുള്ള ചില കളികളോടൊപ്പം ഗവൺമെന്റ് അസന്നിഗ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചു: 'ഉറുപ്പികയുടെ ഇന്നുള്ള വിനിമയവില താഴ്ത്താൻ ഉദ്ദേശമില്ലെന്നു വ്യക്തമാക്കാൻ ഇന്ത്യാ ഗവൺമെന്റ് ആഗ്രഹിക്കുന്നു. നേരെമറിച്ച്, തങ്ങൾക്കു കഴിവുള്ള എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് അതു നിലനിർത്താനാണുദ്ദേശിക്കുന്നത്. അത് നിൽക്കുവാനുള്ള തങ്ങളുടെ തികഞ്ഞ പ്രാപ്തിയിൽ ഗവൺമെന്റിനു വിശ്വാസവുമുണ്ട്.'

വിനിമയനിരക്ക് മാറ്റാതിരിക്കാൻ ഗവൺമെന്റുകൊണ്ടുവന്ന ന്യായങ്ങളിലൊന്ന് ഉപഭോക്താക്കളുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്നതാണ്. മറ്റുരാജ്യങ്ങളിൽ നിന്നു കുറഞ്ഞവിലയ്ക്കു ചരക്കുകൾ വരുന്നതിനെ തടയുകയാണ് കുറഞ്ഞ വിനിമയ നിരക്ക് ചെയ്യുക എന്ന് ഗവൺമെന്റ് വാദിച്ചു. ഗവൺമെന്റിന്റെ കമ്മ്യൂണിക്കെയിൽ ഒരിടത്തു പറയുന്നത് നോക്കുക:

"വാസ്തവത്തിൽ വിനിമയതോത് താഴ്ത്തുന്നത് കൊണ്ട് പണക്കാർക്കും ലാഭമടിക്കാൻ തക്കംനോക്കിയിരിക്കുന്നവർക്കും അല്ലാതെ മറ്റാർക്കും ഗുണമുണ്ടാവില്ല. കമ്പോളത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളിൽ നിന്നും അനിശ്ചിതാവസ്ഥയിൽ നിന്നും മുതലെടുക്കുന്നവരാണ് ഇക്കൂട്ടർ; മാത്രമല്ല, ഉപഭോക്താക്കളെ തോൽപ്പിച്ചുകൊണ്ട് തങ്ങൾക്ക് കിട്ടിയിട്ടുള്ള സംരക്ഷണത്തിൽ 12.5 ശതമാനം കൂടുതൽ കാണാലാഭമായി ഇതുവഴി ഇവർക്കുതട്ടിയെടുക്കുവാനും കഴിയും."

ഇന്ത്യയിലെ ഉപഭോക്താക്കൾക്കുവേണ്ടി ഗവൺമെന്റ് മുതലക്കണ്ണീർപൊഴിക്കുന്നത് ഇതാദ്യമായിട്ടല്ല. വിദേശച്ചരക്കുകളുടെമേൽ സംരക്ഷണച്ചുങ്കം ചുമത്തുകയോ അവയുടെ വിലകളെ ബാധിക്കത്തക്കവണ്ണം കറൻസിവ്യവസ്ഥയെ രൂപപ്പെടുത്തുകയോ ചെയ്താൽ ഇന്ത്യൻ മുതലാളികൾക്ക് അതുകൊണ്ട് വമ്പിച്ച ലാഭമുണ്ടാകുമെന്നും സ്വന്തം മാർക്കറ്റിൽ വിദേശീയ മുതലാളികളോടു മത്സരിക്കാൻ അവർക്കു കൂടുതൽ സൗകര്യമുണ്ടാകുമെന്നും അങ്ങനെ വിദേശീയ മുതലാളികൾക്കു തങ്ങളുടെ ചരക്കുകൾ താണവിലയ്ക്കു വിറ്റഴിക്കാൻ കഴിയാതെ വരുമെന്നുമാണ് ഗവൺമെന്റിന്റെ വാദങ്ങളുടെ ചുരുക്കം. എന്നാൽ, ഇന്ത്യയിലെ ഉപഭോക്താക്കൾക്കു വേണ്ടി

ചൊരിയുന്ന ഈ വാദങ്ങൾക്കിടയിൽ കൂടി ബ്രിട്ടീഷ് മുതലാളികളുടെ താൽപര്യങ്ങളാണ് ഒളിഞ്ഞുകിടക്കുന്നത് എന്നു കാണാൻ വിഷമമില്ല.

ഇന്ത്യൻ മുതലാളികൾക്കു വിദേശീയമുതലാളികളുമായി വിജയപൂർവ്വം മത്സരിക്കാൻ കഴിഞ്ഞാൽ അവർ തങ്ങളുടെ ചരക്കുകൾ ഉയർന്ന വിലയ്ക്കു വിറ്റു ലാഭമടിക്കാൻ ശ്രമിക്കുമെന്നും അതുകൊണ്ട് ഉപഭോക്താക്കൾ വിഷമിക്കാനിടയുണ്ടെന്നും വാദിക്കുന്നതിൽ കുറെയൊക്കെ സത്യമുണ്ടെന്നു സമ്മതിക്കണം. ചരക്കുകളുടെ വില കുറയേണ്ടത് ഭൂരിപക്ഷക്കാരായ നാട്ടുകാർക്ക് ആവശ്യമാണ്. ലാഭക്കൊതിയൻമാരുടെയും പൂഴ്ത്തിവയ്പ്പുകാരുടെയും പിടിയിൽ നിന്നു രക്ഷ കിട്ടേണ്ടതും ആവശ്യമാണ്. പക്ഷേ, ഇതിനുള്ള വഴി വിദേശീയമുതലാളികളുടെ ചരക്കുകൾ കുറഞ്ഞവിലയ്ക്കു വിൽക്കുവാൻ സമ്മതിക്കുകയും അങ്ങനെ നാടൻവ്യവസായങ്ങളെ ഞെക്കിക്കൊല്ലാൻ സഹായിക്കുകയുമല്ല. ഇന്ത്യൻ വ്യവസായങ്ങളുടെ സർവ്വോന്മുഖമായ വളർച്ച മുതലാളികളുടെ മാത്രമല്ല, നാട്ടുകാരുടെ മുഴുവൻ ആവശ്യമാണ്. ഇന്ത്യ അസംസ്കൃത സാമഗ്രികൾ കയറ്റി അയയ്ക്കുന്ന ഒരു രാജ്യമെന്ന നിലയിൽ നിന്നു ശക്തിയേറിയ ഒരു വ്യവസായരാജ്യമായി ഉയരണമെന്ന ആവശ്യത്തെ വിദേശീയ മുതലാളികളും അവരുടെ എച്ചിൽനക്കികളും മാത്രമേ എതിർക്കുകയുള്ളൂ. വാസ്തവത്തിൽ നമ്മുടെ രാജ്യത്തെ എന്നെന്നും ഒരു കോളനിയാക്കി വയ്ക്കാനുള്ള ഒരായുധമായിട്ടാണ് അധികൃതൻമാർ ഇന്ത്യയുടെ കറൻസിനയത്തെ നിയന്ത്രിച്ചു പോന്നിട്ടുള്ളത്. 1935 മുതൽക്കു കറൻസിയുടെ നിയന്ത്രണം റിസർവ്വുബാങ്കിന്റെ കീഴിലായി. എന്നാൽ റിസർവ്വ് ബാങ്ക് തന്നെയും ബ്രിട്ടീഷ് കുത്തകമുതലാളികളുടെ ഒരുപകരണമെന്ന നിലയ്ക്കാണ് പ്രവർത്തിക്കുവാൻ തുടങ്ങിയത്.

## 12 റിസർവ് ബാങ്കും കറൻസിയും

1913-ലെ ചേമ്പർലേൻ കമ്മീഷൻ ഒരു സെൻട്രൽ ബാങ്കിന്റെ ആവശ്യകതയംഗീകരിച്ചുവെങ്കിലും ഇതു സ്ഥാപിക്കുന്ന കാര്യത്തിൽ ഒരുറച്ച നയം കൈക്കൊള്ളുകയുണ്ടായില്ല. 1926-ലെ ഹിൽടൺയങ്ങ് കമ്മീഷനാണ് ഈ കുറവ് പരിഹരിച്ചത്. കറൻസിയും കടവും (ക്രെഡിറ്റു നിയന്ത്രിക്കാനുതകുന്ന ഒരു കേന്ദ്രബാങ്ക് അത്യാവശ്യമാണെന്നു കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി. 1927-ൽ സെൻട്രൽ അസംബ്ലിയിൽ നടന്ന വാദപ്രതിവാദത്തിൽ ബാങ്കിന്റെ ഘടനയെപ്പറ്റിയും അതിൽ നാട്ടുകാരുടെ പ്രതിനിധികൾക്കുള്ള പങ്കിനെപ്പറ്റിയും വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉളവായി. അതിന്റെ ഫലമായി ബാങ്കിന്റെ സ്ഥാപനം നീട്ടിവയ്ക്കപ്പെട്ടു. പിന്നീട് 1931 ലെ ബാങ്കിംഗ് അന്വേഷണകമ്മിറ്റിയുടെ റിപ്പോർട്ട് ഒരു റിസർവ്വ് ബാങ്ക് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ 1935-ൽ മാത്രമാണ് 'റിസർവ് ബാങ്ക് ഓഫ് ഇന്ത്യ' സ്ഥാപിതമായത്.

ഇന്ത്യയുടെ സെൻട്രൽബാങ്ക് എന്ന പേരിലാണറിയപ്പെടുന്നതെങ്കിലും റിസർവ് ബാങ്ക് വാസ്തവത്തിൽ ഇന്ത്യയുടേതിനെക്കാളും ബ്രിട്ടീഷ് കുത്തക മുതലാളിയുടെ താൽപര്യങ്ങളെയാണ് രക്ഷിക്കുന്നത്. ബാങ്ക് ഓഹരിക്കാരുടെ ബാങ്കാണ്. ബാങ്കിന്റെ ഭരണം നടത്തുന്ന ഡയറക്ടർമാരുടെ സെൻട്രൽ ബോർഡിൽ 16 അംഗങ്ങളാണുള്ളത്. അതിൽ ഗവർണർ രണ്ട് ഡെപ്യൂട്ടി ഗവർണർമാർ എന്നിവരേയും നാല് ഡയറക്ടർമാരെയും നോമിനേറ്റ് ചെയ്യുകയാണ് പതിവ്. ബാക്കിയുള്ള ഡയറക്ടർമാർ മാത്രമാണ് ഓഹരിക്കാരാൽ തിരഞ്ഞെടുക്കപ്പെടുന്നത്. എന്നാൽ ഷെയറുകളുടെ ഘടന പരിശോധിച്ചാൽ വിദേശീയ മൂലധനത്തിനാണ് കൂടുതൽ പ്രാധാന്യമെന്നു കാണാം. ഇന്ത്യാ ഗവൺമെന്റിന്റെ പ്രതിനിധിയായി ഒരുദ്യോഗസ്ഥനും ബോർ

ഡിലുണ്ടായിരിക്കും. സെൻട്രൽബോർഡിൽ നാട്ടുകാരുടെ പ്രതിനിധികൾക്ക് സ്ഥാനമുണ്ടായിരിക്കണമെന്ന ജനകീയാവശ്യം ചവിട്ടിമെതിക്കപ്പെടുകയാണുണ്ടായത്. അസംബ്ലിയിൽ ജനകീയ കക്ഷികൾക്കു വമ്പിച്ച ഭൂരിപക്ഷം കിട്ടുകയാണെങ്കിൽകൂടി ബാങ്കിന്റെ ഘടനയിലാകട്ടെ, യാതൊരു മാറ്റവും വരുത്താൻ സാധിക്കാതിരിക്കത്തക്കവിധം ആവശ്യമായ എല്ലാ മുൻകരുതലുകളും ബാങ്കുനിയമത്തിലുൾക്കൊണ്ടിട്ടുണ്ട്. ഈ സ്ഥിതിയിൽ ഇന്ത്യയുടെ വ്യവസായങ്ങളെ വളർത്തുവാനോ അതിനുവേണ്ടി ധനസാഹയം നൽകുന്ന ബാങ്കുകളെ സഹായിക്കാനോ റിസർവ്വുബാങ്ക് തയ്യാറില്ലെങ്കിൽ അതിലത്ഭുതപ്പെടാനില്ലല്ലോ.

1861 മുതൽക്ക് 1935 വരെ കറൻസി ഡിപ്പാർട്ട്മെന്റ് ഇന്ത്യാഗവൺമെന്റിന്റെ നേരിട്ടു കീഴിലായിരുന്നു. റിസർവ്വ ബാങ്ക് സ്ഥാപിക്കപ്പെട്ടതോടുകൂടി പ്രധാനമായ ചില മാറ്റങ്ങളുണ്ടായി. കറൻസിയുടെയും ക്രെഡിറ്റിന്റെയും നിയന്ത്രണം റിസർവ്വ ബാങ്കിന്റെ ചുമതലയായിത്തീർന്നു.

ബാങ്കിന്റെ നോട്ടുകൾ ലീഗൽ ടെൻഡറായിരിക്കുമെന്നും അവയ്ക്കു ഗവൺമെന്റിന്റെ ഗാരന്റി ഉണ്ടായിരിക്കുമെന്നും തീരുമാനിക്കപ്പെട്ടു. നോട്ടുകൾ അടിക്കാനുള്ള ബാദ്ധ്യതകൾക്കു പകരമായി ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിലും പേപ്പർ കറൻസി റിസർവ്വിലുമുള്ള സ്വർണ്ണനാണ്യങ്ങളും ലോഹങ്ങളും ബാങ്ക് ഏറ്റെടുത്തു.

ബാങ്കിന് ഒരു 'ഇഷ്യു' ഡിപ്പാർട്ട്മെൻറും ഒരു 'ബാങ്കിംഗ്' ഡിപ്പാർട്ട്മെൻറുമുണ്ട്. ഇഷ്യു ഡിപ്പാർട്ട്മെന്റിലെ ബാദ്ധ്യതകൾ (Liabilities) നോട്ടുകൾ പുറപ്പെടുവിക്കുന്നതിനാലുണ്ടാകുന്നവയാണ്. ഡിപ്പാർട്ട്മെന്റിന്റെ മുതലുകളിൽ (Assets) സ്വർണ്ണനാണ്യങ്ങൾ, സ്വർണ്ണവാളങ്ങൾ, സ്റ്റർലിങ്ങ് നിക്ഷേപങ്ങൾ, ഉറുപ്പികനാണ്യങ്ങൾ, ഉറുപ്പിക നിക്ഷേപങ്ങൾ, എക്സ്ചേഞ്ച് ബില്ലുകൾ, പ്രോമിസറിനോട്ടുകൾ എന്നിവയെല്ലാമടങ്ങിയിരിക്കും. ഒട്ടാകെയുള്ള മുതലിൽ 40 ശതമാനമെങ്കിലും സ്വർണ്ണമോ, സ്റ്റർലിങ്ങ് നിക്ഷേപങ്ങളോ ആയിരിക്കണമെന്നും സ്വർണ്ണത്തിന്റെ വില 40 കോടി ക.യിൽ കുറയരുതെന്നും വ്യവസ്ഥയുണ്ട്. ഇഷ്യു ഡിപ്പാർട്ട്മെൻറിന്റെ മുതലും ബാദ്ധ്യതകളും ആഴ്ചതോറും പ്രസിദ്ധം ചെയ്യാറുണ്ട്.

1939 സപ്തംബറിൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം ബാങ്കിനു പുതിയൊരു ഡിപ്പാർട്ടുമെന്റുകൂടിയുണ്ടായി — എക്സ്ചേഞ്ച് കൺട്രോൾ ഡിപ്പാർട്ട്മെന്റ്. വിദേശവിനിമയങ്ങളെ സംബന്ധിക്കുന്ന നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുകയാണ് ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രധാനമായ പ്രവൃത്തി. ഒരു ഭാഗത്ത് Empire Exchange Control-മായും മറുഭാഗത്ത് വിദേശവിനിമയങ്ങൾ കൊണ്ടു കൈകാര്യം നടത്തുന്ന ബാങ്കുകളുമായും അടുത്ത ബന്ധം പുലർത്തിക്കൊണ്ടാണ് പ്രസ്തുത ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നത്.

റിസർവ്വ് ബാങ്കിന്റെ ഒരു പ്രധാനപ്പെട്ട ജോലി ഉറുപ്പികയുടെ വിനിമയനിരക്ക് സ്ഥിരമാക്കി നിർത്തുകയാണ്. ഉറുപ്പികയ്ക്ക് 18 പെൻസ് എന്ന ബന്ധം നിലനിർത്താൻ വേണ്ടി ഒരുറുപ്പികയ്ക്ക് 1 ഷി 6 /16 പെൻസിൽ കവിയാത്ത നിരക്കിനു സ്റ്റർലിങ്ങ് വാങ്ങാനും ഉറുപ്പികയ്ക്ക് 1 ഷി 5 ന്ത 49/64 പെൻസിൽ കുറയാത്ത നിരക്കിനു ലണ്ടൻ സ്റ്റർലിങ്ങ് വിൽക്കുവാനും ബാങ്ക് തയ്യാറായിരിക്കും. ഈ നയത്തിന്റെ ഫലമായി ഇന്ത്യക്ക് എത്ര വലിയ ഹാനിയാണ് നേരിട്ടതെന്നു മനസിലാവണമെങ്കിൽ രണ്ടാംലോകമഹായുദ്ധകാലത്തുണ്ടായ അനുഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ മതി.

## 13 യുദ്ധവും കറൻസിയും

യുദ്ധമാരംഭിച്ചതോടുകൂടി വിനിമയനിയന്ത്രണത്തിനാവശ്യമായ ചില പുതിയ നയപടികളെടുക്കാൻ ഗവൺമെന്റ് തയ്യാറായി. രാജ്യരക്ഷാ ഓർഡിനൻസിന്റെ നാലാം ഭാഗത്തിൽ ധനകാര്യത്തെ സംബന്ധിച്ചുള്ള നിബന്ധനകളിൽ താഴെകൊടുത്ത പരിപാടികൾ ഉൾപ്പെടുത്തപ്പെട്ടു: 1. വിദേശവിനിമയം വാങ്ങുന്നത് സംബന്ധിച്ച നിബന്ധനകൾ. 2. എല്ലാ വിദേശവിനിമയവും ഗവൺമെന്റ് ഏറ്റെടുക്കൽ. 3. സെക്യൂരിറ്റികൾ വാങ്ങുകയോ കയറ്റി അയയ്ക്കുകയോ ചെയ്യുന്നതു സംബന്ധിച്ചുള്ള നിബന്ധനകൾ. 4. വിദേശ സെക്യൂരിറ്റികൾ ഗവൺമെന്റ് ഏറ്റെടുക്കൽ.

ഈ കാര്യങ്ങൾ നടപ്പിൽവരുത്താനാവശ്യമായ അധികാരങ്ങളെല്ലാം റിസർവ്വ ബാങ്കിനു നൽകപ്പെടുകയും അതിനായി 1939 ഒക്ടോബറിൽ എക്സ്ചേഞ്ച് കൺട്രോൾ ഡിപ്പാർട്ട്മെന്റ് എന്ന ഒരു പുതിയ ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തുകയും ചെയ്തു. റിസർവ് ബാങ്കിന്റെ ഗവർണറുടെ നേരിട്ട കീഴിലുള്ള ഈ ഡിപ്പാർട്ട്മെന്റാണ് വിനിമയനിയന്ത്രണത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ നടപ്പിൽവരുത്തുന്നത്. സാധാരണകാലത്തു പറയത്തക്ക നിയന്ത്രണങ്ങളൊന്നുമുണ്ടായിരുന്നില്ല. എക്സ്ചേഞ്ച് ബില്ലുകളുടെ കൊള്ളക്കൊടുക്കകൾ വഴിക്കാണ് വിദേശരാജ്യങ്ങളുമായുള്ള ഇടപാടുകൾ നടന്നിരുന്നത്. ഇന്ത്യയിൽ നിന്നു കയറ്റി അയയ്ക്കുന്ന ചരക്കുകൾക്കു പകരമായി കിട്ടുന്ന വിദേശകറൻസികൾ എക്സ്ചേഞ്ച് ബാങ്കിലടച്ച് ഉറുപ്പിക വാങ്ങാൻ സൗകര്യമുണ്ടായിരുന്നു. അതു പോലെ തന്നെ വിദേശമാർക്കറ്റിൽ നിന്നു സാധനങ്ങൾ വാങ്ങണമെങ്കിൽ ഉറുപ്പികയടച്ചു പകരം ആവശ്യമായ കറൻസി (ഡോളറോ, ഫ്രാങ്കോ, മാർക്കോ എന്താണെങ്കിലത് വാങ്ങാനും സാധിച്ചിരുന്നു. വിനിമയങ്ങളുടെ ഈ അനിയന്ത്രിതമായ കൊള്ളക്കൊടുക്കകൾ, യുദ്ധകാലത്ത് ആശ്വാസമല്ലെന്നു കണ്ടതിനാലാണ് നിയന്ത്രണങ്ങളേർപ്പെടുത്താൻ അധികൃതൻമാർ മുതിർന്നത്.

വിനിമയനിയന്ത്രണങ്ങളിലടങ്ങിയ പ്രധാനകാര്യങ്ങൾ ഇവയാണ്: റിസർവ് ബാങ്ക് അധികാരപ്പെടുത്തിയ സ്ഥാപനങ്ങൾ വഴിയായി മാത്രമേ വിദേശവിനിമയങ്ങളിലേക്കുള്ള ഏതിടപാടും നടത്താൻ പാടുള്ളൂ. വിദേശരാജ്യങ്ങളിലേക്കു ചരക്കുകൾ കയറ്റി അയയ്ക്കുന്നതിനു പകരമായി കിട്ടുന്ന വിദേശകറൻസികൾ റിസർവ് ബാങ്കിന്റെ അനുമതി കൂടാതെ ഉപയോഗിക്കാൻ പാടില്ല. ബ്രിട്ടീഷു സാമ്രാജ്യത്തിനുള്ളിലുള്ള രാജ്യങ്ങളുമായി കൊള്ളക്കൊടുക്കകൾ നടത്താൻ വലിയ തടസ്സമുണ്ടാവില്ല. എന്നാൽ ഡോളർ മുതലായ വിദേശകറൻസികൾ ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾക്കു മാത്രമേ കിട്ടുകയുള്ളൂ. ഇത്തരം കറൻസികൾ വിദേശങ്ങളിൽ നിക്ഷേപിക്കുന്നതിനെ കർശനമായി തടയുന്നതാണ്. അമേരിക്കയിൽ നിക്ഷേപിക്കപ്പെട്ട ഡോളർ ധനമെല്ലാം 1940 ഡിസംബറിൽ റിസർവ്വ ബാങ്കിന് ഏറ്റെടുക്കുകയും അതിന്റെ ഉടമസ്ഥൻമാർക്ക് 100 ഡോളറിന് 330 ക. എന്ന തോതിൽ ഉറുപ്പികധനം നൽകുകയുണ്ടായി. 1941 മാർച്ചിൽ ഗവൺമെന്റ് ഒരടികൂടി മുന്നോട്ടുവച്ചു. അമേരിക്കയിൽ സെക്യൂരിറ്റികൾ വാങ്ങിവെച്ചവരെല്ലാം അവയെ ഗവൺമെന്റിനേൽപ്പിച്ചുകൊടുത്തു. പകരം നിശ്ചിതനിരക്കിൽ ഉറുപ്പിക വാങ്ങിക്കൊള്ളേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടു. വിനിമയനിയന്ത്രണങ്ങൾ പ്രായോഗികമാക്കുവാനായി വിദേശവ്യാപാരത്തെ സംബന്ധിച്ച ചില നിയന്ത്രണങ്ങളും നടപ്പിൽവന്നു. ഒരു കാര്യം ഇവിടെ എടുത്തു പറയത്തക്കതുണ്ട്. കയറ്റുമതിയേക്കാളധികം ഇറക്കുമതിയാണ് നിയന്ത്രിക്കപ്പെട്ടത്. അമേരിക്ക മുതലായ രാജ്യങ്ങളിൽനിന്നു ചരക്കുകൾ വരുത്തണമെങ്കിൽ ഡോളർധനം വേണം. പക്ഷേ, ഡോളറും മറ്റു വിദേശകറൻസികളും ഇഷ്ടംപോലെ കിട്ടുകയില്ല. ലൈസൻസു ലഭിച്ച ചില പ്രത്യേകചരക്കുകൾ വാങ്ങാ

നും ഒഴിച്ചുകൂടാൻ വയ്യാത്ത ചില സ്വകാര്യാവശ്യങ്ങൾ നിർവ്വഹിക്കാനും മാത്രമേ അവ കിട്ടുകയുള്ളു. ഒരു പെർമിറ്റു കൂടാതെ യാതൊരു സാധനവും ഇറക്കുമതി ചെയ്യാനോ കയറ്റി അയയ്ക്കാനോ പാടുള്ളതല്ല. ഏത് ചരക്ക് ഇറക്കുമതി ചെയ്യണമെന്നും എത്ര ഇറക്കുമതി ചെയ്യണമെന്നും തീരുമാനിക്കാൻ നാട്ടുകാർക്കോ കച്ചവടക്കാർക്കോ അവകാശമില്ലെന്നായി. അതൊക്കെ ബ്രിട്ടീഷുകുത്തകമുതലാളികളുടെ ഇഷ്ടത്തിനൊത്തു തുള്ളുന്ന ധനകാര്യാധികൃതൻമാരുടെ പ്രത്യേകാവകാശങ്ങളായിത്തീർന്നു.

യുദ്ധം മുതലായ അസാധാരണകാലങ്ങളിൽ പ്രത്യേകിച്ചും വിനിമയങ്ങളിലുള്ള കൊള്ളക്കൊടുക്കകളെ നിയന്ത്രിക്കേണ്ടത് ഏതു രാജ്യത്തിനും ആവശ്യമാണ്. ഒന്നുമാത്രം: നിയന്ത്രണം രാജ്യത്തിന്റെ അഭിവൃദ്ധിക്കുതകുന്ന തരത്തിലായിരിക്കണം; രാജ്യത്തിന്റെ ഉൽപ്പാദനങ്ങളെ വർദ്ധിപ്പിക്കുകയും ആയോധനശക്തിയെ വിപുലമാക്കുകയും ചെയ്യുന്നതരത്തിലായിരിക്കണം. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം, കറൻസി നിയന്ത്രണം ഇന്ത്യയുടെ സാമ്പത്തികവും സൈനികവുമായ പുരോഗതിക്കുവേണ്ടിയല്ല, നേരെമറിച്ച് ബ്രിട്ടന്റെ ആവശ്യങ്ങളെ നിറവേറ്റാൻ വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. ഗവൺമെന്റിനെ വിമർശിക്കുന്ന കാര്യത്തിൽ വലിയ ഇഷ്ടമില്ലാത്ത ധനശാസ്ത്രജ്ഞൻമാർ പോലും ഗവൺമെൻറിന്റെ നെറികെട്ട നിയന്ത്രണനയത്തെ ആക്ഷേപിച്ചിട്ടുണ്ട്. ഉദാഹരണത്തിന് വി.കെ.ആർ.വി. റാസ് എഴുതുന്നതു നോക്കുക:-

"ഇന്ത്യയുടെ നിലയിൽ നിന്നു നോക്കുമ്പോൾ ഇത്തരത്തിലുള്ള ഒരു വിദേശവിനിമയനിയന്ത്രണം ആവശ്യമില്ല. കാരണം വിനിമയങ്ങളിലുള്ള കൊള്ളക്കൊടുക്കകളിൽ ഇന്ത്യയ്ക്ക് അനുകൂലമായ ഒരു നിലയായിരുന്നു. വാസ്തവത്തിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു നിയന്ത്രണം സ്റ്റർലിങ്ങുകടത്തിലും തുടർന്നു നാണയപ്പെരുപ്പത്തിലും ചെന്നെത്തുവാനുള്ളതായിരുന്നു. പക്ഷേ, ഇന്ത്യൻ റിസർവ്വ് ബാങ്ക് ഒരു സ്വതന്ത്ര മാർഗം സ്വീകരിക്കുന്നതിനു പകരം ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ വാലിൽ തൂങ്ങുകയാണുണ്ടായത്. സ്വകാര്യകയറ്റുമതി വർദ്ധിപ്പിക്കുകയും സ്വകാര്യഇറക്കുമതി നിയന്ത്രിക്കുകയും ചെയ്യുന്നത് ബ്രിട്ടന്റെ താൽപര്യമാണ്; കാരണം അതുവഴി കഴിയുന്നത്ര വിദേശവിനിമയം കൈക്കലാക്കിക്കൊണ്ട് അന്യരാജ്യങ്ങളിൽനിന്നു യുദ്ധോപകരണങ്ങൾ വാങ്ങാൻ ബ്രിട്ടനു കഴിവുണ്ടാവും. ഇന്ത്യയുടെ നില തീരെ വ്യത്യസ്തമാണ്. നമ്മുടെ കയറ്റുമതി വർദ്ധിച്ചു: ഇറക്കുമതി ചുരുങ്ങി; വിദേശരാജ്യങ്ങളിലേയ്ക്ക് ഒട്ടേറെ സാധനങ്ങൾ നാം കൊടുക്കാൻ തുടങ്ങി — ഇതിന്റെയെല്ലാം ഫലമായി ഇന്ത്യയിൽ വമ്പിച്ച ആദായവും നാണയപ്പെരുപ്പവും അനുഭവപ്പെടാനും തുടങ്ങി." ('വാർ ആൻറ് ഇന്ത്യൻ എക്കോണമി' പേജ് 111)

ഈ നയത്തിന്റെ ഫലമായി ഇന്ത്യയുടെ കയറ്റുമതി ക്രമാതീതമായി വർദ്ധിക്കുകയും ഇറക്കുമതി കുറയുകയും ചെയ്തു. വാണിജ്യാവശിഷ്ടം വർദ്ധിച്ചുകൊണ്ടുവന്നു. എന്നാലീ വാണിജ്യാവശിഷ്ടം – കയറ്റുമതിയും ഇറക്കുമതിയും തമ്മിലുള്ള വ്യത്യാസം – ചരക്കുകളായോ സ്വർണ്ണമായോ ഇന്ത്യയ്ക്കു കിട്ടുകയുണ്ടായില്ല. അതെല്ലാം ലണ്ടനിലെ സ്റ്റർലിങ്ങുനിധിയിൽ കണക്കുപിടിക്കുകയും ഇന്ത്യയിലെ അടവുകൾക്കാവശ്യമായ നോട്ടുകളടിച്ചുവിടുകയുമാണുണ്ടായത്. ചരക്കുകൾക്കു പുറമെ സ്വർണ്ണം, വെള്ളി എന്നീ അപൂർവ്വലോഹങ്ങളും ഇന്ത്യയിൽ നിന്നു കയറ്റി അയയ്ക്കപ്പെട്ടു. അതും സ്റ്റർലിങ്ങു കണക്കുബുക്കിൽ വരവുപിടിച്ചു. ധനകാര്യത്തീർപ്പനുസരിച്ചു ബ്രിട്ടൻ ഇന്ത്യയ്ക്ക് നൽകുവാൻ ചുമതലപ്പെട്ട സംഖ്യകൾപോലും സ്റ്റർലിങ്ങു ഫണ്ടിൽ

കണക്കുപിടിക്കുകമാത്രമാണ് ചെയ്യുന്നത്. സാങ്കേതികപദങ്ങളെ ആശ്രയിക്കാതെ പറയുകയാണെങ്കിൽ, ഇതിന്റെ അർത്ഥം ബ്രിട്ടീഷ് മുതലാളികൾ ഇന്ത്യയിൽ നിന്നു യാതൊരു പ്രതിഫലവും കൂടാതെ ധാരാളം സ്വത്തുക്കൾ പറ്റിച്ചെടുത്തുവെന്നത്രെ. ഇത്ര നഗ്നമായ തട്ടിപ്പറി നാസിജർമ്മനി പിടിച്ചടക്കിയ രാജ്യങ്ങളിലല്ലാതെ മറ്റെവിടെയും കാണുമെന്നു തോന്നുന്നില്ല. 'ശാസ്ത്രീയമായ കൊള്ള' എന്ന തലക്കെട്ടിൽ ലണ്ടനിലെ 'എക്കോണമിസ്റ്റ്' എഴുതുന്നതു നോക്കുക.

"നാസികൾ കീഴടക്കിയ രാജ്യങ്ങളിൽ കൊള്ളക്കൊടുക്കകൾ അടച്ചുതീർക്കുന്ന സമ്പ്രദായം താഴെപറയും പ്രകാരമാണ്: 1. റീഷ് മാർക്കു (ജർമ്മൻ കറൻസി) നോട്ടായുള്ള അടവ്. 2. റീഷ്ക്രഡിറ്റ് കാസെൻഷൻ ആയിട്ടുള്ള അടവ്. 3. ജർമ്മൻ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പേരിലിറക്കിയിട്ടുള്ള ബില്ലുകൾ സ്വീകരിക്കൽ. 4. കീഴടക്കിയ ശക്തികൾ അടിച്ചിറക്കുന്ന ബാങ്കുനോട്ടുകൾ. 5. വിനിമയം വഴിയായ കണക്കുതീർക്കൽ. 6. സെൻട്രൽ ബാങ്കുകളിൽ നിന്നു മുൻകൂർ വാങ്ങിയുള്ള അടവ്. ഈ ഓരോ തരത്തിലുമുള്ള ഇടപാടുകളുടെയും ആകെയുള്ള ഫലം ജർമ്മനിക്ക് ഒന്നും കൊടുക്കാതെ ചിലതു കിട്ടുക എന്നതായിരുന്നു. വാങ്ങുന്ന സാധനങ്ങളുടെ വിലയെല്ലാം ഇങ്ങനെ കണക്കുതീർക്കുന്നതിന്റെ ഫലമായി പിടിച്ചെടുക്കപ്പെട്ട രാജ്യങ്ങളിലെല്ലാം നാണയപ്പെരുപ്പവും കടവർദ്ധനവുമാണുണ്ടാവുന്നത്. ജർമ്മൻ നാണ്യങ്ങളിൽതന്നെ അടച്ചുതീർത്താൽപോലും അവ കിട്ടുന്നവർക്കു ജർമ്മൻ സാമാനങ്ങൾ വാങ്ങാൻ കഴിയുമെന്നർത്ഥമില്ല; കാരണം ജർമ്മനിയിൽനിന്നുള്ള ഇറക്കുമതി കണിശമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങനെ തന്റെ ആക്രമണത്തിനിരയായ രാജ്യങ്ങളിൽ നാണയപ്പെരുപ്പം ഉണ്ടാക്കുന്നതുകൊണ്ട് ഒരു വെടിക്കു രണ്ടുപക്ഷിയെ കൊല്ലാമെന്നാണ് ജർമ്മനി കണക്കാക്കുന്നത്. അതിന് ഈ രാജ്യങ്ങളെ ആവാവുന്നേടത്തോളം ചൂഷണം ചെയ്യാൻ കഴിയുന്നുണ്ട്; അതേസമയം തന്നെ ഈ ചൂഷണമാവട്ടെ, അവിടങ്ങളിലെ ജനങ്ങളെ നന്നേ മുഷിപ്പിക്കാതെകണ്ടാണുതാനും. ഇതിനു പകരം നാസികൾ നഗ്നമായ കൊള്ളയ്ക്കാണ് മുതിർന്നിരുന്നതെങ്കിൽ, ജനങ്ങളുടെ വെറുപ്പുമുഴക്കുകയും അങ്ങിനെ അവരെ അടക്കിവാഴാൻ പ്രയാസമായിത്തീരുകയും ചെയ്തിരുന്നേനെ. തങ്ങൾ ജർമ്മനിക്കു കൊടുക്കുന്ന സാധനങ്ങൾക്ക് ഉദാരമായ പ്രതിഫലം കിട്ടുന്നുണ്ടെന്നാണ് കീഴടക്കപ്പെട്ട രാജ്യങ്ങളുടെ വലിയൊരു വിഭാഗത്തിന്റെ ധാരണ." (എക്കണോമിസ്റ്റ്, 24-8-40).

'എക്കണോമിസ്റ്റ്' ബ്രിട്ടീഷ് മുതലാളികളുടെ മുഖപത്രമാണ്. അതുകൊണ്ട് നാസി ജർമ്മനിയുടെ കറൻസിനയത്തെ ന്യായമായും ആക്ഷേപിക്കുന്ന ആ പത്രം ഇന്ത്യയെപ്പറ്റിപ്പറയുമ്പോൾ ഇങ്ങനെയാണ് വീമ്പിളക്കുന്നത്. 'ബർമ്മായുദ്ധത്തിൽ ഇന്ത്യൻ പട്ടാളക്കാർ ഉപയോഗിക്കുന്നതും ഇന്ത്യയിലുണ്ടാക്കിയതും ആയ ഓരോ ഉണ്ടയ്ക്കും അപ്പപ്പോൾ സ്റ്റർലിങ്ങിൽ വിലകൊടുക്കുന്നുണ്ട്... ഇതിൽ സാമ്രാജ്യചൂഷണമെന്നത് തീരെ ഇല്ലെന്നത് എല്ലാവരും ധരിക്കേണ്ടതാണ്.'

എന്നാൽ ബ്രിട്ടീഷ് മുതലാളികളും അവരുടെ പത്രങ്ങളും എന്തുതന്നെ പുലമ്പിയാലും ഇന്ത്യയുടെ കറൻസിനയം പാവപ്പെട്ട നാട്ടുകാരെ സംബന്ധിച്ചിടത്തോളം പൊറുക്കാനാവാത്ത ഒരു ഭയങ്കരസ്ഥിതിയാണ് ഉളവാക്കിയത് എന്ന വാസ്തവത്തെ മറച്ചുവയ്ക്കാൻ കഴിയില്ല. ലക്ഷക്കണക്കിനുള്ള ജനങ്ങൾ പട്ടിണിയിലും കഷ്ടപ്പാടിലും കിടന്ന് നരകിക്കുമ്പോൾ ഇന്ത്യയിൽ നിന്ന് കണക്കറ്റ ഉപഭോഗസാമഗ്രികൾ പുറംരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കപ്പെട്ടു. കൽക്കത്തയിലെ നിരത്തുകൾ ശവങ്ങളെ കൊണ്ടുനിറഞ്ഞാലും ശരി, കേരളക്കരയിൽ വസൂരിയും കോളറയും

പടർന്നുപിടിച്ചാലും ശരി, നാടൊട്ടുക്കു ക്ഷാമം കൊണ്ടു കുട്ടിച്ചോറായാലും ശരി കയറ്റുമതികൾ നിർവിഘ്നം തുടർന്നുപോകണമെന്നും അതിൽ നിന്നു കിട്ടുന്ന കറൻസികൾ പിടിച്ചെടുക്കണമെന്നുമാണ് അധികൃതൻമാർ തീരുമാനിച്ചത്. സ്റ്റർലിങ്ങ് നിക്ഷേപങ്ങളുടെ ഉറപ്പിൻമേൽ ഉറുപ്പികയടച്ചിറക്കുവാനുള്ള ഏർപ്പാടുകൾ റിസർവ്വ ബാങ്കിനുണ്ടായിരുന്നതുകൊണ്ട് ഇന്ത്യയിലെ കയറ്റുമതിക്കാർക്ക് ഉറുപ്പികധനം കിട്ടിക്കൊണ്ടിരുന്നു. പിടുപ്പതിലധികം ലാഭമടിക്കാൻ തഞ്ചം കിട്ടിയ മദോന്മത്തരായ നാടൻമുതലാളികൾ പട്ടിണിപ്പാവങ്ങളുടെ കഷ്ടപ്പാടുകളെ അശ്രദ്ധയോടെയാണ് വീക്ഷിച്ചത് എന്നു പറയാതിരിപ്പാൻ തരമില്ല. കരിഞ്ചന്തയുടെ നേതാക്കൻമാരായ ഈ ലാഭക്കൊതിയൻമാർ തങ്ങളുടെ മടിശ്ശീല തടിപ്പിക്കാൻവേണ്ടി ആയിരമായിരം നിരപരാധികളെ മരണത്തിന്റെ വായിലേക്കു നിർദ്ദയം പിടിച്ചുതള്ളി.

ഉല്പാദനത്തെ വർദ്ധിപ്പിക്കാനോ കരിഞ്ചന്തയെ തടയുവാനോ കാര്യക്ഷമമായ യാതൊരു നടപടിയും അധികൃതൻമാർ കൈക്കൊണ്ടില്ല. അതിന്നവർക്കു സാദ്ധ്യവുമല്ല. കാരണം, ജനകീയകക്ഷികളുടെ സഹകരണം കൂടാതെ കരിഞ്ചന്തയുടെ പ്രാബല്യത്തെ തടയുവാനാവില്ല. വെറും ഓർഡിനൻസുകൾകൊണ്ട് ഉല്പാദനത്തെ വർദ്ധിപ്പിക്കാനാവില്ല.

പക്ഷേ, ജനകീയപാർട്ടികളെ വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ഒരുദ്യോഗസ്ഥ മേധാവിത്വമാണ് നമുക്കിന്നുള്ളത്.

## ഉറുപ്പികയുടെ ഭാവി

ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധം വെറും സാമ്പത്തികമായ ബന്ധമല്ല രാഷ്ട്രീയബന്ധമാണ്. ബ്രിട്ടീഷ് കുത്തകമുതലാളികൾ ഇന്ത്യയെ ചൂഷണം ചെയ്യാനുപയോഗിക്കുന്ന ഒരു മാർഗ്ഗം മാത്രമാണത്. വിദേശമുതലാളികളുടെ താൽപര്യങ്ങളാണ് ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധത്തെ നിർണ്ണയിച്ചുപോന്നിട്ടുള്ളത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ ഇന്ത്യയുടെ കറൻസി പ്രശ്നത്തെ പരിഹരിക്കാനാവില്ല.

ഉറുപ്പികയുടെ പ്രവർത്തനം ഇന്ത്യയ്ക്കനുകൂലമായിത്തീരണമെങ്കിൽ ഉറുപ്പികയും സ്റ്റർലിങ്ങ്, ഡോളർ തുടങ്ങിയ വിദേശകറൻസികളും തമ്മിലുള്ള തോത് നിശ്ചയിക്കാൻ ഇന്ത്യാക്കാർക്കധികാരം ലഭിക്കണം. ഇന്നത്തെ നിലയ്ക്കതു സാധ്യമല്ല. ഇന്ന് ഇന്ത്യൻ കറൻസിയുടെ വിനിമയബന്ധത്തെ നിയന്ത്രിക്കാനുള്ള അവകാശം ലെജിസ്ലേറ്റീവ് അസംബ്ലിയുടേതല്ല, ഗവർണർ ജനറലുടേതാണ്. ബ്രിട്ടീഷ് താൽപര്യങ്ങൾക്കു ഹാനിതട്ടാതിരിക്കത്തക്കവിധത്തിൽ ഇന്ത്യയുടെ വിനിമയബന്ധത്തെ നിലനിർത്താൻ ആവശ്യമായ എല്ലാ അധികാരങ്ങളും ഗവർണർ ജനറൽക്കു ലഭിച്ചിട്ടുണ്ട്. ഇതിനൊരു മാറ്റം വരുത്തണമെങ്കിൽ ഇന്നത്തെ ഭരണസമ്പ്രദായം മാറിയേ കഴിയൂ. നിലവിലുള്ള ഭരണസമ്പ്രദായം നിലനിൽക്കുന്നിടത്തോളം കറൻസി പ്രശ്നത്തെ ഒറ്റയ്ക്കെടുത്തു പരിഹരിക്കാൻ ശ്രമിക്കുന്നതു വ്യാമോഹം മാത്രമാണ്. ഈ പ്രശ്നത്തിനു ഫലപ്രദമായ ഒരു പരിഹാരം കാണണമെങ്കിൽ കറൻസിയുടെ പരിഷ്കരണത്തിനു വേണ്ടിയുള്ള സമരം സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഭാഗം മാത്രമാണെന്ന് വ്യക്തമായി മനസ്സിലാക്കണം. □

(മംഗളോദയം, തൃശ്ശൂർ 1947)

# 4

# പണം മുതൽ നയാപൈസവരെ

1957 ഏപ്രിൽ 1 നാണ് നമ്മുടെ നാട്ടിൽ നയാപൈസ എന്ന പുതിയ തരം നാണയം പ്രചരിക്കാൻ തുടങ്ങിയത്.

ഏതാണ്ട് പഴയ ചില്ലിക്കാശിനോളം തന്നെ വലിപ്പവും അതിനേക്കാൾ കുറച്ചു കൂടി കനവുമുള്ള ഒരു ചെറിയ നാണ്യമാണ് നയാപൈസ. പക്ഷേ, ഇതിന് ചില്ലിക്കാശിനേക്കാൾ കൂടുതൽ വിലയുണ്ട്. 192 ചില്ലികാശുകൊടുത്താൽ കിട്ടാവുന്നത്ര സാധനങ്ങൾ വാങ്ങാൻ 100 നയാപൈസ മതി.

രണ്ടു നയാപൈസ, അഞ്ചു നയാപൈസ, പത്തു നയാപൈസ എന്നിങ്ങനെ ഈ സമൂഹത്തിൽ വേറെയും ഒറ്റനാണ്യങ്ങൾ പ്രചാരത്തിലായിക്കഴിഞ്ഞിട്ടുണ്ട്. ചെമ്പും നിക്കലുമടങ്ങിയ ഒരു സമ്മിശ്രലോഹം കൊണ്ടാണവ നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

ഒരുറുപ്പിക നൂറു നയാപൈസയ്ക്കു സമമാണ്. അരയുറുപ്പികയ്ക്ക് അമ്പതു നയാപൈസ. കാലുറുപ്പികയ്ക്ക് ഇരുപത്തഞ്ചു നയാപൈസ. പക്ഷേ, അരയ്ക്കാലു റുപ്പികയ്ക്ക് പന്ത്രണ്ടര നയാപൈസയല്ല, പന്ത്രണ്ടു നയാപൈസ മാത്രം. ഒരണയ്ക്ക് ആറു നയാപൈസയും രണ്ടണയ്ക്കു പന്ത്രണ്ടു നയാപൈസ. മൂന്നണയ്ക്ക് പത്തൊമ്പതു നയാപൈസ, നാലണയ്ക്ക് ഇരുപത്തഞ്ച് നയാപൈസ. ഇങ്ങനെ കണക്കുകൂട്ടാൻ ബഹുവിഷമമാണെന്നു പലരും പറയുകയുണ്ടായി. ചിലർ പറഞ്ഞു, നയാപൈസ ഒരു ശല്യമാണെന്ന്. പക്ഷേ, ആദ്യം, അതിന്റെ നേർക്ക് മുഖം വീർപ്പിച്ചവർ തന്നെ പിന്നീടതിനെ ഭദ്രമായി സൂക്ഷിക്കാൻ തുടങ്ങി. എന്തുകൊണ്ട്? നാണ്യത്തിന്റെ തിളക്കവും ഭംഗിയും കണ്ടിട്ടാണോ? അല്ല. ആ നാണ്യങ്ങൾക്കൊടുത്ത് അങ്ങാടിയിൽ നിന്ന് എന്തു വേണമെങ്കിലും വാങ്ങാം. ചായ കുടിക്കാം, സിഗരറ്റ് വലിക്കാം, പത്രമോ പുസ്തകമോ വാങ്ങാം, സിനിമ കാണാം. എല്ലാറ്റിനും പൈസ വേണം.

നയാപൈസ വരുന്നതിന് മുമ്പ് ഉറുപ്പികയും അണയും പൈയും മാത്രമാണുണ്ടായിരുന്നത്. ഒരുറുപ്പികയ്ക്ക് പതിനാറണ; ഒരണയ്ക്ക് പന്ത്രണ്ട് പൈ. അണയും പൈയും ആദ്യമായി പ്രചരിക്കാൻ തുടങ്ങിയപ്പോഴും കണക്കുകൂട്ടാൻ കുറച്ചൊക്കെ വിഷമമുണ്ടായിരുന്നു. ഒരുറുപ്പികയ്ക്ക് 64 കാലണ, അല്ലെങ്കിൽ 192 പൈ. ഉറുപ്പികയെ 192 ആക്കി ഭാഗിച്ച് കണക്കുകൂട്ടുന്നതിനെക്കാൾ എളുപ്പമല്ലേ അതിന്റെ നൂറാക്കി ഭാഗിച്ച് കണക്കുക്കൂട്ടുന്നത്? നൂറിനെ എതു സംഖ്യകൊണ്ടു വേണമെങ്കിലും പെരുക്കി നൊടിയിടയ്ക്കുള്ളിൽ ഉത്തരം കാണാം. അതേ സംഖ്യകൊണ്ട് 192 നെ പെരുക്കിനോക്കു. നൂറിനെ പത്തുകണക്കിലുള്ള ചെറുഭാഗങ്ങളാക്കാം. അതുപോലെ 192

നെ ഒന്നു ഭാഗിച്ചുനോക്കൂ. തീർച്ചയായും നൂറിന്റെ പത്തുകണക്കിലുള്ള വിഭജനമാണെളുപ്പം. പത്തുകണക്കിൽ ഭാഗിക്കാനും പെരുക്കാനും കൂടുതൽ എളുപ്പമുള്ള ഒരു നാണയവ്യവസ്ഥയാണിത്. അതുകൊണ്ടാണിത് ദശാംശനാണയവ്യവസ്ഥ എന്ന് വിളിക്കപ്പെടുന്നത്.

നയാപൈസയെ അണയായോ പൈ ആയോ മാറ്റുക അത്ര എളുപ്പമല്ലെന്നുള്ളത് ശരിയാണ്. പക്ഷേ, ഏതാനും കൊല്ലങ്ങൾക്കുള്ളിൽ അണയും പൈയും കാലണയും മറ്റും പ്രചാരത്തിൽ നിന്നും പിൻവലിക്കപ്പെടും. പിന്നെ ഉറുപ്പികയും നയാപൈസയും മാത്രമേ ഉണ്ടാവൂ. അപ്പോളാണ് ദശാംശനാണയവ്യവസ്ഥയുടെ മുഴുവൻ ഗുണവും വെളിപ്പെടുക.

## 1 പൈസ എന്തിന്?

പത്തൊമ്പതാം നൂറ്റാണ്ടിലാണ് അണയും പൈയും ആദ്യമായി രംഗത്തിറങ്ങിയത്. അതിനു മുമ്പ് അണയും പൈയും ഉണ്ടായിരുന്നില്ല. പകരം മറ്റുചില നാണയങ്ങളാണുണ്ടായിരുന്നത്. വാസ്തവം പറഞ്ഞാൽ, പ്രാചീനകാലം മുതൽക്കുതന്നെ നമ്മുടെ നാണ്യവ്യവസ്ഥയിൽ പലപലമാറ്റങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ? എന്തുമാറ്റമുണ്ടായാലെന്താണ്? നാണ്യത്തിന്റെ പേരു മാറിയാലും, അതിന്റെ വിഭജനസമ്പ്രദായം മാറിയാലും, അതു നാണ്യംതന്നെയാണ്. കാലുറുപ്പികയായാലും നാലണയായാലും ഇരുപത്തഞ്ചു നയാപൈസയായാലും കാര്യം ഒന്നുതന്നെ. അവ കൊടുത്താൽ കിട്ടുന്ന സാധനങ്ങൾ തുല്യമായിരിക്കും. നാണ്യങ്ങൾക്കൊണ്ടു നമുക്ക് നേരിട്ട് പറയത്തക്ക ഉപയോഗമൊന്നുമില്ല. അവ തിന്നാൽ പറ്റില്ല; നഗ്നത മറയ്ക്കാനും പറ്റില്ല. എങ്കിലും അവ ഉപയോഗകരങ്ങളാണ്. അവ കൊടുത്ത് ആവശ്യമായ സാധനങ്ങൾ — അപ്പമോ തുണിയോ എന്തുവേണമെങ്കിലും — വാങ്ങാൻ കഴിയുമെന്നതാണ് അവയുടെ ഉപയോഗം.

നിങ്ങളുടെ കൈയിൽ വിൽക്കാൻ പറ്റിയ എന്തെങ്കിലും സാധനമുണ്ടെന്നിരിക്കട്ടെ. അതു വിറ്റാൽ പണം കിട്ടും. ആ പണം കൊടുത്ത് നിങ്ങൾക്കാവശ്യമുള്ള മറ്റെന്തെങ്കിലും സാധനം വാങ്ങാം. ഇങ്ങിനെ ചരക്കുകൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും പണം ഉപയോഗിക്കപ്പെടുന്നു. പണത്തെ മധ്യവർത്തിയാക്കിക്കൊണ്ടാണ് ഇങ്ങനെ ചരക്കുകൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടുന്നത്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാവും. സമുദായത്തിൽ ചരക്കുകളുടെ കൈമാറ്റം ആവിർഭവിച്ചതിനു ശേഷം മാത്രമാണ് പണമുണ്ടായത്. പ്രാകൃതമനുഷ്യർ വേട്ടയാടി നടന്നിരുന്ന ആ അതിപ്രാചീനകാലത്ത് കൈമാറ്റവും കച്ചവടവും ഒന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടക്കാലത്ത് പണത്തിന്റെ ആവശ്യവുമുണ്ടായിരുന്നില്ല. ഇതിന്റെ അർത്ഥം പ്രാകൃതമനുഷ്യർ ചരക്കുകൾ കൈമാറാൻ തുടങ്ങിയ ഉടനെത്തന്നെ പണമാവിർഭവിച്ചു എന്നല്ല. ആദ്യകാലത്ത് പണത്തിന്റെ സഹായം കൂടാതെ നേരിട്ടു ചരക്കുകൾ കൈമാറുകയാണ് പതിവ്. നെല്ലുകൊടുത്ത് തുണി വാങ്ങും. മീൻ കൊടുത്ത് തേൻ വാങ്ങും. നേരിട്ടുള്ള ഈ കൈമാറ്റത്തിന് വെച്ചുമാറ്റം അല്ലെങ്കിൽ ബാർട്ടർ എന്നു പറയുന്നു.

ബാർട്ടർ സമ്പ്രദായത്തിന് ഒരു കുഴപ്പമുണ്ട്. നെല്ല് വിറ്റ് തുണിവാങ്ങാൻ പോകുന്ന ഒരു കൃഷിക്കാരനെ ഒന്നു പിന്തുടർന്നുനോക്കൂ. തുണിവിൽക്കാൻ തയ്യാറുള്ള ഒരാളെ അയാൾ കണ്ടുമുട്ടുന്നു. പക്ഷേ, തുണി വിൽക്കുന്നവന് നെല്ലല്ല, തേങ്ങയാണവശ്യം. ഈ സ്ഥിതിയിൽ കൈമാറ്റം നടക്കുന്നതെങ്ങനെയാണ്? തുണി വിൽക്കാൻ

തയ്യാറുള്ളവനും അതേ സമയത്തു നെല്ല് വാങ്ങാൻ ആഗ്രഹിക്കുന്നവനുമായ ഒരാളെ കണ്ടുപിടിക്കാൻ കഴിഞ്ഞാലെ കൈമാറ്റം നടക്കൂ. തേങ്ങ വിൽക്കാൻ തയ്യാറുള്ള ഒരാളുണ്ട്. പക്ഷേ, അയാൾക്ക് തുണിയുമല്ല, നെല്ലുമല്ല ആവശ്യം; കുറേ ഉപ്പാണ്. ഉപ്പു കിട്ടിയാലേ അയാൾ തേങ്ങ കൈവിടൂ. എന്തു ബുദ്ധിമുട്ടാണ്? മനുഷ്യർ പരിഷ്കരിക്കുകയും കൊള്ളക്കൊടുക്കകൾ വർദ്ധിക്കുകയും ചെയ്തപ്പോൾ ഈ ബുദ്ധിമുട്ട് കൂടുതൽ ദുസ്സഹമായിത്തീർന്നു. ബാർട്ടർ, അല്ലെങ്കിൽ നേരിട്ടുള്ള കൈമാറ്റ സമ്പ്രദായം തികച്ചും അപ്രായോഗികവും അപര്യാപ്തവുമായിത്തീർന്നു. എല്ലാവർക്കും പൊതുവിൽ ആവശ്യമായ ഏതെങ്കിലുമൊരു സാധനത്തെ മധ്യവർത്തിയായി ഉപയോഗിച്ചാലേ ഈ ബുദ്ധിമുട്ടു പരിഹരിക്കാൻ കഴിയൂ എന്നായി. ഈ ഘട്ടത്തിലാണ് പണം രംഗത്തിറങ്ങിയത്.

## 2 നാണ്യങ്ങളുടെ ഉത്ഭവം

പണം — അതായത് കൈമാറ്റത്തിന്റെ മധ്യവർത്തി — ആദ്യമായി പ്രത്യക്ഷപ്പെട്ടത് നാണ്യങ്ങളുടെ രൂപത്തിലായിരുന്നില്ല. സ്വർണ്ണക്കട്ടികളും വെള്ളിക്കഷണങ്ങളും മറ്റും അതേ രൂപത്തിൽ, കൊത്തിത്തേച്ചുരൂപപ്പെടുത്താതെ തന്നെ പണമായി ഉപയോഗിക്കപ്പെട്ടിരുന്നു. അക്കാലത്ത് പണം എണ്ണിക്കൊടുക്കുകയല്ല, തൂക്കിക്കൊടുക്കുകയാണ് പതിവ്. അതുതന്നെയും പ്രാചീനമനുഷ്യർ കുറേയൊക്കെ പരിഷ്കാരം നേടിയതിനുശേഷമാണ്. വെള്ളി, സ്വർണം തുടങ്ങിയ ലോഹങ്ങൾ പണമായി ഉപയോഗിക്കപ്പെടാൻ തുടങ്ങുന്നതിനു മുമ്പ് പശു, ആട്, തോൽ, ഉപ്പ് തുടങ്ങിയ മറ്റുപലതും കൈമാറ്റത്തിന്റെ മധ്യവർത്തികളായിരുന്നിട്ടുണ്ട്. നെല്ല് കൊടുത്ത് തുണി വാങ്ങാനാഗ്രഹിക്കുന്ന ഒരാൾ നേരിട്ട് തുണിവാങ്ങുകയല്ല ചെയ്യുന്നത്. ആദ്യം നെല്ല് കൊടുത്ത് ഉപ്പ് വാങ്ങുന്നു. പിന്നീട് ഉപ്പ് കൊടുത്ത് തുണി വാങ്ങുന്നു. ഉപ്പ് എല്ലാവർക്കും ആവശ്യമുള്ള ഒരു സാധനമാണ്. അതുകൊണ്ടാണത് കൈമാറ്റത്തിന്റെ മധ്യവർത്തിയായി ആദ്യം അംഗീകരിക്കപ്പെട്ടത്. പക്ഷേ, എന്തു ബുദ്ധിമുട്ടായിരുന്നു അതെന്ന് ഒന്നാലോചിച്ചുനോക്കൂ. നയാപൈസയുടെ കണക്കുകൂട്ടൽപോലും വിഷമമാണെന്നു പറയുന്നവർ പശുക്കൾ പണമായി ഉപയോഗിക്കപ്പെട്ടിരുന്ന കാലത്തെ സ്ഥിതിയെപ്പറ്റി എന്തു പറയും? ഒരു പശുവിനെ കൊടുത്താൽ നാലാടുകളെ വാങ്ങാൻ കിട്ടുമെന്നിരിക്കട്ടെ. പക്ഷേ, ഒരാടുമാത്രം മതിയെങ്കിലോ? പശുവിനെ നാലാക്കി വെട്ടിമുറിച്ചു കൊടുക്കാൻ കഴിയുമോ? ഈ വിഷമം പരിഹരിക്കാനാണ് സ്വർണ്ണം, വെള്ളി, തുടങ്ങിയ ലോഹങ്ങൾ പണമായി ഉപയോഗിക്കപ്പെട്ടത്. സ്വർണ്ണവും വെള്ളിയും എത്ര ചെറിയ കഷണങ്ങളാക്കി മുറിച്ചാലും ആർക്കും യാതൊരുപദ്രവവുമില്ല. അവ തൂക്കിക്കൊടുത്ത് ഇഷ്ടംപോലെ ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങാം. എന്നാൽ, അതും അത്ര എളുപ്പമൊന്നുമായിരുന്നില്ല. കച്ചവടത്തിനുപോകുമ്പോൾ ചരക്കുകളേറ്റി നടന്നാൽ പോര, സ്വർണ്ണക്കഷണങ്ങളോ, വെള്ളിക്കഷണങ്ങളോ ഉണ്ടായാലും പോരാ, അവ തൂക്കിക്കൊടുക്കാൻ എല്ലായ്പ്പോഴും ഒരു തുലാസ്സു കൂടി കൊണ്ടുനടക്കണം! ഈ ബുദ്ധിമുട്ടു പരിഹരിക്കാനാണ് നിശ്ചിതമായ രൂപവും തൂക്കവും മാറ്റുമുള്ള സ്വർണ്ണക്കഷണങ്ങളും വെള്ളിക്കഷണങ്ങളും ചെമ്പുതുട്ടുകളും മറ്റും ഉപയോഗിക്കാൻ തുടങ്ങിയത്. പല പേരുകളിലും വിളിയ്ക്കപ്പെട്ട ഈ ലോഹത്തുണ്ടുകൾക്കാണ് നാണ്യങ്ങളെന്ന് പറയുന്നത്. ലോഹക്കഷണങ്ങൾ തൂക്കികൊടുക്കുന്നതിനുപകരം നാണ്യങ്ങൾ എണ്ണികൊടുത്താൽ മതിയല്ലോ?

## 3 പഴയ നാണ്യങ്ങൾ

ഇന്ത്യയിലാദ്യമായി നാണ്യങ്ങളാവിർഭവിച്ചത് ഏതുകാലത്താണെന്നു വളരെ കൃത്യമായി പറയാൻ വയ്യ. എന്നാലൊരു കാര്യം തീർച്ചയാണ്. ആര്യൻമാരുടെ ആഗമനത്തിനു എത്രയോ മുമ്പു മുതൽക്കേതന്നെ നാണ്യങ്ങൾ പ്രചരിച്ചിരുന്നു. മോഹൻജദാരോ, ഹാരപ്പ മുതലായ പ്രദേശങ്ങളിൽ നിന്ന് ആ അതിപ്രാചീന കാലത്തെ നാണ്യങ്ങളിൽ ചിലത് ഭൂഗർഭശാസ്ത്രജ്ഞൻമാർ കണ്ടെടുത്തിട്ടുണ്ട്. ചുരുങ്ങിയത് അയ്യായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയിൽ ചരക്കുകളുടെ കൊള്ളക്കൊടുക്കകളും കച്ചവടവും മറ്റുമുണ്ടായിരുന്നു എന്നാണിതു കാണിക്കുന്നത്.

ഋഗ്വേദത്തിൽ പണം, പണി എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ ധാരാളം കാണാവുന്നതാണ്. പക്ഷേ, ബാർട്ടർ സമ്പ്രദായവും നടപ്പിലുണ്ടായിരുന്നു. ഒരിന്ദ്രബിംബം പത്തു പശുക്കൾക്കു സമമാണെന്നു ഒരിടത്തു പ്രസ്താവിക്കുന്നുണ്ട്. ഉൽപാദനവ്യവസ്ഥ അഭിവൃദ്ധിപ്പെടുകയും കൊള്ളക്കൊടുക്കകളും കച്ചവടങ്ങളും പരിഷ്കരിക്കുകയും ചെയ്തപ്പോൾ മെല്ലെമെല്ലെ ബാർട്ടർ സമ്പ്രദായം അപ്രത്യക്ഷമായി. പണം, നിഷ്കം തുടങ്ങിയ നാണ്യങ്ങളുടെ പ്രാധാന്യം വർദ്ധിച്ചു. ബുദ്ധന്റെ കാലത്തിനു മുമ്പുതന്നെ പണം, കർഷാപണം മുതലായ പേരുകളോടുകൂടിയ വെള്ളിനാണ്യങ്ങളും നിഷ്കം, പാദം മുതലായ സ്വർണനാണ്യങ്ങളും പ്രചരിച്ചിരുന്നുവെന്ന് ഗവേഷകൻമാർ വെളിപ്പെടുത്തിയിട്ടുണ്ട്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ മൗര്യചക്രവർത്തിമാരുടെ കാലത്തു പ്രചരിച്ചിരുന്ന നാണ്യങ്ങളെപ്പറ്റി വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. പണമായിരുന്നു ഏറ്റവും പ്രചാരമുള്ള നാണ്യം. അത് തനി വെള്ളിയായിരുന്നില്ല. — ചെമ്പു കൂട്ടിയതായിരുന്നു. പണം, അരപ്പണം, കാൽപ്പണം, അരക്കാൽപ്പണം എന്നീ വെള്ളിനാണ്യങ്ങൾക്കു പുറമെ മാഷം, അർദ്ധമാഷകം, കാകണി, അർദ്ധകാകണി മുതലായ ചെമ്പുനാണ്യങ്ങളും ഇക്കാലത്ത് പ്രചരിച്ചിരുന്നു. കൗടില്യന്റെ കാലത്തെ ഒരു പണം ഏറെക്കുറെ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പു പ്രചരിച്ചിരുന്ന നമ്മുടെ ഉറുപ്പികയ്ക്ക് സമമായിരുന്നു എന്ന് കെ.ടി.ഷാ എന്ന ധനശാസ്ത്രജ്ഞൻ പറയുന്നു. ഓരോ നാണ്യത്തിനും നിശ്ചിതമായ തൂക്കവും മാറ്റുമുണ്ടായിരുന്നു. കടുകിൻമണി, കുന്നിക്കുരു, മഞ്ചാടിക്കുരു മുതലായവയുടെ അടിസ്ഥാനത്തിലാണ് തൂക്കങ്ങൾ കണക്കാക്കപ്പെട്ടിരുന്നത്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ വ്യത്യസ്തനാണ്യങ്ങളുടെ തൂക്കങ്ങളെപ്പറ്റി വിസ്തരിച്ച് പ്രതിപാദിക്കുന്നുണ്ട്. നിശ്ചിത നിരക്കുകളിൽ ആവശ്യക്കാർക്ക് ലോഹക്കട്ടികളെ നാണ്യങ്ങളാക്കി മാറ്റിക്കൊടുക്കാനും മാറ്റുകുറഞ്ഞ നാണ്യങ്ങൾ കണ്ടെത്തിയാൽ അവയെ നശിപ്പിച്ചുകളയാനും നാണ്യനിർമ്മാണശാലയുടെ അധ്യക്ഷന് അധികാരമുണ്ടായിരുന്നു.

ഉൽപാദനവ്യവസ്ഥ അഭിവൃദ്ധിപ്പെടുകയും വാണിജ്യവും വ്യാപാരബന്ധങ്ങളും വളരുകയും ചെയ്യുമ്പോൾ നാണ്യവ്യവസ്ഥയും അഭിവൃദ്ധിപ്പെടുന്നു. അത്തരമൊരു കാലഘട്ടമായിരുന്നു ഗുപ്തരാജാക്കൻമാരുടെ ഭരണകാലം. ഗുപ്തരാജാക്കൻമാരാൽ നിർമ്മിക്കപ്പെട്ട നിരവധി നാണ്യങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ഗുപ്തഭരണത്തിന്റെ ആദ്യകാലത്ത് 123 ഗ്രേൻ തൂക്കമുള്ള സ്വർണനാണ്യങ്ങളാണ് പ്രചരിച്ചിരുന്നത്. എന്നാൽ അത് മുഴുവൻ ശുദ്ധമായ സ്വർണ്ണമായിരുന്നില്ല. 7 ഗ്രേൻ ശുദ്ധ സ്വർണവും ബാക്കി കൂട്ടുമായിരുന്നു. പിന്നീട് നാണ്യങ്ങളുടെ തൂക്കം വർദ്ധിപ്പിക്കപ്പെട്ടു. പക്ഷേ, കനം കൂടുംതോറും പരിശുദ്ധ സ്വർണത്തിന്റെ തോതു കുറഞ്ഞുകുറഞ്ഞുവരികയാണ് ചെയ്തത്. സ്വർണനാണ്യങ്ങൾക്കു പുറമെ വെള്ളിനാണ്യങ്ങളുമുണ്ടായിരുന്നു. എന്നാൽ,

ചെറിയ ചെറിയ കൈമാറ്റങ്ങൾക്ക് ചെമ്പുനാണ്യങ്ങളാണ് ഉപയോഗിക്കപ്പെട്ടിരുന്നത്.

## 4 നാണ്യങ്ങളുടെ പരസ്പരബന്ധം

സ്വർണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും തമ്മിലുള്ള ബന്ധം സ്വർണത്തിന്റെയും വെള്ളിയുടെയും വിലകൾ തമ്മിലുള്ള ബന്ധത്തെ ആശ്രയിച്ചാണ് നിലനിന്നുപോകുന്നത്. ഒരു ഗ്രേൻ സ്വർണം ഇരുപത്തിരണ്ടര ഗ്രേൻ വെള്ളിക്ക് സമമായിരുന്നുവെന്ന് സചീന്ദ്രകുമാർ എന്ന ഗ്രന്ഥകാരൻ കണക്കുകൂട്ടിപ്പറയുന്നു. ബൈഗ്രാമിൽ നിന്നു ലഭിച്ച ഒരു ചെമ്പുപട്ടയപ്രകാരം സ്വർണത്തിന്റെ വില വെള്ളിയുടേതിന്റെ പതിനാറിരട്ടിയായിരുന്നു. നാരദസ്മൃതിയനുസരിച്ച് അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന നാണ്യവ്യവസ്ഥ താഴെപറയുംപ്രകാരമായിരുന്നു.

| | | |
|---|---|---|
| 4 കാകണി | = | 1 മാഷം അല്ലെങ്കിൽ 1 പലം (1 പണം) |
| 20 മാഷം അല്ലെങ്കിൽ 20 പണം | = | വെള്ളികൊണ്ടുള്ള ഒരു കാർഷാപണം |
| 4 കാർഷാ പണം | = | 1 ധാനകം |
| 12 ധാനകം അല്ലെങ്കിൽ 48 കാർഷാപണം | = | 1 സുവർണം (ദീനാരം) |

ശുക്രനീതിസാരത്തിൽ നിഷ്കം, തങ്കം, സുവർണ്ണം മുതലായ നാണ്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. നാലു മാഷത്തൂക്കം സ്വർണമാണ് ഒരു നിഷ്കത്തിലടങ്ങിയിരിക്കുന്നത്. വിവിധ ലോഹങ്ങളുടെ വിലകൾ തമ്മിലുള്ള ബന്ധങ്ങൾ താഴെ പറയും പ്രകാരമായിരുന്നു:

> "രജതം ഷോഡശഗുണം ഭവേത്സ്വർണ്ണസ്യമൂല്യകം
> താമ്രം രജതമൂല്യം സ്വാത്പ്രായോശീതിഗുണം തഥാ"

അതായത് സ്വർണ്ണത്തിന്റെ വില വെള്ളിയുടെ വിലയുടെ പതിനാറിരട്ടിയും വെള്ളിയുടെ വില ചെമ്പിന്റെ വിലയുടെ സുമാർ 80 ഇരട്ടിയുമായിരുന്നു. എന്നാൽ ഏതെങ്കിലുമൊരു ലോഹത്തിന്റെ വിലയിൽ മാറ്റമുണ്ടായാൽ ഈ ബന്ധത്തിനും മാറ്റം സംഭവിയ്ക്കുക പതിവായിരുന്നു. ദാരിയസ്സ രാജാവിന്റെ കാലത്ത് 3:40 എന്ന നിരക്കിലും ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിൽ 1:9 എന്ന നിരക്കിലുമാണ് സ്വർണവും വെള്ളിയും പ്രചരിച്ചിരുന്നത് എന്ന് കെ.വി.രാമസ്വാമി അയ്യങ്കാർ എന്ന പണ്ഡിതൻ ചൂണ്ടിക്കാണിയ്ക്കുന്നു. ഇങ്ങനെ സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ മൂല്യത്തിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് അവ തമ്മിലുള്ള ബന്ധങ്ങൾക്കും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു.

## 5 നാണ്യങ്ങളുടെ ഭംഗി

ആദ്യമൊക്കെ നാണ്യങ്ങളുടെ മാറ്റും തൂക്കവും മാത്രമാണ് പരിഗണിയ്ക്കപ്പെട്ടിരുന്നത്. പക്ഷേ, ക്രമത്തിൽ ജനങ്ങളുടെ കലാബോധം അവയിൽ പ്രതിഫലിയ്ക്കാൻ തുടങ്ങി. നാണ്യങ്ങളിൻമേൽ ചില ചിത്രപ്പണികൾ ആവിർഭവിച്ചു. ഉദാഹരണത്തിന്, വൃത്താകാരത്തിലുള്ള മൂന്നു പുള്ളികളോടുകൂടിയ ചില വെള്ളിനാണ്യങ്ങളെപ്പറ്റി

സി.ജെ.ബ്രൗൺ എന്ന ഗ്രന്ഥകാരൻ 'ഇന്ത്യയിലെ നാണ്യങ്ങൾ' എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ചില പ്രാചീന നാണ്യങ്ങളിന്മേൽ ആന, നായ, മരം മുതലായവയുടെ ചിത്രങ്ങൾ കൊത്തിയുണ്ടാക്കപ്പെട്ടിരുന്നു. വിദേശീയരുമായുള്ള കച്ചവടബന്ധങ്ങളുടെ ഫലമായി ഗ്രീക്കുനാണ്യങ്ങളേയും റോമൻനാണ്യങ്ങളേയും അനുകരിച്ചുകൊണ്ടുള്ള ചില നാണ്യങ്ങളും നിർമ്മിക്കപ്പെടുകയുണ്ടായി. ഗുപ്തൻമാരുടെയും പിന്നീട് രജപുത്രരുടെയും കാലത്ത് നാണ്യങ്ങളുടെ ഭംഗിയും ആകർഷകത്വവും വർദ്ധിച്ചു. ശഹദുഖി, ദിർഹം എന്നിങ്ങനെയുള്ള ചില വെള്ളിനാണ്യങ്ങൾ ബാബറും ഹുമയൂണും നിർമ്മിക്കുകയുണ്ടായി. എന്നാൽ, ഷേർഷായുടെ കാലത്താണ് നാണ്യനിർമ്മാണത്തിൽ പ്രധാനമായ ചില മാറ്റങ്ങളുണ്ടായത്. അദ്ദേഹമാണത്രേ വെള്ളിയുറുപ്പിക ആദ്യമായി അടിച്ചിറക്കിയത്. ഒരുറുപ്പികയിൽ 172.5 ഗ്രേൻ വെള്ളിയടങ്ങിയിരുന്നു. വെള്ളിനാണ്യങ്ങൾക്കു പുറമെ 'ദാം' എന്ന ചെമ്പുനാണ്യവുമുണ്ടായിരുന്നു. ഒരു ദമ്മിൽ 523 ഗ്രേൻ ചെമ്പാണടങ്ങിയിരുന്നത്. ആദ്യകാലത്ത് ഒരു വെള്ളിയുറുപ്പിക നാൽപ്പതു ദമ്മിനു സമമായിരുന്നു. പിന്നീട് വെള്ളിയുടെ വീര്യംകൂടിയപ്പോൾ എൺപതു ദമ്മായി. ഏറ്റവും ചെറിയ കൊള്ളക്കൊടുക്കകൾക്ക് 'ദമ്മിടി' എന്ന മറ്റൊരു ചെറുനാണ്യം ഉപയോഗിക്കപ്പെട്ടിരുന്നു. എട്ടു ദമ്മിടി കൂടിയാൽ ഒരു ദമ്മായി.

അക്ബറുടെ കാലത്ത് ഉറുപ്പിക, അരയുറുപ്പിക, അരയ്ക്കാലുറുപ്പിക എന്നീ വെള്ളിനാണ്യങ്ങൾക്കുപുറമെ 'മുഹർ' എന്ന സ്വർണനാണ്യവും പ്രചരിച്ചിരുന്നു.

## 6 ഏകീകൃതമായ നാണ്യവ്യവസ്ഥ

അക്ബറുടെ കാലത്താണ് മുഗൾസാമ്രാജ്യത്തിലേക്കും വെള്ളിമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറെക്കുറെ ഏകീകൃതവും കേന്ദ്രീകൃതവുമായ ഒരു നാണ്യവ്യവസ്ഥ നടപ്പിൽവന്നത്. പക്ഷേ, മുഗൾഭരണം അവസാനിച്ചതോടെ ഏകീകൃതമായ നാണ്യവ്യവസ്ഥയ്ക്ക് ഉടവുതട്ടി. സ്വതന്ത്രരായിത്തീർന്ന രാജാക്കന്മാർ തങ്ങളുടെ രാജ്യങ്ങളിൽ സ്വന്തം സ്വന്തം നാണ്യങ്ങൾ അടിച്ചിറക്കാൻ തുടങ്ങി. അങ്ങിനെ പരസ്പരം ബന്ധമില്ലാത്ത ഒട്ടനവധി നാണ്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരത്തോളം വ്യത്യസ്ത നാണ്യങ്ങൾ പ്രചരിച്ചിരുന്നുവെന്ന് മാക്ക്ലെസ് എന്ന ഗ്രന്ഥകാരൻ 'ഇന്ത്യൻ കറൻസി' എന്ന തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നുണ്ട്. കേരളക്കരയിൽ വരാഹൻ, വീരരായപ്പണം, കാശ് മുതലായ നാണ്യങ്ങളാണ് പ്രചരിച്ചിരുന്നത് എന്ന് ക്ര. 1800-ൽ കേരളം സന്ദർശിച്ച ഫ്രാൻസിസ് ബച്ചാനൻ പറയുന്നു. 40 കാശിന് ഒരു വീരരായപ്പണം. പതിനൊന്നേകാൽ പണത്തിന് ഒരു വരാഹൻ. ഒരു മദ്രാസ് ഉറുപ്പിക കൊടുത്താൽ മൂന്നേമുക്കാൽ പണവും രണ്ടരകാശും കിട്ടിയിരുന്നു എന്നു ബുച്ചാനൻ ചൂണ്ടിക്കാണിയ്ക്കുന്നു. പക്ഷേ, ഈ നിരക്ക് സ്ഥിരമായിരുന്നില്ല. പലപ്പോഴും ഏറ്റക്കുറച്ചിലുണ്ടായിക്കൊണ്ടിരുന്നു. ഈസ്റ്റിന്ത്യാകമ്പനിയുടെ ഉറുപ്പികയ്ക്ക് മിക്കസ്ഥലത്തും സ്ഥാനമുണ്ടായിരുന്നു. എന്നാൽ, കമ്പനിയുറുപ്പികതന്നെയും പലേടത്തും പലതരത്തിലായിരുന്നു. ബങ്കാൾ, പഞ്ചാബ് എന്നീ രണ്ടു സംസ്ഥാനങ്ങളിൽ മാത്രം 27 തരത്തിലുള്ള വെള്ളിയുറുപ്പികകൾ പ്രചരിച്ചിരുന്നുവെന്നാണ് മാക്ക്ലീസ് പറയുന്നത്.

ഈ പരിതഃസ്ഥിതിയിലാണ് ഈസ്റ്റിന്ത്യാ കമ്പനിക്കാർ ഇന്ത്യയിൽ തങ്ങളുടെ ഭരണാധികാരമുറപ്പിച്ചത്. ഇത്രയധികം വ്യത്യസ്തനാണ്യങ്ങളുടെ പ്രചാരം തങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ താൽപര്യങ്ങളെ അപകടപ്പെടുത്തുമെന്ന്

അവർ മനസ്സിലാക്കി. മെല്ലെ മെല്ലെ ഇന്ത്യ മുഴുവനും തങ്ങളുടെ കീഴിലായതോടെ ഏകീകൃതമായ ഒരു നാണ്യവ്യവസ്ഥ അവർ നടപ്പിൽവരുത്തി. 1818-ൽ 180 ഗ്രേൻ തൂക്കവും പന്ത്രണ്ടിൽ പതിനൊന്നു ഭാഗം ലോഹശുദ്ധിയുമുള്ള വെള്ളിയുറുപ്പിക മദ്രാസ് സംസ്ഥാനത്തിൽ അടിച്ചിറക്കപ്പെട്ടു. 1823-ൽ ബോംബെയിലെ ഉറുപ്പിക മദ്രാസിലെ ഉറുപ്പികയ്ക്കു തുല്യമായിത്തീർന്നു. 1835-ൽ പാസാക്കപ്പെട്ട നിയമമനുസരിച്ച് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണാതിർത്തിക്കുള്ളിൽ എല്ലായിടത്തും 180 ഗ്രേൻ തൂക്കമുള്ള വെള്ളിയുറുപ്പിക അടിസ്ഥാന നാണ്യമായി അംഗീകരിക്കപ്പെട്ടു.

## 7 ഉറുപ്പികയും പവൻസ്റ്റർലിങ്ങും

ഇന്ത്യയിൽ വെള്ളിയുറുപ്പിക പ്രചരിപ്പിക്കപ്പെട്ട അതേകാലത്ത് ഇംഗ്ലണ്ടിൽ പവൻസ്റ്റർലിങ്ങ് എന്ന് സ്വർണ്ണനാണ്യമാണ് അടിസ്ഥാനനാണ്യമെന്ന നിലയ്ക്ക് പ്രചരിച്ച് കൊണ്ടിരുന്നത്. 1818-ൽ തന്നെ ബ്രിട്ടൻ സ്വർണനാണ്യവ്യവസ്ഥ സ്വീകരിച്ചു കഴിഞ്ഞിരുന്നു. ബ്രിട്ടന്റെ കോളനിയായിത്തീർന്ന ഇന്ത്യയാകട്ടെ വെള്ളിമാനത്തിലുമായിരുന്നു. ഇത് പല വിഷമതകൾക്കും ഇടവരുത്തി. ബ്രിട്ടനും ബ്രിട്ടന്റെ കോളനിയായ ഇന്ത്യയും തമ്മിലുള്ള ബന്ധം കാരണം പലപ്പോഴും രണ്ടു നാണ്യങ്ങളും തമ്മിലുള്ള കൈമാറ്റങ്ങൾ ആവശ്യമായിത്തീർന്നു. ഇന്ത്യയ്ക്കകത്തുള്ള കൊള്ളക്കൊടുക്കകൾക്ക് ഉറുപ്പിക തന്നെ മതി. എന്നാൽ, ഇംഗ്ലണ്ടിൽ നിന്ന് ചരക്കുകൾ വാങ്ങാനും ഇന്ത്യാഗവൺമെൻറിന് ഇംഗ്ലണ്ടിൽ വേണ്ടിവന്ന ചെലവുകൾ നിർവ്വഹിക്കാനും ഉറുപ്പിക പോരാ, ഇംഗ്ലണ്ടിന്റെ നാണയമായ പവൻസ്റ്റർലിങ്ങു വേണം. ഇന്ത്യയുടെ റവന്യൂവരവിനങ്ങളെല്ലാം ഉറുപ്പികക്കണക്കിലായിരുന്നു. ചെലവിന്റെ ഗണ്യമായ ഭാഗം ഇംഗ്ലണ്ടിൽ പവൻകണക്കിലും. ഇതുകാരണം കൊല്ലംതോറും വളരെയധികം ഉറുപ്പിക പവൻസ്റ്റർലിങ്ങാക്കി മാറ്റേണ്ടിവന്നു. ഉറുപ്പികയും പവൻസ്റ്റർലിങ്ങും തമ്മിൽ നിശ്ചിതമായ ഒരു ബന്ധം — നിശ്ചിതമായ ഒരു കൈമാറ്റനിരക്ക് — ആവശ്യമായിത്തീരുന്നു. അങ്ങനെ ഇന്ത്യയുടെ ഉറുപ്പിക ഇംഗ്ലണ്ടിലെ പവൻസ്റ്റർലിങ്ങുമായി കൂട്ടികെട്ടപ്പെട്ടു.

1899-ൽ പാസാക്കപ്പെട്ട നിയമമനുസരിച്ച് ഒരുറുപ്പിക പതിനാറു പെൻസിനു സമമായിത്തീർന്നു. എന്നാൽ ഒരുറുപ്പിക കൊടുത്താൽ പതിനാറു പെൻസോ അത്രയ്ക്കുള്ള സ്വർണമോ ലഭിയ്ക്കുമെന്നതിന് യാതൊരുറപ്പുമുണ്ടായിരുന്നില്ല. 1907 മുതൽക്ക് സ്വർണ്ണം കൊടുക്കാനുള്ള എല്ലാ ഉത്തരവാദിത്വങ്ങളിൽ നിന്നും ഗവൺമെൻറ് ഒഴിഞ്ഞുമാറി. ഇതൊരു വിചിത്രമായ സ്ഥിതിവിശേഷമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന് മുമ്പ് ഉറുപ്പികയ്ക്ക് സ്വതന്ത്രമായ ഒരു പദവിയാണുണ്ടായിരുന്നത്. നിശ്ചിതമായ തൂക്കവും മാറ്റുമുള്ള വെള്ളി അതിലടങ്ങിയിരുന്നതുകൊണ്ട് അതിനു സ്വന്തമായ നിലയും വിലയുമുണ്ടായിരുന്നു. ബ്രിട്ടീഷുഭരണം വന്നപ്പോൾ ഈ സ്വതന്ത്രപദവി നഷ്ടപ്പെട്ടു. അത് പൗണ്ട് സ്റ്റെർലിങ്ങിന്റെ ഒരു ഭാഗമായി. പൗണ്ട് സ്റ്റെർലിങ്ങുമായുള്ള ബന്ധം മാത്രമായിരുന്നു ഉറുപ്പികയുടെ ഉറപ്പ്. അത് പൗണ്ട് സ്റ്റർലിങ്ങിനെ ആശ്രയിച്ചു നിലനിൽക്കുന്ന ഒരു നാണയമായിത്തീർന്നു. ഉറുപ്പികയ്ക്കു പകരം സ്വർണം നൽകുകയില്ല എന്നു വന്നതോടുകൂടി അത് വെള്ളിമാനവുമല്ല, സ്വർണ്ണമാനവുമല്ല എന്നായി. ഈ വിചിത്രമായ നാണ്യവ്യവസ്ഥയ്ക്ക് സ്വർണവിനിമയമാനം അല്ലെങ്കിൽ 'ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡ്' എന്നു നാമകരണം ചെയ്യപ്പെട്ടു.

## 8 ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം

ഒന്നാം ലോകമഹായുദ്ധം ഈ നാണ്യവ്യവസ്ഥയുടെ പാപ്പരത്തം തികച്ചും വെളിപ്പെടുത്തി. ഇംഗ്ലണ്ടിനുവേണ്ടി ഇന്ത്യ വമ്പിച്ച ചെലവുകൾ ചെയ്യേണ്ടിവന്നു. അതിനുവേണ്ടി ധാരാളം ഉറുപ്പിക അടിച്ചിറക്കപ്പെട്ടു. പക്ഷേ, ഉറുപ്പികയുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവെങ്കിലും അതനുസരിച്ച് സ്വത്തുക്കൾ വർദ്ധിക്കുകയുണ്ടായില്ല. ഫലമോ? ചരക്കുകളുടെ വില കയറുകയും ഉറുപ്പികയുടെ വിലയിടിയുകയും ചെയ്തു.

യുദ്ധമവസാനിച്ചതിനുശേഷം ബാബിങ്ടൺ സ്മിത്ത് കമ്മീഷന്റെ ശുപാർശയനുസരിച്ച് ഉറുപ്പികയുടെ വിനിമയനിരക്ക് രണ്ട് ഷില്ലിങ് അല്ലെങ്കിൽ ഇരുപത്തിനാല് പെൻസ് ആക്കി നിശ്ചയിക്കപ്പെട്ടു. യുദ്ധംകൊണ്ടുതകർന്ന ബ്രിട്ടീഷുവ്യവസായങ്ങളെ വീണ്ടും വളർത്താനും ബ്രിട്ടീഷുകച്ചവടം വീണ്ടും അഭിവൃദ്ധിപ്പെടുത്താനുമുള്ള പരിപാടിയുടെ ഒരു ഭാഗമെന്ന നിലയ്ക്കാണ് ഈ പുതിയ നിരക്ക് നടപ്പിൽവരുത്തപ്പെട്ടത്. ഇതുമൂലം ഇംഗ്ലണ്ടിൽ നിർവ്വഹിക്കേണ്ടി വന്ന ചെലവുകളുടെ ഭാരം വർദ്ധിച്ചു. ഓരോ പവൻ സ്റ്റർലിങ്ങിനും മുമ്പു കൊടുത്തിരുന്നതിനേക്കാൾ കൂടുതൽ ഉറുപ്പിക കൊടുക്കേണ്ടിവന്നു. ഈ വിനിമയനിരക്ക് കാരണം ഇന്ത്യയുടെ ഖജാനയ്ക്ക് ഒറ്റക്കൊല്ലത്തിനുള്ളിൽ മുപ്പത്തഞ്ചുകോടി ഉറുപ്പികയുടെ നഷ്ടംപറ്റി. നമ്മുടെ നാണ്യവ്യവസ്ഥ വളരെ ദുർബ്ബലമായിത്തീർന്നു. ഉറുപ്പികയുടെ വിലയിടിഞ്ഞു. 1920 ആയപ്പോഴേയ്ക്കും ഉറുപ്പിക പതിനാറു പെൻസിനു സമമായിത്തീർന്നു.

## 9 പുതിയ വിനിമയനിരക്ക്

1927-ൽ ഹിൽട്ടൺ യങ്ങ് കമ്മിഷന്റെ റിപ്പോർട്ടനുസരിച്ച് ഉറുപ്പികയുടെ വിനിമയനിരക്ക് ഒരു ഷില്ലിങ് ആറുപെൻസാക്കി നിജപ്പെടുത്തപ്പെട്ടു. സർ പുരുഷോത്തംദാസ് താക്കൂർദാസ് തുടങ്ങിയ ഇന്ത്യൻ വ്യവസായികൾ ഈ പുതിയ നിരക്ക് ഇന്ത്യയുടെ താൽപ്പര്യങ്ങൾക്കെതിരാണെന്നു വാദിച്ചുനോക്കി. വളരെക്കാലമായി ഉറുപ്പികയുടെ യഥാർത്ഥത്തിലുള്ള കൈമാറ്റനിരക്ക് ഒരു ഷില്ലിങ്ങ് നാലു പെൻസു മാത്രമാണെന്നും ഒരു ഷില്ലിങ്ങ് ആറു പെൻസാക്കിയാൽ അത് നിലവിലുള്ള യഥാർത്ഥനിരക്കിനേക്കാൾ പന്ത്രണ്ടരശതമാനം കൂടുതലായിരിക്കുമെന്നും ഈ കവിഞ്ഞ നിരക്ക് ഇന്ത്യൻ കമ്പോളത്തിൽ മത്സരിക്കുവാൻ വിദേശമുതലാളികൾക്ക് കൂടുതൽ സഹായകരമായിരിക്കുമെന്നും ഇന്ത്യയുടെ കയറ്റുമതികൾക്ക് വലിയ തടസ്സം നേരിടുമെന്നും മറ്റും അവർ ശക്തിയായി വാദിച്ചു. ഏതാണ്ടിതേ വാദങ്ങളുന്നയിച്ചുകൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഒരു പ്രമേയം പാസാക്കുകയുണ്ടായി. കേന്ദ്ര അസംബ്ലിയിലെ പല നേതാക്കൻമാരും ഔദ്യോഗിക നിരക്കിനെതിനായി ശബ്ദമുയർത്തിനോക്കി. പക്ഷേ, എന്തായി, യാതൊരു ഫലവുമുണ്ടായില്ല. ഉറുപ്പികയുടെ വിനിമയനിരക്ക് പതിനെട്ടുപെൻസ് തന്നെയായിരിക്കണമെന്ന് ബ്രിട്ടീഷ് ഭരണാധികാരികൾ തീരുമാനിച്ചു.

വിനിമയനിരക്ക് പതിനാറു പെൻസിനു പകരം പതിനെട്ടു പെൻസാക്കുക എന്നുവച്ചാൽ ഒരുറുപ്പിക വിലയുള്ള ചരക്കിന്ന് രണ്ടു പെൻസ് കൂടുതൽ വില നൽകേണ്ടിവരിക എന്നർത്ഥമാണ്; വിദേശ കമ്പോളത്തിൽ ഇന്ത്യൻ ചരക്കുകളുടെ വില മറ്റു രാജ്യങ്ങളുടെ ചരക്കുകളുടേതിനെക്കാൾ വർദ്ധിയ്ക്കുക എന്നർത്ഥമാണ്. കമ്പോളത്തിൽ എല്ലായ്പ്പോഴും വില കുറഞ്ഞ ചരക്കുകളാണല്ലോ വേഗത്തിൽ ചെലവാകുക. ഇന്ത്യൻ ചരക്കുകളുടെ വില താരതമ്യേന കൂടുതലായതുകൊണ്ട് നമ്മുടെ കയറ്റുമതികൾക്ക് വലിയ ഇടിവുതട്ടി. മാത്രമല്ല, കയറ്റി അയച്ച ചരക്കുകൾക്ക് ഉറുപ്പികകണക്കിൽ കിട്ടിയ വില കുറയുകയും ചെയ്തു.

1927-ലെ കറൻസി നിയമമനുസരിച്ച് ഒരുറുപ്പികയ്ക്ക് പതിനെട്ടു പെൻസിന്റെ സ്വർണം നൽകുവാൻ തങ്ങൾ ബാധ്യസ്ഥരായിരിക്കുമെന്ന് ഗവൺമെൻറ് പ്രഖ്യാപിക്കുകയുണ്ടായി. എങ്കിലും 1931-ൽ ബ്രിട്ടൻ സ്വർണമാനമുപേക്ഷിച്ചതോടുകൂടി ഉറുപ്പികയ്ക്കുപകരം സ്വർണം നൽകുക എന്ന നയവും ഉപേക്ഷിക്കപ്പെട്ടു. ഉറുപ്പികയ്ക്ക് സ്വർണവുമായി യാതൊരുബന്ധവും ഇല്ലാതായി. എന്നിട്ടും വിനിമയനിരക്ക് പതിനെട്ടുപെൻസുതന്നെയായി നിലനിർത്തപ്പെട്ടു.

## 10 ഇന്ത്യയ്ക്കു നേരിട്ട നഷ്ടം

1929-ൽ ലോകത്തിലൊട്ടുക്കും വലിയൊരു സാമ്പത്തികക്കുഴപ്പമുണ്ടായി. റഷ്യയൊഴിച്ച് മറ്റെല്ലാ രാജ്യങ്ങളെയും അതു പിടികൂടി. എന്നാൽ വ്യാവസായികരാജ്യങ്ങളെക്കാളധികം കാർഷിക രാജ്യങ്ങളെയാണതു ബാധിച്ചത്. എല്ലാ ചരക്കുകളുടെയും വിലയിടിഞ്ഞു. പക്ഷേ, കാർഷികച്ചരക്കുകളുടെ വിലയാണ് കൂടുതൽ ഇടിഞ്ഞത്. ഇന്ത്യ മുഖ്യമായും ഒരു കാർഷികരാജ്യമാണ്. പ്രധാനമായ കയറ്റുമതി വ്യാവസായികരാജ്യങ്ങൾക്കാവശ്യമായ അസംസ്കൃതസാമഗ്രികളും മറ്റു കാർഷികചരക്കുകളുമാണ്. വിലയിടിവിന്റെ ഫലമായി കയറ്റുമതികളിൽ നിന്നുള്ള ആദായം ഗണ്യമായി കുറഞ്ഞു.

ഈ ഘട്ടത്തിലാണ് 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. പരാധീനതയുടെ അർത്ഥമെന്താണെന്ന് ഇന്ത്യാക്കാർക്ക് നല്ലപോലെ ബോധ്യപ്പെടുത്തിക്കൊടുത്ത ഒരു യുദ്ധമായിരുന്നു അത്. ലോകത്തിന്റെ യുദ്ധച്ചെലവുകളുടെ ഗണ്യമായ ഒരു ഭാഗം ഇന്ത്യ വഹിക്കേണ്ടിവന്നു. ഇന്ത്യയുടെ വിഭവങ്ങൾ വളരെയധികം ചൂഷണം ചെയ്യപ്പെട്ട ഒരു കാലം മുമ്പുണ്ടായിട്ടില്ല. ബ്രിട്ടൻ ഇന്ത്യയിൽ നിന്ന് ഇഷ്ടം പോലെ ചരക്കുകൾ വാങ്ങി. പക്ഷേ, അവയുടെ വിലയോ ഇന്ത്യയ്ക്കാവശ്യമായ മറ്റു ചരക്കുകളോ പകരം നൽകുകയുണ്ടായില്ല. എല്ലാം കടമായിട്ടാണ് വാങ്ങിയത്. ഇന്ത്യയ്ക്ക് കിട്ടാനുള്ള പണം സ്റ്റർലിങ്ങായി കണക്കുപിടിക്കുക മാത്രമാണ് ചെയ്തത്. പക്ഷേ, ഓരോ ഉൽപാദകനിൽ നിന്നു ചരക്കുകൾ കടംവാങ്ങാൻ പറ്റില്ല. ചരക്കുകൾ വാങ്ങാൻ പണം കൊടുക്കണം. അതിനുവേണ്ടി ഇന്ത്യയിൽ കണക്കിലധികം ഉറുപ്പികനോട്ടുകൾ അടിച്ചിറക്കി വിതരണം ചെയ്തു.

## 11 നോട്ട് എന്നാലെന്ത്?

നോട്ട് എന്നുവച്ചാലെന്താണ്? എപ്പോൾ വേണമെങ്കിലും പണമടച്ചുകൊള്ളാമെന്ന ഒരു വാഗ്ദാനപത്രം മാത്രമാണത്. ഏതെങ്കിലും ഒരു നോട്ടെടുത്ത് ഒന്നു പരിശോധിച്ചു നോക്കൂ. ഇതാ, അഞ്ചുറുപ്പികയുടെ ഒരു നോട്ട്. സുമാർ നാലിഞ്ചു നീളവും രണ്ടിഞ്ചു വീതിയുമുള്ള ഒരു ചെറിയ കടലാസുകഷണം. ഈ കടലാസുകഷണത്തിന് എന്തുവിലയാണുള്ളത്? ഒന്നുകൂടി പരിശോധിച്ചുനോക്കു. അശോകചക്രത്തിന്റെ ചിത്രമുണ്ട്. അഞ്ചുറുപ്പിക എന്ന് പല ഭാഷകളിലുമെഴുതിയിട്ടുണ്ട്. ഒരു കടലാസ്സുകഷണത്തിൽ അഞ്ചുറുപ്പിക എന്നെഴുതിയാൽ അത് അഞ്ചുറുപ്പികയായിത്തീരുമോ? തീർച്ചയായുമില്ല. ഒന്നുകൂടി നല്ലവണ്ണം പരിശോധിച്ചു നോക്കൂ. ഒരു മൂലയിൽ ഒരു നമ്പറുണ്ട്. മധ്യത്തിൽ ഇംഗ്ലീഷിലെഴുതിയിട്ടുള്ളതെന്താണ്? മുകളിൽ ചെറിയ അക്ഷരത്തിൽ "കേന്ദ്ര ഗവൺമെൻറ് ഉറപ്പുനൽകുന്ന" എന്ന് എഴുതിയിട്ടുണ്ട്. അതിന്റെ നേരെ ചുവട്ടിൽ കുറച്ചുകൂടി വലിയ അക്ഷരത്തിൽ "റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ" എന്ന് കാണുന്നു. അതിനു താഴെ 'ഏതെങ്കിലും ഇഷ്യു ഓഫീസിൽ

ഇതുകൊണ്ടുവന്നു തരുന്നവൻ ചോദിച്ചാൽ അഞ്ചുറുപ്പിക കൊടുത്തുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു' എന്നെഴുതിയിട്ടുണ്ട്. അതിനുചുവട്ടിലായി റിസർവ്വ് ബാങ്ക് ഗവർണറുടെ ഒപ്പുമുണ്ട്.

അപ്പോൾ കടലാസുകഷണത്തിന്നല്ല വില, റിസർവ്വ് ബാങ്ക് ഗവർണറുടെ ഒപ്പിന്നും ഇന്ത്യാഗവൺമെൻറിന്റെ ഉറപ്പിനുമാണ്. നോട്ടുകൊടുത്താൽ എപ്പോൾ വേണമെങ്കിലും അതിൽ പറയുന്ന തുക നൽകിക്കൊള്ളാമെന്ന റിസർവ്വ് ബാങ്കിന്റെ പ്രതിജ്ഞയിൽ വിശ്വാസമുള്ളതുകൊണ്ടാണ് ജനങ്ങളത് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെയാണത് നാണ്യമെന്നപോലെത്തന്നെ ചരക്കുകളുടെ കൈമാറ്റത്തിന്റെ മധ്യവർത്തിയായി ഉപയോഗിക്കുന്നതും.

വാസ്തവത്തിൽ, നാണ്യങ്ങൾക്കുതന്നെയും, ലോഹകഷണങ്ങളെന്ന നിലയ്ക്കുള്ള വില കുറവാണ്. ഒരു നാണ്യം പൊട്ടിച്ചു കഷണമാക്കി ലോഹമെന്ന നിലക്ക് വിറ്റാൽ അതിന് ആ നാണ്യത്തിന്റെ വില കിട്ടുകയില്ല. നാണ്യം കൊടുത്താൽ അതിൽ പറഞ്ഞിരിക്കുന്ന തുകയ്ക്കുള്ള ചരക്കുകൾ വാങ്ങിക്കാൻ സാധിക്കുമെന്നുറപ്പുള്ളതുകൊണ്ടാണ് ജനങ്ങളത് സ്വീകരിക്കുന്നത്. നോട്ടിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കടലാസ്സുകഷണമെന്ന നിലക്ക് അതിന് യാതൊരു വിലയുമില്ല. പക്ഷേ, അതുകൊടുത്താൽ അതിൽ പറയുന്ന തുകയ്ക്കുള്ള ചരക്കുകൾ വാങ്ങാൻ കഴിയും.

## 12 നോട്ടിന്റെ ഉറപ്പ്

ആദ്യകാലത്ത് പലബാങ്കുകളും വേറെ വേറെ നോട്ടുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1861 മുതൽക്ക് ബോംബെയിലും കൽക്കത്തയിലും മദ്രാസിലുമുള്ള പ്രസിഡൻസി ബാങ്കുകൾക്കു മാത്രമേ നോട്ടടിക്കുവാൻ അധികാരമുള്ളു എന്നു തീരുമാനിക്കപ്പെട്ടു. ഒന്നാംലോകമഹായുദ്ധത്തിനുശേഷം മൂന്നു പ്രസിഡൻസി ബാങ്കുകളും ഇമ്പീരിയൽ ബാങ്ക് എന്ന പേരിൽ കൂട്ടിയോജിപ്പിക്കപ്പെട്ടു. 1936-മുതലാണ് റിസർവ്വ് ബാങ്ക് സ്ഥാപിക്കപ്പെട്ടത്. അതു മുതൽക്കു നോട്ടുകളടിക്കുവാനുള്ള പൂർണ്ണമായ ഉത്തരവാദിത്വം റിസർവ്വ് ബാങ്കിനു മാത്രമായിത്തീർന്നു. ഇന്നും ഇന്ത്യയുടെ കേന്ദ്രബാങ്കെന്ന നിലയ്ക്ക് റിസർവ്വ് ബാങ്ക് മാത്രമാണ് ഗവൺമെൻറിനുവേണ്ടി നോട്ടുകളടിക്കുന്നത്.

ആദ്യകാലത്ത് നോട്ടുകൾ കൊടുത്താൽ പകരം ഉറുപ്പികനാണ്യങ്ങൾ നൽകാൻ ബാങ്കുകൾക്കൊരു ചുമതലയുണ്ടായിരുന്നു. അതുകൊണ്ട്, അടിച്ചിറക്കപ്പെട്ടന്ന നോട്ടുകളുടെ പിൻബലമെന്ന നിലയ്ക്ക് നാണ്യങ്ങളോ വെള്ളിവാളങ്ങളോ ഗവൺമെൻറുവക സെക്യൂരിറ്റികളോ സൂക്ഷിച്ചുവയ്ക്കുക പതിവായിരുന്നു. നോട്ടുകളുടെ തുക വർദ്ധിക്കുംതോറും സൂക്ഷിപ്പിന്റെ തുകയും വർദ്ധിക്കും. ആരംഭത്തിൽ പത്തുകോടി ഉറുപ്പികയുടെ നോട്ടുകളാണ് പ്രചരിച്ചിരുന്നത്. അവയ്ക്കു പിൻബലമായി നാലുകോടി ഉറുപ്പികയ്ക്കുള്ള ഗവൺമെൻറ് സെക്യൂരിറ്റികളും ആറുകോടി ഉറുപ്പികയ്ക്കുള്ള വെള്ളിനാണ്യങ്ങളും സൂക്ഷിക്കപ്പെട്ടിരുന്നു.

നോട്ടുകളുടെ എണ്ണം ക്രമത്തിൽ വർദ്ധിച്ചു. ഒന്നാം ലോകമഹായുദ്ധം തുടങ്ങുന്നതിന് തൊട്ടുമുമ്പ് ഇരുപതു കോടിയോളം രൂപയുടെ നോട്ടുകളുണ്ടായിരുന്നു. അവയുടെ ഉറപ്പിനായി വെള്ളി, സ്വർണം, നാണ്യങ്ങൾ, സെക്യൂരിറ്റികൾ മുതലായവ സൂക്ഷിപ്പായി കരുതപ്പെട്ടിരുന്നു. സ്വർണത്തിന്റെ ഒരു ഭാഗം ബ്രിട്ടനിലാണ് സൂക്ഷിക്കപ്പെട്ടിരുന്നത്. ഗവൺമെൻറിന്റെ സെക്യൂരിറ്റികളാകട്ടെ സ്റ്റർലിങ്ങ് സെക്യൂരിറ്റികളുമായിരുന്നു. എന്നുവച്ചാൽ, അവയെ ഇഷ്ടംപോലെ എടുത്തുപയോഗിക്കാൻ ഇന്ത്യയ്ക്ക് സാധ്യമായിരുന്നില്ല. യുദ്ധച്ചെലവുകൾക്ക് കൂടുതൽ നോട്ടുകളടിച്ചിറക്കേണ്ടിവന്നപ്പോൾ ഇത്തരത്തിലെ സൂക്ഷിപ്പുകൾപോലും അപ്രായോഗികമായിത്തീർന്നു. തൻ

മൂലം സൂക്ഷിപ്പുകളുടെ തുക ഗണ്യമായി വെട്ടിക്കുറയ്ക്കപ്പെട്ടു. കുറഞ്ഞ സൂക്ഷിപ്പുകളുടെ ഉറപ്പിൻമേൽ കൂടുതൽ നോട്ടുകൾ അടിച്ചിറക്കപ്പെടാൻ തുടങ്ങി.

## 13 പണം കൂടുതലായാൽ

ഒന്നാംലോകമഹായുദ്ധകാലത്തെപ്പോലെതന്നെ രണ്ടാം ലോകമഹായുദ്ധകാലത്തും പ്രധാനമായും ബ്രിട്ടീഷ്ഗവൺമെൻറിന്റെ ആവശ്യങ്ങൾക്കുവേണ്ടി, കണക്കിലധികം ഉറപ്പികനോട്ടുകൾ അടിച്ചിറക്കപ്പെടുകയുണ്ടായി. യുദ്ധം തുടങ്ങുന്നതിനു മുമ്പ്, അതായത്, 1938-ൽ ആകെ 170 കോടി ഉറപ്പികയുടെ കടലാസുനോട്ടുകളാണുണ്ടായിരുന്നത്. 1945 ആഗസ്റ്റ് മാസമായപ്പോഴേക്കും അത് 1130 കോടി ക. ആയി വർദ്ധിച്ചു. അതായത് യുദ്ധത്തിനുമുമ്പുണ്ടായിരുന്നതിന്റെ ആറിരട്ടി.

നോട്ടുകളുടെ എണ്ണം വർദ്ധിച്ചാലുള്ള ഫലമെന്താണ്? നാട്ടിൽ കൂടുതൽ പണം വിതരണം ചെയ്യപ്പെടുന്നു. ശമ്പളം, കൂലി എന്നിങ്ങനെ പലതരത്തിലും ജനങ്ങളുടെ കൈയ്യിൽ കൂടുതൽ പണമെത്തിച്ചേരുന്നു. കിട്ടുന്ന പണം സൂക്ഷിച്ചുവെയ്ക്കുകയോ ചരക്കുകൾ വാങ്ങാൻവേണ്ടി ചെലവാക്കുകയോ ചെയ്യാം. എല്ലാം ചെലവിടുകയാണെന്നു വിചാരിക്കുക. ഒട്ടാകെ ചെലവിടുന്ന പണത്തിന്റെ തുക വർദ്ധിയ്ക്കുന്നതോതനുസരിച്ചുതന്നെ കമ്പോളത്തിൽ വിൽപ്പനയ്ക്കുള്ള ചരക്കുകളുടെ തുകയും വർദ്ധിച്ചില്ലെങ്കിൽ, പണം കൂടുതലും ചരക്കുകൾ കുറവുമാണെങ്കിൽ, ചരക്കുകളുടെ വില വർദ്ധിക്കും. ഉറപ്പികയുടെ എണ്ണം കൈമാറ്റത്തിന്റെ ആവശ്യങ്ങൾക്കു വേണ്ടതിലും അധികമായാൽ ചരക്കുകൾ വാങ്ങാനുള്ള അതിന്റെ കഴിവ് ചുരുങ്ങും. ഓരോ ഉറപ്പികയ്ക്കും കിട്ടുന്ന ചരക്കുകളുടെ തുക കുറയും. മറ്റൊരു വിധം പറഞ്ഞാൽ, ഉറപ്പികയുടെ വിലയിടിയും. അങ്ങിനെതന്നെയാണുണ്ടായതും. രണ്ടാംലോകമഹായുദ്ധമവസാനിച്ചപ്പോഴേയ്ക്കും ഉറപ്പികയുടെ വില യുദ്ധത്തിനുമുമ്പുണ്ടായിരുന്നതിന്റെ നാലിലൊന്നായി ചുരുങ്ങി!

യുദ്ധാവശ്യങ്ങൾക്കുവേണ്ടി ഇന്ത്യയിൽ നിന്നു വാങ്ങിയ ചരക്കുകളുടെ വില പണമായിട്ടോ മറ്റെന്തെങ്കിലും ചരക്കുകളായിട്ടോ തരാനും അങ്ങിനെ ഇന്ത്യയിലെ വ്യവസായങ്ങളെ വളർത്തിക്കൊണ്ട് ഉത്പാദനം വർദ്ധിപ്പിയ്ക്കാനും ബ്രിട്ടൻ തയ്യാറായിരുന്നുവെങ്കിൽ ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാകുമായിരുന്നില്ല. പക്ഷേ, ചരക്കുകൾ വിലയ്ക്കു വാങ്ങുക എന്നതായിരുന്നില്ല, നേരെ മറിച്ച്, സ്വന്തം യുദ്ധച്ചെലവുകൾക്കുവേണ്ടി യാതൊരു പ്രതിഫലവും നൽകാതെ ഇന്ത്യയുടെ വിഭവങ്ങളുപയോഗിക്കുക എന്നതായിരുന്നു ബ്രിട്ടന്റെ യഥാർത്ഥ ഉദ്ദേശ്യം. എപ്പോൾ വേണമെങ്കിലും സ്റ്റർലിങ്ങിനു പകരം ഉറപ്പിക നൽകണമെന്ന ഒരു വകുപ്പ് റിസർവ്വ് ബാങ്ക് നിയമത്തിലുണ്ട്. ആ വകുപ്പുപയോഗിച്ചുകൊണ്ട് യുദ്ധച്ചെലവുകൾക്കാവശ്യമായ പണം ലണ്ടനിൽ സ്റ്റർലിങ്ങായി ഇന്ത്യയുടെ പേരിൽ വരവുവയ്ക്കുകയും അത്രയും സ്റ്റർലിങ്ങിനുള്ള ഉറപ്പിക അടിച്ചിറക്കി ഇന്ത്യയിലാവശ്യമായിവന്ന ചെലവുകൾ നിർവ്വഹിക്കുകയുമാണ് ബ്രിട്ടൻ ചെയ്തത്. അതിന്റെ ഫലമായി ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയുടെ കടക്കാരായി മാറി! ഇന്ത്യയിലെ സ്റ്റർലിങ്ങ് കടം കുന്നുകൂടാൻ തുടങ്ങി. 1945 ആയപ്പോഴേയ്ക്കും ബ്രിട്ടൻ ഇന്ത്യയ്ക്ക് വീട്ടിക്കൊടുക്കേണ്ട കടം 1500 കോടി ഉറപ്പികയോളമെത്തി. പക്ഷേ, ഈ പണമെടുത്തുപയോഗിക്കാൻ ഉത്തമർണ്ണപദവിയിലുള്ള ഇന്ത്യയ്ക്കധികാരമുണ്ടായിരുന്നില്ല! ചരക്കുകൾ വിറ്റു കിട്ടിയ പണം മുഴുവനും സ്റ്റർലിങ്ങാക്കി മാറ്റി ലണ്ടനിലെ 'ബാങ്ക് ഓഫ് ഇംഗ്ലണ്ടി'ന്റെ കണക്കുപുസ്തകങ്ങളിൽ വരവുചേർത്തുവയ്ക്കാം. പക്ഷേ, ആ നിക്ഷേപമുപയോഗിച്ച് സ്വന്തം വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താനോ, പുതിയ വ്യവസായങ്ങൾ തുടങ്ങാനോ

ഇന്ത്യയ്ക്കധികാരമുണ്ടായിരുന്നില്ല. വാസ്തവത്തിൽ, ഇന്ത്യയുടെ വ്യവസായവൽക്കരണത്തെ തടഞ്ഞുനിർത്തുക എന്നതായിരുന്നു ബ്രിട്ടീഷ് ഭരണാധികാരികളുടെ ഉദ്ദേശ്യം. അതിനുവേണ്ടിയാണവർ ഇന്ത്യയുടെ സ്റ്റർലിങ്ങ് നിക്ഷേപങ്ങൾ ഉപയോഗിക്കാൻ സമ്മതിക്കാതെ തടഞ്ഞുവച്ചത്.

യുദ്ധമവസാനിച്ചശേഷവും ഈ വമ്പിച്ച തുകകൾ ഇന്ത്യയുടെ വ്യവസായവൽക്കരണത്തിനു വേണ്ടി ഉപയോഗിക്കപ്പെടുകയുണ്ടായില്ല. എങ്കിലും, പല കൂടിയാലോചനകളുടേയും ഒത്തുതീർപ്പുകളുടെയും ഫലമായി നമ്മുടെ ഇറക്കുമതി ആവശ്യങ്ങൾക്കും മറ്റും അവ കുറേശ്ശേയായി ഉപയോഗിക്കാൻ അനുവദിക്കപ്പെട്ടു. അങ്ങിനെ ആ കടം മിക്കവാറും വീടിക്കഴിഞ്ഞിരിക്കുകയാണ്.

## 14 ഡീവാല്യവേഷൻ

യുദ്ധകാലത്ത് നീതിക്കു നിരക്കാത്തവിധം ഇന്ത്യയിൽനിന്നും മറ്റു കോളനികളിൽനിന്നും ധാരാളം വിഭവങ്ങളെടുത്തുപയോഗിച്ചുവെങ്കിലും അതുകൊണ്ടുമാത്രം ബ്രിട്ടന്റെ വിഷമതകൾക്ക് പരിപൂർണ്ണമായ പരിഹാരമുണ്ടായില്ല. യുദ്ധമവസാനിച്ചപ്പോൾ രംഗം മൂർച്ഛിക്കുകയാണ് ചെയ്തത്. അമേരിക്കയുമായുള്ള വ്യാപാരബന്ധങ്ങൾ ബ്രിട്ടനെതിരായിത്തീർന്നു. ഡോളർ കണക്കിൽ അമേരിക്കയിലേയ്ക്കയയ്ക്കേണ്ട വലിയ തുകകൾ അടച്ചുതീർക്കാൻ കഴിയാതെയായി. വിഷമതകളിൽ നിന്ന് താൽക്കാലികമായി രക്ഷനേടാൻ വേണ്ടി ബ്രിട്ടീഷ് ഗവൺമെൻറ് 1949 സെപ്റ്റംബറിൽ പവൻസ്റ്റർലിങ്ങിന്റെ ഡോളർ കണക്കിലുള്ള വില കുറച്ചു. അമേരിക്കൻ ചരക്കുകൾ വാങ്ങാനാവശ്യമായ ഡോളറില്ലാതെ ഇന്ത്യയും വിഷമിച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. അതുകൊണ്ട് പവൻസ്റ്റർലിങ്ങിന്റെ വില കുറച്ചപ്പോൾ അതേതോതിൽതന്നെ ഉറുപ്പികയുടെ ഡോളർവിലയും കുറയ്ക്കണം 1949 സെപ്റ്റംബറിനു മുമ്പ് ഒരുറുപ്പിക ഏതാണ്ട് മുപ്പതേകാൽ സെൻറിനു (. 30 ഡോളർ) സമമായിരുന്നു. വില കുറയ്ക്കലിന്റെ ഫലമായി ഒരു റുപ്പിക 21 സെൻറിന് (0.21 ഡോളർ) സമമായിത്തീർന്നു.

ഗവൺമെൻറിന്റെ അധികാരമുപയോഗിച്ചുകൊണ്ട് ഇങ്ങിനെ നാണ്യങ്ങളുടെ വില കുറയ്ക്കുന്നതിൽ ഇംഗ്ലീഷിൽ ഡീവാല്യുവേഷൻ എന്നു പറയുന്നു.

ഉറുപ്പികയുടെ ഡോളർകണക്കിലുള്ള വില മാത്രമേ കുറയ്ക്കുകയുണ്ടായുള്ളു. എന്തുകൊണ്ടെന്നാൽ പവൻ സ്റ്റർലിങ്ങിന്റെ ഡോളർവിലയും ഉറുപ്പികയുടെ ഡോളർവിലയും ഒരേ തോതിലാണ് ചുരുങ്ങിയത്. അതുകൊണ്ട്, അതിന്നുശേഷം ഒരുറുപ്പിക 18 പെൻസിനു സമമായിത്തന്നെ നിലനിന്നുപോന്നു.

## 15 ഇന്ത്യ സ്വതന്ത്ര്യയായപ്പോൾ

ഏതായാലും ഇന്ത്യ സ്വതന്ത്ര്യയായതിനുശേഷം നമ്മുടെ നാണ്യവ്യവസ്ഥയുടെ പരാധീനതയ്ക്ക് തെല്ലൊരു പരിഹാരമുണ്ടാവാൻ തുടങ്ങിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. 1947-നു മുമ്പ് നമ്മുടെ പണത്തെ നിയന്ത്രിക്കുന്ന റിസർവ്വ് ബാങ്ക് പ്രധാനമായും ബ്രിട്ടീഷ് ഗവൺമെൻറിന്റെ താൽപര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സ്വകാര്യസ്ഥാപനമായിരുന്നു. എന്നാൽ, 1949 ജനുവരി 1 നു റിസർവ്വ് ബാങ്ക് ദേശസാൽക്കരിക്കപ്പെട്ടു. അത് ഇന്ത്യാഗവൺമെൻറിന്റെ ഒരു സ്ഥാപനമായി മാറി. മാത്രമല്ല ഇന്ത്യയുടെ താൽപര്യങ്ങൾക്കെതിരായ മറ്റു ചില വകുപ്പുകൾ നീക്കം ചെയ്യപ്പെടുകയും ചെയ്തു. ഉദാഹരണത്തിന്, ലണ്ടനിൽ സ്റ്റർലിങ്ങ് വിറ്റ് ഉറുപ്പികയാക്കി മാറ്റാനാഗ്രഹിക്കുന്ന ഏതൊരാളിൽ നിന്നും 17 49/64 പെൻസിൽ താഴാതെയും 18

3/16-ൽ കൂടുതലാവാതെയുമുള്ള നിരക്കിന് എത്ര ഉറുപ്പിക വേണമെങ്കിലും നൽകേണ്ടതാണെന്ന ഒരു വകുപ്പ് റിസർവ്വ് ബാങ്ക് നിയമത്തിലുണ്ടായിരുന്നു. ഈ വകുപ്പുപയോഗിച്ചുകൊണ്ടാണ് ബ്രിട്ടീഷ് ഗവൺമെൻറ് യുദ്ധകാലത്ത് സ്റ്റർലിങ്ങ് നോട്ടുകൾക്ക് പകരം ഉറുപ്പിക സമ്പാദിച്ചത്. 1947-ൽ ഇന്ത്യ 'ഇൻറർനാഷണൽ മോണിറ്ററിംഗ് ഫണ്ട്'ലെ ഒരംഗമായതോടുകൂടി പ്രസ്തുത വകുപ്പ് റദ്ദാക്കപ്പെട്ടു. സ്റ്റെർലിങ്ങിനു പകരം നിശ്ചിതനിരക്കിൽ ഉറുപ്പിക നൽകിക്കൊള്ളണമെന്ന യാതൊരു വ്യവസ്ഥയും ഇപ്പോൾ ഇല്ല. ഏതു നിരക്കിലാണ് മറ്റു രാജ്യങ്ങളിലെല്ലാം വാങ്ങുകയും വിൽക്കുകയും ചെയ്യേണ്ടതും എന്നും മറ്റും നിശ്ചയിക്കാനുള്ള അധികാരം ഇന്ത്യയിലെ കേന്ദ്രഗവൺമെൻറിനാണ്. ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിൽ ഇപ്പോൾ നിർബന്ധപൂർവ്വമായ യാതൊരു ബന്ധവുമില്ല. എങ്കിലും ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ തുടരുന്നതുകൊണ്ട് ഇരു രാജ്യങ്ങളുടെയും നാണ്യങ്ങൾ തമ്മിലുള്ള നിശ്ചിതമായ ഒരു വിനിമയനിരക്ക് ആവശ്യമാണെന്ന് പറയേണ്ടതില്ലല്ലോ. ഇന്ത്യാ ഗവൺമെൻറ് സ്വതന്ത്രമായി അംഗീകരിയ്ക്കുകയും ഇൻറർനാഷണൽ മോണിറ്ററി ഫണ്ടിനെ അറിയിക്കുകയും ചെയ്തിട്ടുള്ള നിരക്കനുസരിച്ചാണ് ഇപ്പോൾ ഒരുറുപ്പിക 18 ഷില്ലിങ്ങിനു സമമായി തുടർന്നുവരുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, സ്വാതന്ത്ര്യലബ്ധിക്കുശേഷം ഉറുപ്പികയുടെ സ്വാതന്ത്ര്യവും അന്തസ്സും വർദ്ധിച്ചുവരികയാണ്. സ്വന്തം കാലിൻമേൽ നിന്നുകൊണ്ട് ഇന്ത്യയുടെ താൽപര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ കഴിവുള്ള ഒരു സ്വതന്ത്രനാണ്യമായി അതു വളർന്നുകൊണ്ടിരിക്കുകയാണ്.

## 16 നയാപൈസയ്ക്കു സ്വാഗതം

പഞ്ചവത്സരപദ്ധതികളിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനാണ് ഇന്ത്യ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നത്. സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥയ്ക്ക് സ്വതന്ത്രമായ ഒരു നാണ്യവ്യവസ്ഥയും കൂടിയേ കഴിയൂ. ഇന്ത്യയുടെ ഉൽപാദനവ്യവസ്ഥ ശക്തിപ്പെടുന്ന തോതിനനുസരിച്ച് ഉറുപ്പികയുടെ അന്തസ്സും വർദ്ധിക്കുന്നതായിരിക്കും. വാസ്തവത്തിൽ ദശാംശനാണയവ്യവസ്ഥയുടെ ആവിർഭാവം ഉറുപ്പികയുടെ വളർന്നുവരുന്ന അന്തസ്സിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും ഒരു പ്രകടനം മാത്രമാണ്.

1906-ലെ 'ഇന്ത്യൻ കോയിനേജ് ആക്ട്' ഭേദഗതി ചെയ്തുകൊണ്ട് 1955-ൽ നമ്മുടെ പാർലമെൻറ് പാസ്സാക്കിയ പുതിയ നിയമമനുസരിച്ചാണ് 1957 ഏപ്രിൽ 1-ന് മുതൽക്ക് നയാപൈസ പ്രചരിക്കാൻ തുടങ്ങിയത്. പുതിയ വ്യവസ്ഥയനുസരിച്ച് ഉറുപ്പികയുടെ നൂറിലൊരു ഭാഗമായ നയാപൈസയായിരിക്കും നമ്മുടെ നാണ്യവ്യവസ്ഥയുടെ അടിസ്ഥാന ഘടകം.

'നയാ' എന്ന ഹിന്ദി വാക്കിന്റെ അർത്ഥം 'പുതിയ' എന്നാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിലും കാലണനാണ്യത്തിന് 'മുക്കാൽ' എന്നല്ല പൈസ എന്നാണ് പറയുന്നത്. ആ പൈസയുമായി കൂട്ടിക്കുഴച്ച് ആശയക്കുഴപ്പമുണ്ടായെങ്കിലോ എന്നു കരുതിയാണ് പുതിയ പൈസയ്ക്ക് 'നയാപൈസ' എന്നു പേരിട്ടിട്ടുള്ളത്. പക്ഷേ, ഇത് താൽക്കാലികമായ ഒരു പേരുമാത്രമാണ്. ഏതാനും കൊല്ലങ്ങൾക്കുള്ളിൽ കാലണയും, പൈ, അണ തുടങ്ങിയ മറ്റു നാണ്യങ്ങളും പ്രചാരണത്തിൽ നിന്ന് പിൻവലിയ്ക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. പഴയ നാണ്യങ്ങൾ അന്തർദ്ധാനം ചെയ്തു കഴിഞ്ഞാൽപ്പിന്നെ നയാപൈസയും ഉറുപ്പികയും മാത്രമേയുണ്ടാവൂ. അതോടെ "നയാപൈസ"യുടെ പേര് "പൈസ" എന്നു മാത്രമായിത്തീരും.

രണ്ടുതരം നാണ്യങ്ങളും ഒരേസമയത്ത് പ്രചരിയ്ക്കുന്നതുകൊണ്ട് താൽക്കാലികമായ ചില ചില്ലറ ബുദ്ധിമുട്ടുകളുണ്ടാവുക സ്വാഭാവികമാണ്. പക്ഷേ, കോടിക്കണക്കിന് ഉറുപ്പിക ചെലവിട്ടുകൊണ്ട് ഇന്ത്യയുടെ ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്താൻ തുടങ്ങിയിട്ടുള്ള ഈ ഘട്ടത്തിൽ പ്രത്യേകിച്ചും ഇത്തരമൊരു നാണയപരിഷ്ക്കാരം ജനങ്ങളുടെ താൽപര്യങ്ങൾക്ക് തികച്ചും അനുകൂലമാണ്. അതുകൊണ്ട്, നമുക്ക് 'നയാപൈസ'യെ സ്വാഗതം ചെയ്യാം. □

(പ്രഭാത് ബുക്ക് ഹൗസ് 1962)

# 5
# നാണയപ്രശ്നം

## 1 പണത്തിന്റെ പ്രാധാന്യം

'പണമെന്നുകേട്ടാൽ പിണവും വായ്തുറക്കും' ഇന്നത്തെ ലോകത്തിൽ പണത്തിനു ള്ള പ്രാധാന്യത്തെയാണ് ഈ പഴഞ്ചൊല്ല് ചൂണ്ടിക്കാണിക്കുന്നത്. പണമില്ലാതെ ഇക്കാലത്ത് ആർക്കും ജീവിക്കാൻ കഴിയില്ല. അരിയോ തുണിയോ പുസ്തകമോ കട യോ എന്തുവേണമെങ്കിലും പണം കൊടുക്കണം. മുതലാളിയായാലും തൊഴിലാ ളിയായാലും ജന്മിയായാലും കൃഷിക്കാരനായാലും ക്ലാർക്കായാലും ജഡ്ജായാലും ആരായാലും ശരി ജീവിക്കണമെങ്കിൽ പണം വേണം.

സമുദായത്തിലെ മിക്ക സ്വത്തുക്കളും ഇന്നു സ്വകാര്യവ്യക്തികളുടെ സ്വത്തുക്ക ളാണ്. ഈ സ്വകാര്യവ്യക്തികൾ ചരക്കുകളുൽപ്പാദിപ്പിക്കുകയും പരസ്പരം കൈമാ റുകയും ചെയ്യുന്നു. ചരക്കുകളുടെ ഉൽപ്പാദനവും കൈമാറ്റവുമാണ് സാമൂഹ്യജീവിത ത്തിന്റെ നട്ടെല്ല്. ആളുകൾ തമ്മിൽതമ്മിലുള്ള ബന്ധംപോലും ഉൽപ്പാദനത്തേയും കൈമാറ്റത്തെയും ആശ്രയിച്ചാണിരിക്കുന്നത്.

ഒരു ചരക്കുടമസ്ഥൻ മറ്റൊരാൾക്ക് തന്റെ ചരക്ക് കൊടുത്ത് അയാളിൽ നി ന്ന് തനിക്കാവശ്യമായ വേറൊരു ചരക്ക് നേരിട്ടുവാങ്ങുകയല്ല ചെയ്യുന്നത്. പിന്നെ യോ? അയാൾ തന്റെ ചരക്കു വിറ്റു പണം വാങ്ങുന്നു. ആ പണം കൊണ്ട് ആവശ്യ മുള്ളപ്പോൾ ഇഷ്ടമുള്ള ചരക്കു വാങ്ങാൻ കഴിയും. ഇങ്ങനെ ചരക്കുകളുടെ കൈമാ റ്റത്തിനുള്ള ഒരു മധ്യവർത്തിയായിട്ടാണ് പണം ഉപയോഗിക്കപ്പെടുന്നത്. എല്ലാ കൈമാറ്റങ്ങളും പണത്തിന്റെ സഹായത്തോടുകൂടിയാണ് നടക്കുന്നത്. എല്ലാ സ്വ ത്തുക്കളും പണമായിട്ടാണ് കണക്കാക്കപ്പെടുന്നത്. സ്വത്തുക്കളെ പ്രതിനിധീകരി ക്കുന്നുവെന്നതാണ് പണത്തിന്റെ പ്രധാന യോഗ്യത.

എന്നാൽ, എല്ലാക്കാലത്തും പണമുണ്ടായിരുന്നുവോ? ഇല്ല. പണമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. കൈമാറ്റവ്യവസ്ഥയുടെ പ്രാരംഭദശയിൽ ചരക്കും ചര ക്കും തമ്മിൽ നേരിട്ടുള്ള കൈമാറ്റമാണ് നടന്നിരുന്നത്. ചരക്കു കൊടുത്തു പകരം ചരക്കു വാങ്ങുക എന്ന സമ്പ്രദായത്തിന് 'ബാർടർ' എന്നു പറയുന്നു. ചരക്കുക ളുടെ ഉൽപ്പാദനം വർദ്ധിക്കുകയും പരിമിതാർത്തികളെ അതിലംഘിച്ചുകൊണ്ട് കൈമാറ്റവ്യവസ്ഥ വികസിക്കുകയും ചെയ്തപ്പോൾ ബാർടർ സമ്പ്രദായം അപര്യാ പ്തമായിത്തീർന്നു. ഈ സന്ദർഭത്തിലാണ് മറ്റെല്ലാ ചരക്കുകളുടെയും വിലകളെ പ്രതിഫലിപ്പിക്കുന്ന ഒരു ചരക്കുപണമായി ഉപയോഗിക്കപ്പെടാൻ തുടങ്ങിയത്.

പണത്തിന്റെ ആവിർഭാവം ചരക്കുകളുടെ കൈമാറ്റത്തെ സുഗമമാക്കിത്തീർത്തു. ചരക്കുടമസ്ഥന് തന്റെ ചരക്കുവാങ്ങാൻ തയ്യാറുള്ളവനും പക്ഷേ, അതേസമയത്തുതന്നെ തനിക്കാവശ്യമുള്ള മറ്റൊന്നു പകരം തരാൻ തയ്യാറുള്ളവനുമായ ഒരാളെ തേടിപ്പിടിക്കേണ്ട ആവശ്യമില്ലാതായി. അയാൾക്കതു പണത്തിനു വിൽക്കാം. ആ പണംകൊണ്ട് ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് വാങ്ങുകയും ചെയ്യാം. ഇത് കൈമാറ്റത്തിന്റെ വളർച്ചയെ സഹായിച്ചു.

കൈമാറ്റവ്യവസ്ഥയുടെ വളർച്ചയേയും വിപുലതയേയുമനുസരിച്ച് അപ്പപ്പോളായി പല ചരക്കുകളും പണത്തിന്റെ സ്ഥാനമെടുത്തിട്ടുണ്ട്. പശുക്കളോ മൃഗത്തോലോ പണമായി ഉപയോഗിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. കൈമാറ്റവ്യവസ്ഥ വളരെ വളർന്നപ്പോൾ മാത്രമാണ് സ്വർണവും വെള്ളിയും പണത്തിന്റെ സിംഹാസനത്തിൽ കയറിക്കൂടിയത്.

## 2 നാണ്യങ്ങളുടെ ആവിർഭാവം:

സ്വർണ്ണമോ വെള്ളിയോ പണമായി ഉപയോഗിക്കപ്പെടാൻ തുടങ്ങിയ ആദ്യകാലങ്ങളിൽ നാണ്യങ്ങളുണ്ടായിരുന്നില്ല. സ്വർണ്ണവാളങ്ങളും വെള്ളിക്കഷണങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. ചരക്കുകളുടെ കൊള്ളക്കൊടുക്കകൾക്കിടയിൽ ലോഹക്കട്ടികളുടെ രൂപത്തിലുള്ള പണം തൂക്കിക്കൊടുക്കേണ്ടിവന്നിരുന്നു. കാലക്രമത്തിൽ നിശ്ചിതമായ തൂക്കവും മറ്റുമുള്ള ലോഹങ്ങൾ പണമെന്ന നിലയ്ക്ക് പ്രചരിക്കാൻ തുടങ്ങിയപ്പോൾ ഈ ബുദ്ധിമുട്ടുകൾ ഏറെക്കുറെ പരിഹരിക്കപ്പെട്ടു. ഇങ്ങനെയാണ് നാണ്യങ്ങൾ ആവിർഭവിച്ചത്. പിന്നീട്, തൂക്കത്തിലും മാറ്റിലും കൃത്രിമമില്ലാതിരിക്കുന്നതിനുവേണ്ടി പണത്തിന്റെ നിർമ്മാണം ഭരണാധികാരികൾ ഏറ്റെടുത്തു.

ഇതു മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. നാണ്യത്തിൽ നിശ്ചിത അളവിലുള്ള സ്വർണ്ണമോ വെള്ളിയോ അടങ്ങിയിരിക്കും. ഏതെങ്കിലുമൊരു ചരക്കിന്റെ വില ഒരു ഡോളറാണ് എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ആ ചരക്കിന്റെയും ഒരു ഡോളറിലടങ്ങിയ സ്വർണ്ണത്തിന്റെയും വില സമമാണെന്നത്രേ. ചരക്കിനു പകരമായി കിട്ടുന്നത് നാണ്യമല്ല, സ്വർണ്ണക്കഷണമാണെങ്കിൽ അതിന്റെ തൂക്കവും മാറ്റും ചരക്കുടമസ്ഥൻ പരിശോധിച്ചുനോക്കും. ഇതു ബുദ്ധിമുട്ടുപിടിച്ച പണിയാണ്. ചരക്കുവിൽക്കുന്നവനെപ്പോലെതന്നെ പണമുടമസ്ഥനും കൊള്ളക്കൊടുക്കയ്ക്ക് പോകുമ്പോളെല്ലാം ഒരു തുലാസ്സുകൂടി കൈവശം വെയ്ക്കണമെന്ന് വരുന്നത് എത്ര വിഷമമാണ്; പ്രത്യേകിച്ചും കൈമാറ്റവ്യവസ്ഥ വളരുമ്പോൾ? ഈ ബുദ്ധിമുട്ടു പരിഹരിക്കാൻ ഒരു വഴിയേയുള്ളു: നിശ്ചിതമായ തൂക്കവും മാറ്റുമുള്ള നാണ്യങ്ങൾ നിർമ്മിക്കുക എന്ന ചുമതല ഭരണാധികാരികൾ ഏറ്റെടുക്കണം. അങ്ങനെതന്നെയാണുണ്ടായതും.

നാണ്യനിർമ്മാണം രാജാവിന്റെ അധികാരമായിത്തീർന്നുവെന്നു പറയുന്നതിന്റെ അർത്ഥം നാണ്യങ്ങളുടെ തൂക്കോ മാറ്റോ ഇഷ്ടംപോലെ കുറയ്ക്കാൻ രാജാവിന് കഴിയുമെന്നല്ല. ഇന്ന നാണ്യത്തിന് ഇത്ര തൂക്കവും മാറ്റുമുണ്ട് എന്നു മുദ്രകുത്തുക മാത്രമാണ് രാജാവ് ചെയ്യുന്നത്. പ്രലോഭനത്തിനു വഴിപ്പെട്ടുകൊണ്ട് രാജാവ് നാണ്യത്തിലടങ്ങിയ സ്വർണ്ണം കുറച്ചുവെന്നിരിക്കട്ടെ. എന്നാലെന്താണുണ്ടാവുക? സ്വർണ്ണം വെട്ടിക്കുറച്ചുണ്ടാക്കിയ ഈ നാണ്യം പഴയ നാണ്യമെന്നപോലെതന്നെ, അതേവിലയ്ക്ക്, പ്രചരിക്കുമോ? ഒരു തോല സ്വർണ്ണമടങ്ങിയ നാണ്യത്തിന്റെ സ്ഥാനത്ത് അര തോല സ്വർണ്ണമടങ്ങിയ നാണ്യം സ്വീകരിക്കപ്പെടുമോ? തീർച്ചയായും ഇല്ല. ജനങ്ങൾ നാണ്യം സ്വീകരിക്കുന്നതു രാജാവിന്റെ ചിത്രവും ഒപ്പും കണ്ടാസ്വദിക്കാൻ വേണ്ടിയല്ല; അതിലടങ്ങിയ സ്വർണ്ണത്തിന് വിലയുള്ളതുകൊണ്ടാണ്,

അതുകൊടുത്ത് അത്രതന്നെ വിലയുള്ള ചരക്കുകൾ വാങ്ങാൻ കഴിയുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ്. ഒരു തോല സ്വർണ്ണമടങ്ങിയ നാണ്യത്തിൽനിന്ന് അര തോല രാജാവ് പറ്റിച്ചെടുത്തുവെങ്കിൽ അതിനെ അര തോല സ്വർണ്ണമടങ്ങിയ നാണ്യമായിട്ടേ ആളുകൾ സ്വീകരിക്കുകയുള്ളൂ. നാണ്യത്തിന്റെ പേർ മാറിയില്ലെന്നു വരാം. പക്ഷേ, മുമ്പ് ഒരു നാണ്യം കൊടുത്താൽ കിട്ടിയിരുന്ന ചരക്കിന് ഇപ്പോൾ രണ്ടു നാണ്യങ്ങൾ കൊടുക്കേണ്ടിവരും. ധനശാസ്ത്രനിയമങ്ങൾ രാജാവിനേക്കാൾ ശക്തിയുള്ളവയത്രേ.[1]

## 3 വിലകളുടെ മാനദണ്ഡം:

കൈമാറ്റത്തിനു പലതരം ചരക്കുകളുണ്ടാവും. പണത്തിന്റെ സഹായത്തോടുകൂടി ഈ വ്യത്യസ്ത ചരക്കുകളെ താരതമ്യപ്പെടുത്താവുന്നതാണ്. ഒരു നിശ്ചിത അളവിലുള്ള സ്വർണ്ണം മാനദണ്ഡമാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ ചരക്കിന്റെയും വില കണക്കാക്കാം. ഉദാഹരണത്തിന്, 'എ' എന്ന ചരക്ക് ഒരു ഔൺസ് സ്വർണ്ണത്തിനും 'ബി' എന്ന ചരക്ക് രണ്ട് ഔൺസ് സ്വർണ്ണത്തിനും സമമാണെന്ന് പറയാം. ഒരൗൺസ് സ്വർണ്ണമടങ്ങിയ നാണ്യത്തിന്റെ പേര് എക്സ് എന്നാണെന്നിരിക്കട്ടെ. എന്നാൽ, എ യുടെ വില ഒരു എക്സും ബി യുടെ വില രണ്ട് എക്സും ആണെന്നു പറയാം. വിലകളുടെ മാനദണ്ഡമായുപയോഗിക്കുന്ന യൂണിറ്റിനെത്തന്നെ അനേകം ഭാഗങ്ങളായി വിഭജിക്കാവുന്നതാണ്. ഒരൗൺസ് സ്വർണ്ണമാണ് യൂണിറ്റെങ്കിൽ അതിനെ 16 ഡ്രാമാക്കി ഭാഗിക്കാവുന്നതാണല്ലോ. ഇങ്ങനെ ഒരു യൂണിറ്റിന്റെ സഹായത്തോടുകൂടി എല്ലാ ചരക്കുകളുടെയും വിലകളെ അളക്കാൻ സാധിക്കും.

ഇംഗ്ലണ്ടിലെ പൗണ്ടുനാണ്യം ആരംഭത്തിൽ ഒരു റാത്തൽ വെള്ളിയെയാണ് കുറിച്ചിരുന്നത്. അക്കാലത്തെ ഏറ്റവും പ്രധാനമായ ബ്രിട്ടീഷ്നാണ്യം ഒരു റാത്തലിന്റെ ഇരുനൂറ്റിനാൽപ്പതിലൊരുഭാഗം തൂക്കമുള്ള പെനിയായിരുന്നു. 19-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ അടിസ്ഥാനനാണ്യം വെള്ളിക്കുപകരം സ്വർണമായിത്തീർന്നു. പക്ഷേ, പൗണ്ട് സ്റ്റർലിങ്ങ് എന്ന പേരുമാത്രം പിന്നേയും നിലനിന്നു. പൗണ്ട് സ്റ്റർലിങ്ങ് എന്ന ഈ യൂണിറ്റ് ഷില്ലിങ്ങ്, പെനി, എന്നിങ്ങനെ ചെറുഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ നാണയവ്യവസ്ഥയുടെ സഹായത്തോടുകൂടിയാണ് എല്ലാ ചരക്കുകളുടെയും വിലകളെ അളക്കുന്നത്. ഒരു നിശ്ചിത അളവിലുള്ള ഗോതമ്പ് ഒരൗൺസ് സ്വർണത്തിന് സമമാണ് എന്നു പറയുന്നതിനുപകരം ആ ഗോതമ്പിന്റെ വില 3 പ. 17 ഷി. 10 പെൻസാണെന്നു പറയുന്നു.

മറ്റു രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും നാണ്യവ്യവസ്ഥയ്ക്കു വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. അതിപ്രാചീനകാലത്തു നാണ്യങ്ങളുണ്ടായിരുന്നില്ല. ഋഗ്വേദത്തിന്റെ കാലത്തു മുദ്രകുത്താത്ത ലോഹകഷണങ്ങൾ പണമായി ഉപയോഗിക്കപ്പെട്ടിരുന്നുവത്രേ. അതിനുശേഷമാണ് നിഷ്കം, പാദം മുതലായ പ്രാചീനനാണ്യങ്ങൾ പ്രചാരത്തിൽ വന്നത്. പിന്നീട് പ്രതാപിയായ ശേർഷ ചക്രവർത്തി പ്രാചീന നാണ്യവ്യവസ്ഥയെ പരിഷ്കരിച്ച് 172.5 ഗ്രേൻ തൂക്കമുള്ള വെള്ളിയുറുപ്പികയും ദാം എന്ന ചെമ്പുനാണ്യവും നടപ്പിൽ വരുത്തി. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണകാലത്ത് ഉറുപ്പികയ്ക്കു പിന്നെയും മാറ്റങ്ങളുണ്ടായി. 1835-ലെ നിയമപ്രകാരം 180 ഗ്രേൻ തൂക്കവും 12-ൽ 11 ഭാഗം പരിശുദ്ധിയുമുള്ള വെള്ളിയുറുപ്പിക സ്റ്റാൻഡേർഡ് നാണ്യമായി അംഗീകരിക്കപ്പെട്ടു.

---

[1] ഇതിനെപ്പറ്റി കൂടുതൽ പഠിക്കുവാൻ എന്റെ 'ധനശാസ്ത്ര പ്രവേശിക വായിക്കുക.

ചരക്കിന്റെ പണക്കണക്കിലുള്ള വിലയെയാണ് നമ്മൾ മാർക്കറ്റുവിലയെന്ന് പറയുന്നത്. എന്നാൽ ഒരു ചരക്കിന്റെ മാർക്കറ്റുവിലയിൽ പണത്തിന്റെ എത്ര യൂണിറ്റുകൾ അടങ്ങിയിട്ടുണ്ടെന്നുള്ളതു നമ്മൾ മാനദണ്ഡമായി ഉപയോഗിക്കുന്ന യൂണിറ്റിനെ അനുസരിച്ചിരിക്കും. ഒരേ ചരക്കിന്റെ വില എത്ര ഔൺസ് സ്വർണ്ണത്തിന് സമമാണ് എന്നു കണക്കാക്കുന്നതുപോലെ അത്ര ഗ്രാം സ്വർണ്ണത്തിന് സമമാണ് എന്നും കണക്കാക്കാവുന്നതാണ്. ചരിത്രപരമായ വ്യത്യസ്ത കാരണങ്ങളിൽ വിവിധരാജ്യങ്ങളിൽ വ്യത്യസ്തയൂണിറ്റുകളാണ് മാനദണ്ഡമായി ഉപയോഗിക്കപ്പെട്ടുവന്നിട്ടുള്ളത്; ഓരോ രാജ്യത്തെ ഓരോ യൂണിറ്റും ഓരോ മാതിരിയാണ്. ഇംഗ്ലണ്ടിൽ പൗണ്ടും ഇന്ത്യയിൽ ഉറുപ്പികയും പ്രചരിക്കുന്നതുപോലെ അമേരിക്കയിൽ ഡോളറും ഫ്രാൻസിൽ ഫ്രാങ്കും സോവിയറ്റ് യൂണിയനിൽ റൂബിളും പ്രചരിക്കുന്നു. ഒരേ ചരക്കിന്റെ വിലയെ ഡോളർ കണക്കിലും പൗണ്ട് കണക്കിലും അതുപോലെ മറ്റു നാണ്യങ്ങളുടെ കണക്കിലും പ്രത്യക്ഷപ്പെടുത്താവുന്നതാണ്. ഈ വിവിധ നാണ്യങ്ങൾ തമ്മിലുള്ള ബന്ധം അവയിലടങ്ങിയ ലോഹത്തെ ആശ്രയിച്ചിരിക്കും. വ്യത്യസ്തരാജ്യങ്ങൾ വ്യത്യസ്തനാണ്യങ്ങളുപയോഗിക്കുന്നുവെങ്കിലും ഒരു രാജ്യത്തിലെ മാർക്കറ്റുവിലകളെ മറ്റൊരു രാജ്യത്തിലെ മാർക്കറ്റുവിലകളുമായി താരതമ്യപ്പെടുത്താവുന്നതാണ്. ഇതിന് ആദ്യമായി ഓരോ രാജ്യത്തിലെയും നാണ്യത്തിൽ എത്ര ലോഹം അടങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കണം.

## 4 ടോക്കൻ നാണ്യങ്ങളും നോട്ടുകളും:

സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും മാത്രമല്ല, വിലകുറഞ്ഞ ലോഹങ്ങൾ കൊണ്ടുള്ള നാണ്യങ്ങളും കടലാസ്സുകൊണ്ടുള്ള നോട്ടുകളും പണമായി ഉപയോഗിക്കപ്പെടാറുണ്ട്. സ്വന്തമായി യാതൊരു വിലയുമില്ലാത്ത ടോക്കൺ നാണ്യങ്ങളും കറൻസി നോട്ടുകളും പ്രചരിക്കുന്നതെന്തുകൊണ്ടാണ്.

ഒരു ചരക്കുടമസ്ഥൻ ചരക്കുവിറ്റു പണം വാങ്ങുന്നത് അതു കൊടുത്തു മറ്റൊരു ചരക്കു വാങ്ങാൻ വേണ്ടി മാത്രമാണ്. എന്നെന്നേയ്ക്കുമായി പണം സൂക്ഷിച്ചുവയ്ക്കേണ്ട ആവശ്യം അയാൾക്കില്ല. ചരക്കുകൾ തമ്മിലുള്ള കൊള്ളക്കൊടുക്കകളുടെ മധ്യവർത്തിയായി പ്രവർത്തിക്കുക മാത്രമാണ് പണം ഇവിടെ ചെയ്യുന്നത്. ചരക്കുവാങ്ങുന്നവന്റെ കയ്യിൽനിന്നു വിൽക്കുന്നവന്റെ കയ്യിലേയ്ക്കും അയാളിൽ നിന്നു മറ്റൊരു ചരക്കുടമസ്ഥന്റെ കയ്യിലേക്കും പണം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പണം കൊണ്ട് ക്ഷണികവും താൽക്കാലികവുമായ ഒരുപയോഗം മാത്രമേ ഓരോരുത്തനുമുള്ളു. അതുകൊണ്ട്, പൂർണ്ണവും യഥാർത്ഥവുമായ പണത്തിന്റെ പ്രതിനിധിയായ മറ്റുവല്ലതും — ടോക്കൺ നാണ്യങ്ങളോ കടലാസ്സനോട്ടുകളോ — ഉപയോഗിക്കാവുന്നതാണ്. ഒരുറുപ്പികയുടെ, വസ്ത്രം വിറ്റ് ഒരുറുപ്പികയുടെ പുസ്തകം വാങ്ങാനാഗ്രഹിക്കുന്ന ഒരാൾ തന്റെ വസ്ത്രത്തിനു പകരം ഒരുറുപ്പിക വിലപിടിച്ച പുസ്തകം കിട്ടുന്നുണ്ടോ എന്നു മാത്രമേ നോക്കുന്നുള്ളു. അൽപസമയത്തേക്ക് അയാളുടെ കയ്യിൽ പെട്ടുപോകുന്ന മധ്യവർത്തിയായ പണം മുഴുവൻവിലയുള്ള യഥാർത്ഥനാണ്യമായാലും പൂർണ്ണവിലയില്ലാത്ത ടോക്കൻനാണ്യമായാലും അയാൾക്കൊരുപോലെയാണ്.

കച്ചവടത്തിന്റെ വളർച്ചയോടൊപ്പം പണത്തിന്റെ പ്രാധാന്യം വർദ്ധിച്ചു. അതോടൊപ്പം പണത്തിലടങ്ങിയ ലോഹത്തിന് എന്തുവിലയാണ് എന്ന പ്രശ്നം അപ്രധാനമായിത്തീർന്നു. കൈമാറ്റത്തിന്റെ മധ്യവർത്തിയായി പണം ഉപയോഗിക്കപ്പെടുന്നുണ്ടോ എന്നുമാത്രം നോക്കിയാൽ മതിയെന്നായി. കൈമാറ്റത്തിന്റെ മധ്യവർത്തിയായി എന്തുപയോഗിക്കുന്നുവോ അതാണ് പണം എന്നു വന്നു. നാണ്യ

ത്തിന് തേച്ചിൽ പറ്റിയിട്ടാവാം. അല്ലെങ്കിൽ നാണ്യത്തിന്റെ ലോഹവില മുഖവിലയേക്കാൾ എത്രയോ കുറവായിരിക്കാം. എന്നുവെച്ചാൽ, ലോഹമെന്ന നിലയ്ക്ക് അതിനുള്ള വില അതിന്മേലച്ചടിച്ച മുഖവിലയേക്കാൾ എത്രയോ കുറവായിരിക്കാം. എന്നാലും മുഖവിലയനുസരിച്ചുതന്നെ അതു സ്വീകരിക്കപ്പെടുന്നു. ഇതുപോലെത്തന്നെയാണ് നോട്ടുകളുടെ കാര്യവും. നാണ്യങ്ങൾ അടച്ചുകൊള്ളാമെന്ന ഒരു വാഗ്ദാനം മാത്രമാണ് നോട്ട്. എന്നിട്ടും ആ വാഗ്ദാനപത്രം യഥാർത്ഥമായ നാണ്യമെന്നപോലെ ഉപയോഗിക്കപ്പെടുന്നു. നോട്ടുകൊടുത്താൽ അതിന്റെ മുഖവിലയിൽ കാണിക്കുന്ന വിലയ്ക്കുള്ളത്ര ചരക്കുകൾ കിട്ടുമെന്നുറപ്പുള്ളതുകൊണ്ട് ആളുകൾ അത് സ്വീകരിക്കാൻ മടിക്കുന്നില്ല. നോട്ടുകൾ തന്നെ വേണമെന്നില്ല; ചെക്കുകളായാലും മതി. പണം ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ഒരാൾ ഇന്ന ആൾക്ക് ഇന്ന സംഖ്യ കൊടുക്കണമെന്ന് തന്റെ ബാങ്കിനോടാവശ്യപ്പെടുന്ന ഒരു രേഖയാണ് ചെക്ക്. വ്യവസായം അഭിവൃദ്ധിപ്പെടുന്ന രാജ്യങ്ങളിലെല്ലാം നാണ്യങ്ങൾ ചില്ലറ അടവുകൾക്കു മാത്രമേ ഉപയോഗിക്കാറുള്ളൂ. വലിയ അടവുകൾക്കെല്ലാം നോട്ടുകളും ചെക്കുകളുമാണുപയോഗിക്കുന്നത്. ഇങ്ങനെ കൊള്ളക്കൊടുക്കകളുടെ വളർച്ചയുടെ ഫലമായി നാണ്യങ്ങൾക്കുള്ളതിനേക്കാളധികം പ്രാധാന്യം നോട്ടുകൾക്കാണെന്നു വരുന്നു. ഒടുവിൽ, നോട്ടുകൾ നാണ്യങ്ങളുടെ പ്രതിനിധിയാണെന്ന വസ്തുതപോലും വിസ്മരിക്കപ്പെടുന്നു. പണം മറ്റുചരക്കുകളുടെ വിലയുമായി ബന്ധമില്ലാത്ത ഒരു സ്വതന്ത്രശക്തിയാണെന്നു വിശ്വസിക്കപ്പെടാൻ തുടങ്ങുന്നു.

പക്ഷേ, ഈ ടോക്കൻ നാണ്യങ്ങളും കടലാസ്സുനോട്ടുകളും യഥാർത്ഥമായ പണത്തെ പ്രതിനിധീകരിക്കുക മാത്രമാണ് ചെയ്യുന്നത് എന്നു മറക്കാൻ പാടില്ല. ലിയോൺടിവ് എന്ന ധനശാസ്ത്രജ്ഞൻ പറയുന്നു: ‘സൂര്യനിൽ നിന്ന് പ്രതിഫലിച്ചുകിട്ടിയ വെളിച്ചം കൊണ്ട് ചന്ദ്രൻ പ്രകാശിക്കുന്നതുപോലെയാണ് അവ (നോട്ടുകൾ) യഥാർത്ഥപണമായ സ്വർണ്ണത്തിന്റെ വിലയെ പ്രതിഫലിപ്പിക്കുന്നത്.’ യഥാർത്ഥമായ പണം കൊടുത്താൽ കിട്ടുന്നത്ര ചരക്കുകൾ ടോക്കൻ നാണ്യങ്ങളോ നോട്ടുകളോ കൊടുത്താലും കിട്ടുമെന്നുറപ്പുള്ളതുകൊണ്ടാണ് ജനങ്ങൾ അവയെ സ്വീകരിക്കുന്നത്. നാണ്യവ്യവസ്ഥയുടെ അടിസ്ഥാനമായ യഥാർത്ഥപണത്തിന് തകരാറുപറ്റിയാൽ ടോക്കൺനാണ്യങ്ങളും താനേ തകർന്നുപോകുന്നതു കാണാം.

## 5 പണവും ചരക്കുകളുടെ വിലയും:

പണം മറ്റെല്ലാ ചരക്കുകളുടെയും വിലകളെ പ്രതിഫലിപ്പിക്കുന്നുവെന്നു പറഞ്ഞുവല്ലോ. വിലകളെ അളക്കുവാനുള്ള ഈ കഴിവു സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ സഹജമായ ഗുണമാണോ? അല്ല. നേരെമറിച്ച്, എല്ലാ ചരക്കുകളുടെയും വിലകളെ അളക്കാനുള്ള പൊതുഉപകരണമായിത്തീരുമ്പോളാണ് സ്വർണ്ണവും വെള്ളിയും പണമായിത്തീരുന്നത്.

ചരക്കിന്റെ വില അതുണ്ടാക്കാനാവശ്യമായ സാമൂഹ്യാധ്വാനത്തിന്റെ യൂണിറ്റുകളായിട്ടല്ല — എന്നുവച്ചാൽ, ഇത്ര മണിക്കൂർ, ഇത്ര മിന്നിട്ട് എന്ന സമയക്കണക്കിലല്ല — പണത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കപ്പെടുന്നത്. 20 വാര തുണി ഒരൗൺസ് സ്വർണ്ണത്തിനു (അല്ലെങ്കിൽ ഒരൗൺസ് സ്വർണ്ണമടങ്ങിയ നാണയങ്ങൾക്ക്) സമമാണ് എന്നിരിക്കട്ടെ. ഇവിടെ തുണിയുടെ വില പണത്തിന്റെ സഹായത്തോടുകൂടി അളക്കപ്പെടുന്നു. ചരക്കുകളുടെ വിലകളെ അളക്കുവാനുള്ള ഒരുപകരണമെന്ന നിലയ്ക്കാണ് പണം ഇവിടെ നിലകൊള്ളുന്നത്.

20 വാര തുണി ഒരൗൺസ് സ്വർണ്ണത്തിന് സമമാണ് എന്നുപറഞ്ഞാൽ, വാസ്തവത്തിൽ 20 വാര തുണിയുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനവും ഒരൗൺസ് സ്വർണ്ണമുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനവും സമമാണ് എന്നർത്ഥമത്രെ. അപ്പോൾ ചരക്കുണ്ടാക്കാനാവശ്യമായ സാമൂഹ്യാധ്വാനത്തിന്റെ തുകയിൽ മാറ്റമുണ്ടായാൽ പണത്തിന്റെ തുകയിലും മാറ്റമുണ്ടാകും. സ്വർണ്ണം കുഴിച്ചെടുക്കുന്നതിനുള്ള ടെക്ക്നിക്ക് പരിഷ്ക്കരിക്കുമ്പോൾ ചരക്കുകളുടെ ആപേക്ഷിക വില (സ്വർണ്ണക്കണക്കിലുള്ള വില, അല്ലെങ്കിൽ മാർക്കറ്റുവില) വർദ്ധിക്കുന്നതിനുള്ള കാരണവും ഇതുതന്നെ. 16-ാം നൂറ്റാണ്ടിൽ അമേരിക്കയിൽ നിന്നു കൂടുതൽ എളുപ്പത്തിലും ധാരാളമായും സ്വർണ്ണം കുഴിച്ചെടുക്കാൻ സാധിച്ചപ്പോൾ ഉണ്ടായ 'മാർക്കറ്റുവിലകളുടെ വിപ്ലവം' ഇതിനു നല്ലൊരുദാഹരണമാണ്.

ഈ മാറ്റമെന്തായാലും ഒരു നിശ്ചിത അളവിലുള്ള ചരക്കിന്റെ വില ഒരു നിശ്ചിത അളവിലുള്ള പണത്തിൽ പ്രതിഫലിക്കുമെന്നു തീർച്ചയാണല്ലോ. വ്യത്യസ്ത ചരക്കുകൾ വ്യത്യസ്ത അളവിലുള്ള സ്വർണ്ണത്തിന് സമമായിരിക്കും. അതുകൊണ്ട് പണത്തിന്റെ അടിസ്ഥാനത്തിൽ ഈ വ്യത്യസ്ത ചരക്കുകളെ പരസ്പരം താരതമ്യപ്പെടുത്താവുന്നതാണ്. ഏതു ചരക്കിന്റെയും വിലയും പണത്തിന്റെ സഹായത്തോടുകൂടി അളക്കാവുന്നതാണ്.

## 6 എത്ര പണം?

സമൂഹത്തിലെ കൊള്ളക്കൊടുക്കകൾക്ക് ആകെ എത്രപണം ആവശ്യമാണെന്നു കണക്കാക്കാൻ കഴിയുമോ?

സമുദായത്തിനാവശ്യമായ പണത്തിന്റെ തുക ഒട്ടാകെയുള്ള ചരക്കുകളുടെ വിലയെ ആശ്രയിച്ചിരിക്കും. കൊള്ളക്കൊടുക്കകൾക്ക് എന്തെല്ലാം ചരക്കുകൾ വരുന്നുണ്ടെന്നും അവയിലോരോന്നിന്റെയും വിലയെന്തെന്നും മനസ്സിലായാൽ ഒട്ടാകെയുള്ള വിലകളുടെ തുകയെന്തെന്ന് കണക്കാക്കാവുന്നതാണ്. മാർക്കറ്റിൽ ആയിരം ഉറുപ്പിക വിലയുള്ള ചരക്കുകൾ വിൽപ്പനയ്ക്ക് വന്നിട്ടുണ്ടെന്ന് വിചാരിക്കുക. അവയുടെ കൊള്ളക്കൊടുക്കയ്ക്ക് 1000 ക.യുടെ ആവശ്യമുണ്ടോ? ഇല്ല. കാരണം, ഒരേ ഉറുപ്പിക തന്നെ ഒന്നിലധികം ചരക്കുകളുടെ മധ്യവർത്തിയായെന്നു വരും. ധാന്യത്തിന്റെ ഉടമസ്ഥൻ ഒരുറുപ്പികയ്ക്ക് ധാന്യം വിൽക്കുന്നു. ആ ഉറുപ്പികകൊണ്ട് അയാളൊരു തുണി വാങ്ങുന്നു. തുണി വിറ്റുകിട്ടിയ ഉറുപ്പിക കൊണ്ട് വസ്തുവ്യാപാരി പുസ്തകം വാങ്ങുന്നു. പുസ്തകവ്യാപാരി അതേ ഉറുപ്പിക കൊടുത്ത് കടലാസു വാങ്ങുന്നു. ഈ ഉദാഹരണത്തിൽ ഒരേ ഉറുപ്പിക തന്നെ നാല് കൊള്ളക്കൊടുക്കുകളുടെ മധ്യവർത്തിയായിത്തീർന്നു. ഒരുറുപ്പിക ദിവസത്തിൽ ശരാശരി 4 കൊള്ളക്കൊടുക്കകൾക്കുപയോഗിക്കപ്പെടുന്നുവെങ്കിൽ 1000 ക. വിലപിടിച്ച ചരക്കുകളുടെ കൈമാറ്റത്തിന് 1000 ക.യുടെ നാലിലൊരുഭാഗം (250 ക.) മാത്രം മതിയാവും. പണത്തിന്റെ സഞ്ചാരത്തിനു വേഗം കൂടുംതോറും അതിന്നു കൂടുതൽ കൂടുതൽ ചരക്കുകളുടെ കൈമാറ്റത്തെ സഹായിക്കാൻ സാധിക്കും. നേരെമറിച്ച് ഉറുപ്പികയുടെ ഗതിവേഗം കുറവാണെങ്കിൽ കൊള്ളക്കൊടുക്കകൾക്ക് കൂടുതൽ ഉറുപ്പികയാവശ്യമായി വരും.

എന്നാൽ, ഒരു ബുദ്ധിമുട്ടുണ്ട്. ഇക്കാലത്ത് പലരും ചരക്കുകൾ റൊക്കം പണത്തിനല്ല, കടത്തെ അടിസ്ഥാനപ്പെടുത്തിയാണ് വിറ്റഴിക്കാറുള്ളത്. കടമായി കൊടുക്കുന്ന ചരക്കിന്റെ കൊള്ളക്കൊടുക്കയ്ക്കു തൽക്കാലം പണത്തിന്റെ ആവശ്യമില്ല. പക്ഷേ, നിശ്ചിതമായ അവധി അവസാനിച്ചാൽ കടംമടക്കിക്കൊടുക്കാൻ വേണ്ടി പണം ആവശ്യമായിവരും.

അപ്പോൾ സമുദായത്തിന് ആകെ വേണ്ടിവരുന്ന പണത്തിന്റെ തുക ചരക്കുകളുടെ ഒട്ടാകെയുള്ള വിലകളെയും പണത്തിന്റെ ഗതിവേഗത്തെയും മാത്രമല്ല ആശ്രയിച്ചിരിക്കുന്നത്. ചരക്കുകളുടെ ഒട്ടാകെയുള്ള വിലയിൽ നിന്നു കടമായി കൊടുക്കുന്ന ചരക്കുകളുടെ വില കിഴിക്കുകയും അവധിയവസാനിച്ച മടക്കിക്കൊടുക്കാറായ പണത്തിന്റെ തുക കൂട്ടുകയും വേണം. ചിലപ്പോൾ കൈമാറ്റത്തിനിടയിൽ ചരക്കുകളുടെ വില തട്ടിത്തീർന്നെന്നു വരാം. എ. എന്ന ആൾ ബി.യിൽ നിന്നും ബി എന്ന ആൾ എ.യുടെ പക്കൽ നിന്നും നൂററുറുപ്പിക വീതം വിലപിടിച്ച ചരക്കുകൾ വാങ്ങുകയാണെങ്കിൽ പണത്തിന്റെ സഹായം കൂടാതെ കഴിക്കാവുന്നതാണ്.

പണത്തിന്റെ തുക കണക്കാക്കുമ്പോൾ മാർക്കറ്റിൽ വിൽപ്പനയ്ക്കുവരുന്ന ചരക്കുകളുടെ വിലകൾ മാത്രം എടുത്താൽ പോരാ. പണത്തിന്റെ സഹായത്തോടുകൂടി നടക്കുന്ന എല്ലാത്തരം ഇടപാടുകളേയും കണക്കാക്കണം. ഇടപാടുകൾ വർദ്ധിക്കുക എന്നുവച്ചാൽ പണത്തിന്റെ ഡിമാൻഡ് വർദ്ധിക്കുക എന്നർത്ഥമാണ്. ഇടപാടുകൾ കുറയുമ്പോൾ പണത്തിന്റെ ഡിമാൻറ് ചുരുങ്ങുകയും ചെയ്യും. യുദ്ധകാലത്ത് പണത്തിന്റെ പ്രചാരം അസാധാരണമാംവിധം വർദ്ധിച്ചതെന്തുകൊണ്ടെന്ന് ഇത്രയും പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാം.

## 7 പണത്തിന്റെ ക്രയശക്തി:

ഡിമാൻറ്, സപ്ലൈ എന്നിവയുടെ ഏറ്റക്കുറച്ചിലുകൾ മറ്റെല്ലാ ചരക്കുകളെയുമെന്നപോലെ പണത്തേയും ബാധിക്കുന്നതാണ്. ചരക്കിന്റെ സപ്ലൈ ഡിമാൻറിനേക്കാളധികമായാൽ അതിന്റെ (ചരക്കിന്റെ) വിലകുറയുകയും നേരെമറിച്ച്, ഡിമാൻറു കൂടുതലാണെങ്കിൽ വില വർദ്ധിക്കുകയും ചെയ്യും. അതുപോലെത്തന്നെ പണത്തിന്റെ സപ്ലൈ ഡിമാൻറിനെക്കാളധികമായാൽ അതിന്റെ (പണത്തിന്റെ) വില ചുരുങ്ങുകയും സപ്ലൈ കുറഞ്ഞാൽ വില വർദ്ധിക്കുകയും ചെയ്യും. പണത്തിന്റെ മൂല്യത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മാർക്കറ്റുവിലകളെ ബാധിക്കാതിരിക്കില്ല. ഇന്ന് ഒരുറുപ്പിക വിലയുള്ള ചരക്കിനു നാളെ രണ്ടുറുപ്പികയോ അരയുറുപ്പികയോ വിലയായെന്നു വരാം. ചരക്കിന്റെ വില വർദ്ധിക്കുമ്പോൾ ഉറുപ്പികയുടെ ക്രയശക്തി കുറഞ്ഞുവെന്നും നേരെമറിച്ച് ചരക്കിന്റെ വില കുറയുമ്പോൾ ഉറുപ്പികയുടെ ക്രയശക്തി വർദ്ധിച്ചുവെന്നും പറയുന്നു. ഉറുപ്പികയുടെ വില വർദ്ധിക്കുകയെന്നുവച്ചാൽ ചരക്കുകളുടെ വില കുറയുക എന്നർത്ഥമാണ്. കാരണം, വില കൂടിയ ഉറുപ്പികകൊണ്ടു കൂടുതൽ ചരക്കുകൾ വാങ്ങാൻ കഴിയും. പണത്തിന്റെ വില ഇരട്ടിയായെന്നിരിക്കട്ടെ. എന്നാൽ പണത്തിന്റെ രണ്ടു യൂണിറ്റിന് (രണ്ടുറുപ്പികയ്ക്ക്) കിട്ടിയിരുന്ന ചരക്കുകൾ ഇപ്പോൾ ഒരു യൂണിറ്റിന് (ഒരുറുപ്പികയ്ക്ക്) കിട്ടും. നേരെ മറിച്ച് പണത്തിന്റെ വില പകുതിയായി കുറഞ്ഞാൽ ചരക്കുകളുടെ വില മുമ്പത്തെക്കാൾ ഇരട്ടിയാവുകയാണ് ചെയ്യുക. ചുരുക്കിപ്പറഞ്ഞാൽ, പണത്തിന്റെ ഉൽപാദനസമ്പ്രദായത്തിലോ സപ്ലൈയിലോ മാറ്റമുണ്ടായാൽ മറ്റെല്ലാ ചരക്കുകളുടെയും മാർക്കറ്റുവിലകളിൽ — വിലകളുടെ പൊതുനിലവാരത്തിൽ — മാറ്റമുണ്ടാകുന്നതാണ്.

ഒരുദാഹരണം: ഒരു കൊല്ലം കഴിഞ്ഞാൽ മടക്കിക്കിട്ടുമെന്ന ഉറപ്പിൻമേൽ നിങ്ങൾ ഇന്ന് ഒരാൾക്ക് നൂററുറുപ്പിക കടം കൊടുക്കുന്നുവെന്നു വിചാരിക്കുക. നിശ്ചിത അളവിലുള്ള ചരക്കുകളെ പ്രതിനിധീകരിക്കുന്നുവെന്നതാണല്ലോ പണത്തിന്റെ പ്രാധാന്യം. നൂററുറുപ്പിക കൊടുത്താൽ ഇന്നു നൂറുവാര തുണികിട്ടുമെന്നിരിക്കട്ടെ. ഒരു കൊല്ലം കഴിഞ്ഞുനിങ്ങൾ കടംകൊടുത്ത സംഖ്യ മടക്കിക്കിട്ടുമ്പോൾ അതിന് ഇന്നു

കിട്ടുന്നത്ര ചരക്കുകൾ കിട്ടിയില്ലെന്നു വരാം. ഉദാഹരണത്തിന്, ഒരു കൊല്ലം കഴിഞ്ഞാൽ നൂറുറുപ്പികയ്ക്ക് 50 ഓ 60 ഓ വാര തുണിമാത്രമേ കിട്ടുകയുള്ളുവെന്നു വരാം. അങ്ങനെ വന്നാൽ ഉറുപ്പികയുടെ വില ഇടിഞ്ഞുവെന്നാണ് പറയുക; അതായത്, ചരക്കുകൾ വാങ്ങാൻ ഉറുപ്പികയ്ക്കുള്ള കഴിവ് — ഉറുപ്പികയുടെ ക്രയശക്തി ചുരുങ്ങിയിരിക്കുന്നു.

മറ്റൊരുദാഹരണം: ഒരു തൊഴിലാളിക്കു ദിവസത്തിൽ ഒരുറുപ്പിക കൂലി കിട്ടുന്നുവെന്നു വിചാരിക്കുക. അയാൾക്കും കുടുംബത്തിനും ആവശ്യമായ ഭക്ഷണസാമഗ്രികളും മറ്റും വാങ്ങുവാനാണ് അയാളാ ഉറുപ്പിക വിനിയോഗിക്കുക. ചരക്കുകളുടെ വില വർദ്ധിച്ചാൽ, അല്ലെങ്കിൽ ഉറുപ്പികയുടെ ക്രയശക്തി കുറഞ്ഞാൽ അയാൾക്ക് തന്റെ ഒരു ഉറുപ്പികയ്ക്ക് ആദ്യം കിട്ടിയിരുന്നത്ര ചരക്കുകൾ കിട്ടുകയില്ല. പണക്കണക്കിലുള്ള കൂലി ഇപ്പോഴും ഒരുറുപ്പികതന്നെ. എന്നാൽ, അയാളുടെ യഥാർത്ഥകൂലി — അയാൾക്കു കിട്ടുന്ന ചരക്കുകളുടെ തുക — കുറഞ്ഞിരിക്കുന്നു.

വിലകൾ ഒരു നിശ്ചിതഅളവിലുള്ള ചരക്കുകളെ പ്രതിനിധീകരിക്കുന്ന പണത്തിന്റെ തോതും കുറയുന്നതാണ്. എന്നുവച്ചാൽ, ഒരു നിശ്ചിത അളവിലുള്ള പണം കൊണ്ട് കൂടുതൽ ചരക്കുകൾ വാങ്ങാൻ കഴിയും. ചരക്കുകളുടെ ഉല്പാദനം ഇരട്ടിയായെന്നും പക്ഷേ, അവയുടെ മാർക്കറ്റുവില 25 ശതമാനം കുറഞ്ഞുവെന്നും വിചാരിക്കുക. യഥാർത്ഥമായ സ്വത്തുക്കൾ ഇവിടെ ഇരട്ടിയായിട്ടുണ്ട്. എന്നാൽ പണക്കണക്കിലുള്ള ആദായം മുമ്പത്തേക്കാൾ ഒന്നര ഇരട്ടി മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. ഇങ്ങനെ ഉല്പാദനത്തിലും ഡിമാൻറ്, സപ്ലൈ എന്നിവയിലുണ്ടാകുന്ന മാറ്റങ്ങളനുസരിച്ച് പണത്തിന്റെ ക്രയശക്തിയിലും മാറ്റങ്ങളുണ്ടാകുന്നതാണ്.

## 8 വിലയുടെ കയറ്റമിറക്കങ്ങൾ:

ചരക്കിന്റെ വിലയിലുണ്ടാകുന്ന മാറ്റങ്ങൾക്കു രണ്ടു കാരണങ്ങളുണ്ടാവാം; ഒന്നുകിൽ, ചരക്കിനെ സംബന്ധിക്കുന്ന മാറ്റങ്ങൾ; അല്ലെങ്കിൽ, പണത്തെ സംബന്ധിക്കുന്ന മാറ്റങ്ങൾ.

സാങ്കേതികമായ കണ്ടുപിടുത്തങ്ങളും പ്രകൃതിവിഭവങ്ങളുടെ പുതിയ സപ്ലൈകളും ഉല്പാദനച്ചെലവുകളേയും അതുവഴി ചരക്കുകളുടെ വിലകളേയും കുറയ്ക്കുന്നതാണ്. നേരെമറിച്ച് പ്രകൃതികോപങ്ങൾ, യുദ്ധങ്ങൾ മുതലായവ പ്രകൃതിവിഭവങ്ങളെ നശിപ്പിക്കുകയും അങ്ങനെ വിലകളെ ഉയർത്തുകയും ചെയ്യും.

ഉല്പാദനത്തിലുണ്ടാകുന്ന മാറ്റങ്ങൾ മാത്രമല്ല, ഉപയോഗത്തിലുണ്ടാകുന്ന മാറ്റങ്ങളും വിലകളെ ബാധിയ്ക്കുന്നതാണ്. ആളുകൾ കൂടുതൽ ചരക്കുകൾ വാങ്ങാൻ തുടങ്ങിയാൽ അവയുടെ വില വർദ്ധിക്കും. മറിച്ച്, സാമ്പത്തികകുഴപ്പം, തൊഴിലില്ലായ്മ മുതലായ കാരണങ്ങളാൽ ജനങ്ങൾക്ക് ചരക്കുകൾ വാങ്ങാനുള്ള കെല്പു കുറഞ്ഞാൽ വിലയിടിയുകയും ചെയ്യും.

വിലകളെ ബാധിക്കുന്ന മറ്റൊരു സംഗതി സൂക്ഷിപ്പി (Sarving)ലുണ്ടാകുന്ന മാറ്റങ്ങളാണ്. സൂക്ഷിപ്പിന്റെ തോത് വർദ്ധിക്കുകയും ചെലവിടുന്നതിന്റെ തോതു ചുരുക്കുകയും ചെയ്താൽ ഉപഭോഗസാമഗ്രികളുടെ വില കുറയും. കാരണം, പണത്തിന്റെ സൂക്ഷിപ്പു വർദ്ധിക്കുക എന്നുവച്ചാൽ ചരക്കുകളുടെ ഡിമാൻറ് കുറയുക എന്നർത്ഥമാണ്.

വേറൊരു കാരണം ആദായത്തിന്റെ വിതരണത്തിലുണ്ടാകുന്ന വ്യത്യാസമാണ്. നാട്ടുകാരുടെ കയ്യിൽ കൂടുതൽ പണമുണ്ടായാൽ ചരക്കുകളുടെ ഡിമാൻറ് വർദ്ധിക്കുകയും അങ്ങനെ വില കയറുകയും ചെയ്യും.

വില്പനകളെയും വിലകളെയും ഉല്പാദനത്തേയും നിയന്ത്രിക്കുന്ന കുത്തകസമ്പ്രദായവും വിലകളെ ബാധിക്കുന്നതാണ്. മാർക്കറ്റിൽ മറ്റാരും മത്സരിക്കാനില്ലാത്തതുകൊണ്ട് കുത്തകമുതലാളിക്കു തന്റെ ചരക്കുകളുടെ വിലകയറ്റാൻ കഴിയും. ഉല്പാദനത്തെ വെട്ടിച്ചുരുക്കി ചരക്കുകളുടെ സപ്ലൈ കൃത്രിമമായി കുറയ്ക്കുവാനും അങ്ങനെ വില വർദ്ധിപ്പിക്കാനും അയാൾക്ക് സാധിക്കും.

പണത്തിൽ മാറ്റമില്ലാതിരിക്കെ, ചരക്കുണ്ടാക്കാനുള്ള ടെക്നിക്ക് പരിഷ്കരിക്കുകയോ (മുമ്പത്തേക്കാൾ കുറഞ്ഞ പ്രയത്നംകൊണ്ട് ചരക്കുണ്ടാക്കാൻ സാധിക്കുകയോ) അല്ലെങ്കിൽ ചരക്കിന്റെ സപ്ലൈ ഡിമാൻറിനേക്കാളധികമാവുകയോ ചെയ്താൽ വില കുറയുന്നതാണ്. ഡിമാൻറ് സപ്ലൈയേക്കാൾ കവിഞ്ഞാൽ വില കയറുകയും ചെയ്യും.

വിലകളിൽ മാറ്റമില്ലാതിരിക്കണമെങ്കിൽ ചരക്കുകളുടെ ഉൽപ്പാദനസമ്പ്രദായത്തിലും ഡിമാൻറ്, സപ്ലൈ എന്നിവയിലും മാറ്റമില്ലാതിരുന്നാൽ മാത്രം പോരാ; പണത്തിന്റെ ഡിമാൻറിലും സപ്ലൈയിലും മാറ്റമില്ലാതിരിക്കുകകൂടി വേണം. ചരക്കിൽ മാറ്റമില്ലാതിരിക്കെ, പണത്തിന്റെ സപ്ലൈ വർദ്ധിച്ചാൽ ചരക്കിന്റെ വില വർദ്ധിക്കും. കാരണം, കൂടുതൽ വില കൊടുത്തിട്ടെങ്കിലും പരിമിതമായ ചരക്കുകൾ വാങ്ങാൻ ആളുകൾ തയ്യാറാവും. മറിച്ച്, പണത്തിന്റെ സപ്ലൈ കുറയുകയോ ഡിമാൻറു വർദ്ധിക്കുകയോ ചെയ്താൽ ചരക്കിന്റെ വില ചുരുങ്ങുകയും ചെയ്യും. ഇങ്ങനെ പണത്തിന്റെ, ഉല്പാദനസമ്പ്രദായത്തിലോ ഡിമാൻറ്, സപ്ലൈ എന്നിവയിലോ മാറ്റമുണ്ടായാൽ മറ്റെല്ലാ ചരക്കുകളുടെയും മാർക്കറ്റുവിലകളിൽ — വിലകളുടെ പൊതുനിലവാരത്തിൽ — മാറ്റമുണ്ടാകുന്നതാണ്.

ചരക്കുകളുടെ വിലകളെ അളക്കുന്നതു പണംകൊണ്ടാണല്ലോ. ഏതു ചരക്കിന്റെ വിലയും പണക്കണക്കിൽ പറയാൻ കഴിയും. എന്നാൽ, പണത്തിന്റെ വില കണക്കാക്കുന്നതെങ്ങനെയാണ്? പണത്തിന്റെ വിലയെ അതു പ്രതിഫലിപ്പിക്കുന്ന ചരക്കിന്റെ വിലയിലൂടെ മാത്രമേ കാണാൻ കഴിയൂ. അതുകൊണ്ട് പണത്തിന്റെ വിലയിലുണ്ടാകുന്ന മാറ്റങ്ങൾ കണക്കാക്കണമെങ്കിൽ ചരക്കുകളുടെ വിലകളിലുണ്ടാകുന്ന മാറ്റങ്ങൾ പരിശോധിക്കണം. പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്: അനേകം ചരക്കുകളുടെ വിലകളെ വെവ്വേറെ പ്രതിഫലിപ്പിക്കുന്ന പണത്തിന് അനേകം വിലകളുണ്ടെന്നു കാണാം. ഉദാഹരണത്തിന്, ഒരുറുപ്പിക എത്ര തുണിക്കു സമമാണെന്നും എത്ര അരിക്കു സമമാണെന്നും എത്ര മണ്ണെണ്ണക്ക് സമമാണെന്നും കണക്കാക്കാം. ഇതു പ്രായോഗികമല്ല. അതുകൊണ്ടു സാധാരണമായി പണത്തിന്റെ പൊതുവിലുള്ള വിലയെ മാത്രമേ കണക്കാക്കാറുള്ളൂ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, പണത്തിന്റെ ക്രയശക്തിയിലുണ്ടാകുന്ന മാറ്റങ്ങളെ അളക്കുവാൻ സാധാരണമായി മാർക്കറ്റുവിലകളുടെ പൊതുനിലവാരത്തിലുണ്ടാകുന്ന മാറ്റങ്ങളെ അളക്കുകയാണ് പതിവ്.

ഡിമാൻറിൽ മാറ്റമില്ലാതിരിക്കെ പണത്തിന്റെ തുക വർദ്ധിച്ചാൽ അതിന്റെ വില ചുരുങ്ങുമെന്നു മുകളിൽ പറഞ്ഞുവല്ലോ. ഇതിന്റെ അർത്ഥം പണത്തിന്റെ തുകയിലുണ്ടാകുന്ന വർദ്ധനവനുസരിച്ച് വിലകളുടെ പൊതുനിലവാരവും വർദ്ധിക്കുമെന്നാണ്. ഇങ്ങനെ വിലകളുടെ പൊതുനിലവാരവും പണത്തിന്റെ തുകയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

പണവും ചരക്കുകളുടെ പൊതുനിലവാരവും തമ്മിലുള്ള ബന്ധത്തെ ഇങ്ങനെ സംഗ്രഹിക്കാം.

1. (ചരക്കുകളുടെ തുകയിലും പണത്തിന്റെ ഗതിവേഗത്തിലും മാറ്റമില്ലാതിരിക്കേ) പണത്തിന്റെ തുക വർദ്ധിച്ചാൽ വിലകളുടെ പൊതുനിലവാരം വർദ്ധിക്കും. നേരെമറിച്ച്, പണത്തിന്റെ തുക കുറഞ്ഞാൽ വിലകളുടെ നിലവാരം താഴുകയും ചെയ്യും.
2. (പണത്തിന്റെ സപ്ലൈയിലും ഗതിവേഗത്തിലും മാറ്റമില്ലാതിരിക്കേ) പണത്തിന്റെ ഡിമാൻറ വർദ്ധിച്ചാൽ — അതായത്, കൊള്ളക്കൊടുക്കകളും ചരക്കുകളുടെ തുകയും വർദ്ധിച്ചാൽ — വിലകളുടെ പൊതുനിലവാരം താഴും. പണത്തിന്റെ ഡിമാൻറ് ചുരുങ്ങിയാൽ — കൊള്ളക്കൊടുക്കകളും ചരക്കുകളുടെ തുകയും കുറഞ്ഞാൽ — വിലകളുടെ നിലവാരം ഉയരുകയും ചെയ്യും.
3. (കൊള്ളക്കൊടുക്കകളുടെയും ചരക്കുകളുടെയും തുകയിലും പണത്തിന്റെ ഗതിവേഗത്തിലും മാറ്റമില്ലാതിരിക്കേ) പണത്തിന്റെ സപ്ലൈ വർദ്ധിച്ചാൽ പണത്തിന്റെ വിലയിടിയും. മറിച്ച്, സപ്ലൈ ചുരുങ്ങിയാൽ പണത്തിന്റെ വില കയറുകയും ചെയ്യും.
4. (കൊള്ളക്കൊടുക്കകളുടെയും ചരക്കുകളുടെയും തുകയിലും പണത്തിന്റെ സപ്ലൈയിലും മാറ്റമില്ലാതിരിക്കേ) പണത്തിന്റെ ഗതിവേഗം വർദ്ധിച്ചാൽ ചരക്കുകളുടെ വിലകളുടെ പൊതുനിലവാരം ഉയരും. നേരെമറിച്ച്, ഗതിവേഗം കുറഞ്ഞാൽ വിലകൾ ഇടിയുകയും ചെയ്യും.

പണത്തിന്റെ സപ്ലൈ, ഡിമാൻറ് എന്നിവയും അതിന്റെ വിലയും തമ്മിൽ ബന്ധമുണ്ടെന്നു കാണിക്കാൻ മാത്രമാണ് ഇത്രയും വിവരിച്ചത്. കെട്ടിപ്പിണഞ്ഞുകിടക്കുന്ന ആ ബന്ധത്തെ കണക്കുകൾകൊണ്ട് ശരിക്ക് അളന്നു കണക്കാക്കുക എളുപ്പമുള്ള പണിയാണെന്ന് തെറ്റിദ്ധരിച്ചുപോകരുത്. വാസ്തവത്തിൽ, വിലകളുടെ നിലവാരവും പണവും തമ്മിലുള്ള ബന്ധത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെ മൊത്തത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയുമെന്നു വ്യക്തമാക്കുക മാത്രമേ ഈ വിവരണം ചെയ്യുന്നുള്ളു.

## 9 സൂചകസംഖ്യ:

വിലകളുടെ പൊതുനിലവാരത്തെ അളക്കുവാനുള്ള ഒരുപകരണമാണ് സൂചകസംഖ്യ (Index number). രണ്ടു വ്യത്യസ്തതീയതികൾക്കിടയിൽ ഒരു ചരക്കിന്റെ വില — ശരിക്കുപറയുകയാണെങ്കിൽ ഏതാനും ചരക്കുകളുടെ കൂട്ടായ വില — എത്രകണ്ടു മാറിയിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കുകയാണ് അത് ചെയ്യുന്നത്. ഏതെങ്കിലുമൊരു കൊല്ലത്തിലെ വിലകളെ മറ്റേതെങ്കിലുമൊരു കൊല്ലത്തിലെ വിലകളുമായി താരതമ്യപ്പെടുത്തുവാനും അങ്ങനെ ആ രണ്ടു കൊല്ലങ്ങൾക്കുമിടയിൽ പണത്തിന്റെ ക്രയശക്തിയിലുണ്ടായ മാറ്റമെന്തെന്നു കണക്കാക്കുവാനും സൂചകസംഖ്യകൾ ഉപകരിക്കുന്നു. സൂചകസംഖ്യയിലെ പോയിൻറുകൾ വർദ്ധിക്കുമ്പോൾ പണത്തിന്റെ വില കുറയുകയും നേരെ മറിച്ച് പോയിൻറ കുറയുമ്പോൾ പണത്തിന്റെ വില വർദ്ധിക്കുകയും ചെയ്യുമെന്നും മനസ്സിലാക്കാം.

തൊഴിലാളികൾ, അല്ലെങ്കിൽ മറ്റേതെങ്കിലും ജനവിഭാഗങ്ങൾ, സാധാരണമായി ഉപയോഗിക്കുന്ന 40 ഓ 50 ഓ ചരക്കുകളുടെ വിലകൾ ഏതു തരത്തിലാണ് മാറുന്നതെന്ന് കണക്കാക്കിയാൽ മാർക്കറ്റുവിലകളുടെ പൊതുനിലവാരത്തിലുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ കഴിയും. ഏതെങ്കിലുമൊരു കൊല്ലത്തെ

അടിസ്ഥാന വർഷമായി തെരഞ്ഞെടുത്ത് ആ കൊല്ലത്തിലെ വിലകളും മറ്റേതെങ്കിലുമൊരു കൊല്ലത്തിലെ വിലകളും തമ്മിലുള്ള വ്യത്യാസം കാണാവുന്നതാണ്. ഉദാഹരണത്തിന്, ഏതെങ്കിലുമൊരു കൊല്ലത്തിലെ വിലകളെ 1914 ലെ വിലകളുമായി താരതമ്യപ്പെടുത്തണമെന്നു വിചാരിക്കുക. 1914-ൽ അരി മന്നിന് 5 ക യും എണ്ണ മന്നിന് 20 ക.യും തുണി വാരയ്ക്ക് 4 ണ.യും വിറകു തന്നിന് 10 ക.യും ആണെന്നിരിക്കട്ടെ. (ഉദാഹരണം മാത്രമായതുകൊണ്ട് 40 ഓ 50 ഓ ചരക്കുകൾക്കു പകരം നാല് ചരക്കുകൾ മാത്രമേ എടുത്തിട്ടുള്ളൂ.) 1940-ൽ അരിയുടെ വില ഏഴര ക.യും എണ്ണയുടെ വില 15 ക.യും വസ്ത്രത്തിന്റെ വില വാരയ്ക്ക് 5 ണ.യും ആയിത്തീർന്നുവെന്നും വിറകിന്റെ വിലയിൽ മാറ്റമുണ്ടായില്ലെന്നും കരുതുക. ഇവിടെ അരിയുടെ വില 50 ശതമാനവും വസ്ത്രത്തിന്റെ വില 25 ശതമാനവും വർദ്ധിച്ചു. എണ്ണയുടെ വില 25 ശതമാനം കുറഞ്ഞു. വിറകിന്റെ വിലയിൽ മാത്രം മാറ്റമുണ്ടായിട്ടില്ല. ഈ കണക്കുകളിൽ നിന്നു വിലകളുടെ പൊതുനിലവാരം മനസ്സിലാക്കാനുപകരിക്കുന്ന സൂചകസംഖ്യകൾ തയ്യാറാക്കാവുന്നതാണ്. താഴെക്കൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

| | 1914 | | 1940 | |
|---|---|---|---|---|
| ചരക്കുകൾ | വില | പഴയ സൂചക സംഖ്യ | വില | പുതിയ സൂചക സംഖ്യ |
| അരി | 5 ക.മന്ന് | 100 | 7.5 ക.മന്ന് | $\frac{100 \times 15}{5 \times 2} = 150$ |
| എണ്ണ | 20 ക.മന്ന് | 100 | 15 ക.മന്ന് | $\frac{100 \times 15}{20} = 75$ |
| തുണി | 4 ണ. വാര | 100 | 5 ണ. വാര | $\frac{100 \times 5}{4} = 125$ |
| വിറക് | 10 ക. തൻ | 100 | 10 ക.തൻ | $\frac{100 \times 10}{10} = 1500$ |
| സൂചക സംഖ്യ | $\frac{400}{4} = 100$ | | $\frac{450}{4} = 112.5$ | |

നാലു ചരക്കുകളുടെയും വിലകളെ ഒന്നായെടുക്കുകയാണെങ്കിൽ 1914-ൽ 400 ആയിരുന്നത്, 1940-ൽ 450 ആയി എന്നു കാണാം. അപ്പോൾ ഒരു ചരക്കിന്റെ വില ശരാശരി 12.5 ശതമാനം വർദ്ധിച്ചു. വിലകളുടെ പൊതുനിലവാരം അടിസ്ഥാനവർഷമായ 1914-ൽ 100 ആയിരുന്നു. 1940-ൽ 112.5 ആയി. അതായത് 12.5 പോയിൻറുകൾ അധികമായി. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, 1940-ൽ പണത്തിന്റെ ക്രയശക്തി 1914-ൽ ഉണ്ടായിരുന്നതിനേക്കാൾ 12.5 ശതമാനം കുറഞ്ഞു. എന്നുവച്ചാൽ 1914-ൽ 100 ക. വിലയുണ്ടായിരുന്ന ഒരു ചരക്കിന് 1940-ൽ 112.5 ക. കൊടുക്കണമെന്നായി. സൂചകസംഖ്യയിലെ പോയിൻറുകളുടെ വർദ്ധനവനുസരിച്ച് തൊഴിലാളികളുടെ കൂലി (പണക്കണക്കിലുള്ള കൂലി) വർദ്ധിച്ചില്ലെങ്കിൽ അവരുടെ യഥാർത്ഥ കൂലി (അതായത് ചരക്കുകണക്കിലുള്ള കൂലി) കുറയുമെന്നാണ് ധരിക്കേണ്ടത്.

ഒരു നിശ്ചിതകാലത്തിനുള്ളിൽ തൊഴിലാളിയുടെ കൂലി 20 ക.യിൽ നിന്ന് 24 ക.യായി വർദ്ധിച്ചുവെന്നും അതേസമയത്ത് സൂചകസംഖ്യ 100-ൽ നിന്നും 20 പോയിൻറുകൾ വർദ്ധിച്ച് 120 ആയിത്തീർന്നുവെന്നും വിചാരിക്കുക. ഇവിടെ തൊഴിലാളിയുടെ പണക്കണക്കിലുള്ള കൂലി 4 ക. അല്ലെങ്കിൽ 20 ശതമാനം വർദ്ധിച്ചിട്ടുണ്ട്.

പക്ഷേ, ആ തോതനുസരിച്ചുതന്നെ സൂചകസംഖ്യയിലെ പോയിൻറുകളും വർദ്ധിച്ചിട്ടുള്ളതുകൊണ്ട് യഥാർത്ഥമായ കൂലി ചരക്കുകണക്കിലുള്ള കൂലി ഒട്ടും അധികമായിട്ടില്ല. സൂചകസംഖ്യകളുടെ സഹായത്തോടുകൂടി ഓരോ ചരക്കിന്റെയും യഥാർത്ഥ വിലയിടിവോ വിലവർദ്ധനയോ പ്രത്യേകമായി കണക്കാക്കാൻ കഴിയില്ല. ചരക്കുകളുടെ വിലകളുടെ പൊതുനിലവാരത്തിലുള്ള മാറ്റം — ശരാശരി മാറ്റം മാത്രമേ — കണക്കാക്കാൻ കഴിയൂ. അതിനാൽ, പണത്തിന്റെ ക്രയശക്തിയിലുണ്ടാകുന്ന മാറ്റങ്ങളെ പൊതുവിൽ അളക്കാൻ മാത്രമേ സൂചകസംഖ്യകൾ പ്രയോജനപ്പെടുകയുള്ളൂ.

സൂചകസംഖ്യകൾ തയ്യാറാക്കുന്ന കാര്യത്തിൽ ചില ബുദ്ധിമുട്ടുകളുണ്ട്. ഒരേ ചരക്കിനു വ്യത്യസ്ത ജനവിഭാഗങ്ങൾ വ്യത്യസ്തമായ പ്രാധാന്യമാണ് കൽപിക്കുക. തൊഴിലാളികൾ സുഖഭോഗമെന്നു കരുതുന്നതു മുതലാളികൾക്ക് ജീവിതാവശ്യമായെന്നു വരാം. പിന്നെ ഒരേ ചരക്കുതന്നെ വ്യത്യസ്ത ജനവിഭാഗങ്ങൾ വ്യത്യസ്ത അളവിലാണ് ഉപയോഗിക്കുക. ചിലർ അരിയാണ് കൂടുതലിഷ്ടപ്പെടുന്നതെങ്കിൽ മറ്റുചിലർ മധുരപലഹാരമാണിഷ്ടപ്പെടുക. പോരെങ്കിൽ, ഒരേ ജനവിഭാഗംതന്നെ (ഉദാ: തൊഴിലാളികൾ) പല ചരക്കുകളും വ്യത്യസ്തകാലങ്ങളിൽ വ്യത്യസ്ത അളവിലാണ് ഉപയോഗിക്കുക.

## 10 കനംകൂടിയ സൂചകസംഖ്യകൾ:

ഈ ബുദ്ധിമുട്ടുകളെ ഏറെക്കുറെ പരിഹരിക്കാൻ വേണ്ടി ചില സ്ഥിതിവിവരകണക്കുകാർ (Satisfactions) സൂചകസംഖ്യകൾ തയ്യാറാക്കുമ്പോൾ കൂടുതൽ പ്രാധാന്യം നൽകാറുണ്ട്. ഉദാഹരണത്തിന്, തൊഴിലാളികൾ ഉപയോഗിക്കുന്ന അരിയുടെ തോത് പഞ്ചസാരയുടേതിനേക്കാൾ നാലിരട്ടിയും വസ്ത്രത്തിൻറേതിനേക്കാൾ രണ്ടിരട്ടിയും ആണെന്നു കരുതുക. എന്നാൽ സൂചക സംഖ്യകൾ അരിക്കു 400 ഉം വസ്ത്രത്തിനു 200 ഉം പഞ്ചസാരയ്ക്ക് 100 ഉം ആയിരിക്കും. ഇതിനു സൂചകസംഖ്യകൾക്കു 'കനംവയ്ക്കൽ' (Weighting) എന്നുപറയുന്നു. നമ്മുടെ ആദ്യത്തെ ഉദാഹരണത്തിൽ അരി, വസ്ത്രം, എണ്ണ, വിറക് എന്നീ ചരക്കുകൾ ക്രമപ്രകാരം 5, 4, 2, 1 എന്ന തോതിലാണ് ഉപയോഗിക്കപ്പെടുന്നതെങ്കിൽ അവയുടെ സൂചകസംഖ്യകൾ ക്രമപ്രകാരം 500, 400, 200, 100 എന്ന തോതിൽ കണക്കാക്കുന്നതായിരിക്കും.

നോക്കുക:

| ചരക്ക് | 1914 ലെ സൂചകസംഖ്യ | 1940ലെ സൂചക സംഖ്യ |
|---|---|---|
| അരി | $100 \times 5 = 500$ | $150 \times 5 = 750$ |
| എണ്ണ | $100 \times 2 = 200$ | $75 \times 2 = 150$ |
| വസ്ത്രം | $100 \times 4 = 400$ | $125 \times 4 = 500$ |
| വിറക് | $100 \times 1 = 100$ | $100 \times 1 = 150$ |
| ആകെ | 1200 | 1500 |
| ശരാശരി | $1200/12 = 100$ | $1500/12 = 125$ |

1940-ൽ കനംകൂട്ടാതെയുള്ള സൂചകസംഖ്യ112.5 ആണ്. കനംകൂട്ടിയ സൂചകസംഖ്യയാകട്ടെ, 125 ആയിത്തീർന്നു. അതായത്, ഉറുപ്പികയുടെ ക്രയശക്തി 1940-ൽ 1914-ൽ ഉണ്ടായിരുന്നതിനേക്കാൾ 25 ശതമാനം കുറഞ്ഞിരിക്കുന്നു.

## 11 ഇന്ത്യയിലെ സൂചകസംഖ്യകൾ:

ഇന്ത്യയിലെ മൊത്തവിലകളുടെ (Wholesale Prices) മാറ്റങ്ങളെ അളക്കാൻ സഹായിക്കുന്ന നാലു വിഭിന്ന സൂചകസംഖ്യകളുണ്ട്. ഏറ്റവും പഴയത് കോമേഴ്സ്യൽ ഇൻറലിജൻസ് ഡിപ്പാർട്ട്മെൻറുകൾ തയ്യാറാക്കിയതാണ്. അതിൽ കയറ്റുമതി ചെയ്യപ്പെടുന്ന 28 ചരക്കുകളും ഇറക്കുമതിചെയ്യപ്പെടുന്ന 11 ചരക്കുകളും (ആകെ 39 ചരക്കുകൾ) അടങ്ങിയിരിക്കുന്നു. 'കനം വെപ്പിക്കാതെ' ക്രിസ്തുഃബ്ദം 1878നെ അടിസ്ഥാന വർഷമാക്കിയിട്ടാണ് (അതായത് 1878-ൽ 100 എന്ന തോതിൽ) ഇതു തയ്യാറാക്കിയിട്ടുള്ളത്. മറ്റു മൂന്നെണ്ണം ബോംബേ (40 ചരക്കുകൾ), കറാച്ചി (23 ചരക്കുകൾ), കൽക്കത്ത (72 ചരക്കുകൾ) എന്നീ നഗരങ്ങളിൽ തയ്യാറാക്കപ്പെടുന്നവയാണ്. ഈ നാലു സൂചകസംഖ്യകളും മാസംതോറും പ്രസിദ്ധപ്പെടുത്താറുണ്ട്.

മറ്റൊരുതരത്തിലുള്ള സൂചകസംഖ്യകളുണ്ട്. ജീവിതത്തോതിനെ കുറക്കുന്ന സൂചകസംഖ്യകൾ (Cost of Living Index Number) എന്ന പേരിലാണ് അവയറിയപ്പെടുന്നത്. ഏതാണ്ട് ഒരു ഡസൻ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെ ജീവിതച്ചെലവുകളെ അടിസ്ഥാനപ്പെടുത്തിയാണ് അവ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. അവയും ചുരുങ്ങിയത് മാസത്തിലൊരിക്കൽ പ്രസിദ്ധംചെയ്യപ്പെടാറുണ്ട്.

സൂചകസംഖ്യകളുടെ ഉപയോഗം പരിമിതമാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. ബോംബേയിലെ തൊഴിലാളികളുടെ ജീവിതച്ചെലവിലുണ്ടാകുന്ന മാറ്റങ്ങൾ നോക്കി കോഴിക്കോട്ടെ വിദ്യാർത്ഥികളുടെ കയ്യിലുള്ള പണത്തിന്റെ വില നിർണ്ണയിക്കാൻ കഴിയില്ല. അതിനാൽ, സൂചകസംഖ്യകൾ ഉപയോഗിക്കുമ്പോൾ സ്ഥലകാലാതിർത്തികൾ, ജനവിഭാഗങ്ങളുടെ പ്രത്യേകതകൾ, ചരക്കുകളുടെ വ്യത്യസ്തതകൾ മുതലായവ പരിഗണിക്കേണ്ടതാവശ്യമാണ്.

ഏതായാലും പണത്തിന്റെ വില ഒരു പ്രത്യേക സ്ഥലത്ത്, ഒരു പ്രത്യേക ജനവിഭാഗത്തിന്റെ ജീവിതച്ചെലവുകളെ എങ്ങനെ ബാധിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്ന സൂചകസംഖ്യകൾക്ക് — അവയ്ക്കെന്തൊക്കെത്തന്നെ ന്യൂനതകളുണ്ടായിരുന്നാലും — ഉപയോഗവും പ്രചാരവുമുണ്ടെന്നു സമ്മതിക്കാതിരിക്കാൻ തരമില്ല. മാത്രമല്ല, തൊഴിലാളികൾ കരുതിയിരുന്നില്ലെങ്കിൽ സൂചകസംഖ്യകളെ ഒരു ചൂഷണോപകരണമായുപയോഗിക്കുവാൻ മുതലാളികൾ ശ്രമിക്കുമെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. മോറിസ്ഡോവ് എന്ന ധനശാസ്ത്രജ്ഞൻ തന്റെ കൂലി (Wages) എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്ന ഈ ഉദാഹരണം ശ്രദ്ധേയമാണ്:

"ഒന്നാം ലോകമഹായുദ്ധം അവസാനിച്ച ഉടനെ സൂചകസംഖ്യകളെപ്പറ്റി രണ്ടു തരത്തിലുള്ള ആക്ഷേപങ്ങളുണ്ടായി. ജനങ്ങൾ വിലപിടിച്ച വസ്തുക്കളുപേക്ഷിച്ചു വിലകുറഞ്ഞ സാധനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടെന്നും അതിനാൽ ജീവിതതോതിനേക്കുറിക്കുന്ന ഔദ്യോഗികസൂചക സംഖ്യകൾ ചരക്കുകളുടെ വിലവർദ്ധനവിനെ അതിശയോക്തിയോടുകൂടിയാണ് ചിത്രീകരിച്ചിട്ടുള്ളതെന്നും പ്രൊഫസർ ബൗലി പറഞ്ഞു. മറുഭാഗത്ത് വിലവർദ്ധനവിനെ കുറച്ചുകാണിക്കുകയാണ് ഔദ്യോഗിക കണക്കുകൾ ചെയ്യുന്നതെന്ന് തൊഴിലാളി യൂണിയനുകളും ആക്ഷേപിച്ചു. വാങ്ങുന്ന സാധനങ്ങളുടെ ഗുണം കുറഞ്ഞിട്ടുണ്ടെന്നും തുണി മുതലായ ചരക്കുകളുടെ വില വല്ലാതെ വർദ്ധിച്ചിട്ടുണ്ടെന്നും ഈ വിലവർദ്ധനവിനു വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ലെന്നും യൂണിയനുകൾ ചൂണ്ടിക്കാണിച്ചു."

സൂചകസംഖ്യകളെ കരുതലോടെ വേണം ഉപയോഗിക്കാൻ എന്ന് ഇത്രയും പറഞ്ഞതിൽ നിന്നും മനസ്സിലാക്കാം.

ഇൻഫ്ളേഷൻ:

പണത്തിന്റെ സപ്ലൈ വർദ്ധിച്ചാൽ ആളുകളുടെ കയ്യിൽ കൂടുതൽ പണമുണ്ടാവാൻ തുടങ്ങും. അതോടുകൂടി ചരക്കുകളുടെ ഡിമാൻറ് വർദ്ധിക്കും. ചരക്കുകളുടെ ഡിമാൻറു വർദ്ധിക്കുന്ന തോതനുസരിച്ച് അവയുടെ സപ്ലൈയും വർദ്ധിച്ചില്ലെങ്കിൽ വില കയറാൻ തുടങ്ങും.

വിലകളുടെ പൊതുനിലവാരത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകത്തക്കവണ്ണം പണത്തിന്റെ സപ്ലൈ വർദ്ധിച്ചാൽ 'പണപ്പെരുപ്പം' അല്ലെങ്കിൽ 'ഇൻഫ്ളേഷൻ' (Inflation) ഉണ്ടായി എന്നു പറയുന്നു. നേരെമറിച്ച്, വിലകളുടെ പൊതുനിലവാരത്തിൽ ഗണ്യമായ കുറവുണ്ടാകത്തക്കവണ്ണം പണത്തിന്റെ സപ്ലൈ കുറയുകയാണെങ്കിൽ അതിന് 'സങ്കോചനം' അല്ലെങ്കിൽ 'ഡിഫ്ളേഷൻ' എന്നു പറയുന്നു.

നികുതികൾകൊണ്ടും കടമെടുപ്പുകൾകൊണ്ടും മറ്റുവരവിനങ്ങൾകൊണ്ടും ചെലവുനികത്താൻ കഴിയാതെ വരുന്ന അസാധാരണസന്ദർഭങ്ങളിൽ പണപ്പെരുപ്പത്തെയാണ് ഗവൺമെൻറുകൾ ആശ്രയിക്കാറുള്ളത്. യുദ്ധനടത്തിപ്പിന്റെയും രാജ്യരക്ഷയുടെയും പേരിൽ പണം ധാരാളമായി ചെലവിടുന്നു. അതിനായി കൂടുതൽ കൂടുതൽ നോട്ടുകൾ അടിച്ചിറക്കുന്നു. പണത്തിന്റെ പ്രചാരം പതിന്മടങ്ങ് വർദ്ധിക്കുന്നു. ആളുകളുടെ കയ്യിൽ പണമുണ്ടാവുക എന്നുവെച്ചാൽ ചരക്കുകളുടെ ഡിമാൻറ് വർദ്ധിക്കുക എന്നർത്ഥമാണല്ലോ. പക്ഷേ, ഡിമാൻറ് വർദ്ധിക്കുന്ന തോതനുസരിച്ച് ചരക്കുകളുടെ ഉൽപാദനവും സപ്ലൈയും വർദ്ധിക്കുന്നില്ല. പരിമിതമായ ചരക്കുകൾ, കൂടുതൽ പണം — ഈ സ്ഥിതിയിൽ ചരക്കുകളുടെ വില കയറാതിരിക്കുകയില്ല. പണം അധികമധികം അടിച്ചിറക്കുന്തോറും വിലകൾ കൂടിക്കൂടിവരുന്നു. ഇതാണ് 'ഇൻഫ്ളേഷന്റെ' ആരംഭം. ചരക്കുകളുടെ വില വർദ്ധിക്കുന്തോറും ഉൽപ്പാദനച്ചെലവും വർദ്ധിക്കുന്നു. ഉൽപ്പാദനച്ചെലവുകൾ വർദ്ധിക്കുമ്പോൾ വില പിന്നെയും കയറുന്നു.

ആവശ്യമായ ചെലവുകൾക്കു കൂടുതൽ നികുതി ചുമത്തുകയാണ് ഗവൺമെൻറ് ചെയ്യുന്നതെങ്കിൽ ഇൻഫ്ളേഷനുണ്ടാവില്ല. കാരണം ചരക്കുകൾ വാങ്ങാനുപയോഗിക്കുന്ന പണത്തിന്റെ തുകയ്ക്കു മാറ്റമുണ്ടാവില്ല. ജനങ്ങൾ ചെലവുചെയ്യുന്ന പണം ഗവൺമെൻറു ചെലവിടുന്നുവെന്നേയുള്ളു.

ഇപ്പോൾതന്നെ കടമെടുപ്പുകൊണ്ട് ചെലവുകൾ നിർവ്വഹിച്ചാലും ഇൻഫ്ളേഷനുണ്ടാവില്ല. കാരണം ചരക്കുകളുടെ ഡിമാൻറ് വർദ്ധിക്കുന്നില്ല. വാങ്ങാനുള്ള കഴിവു വ്യക്തികളിൽ നിന്ന് ഗവൺമെൻറിലേക്കു പോകുന്നു എന്നു മാത്രമേ വ്യത്യാസമുള്ളു.

കൂടുതൽ നോട്ടുകൾ അച്ചടിച്ചുവെന്നതുകൊണ്ടു മാത്രം ഇൻഫ്ളേഷനുകളുണ്ടായി എന്നു പറഞ്ഞുകൂടാ. വ്യവസായവും കച്ചവടവും അഭിവൃദ്ധിപ്പെടുന്ന സന്ദർഭങ്ങളിൽ ചരക്കുകളുടെ കൈമാറ്റത്തിന് കൂടുതൽ പണമാവശ്യമായിവരും. അത്തരമൊരു സന്ദർഭമാണ് 1936-37 ലുണ്ടായത്. ചരക്കുകളുടെ സപ്ലൈ വർദ്ധിക്കുന്ന തോതനുസരിച്ച് പുതിയ നോട്ടുകൾ പുറപ്പെടുവിച്ചാൽ വിലക്കയറ്റമുണ്ടാവില്ല. സപ്ലൈയെ അപേക്ഷിച്ചു കൂടുതൽ നോട്ടുകൾ അടിച്ചിറക്കിയാലുണ്ടാകുന്ന സ്ഥിതിവിശേഷത്തെയാണ് ഇൻഫ്ളേഷൻ എന്നു പറയുന്നത്.

ഒന്നാംലോകമഹായുദ്ധകാലത്ത് മിക്ക രാജ്യങ്ങളും പണപ്പെരുപ്പത്തെ അവലംബിച്ചിരുന്നു. ജർമ്മനിയിലും റഷ്യയിലുമാണ് വിലക്കയറ്റം ഏറ്റവും ദുസ്സഹമായത്. 1928-ൽ ജർമ്മനിയിലെ ജീവിതച്ചെലവ് 1914 നെക്കാൾ 27000 ഇരട്ടി അധികമായി എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നുവെച്ചാൽ 1914-ൽ 1 മാർക്ക് (സുമാർ 12 ണ) വിലയുണ്ടായിരുന്ന ഒരു ചരക്കിന് 1923-ൽ 27,000 മാർക്ക് വില കൊടുക്കേണ്ടിവ

ന്നു. നോട്ടുകൾ അടിച്ചിറക്കാൻ വേണ്ടി 150 അച്ചടിക്കമ്പനികൾ 2000 പ്രസ്സുകൾ വച്ചു രാവും പകലും പ്രവർത്തിക്കുന്നു എന്നു സ്റ്റോൾവർ എന്ന ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു.

1917നും 1921 നും ഇടയിൽ റഷ്യയിലുണ്ടായ പണപ്പെരുപ്പം ഇതുപോലെതന്നെ ഭയങ്കരമായിരുന്നു. നാലു കൊല്ലത്തിനുള്ളിൽ നോട്ടുകളുടെ പ്രചാരം 100 ഇരട്ടിയാണ് വർദ്ധിച്ചത്. 1917 നവംബറിൽ 22,000 റൂബിൾ നോട്ടുകൾ പ്രചരിച്ചിരുന്നിടത്ത് 1921 ജൂലൈയിൽ 23 ലക്ഷം റൂബിൾ നോട്ടുകൾ പ്രചരിച്ചിരുന്നു. ഇതിന്റെ ഫലമായി ചരക്കുകളുടെ വില ക്രമാതീതമായി വർദ്ധിച്ചുവെന്നു പറയേണ്ടതില്ലല്ലോ. ഒരു കോപ്പ പാലിന് 36 പവനും ഒരപ്പത്തിനു 400 പവനും കൊടുക്കേണ്ടിവന്നുവെന്നാണ് ഒരു ലേഖകൻ പ്രസ്താവിക്കുന്നത്.

രണ്ടാം ലോകമഹായുദ്ധകാലത്തും ഇൻഫ്ളേഷന്റെ ആഘാതങ്ങൾ മിക്കരാജ്യങ്ങളിലും പ്രത്യക്ഷപ്പെടുകയുണ്ടായി. ബ്രിട്ടൻ, അമേരിക്ക മുതലായ പരിഷ്കൃത രാജ്യങ്ങൾ ആദ്യംമുതൽക്കേ പല നിയന്ത്രണനടപടികളും കൈക്കൊണ്ടതുകൊണ്ടു വിലക്കയറ്റം അത്രഭയങ്കരമായിത്തീർന്നില്ലെന്നതു ശരിതന്നെ. എന്നാൽ, വ്യവസായങ്ങളെ നിയന്ത്രിക്കുകയോ വളർത്തുകയോ ചെയ്യാത്ത, ഈജിപ്ത്, ചൈന, ഇന്ത്യ മുതലായ രാജ്യങ്ങളിൽ ഇൻഫ്ളേഷൻ വരുത്തിക്കൂട്ടിയ തകരാറുകൾ കുറച്ചൊന്നുമല്ല. രാഷ്ട്രീയസ്വാതന്ത്ര്യമില്ലാത്ത ഇന്ത്യയുടെ സ്ഥിതി ദയനീയമാണ്. ഇന്ത്യയുടെ സ്വന്തം ചെലവുകൾ മാത്രമല്ല, ബ്രിട്ടൻ ഇന്ത്യയിൽ ചെയ്യുന്ന ചെലവുകളും നമ്മൾ തന്നെ നിർവ്വഹിക്കണം! ഈ വമ്പിച്ച ചെലവുകൾ നികുതികൊണ്ടും കടമെടുപ്പുകൊണ്ടും മാത്രം നിർവ്വഹിക്കാനാവില്ലെന്നു കണ്ടപ്പോൾ റിസർവ്വ ബാങ്കുവഴിയായി ധാരാളം നോട്ടുകളടിച്ചിറക്കാൻ തുടങ്ങി. അതിന്റെ ഫലമായി ചരക്കുകളുടെ വില അതിവേഗം വർദ്ധിച്ചുകൊണ്ടുവന്നു. മൊത്തവിലകളുടെ നിലവാരം 1939 ആഗസ്റ്റിൽ 100 ആയിരുന്നതു 1943 ന്റെ അവസാനമാകുമ്പോഴേക്കും 340 ആയി വർദ്ധിച്ചു. ഇവിടെയും ഒരു കാര്യം കൂടി ഓർമ്മിക്കേണ്ടതുണ്ട്. മൊത്തവിലകൾ നോക്കിയാൽ യഥാർത്ഥമായ വിലക്കയറ്റം മനസ്സിലാവില്ല. കാരണം, ഭൂരിപക്ഷക്കാരായ നാട്ടുകാർ തങ്ങൾക്കാവശ്യമായ ചരക്കുകൾ വാങ്ങുന്നതു മൊത്തക്കച്ചവടക്കാരിൽ നിന്നല്ല, ചില്ലറക്കച്ചവടക്കാരിൽനിന്നാണ്. അതുകൊണ്ടു സൂചകസംഖ്യകൾ കാണിക്കുന്നതിനേക്കാളും അധികമായിരിക്കും ചരക്കുകളുടെ വില.

ഇൻഫ്ളേഷന്റെ പ്രവർത്തനങ്ങൾ ഏറ്റവും ആപൽക്കരമായി പ്രത്യക്ഷപ്പെട്ടത് ചൈനയിലാണ്. ചരക്കുകളുടെ വില 500 ഇരട്ടിയും 1000 ഇരട്ടിയുമായി വർദ്ധിച്ചു. 1944 ഡിസംബർ 23 ന റോയിട്ടർ ലേഖകൻ ഇങ്ങനെ കമ്പിയടിക്കുകയുണ്ടായി: "ചുങ്കിംഗിൽ നിങ്ങൾക്കൊരു ഹാറ്റു വേണമെങ്കിൽ 650 ക. കൊടുക്കണം. ഒരു ജോടി ചെരുപ്പിന് 260 ക.യും ഒരു സ്യൂട്ടിന് 2600 ക.യും ഒരു കുപ്പി വിസ്കിക്ക് 2400 ക.യും ലിപ്സ്റ്റിക്കിനു 130 ക.യും ഒരു റാത്തൽ വെണ്ണയ്ക്ക് 230 കയും വിലയുണ്ട്."

ഇൻഫ്ളേഷന്റെ ഫലങ്ങൾ വ്യത്യസ്തജനവിഭാഗങ്ങളെ വ്യത്യസ്തരീതിയിലാണ് ബാധിക്കുന്നത്. ചരക്കുകളുടെ വില കയറുന്നതു മുതലാളികൾക്കു ലാഭമാണ്. കൂടുതൽ ലാഭമടിക്കാൻ അവർക്കവസരം കിട്ടുന്നു. എന്നാൽ, ക്ലിപ്തമായ വരുമാനമുള്ള തൊഴിലാളികൾക്കും മറ്റു ശമ്പളക്കാർക്കും വിലക്കയറ്റം ഹാനികരമാണ്. കാരണം, ഒരു നിശ്ചിത സംഖ്യയ്ക്ക് മുമ്പ് കിട്ടിയിരുന്നത്ര ചരക്കുകൾ കിട്ടാതാവുന്നു. അങ്ങനെ തൊഴിലാളികളുടേയും ഇടത്തരക്കാരുടേയും ജീവിതച്ചെലവു വർദ്ധിക്കുന്നു. സാധാരണമായി, വിലക്കയറ്റത്തിന്റെ തോതനുസരിച്ചു തൊഴിലാളികളുടെ കൂലി കൂട്ടിക്കൊടുക്കാൻ മുതലാളികൾ തയ്യാറാവാറില്ല. തൊഴിലാളികൾക്കു സംഘടനയും ശക്തി

യുമുള്ളേടങ്ങളിൽ കുറച്ചു ഭേദമായിരിക്കുമെന്നതു ശരിതന്നെ. എന്നാലും, ദിവസം ചെല്ലുംതോറും അധികമധികം ദുസ്സഹമായിക്കൊണ്ടുവരുന്ന വിലക്കയറ്റത്തെ ഫലപ്രദമാംവിധം തടഞ്ഞുനിർത്താൻ സാധിച്ചുവെന്നു വരില്ല.

വിലക്കയറ്റംകൊണ്ടുമാത്രം മുതലാളികൾ തൃപ്തിപ്പെടാറില്ല. ചരക്കുകളുടെ ക്ഷാമത്തെയും വിലക്കയറ്റത്തെയും എത്രത്തോളം സാധിക്കുമോ അത്രത്തോളം അവർ തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. അങ്ങനെ കരിഞ്ചന്തക്കാരും സെക്യൂലേറ്റർമാരും പ്രത്യക്ഷപ്പെടുന്നു. തൊഴിലാളികളും മറ്റെല്ലാ ജനവിഭാഗങ്ങളും യോജിച്ചണിനിരക്കാത്തേടത്തോളം കാലം രാജ്യത്തിന്റെ താൽപര്യങ്ങൾക്കെതിരായ ഈ ലാഭക്കൊതിയൻമാരുടെ ജനദ്രോഹം തുടരുകതന്നെ ചെയ്യും. അങ്ങനെ ക്രമത്തിൽ സാമ്പത്തിക വ്യവസ്ഥയാകെ ഛിന്നഭിന്നമായിത്തീരും.

ചരക്കുകളുടെ ഡിമാൻറു നിറവേറ്റാൻ സാധിക്കത്തക്കവിധം ഉൽപാദനത്തെ വളർത്തുകയും അതിനുവേണ്ടി അസംസ്കൃതസാധനങ്ങൾ, പ്രയത്നശക്തി മുതലായ ഉൽപാദനോപാധികളെ തികച്ചും ഉപയോഗിക്കുകയും ലാഭക്കൊതിയൻമാരെ കാര്യക്ഷമമാംവിധം തടയാൻ കരുത്തുള്ള ഒരു കേന്ദ്രീകൃതസംഘടനയുടെ കീഴിൽ മുഴുവൻ സാമ്പത്തികവ്യവസ്ഥയേയും നയിക്കുകയുമാണ് ഇൻഫ്ളേഷനെ തടയാനുള്ള മാർഗ്ഗം. തൊഴിലാളികളുടെയും മറ്റു നാട്ടുകാരുടെയും സഹായസഹകരണങ്ങളോടു കൂടി മാത്രമേ ഇതു നടപ്പിൽവരുത്താൻ കഴിയൂ.

## 12 വിനിമയ നിരക്ക്:

വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്തനാണയവ്യവസ്ഥകളാണുള്ളത്. ഇന്ത്യയിലെ കൊള്ളക്കൊടുക്കകൾക്ക് ഉറുപ്പികയാവശ്യമുള്ളതുപോലെ അമേരിക്കൻ ഡോളറും ഇംഗ്ലണ്ടിൽ സ്റ്റർലിങ്ങും ഫ്രാൻസിൽ ഫ്രാങ്കും സോവിയറ്റുയൂണിയനിൽ റൂബിളും വേണം. ഒരു രാജ്യത്തിലെ നാണ്യം മറ്റൊരുരാജ്യത്തിൽ സ്വീകരിക്കപ്പെടുകയില്ല. ഇംഗ്ലണ്ടിൽ നിന്ന് എന്തെങ്കിലും വാങ്ങണമെങ്കിൽ സ്റ്റർലിങ്ങാവശ്യമാണ്. അമേരിക്കയിൽ നിന്നു പുസ്തകങ്ങളോ മറ്റുവല്ല ചരക്കുകളോ വരുത്താൻ നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ ഉറുപ്പികകൊണ്ടു പ്രയോജനമില്ല. അമേരിക്കയിലെ ചെലവുകൾക്കു ഡോളർതന്നെ വേണം.

ഇക്കാലത്തു വിദേശകറൻസികളുടെ സഹായംകൂടാതെ സാമ്പത്തികജീവിതം സാധ്യമല്ല. വ്യാവസായികവും കച്ചവടപരവുമായ സാർവ്വലൗകിക ബന്ധങ്ങൾ അത്രയ്ക്കു വളർന്നിരിക്കുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തികജീവിതം മറ്റു രാജ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്. അതിന്റെ ഫലമായി സാർവ്വലൗകികമായ പണമിടപാടുകളും വളരെ വർദ്ധിച്ചിരിക്കുന്നു.

ഒരിംഗ്ലീഷുകയറ്റുമതിക്കാരൻ അമേരിക്കയിലേക്കു ചരക്കുകൾ കയറ്റി അയയ്ക്കുമെന്നു വിചാരിക്കുക. അമേരിക്കയിലെ ഇറക്കുമതിക്കാരന്റെ കയ്യിൽ സ്റ്റർലിങ്ങില്ല, ഡോളർ മാത്രമേയുള്ളൂ. ഡോളറിന്റെ ഉടമസ്ഥനായ അമേരിക്കക്കാരന് സ്റ്റർലിങ്ങിന്റെ ആവശ്യം നേരിടുന്നു. തന്റെ ഡോളർ കൊടുത്തു പകരം സ്റ്റർലിങ്ങു വാങ്ങാനും ആ സ്റ്റർലിങ്ങ് ഇംഗ്ലീഷുകാരന് കൊടുത്ത് ചരക്കുകൾ വാങ്ങാനും അയാളാഗ്രഹിക്കുന്നു.

ഇനി, ഇംഗ്ലണ്ടിലെ ഒരു കച്ചവടക്കാരൻ അമേരിക്കയിൽ നിന്നു ചരക്കുകൾ ഇറക്കുമതി ചെയ്യുന്നുവെന്നു കരുതുക. അമേരിക്കൻ ചരക്കുകൾ വാങ്ങാൻ ഡോളർ വേണം. ഇറക്കുമതിക്കാരനായ ഇംഗ്ലീഷ് കച്ചവടക്കാരന്റെ കൈയ്യിൽ സ്റ്റർലിങ്ങു

മാത്രമാണുള്ളത്. തന്റെ സ്റ്റർലിങ്ങ് കൊടുത്ത് പകരം ഡോളർ വാങ്ങാൻ അയാളാഗ്രഹിക്കുന്നു.

ഇങ്ങനെ, അമേരിക്കയും ഇംഗ്ലണ്ടും തമ്മിലുള്ള കച്ചവടബന്ധത്തിൽ അമേരിക്കക്കാർക്ക് സ്റ്റർലിങ്ങിൻറേയും ഇംഗ്ലീഷുകാർക്ക് ഡോളറിന്റെയും ആവശ്യം നേരിടുന്നു. സാർവ്വലൗകികമായ കൊള്ളക്കൊടുക്കകൾക്കിടയിൽ ഒരു രാജ്യത്തിലെ പണത്തെ മറ്റൊരുരാജ്യത്തിലെ പണത്തോട് ബന്ധപ്പെടുത്തേണ്ടിവരുന്നു. വിദേശവ്യാപാരം വർദ്ധിക്കുംതോറും വിവിധ രാജ്യങ്ങളുടെ കറൻസികൾ തമ്മിലുള്ള ബന്ധവും വളരുന്നു. ഒരു രാജ്യത്തിലെ കറൻസിയുടെ ഒരു യൂണിറ്റ് മറ്റൊരു കറൻസിയുടെ എത്ര യൂണിറ്റിന് സമമാണ് എന്നു കാണിക്കുന്ന ബന്ധത്തെ വിനിമയനിരക്ക് (exchange rate) എന്നാണ് പറയാറുള്ളത്.

## 13 വിനിമയനിരക്ക് കണക്കാക്കുന്നതെങ്ങനെ?

ആദ്യമായി ലോഹമാനദണ്ഡം നിലവിലുള്ള (അതായത്, സ്വർണ്ണമോ വെള്ളിയോ അടിസ്ഥാനനാണ്യമായുപയോഗിക്കുന്ന) രണ്ടു രാജ്യങ്ങളെയെടുക്കുക. ഒരു രാജ്യം സ്വർണമാനത്തിലാണെന്നു പറഞ്ഞാൽ അതിന്റെ അർത്ഥമിതാണ്: നിശ്ചിതമായ തൂക്കവും മാറ്റുമുള്ള സ്വർണ്ണനാണ്യമാണ് ആ രാജ്യത്തിലെ അടിസ്ഥാനനാണ്യം. ആർക്കുവേണമെങ്കിലു കമ്മട്ടത്തിൽ (പണമടിയ്ക്കുന്ന മുദ്രണശാലയിൽ) പോയി സ്വർണ്ണം കൊടുത്ത് നാണ്യമാക്കി മാറ്റാനധികാരമുണ്ടായിരിക്കും. നോട്ടുകളും മറ്റു ടോക്കൺ നാണ്യങ്ങളും പ്രചാരത്തിലുണ്ടാവാമെങ്കിലും ആവശ്യമുള്ളപ്പോൾ അവയ്ക്കുപകരം സ്വർണ്ണം നൽകുവാൻ ഗവൺമെൻറ് ചുമതലപ്പെട്ടിരിക്കും. സ്വർണ്ണത്തിന്റെ കയറ്റുമതിക്കോ ഇറക്കുമതിക്കോ തടസ്സമൊന്നുമുണ്ടാവില്ല. ഇങ്ങനെ സ്വർണ്ണനാണ്യങ്ങളുപയോഗിക്കുന്ന രണ്ടു രാജ്യങ്ങളുടെ നാണ്യങ്ങൾ തമ്മിലുള്ള വിനിമയനിരക്ക് ആ നാണ്യങ്ങളിലടങ്ങിയ സ്വർണ്ണത്തെ ആശ്രയിച്ചിരിക്കും. ഈ നിരക്കിനു കമ്മട്ട നിരക്ക് (Mint par of exchange) എന്നു പറയുന്നു.

ഒരുദാഹരണം: ഒന്നാംലോകമഹായുദ്ധത്തിനു മുമ്പു ബ്രിട്ടനും ഫ്രാൻസും സ്വർണ്ണമാനത്തിലായിരുന്നു. ഒരു പൗണ്ടിന് 25 ഫ്രാങ്കായിരുന്നു കമ്മട്ടനിരക്ക്; അതായത് 25 ഫ്രാങ്കിൽ എത്ര സ്വർണ്ണം അടങ്ങിയിരിക്കുന്നുവോ അത്ര സ്വർണ്ണമാണ് ഒരു പൗണ്ടിൽ അടങ്ങിയിരിക്കുന്നത്. എന്നാൽ, ഒരു പൗണ്ട്: 25 ഫ്രാങ്ക് എന്ന ഈ നിരക്ക് എല്ലായ്പ്പോഴും അതേനിലയിൽത്തന്നെ ഇരിക്കുമെന്നു കരുതുന്നതു ശരിയല്ല. കാരണം, പ്രസ്തുത രാജ്യങ്ങൾ തമ്മിലുള്ള കച്ചവടത്തിന്റെ തോതിൽ മാറ്റം വരികയാണെങ്കിൽ അതു വിനിമയനിരക്കിനെ ബാധിക്കാതിരിക്കില്ല. വിനിമയനിരക്കു നിർണ്ണയിക്കുന്ന കാര്യത്തിൽ പണത്തിന്റെ ഡിമാൻറ് സപ്ളൈ എന്നിവയ്ക്ക് പ്രധാനമായ ഒരു പങ്കാണുള്ളത്. നമ്മുടെ ഉദാഹരണത്തിൽ പൗണ്ട് സ്റ്റർലിങ്ങ് ഫ്രാങ്കാക്കി മാറ്റാനാഗ്രഹിക്കുന്നവർ കൂടുതലും ഫ്രാങ്ക് സ്റ്റർലിങ്ങ് ഫ്രാങ്കാക്കി മാറ്റാനാഗ്രഹിക്കുന്നവർ കുറവുമാണെങ്കിൽ വിനിമയനിരക്ക് ഇംഗ്ലണ്ടിനു പ്രതികൂലമായിരിക്കും. എന്നുവച്ചാൽ, ഒരു നിശ്ചിത അളവിലുള്ള ഫ്രാങ്ക് കിട്ടാൻ കൂടുതൽ സ്റ്റർലിങ്ങ് കൊടുക്കേണ്ടി വരും.

രണ്ടു രാജ്യങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയും സമമാണെങ്കിൽ ആ രാജ്യങ്ങൾ തമ്മിൽ പണമടയ്ക്കേണ്ട ആവശ്യമുണ്ടാവില്ല. കയറ്റുമതി ചെയ്യുന്ന ചരക്കുകളുടേയും ഇറക്കുമതി ചെയ്യുന്ന ചരക്കുകളുടേയും വിലകളെ തട്ടിക്കഴിക്കാം. എന്നാൽ, ഇറക്കുമതി കയറ്റുമതിയേക്കാൾ അധികമാണെങ്കിൽ വിദേശകറൻസിയുടെ ഡിമാൻറു വർദ്ധിക്കും. എന്നുവെച്ചാൽ വിദേശകറൻസിയുടെ ഓരോ യൂണിറ്റിനും

കൂടുതൽ വിലകൊടുക്കേണ്ടിവരും. നേരെമറിച്ച് കയറ്റുമതിയാണ് കൂടുതലെങ്കിൽ വിദേശകറൻസിയുടെ വില താഴുകയാണ് ചെയ്യുക. 1 പൗണ്ട് = 25 ഫ്രാങ്ക് എന്ന നമ്മുടെ ഉദാഹരണമെടുക്കുക. ഇംഗ്ലണ്ടിൽ നിന്ന് ഫ്രാൻസിലേക്കുള്ള കയറ്റുമതി വർദ്ധിച്ചാൽ വിനിമയനിരക്ക് 25 ഫ്രാങ്കിനേക്കാൾ അധികമാവും. (കാരണം, പൗണ്ടിന്റെ ഡിമാൻറ് വർദ്ധിക്കും.). മറിച്ച്, ഫ്രാൻസിൽ നിന്ന് ഇംഗ്ലണ്ടിലേക്കുള്ള ഇറക്കുമതി വർദ്ധിച്ചാൽ ഒരു പൗണ്ടിന്റെ വില 25 ഫ്രാങ്കിനേക്കാൾ കുറയുകയാണ് ചെയ്യുക.

സാധാരണ പരിതസ്ഥിതിയിൽ വിനിമയനിരക്കിന്റെ കയറ്റമിറക്കങ്ങൾ ഒരു നിശ്ചിതാതിർത്തിക്കപ്പുറം പോവുകയില്ല. എന്തുകൊണ്ടെന്നാൽ, ഒരു സ്വർണനാണ്യവും മറ്റൊരു സ്വർണനാണ്യവും തമ്മിലുള്ള കൈമാറ്റത്തേക്കാൾ ആദായകരമാണ് സ്വർണം തന്നെ കയറ്റി അയയ്ക്കുന്നത് എന്നുവന്നാൽ ആളുകൾ നാണ്യവിനിമയം നടത്താനൊരുങ്ങുകയില്ല.

## 14 സ്വർണ്ണരേഖകൾ:

ഒരു പൗണ്ടിലടങ്ങിയ സ്വർണ്ണം കയറ്റിഅയയ്ക്കാനുള്ള ചെലവ് $\frac{1}{4}$ ഫ്രാങ്ക് ആണെന്നു വിചാരിക്കുക. എന്നാൽ, ഒരു പൗണ്ടിന്റെ വിനിമയനിരക്ക് $25\frac{1}{4}$ ഫ്രാങ്കിനേക്കാൾ അധികമായിത്തീർന്നാൽ (ഉദാഹരണത്തിന് 26 ഫ്രാങ്കായാൽ) ഫ്രാൻസിൽനിന്നു ഇംഗ്ലണ്ടിലേയ്ക്കു സ്വർണ്ണം കപ്പൽകയറ്റി അയയ്ക്കുകയാണ് നാണയമാറ്റത്തേക്കാൾ കൂടുതൽ ആദായകരമെന്നു ഫ്രഞ്ചിറക്കുമതിക്കാരൻ മനസ്സിലാക്കും. കാരണം, ഓരോ പൗണ്ടിലും, 25 ഫ്രാങ്കിലും അടങ്ങിയ സ്വർണം സമമായിരിക്കേ ഒരു പൗണ്ടു വിലയുള്ള ചരക്കിന് 25 ഫ്രാങ്കിലധികം (കയറ്റുമതി ചെലവടക്കമാണെങ്കിൽ $25\frac{1}{4}$ ഫ്രാങ്കിലധികം) കൊടുക്കാൻ അയാളിഷ്ടപ്പെടുകയില്ല. അതുകൊണ്ട് ഇംഗ്ലണ്ടിന്റെ കയറ്റുമതി എത്രതന്നെ വർദ്ധിച്ചാലും വിനിമയനിരക്ക് $25\frac{1}{4}$ ഫ്രാങ്കിലധികമാവില്ല.

ഇംഗ്ലണ്ടിന്റെ കയറ്റുമതിയല്ല, ഇറക്കുമതിയാണ് വർദ്ധിക്കുന്നതെങ്കിൽ ഫ്രാങ്കിന്റെ ഡിമാൻറ് അധികമാവാൻ തുടങ്ങും. എന്നുവച്ചാൽ ഒരു നിശ്ചിത അളവിലുള്ള ഫ്രാങ്കിന് കൂടുതൽ സ്റ്റർലിങ്ങ് കൊടുക്കേണ്ടിവരും. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഓരോ പൗണ്ടിനും മുമ്പത്തെക്കാൾ കുറഞ്ഞ നിരക്കിൽ മാത്രമേ ഫ്രാങ്ക് കിട്ടുകയുള്ളൂ. അതായത് പൗണ്ടിന്റെ വിനിമയനിരക്ക് 25 ഫ്രാങ്കിനേക്കാൾ കുറയാൻ തുടങ്ങും. എത്രത്തോളം കുറയും? ഒരു പൗണ്ടിലടങ്ങിയ സ്വർണ്ണം കയറ്റി അയയ്ക്കാനുള്ള ചെലവ് ¼ ഫ്രാങ്കാണെങ്കിൽ വിനിമയനിരക്ക് $24\frac{3}{4}$ ഫ്രാങ്കിനേക്കാൾ താഴുകയില്ല. ഈ നിലവാരത്തേക്കാൾ കുറഞ്ഞാൽ ബ്രിട്ടീഷിറക്കുമതിക്കാരൻ തന്റെ പൗണ്ടുമെടുത്തു ഫ്രാങ്കു വാങ്ങാൻ ഇഷ്ടപ്പെടുകയില്ല. കാരണം, അതിനേക്കാൾ ലാഭം സ്വർണ്ണം നേരിട്ടുകയറ്റി അയയ്ക്കുന്നതാണ്. ഒരു പൗണ്ടിലടങ്ങിയ സ്വർണ്ണം ഫ്രാൻസിലേക്ക് കയറ്റി അയയ്ക്കുകയാണെങ്കിൽ ട്രാൻസ്പോർട്ട് ചെലവുകൾക്ക് $\frac{1}{4}$ ഫ്രാങ്ക് നീക്കിവച്ചതിനുശേഷവും $24\frac{3}{4}$ ഫ്രാങ്ക് അടയ്ക്കാൻ അയാൾക്ക് സാധിക്കും. അതുകൊണ്ട്, ഇംഗ്ലണ്ടിന്റെ ഇറക്കുമതി എത്രതന്നെ വർദ്ധിച്ചാലും വിനിമയനിരക്ക് $24\frac{3}{4}$ ഫ്രാങ്കിൽ കുറയുകയില്ല.

സ്വർണ്ണമാനത്തെ അടിസ്ഥാനപ്പെടുത്തിയ കറൻസികളെപ്പറ്റിയാണ് ഇതുവരെയും പ്രസ്താവിച്ചത്. എന്നാൽ എല്ലാ രാജ്യങ്ങളുടെയും കറൻസികൾ സ്വർണ്ണമാനത്തെ അടിസ്ഥാനപ്പെടുത്തിയവയല്ല. ഒരു രാജ്യം സ്വർണ്ണമാനത്തിലും മറ്റേ രാജ്യം വെള്ളിമാനത്തിലുമാണെങ്കിൽ വിനിമയനിരക്ക് നിർണ്ണയിക്കുന്നതെങ്ങിനെയാണ്? ഇവിടെ കമ്മട്ടനിരക്കില്ല. രണ്ടു നാണ്യങ്ങളിലടങ്ങിയ ലോഹത്തിന്റെ

വിലകൾ സ്ഥിരമല്ല. വെള്ളിയുടെയോ സ്വർണ്ണത്തിന്റെയോ വിലയിലുണ്ടാകുന്ന മാറ്റങ്ങൾ വിനിമയനിരക്കിനെ ബാധിക്കാതിരിക്കയില്ല. ഈ പരിതഃസ്ഥിതിയിൽ വിനിമയനിരക്ക് പ്രധാനമായി മൂന്നു കാര്യങ്ങളെ ആശ്രയിച്ചിരിക്കും. 1. കയറ്റുമതിയുടെയും ഇറക്കുമതിയുടെയും തോത്. 2. വെള്ളിയുടെ സ്വർണ്ണവില. 3. ഒരു രാജ്യത്തിൽ നിന്നു മറ്റൊരു രാജ്യത്തിലേക്കു സ്വർണ്ണമോ വെള്ളിയോ കയറ്റി അയയ്ക്കാനാവശ്യമായ ചെലവുകൾ.

ഒരുദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം: 1835 മുതൽ 1893 വരെ ഇന്ത്യ വെള്ളിമാനത്തിലായിരുന്നു. ഇംഗ്ലണ്ടിലാണെങ്കിൽ സ്വർണ്ണമാനമാണ് നിലവിലുണ്ടായിരുന്നത്. 1871-72-ൽ ഒരൗൺസ് വെള്ളിയുടെ വില 60.5 പെൻസായിരുന്നപ്പോൾ ഒരു റുപ്പിക സുമാർ 2 ഷില്ലിങ്ങിനു സമമായിരുന്നു. 1872 നു ശേഷം വെള്ളിയുടെതിനേക്കാൾ സ്വർണ്ണവില താഴാൻ തുടങ്ങി. അതോടൊപ്പം ഉറുപ്പികയിലടങ്ങിയ വെള്ളിയുടെ വിലയും (പൗണ്ട് കണക്കിലുള്ള വില) ഇടിയാൻ തുടങ്ങി. ഒടുവിൽ 1898 ആയപ്പോഴേയ്ക്കും വെള്ളിയുടെ വില ഔൺസിന് 89 പെൻസായി കുറഞ്ഞപ്പോൾ ഉറുപ്പികയുടെ നിരക്ക് 1 ഷി. 3 പെ. മാത്രമായിത്തീർന്നു.

ഈ കാലത്ത് കയറ്റുമതിയുടെയും ഇറക്കുമതിയുടെയും ഏറ്റക്കുറവനുസരിച്ച് വിനിമയനിരക്കിലും മാറ്റം നേരിട്ടിരുന്നുവെന്നത് ശരിയാണ്. എന്നാൽ വിനിമയനിരക്കിന്റെ കയറ്റിറക്കങ്ങൾക്കും നിശ്ചിതമായ അതിർത്തികളുണ്ടായിരുന്നു. ഒരു രാജ്യത്തിൽ നിന്നു മറ്റേ രാജ്യത്തിലേക്കു സ്വർണ്ണമോ വെള്ളിയോ കയറ്റി അയയ്ക്കാനാവശ്യമായ ട്രാൻസ്പോർട്ട് ചെലവുകളാണ് ഈ അതിർത്തികളെ നിശ്ചയിച്ചിരുന്നത്.

ഇനി കച്ചവടബന്ധം പുലർത്തിപ്പോരുന്ന രണ്ടു രാജ്യങ്ങളിൽ ഏതെങ്കിലുമൊരു രാജ്യമോ അല്ലെങ്കിൽ രണ്ടു രാജ്യങ്ങളോ പേപ്പർസ്റ്റാൻഡിലാണെങ്കിലോ? അതായത് സ്വർണ്ണമാനമോ വെള്ളിമാനമോ നിലവിലില്ലെങ്കിലോ? ഒന്നാം ലോകമഹായുദ്ധക്കാലത്ത് മിക്കരാജ്യങ്ങളും സ്വർണ്ണമാനം ഉപേക്ഷിക്കുകയും കടലാസുനോട്ടുകളുടെ എണ്ണം പെരുപ്പിക്കുകയും ചെയ്തു. കറൻസി ഇഷ്ടംപോലെ സ്വർണ്ണമോ വെള്ളിയോ ആക്കി. മററധികാരമില്ലാത്തതുകൊണ്ട് ലോഹം കയറ്റി അയയ്ക്കുക എന്ന പ്രശ്നം ഉത്ഭവിക്കാതായി. ഈ പരിതസ്ഥിതിയിൽ രണ്ടു കറൻസികളുടെ വിനിമയനിരക്ക് അവയുടെ ക്രയശക്തിയെ അടിസ്ഥാനപ്പെടുത്തി മാത്രമേ കണക്കാക്കാൻ കഴിയൂ. ഉദാഹരണത്തിന്, അഞ്ച് ഡോളർ കൊടുത്താൽ കിട്ടുന്നത്ര ചരക്കുകൾ ഒരു പൗണ്ടിൽനിന്നു കിട്ടുമെങ്കിൽ പൗണ്ടിന്റെ വിനിമയനിരക്ക് അഞ്ച് ഡോളറാണെന്നു പറയാം. ഈ നിരക്കിനു മാറ്റമുണ്ടാക്കുന്ന പ്രധാനസംഗതി ഡിമാൻറിലും സപ്ലൈയിലുമുണ്ടാകുന്ന മാറ്റങ്ങളാണ്. ഒരുദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം:

യുദ്ധകാലത്ത് ബ്രിട്ടനിൽ അസംസ്കൃതസാധനങ്ങൾ, ഭക്ഷണം, യുദ്ധസാമഗ്രികൾ മുതലായവയുടെ ഡിമാൻറ് വർദ്ധിച്ചു. അമേരിക്കയിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ചരക്കുകൾ ധാരാളമായി ഇറക്കുമതിചെയ്യാൻ തുടങ്ങി. കയറ്റുമതിയാകട്ടെ, കുറയുകയാണുണ്ടായത്. ഇറക്കുമതിച്ചരക്കുകളുടെ മുഴുവൻ വിലയും സ്വർണ്ണമാക്കി അടയ്ക്കുക സാധ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ സ്വർണ്ണനിക്ഷേപം പരിമിതമായിരുന്നു. ചരക്കുകളുടെ വിലയടയ്ക്കുവാൻ രണ്ട് വഴികളാണ് ബ്രിട്ടൻ അവലംബിച്ചത്: ആദ്യമായി അമേരിക്കയിൽ ബ്രിട്ടീഷുകാർക്കുള്ള ഷെയറുകൾ മുതലായ സ്വത്തുക്കൾ വിറ്റു പണമാക്കി; രണ്ടാമതായി, അമേരിക്കയിൽ നിന്നു ഡോളർ കടംവാങ്ങി. പക്ഷേ, ഇതുകൊണ്ടും ആവശ്യം മുഴുവൻ നിവൃത്തിക്കാൻ കഴിഞ്ഞില്ല. അമേരിക്കയ്ക്ക് ഇംഗ്ലണ്ടിൽ നിന്നു കിട്ടാനുള്ള സ്റ്റർലിങ്ങു ധനം

കൂടിക്കൂടി വരികയും ഇംഗ്ലണ്ടിന് അമേരിക്കയിൽ നിന്നു കിട്ടാനുള്ള ഡോളർധനം കുറഞ്ഞുകുറഞ്ഞു വരികയും ചെയ്തു. ഈ സ്ഥിതിക്കു ഡോളറിന്റെ വീര്യം വർദ്ധിച്ചു വെന്നു പറയേണ്ടതില്ലല്ലോ. പണ്ട് ഒരു പൗണ്ട് 4.86 ഡോളറിനു സമമായിരുന്നു. ഡോളറിന്റെ ഡിമാൻറ് വർദ്ധിച്ചപ്പോൾ ഓരോ ഡോളറിനും കൂടുതൽ പൗണ്ട് കൊടുക്കണമെന്നായി. അമേരിക്കൻ ചരക്കുകളുടെ വില കയറുക കൂടി ചെയ്തപ്പോൾ ബ്രിട്ടന്റെ ചെലവുകൾ പിന്നേയും വർദ്ധിച്ചു. യുദ്ധത്തിനു മുമ്പ് 4.86 ഡോളർ വിലയുള്ള അമേരിക്കൻ ചരക്കിന് ബ്രിട്ടീഷിറക്കുമതിക്കാരൻ അഞ്ചര ഡോളറോ 6 ഡോളറോ കൊടുക്കണമെന്നുവന്നു. ഇങ്ങനെ സ്വർണ്ണമാനം നിലവിലില്ലാത്ത രാജ്യങ്ങളിൽ ചരക്കുകളുടെ ഡിമാൻറിലും പണത്തിലെ തുകയിലുമുണ്ടാകുന്ന മാറ്റങ്ങളാണ് വിനിമയനിരക്കിൽ ഏറ്റക്കുറച്ചിലുണ്ടാക്കുന്നത് എന്നു മനസ്സിലാക്കാം.

## 15 ഉറുപ്പികയും സ്റ്റർലിങ്ങും:

ഉറുപ്പികയാണ് ഇന്ത്യയിലെ അടിസ്ഥാനനാണ്യമെന്നു മുമ്പൊരു ഖണ്ഡികയിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ, ഡോളർ, സ്റ്റർലിങ്ങ്, ഫ്രാങ്ക് മുതലായ മറ്റു കറൻസികളെപ്പോലെ സ്വതന്ത്രമായ ഒരു സ്ഥാനം ഉറുപ്പികയ്ക്കില്ല. ഉറുപ്പികയെ ബ്രിട്ടീഷുകറൻസിയുമായി കൂട്ടിക്കെട്ടുകയാണ് ചെയ്തിരിക്കുന്നത്. അതിനാൽ സ്റ്റെർലിങ്ങിലുണ്ടാകുന്ന മാറ്റങ്ങൾ ഉറുപ്പികയേയും ബാധിക്കും. ബ്രിട്ടീഷ് മുതലാളികളുടെ താൽപര്യങ്ങളെ രക്ഷിക്കുവാനാണ്, ഇന്ത്യയുടെ താൽപര്യങ്ങളെ രക്ഷിക്കാൻ വേണ്ടിയല്ല, ഈ മാർഗ്ഗം അവലംബിക്കപ്പെട്ടിട്ടുള്ളത്.[2]

## 16 വിനിമയത്തിന്റെ സാങ്കേതികവശം:

വിദേശവ്യാപാരത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി കറൻസികൾ കൈമാറുന്നതു വ്യാപാരബില്ലുകളുടെ സഹായത്തോടുകൂടിയാണ്. വ്യാപാരബില്ലുകൾ കയറ്റുമതിബില്ലുകളോ ഇറക്കുമതിബില്ലുകളോ ആവാം. കയറ്റുമതി വ്യാപാരത്തിനുവേണ്ടിയാണ് കയറ്റുമതി ബില്ലുകൾ ഉപയോഗിക്കപ്പെടുന്നത്. ഇന്ത്യ (അതായത്, ഇന്ത്യയിലെ കയറ്റുമതിക്കാർ) ഇംഗ്ലണ്ടിന്റെ പേരിൽ (അതായത്, ഇന്ത്യൻ ചരക്കുകൾ വാങ്ങുന്ന ഇംഗ്ലീഷുകാരുടെ പേരിൽ) പുറപ്പെടുവിക്കുന്ന ബില്ലുകൾക്ക് സ്റ്റർലിങ്ങുബില്ലുകൾ എന്നും ഇന്ത്യൻ കയറ്റുമതിക്കാരൻ അമേരിക്കയിലെ ഇറക്കുമതിക്കാരന്റെ പേരിൽ പുറപ്പെടുവിക്കുന്ന ബില്ലുകൾക്ക് ഡോളർ ബില്ലുകൾ എന്നും പറയുന്നു. ബില്ലുകളുടെ ഡിമാൻറും സപ്ലൈയുമനുസരിച്ച് അവയുടെ വിലകളിലും കയറ്റിറക്കങ്ങളുണ്ടാവും.

ഇറക്കുമതിക്കാരനും കയറ്റുമതിക്കാരനും തമ്മിലുള്ള ഇടപാടുകളെല്ലാം സാധാരണയായി ബാങ്കുകൾ വഴിക്കാണ് നടക്കാറുള്ളത്. അതായത്, കൊള്ളക്കൊടുക്കയിലേർപ്പെടുന്നവർ ബില്ലുകൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നത് ബാങ്കുകൾ വഴിക്കാണ്. മുതലാളിത്ത രാജ്യങ്ങളിലെല്ലാം വിദേശവിനിമയത്തിൽ വൈദഗ്ധ്യം നേടിയ പ്രത്യേക ബാങ്കുകളുണ്ട്. ഇന്ത്യ അടിമരാജ്യമായതുകൊണ്ട് വിദേശവിനിമയത്തെ നിയന്ത്രിക്കാൻ ഇന്ത്യക്കാർക്കധികാരമില്ല. നമ്മുടെ വിദേശവിനിമയം മിക്കവാറും വിദേശീയരായ എക്സ്ചേഞ്ച് ബാങ്കുകാരുടെ കയ്യിലാണ്.

വിദേശവ്യാപാരത്തിൽ രണ്ടുതരത്തിലുള്ള ബില്ലുകൾ ഉപയോഗിക്കാവുന്നതാണ്: ദർശനബില്ലുകളും (Sight Bills), കാലാവധി ബില്ലുകളും (Time Bills) സൈറ്റ്

---

[2] ഇതിനെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ എന്റെ' 'ഉറുപ്പിക' എന്ന പുസ്തകം വായിക്കുക.

ബില്ലിന് (ദർശന ബില്ലിന്) പണം ഉടനടി കൊടുക്കണം. കാലാവധി ബില്ലാണെങ്കിൽ അതിൽ കാണിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ — ഈ കാലാവധി ഒരാഴ്ച മുതൽ മൂന്നുമാസം വരെയാവാം — അടച്ചുതീർത്താൽ മതി.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം വിനിമയനിരക്കിൽ കയറ്റമിറക്കങ്ങളുണ്ടാവാൻ തുടങ്ങിയപ്പോൾ നീണ്ടകാലത്തേയ്ക്കുള്ള ബില്ലുകൾ പല കഷ്ടനഷ്ടങ്ങൾക്കു ഇടവരുത്തി. കുറഞ്ഞ കാലത്തേയ്ക്കുള്ള ബില്ലുകൾക്കായിത്തീർന്നു കൂടുതൽ പ്രാധാന്യം. മിക്ക വിനിമയങ്ങളും കമ്പി വഴിക്ക് നടത്താൻ തുടങ്ങി. ഒരു രാജ്യത്തിൽ നിന്നു മറ്റൊരു രാജ്യത്തിലേക്ക് കമ്പികൾ വഴിയായി ബില്ലുകൾ അയയ്ക്കുന്നതിന് ടെലിഗ്രാഫ് ട്രാൻസ്ഫർ (ടി.ടി.) എന്നു പറയുന്നു. 'ഹിന്ദു'വോ മറ്റേതെങ്കിലും ഇംഗ്ലീഷ് പത്രമോ നോക്കിയാൽ ഓരോ ദിവസവും ടെലിഗ്രാഫിക് ട്രാൻസ്ഫർ (ടി. ടി.) അനുസരിച്ചുള്ള വിനിമയനിരക്ക് എന്താണെന്ന് മനസ്സിലാക്കാം.

ഒരു കേന്ദ്രത്തിൽ നിന്ന് മറ്റൊരു കേന്ദ്രത്തിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുമ്പോൾ ചിലപ്പോൾ ബാങ്ക് ഡ്രാഫ്റ്റുകൾ (Bank Drafts) ഉപയോഗിക്കാറുണ്ട്. ഒരു ബാങ്ക് മറ്റൊരു ബാങ്കിനയയ്ക്കുന്ന ഈ ഓർഡറിൽ ബില്ലുവാങ്ങുന്നവനു കൊടുക്കേണ്ട സംഖ്യയെന്തെന്നു കാണിച്ചിട്ടുണ്ടായിരിക്കും. ഇത്തരം ഓർഡറുകൾക്ക് ഓൺ ഡിമാൻറ് (OD) അല്ലെങ്കിൽ ഡിമാൻറ് ഡ്രാഫ്റ്റ് (DD)എന്നാണ് കച്ചവടഭാഷയിൽ പറയാറുള്ളത്. പണം കിട്ടാനുള്ളവൻ ചെക്കുമാറുന്നതുപോലെത്തന്നെ ഈ ഡ്രാഫ്റ്റ് നിർദിഷ്ടമായ ബാങ്കിൽ കൊടുത്തു പകരം നിശ്ചിതമായ പണം വാങ്ങുകയോ അല്ലെങ്കിൽ അത്രയും പണം തന്റെ പേരിൽ ഡിപ്പോസിറ്റ് ചേർക്കുകയോ ചെയ്യുന്നു.

ബില്ലുകൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ ബാങ്ക് ചെറിയൊരു വട്ടി ചുമത്തും. അതാണ് ബാങ്കിന്റെ ലാഭം. ഒരു ബില്ലു വാങ്ങിയാൽ അതിൽ കാണിച്ച കാലാവധി കഴിയുന്നതുവരെ ബാങ്കിനു പണം കിട്ടുകയില്ല. അതിനാൽ, നീണ്ട കാലത്തേയ്ക്കുള്ള വിനിമയത്തിന് കൂടുതൽ വട്ടി ചുമത്തുന്നത് സ്വാഭാവികം മാത്രമാണ്. ഉദാഹരണത്തിന് പൗണ്ടും ഉറുപ്പികയും തമ്മിൽ വിനിമയം നടത്തുന്നുവെന്നു വിചാരിക്കുക. സൈറ്റ് ബിൽവഴിക്കുള്ള കൈമാറ്റത്തിന് 1/32 പെൻസ് വട്ടിയെടുക്കുന്നുവെങ്കിൽ മൂന്നു മാസത്തെ അവധിയുള്ള ബില്ലുകൾക്ക് 3/32 പെൻസും 6 മാസമുള്ളവർക്ക് 3/16 പെൻസും വട്ടി ചുമത്തിയെന്നു വരാം. ഡിമാൻറിലും സപ്ലൈയിലുമുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് വട്ടിയിലും ഏറ്റക്കുറച്ചിലുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

നേരെ മറിച്ച് നാം ബാങ്കിൽ പണമടച്ച് വിദേശബില്ലുകൾ വാങ്ങുകയാണെങ്കിൽ (ഇവിടെ ബാങ്ക് ചെയ്യുന്നത് ബില്ലുകൾ വിൽക്കുകയാണ്) നീണ്ടകാലത്തേയ്ക്കു കുറഞ്ഞ വട്ടിയും കുറഞ്ഞ കാലത്തേയ്ക്ക് കൂടുതൽ വട്ടിയുമാണ് കൊടുക്കുക. കാരണം ബില്ലിൽ കാണിച്ച കാലാവധി അവസാനിക്കുമ്പോൾ മാത്രമേ ബാങ്ക് പണം കൊടുക്കേണ്ടതുള്ളൂ. അതുവരെയും നമ്മുടെ പണമെടുത്തുപയോഗിക്കാനും അതിന്റെ പലിശ കൊണ്ടു ലാഭമുണ്ടാക്കാനും ബാങ്കിനു സാധിക്കും. അതിനാൽ, കമ്പിവഴിക്കുള്ള ബില്ലുകൾക്കു കൂടുതൽ വട്ടിയും നീണ്ടകാലത്തേയ്ക്കുള്ള ബില്ലുകൾക്ക് കുറഞ്ഞ വട്ടിയുമാണ് വസൂലാക്കപ്പെടുക.

## 17 വിനിമയനിരക്ക് അനുകൂലമോ പ്രതികൂലമോ:

രണ്ടു രാജ്യങ്ങൾ തമ്മിലുള്ള കൊള്ളക്കൊടുക്കകൾ സമമായിരുന്നാൽ വിനിമയനിരക്ക് സ്ഥിരമായിരിക്കും. ഉദാഹരണത്തിന്, ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലേയ്ക്കയയ്ക്കുന്ന ബില്ലുകളും, ഇന്ത്യയിൽ നിന്ന് ഇംഗ്ലണ്ടിലേയ്ക്കയയ്ക്കുന്ന ബില്ലുകളും സമമാണെ

ങ്കിൽ വിനിമയനിരക്കിൽ മാറ്റമുണ്ടാവില്ല. എന്നാൽ, ഡിമാൻറിലോ സപ്ലൈയിലോ മാറ്റമുണ്ടായാൽ, വിനിമയനിരക്കു മാറാതിരിക്കുകയില്ല. വിനിമയനിരക്കിലുണ്ടാകുന്ന മാറ്റങ്ങൾ നോക്കി അത് ഏതെങ്കിലുമൊരു രാജ്യത്തിന് അനുകൂലമോ പ്രതികൂലമോ എന്നു മനസ്സിലാക്കാം. വിദേശ കറൻസിയുടെ ഒരു യൂണിറ്റു കൂടുതൽ പണം കൊടുക്കണമെങ്കിൽ വിനിമയനിരക്ക് പ്രതികൂലവും കുറഞ്ഞ പണം മതിയെങ്കിൽ നിരക്ക് അനുകൂലവുമാണെന്ന് പറയാം.

വിനിമയനിരക്ക് കയറുകയോ താഴുകയോ ചെയ്യുന്നത് ഒരു രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ അനുകൂലമോ പ്രതികൂലമോ ആയിരിക്കുകയില്ല. കയറ്റമതിക്കാരൻ, ഇറക്കുമതിക്കാരൻ, ഉത്തമർണ്ണൻ, അധമർണ്ണൻ, ഉൽപാദകൻ, ഉപഭോക്താവ് — ഈ വ്യത്യസ്ത ജനവിഭാഗങ്ങളെ വ്യത്യസ്ത രീതിയിലാണ് വിനിമയനിരക്ക് ബാധിക്കുക. ഓരോ ഉറുപ്പികയ്ക്കും 1 ഷി. 6 പെൻസിനേക്കാൾ കൂടുതൽ സ്റ്റർലിങ്ങു കിട്ടുമെങ്കിൽ വാങ്ങുന്നവർക്ക് അനുകൂലവും വിൽക്കുന്നവർക്ക് പ്രതികൂലവുമായിരിക്കും. സ്റ്റർലിങ്ങു കുറവാണെങ്കിൽ വിനിമയം വാങ്ങുന്നവർക്ക് — ഇറക്കുമതിക്കാർ ഉപഭോക്താക്കൾ മുതലായവർക്ക് — പ്രതികൂലവും വിൽക്കുന്നവർക്ക് അനുകൂലവുമായിരിക്കും.

ഓരോ രാജ്യത്തിനും വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് വ്യത്യസ്ത താൽപര്യങ്ങളുണ്ടായിരിക്കാം. എന്നാൽ, വിനിമയനിരക്ക് രാജ്യത്തിന്റെ പൊതുതാൽപര്യങ്ങൾക്ക് അനുകൂലമോ പ്രതികൂലമോ എന്നാണ് നോക്കാറുള്ളത്. ഉദാഹരണത്തിന് ഉറുപ്പികയുടെ വിനിമയനിരക്ക് വർദ്ധിക്കുകയാണെങ്കിൽ അത് ഇന്ത്യയുടെ പൊതുതാൽപര്യങ്ങൾക്ക് ഹാനികരമാണെന്നു പറയാം. എന്തുകൊണ്ടെന്നാൽ, ഉയർന്ന വിനിമയനിരക്കല്ല, താണനിരക്കാണ് വ്യവസായാഭിവൃദ്ധിയെ സഹായിക്കുക. ഈ കാരണത്താലാണ് ഇന്ത്യയിലെ മുതലാളികളും നാട്ടുകാരിൽ ഒരു വലിയ വിഭാഗവും ഉയർന്ന വിനിമയനിരക്കിനെതിരായി നിരന്തരമായ പ്രക്ഷോഭം നടത്തിവന്നത്.

## 18 പണത്തിന്റെ അടിസ്ഥാനതത്വം:

ഒരു ചരക്കു കൊടുത്തു മറ്റൊരു ചരക്കുവാങ്ങുക എന്നുവെച്ചാൽ ഒരു ചരക്കിലടങ്ങിയ അധ്വാനം മറ്റൊരു ചരക്കിലടങ്ങിയ അധ്വാനത്തിനുവേണ്ടി കൈമാറുക എന്നർത്ഥമാണല്ലോ. പണമാവിർഭവിച്ചതിനുശേഷവും കൈമാറ്റത്തിന്റെ ഈ അടിസ്ഥാനത്തിനു മാറ്റമുണ്ടായിട്ടില്ല. തുണി സ്വർണ്ണനാണ്യത്തിനുവേണ്ടി കൈമാറുകയെന്നാൽ തുണിയിലടങ്ങിയിരിക്കുന്ന അധ്വാനം കൊടുത്തു സ്വർണ്ണത്തിലടങ്ങിയ അധ്വാനം വാങ്ങുക എന്നർത്ഥമാണ്. ഒരുദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം.

ഒരു കാലത്ത് ഇംഗ്ലണ്ടിലെ അടിസ്ഥാന നാണ്യമായ പൗണ്ട് സുമാർ ¼ ഔൺസ് സ്വർണത്തിന് സമമായിരുന്നു. ഇത്രയും സ്വർണ്ണമുണ്ടാക്കാൻ ഏതാണ്ട് 20 മണിക്കൂർ അധ്വാനം ആവശ്യമായിരുന്നു. ഈ സ്ഥിതിയിൽ 20 മണിക്കൂർകൊണ്ടുണ്ടാക്കിയ ഏതു ചരക്കും ഒരു പൗണ്ടിനു സമമായിരുന്നു. 10 മണിക്കൂർ കൊണ്ടുണ്ടാക്കിയ സാധനത്തിനാണെങ്കിൽ 10 ഷി കിട്ടും. 10 മണിക്കൂർ കൊണ്ടുണ്ടാക്കിയ ചരക്ക് 9 ഷില്ലിങ്ങിനാണ് വിറ്റതെങ്കിൽ ആ വിൽപ്പനക്കാരന് ഒരു മണിക്കൂർ അധ്വാനം നഷ്ടമായെന്നു പറയാം.

അപ്പോൾ പൗണ്ട് എന്നത് കാൽ ഔൺസ് സ്വർണ്ണത്തിലടങ്ങിയ അധ്വാനത്തിന്റെ പേര് മാത്രമാണ്. സ്വർണ്ണത്തിന്റെ വില കുറയുകയോ വർദ്ധിക്കുകയോ

ചെയ്യുകയെന്നാൽ സ്വർണ്ണമുണ്ടാക്കാനാവശ്യമായ അധ്വാനം കുറയുകയോ വർദ്ധിക്കുകയോ ചെയ്യുകയെന്നർത്ഥമാണ്. കാൽ ഔൺസ് സ്വർണ്ണമുണ്ടാക്കാനാവശ്യമായ അധ്വാനം 20 മണിക്കൂറായി ചുരുങ്ങിയെന്നിരിക്കട്ടെ. എന്നാൽ, 20 മണിക്കൂറിൽ നിന്ന് 10 മണിക്കൂർ അധ്വാനമടങ്ങിയ തുണിക്ക് കാൽ ഔൺസ് സ്വർണ്ണം കൊടുത്താൽ മതിയാവില്ല, അര ഔൺസ് കൊടുക്കേണ്ടിവരും. ഒരു പൗണ്ടിനു പകരമായി രണ്ട് പൗണ്ട് കൊടുക്കേണ്ടിവരും. ഇങ്ങിനെ പണത്തിന്റെ സഹായത്തോടുകൂടി ചരക്കുകൾ കൈമാറുമ്പോൾ വാസ്തവത്തിൽ വ്യത്യസ്ത ചരക്കുകളിലടങ്ങിയ അധ്വാനത്തെയാണ് കൈമാറുന്നത്.

സ്വർണനാണ്യങ്ങളുടെ സ്ഥാനത്ത്, നോട്ടുകൾ വന്നതിനുശേഷവും കൈമാറ്റത്തിന്റെ അടിസ്ഥാനം അധ്വാനം തന്നെയാണ്. ചരക്കുകളുടെ വിലകളെ — എന്നു വച്ചാൽ മനുഷ്യന്റെ അധ്വാനത്തെ — പ്രതിനിധീകരിക്കുന്നതുകൊണ്ടാണ് നോട്ടിനു വിലയുള്ളത്. നോട്ടുകൊടുത്താൽ ഇഷ്ടമുള്ള ചരക്കുകൾ വാങ്ങാൻ കഴിയുമെന്നുറപ്പുള്ളതുകൊണ്ടാണ് സ്വന്തമായി വിലയൊന്നുമില്ലാത്ത ആ കടലാസ്സുതുണ്ടം സ്വീകരിക്കുവാനും സൂക്ഷിച്ചുവയ്ക്കാനും ആളുകൾ തയ്യാറാവുന്നത്.

ഒരുകാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. സ്വർണ്ണമാനം നിലവിലുണ്ടായിരുന്ന കാലത്ത് ഇഷ്ടം പോലെ നോട്ടടിച്ചുവിടുക സാധ്യമായിരുന്നില്ല. കാരണം, നോട്ടിനുപകരം സ്വർണ്ണം കൊടുക്കാൻ ഗവൺമെൻറുകൾക്ക് ബാധ്യതയുണ്ടായിരുന്നു. ഇപ്പോൾ ആ ബാധ്യതയില്ല. നോട്ടിനു പകരം സ്വർണ്ണം ചോദിക്കാൻ ജനങ്ങൾക്കവകാശമില്ല. അതിനാൽ, നോട്ടുകളുടെ എണ്ണം ഇഷ്ടം പോലെ വർദ്ധിപ്പിക്കാനും അങ്ങിനെ പണത്തിന്റെ ഓരോ യൂണിറ്റു പ്രതിനിധീകരിക്കുന്ന വിലയുടെ തോത് ചുരുക്കുവാനും ഭരണാധികാരികൾക്കു സാധിക്കുമെന്നായിട്ടുണ്ട്.

ചരക്കുകളുടെ കൈമാറ്റത്തിന് ശരിക്കാവശ്യമായ തുക എന്തുവേണമെന്നു നോക്കിയിട്ടല്ല ഗവൺമെൻറുകൾ നോട്ടടിച്ചുവിടാറുള്ളത്. വരവിൽ കവിഞ്ഞ ചെലവ് നേരിടുമ്പോൾ പ്രധാനമായും നോട്ടുകളെയാണ് ആശ്രയിക്കുന്നത്. ആവശ്യമുള്ളത്ര സ്വർണ്ണമോ മറ്റു ചരക്കുകളോ കിട്ടാത്ത സന്ദർഭങ്ങളിൽ, പ്രത്യേകിച്ചും യുദ്ധം, വിപ്ലവം, സാമ്പത്തികക്കുഴപ്പം മുതലായവയുണ്ടാകുന്ന കാലങ്ങളിൽ കറൻസി നോട്ടുകൾ ധാരാളമായി പ്രചരിപ്പിക്കപ്പെടുന്നു. യുദ്ധകാലത്തും അതിനുശേഷവും കണക്കിലധികം നോട്ടുകളടിച്ചുവിട്ടതിന്റെ ഫലമായി സാധനങ്ങളുടെ വില ഭയങ്കരമാംവിധം വർദ്ധിച്ചതു നമുക്കനുഭവമാണല്ലോ.

## 19 ബാങ്കുനോട്ടുകൾ:

മുതലാളികൾ രൊക്കപ്പണത്തിനു പകരം ചെക്കെഴുതിക്കൊടുക്കുന്നതുപോലെയാണ് ബാങ്കുകൾ ബാങ്ക്നോട്ടുകൾ എഴുതികൊടുക്കാറുള്ളത്. ചെക്കുകളെപ്പോലെ ബാങ്കുനോട്ടുകളും ഇഷ്ടമുള്ളപ്പോൾ പണമാക്കി മാറ്റാവുന്നതുകൊണ്ട് അവയെ സ്വീകരിക്കുവാൻ ആളുകൾക്കു മടിയുണ്ടാവില്ല. ആവശ്യമാണെങ്കിൽ ഈ ബാങ്കുനോട്ടുകളെ ഒരാളുടെ കയ്യിൽനിന്നു മറ്റൊരാളുടെ കയ്യിലേക്ക് മാറ്റാവുന്നതാണ്. റൊക്കം പണമാക്കി മാറ്റാനായി (അതായതു നാണ്യങ്ങളോ കറൻസിനോട്ടുകളോ ആക്കി മാറ്റാനായി) ബാങ്കിലേയ്ക്കു തിരിച്ചുവരുന്നതുവരെ എത്ര ഇടപാടുകൾ വേണമെങ്കിലും നടത്താവുന്നതുകൊണ്ട് ബാങ്ക്നോട്ടുകൾക്ക് പണത്തിന്റെ സ്ഥാനമാണുള്ളത്.

സാധാരണയായി ബാങ്ക് നോട്ട് വാങ്ങുന്നവനിൽ നിന്ന് ആ ബാങ്ക് നോട്ടിന്റെ തുകയ്ക്ക് തുല്യമായ വ്യാപാരബില്ലോ അല്ലെങ്കിൽ അതുപോലെയുള്ള മറ്റുവല്ല സെക്യൂരിറ്റിയോ ബാങ്കിൽ വാങ്ങിവെയ്ക്കുന്നതാണ്. പക്ഷേ, ബാങ്കിൽ നിന്ന് വിതരണം ചെ

യ്യുന്ന നോട്ടുകൾ ഒരു കയ്യിൽ നിന്ന് മറ്റൊരു കയ്യിലേക്കായി മാറിമാറിക്കൊണ്ടു വളരെക്കാലം സഞ്ചരിച്ചുവെന്നുവരാം. അങ്ങിനെയാവുമ്പോൾ സെക്യൂരിറ്റിയായി വച്ചിട്ടുള്ള മുഴുവൻ പണമോ വ്യാപാരബില്ലോ ബാങ്കിൽ സൂക്ഷിച്ചുവച്ചേ കഴിയൂ എന്നില്ല. സാധാരണയായി പുറത്തേയ്ക്കുപോകുന്ന ബാങ്കു നോട്ടിന്റെ ഒരു ചെറിയ ഭാഗം മാത്രമേ ദിവസേന പണമായി മാറ്റപ്പെടുകയുള്ളൂ. അപ്പോൾ ബാക്കിയുള്ള പണവും വ്യാപാരബില്ലും തൽക്കാലത്തേക്ക് എടുത്തുപയോഗിക്കാൻ ബാങ്കിന് സാധിക്കും. ബാങ്ക് നോട്ടുകളുടെ വിതരണം കൊണ്ട് ബാങ്കുകൾക്കുണ്ടാകുന്ന ഏറ്റവും പ്രധാനമായ ഒരു നേട്ടമാണിത്.

ചില ബാങ്കുകൾ ചിലപ്പോൾ ക്യാഷ് ചെയ്യാൻ കഴിയുന്നതിലധികം നോട്ടുകൾ പുറത്തുവിട്ടുവെന്നു വരാം. ബാങ്ക് നോട്ടുകൾ പുറപ്പെടുവിക്കാനുള്ള അവകാശത്തെ ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ രാജ്യത്തിന്റെ സാമ്പത്തികവ്യവസ്ഥയിൽ പല കുഴപ്പങ്ങളും നേരിടും. അതുകൊണ്ട് ബാങ്ക് നോട്ടുകളുടെ ക്രമീകരണവും നിയന്ത്രണവും ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. എന്നാൽ, ബാങ്കുകളെ നിയന്ത്രിക്കാൻ ചുമതലപ്പെട്ട ഗവൺമെൻറ് തന്നെ അനിയന്ത്രിതമായി നോട്ടടിച്ചിറക്കിയാലോ? വാസ്തവത്തിൽ, ബാങ്കിന്റെയും പണത്തിന്റെയും നിയന്ത്രണം ഒരു പിടി മുതലാളികളുടെ ലാഭത്തിനുവേണ്ടിയല്ല, ഭൂരിപക്ഷക്കാരായ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടിയാണ് എന്ന നില കൈവന്നാലേ ഈ പ്രശ്നത്തിന് യഥാർത്ഥ പരിഹാരമാവുകയുള്ളൂ.

## 20 പണവും സാമ്പത്തികക്കുഴപ്പവും:

വ്യവസായാഭിവൃദ്ധിയുള്ള ഘട്ടങ്ങളിൽ ചരക്കുകളുടെ ഡിമാൻറ് വർദ്ധിക്കുന്നു. സപ്ലൈ കുറവും ഡിമാൻറ് കൂടുതലുമാകുമ്പോൾ ചരക്കുകൾ വാങ്ങുന്നവരുടെയിടയിൽ ഒരു തരം മത്സരം ഉത്ഭവിക്കുകയും ഓരോരുത്തനും കൂടുതൽ പണം കൊടുത്തിട്ടെങ്കിലും അവയെ വാങ്ങാനാഗ്രഹിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ചരക്കുകളുടെ വില കയറാൻ തുടങ്ങുന്നു. ചരക്കുകളുടെ വില കയറുമ്പോൾ മുതലാളിയുടെ ലാഭവും വർദ്ധിക്കും. കൂടുതൽ ലാഭം കിട്ടുമെന്നു കാണുമ്പോൾ വ്യവസായങ്ങളിൽ കൂടുതൽ മൂലധനമിറക്കാൻ മുതലാളികൾ തയ്യാറാവും. അങ്ങിനെ ചരക്കുകളുടെ ഉൽപാദനം വർദ്ധിച്ചുവർദ്ധിച്ചുവരുന്നു. ഒടുവിൽ ചരക്കുകളുടെ സപ്ലൈ ഡിമാൻറിനേക്കാളധികമായാൽ വില വീണ്ടും താഴാൻ തുടങ്ങും. ലാഭം കുറയുന്നതുകൊണ്ട് വ്യവസായങ്ങളിൽ മൂലധനമിറക്കാൻ മുതലാളികൾക്കുള്ള പ്രചോദനത്തിനു കോട്ടം തട്ടും. ഉള്ള ചരക്കുകൾതന്നെ വിറ്റഴിക്കാൻ കഴിയാത്തതുകൊണ്ട് ഉൽപ്പാദനത്തിനും മാന്ദ്യം നേരിടും. ഉൽപാദനവ്യവസ്ഥയാകെ കുഴപ്പത്തിൽപ്പെടും. ഇങ്ങിനെ ഇടയ്ക്കിടെയുണ്ടാവുന്ന വ്യവസായാഭിവൃദ്ധിയും അതിനെ തുടർന്നുകൊണ്ടുള്ള സാമ്പത്തികക്കുഴപ്പവും മുതലാളിത്തത്തിന്റെ അനിവാര്യമായ സ്വഭാവമത്രെ.

സാമ്പത്തികക്കുഴപ്പത്തിൽ നിന്ന് രക്ഷനേടാൻ കൂടുതൽ നോട്ടുകൾ അടിച്ചിറക്കിയാൽ മതിയെന്നു ചില ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടാറുണ്ട്. ഇതൊരു തെറ്റായ അഭിപ്രായമാണ്. കാരണം, കൂടുതൽ നോട്ടടിക്കുന്നതുകൊണ്ടുമാത്രം ചരക്കുകളുടെ ഡിമാൻറു വർദ്ധിക്കുകയില്ല. ഭൂരിപക്ഷക്കാരായ തൊഴിലാളികളുടെയും ഇടത്തരക്കാരുടെയും കയ്യിൽ പണമില്ലാതിരിക്കുന്നിടത്തോളം ചരക്കുകൾ മുഴുവൻ വിറ്റുതീർക്കാനാവില്ല. അവരുടെ കയ്യിൽ പണമുണ്ടാവണമെങ്കിൽ കൂലിയും ശമ്പളവും എത്രയോ കൂട്ടിക്കൊടുക്കേണ്ടിവരും. അതിനു മുതലാളികൾ തയ്യാറുണ്ടാവില്ല. എന്തെന്നാൽ, മുതലാളികൾ ഉൽപ്പാദനം നടത്തുന്നത് ലാഭത്തിനുവേണ്ടിയാ

ണ്. അസംസ്കൃതസാധനങ്ങളും തൊഴിലാളികളുടെ അധ്വാനശക്തിയും കുറഞ്ഞവിലയ്ക്കു വാങ്ങാൻ കഴിഞ്ഞാലേ അവർക്കു കൂടുതൽ ലാഭം കിട്ടുകയുള്ളൂ.

അപ്പോൾ സാമ്പത്തികക്കുഴപ്പത്തിന്റെ മൂലകാരണം പണത്തിന്റെ കുറവല്ല, ഉൽപാദനവ്യവസ്ഥയുടെ തകരാറാണ്. ഉൽപാദനോപകരണങ്ങൾ കൈവശം വയ്ക്കുന്ന മുതലാളികൾ സ്വന്തലാഭത്തിനുവേണ്ടി സാമ്പത്തികവ്യവസ്ഥയെ നിയന്ത്രിക്കുന്നിടത്തോളം കാലം സാമ്പത്തികക്കുഴപ്പത്തിൽ നിന്ന് മോചനം നേടാൻ സാദ്ധ്യമല്ല.

## 21 പണത്തിന്റെ നിയന്ത്രണം:

ഇക്കാലത്ത് പണമില്ലാതെ ആർക്കും കഴിച്ചുകൂട്ടാൻ വയ്യ. പണമുണ്ടെങ്കിൽ ഏതു സ്വത്തും വാങ്ങാം. ഇല്ലെങ്കിൽ പട്ടിണിതന്നെ. പണം സമ്പാദിക്കാൻ പ്രധാനമായും രണ്ടു വഴികളാണുള്ളത്. കമ്പനിയിലോ ഓഫീസിലോ പോയി അധ്വാനിച്ചുകിട്ടുന്ന കൂലിയും ശമ്പളവുമാണ് ആദ്യത്തേത്. കമ്പനി, ബാങ്ക്, നിലം മുതലായവയുടെ ഉടമസ്ഥൻമാരെന്ന നിലയ്ക്കു കിട്ടുന്ന സമ്പാദ്യമാണ് രണ്ടാമത്തേത്. ഉൽപാദനോപകരണങ്ങൾ കയ്യിലുള്ളവർ മറ്റുള്ളവരെക്കൊണ്ട് പണിയെടുപ്പിച്ചു വലിയ പണക്കാരായിത്തീരുന്നു. ആ പണക്കാരാണ് സാമൂഹ്യജീവിതത്തിന്റെയാകെ ചരടുപിടിക്കുന്നത്. പണമടിയ്ക്കുന്ന ബാങ്കുകളുടെ അവരുടെ നിയന്ത്രണത്തിലായതുകൊണ്ടു ചരക്കുകളുടെ വിലയിൽ കൃത്രിമമായ ഏറ്റക്കുറച്ചിലുകളുണ്ടാക്കാനും അങ്ങിനെ കൂടുതൽ ലാഭമുണ്ടാക്കാനും അവർക്കു സാധിക്കുന്നു. അവരെ ആശ്രയിച്ചുജീവിക്കുന്ന ഭൂരിപക്ഷക്കാരായ തൊഴിലാളികളുടെയും ഇടത്തരക്കാരുടെയും സ്ഥിതി അധികമധികം മോശമായിത്തീരുന്നു. പണമുള്ളവർ പണമില്ലാത്തവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്തു ലാഭമുണ്ടാക്കുക എന്ന ഈ സമ്പ്രദായത്തിൽ ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സമരങ്ങൾ അനിവാര്യമായിത്തീരുന്നു.

എല്ലാവർക്കും ജീവിക്കണം. ജീവിക്കാനാവശ്യമായ പണം എല്ലാവർക്കുമുണ്ടാവണം. ഇതാണ് ഇന്ന് ഭൂരിപക്ഷക്കാരായ ബഹുജനങ്ങളുടെ ആവശ്യം. ഈ ആവശ്യം നിറവേറ്റണമെങ്കിൽ നിലം, ഫാക്ടറി, ബാങ്ക് മുതലായവയുടെ ഉടമസ്ഥരായ പണക്കാർ പണമില്ലാത്തവരെ ചൂഷണം ചെയ്യുകയെന്ന സമ്പ്രദായം അവസാനിക്കണം. ഇതിന് ഉൽപാദനോപകരണങ്ങളെ പൊതുസ്വത്താക്കുകയും രാജ്യത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുപറ്റിയതരത്തിൽ ഉൽപ്പാദനവിതരണങ്ങളെ നിയന്ത്രിക്കുകയുമാണാവശ്യം. □

മംഗളോദയം, തൃശ്ശൂർ 1947

# 6

# മുതലാളിത്തം

## I

ഏറ്റവും വളർച്ചയെത്തിയ, ഏറ്റവും ഉയർന്ന രൂപത്തിലുള്ള ചരക്കുൽപാദനവ്യവസ്ഥയാണ് മുതലാളിത്തം എന്നു പറയുന്നത്. മുതലാളിത്ത വ്യവസ്ഥയിൽ ഉല്പാദനമത്രയും കൈമാറ്റത്തിന് വേണ്ടിയാണ്. മനുഷ്യന്റെ അദ്ധ്വാനശക്തിപോലും കൈമാറ്റത്തിനുള്ള ഒരു ചരക്കായിത്തീർന്നിരിക്കുന്നു. ചരക്കുല്പാദനമാണ് സാമ്പത്തിക ജീവിതത്തിൽ മേധാവിത്വം വഹിക്കുന്നത്.

ചരക്കുല്പാദനം ചില പ്രത്യേക പരിതഃസ്ഥിതികളിൽ മാത്രമാണ് മുതലാളിത്തോല്പാദനമായി രൂപാന്തരപ്പെടുന്നത്. സ: സ്റ്റാലിൻ വിവരിക്കുന്നു:

> "ചരക്കുൽപാദനം എല്ലാ പരിതഃസ്ഥിതികളിലും മുതലാളിത്തത്തിലേയ്ക്ക് നയിക്കപ്പെടുമെന്നും നയിക്കപ്പെട്ടേ കഴിയൂ എന്നും പ്രസ്താവിക്കപ്പെടുന്നു. ഇത് ശരിയല്ല; എല്ലായ്പ്പോഴും എല്ലാ പരിതഃസ്ഥിതികളിലും നയിക്കപ്പെടുകയില്ല. ചരക്കുല്പാദനവും മുതലാളിത്തോല്പാദനവും ഒന്നാണെന്ന് വിചാരിക്കരുത്. രണ്ടു വ്യത്യസ്ത കാര്യങ്ങളാണവ. മുതലാളിത്തോല്പാദനം ചരക്കുല്പാദനത്തിന്റെ ഏറ്റവും ഉയർന്ന രൂപമാണ്. ഉല്പാദനോപകരണങ്ങൾ സ്വകാര്യസ്വത്തുക്കളാണെങ്കിൽ മാത്രമേ, മുതലാളിക്ക് വാങ്ങാനും ഉല്പാദനസമയത്ത് ചൂഷണം ചെയ്യാനും കഴിയുന്നവിധത്തിൽ കമ്പോളത്തിലെ ഒരു ചരക്കെന്ന നിലയ്ക്ക് അധ്വാനശക്തി പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിൽ മാത്രമേ, അങ്ങിനെ മുതലാളികൾ കൂലിക്ക് പണിയെടുക്കുന്ന തൊഴിലാളികളെ ചൂഷണംചെയ്യുക എന്ന സമ്പ്രദായം രാജ്യത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ, ചരക്കുൽപ്പാദനം മുതലാളിത്തത്തിലേക്ക് നയിക്കപ്പെടുകയുള്ളൂ. ഉല്പാദനോപകരണങ്ങൾ സ്വകാര്യവ്യക്തികളുടെ കൈകളിൽ കേന്ദ്രീകരിച്ചുകിടക്കുകയും ഉല്പാദനോപകരണങ്ങളില്ലാത്ത തൊഴിലാളികൾ തങ്ങളുടെ അധ്വാനശക്തിയെ ഒരു ചരക്കെന്ന നിലക്ക് വിൽക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നിടത്താണ് മുതലാളിത്തോല്പാദനം ആരംഭിക്കുന്നത്. ഇതില്ലാത്തിടത്ത് മുതലാളിത്തോല്പാദനമില്ല.

(സ്റ്റാലിൻ: സോഷ്യലിസത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ പേജ് 14,15)

## 1 എന്താണ് മൂലധനം?

മുതലാളിത്ത വ്യവസ്ഥയിൽ ഫാക്ടറികൾ, കമ്പനികൾ, ബാങ്കുകൾ മുതലായവയെല്ലാം മുതലാളികളുടെ സ്വകാര്യസ്ഥാപനങ്ങളാണ്. മുതലാളി പറയുന്നു: ഇതെന്റെ പണമാണ്; എന്റെ ഫാക്ടറിയാണ്; എന്റെ ഈ മൂലധനത്തിൽനിന്നാണെനിക്ക് ലാഭമുണ്ടാക്കേണ്ടത്.

എന്താണ് മൂലധനം? പണം, ഫാക്ടറി മുതലായവ മൂലധനമാണോ? മുതലാളിത്ത ധനശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തിൽ ഏതുപണവും ഏതു പണിയായുധവും ഏതുല്പാദനോപകരണവും മൂലധനമാണ്. അവരുടെ നിർവചനമനുസരിച്ച് മനുഷ്യസമുദായത്തിന്റെ ആവിർഭാവം മുതൽക്കുതന്നെ മൂലധനം നിലനിന്നു പോന്നിട്ടുണ്ട്. മുതലാളിത്തവ്യവസ്ഥ ശാശ്വതമാണെന്നു കാണിക്കാൻവേണ്ടി അവർ മൂലധനം പ്രാകൃതകാലം മുതൽക്കേ നിലനിന്നിട്ടുണ്ടെന്നു വാദിക്കുന്നു. തെറ്റായ, അശാസ്ത്രീയമായ ഒരു വാദഗതിയാണിത്. എന്തുകൊണ്ടെന്നാൽ, ഉല്പാദനോപകരണങ്ങൾ എല്ലാ പരിതഃസ്ഥിതികളിലും മൂലധനത്തിന്റെ പങ്കുവഹിക്കുകയില്ല. ചില പ്രത്യേക പരിതഃസ്ഥിതികളിൽ മാത്രമാണ്, ചില പ്രത്യേക സാമൂഹ്യബന്ധങ്ങളിൽ മാത്രമാണ് അവ മൂലധനമാകുന്നത്. മാർക്സ് വ്യക്തമാക്കുന്നതുപോലെ, തൊഴിലാളിവർഗവും മുതലാളി വർഗവും തമ്മിലുള്ള ഒരു സാമൂഹ്യബന്ധമാണ് മൂലധനം.

പണത്തിന്റെ ഉടമസ്ഥനായ മുതലാളി ചരക്കുകൾ വാങ്ങുന്നത് തന്റെ സ്വന്തം ഉപയോഗത്തിനു വേണ്ടിയല്ല. പിന്നെയോ, അവയെ വിറ്റ് ലാഭമുണ്ടാക്കാൻ വേണ്ടിയാണ്. ചരക്കുകളുണ്ടാക്കി വില്ക്കുന്ന മുതലാളി ആദ്യമായി യന്ത്രങ്ങൾക്കും അസംസ്കൃത സാമഗ്രികൾക്കും തൊഴിലാളികളുടെ കൂലിയ്ക്കും വേണ്ടി കുറച്ചു പണം മുടക്കണം. പതിനായിരം ഉറുപ്പിക മുടക്കി നൂൽവാങ്ങി തുണിയാക്കി മാറ്റി വിൽക്കുന്ന ഒരു മുതലാളിയുണ്ടെന്നിരിക്കട്ടെ. പതിനായിരം ഉറുപ്പിക മുടക്കി ഉൽപാദനം നടത്തുന്ന അയാൾക്ക് തുണിവിറ്റാൽ പതിനായിരം ഉറുപ്പിക മാത്രമെ തിരിച്ചുകിട്ടുകയുള്ളുവെങ്കിൽ അയാൾ കമ്പനി നടത്താൻ നിൽക്കില്ല. ഉണ്ടാക്കുന്ന തുണിയെല്ലാം സ്വന്തമായി ഉടുത്ത് ഞെളിയാൻ വേണ്ടിയല്ല, അതു വിറ്റഴിച്ചു ലാഭമുണ്ടാക്കാൻ വേണ്ടിയാണ് അയാൾ ഉൽപാദനം നടത്തുന്നത്. ലാഭമില്ലെങ്കിൽ ഉൽപാദനവുമില്ല. അതുകൊണ്ട് ചരക്കുണ്ടാക്കി വിറ്റാൽ അയാൾക്ക് പതിനായിരം ഉറുപ്പിക കിട്ടിയാൽ പോര; കൂടുതൽ കിട്ടണം. ചരക്കുവിറ്റു കിട്ടുന്ന പണം ആദ്യമിറക്കിയ പണത്തേക്കാൾ കൂടുതലായിരിക്കണം. ഇങ്ങനെ ലാഭമുണ്ടാക്കാനുള്ള ഒരുപകരണമെന്ന നിലയ്ക്ക് ഉപയോഗിക്കപ്പെടുമ്പോൾ മാത്രമെ പണവും പണിയായുധങ്ങളും മൂലധനമാവുകയുള്ളു.

## 2 എവിടെ നിന്നാണീ ലാഭമുണ്ടാവുന്നത്?

ചുരുങ്ങിയ വിലയ്ക്കു വാങ്ങുകയും കൂടുതൽ വിലയ്ക്കു വിൽക്കുകയും ചെയ്യുന്നതു കൊണ്ടാണ് ലാഭമുണ്ടാകുന്നത് എന്നു ചിലർ വിചാരിക്കാറുണ്ട്. ഇതു ശരിയല്ല. കാരണം, മുതലാളി ചരക്കുകൾ വിൽക്കുക മാത്രമല്ല ചെയ്യുന്നത്; മറ്റുള്ളവർ വിൽക്കുന്ന ചരക്കുകൾ വാങ്ങുകയും ചെയ്യുന്നുണ്ട്. തുണിയുണ്ടാക്കി വിൽക്കുന്ന മുതലാളി തുണി വിൽക്കുന്നു; പരുത്തി, യന്ത്രം മുതലായവ വാങ്ങുകയും ചെയ്യുന്നു. തന്റെ തുണി അയാൾ കൂടുതൽ വിലയ്ക്കു വിൽക്കുവാൻ ശ്രമിച്ചാൽ പരുത്തി മുതലാളിയും യന്ത്ര മുതലാളിയും അതേതന്ത്രം സ്വീകരിക്കാതിരിക്കുമോ? ഒരു മുതലാളി മറ്റൊരു മുതലാളിയെ ചതിച്ചുവെന്നു വരാം. പക്ഷേ, എല്ലാ മുതലാളികളും പരസ്പരം ചതിച്ചാലോ? ഒരാളുടെ ലാഭം മറ്റൊരാളുടെ നഷ്ടമായിത്തീരും. ഏതായാലും, സമുദായത്തിലൊട്ടാകെയുള്ള ചരക്കുകളുടെ മൂല്യം വർദ്ധിക്കുകയില്ല. വ്യവസായങ്ങൾ വളരുകയോ ദേശീയ സമ്പത്തു

വർദ്ധിക്കുകയോ ചെയ്യില്ല. അതുകൊണ്ട്, കൈമാറ്റത്തിനിടയിലാണ് ലാഭമുണ്ടാകുന്നത് എന്നു കരുതുന്നതു ശരിയല്ല. കൈമാറ്റത്തിലല്ല, ഉല്പാദനത്തിലാണ്, ലാഭത്തിന്റെ ഉറവിടമാരായേണ്ടത്. ആദ്യമിറക്കിയതിനെക്കാൾ കൂടുതൽ മൂല്യം ഉല്പാദനത്തിന്റെ ഫലമായിട്ടുതന്നെ ഉണ്ടാവണം. പതിനായിരം ഉറുപ്പികയിറക്കി തുണിയുണ്ടാക്കി വിൽക്കുന്ന മുതലാളിക്ക് പന്തീരായിരം ഉറുപ്പിക കിട്ടുന്നുവെന്നിരിക്കട്ടെ. കൂടുതലായി കിട്ടിയ രണ്ടായിരം ഉറുപ്പിക നൂൽ തുണിയാക്കി മാറ്റുക എന്ന ഉൽപാദനപ്രക്രിയയിലൂടെയാണുണ്ടായത്.

ഉൽപാദനത്തിനിടയിൽ എന്താണ് സംഭവിക്കുന്നത്? നൂലും യന്ത്രവും അസംസ്കൃതസാമഗ്രികളും മറ്റും തുണിയായി രൂപം മാറുന്നു. നൂലിന്റെയും അസംസ്കൃത സാമഗ്രികളുടെയും യന്ത്രത്തിന്റെയും മൂല്യങ്ങൾ തുണിയുടെ മൂല്യത്തിലേക്ക് പകരുന്നു. (യന്ത്രത്തിന്റെ മൂല്യം കുറേശെ കുറേശെയായിട്ടാണ് തുണിയിലേക്ക് പകരുന്നത്. ഒരു യന്ത്രം പത്തുകൊല്ലത്തേക്ക് നിലനിൽക്കുമെങ്കിൽ ഓരോ കൊല്ലത്തിലും ഉണ്ടാക്കപ്പെടുന്ന തുണിയിൽ യന്ത്രത്തിന്റെ മൂല്യത്തിന്റെ പത്തിലൊരു ഭാഗം മാത്രമേ അലിഞ്ഞുചേരുന്നുള്ളു. ഇതാണ് തേയ്മാനം എന്ന പേരിൽ കണക്കാക്കപ്പെടുന്നത്.)

പക്ഷേ, രൂപമാറ്റം കൊണ്ടുമാത്രം മൂല്യവർദ്ധനവുണ്ടാവില്ല. നൂലിന്റെ രൂപം മാറുകയേ ചെയ്യുന്നുള്ളു. അതിന്റെ മൂല്യം വർദ്ധിക്കുന്നില്ല. നൂലിന്റെയും അസംസ്കൃത സാമഗ്രികളുടെയും യന്ത്രത്തിന്റെയും മൂല്യങ്ങൾക്കു പുറമെ കൂടുതൽ മൂല്യം തുണിയിൽ ചേർന്നിട്ടുണ്ട്.

## 3 അദ്ധ്വാനശക്തി ഒരു വിൽപ്പനച്ചരക്ക്

മൂല്യത്തിന്റെ അടിസ്ഥാനം അധ്വാനമാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ടല്ലോ. അതുകൊണ്ട് കൂടുതലായുണ്ടായ പുതിയ മൂല്യവും മനുഷ്യന്റെ അധ്വാനഫലമാണെന്നു തീർച്ചയാണ്. മുതലാളിയല്ല, തൊഴിലാളിയാണ് അധ്വാനിക്കുന്നത്. അതിനാൽ, തൊഴിലാളിയുടെ അധ്വാനത്തിന്റെ ഫലമായിട്ടാണ് കൂടുതൽ മൂല്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്; കൂടുതൽ സ്വത്തുക്കൾ സൃഷ്ടിക്കപ്പെടുന്നത്.

പക്ഷേ, തൊഴിലാളിക്ക് കൂലികിട്ടുന്നില്ലേ? അധ്വാനത്തിനു പ്രതിഫലം ലഭിക്കുന്നില്ലേ? തക്കതായ പ്രതിഫലം കിട്ടാതിരിക്കുമ്പോൾ പണിയെടുക്കാതിരിക്കാനുള്ള സ്വാതന്ത്ര്യവും അയാൾക്കില്ലേ? തൊഴിലാളി മുതലാളിക്ക് തന്റെ അധ്വാനം വിൽക്കുന്നു. അതിനു പകരമായി മുതലാളി തൊഴിലാളിക്കു കൂലി കൊടുക്കുന്നു. നീതി പൂർവ്വകമായ ഒരുതരം കച്ചവടമല്ലേ ഇത്? നമുക്ക് പരിശോധിക്കാം.

തനിക്ക് കിട്ടുന്ന കൂലിക്കുപകരമായി തൊഴിലാളി മുതലാളിക്കു വിൽക്കുന്നത് വാസ്തവത്തിൽ അധ്വാനം തന്നെയാണോ? അല്ല. അധ്വാനം ചെയ്തുകഴിഞ്ഞാലല്ലേ അതു വിൽക്കാൻ കഴിയൂ? അധ്വാനം വിൽക്കുക എന്നാൽ ചരക്കിലടങ്ങിയ അധ്വാനം വിൽക്കുക എന്നർത്ഥമാണ്. ചരക്കു നിർമ്മിക്കുന്നതിനുമുമ്പ് അതിലടങ്ങിയ അധ്വാനം വിൽക്കാനാവില്ലല്ലോ. തൊഴിലാളി വിൽപ്പന നടത്തുന്നത് കമ്പനിക്കുള്ളിൽ പോയന്വേഷിച്ച് ഉൽപാദനം നടത്തുന്നതിനു മുമ്പാണ്. അതുകൊണ്ട് അയാൾ മുതലാളിക്കു വിൽക്കുന്നതു അധ്വാനമല്ല, അധ്വാനിക്കാനുള്ള കഴിവ്, അധ്വാനശക്തി മാത്രമാണ്.

തൊഴിലാളി തന്റെ അധ്വാനശക്തി വിൽക്കാൻ മുതിരുന്നതെന്തുകൊണ്ടാണ്? മുതലാളിക്കു തൊഴിലാളിയുടെ അധ്വാനശക്തി വാങ്ങാൻ കഴിയുന്നതെന്തുകൊണ്ടാണ്? സ്റ്റാലിൻ എഴുതുന്നു:

'മുതലാളികൾ തൊഴിലാളികളുടെ അധ്വാനശക്തി വാങ്ങുന്നതെന്തുകൊണ്ടാണ്? കാരണമിതാണ്. ഉൽപാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യ ഉടമാവകാശമാണ് മുതലാളിത്ത വ്യവസ്ഥയുടെ പ്രധാനമായ അടിസ്ഥാനം. ഫാക്ടറികൾ, മില്ലുകൾ, നിലവും അതിലുണ്ടാകുന്ന പ്രകൃതിവിഭവങ്ങളും, കാടുകൾ, റെയിൽവെകൾ, യന്ത്രങ്ങൾ തുടങ്ങിയ ഉല്പാദനോപകരണങ്ങളെല്ലാം ഒരു പിടി മുതലാളികളുടെ സ്വകാര്യസ്വത്തായി മാറ്റപ്പെട്ടിരിക്കുന്നു. തൊഴിലാളിയാകട്ടെ അവയിൽ നിന്നെല്ലാം അകറ്റപ്പെടുകയും ചെയ്തിരിക്കുന്നു.' (സ്റ്റാലിൻ, കലക്ടഡ് വർക്സ്, പേജ് 332-33)

മുതലാളിത്തത്തിന് മുമ്പ് സ്വതന്ത്രരായ ഉൽപാദകൻമാർ അധ്വാനശക്തിയല്ല അധ്വാനമാണ് വിറ്റിരുന്നത്. സ്വന്തം ഉൽപാദനോപകരണങ്ങളുപയോഗിച്ചുണ്ടാക്കിയ തങ്ങളുടെ ചരക്കുകളിലടങ്ങിയ അധ്വാനം വിൽക്കാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. മുതലാളിത്ത സമുദായത്തിൽ ആ സ്വാതന്ത്ര്യമില്ല. ഉൽപാദനോപകരണങ്ങൾ മുതലാളിയുടെ സ്വകാര്യസ്വത്താണ്. ആ സ്വകാര്യസ്വത്തുപയോഗിച്ചുണ്ടാക്കുന്ന ചരക്കുകളും മുതലാളിയുടെ സ്വന്തമാണ്. ആ ചരക്കുകളിലടങ്ങിയ അധ്വാനത്തെ തൊഴിലാളിയല്ല മുതലാളിയാണ് വിൽക്കുന്നത്. തൊഴിലാളിയുടെ കൈയിൽ വിൽക്കാൻ എന്തെങ്കിലുമുണ്ടെങ്കിൽ അതയാളുടെ അധ്വാനശക്തി മാത്രമാണ്.

## 4 കൂലിവേലയുടെ അടിമത്തം

അധ്വാനമാണ് മനുഷ്യനെ മൃഗത്തിൽ നിന്ന് വേർതിരിക്കുന്നത്. അധ്വാനിക്കുന്നതിനിടയിൽ മനുഷ്യന്റെ തന്റെ അധ്വാനശക്തിയെ ബോധപൂർവം ഉപയോഗിക്കുന്നു. ഏതു സാമൂഹ്യവ്യവസ്ഥയിലായാലും ശരി, മനുഷ്യന്റെ അധ്വാനശക്തിയാണ് ഏറ്റവും പ്രധാനമായ ഉല്പാദനശക്തി. എന്നാൽ എല്ലാ സാമൂഹ്യവ്യവസ്ഥകളിലും അധ്വാനശക്തി ഒരു ചരക്കാവുന്നില്ല. എല്ലാ പരിതഃസ്ഥിതികളിലും സ്വന്തം അധ്വാനശക്തി വിൽക്കാൻ മനുഷ്യൻ നിർബദ്ധനാവുന്നില്ല. അദ്ധ്വാനശക്തി മാർക്കറ്റിൽ വിൽപ്പനക്കുള്ള ഒരു ചരക്കായിത്തീരുന്നത് നീണ്ടകാലത്തെ സാമൂഹ്യവളർച്ചയുടെ ഫലമായിട്ടാണ്. അധ്വാനശക്തിയുടെ ചരക്കാവണമെങ്കിൽ അധ്വാനശക്തിയുടെ ഉടമസ്ഥൻ രണ്ടർത്ഥത്തിൽ സ്വാതന്ത്രനാവണം. ഒന്നാമതായി തന്റെ അദ്ധ്വാനശക്തി മറ്റൊരാൾക്കു വിൽക്കാൻ അയാൾക്ക് നിയമവിധേയമായ സ്വാതന്ത്ര്യമുണ്ടായിരിക്കണം. (അടിമയ്ക്കോ അടിയാളനോ ഈ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.) രണ്ടാമതായി അയാൾ ഉൽപാദനോപകരണങ്ങളിൽ നിന്നും സ്വതന്ത്രനാവണം. സ്വന്തമായി ഉൽപാദനോപകരണങ്ങളുള്ളവൻ തന്റെ അദ്ധ്വാനശക്തി മറ്റാർക്കും വിൽക്കേണ്ടതില്ല. അതുപയോഗിച്ച് തന്റെ ഉൽപാദനോപകരണങ്ങൾ കൊണ്ടുതന്നെ പണിയെടുത്താൽ മതി.

മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം സ്വന്തമായ ഉൽപാദനോപകരണങ്ങളുണ്ടായിരുന്ന കൈവേലക്കാരും കുടിൽവ്യവസായക്കാരും പുതിയ ഉൽപാദനരീതിയോടു മത്സരിക്കാൻ കഴിയാതെ പാപ്പരാവാൻ തുടങ്ങി. ഉൾനാടുകളിലെ ലക്ഷക്കണക്കിലുള്ള കൃഷിക്കാരേയും പട്ടണങ്ങളിലെ പതിനായിരക്കണക്കിലുള്ള ചെറുകിട കൈവേലക്കാരെയും മുതലാളിത്തം തകർത്തുകളഞ്ഞു. പട്ടിണികിടന്ന് ചാവാതിരിക്കണമെങ്കിൽ അവർക്കു തങ്ങളുടെ അധ്വാനശക്തി വിൽക്കുകയേ നിവൃത്തിയുള്ളൂവെന്നായി. അവർ കൂലിവേലക്കാരായി മാറി. ഇങ്ങനെയാണ് മുതലാളിത്തം മനുഷ്യന്റെ ശാരീരികവും മാനസികവുമായ ശക്തികളെ വിൽപനച്ചരക്കുകളാക്കി മാറ്റിയത്.

മുതലാളിയും തൊഴിലാളിയും സമന്മാരായ രണ്ടു ചരക്കുടമസ്ഥൻമാരെന്ന നിലയ്ക്കാണ് പരസ്പരം സമീപിക്കുന്നത്. ഒരാളുടെ കൈയ്യിൽ പണമുണ്ട്. മറ്റൊരാളുടെ കൈയ്യിൽ അധ്വാനശക്തിയും. മുതലാളി പണം കൊടുത്ത് അധ്വാനശക്തി വാങ്ങുന്നു. തൊഴിലാളി തന്റെ അധ്വാനശക്തി കൊടുത്ത് പകരം പണം വാങ്ങുന്നു. പുറമേ നിന്നു നോക്കുമ്പോൾ സ്വതന്ത്രമായ ഒരു കൊള്ളക്കൊടുക്കയാണിത്. നിയമപരമായി നോക്കുമ്പോൾ തൊഴിലാളി സ്വതന്ത്രനാണ്. അടിമക്കോ അടിയാളനോ ഇല്ലാത്ത സ്വാതന്ത്ര്യം അയാൾക്കുണ്ട്. പക്ഷേ, ഈ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും പിന്നിൽ തൊഴിലാളികളുടെ സാമ്പത്തികമായ അടിമത്തം ഒളിഞ്ഞു കിടക്കുന്നുണ്ടെന്നു കാണാം. മൂലധനത്തിന്റെ ഇരുമ്പുമുറിക്കുള്ളിലാണയാൾ. അതുകൊണ്ടാണ് ഈ ‘സ്വതന്ത്രമായ’ കൊള്ളക്കൊടുക്കയ്ക്ക് ‘കൂലിവേലയുടെ അടിമത്തം’ എന്ന് ലെനിൻ പേരിട്ടിരിക്കുന്നത്.

## 5 അധ്വാനശക്തിയുടെ മൂല്യം

മറ്റെല്ലാ ചരക്കുകൾക്കുമെന്നപോലെ അധ്വാനശക്തിക്കും രണ്ടു മൂല്യങ്ങളുണ്ട്: ഉപയോഗമൂല്യവും കൈമാറ്റമൂല്യവും. മുതലാളി അധ്വാനശക്തി വിലയ്ക്കുവാങ്ങുന്നത് അതുപയോഗിക്കാൻ വേണ്ടിയാണ്. അധ്വാനശക്തിയുടെ ഉപയോഗം ചരക്കുകളുണ്ടാക്കാനാവശ്യമായ അധ്വാനമാണ്. “ദഹനശക്തിയുടെ ഉപയോഗം ദഹനമാണെന്നതുപോലെ, അധ്വാനശക്തിയുടെ ഉപയോഗം അധ്വാനമാണ്” എന്ന് മാർക്സ് ചൂണ്ടിക്കാണിക്കുന്നു. തൊഴിലാളിയുടെ അധ്വാനം ചരക്കുൽപ്പാദനത്തിനുവേണ്ടി ഉപയോഗിക്കാനും അത് വിറ്റ് ലാഭം സമ്പാദിക്കാനും വേണ്ടിയാണ് മുതലാളി അധ്വാനശക്തിയെ വിലയ്ക്ക് വാങ്ങുന്നത്.

അധ്വാനശക്തിയുടെ ഉപയോഗമൂല്യം കിട്ടണമെങ്കിൽ അതിന്റെ മൂല്യം കൊടുക്കണം. മുമ്പ് വിവരിക്കപ്പെട്ടു കഴിഞ്ഞപോലെ ചരക്കിലടങ്ങിയ ശരാശരി സാമൂഹ്യാധ്വാനമാണ് മൂല്യത്തെ നിർണയിക്കുന്നത്. മറ്റെല്ലാ ചരക്കുകളുടെയുമെന്നപോലെ അധ്വാനശക്തിയുടെ മൂല്യവും അതുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനത്തന്റെ മൂല്യമാണ്.

അധ്വാനശക്തിയുടെ മൂല്യം കണക്കാക്കപ്പെടുന്നതെങ്ങനെയാണ്? തൊഴിലാളിക്ക് അധ്വാനിക്കാനുള്ള ശക്തിയുണ്ടാവണമെങ്കിൽ ഭക്ഷണം വേണം, ഉടുക്കാൻ തുണി വേണം, ജീവിക്കാനാവശ്യമായ മറ്റു സാമഗ്രികൾ വേണം. അപ്പോൾ അധ്വാനശക്തി സൃഷ്ടിക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനം ആ ജീവിതോപാധികൾ നിർമ്മിക്കാനവശ്യമായ ശരാശരി സാമൂഹ്യാധ്വാനത്തിന് സമമായിരിക്കും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അധ്വാനശക്തിയുടെ മൂല്യം അതിന്റെ ഉടമസ്ഥന്റെ ജീവിതം നിലനിർത്താനാവശ്യമായ ചരക്കുകളുടെ മൂല്യമാണ്. ഈ ജീവിതോപാധികൾ നിർമ്മിക്കാൻ 4 മണിക്കൂർ വേണ്ടിവരുമെങ്കിൽ അധ്വാനശക്തിയുടെ മൂല്യം 4 മണിക്കൂർ നേരത്തെ അധ്വാനത്തിന് സമമാണെന്ന് പറയാം. മുതലാളിയിൽ നിന്ന് കിട്ടുന്ന കൂലികൊണ്ട് ആവശ്യമായ സാമഗ്രികൾ വാങ്ങുകയാണ് തൊഴിലാളി ചെയ്യുന്നത്. അതുകൊണ്ട് ആ കൂലിയാണ് അയാളുടെ അധ്വാനശക്തിയുടെ മൂല്യത്തെ പ്രതിനിധീകരിക്കുന്നത്.

അധ്വാനശക്തി തുടർച്ചയായി ലഭിക്കണമെങ്കിൽ തൊഴിലാളിയുടെ ജീവിതം മാത്രം നിലനിർത്തിയാൽ പോര. അവരുടെ മക്കളുടെ ജീവിതവും നിലനിർത്തണം. ദീനംകൊണ്ടോ പ്രായാധിക്യം കൊണ്ടോ മരണം കാരണമായോ തൊഴിലാളികൾ

വിട്ടുപോകുമ്പോൾ അവരുടെ മക്കൾ ആ സ്ഥാനമേറ്റെടുക്കാനുണ്ടാവണം. അതിനാൽ, അധ്വാനശക്തിയുടെ മൂല്യത്തെ നിർണ്ണയിക്കുന്ന ജീവിതോപാധികൾ തൊഴിലാളികളെ മാത്രമല്ല, അവരുടെ കുടുംബാംഗങ്ങളെയും നിലനിർത്താൻ പര്യാപ്തമാവണം.

തൊഴിലാളികൾക്കാവശ്യമായ ജീവിതസാമഗ്രികളുടെ തോതും സ്വഭാവവും അവയുൽപ്പാദിപ്പിക്കുന്ന രീതിയും ചരിത്രപരമായി മാറിക്കൊണ്ടിരിക്കുന്ന ഘടകങ്ങളാണ്. അവ പ്രകൃതിയുടെ സ്വഭാവത്തെയെന്നപോലെ രാജ്യത്തിലെ ജനങ്ങളുടെ സാംസ്കാരികനിലവാരത്തെയും ആശ്രയിച്ചിരിക്കും. ഇന്ത്യയിലെ തൊഴിലാളികളുടെ കൂലിനിരക്ക് ഇംഗ്ലണ്ടിലെയോ അമേരിക്കയിലെയോ തൊഴിലാളികളുടേതിനെക്കാൾ കുറയാനുള്ള കാരണമിതാണ്.

## 6 ചൂഷണത്തിന്റെ അടിസ്ഥാനം

സാധാരണമായി മുതലാളികൾ തൊഴിലാളികൾക്ക് അവരുടെ അധ്വാനശക്തിയുടെ മുഴുവൻ മൂല്യവും കൊടുക്കാറില്ല. തങ്ങളുടെയും തങ്ങളുടെ കുടുംബങ്ങളുടെയും ജീവിതം നിലനിർത്താനാവശ്യമായ ചരക്കുകളുടെ യഥാർത്ഥ മൂല്യം തൊഴിലാളികൾക്കും ലഭിക്കാറില്ല. പക്ഷേ, മാർക്സ് ചൂണ്ടിക്കാണിക്കുന്നതുപോലെ, അധ്വാനശക്തിയുടെ മൂല്യം മുഴുവനും കൊടുത്താലും മുതലാളിക്കു ലാഭമാണ്. എന്തുകൊണ്ടെന്നാൽ, അധ്വാനശക്തിയുടെ മൂല്യത്തിന് ഒരു പ്രത്യേകതയുണ്ട്. സ്വന്തം മൂല്യത്തെക്കാൾ കൂടുതൽ മൂല്യം സൃഷ്ടിക്കാൻ അതിനു സാധിക്കും. അധ്വാനശക്തി നിലനിർത്താൻ 4 മണിക്കൂർ നേരത്തെ അധ്വാനം കൊണ്ടുണ്ടാക്കിയ സാമഗ്രികളെ വേണ്ടുവെങ്കിൽ 8 മണിക്കൂറോ അതിലധികമോ നേരം അധ്വാനിക്കാൻ തൊഴിലാളിക്കു സാധിക്കുമെന്നർത്ഥം. അധ്വാനശക്തിയുടെ ഈ മുഴുവൻ ഉപയോഗവും മുതലാളി സ്വന്തമാക്കുകയും ചെയ്യും.

4 മണിക്കൂർ മാത്രമേ തൊഴിലാളി അധ്വാനിക്കുന്നുള്ളുവെങ്കിൽ മുതലാളിക്ക് ലാഭമൊന്നുമുണ്ടാവില്ല. അതിനാൽ, തൊഴിലാളിയെക്കൊണ്ട് കൂടുതൽ സമയം പണിയെടുപ്പിക്കാൻ മുതലാളിയൊരുങ്ങുമെന്നു തീർച്ചയാണ്. പ്രവൃത്തിസമയം 8 മണിക്കൂറാണെങ്കിൽ ആദ്യത്തെ 4 മണിക്കൂറിന്റെ മൂല്യം മാത്രമേ കൂലിയെന്ന പേരിൽ കൊടുക്കേണ്ടതുള്ളു. ബാക്കിയുള്ള 4 മണിക്കൂർ അധ്വാനത്തിന് മുതലാളി യാതൊരു പ്രതിഫലവും കൊടുക്കുന്നില്ല. മിച്ചമായ ഈ അധ്വാനത്തിന്റെ മൂല്യമാണ് മുതലാളിയുടെ ലാഭത്തിന്റെ അടിസ്ഥാനം. തുണി മുതലാളി യന്ത്രങ്ങൾക്കും പരുത്തി മുതലായ അസംസ്കൃതസാമഗ്രികൾക്കും കൂടി 8000 ക യും തൊഴിലാളികൾക്ക് കൂലി കൊടുക്കാൻ 2000 കയും ചെലവാക്കുന്നുവെന്നിരിക്കട്ടെ. തുണിവിറ്റാൽ 12000 ക കിട്ടുമെന്നും കരുതുക. മിച്ചമായി കിട്ടിയ 2000 ക പ്രതിഫലം കൊടുക്കാതെ തൊഴിലാളിയിൽ നിന്ന് വസൂലാക്കിയ അധ്വാനത്തിന്റെ ഫലമാണ്.

അപ്പോൾ മുതലാളിയുടെ ഫാക്ടറിയിൽ പണിയെടുത്തുകൊണ്ട് തൊഴിലാളി സൃഷ്ടിക്കുന്നത് തന്റെ അധ്വാനശക്തിയുടെ മൂല്യം മാത്രമല്ല, അതിനെക്കാൾ കവിഞ്ഞ മൂല്യമാണ്. ഇങ്ങനെ കൂടുതലായി ഉണ്ടാക്കപ്പെടുന്ന മൂല്യത്തിനു മിച്ചമൂല്യം എന്നു പറയുന്നു. മുതലാളി തൊഴിലാളിക്കു കൊടുക്കുന്ന കൂലി തൊഴിലാളിയുടെ അധ്വാനത്തിന്റെ മൂല്യമല്ല, അധ്വാനശക്തിയുടെ മൂല്യമാണ്. അധ്വാനശക്തിയുടെ മൂല്യവും അധ്വാനത്തിന്റെ മൂല്യവും തമ്മിലുള്ള വ്യത്യാസമാണ് മിച്ചമൂല്യം. തന്റെ അധ്വാനത്തിന്റെ ഒരു ഭാഗത്തിനു മാത്രമെ തൊഴിലാളിക്കു പ്രതിഫലം കിട്ടുന്നുള്ളു.

ബാക്കിയുള്ള ഭാഗം മുഴുവനും യാതൊരു പ്രതിഫലവും നൽകാതെ മുതലാളി തട്ടിയെടുക്കുന്നു. ഇതാണ് മുതലാളിത്ത വ്യവസ്ഥയിലെ ചൂഷണത്തിന്റെ അടിസ്ഥാനം. ഇതുതന്നെയാണ് മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വർഗസമരത്തിന്റെയും അടിസ്ഥാനം.

ഒരു ചരക്കിന്റെ മൂല്യം അതുണ്ടാക്കാനാവശ്യമായ അധ്വാനത്തെ ആശ്രയിച്ചിരിക്കുമെന്നു മുതലാളിത്ത ധനശാസ്ത്രജ്ഞൻമാരാണ് ആദ്യമായി കണ്ടുപിടിച്ചത്. വാസ്തവത്തിൽ നാടുവാഴിവ്യവസ്ഥയ്ക്കെതിരായ ഒരായുധമെന്ന നിലയ്ക്കാണ് അവരീ സിദ്ധാന്തം ആവിഷ്കരിച്ചത്. നാടുവാഴികൾ യാതൊരു പ്രതിഫലവും കൊടുക്കാതെയാണ് സ്വത്തു സമ്പാദിക്കുന്നതെന്നും അതുകൊണ്ട് അവർക്കു നിലനിൽക്കാനർഹതയില്ലെന്നും എല്ലാത്തിനും ശരിയായ വില കൊടുക്കുന്ന മുതലാളിത്തം മാത്രമാണ് പ്രകൃതിക്ക് യോജിച്ചതെന്നുമായിരുന്നു അവരുടെ വാദം. മാർക്സിസം ബൂർഷ്വാ ധനശാസ്ത്രജ്ഞൻമാരുടെ അതേ സിദ്ധാന്തത്തെ യുക്തിയുക്തമായി മുന്നോട്ടു കൊണ്ടുപോവുകയും തൊഴിലാളി നിർമ്മിക്കുന്ന മിച്ചമൂല്യത്തെ പ്രതിഫലം കൊടുക്കാതെ തട്ടിയെടുത്തുകൊണ്ടാണ് മുതലാളിക്ക് സ്വത്തു സമ്പാദിക്കാൻ സാധിക്കുന്നതെന്നു വ്യക്തമാക്കുകയും ചെയ്തു. പിന്നീടുണ്ടായ ബൂർഷ്വാ ധനശാസ്ത്രജ്ഞൻമാർ അധ്വാനമാണ് മൂല്യത്തിന്റെ അടിസ്ഥാനമെന്ന തങ്ങളുടെ പൂർവ്വികൻമാരുടെ സിദ്ധാന്തത്തെത്തന്നെ വലിച്ചെറിഞ്ഞതെന്തുകൊണ്ടാണെന്നു ഇതിൽനിന്നു മനസ്സിലാക്കാം.

## 7 മിച്ചമൂല്യം വർദ്ധിപ്പിക്കുന്നതെങ്ങനെ?

ഓരോ മുതലാളിയും കഴിയുന്നിടത്തോളമധികം മിച്ചമൂല്യം പിഴിഞ്ഞെടുക്കാൻ ശ്രമിക്കുന്നു. അതിനു രണ്ടുവഴികളാണുള്ളത്. ഒന്ന്, പ്രവൃത്തിസമയം വർദ്ധിപ്പിക്കുക. പ്രവൃത്തി സമയം 8 മണിക്കൂറായാലും 12 മണിക്കൂറായാലും അധ്വാനശക്തിയുടെ മൂല്യം 4 മണിക്കൂർ അധ്വാനം മാത്രമായിരിക്കും. പ്രവൃത്തിസമയം 12 മണിക്കൂറാണെങ്കിൽ മുതലാളിക്കു കിട്ടുന്ന മിച്ചം 8 മണിക്കൂറായിരിക്കും. ഇങ്ങനെ എത്രത്തോളമധികം പണിയെടുപ്പിക്കുന്നുവോ അത്രത്തോളമധികം മുതലാളിക്കു ലാഭമാണ്.

പക്ഷേ, ഇതിനു ചില ബുദ്ധിമുട്ടുകളുണ്ട്. ദിവസത്തിൽ 24 മണിക്കൂറും പണിയെടുപ്പിക്കണമെന്ന് മുതലാളിക്കാഗ്രഹമുണ്ടാവും. എന്നാലതു സാധിക്കുന്ന കാര്യമല്ല. ഭക്ഷണം കഴിക്കാനും കുറച്ചു വിശ്രമിക്കാനും തൊഴിലാളിക്കു സൗകര്യം കിട്ടിയില്ലെങ്കിൽ അയാൾ ഏറെത്താമസിയാതെ മരിച്ചുപോകും. അതുകൊണ്ട് പ്രവൃത്തിസമയം ഒരതിർത്തിയിലധികം വർധിപ്പിക്കാൻ മുതലാളിക്കു സാധ്യമല്ല.

മിച്ചമൂല്യം വർദ്ധിപ്പിക്കാനുള്ള രണ്ടാമത്തെ മാർഗ്ഗം ഉൽപാദനക്ഷമത കൂട്ടുകയാണ്. യന്ത്രങ്ങൾ പരിഷ്കരിക്കുന്തോറും ഉൽപാദനക്ഷമത വർദ്ധിക്കും. സാങ്കേതികാഭിവൃദ്ധിയുടെ ഫലമായി മുമ്പത്തേക്കാൾ കുറഞ്ഞ സമയംകൊണ്ട് ചരക്കുകളുണ്ടാക്കാമെന്നുവച്ചാൽ അധ്വാനശക്തിയുടെ മൂല്യം ചുരുങ്ങും. മുതലാളിക്ക് മിച്ചമായിക്കിട്ടുന്ന അധ്വാനം കൊണ്ട് കൂടുതൽ ചരക്കുകൾ നിർമ്മിക്കാൻ കഴിയും. അങ്ങനെയും കൂടുതൽ ലാഭമടിക്കാം.

പക്ഷേ, വലിയൊരു ബുദ്ധിമുട്ടുണ്ട്. മുതലാളിയുടെ ചൂഷണത്തെയും മർദ്ദനങ്ങളെയും നിശബ്ദമായി സഹിക്കാൻ തൊഴിലാളി തയ്യാറാവുകയില്ല. പ്രവൃത്തിസമയം വർദ്ധിപ്പിക്കണമെന്നാണ് മുതലാളിക്കാഗ്രഹമെങ്കിൽ, പ്രവൃത്തിസമയം ചുരുക്കണമെന്നാണ് തൊഴിലാളിക്ക്. അധ്വാനഭാരം വർദ്ധിപ്പിക്കാൻ മുതലാളി പരിശ്രമിക്കുമ്പോൾ അധ്വാനഭാരം ചുരുക്കികിട്ടാൻ വേണ്ടി തൊഴിലാളി പ്രക്ഷോഭം കൂട്ടുന്നു. മുതലാളിത്തം വളരുന്തോറും തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗ്ഗസമരവും

വളരുന്നു. മുതലാളിക്കെതിരായി തൊഴിലാളികൾ സംഘടിക്കുന്നു. ട്രയിഡ് യൂണിയനുകൾ ഉണ്ടാക്കുന്നു. പണിമുടക്കുകൾ സംഘടിപ്പിക്കുന്നു. ഇത്തരം സംരംഭങ്ങളിലൂടെ ജ്ഞാനവും ശക്തിയും നേടിക്കൊണ്ട് അവർ ക്രമത്തിൽ മുതലാളിത്തതിനെതിരായി വിപ്ലവത്തിനൊരുങ്ങുന്നു.

തൊഴിലാളികളുടെ ഒട്ടാകെയുള്ള അധ്വാനത്തിന്റെ ഫലമാണ് മുതലാളിയും തൊഴിലാളിയും തമ്മിൽ പങ്കിട്ടെടുക്കുന്നത്. തൊഴിലാളിക്കു നൽകപ്പെടുന്ന മൂല്യത്തിന്റെ തോതു കുറയ്ക്കണമെന്നു മുതലാളിയും വർദ്ധിപ്പിക്കണമെന്ന് തൊഴിലാളിയും ആഗ്രഹിക്കുന്നു. ഇങ്ങനെ തൊഴിലാളിയും മുതലാളിയും തമ്മിലുള്ള നിരന്തരമായ മത്സരത്തിന്റെ ഫലമായിട്ടാണ് കൂലിത്തോത് നിർണയിക്കപ്പെടുന്നത്.

തൊഴിലാളിക്കു സംഘടനയും ശക്തിയുമുണ്ടെങ്കിൽ മുതലാളിത്ത സമുദായത്തിൽതന്നെ തങ്ങളുടെ ജീവിതനിലവാരത്തെ തെല്ലൊന്നുയർത്താൻ കഴിഞ്ഞെന്നുവരും. പക്ഷേ, തരംകിട്ടുമ്പോൾ അത് വീണ്ടും ഇടിച്ചുതാഴ്ത്താൻ മുതലാളികൾ ശ്രമിക്കാതിരിക്കില്ല. അതിനാൽ, മുതലാളിത്തം നിലനിൽക്കുന്നിടത്തോളം തൊഴിലാളികൾക്ക് കൂലിവേലയിൽ നിന്നും ചൂഷണത്തിൽ നിന്നും മോചനമുണ്ടാവില്ല.

## 8 മുതലാളിത്ത ചൂഷണത്തിന്റെ പ്രത്യേകത:

മുതലാളി കമ്പനി നടത്തുന്നത് ജനങ്ങളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനല്ല, മിച്ചമൂല്യം സമ്പാദിക്കാനാണ്. മിച്ചമൂല്യം സൃഷ്ടിക്കുന്ന തൊഴിലാളിയുടെ അധ്വാനം ആവശ്യമായ (തൊഴിലാളിയുടെ അധ്വാനശക്തി നിലനിർത്താനാവശ്യമായ) അധ്വാനമെന്നും മിച്ചമായ അധ്വാനമെന്നും രണ്ടായി തരംതിരിക്കപ്പെടുന്നു. ആവശ്യമായ അധ്വാനത്തിന്റെ ഫലം മാത്രമാണ് കൂലിയെന്നപേരിൽ തൊഴിലാളിക്ക് ലഭിക്കുന്നത്. കൂലി എന്നത് മൂല്യത്തിന്റെ ഒരു രൂപഭേദം മാത്രമാണ്. അധ്വാനശക്തിയുടെ മൂല്യമാണ് കൂലിയുടെ രൂപം ധരിക്കുന്നത്. പുറമേ നിന്ന് നോക്കുമ്പോൾ അധ്വാനശക്തിയുടെ മൂല്യമല്ല, തൊഴിലാളിയുടെ മുഴുവൻ അധ്വാനത്തിന്റെയും മൂല്യമാണതെന്ന് തോന്നിപ്പോകും. ഇങ്ങനെ കൂലിവേല സമ്പ്രദായം മുതലാളിയുടെ ചൂഷണത്തിന്റെ യഥാർത്ഥസ്ഥിതിയെ മറച്ചുവെയ്ക്കുന്നു.

മുതലാളിത്തത്തിന് മുമ്പും ചൂഷണമുണ്ടായിരുന്നു. അടിമകളുടെ ഉടമസ്ഥൻമാർ അടിമകളെക്കൊണ്ട് പണിയെടുപ്പിക്കുകയും ജീവിതം പുലർത്താനാവശ്യമുള്ളതു മാത്രം അവർക്കു കൊടുത്ത് അവരുടെ മിച്ചമായ അധ്വാനഫലം മുഴുവൻ തട്ടിയെടുക്കുകയും ചെയ്തിരുന്നു. അതുപോലെ നാടുവാഴികളും കൃഷിക്കാരുടെ മിച്ചമായ അധ്വാനഫലമെല്ലാം അപഹരിച്ചെടുത്തിരുന്നു. എന്നാൽ, ഈ രണ്ടുതരം ചൂഷണങ്ങളും നഗ്നമായിരുന്നു. ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ തങ്ങൾക്ക് മറ്റുള്ളവരുടെ അധ്വാനഫലം കിട്ടാൻ അവകാശമുണ്ടെന്നായിരുന്നു അവരുടെ വാദം. നേരെമറിച്ച് മുതലാളിത്തത്തിൽ കീഴിലാവട്ടെ, ചൂഷണം അത്ര നഗ്നമല്ല. തക്കതായ പ്രതിഫലം കൊടുത്തിട്ടാണ് അധ്വാനം വാങ്ങുന്നതെന്നത്രെ മുതലാളിയുടെ വാദം. അധ്വാനത്തിന്റെ മുഴുവൻ മൂല്യവും കൊടുക്കുന്നുണ്ടെന്ന് തോന്നിക്കുവാനും അങ്ങനെ ചൂഷണത്തിന്റെ മീതെ ഒരു തിരശീലയിടാനും മുതലാളിക്ക് സാധിക്കുന്നു. മാർക്സ് ആ തിരശീല പിച്ചിച്ചീന്തി. അധ്വാനത്തിന്റെ മൂല്യമല്ല, അധ്വാനശക്തിയുടെ മൂല്യം മാത്രമാണ് മുതലാളി കൊടുക്കുന്നതെന്ന് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം മുതലാളിത്ത വ്യവസ്ഥിതിയിലുള്ള ചൂഷണത്തിന്റെ തൊലിയുരിച്ചുകാണിച്ചു. തൊഴിലാളിയിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന മിച്ചമൂല്യമാണ് മുതലാളിയുടെ ലക്ഷ്യമെന്ന് അദ്ദേഹം വെളിപ്പെടുത്തി.

## 9 ഉൽപാദനത്തിന്റെ പ്രേരകശക്തി

മുതലാളികൾ തൊഴിലാളികളെക്കൊണ്ട് കൂലിക്ക് പണിയെടുപ്പിക്കുന്നത് അധ്വാനമർപ്പിച്ച് മൂല്യങ്ങൾ സൃഷ്ടിക്കാൻവേണ്ടിയാണ്. തൊഴിലാളികൾ തങ്ങൾക്ക് കിട്ടുന്ന കൂലിയേക്കാൾ എത്രത്തോളമധികം മൂല്യം സൃഷ്ടിക്കുന്നുവോ അത്രത്തോളമായിരിക്കും മുതലാളിക്കും കിട്ടുന്ന മിച്ചമൂല്യം.

മുതലാളിത്തത്തിനു മുമ്പുണ്ടായിരുന്ന സാധാരണ ചരക്കുനിർമ്മാണത്തിൽ ഉല്പാദകൻ തന്റെ സ്വന്തം ഉല്പാദനോപകരണങ്ങളിൽ തന്റെ സ്വന്തം അധ്വാനശക്തിയുപയോഗിച്ചാണ് ചരക്കുകൾ നിർമ്മിച്ചിരുന്നത്. നേരെമറിച്ച് മുതലാളിത്തത്തിൽ ഉല്പാദനം നടത്തുന്ന തൊഴിലാളിയുടെ അധ്വാനശക്തി മുതലാളിയുടെ നിയന്ത്രണത്തിലാണ്. തൊഴിലാളി കൂലിക്കുവേണ്ടി മുതലാളിയുടെ കമ്പനിയിലാണ് പണിയെടുക്കുന്നത്. അതിനാൽ അയാളുടെ അധ്വാനത്തിന്റെ ഫലവും മുതലാളിയുടെ സ്വകാര്യസ്വത്താണ്. സാധാരണ ചരക്കുനിർമ്മാണവ്യവസ്ഥയിലെ കൈമാറ്റനിയമം മുതലാളിത്തത്തിന്റെ കൈമാറ്റനിയമമായി മാറുന്നു. തൊഴിലാളിയുണ്ടാക്കുന്ന സാധനങ്ങളുടെ മൂല്യത്തിലല്ല, മിച്ചമൂല്യത്തിലാണ് മുതലാളിക്ക് താൽപര്യമുള്ളത്. സാധാരണ ചരക്കുനിർമ്മാണവ്യവസ്ഥയിൽ അധ്വാനശക്തിയുടെ ഉപയോഗം ചരക്കുൽപാദനമാണ്. മുതലാളിത്തവ്യവസ്ഥയിലാകട്ടെ അധ്വാനശക്തിയുടെ ഉപയോഗം മിച്ചമൂല്യമുണ്ടാക്കലാണ്. മിച്ചമൂല്യത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലാണ് മുതലാളിത്ത സമുദായത്തിൽ ഉൽപാദനത്തിനു പ്രചോദനം നൽകുന്നത്. എവിടെയാണോ കൂടുതൽ മിച്ചമൂലം ലഭിക്കുക, അവിടെയാണ് മുതലാളി മൂലധനമിറക്കുക. എന്തുൽപാദിപ്പിക്കണമെന്നും എത്ര ഉൽപാദിപ്പിക്കണമെന്നും തീരുമാനിക്കുന്നത് എത്ര മിച്ചമൂല്യം കിട്ടുമെന്ന് നോക്കീട്ടാണ്. സ്റ്റാലിൻ പറയുന്നു:

> "മുതലാളിത്തത്തിന്റെ അടിസ്ഥാനം സാമ്പത്തിക നിയമമെന്നു പറയുന്നതിനോട് ഏറ്റവും അടുത്തുനിൽക്കുന്നത് മിച്ചമൂല്യത്തിന്റെ നിയമമാണ്; അതായത് മുതലാളിത്തത്തിലെ ലാഭത്തിന്റെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും നിയമമാണ്. അതാണ് യഥാർത്ഥത്തിൽ മുതലാളിത്തോൽപ്പാദനത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളെ നിർണ്ണയിക്കുന്നത്."

(സ്റ്റാലിൻ: സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നം, പേജ് 41).

## 10 സോഷ്യലിസത്തിൽ മിച്ചമൂല്യമുണ്ടോ?

സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ കൂലിവേലയുടെ ബന്ധങ്ങളല്ല നിലനിൽക്കുന്നത്. തൊഴിലാളികൾ കൂലിവേലക്കാരല്ല, ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരാണ്. അതുകൊണ്ട് അവർ തങ്ങളുടെ അധ്വാനശക്തി മറ്റാർക്കും വിൽക്കുന്നില്ല, അവർ ചൂഷണം ചെയ്യപ്പെടുന്നില്ല. സ്റ്റാലിൻ എഴുതുന്നു:

"തൊഴിലാളി വർഗ്ഗത്തിന്റെ മേൽ നടത്തപ്പെടുന്ന ചൂഷണത്തിന്റെ ഉറവിടത്തെ — അതായതു മിച്ചമൂല്യത്തെ — വ്യക്തമാക്കുവാനും ഉല്പാദനോപകരണങ്ങളില്ലാത്ത തൊഴിലാളിവർഗ്ഗത്തിനു മുതലാളിത്തത്തെ തട്ടിത്തകർക്കാനുള്ള ആശയപരമായ ആയുധം നൽകാനും വേണ്ടിയാണ് മാർക്സ് മുതലാളിത്തത്തെ വിശകലനം ചെയ്തത്. ഇതിൽ മുതലാളിത്ത ബന്ധങ്ങൾക്ക് തികച്ചും അനുയോജ്യമായ പദപ്രയോഗങ്ങളാണ് മാർക്സ് സ്വീകരിച്ചത്. ഇത് സ്വാഭാവികമാണ്. എന്നാൽ,

ഇപ്പോൾ തൊഴിലാളിവർഗം അധികാരശക്തിയിൽ നിന്നും ഉൽപാദനോപകരണങ്ങളിൽ നിന്നും വഞ്ചിക്കപ്പെട്ടുകിടക്കുകയല്ല; നേരെമറിച്ച് അധികാരശക്തിയും ഉല്പാദനോപകരണങ്ങളുടെമേലുള്ള നിയന്ത്രണവും കൈവശപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഈ ഘട്ടത്തിൽ ആ പദപ്രയോഗങ്ങൾ സ്വീകരിക്കുകയെന്നത്, ഏറ്റവും മിതമായി പറഞ്ഞാൽ, വിചിത്രമായിരിക്കുന്നു. അധ്വാനശക്തി ഒരു ചരക്കാണെന്നും തൊഴിലാളികളെ 'കൂലിക്കു പണിയെടുപ്പിക്കുന്നു'വെന്നും മറ്റും നമ്മുടെ സാമൂഹ്യവ്യവസ്ഥയിൽ ഇന്നു പറയുന്നത് അസംബന്ധമായി തോന്നുന്നു. ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻമാരായ തൊഴിലാളികൾ തങ്ങളെത്തന്നെ കൂലിക്കുകൊടുക്കുകയും തങ്ങളുടെ അധ്വാനശക്തി തങ്ങൾക്കുതന്നെ വിൽക്കുകയും ചെയ്യുന്നു എന്നു തോന്നിപ്പോകുന്നു! 'ആവശ്യവും' 'മിച്ചവുമായ' അധ്വാനത്തെപ്പറ്റി ഇന്നു പറയുന്നതും അതുപോലെതന്നെ വിചിത്രമാണ്. അതുകേട്ടാൽ നമ്മുടെ ഇന്നത്തെ പരിതഃസ്ഥിതികളിൽ ഉൽപാദനം വികസിപ്പിക്കുവാനും വിദ്യാഭ്യാസവും ആരോഗ്യവും അഭിവൃദ്ധിപ്പെടുത്തുവാനും രാജ്യരക്ഷ സംഘടിപ്പിക്കുവാനും വേണ്ടി തൊഴിലാളികൾ സമുദായത്തിനു സംഭാവനചെയ്യുന്ന അധ്വാനം ഇപ്പോൾ അധികാരത്തിലിരിക്കുന്ന അവർക്ക് തങ്ങളുടെയും തങ്ങളുടെ കുടുംബത്തിന്റെയും വ്യക്തിപരമായ ആവശ്യങ്ങൾക്കായി ചെലവിടേണ്ടിവരുന്ന അദ്ധ്വാനം പോലെ തന്നെ ആവശ്യമുള്ളതല്ലയോ എന്നു തോന്നിപ്പോകും.

തന്റെ 'ഗോഥാ പരിപാടിയുടെ വിമർശന'ത്തിൽ — അതിൽ മുതലാളിത്തത്തെ മാത്രമല്ല മറ്റു കാര്യങ്ങളെയും അതോടൊപ്പം കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ പ്രാരംഭഘട്ടത്തെയുമാണ് അദ്ദേഹം വിശകലനം ചെയ്യുന്നത്. ഉൽപാദനം വികസിപ്പിക്കുവാനും വിദ്യാഭ്യാസവും ആരോഗ്യവും അഭിവൃദ്ധിപ്പെടുത്തുവാനും ഭരണച്ചെലവുകൾക്കും റിസർവുകളുണ്ടാക്കുന്നതിനും മറ്റുമായി സമുദായത്തിനു സംഭാവന നൽകപ്പെടുന്ന അധ്വാനം തൊഴിലാളിവർഗ്ഗത്തിന്റെ ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവഴിക്കപ്പെടുന്ന അധ്വാനം പോലത്തന്നെ ആവശ്യമുള്ളതാണെന്ന് മാർക്സ് അംഗീകരിക്കുന്നുണ്ട് എന്നുകൂടി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്." (സ്റ്റാലിൻ: സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പേജ് 18-19).

## II

തൊഴിലാളിയുടെ അധ്വാനശക്തിയിൽ നിന്നാണ് മിച്ചമൂല്യമുണ്ടാക്കുന്നതെന്നു നമ്മൾ കണ്ടുകഴിഞ്ഞു. പക്ഷേ, മിച്ചമൂല്യമുണ്ടാകണമെങ്കിൽ അധ്വാനശക്തി മാത്രം പോരാ, അധ്വാനശക്തിയുപയോഗിക്കാനുള്ള യന്ത്രങ്ങൾ, അസംസ്കൃത സാമഗ്രികൾ മുതലായവ കൂടി വേണം. ഉൽപാദനത്തിന്റെ ഗതിക്രമത്തിലൂടെ അവയുടെയെല്ലാം മൂല്യങ്ങൾ ചരക്കുകളുടെ മൂല്യങ്ങളായി പരിണമിക്കുന്നു.

ഒട്ടാകെയുള്ള മൂലധനത്തിന്റെ ഒരു ഭാഗത്തിന്റെ അതായത്, യന്ത്രങ്ങളുടെ — –മൂല്യം കുറേശെകുറേശെയായിട്ടാണ് ചരക്കുകളിലേക്കു പ്രവേശിക്കുന്നത്! ഒരു യന്ത്രം 10 കൊല്ലം നിലനിൽക്കുമെങ്കിൽ ഓരോ കൊല്ലവും അതിന്റെ മൂല്യത്തിന്റെ പത്തിലൊരു ഭാഗം മാത്രമാണ് ചരക്കുകളിലേക്ക് സംക്രമിക്കുന്നത്. നേരെമറിച്ച്, അസംസ്കൃതസാമഗ്രികൾ ഉൽപാദനത്തിൽ ഒരു പ്രാവശ്യം മാത്രമെ ഉപയോഗിക്കപ്പെടുന്നുള്ളു. അതോടെ അവയുടെ രൂപം മാറുകയും അവയുടെ മൂല്യം മുഴുവനും പുതിയ ചരക്കിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു.

പക്ഷേ, യന്ത്രമാകട്ടെ, അസംസ്കൃതസാമഗ്രികളാകട്ടെ, സ്വന്തം മൂല്യങ്ങൾ ചരക്കുകളിലേക്കു സംക്രമിപ്പിക്കുകയല്ലാതെ പുതിയ മൂല്യങ്ങളൊന്നും സൃഷ്ടിക്കുന്നില്ല. മൂല്യത്തിൽ ഏറ്റക്കുറച്ചിലൊന്നും സംഭവിക്കാതെയാണവ രൂപാന്തരപ്പെടുന്നത്. അവയുടെ മൂല്യങ്ങൾ മാറ്റാതെ സ്ഥിരമായി നിൽക്കുന്നു. അതുകൊണ്ടാണ് ഫാക്ടറി, കെട്ടിടങ്ങൾ, യന്ത്രങ്ങൾ, അസംസ്കൃത സാമഗ്രികൾ, കൽക്കരി, എണ്ണ മുതലായവയടങ്ങിയ മൂലധനവിഭാഗത്തിനു മാർക്സ് സ്ഥിരമൂലധനം അല്ലെങ്കിൽ മാറാത്ത മൂലധനം എന്നു പേരിട്ടിട്ടുള്ളത്.

മൂലധനത്തിന്റെ ബാക്കിഭാഗം — അതായത് അധ്വാനശക്തിക്കുവേണ്ടി നീക്കിവയ്ക്കുന്ന ഭാഗം മാറുന്നുണ്ട്. ഉൽപാദനത്തിനിടയിൽ അതിന്റെ മൂല്യം വർദ്ധിക്കുന്നുണ്ട്. അധ്വാനശക്തി അതിന്റെ സ്വന്തം മൂല്യം ചരക്കിലേയ്ക്ക് സംക്രമിപ്പിക്കുക മാത്രമല്ല, പുതിയ മൂല്യം — മിച്ചമൂല്യം — സൃഷ്ടിക്കുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് മൂലധനത്തിന്റെ ഈ വിഭാഗത്തിന് വർദ്ധമാന മൂലധനം അല്ലെങ്കിൽ മാറുന്ന മൂലധനം എന്ന് മാർക്സ് പേരിട്ടിട്ടുള്ളത്.

സ്ഥിരമൂലധനത്തിന്റെ സഹായത്തോടുകൂടി മാത്രമാണ് തൊഴിലാളിയുടെ അധ്വാനശക്തി ഉപയോഗിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ സ്ഥിരമൂലധനമില്ലാതെ മിച്ചമൂലധനമുണ്ടാക്കാനാവില്ലെന്നു പറയാം. പക്ഷേ, സ്ഥിരമൂലധനമല്ല, വർദ്ധമാന മൂലധനമാണ് (തൊഴിലാളിയുടെ അധ്വാനശക്തിയാണ്) മിച്ചമൂല്യം സൃഷ്ടിക്കുന്നത്.

അങ്ങനെ തൊഴിലാളി യന്ത്രങ്ങൾ, അസംസ്കൃത സാമഗ്രികൾ മുതലായവയിലടങ്ങിയ സ്ഥിരമൂലധനത്തിന്റെ മൂല്യത്തോടു പുതിയ മൂല്യം കൂട്ടിച്ചേർക്കുന്നു. തൊഴിലാളി സൃഷ്ടിക്കുന്ന മൂല്യത്തിന് രണ്ടു ഭാഗങ്ങളുണ്ട്. വർത്തമാന മൂലധനത്തിന്റെ മൂല്യവും മിച്ചമൂല്യവും. മിച്ചമൂല്യത്തിനാണ് മുതലാളി ലാഭമെന്നു പറയുന്നത്. ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥനായ മുതലാളി യാതൊരു പ്രതിഫലവും കൊടുക്കാതെ മിച്ചമൂല്യം തട്ടിയെടുക്കുന്നു.

മിച്ചമൂല്യവും വർദ്ധമാന മൂലധനവും തമ്മിലുള്ള ബന്ധത്തിനു മാർക്സ് മിച്ചമൂല്യത്തിന്റെ തോത് എന്നു പറയുന്നു. സ്ഥിരമൂലധനം, 300 കയും വർദ്ധമാന മൂലധനം അതായത് അധ്വാനശക്തിയുടെ മൂല്യം, 200 കയും മിച്ചമൂല്യം 100 കയുമാണെങ്കിൽ മിച്ചമൂല്യത്തോത് 100/200 അല്ലെങ്കിൽ 50 ശതമാനമായിരിക്കും. ചൂഷണത്തിന്റെ ആധിക്യത്തിനനുസരിച്ച് മിച്ചമൂല്യത്തിന്റെ തോതും വർദ്ധിക്കും. ഒട്ടാകെയുള്ള മൂലധനത്തിൽ വർദ്ധമാന മൂലധനത്തിനു വേണ്ടി നീക്കിവയ്ക്കുന്ന ഭാഗം ചുരുക്കിയും തൊഴിലാളിയുടെ അധ്വാനസമയം വർദ്ധിപ്പിച്ചും അധ്വാനത്തിന്റെ കാഠിന്യം കൂട്ടിയും അതുപോലെ മറ്റുവഴികളുപയോഗിച്ചും മിച്ചമൂല്യത്തോത് വർദ്ധിപ്പിക്കാനാണ് മുതലാളി ശ്രമിക്കുന്നത്.

സ്ഥിരമൂലധനത്തെയും വർദ്ധമാനമൂലധനത്തേയും വേർതിരിച്ചുകൊണ്ടു മിച്ചമൂല്യത്തിന്റെ ഉറവിടത്തെ വെളിപ്പെടുത്തുന്ന മാർക്സിന്റെ ഈ വിശകലനരീതി മുതലാളിത്തത്തിന്റെ ചൂഷണത്തെ നഗ്നമായി തുറന്നുകാണിക്കുന്നു. അതുകൊണ്ട് മുതലാളികൾ ഈ വിഭജനരീതി സ്വീകരിക്കാറില്ല. സ്ഥിരമൂലധനമെന്നും വർദ്ധമാനമൂലധനമെന്നുമുള്ള വിഭജനത്തെ അവരംഗീകരിക്കുന്നില്ല. മിച്ചമൂല്യം എങ്ങനെയുണ്ടാകുന്നു എന്നല്ല, തങ്ങൾക്ക് എന്തുലാഭം കിട്ടുന്നു എന്നു മാത്രമാണവർ നോക്കുന്നത്. തൊഴിലാളികൾക്ക് കൊടുക്കുന്ന കൂലിയും യന്ത്രങ്ങൾക്കു ചെലവിടുന്ന സംഖ്യയും തമ്മിലുള്ള ബന്ധമെന്തന്നല്ല. ആകെയുള്ള ഉൽപാദനച്ചെലവിനേക്കാൾ എന്തുകൂ

ടുതൽ കിട്ടി എന്നാണവർ കണക്കുകൂട്ടുന്നത്. ഇങ്ങിനെ കൂടുതലായി കിട്ടുന്ന സംഖ്യക്ക് അവർ പേരിടുന്നതോ മിച്ചമൂല്യമെന്നല്ല, ലാഭമെന്നാണ്.

ഇപ്രകാരം തൊഴിലാളികളെ ചൂഷണം ചെയ്തുണ്ടാക്കപ്പെടുന്ന മിച്ചമൂല്യം വർദ്ധമാനമൂലധനത്തിൽ നിന്നുണ്ടാകുന്ന മൂല്യമായിട്ടല്ല, ഒട്ടാകെയുള്ള ഉൽപാദനച്ചെലവ് കഴിച്ചുള്ള ലാഭമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. മുതലാളി തന്റെ ആദായം കണക്കാക്കുന്നത് മിച്ചമൂല്യത്തിന്റെ തോതു നോക്കിയിട്ടല്ല. ലാഭത്തിന്റെ തോതു നോക്കിയിട്ടാണ്. ഒട്ടാകെയുള്ള മൂലധനവും മിച്ചമൂല്യവും തമ്മിലുള്ള ബന്ധത്തിനാണ് ലാഭത്തോത് എന്നുപറയുന്നത്. സ്ഥിരമൂലധനം 300 കയും അസ്ഥിരമൂലധനം 200 ക.യും മിച്ചമൂല്യം 100 ക.യും ആണെങ്കിൽ ലാഭത്തോത് 100/300+200=100/50 അല്ലെങ്കിൽ 20 ശതമാനമായിരിക്കും.

മിച്ചമൂല്യത്തിന്റെ തോതും ലാഭത്തിന്റെ തോതും തമ്മിലുള്ള വ്യത്യാസം നിങ്ങൾ ശ്രദ്ധിച്ചുവോ? തൊഴിലാളിയെ ചൂഷണം ചെയ്തു കിട്ടിയ മിച്ചമൂല്യത്തെ വർദ്ധമാനമൂലധനവുമായി ബന്ധപ്പെടുത്തിയപ്പോൾ 50 ശതമാനമുണ്ടായിരുന്നു. അതേ മിച്ചമൂല്യത്തെ ഒട്ടാകെയുള്ള മൂലധനവുമായി ബന്ധപ്പെടുത്തിയപ്പോൾ 20 ശതമാനം മാത്രമേയുള്ളൂ. ഒട്ടാകെയുള്ള മൂലധനം അതിന്റെ ഒരു ഭാഗം മാത്രമായ വർദ്ധമാനമൂലധനത്തേക്കാൾ കൂടുതലായതുകൊണ്ട് ലാഭത്തോത് എല്ലായ്പ്പോഴും മിച്ചമൂല്യത്തോതിനേക്കാൾ കുറവായിരിക്കും. മിച്ചമൂല്യത്തിന്റെ തുകയും ലാഭത്തിന്റെ തുകയും സമമാണ്. രണ്ടും 100 ക.യാണ്. മിച്ചമൂല്യം തന്നെയാണല്ലോ ലാഭം. എന്നിട്ടും മിച്ചമൂല്യത്തിന്റെ തോതും ലാഭത്തിന്റെ തോതും വ്യത്യസ്തങ്ങളായിത്തീരുന്നു. ലാഭത്തോതു മിച്ചമൂല്യത്തോതിനെക്കാൾ കുറവായിത്തീരുന്നു.

ഇവിടെ ഒരു ചോദ്യമുൽഭവിക്കുന്നു. വർദ്ധമാനമൂലധനത്തെ ആശ്രയിച്ചാണ് മിച്ചമൂല്യം അല്ലെങ്കിൽ ലാഭം സൃഷ്ടിക്കപ്പെടുന്നതെങ്കിൽ വർദ്ധമാനമൂലധനം താരതമ്യേന കൂടുതലായുള്ള വ്യവസായങ്ങളിൽ നിന്നു കൂടുതൽ ലാഭം ഉണ്ടാകേണ്ടതല്ലേ? ചില വ്യവസായങ്ങളിൽ വർദ്ധമാന മൂലധനം താരതമ്യേന കുറവും മറ്റു ചിലവയിൽ കൂടുതലുമായിരിക്കും. തീവണ്ടി എഞ്ചിനുകൾ നിർമ്മിക്കുന്ന ഫാക്ടറിക്കും സോപ്പുണ്ടാക്കുന്ന ഫാക്ടറിക്കും ഒരേ തോതിലുള്ള സ്ഥിര മൂലധനവും ഒരേതോതിലുള്ള അസ്ഥിരമൂലധനവുമല്ല ഉണ്ടായിരിക്കുക. സ്ഥിരമൂലധനവും വർദ്ധമാനമൂലധനവും തമ്മിലുള്ള ബന്ധം തുല്യമായിരിക്കുകയില്ല. ഈ ബന്ധത്തിനാണ് മാർക്സ് മൂലധന ഘടന എന്നുപറയുന്നത്. യന്ത്രവ്യവസായത്തിന്റെ മൂലധനഘടന കൂടുതൽ വലുതായിരിക്കും. എന്നുവെച്ചാൽ, അതിൽ വർദ്ധമാനമൂലധനത്തെ അപേക്ഷിച്ച് സ്ഥിരമൂലധനം കൂടുതലായിരിക്കും. സ്ഥിര മൂലധനം കൂടുതലും വർദ്ധമാനമൂലധനം കുറവുമാകുമ്പോൾ ലാഭത്തോതും കുറയില്ലേ? വർദ്ധമാനമൂലധനത്തിന്റെ തോതു കുറയുമ്പോൾ ചൂഷണത്തിന്റെ തോതു കുറയാതിരിക്കുമോ? നമുക്കു നോക്കാം.

## 11 ശരാശരി ലാഭം

എഞ്ചിനുണ്ടാക്കുന്ന മുതലാളിയും സോപ്പുണ്ടാക്കുന്ന മുതലാളിയും രണ്ടുപേരും ഒട്ടാകെയിറക്കുന്ന മൂലധനം 10,000 ക. വീതമാണെന്നിരിക്കട്ടെ. (ഇതൊരുദാഹരണം മാത്രമാണ്. ലക്ഷം കയോ 10 ലക്ഷം ക.യോ എത്രവേണമെങ്കിലുമാവാം.) എഞ്ചിൻ വ്യവസായത്തിൽ സ്ഥിരമൂലധനം 800 ക.യും വർദ്ധമാനമൂലധനം 2000 കയും ആണെന്നും സോപ്പുവ്യവസായത്തിൽ സ്ഥിരമൂലധനം 6000 ക.യും വർധമാന മൂലധനം 4000 ക.യുമാണെന്നു വിചാരിക്കുക. രണ്ട് വ്യവസായങ്ങളിലും ചൂഷണത്തിന്റെ തോത് അതായത് മിച്ചമൂല്യത്തോത്, 100 ശതമാനമാണെന്നിരിക്കട്ടെ. അങ്ങ

നെയാണെങ്കിൽ എഞ്ചിൻ വ്യവസായത്തിൽ ഉണ്ടാകുന്ന മിച്ചമൂല്യത്തിന്റെ തുക 2000 ക.യും സോപ്പുവ്യവസായത്തിലുണ്ടാകുന്ന മിച്ചമൂല്യത്തിന്റെ തുക 4000 ക.യുമായിരിക്കും. കണക്ക് കൂട്ടാനുള്ള സൗകര്യത്തിനു വേണ്ടി സ്ഥിരമൂലധനത്തിന്റെ മൂല്യം മുഴുവനും ഒരു കൊല്ലംകൊണ്ടുതന്നെ ചരക്കുകളുടെ മൂല്യത്തിലേക്ക് സംക്രമിക്കുന്നുവെന്ന് വിചാരിക്കുക. എന്നാൽ ഒന്നാമത്തെ വ്യവസായത്തിൽ ഒരു കൊല്ലത്തിൽ ആകെ ഉൽപാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെ മൂല്യം 8000 + 2000 + 2000 = 12000 ക.യും രണ്ടാമത്തെ വ്യവസായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെ മൂല്യം 6000 + 4000 + 4000 = 14000 ക.യുമായിരിക്കും. ചരക്കുകളുടെ മൂല്യത്തിന് തന്നെയാണ് വിൽപന നടക്കുന്നതെങ്കിൽ എഞ്ചിൻ മുതലാളിക്ക് 2000 ക.യും സോപ്പ് മുതലാളിക്ക് 4000 ക.യും ലാഭം കിട്ടും. ലാഭത്തോതിലാകട്ടെ എഞ്ചിൻ മുതലാളിയുടേത് 20 ശതമാനവും സോപ്പു മുതലാളിയുടേത് 40 ശതമാനവുമായിരിക്കും.

യന്ത്രമുതലാളിയും സോപ്പുമുതലാളിയും രണ്ടുപേരും ഒട്ടാകെ ഇറക്കുന്ന മൂലധനം സമമാണ്. എന്നിട്ടും, മൂലധനഘടനയിലുള്ള വ്യത്യാസം കാരണം യന്ത്രമുതലാളിയുടെ ലാഭത്തോത് സോപ്പുമുതലാളിയുടെ ലാഭത്തോതിനേക്കാൾ കുറവാണ്. ഇത് പ്രായോഗികമാണോ? സംഭവ്യമാണോ?

ഇതു പ്രായോഗികവുമല്ല, സംഭവ്യവുമല്ല. കാരണം സോപ്പുവ്യവസായത്തിലെ ലാഭത്തോത് കൂടുതലാണെങ്കിൽ നമ്മുടെ യന്ത്രമുതലാളി സാധിക്കുമെങ്കിൽ, യന്ത്രക്കമ്പനിയിൽ നിന്ന് തന്റെ മൂലധനമെല്ലാം വീണ്ടുമെടുത്ത് സോപ്പുവ്യവസായത്തിൽ നിക്ഷേപിക്കും. തന്റെ ചരക്കിന്റെ ഗുണവും ഉപയോഗവും ഓർത്തിട്ടല്ല, ലാഭം കിട്ടണമെന്നുള്ളതുകൊണ്ടാണ് അയാൾ കമ്പനി നടത്തുന്നത്. ലാഭത്തോത് കൂടുതലുള്ളതുകൊണ്ട് സോപ്പുവ്യവസായത്തിലേക്ക് കൂടുതൽ മൂലധനമാകർഷിക്കപ്പെടുന്നു. അങ്ങനെ സോപ്പുമുതലാളികളുടെ എണ്ണമെന്നപോലെ സോപ്പിന്റെ ഉൽപാദനവും വർദ്ധിക്കുകയും അതിന്റെ ഫലമായി, സപ്ലൈയുടെയും ഡിമാൻറിന്റെയും നിയമമനുസരിച്ച്, സോപ്പിന്റെ മാർക്കറ്റ് വില കുറയുകയും ചെയ്യുന്നു. സോപ്പിന്റെ വില കുറയുന്തോറും സോപ്പുമുതലാളിയുടെ ലാഭത്തോതും കുറയുമെന്ന് പറയേണ്ടതില്ലല്ലോ. എഞ്ചിൻ വ്യവസായത്തിലാകട്ടെ, നേരെമറിച്ച്, യന്ത്രങ്ങളുടെ ഉൽപാദനം കുറയുകയും തൻമൂലം ഡിമാൻറിനനുസരിച്ചുള്ള സപ്ലൈ ഇല്ലാതാവുകയും അതിന്റെ ഫലമായി അവയുടെ മാർക്കറ്റുവില വർദ്ധിക്കുകയും ചെയ്യും. യന്ത്രങ്ങളുടെ വില വർദ്ധിക്കുമ്പോൾ യന്ത്രമുതലാളിയുടെ ലാഭത്തോതും വർധിക്കാൻ തുടങ്ങും. ലാഭത്തോതു വർദ്ധിക്കുമ്പോൾ യന്ത്രവ്യവസായത്തിലേക്ക് മൂലധനം വീണ്ടും പ്രവഹിക്കാൻ തുടങ്ങുകയും ചെയ്യും.

ഇതു മുതലാളിത്തോൽപ്പാദനവ്യവസ്ഥയുടെ ഒരനിവാര്യമായ സവിശേഷതയാണ്. ലാഭത്തിനുവേണ്ടി മുതലാളികൾ പരസ്പരം മത്സരിക്കുന്ന ഒരു സമുദായത്തിൽ ഏതു വ്യവസായത്തിലാണോ കൂടുതൽ ലാഭം കിട്ടുക, ആ വ്യവസായത്തിലേക്കു മൂലധനം ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കും. ഇങ്ങനെ മുതലാളികൾ തമ്മിൽ തമ്മിലുള്ള മത്സരത്തിന്റെയും ഒരു വ്യവസായത്തിൽ നിന്നു മറ്റൊരു വ്യവസായത്തിലേക്കുള്ള മൂലധനപ്രവാഹത്തിന്റെയും ഫലമായി, മൂലധന ഘടകങ്ങളിലുള്ള വ്യത്യാസമെന്തുതന്നെയായാലും സമമായ മൂലധനത്തിന് സമമായ ലാഭത്തോത് എന്ന നിലയുളവായിത്തീരുന്നു. വിവിധ വ്യവസായങ്ങളിൽ കിട്ടുന്ന ലാഭങ്ങൾക്ക് ഒരു പൊതുനിലവാരം — ശരാശരി ലാഭത്തോത് — ഉണ്ടായിത്തീരുന്നു.

മാർക്സ് വിവരിക്കുന്നു:

"വ്യത്യസ്ത വ്യവസായശാലകളിൽ നിക്ഷേപിക്കപ്പെടുന്ന മൂലധനങ്ങളുടെ ഘടന വ്യത്യസ്തങ്ങളായതുകൊണ്ടും ഒട്ടാകെയുള്ള ഈ മൂലധനങ്ങളുടെ വർധമാനമായ വിഭാഗങ്ങൾ വ്യത്യസ്ത അളവിലുള്ള അധ്വാനത്തെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതുകൊണ്ടും ഈ മൂലധനങ്ങൾ വ്യത്യസ്ത അളവിലുള്ള മിച്ചാധ്വാനത്തെയാണ് തട്ടിയെടുക്കുന്നത്. അതായത് അവ വ്യത്യസ്ത അളവിലുള്ള മിച്ചമൂല്യങ്ങളെയാണ് സൃഷ്ടിക്കുന്നത്. അതിന്റെ ഫലമായി, വ്യത്യസ്ത വ്യവസായശാലകളുടെ ലാഭത്തോതുകൾ പ്രാഥമികമായും വളരെ വ്യത്യസ്തങ്ങളായിരിക്കും. മത്സരങ്ങളുടെ ഫലമായി ഈ വ്യത്യസ്തലാഭനിരക്കുകൾ ഒരു പൊതുലാഭത്തോതിലേക്ക് സമീകരിക്കപ്പെടുന്നു. എല്ലാ പ്രത്യേക ലാഭനിരക്കുകളുടെയും ഒരു ശരാശരിയാണത്. ഈ ശരാശരി ലാഭത്തോതനുസരിച്ച് ഏതെങ്കിലുമൊരു വ്യവസായത്തിന്, അതിന്റെ മൂലധനഘടന എന്തുതന്നെയായിക്കൊള്ളട്ടെ, നീക്കിവയ്ക്കപ്പെടുന്ന ലാഭത്തിനാണ് ശരാശരി ലാഭം എന്നു പറയുന്നത്."

(ക്യാപിറ്റൽ, വാള്യം 3, പേജ് 186)

## III

മുതലാളിത്തവ്യവസ്ഥിതിയിൽ ചരക്കുൽപ്പാദനത്തിനു മൂന്നു ഘട്ടങ്ങളുണ്ട്. 1. മുതലാളി പണം കൊടുത്ത് യന്ത്രങ്ങളും അസംസ്കൃത സാമഗ്രികളും തൊഴിലാളികളുടെ അധ്വാനശക്തിയും വാങ്ങുന്നു. 2. കമ്പനിക്കുള്ളിൽ ചരക്കുകൾ ഉൽപാദിപ്പിക്കപ്പെടുന്നു. 3. ഉൽപാദിപ്പിച്ച ചരക്കുകൾ വിറ്റഴിച്ച് വീണ്ടും പണമാക്കി മാറ്റുന്നു. ഇതിലെവിടെയെങ്കിലും തടസം വന്നാൽ പറ്റില്ല. ദിവസേന ഈ ഗതിക്രമം തുടർന്നുപോകണം. ഉൽപാദിപ്പിക്കപ്പെട്ട ചരക്കുകൾ വിറ്റഴിക്കുക എന്നത് പ്രധാനമാണ്.

### 12 മിച്ചമൂല്യം പങ്കിടൽ

പണ്ടൊക്കെ കൈവേലക്കാർ താന്താങ്ങളുണ്ടാക്കിയ ചരക്കുകൾ താന്താങ്ങൾ തന്നെ മാർക്കറ്റിൽ കൊണ്ടുപോയി വിൽക്കുകയാണ് ചെയ്തിരുന്നത്. വ്യവസായങ്ങൾ വളർന്നുകഴിഞ്ഞിട്ടുള്ള മുതലാളിത്ത വ്യവസ്ഥയിൽ ഇതു സാധ്യമല്ല. വിൽപനയുടെ കാര്യം മറ്റുവല്ലവരും ഏറ്റെടുക്കുകയാണെങ്കിൽ മാത്രമേ മുതലാളിക്ക് തന്റെ മുഴുവൻ ശ്രദ്ധയും ഉല്പാദനത്തിൽ കേന്ദ്രീകരിക്കാൻ കഴിയൂ. ഇതാണ് കച്ചവടക്കാരനുള്ള പ്രാധാന്യം. വ്യവസായ മുതലാളികൾ നിർമ്മിക്കുന്ന ചരക്കുകൾ കച്ചവടക്കാർ വഴിയായിട്ടാണ് വിറ്റഴിക്കുന്നത്.

വ്യവസായം നടത്തുന്നതിനെന്നതുപോലെ കച്ചവടം ചെയ്യുന്നതിലും പണമിറക്കണം. വെറുതെയാരും പണമിറക്കുകയില്ല. വ്യവസായ മുതലാളി ഉണ്ടാക്കുന്ന ചരക്കുകൾ വിതരണം ചെയ്ത് നാട്ടുകാരെ സേവിക്കണമെന്ന ഉദ്ദേശത്തോടെ ആരും കച്ചവടം ചെയ്യാറില്ല. ലാഭം കിട്ടണമെന്നതാണ് അയാളുടെ ആവശ്യം. അയാൾ നേരിട്ട് ഉൽപാദനം നടത്തുന്നില്ലെന്നുള്ളത് ശരിയാണ്. എങ്കിലും അയാൾക്ക് ലാഭം കിട്ടണം. ലാഭമില്ലെങ്കിൽ കച്ചവടവുമില്ല.

എവിടെ നിന്നാണ് കച്ചവടക്കാരനാ ലാഭം കിട്ടുന്നത്. ചരക്കുകളുടെ വില കയറ്റി വിറ്റിട്ടാണോ? സാധാരണ പരിതഃസ്ഥിതിയിൽ അതു സാധ്യമല്ല. കാരണം ചരക്കുകളുടെ വില കച്ചവടക്കാരന്റെ ഇഷ്ടത്തെയല്ല, അവയുണ്ടാക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനത്തെയാണാശ്രയിച്ചിരിക്കുക. അപ്പോൾ ചരക്കുകൾ

അവയുടെ ശരിയായ വിലയ്ക്ക് വിറ്റാൽതന്നെ ലാഭം കിട്ടണമെങ്കിൽ ഒരു വഴിയേയുള്ളൂ. ചരക്കുകൾ ഉൽപാദിപ്പിക്കുന്ന മുതലാളിക്കു കിട്ടുന്ന മിച്ചമൂല്യത്തിൽ നിന്നൊരു പങ്ക് അവയെ വിൽക്കാനേർപ്പാടുചെയ്യുന്ന കച്ചവടക്കാരനു കിട്ടണം.

തൊഴിലാളികളിൽനിന്നു പിഴിഞ്ഞെടുക്കുന്ന മിച്ചമൂല്യത്തിന്റെ ഒരു ഭാഗം കച്ചവടക്കാരനു കൊടുക്കാൻ മുതലാളികൾ തയ്യാറാവാതിരിക്കുകയില്ല. ചരക്കുകൾ വിറ്റഴിക്കണമെങ്കിൽ അതു കൂടിയെ കഴിയൂ. പക്ഷേ, കച്ചവടക്കാരനു കൊടുക്കേണ്ട പങ്കെത്രയാണ്?

10000 ക. മൂലധനമാക്കി തുണിയുണ്ടാക്കിയ മുതലാളിക്ക് 2000 ക. മിച്ചമൂല്യം കിട്ടിയിട്ടുണ്ട്. അതിൽ നിന്ന് പത്തോ നൂറോ ഉറുപ്പിക കിട്ടിയാൽ കച്ചവടക്കാരൻ തൃപ്തിപ്പെടുമോ? അയാളും 10,000 ക.യാണ് മൂലധനമിറക്കിയതെന്നിരിക്കട്ടെ. അയാളാലോചിക്കും പതിനായിരം ഉറുപ്പിക മുതലിറക്കി കച്ചവടം ചെയ്യുന്ന എനിക്ക് നൂറുറുപ്പികയേ ലാഭമുള്ളൂ. പതിനായിരം ഉറുപ്പിക മുതലിറക്കി തുണിയുണ്ടാക്കുന്ന മുതലാളിക്ക് 1900 ക. ലാഭം കിട്ടുന്നു. അപ്പോൾ കച്ചവടത്തിൽ പണമിറക്കുന്നതിനേക്കാൾ നല്ലത് തുണിയുണ്ടാക്കലാണ്.

അയാൾ കച്ചവടത്തിലിറക്കിയ മൂലധനം പിൻവലിച്ച് വ്യവസായത്തിലിറക്കും. അങ്ങനെയായാൽ കച്ചവടം നടത്താൻ ആളുണ്ടാവില്ല. ചരക്കുകൾ കെട്ടിക്കിടക്കും. വ്യവസായം നിലച്ചുപോകും.

പതിനായിരം ഉറുപ്പികയിറക്കുന്ന വ്യവസായ മുതലാളിക്കു കിട്ടുന്നത്രതന്നെ ലാഭം 10000 ക. യിറക്കുന്ന കച്ചവടമുതലാളിക്കും കിട്ടുമെങ്കിൽ മാത്രമേ ഈ വിഷമം തീരുകയുള്ളൂ. മിച്ചമൂല്യം ഓരോരുത്തരുമിറക്കുന്ന മൂലധനത്തിന്റെ തോതനുസരിച്ച് പങ്കിടേണ്ടിവരും.

വ്യവസായ മുതലാളിയോ കച്ചവടമുതലാളിയോ ഇറക്കുന്ന പണം സ്വന്തമായിക്കൊള്ളണമെന്നില്ല. കടം വാങ്ങിയും കാര്യം നടത്താം. പതിനായിരം ഉറുപ്പിക കയ്യിലുള്ള ഒരാളുണ്ടെന്നിരിക്കട്ടെ. വ്യവസായമോ കച്ചവടമോ തുടങ്ങുന്നതിനു പകരം അയാൾ തന്റെ പണം മറ്റുള്ളവർക്ക് കടംകൊടുക്കുന്നു. പക്ഷേ, കൊടുക്കുന്ന പണത്തിനു പലിശ കിട്ടണം. എത്ര പലിശ? പത്തു റുപ്പികയോ നൂറു റുപ്പികയോ കിട്ടിയാൽ അയാൾ തൃപ്തിപ്പെടുമോ? പണം കടംകൊടുക്കുന്നതിനുപകരം വ്യവസായത്തിലോ കച്ചവടത്തിലോ ഇറക്കുകയാണെങ്കിൽ മുതലാളിക്കു കിട്ടുന്നത്ര തന്നെ ലാഭം അയാൾക്കും കിട്ടും. അതിനാൽ കടം കൊടുത്താലും അത്രതന്നെ ലാഭം കിട്ടിയാലേ അയാൾ പണം കൈവിടുകയുള്ളൂ. അത്രയും സംഖ്യ കൊടുക്കാൻ കടംവാങ്ങി വ്യവസായം നടത്തുന്നവർ തയ്യാറാവേണ്ടിവരും. ഇതാണ് ബാങ്കുടമസ്ഥൻമാർക്ക് കിട്ടുന്ന പലിശയുടെ അടിസ്ഥാനം.

ഇങ്ങനെ തൊഴിലാളികളുടെ അധ്വാനത്തിൽ നിന്നുണ്ടാകുന്ന മിച്ചമൂല്യം വ്യവസായ മുതലാളി, കച്ചവട മുതലാളി, ബാങ്കുമുതലാളി എന്നിവർ പങ്കിട്ടെടുക്കുന്നു. ഓരോരുത്തനും അയാളിറക്കിയ മൂലധനത്തിന്റെ തോതനുസരിച്ചാണ് ലാഭം കിട്ടുക. കൂടുതൽ തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിക്കുന്ന മുതലാളിക്ക് കൂടുതൽ മിച്ചമൂല്യം പിഴിഞ്ഞെടുക്കാൻ കഴിയും. പക്ഷേ, ആ മിച്ചമൂല്യം മുഴുവനും അയാൾക്കു കിട്ടുകയില്ല. അയാൾക്കു കിട്ടുന്നത് അയാളിറക്കിയ മൂലധനത്തിന്റെ തോതനുസരിച്ചുള്ളതുമാത്രമായിരിക്കും. ഏതു വ്യവസായത്തിലായാലും ശരി, കച്ചവടത്തിലോ ബാങ്കിലോ ആയാലും ശരി, ഓരോരുത്തനും മുടക്കുമുതലിന്റെ തോതനുസരിച്ച് ലാഭം കിട്ടും.

സമുദായത്തിലൊട്ടാകെയുള്ള തൊഴിലാളികളുടെ അധ്വാനത്തിൽനിന്നുണ്ടാകുന്ന ഒട്ടാകെയുള്ള മിച്ചമൂല്യമാണ് എല്ലാ മുതലാളികൾക്കും കൂടി കിട്ടുന്ന ലാഭം. ഒട്ടാകെയുള്ള ലാഭം ഓരോ മുതലാളിയുമിറക്കിയ മൂലധനത്തിന്റെ തോതനുസരിച്ച് പങ്കിടപ്പെടുന്നു. ഓരോ മുതലാളിക്കും തന്റെ മൂലധനത്തിന്റെ തോതനുസരിച്ചുള്ള ശരാശരി ലാഭമാണ് കിട്ടുന്നത്.

## 13 ഉൽപാദന വില

മുതലാളിത്തോൽപാദനരീതിയുടെ ഈ പ്രത്യേകതകൾ മൂല്യനിയമത്തിന്റെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നുണ്ട്. ചരക്കിന്റെ മൂല്യം അതുൽപ്പാദിപ്പിക്കാനാവശ്യമായ ശരാശരി സാമൂഹ്യാധ്വാനത്തെ ആശ്രയിച്ചിരിക്കുമെന്നാണല്ലോ മൂല്യനിയമം സിദ്ധാന്തിക്കുന്നത്. ഈ സിദ്ധാന്തമനുസരിച്ച് ഏതെങ്കിലുമൊരു കമ്പനിയിലുണ്ടാക്കപ്പെടുന്ന ചരക്കുകളുടെ മൂല്യം മുതലാളിയിറക്കിയ മുതലും തൊഴിലാളികളിൽ നിന്നു കവർന്നെടുത്ത മിച്ചമൂല്യവും കൂടിയതാണെന്നും തോന്നാനിടയുണ്ട്. പക്ഷേ, ഓരോ മുതലാളിക്കും തന്റെ കമ്പനിയിൽ നിന്നുണ്ടായ മുഴുവൻ മിച്ചമൂല്യവും കിട്ടുന്നില്ലെന്ന് നമ്മളിപ്പോൾ മനസ്സിലാക്കുന്നു. മിച്ചമൂല്യം എന്തുകിട്ടുന്നു എന്നുമാത്രമാണ് ഓരോ മുതലാളിയും നോക്കുന്നത്. സാധാരണ പരിതഃസ്ഥിതിയിൽ, ഇറക്കിയ മുതലും ശരാശരി ലാഭവും മാത്രമേ അയാൾക്കു കിട്ടുകയുള്ളൂ. അപ്പോൾ ഒരു ചരക്കിന്റെ മൂല്യം മുടക്കുമുതലും മിച്ചമൂല്യവും കൂടിച്ചേർന്നതല്ല, നേരെമറിച്ച് മുടക്കുമുതലും ശരാശരി ലാഭവും കൂടിയതാണ്. ഉൽപാദനച്ചെലവും ശരാശരിലാഭവും കൂടിയതാണ് ഉൽപാദന വില. ഉൽപാദനവിലയ്ക്കാണ് ചരക്കുകൾ വിൽക്കപ്പെടുന്നത്.

ഇതിന്റെ അർത്ഥം ശരാശരി സാമൂഹ്യാധ്വാനമാണ് മൂല്യത്തിന്റെ അടിസ്ഥാനം എന്ന തത്വം തെറ്റാണെന്നോ? തീർച്ചയായുമല്ല. ഓരോ മുതലാളിയും ഒറ്റയ്ക്കൊറ്റയ്ക്കുണ്ടാക്കി വിൽക്കുന്ന ചരക്കിന്റെ വില അയാളുടെ മുടക്കുമുതലും ശരാശരിലാഭവും കൂടിച്ചേർന്നതായിരിക്കുമെന്നതു ശരിതന്നെ. എങ്കിലും സമുദായത്തിലൊട്ടാകെയുള്ള ചരക്കുകളുടെ മൂല്യം എല്ലാ മുതലാളികളും കൂടിയിറക്കിയ മുതലും എല്ലാ തൊഴിലാളികളിൽ നിന്നും കൂടി കിട്ടിയ മിച്ചമൂല്യവും ചേർന്നതായിരിക്കും. ഒട്ടാകെയുള്ള മിച്ചമൂല്യമാണ് ഒട്ടാകെയുള്ള ലാഭം. അതു പങ്കിടുന്നത് ഓരോ മുതലാളിയുമിറക്കിയ മൂലധനത്തിന്റെ തോതനുസരിച്ചായിരിക്കുമെന്നു മാത്രം. ഓരോ മുതലാളിക്കും കിട്ടുന്നത് ശരാശരി ലാഭമായിരിക്കും. ഈ ശരാശരി ലാഭം തൊഴിലാളികളിൽ നിന്നു പിഴിഞ്ഞെടുക്കുന്ന മിച്ചമൂല്യം തന്നെയാണെന്നു വ്യക്തമത്രേ.

# IV

ഓരോ മുതലാളിയും കൂടുതൽ ലാഭം കിട്ടാൻ വേണ്ടി തന്റെ ഉൽപാദനോപകരണങ്ങളെ കൂടുതൽ കൂടുതൽ പരിഷ്ക്കരിക്കാൻ തുടങ്ങുന്നു. ഇതിനായി കൊല്ലംതോറും ലഭിക്കുന്ന ലാഭത്തിന്റെ ഗണ്യമായ ഭാഗം വീണ്ടും വ്യവസായത്തിലിറക്കുന്നു. ലാഭത്തിന്റെ ഒരു ഭാഗം സ്ഥിരമൂലധനമായും മറ്റൊരുഭാഗം വർദ്ധമാനമൂലധനമായുമാണ് നിക്ഷേപിക്കുന്നത്. എന്നാൽ ഈ രണ്ടുഭാഗങ്ങളും സമമായിരിക്കില്ല. യന്ത്രങ്ങൾ പരിഷ്ക്കരിക്കുന്തോറും അധ്വാനശക്തിയുടെ തോത് കുറഞ്ഞുകുറഞ്ഞു വരും. യന്ത്രങ്ങൾക്കും അസംസ്കൃതസാധനങ്ങൾക്കുമാണ് അധികം പണം വേണ്ടിവരിക.

കൂലിക്കുവേണ്ടി നീക്കിവയ്ക്കുന്ന ഭാഗം താരതമ്യേന കുറവായിരിക്കും. ഉദാഹരണത്തിന് ആകെ 4000 ക. മൂലധനമുള്ള ഒരു കമ്പനിയിൽ 3000 ക. സ്ഥിരമൂല്യവും 1000 ക. വർധമാനമൂലധനവുമാണെന്നിരിക്കട്ടെ. ആകെയുള്ള മൂലധനം 10,000 കയായി വർധിക്കുമ്പോൾ സ്ഥിരമൂലധനം 8000 ക.യും വർധമാന മൂലധനം 2000 ക. മാത്രവും ആണെന്നുവരും. വർധമാനമൂലധനത്തിന്റെ തോതിലുണ്ടാവുന്ന വ്യത്യാസമനുസരിച്ച് ലാഭതോതിലും മാറ്റമുണ്ടാകും. നോക്കുക: സ്ഥിരമൂലധനം 3000 ക.യും വർധമാന മൂലധനം 1000 ക.യും ചൂഷണത്തിന്റെ തോത് നൂറുശതമാനവുമാണെങ്കിൽ 1000 ക.യായിരിക്കും ലാഭത്തോത്. ലാഭത്തോത് കണക്കാക്കുന്നത് ഒട്ടാകെയുള്ള മൂലധനത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അതായത് 4000 ക.യ്ക്ക് 1000 ക. ലാഭം. എന്നുവച്ചാൽ 25 ശതമാനം. വ്യത്യാസം കണ്ടില്ലേ? മിച്ചമൂല്യത്തിന്റെ തോത് 1000 ശതമാനമാണ്. ലാഭത്തോത് 25 ശതമാനവും.

മൂലധനം 10,000 ക.യായി വർധിക്കുമ്പോൾ എന്തു സംഭവിക്കുമെന്നു നോക്കുക. സ്ഥിരമൂലധനം 8000 കയും വർദ്ധമാനമൂലധനം 2000 ക.യും മിച്ചമൂലധനത്തിന്റെ തോത് 100 ശതമാനവുമാണെങ്കിൽ ആകെയുണ്ടാകുന്ന മിച്ചമൂല്യം 2000 ക. യായിരിക്കും. 10000 ക.ക്ക് 2000 ക. ലാഭംകിട്ടിയെന്നു മുതലാളി കണക്കാക്കും. അതായത് 100ന് 20 ക. ലാഭം.

മൂലധനമാകെ 4000 ക.യായിരുന്നപ്പോൾ ലാഭം 25 ശതമാനമായിരുന്നു. മൂലധനം 10,000 ക.യായി വർദ്ധിച്ചപ്പോൾ ലാഭം 20 ശതമാനമായി കുറഞ്ഞു. വർദ്ധമാനമൂലധനത്തെ അപേക്ഷിച്ച് സ്ഥിരംമൂലധനത്തിന്റെ തോത് വർദ്ധിച്ചതാണിതിനു കാരണം. വ്യവസായം അഭിവൃദ്ധിപ്പെടുന്തോറും യന്ത്രങ്ങൾ പരിഷ്കരിക്കപ്പെടുന്നു. യന്ത്രങ്ങളുടെ സാങ്കേതികവളർച്ചയുടെ തോതനുസരിച്ച് അധ്വാനശക്തിക്കു വേണ്ടി നീക്കിവയ്ക്കുന്ന തുകയുടെ തോത് വർദ്ധിക്കുന്നില്ല. കാരണം, സാങ്കേതികാഭിവൃദ്ധിയുടെ ഫലമായി അധ്വാനശക്തിയുടെ പങ്ക് ചുരുങ്ങിച്ചുരുങ്ങിവരും. അതോടൊപ്പം ലാഭത്തോത് കുറഞ്ഞുകുറഞ്ഞുവരും.

മുതലാളിത്ത വ്യവസ്ഥയുടെ അതിപ്രധാനമായ ഒരു വൈരുദ്ധ്യമാണിത്. ലാഭം കിട്ടാൻ വേണ്ടി മൂലധനം വർദ്ധിപ്പിക്കുന്നു. പക്ഷേ, മൂലധനം വർദ്ധിക്കുമ്പോൾ ലാഭത്തിന്റെ തോത് കുറയുന്നു. ലാഭത്തിന്റെ തോത് കുറയുമ്പോൾ ഒട്ടാകെയുള്ള ലാഭത്തിന്റെ തുകയെങ്കിലും വർദ്ധിക്കണമെന്നു മുതലാളി ആഗ്രഹിക്കും. ലാഭത്തിന്റെ തുക വർദ്ധിപ്പിക്കാൻ വേണ്ടി വീണ്ടും മൂലധനമിറക്കും. മൂലധനം വർദ്ധിക്കുമ്പോൾ വീണ്ടും ലാഭത്തോത് കുറയും.

ലാഭത്തോത് കുറയുന്നത് തടയാൻ വേണ്ടി മുതലാളിക്കു ചില പരിപാടികളുണ്ട്. ചൂഷണം വർദ്ധിപ്പിക്കുക, കൂലിവെട്ടിച്ചുരുക്കുക, പ്രവർത്തിസമയം വർദ്ധിപ്പിക്കുക, ഉല്പാദനചെലവ് കുറയ്ക്കുക, വിദേശങ്ങളുമായി വ്യാപാരം നടത്തുക മുതലായവ. അതുകൊണ്ട് ലാഭത്തോത് തീർച്ചയായും കുറയുമെന്നല്ല. അതിനു കുറഞ്ഞുവരാനുള്ള ഒരു വാസനയുണ്ടെന്നു മാത്രമാണ് മാർക്സ് പറയുന്നത്. പക്ഷേ, മുതലാളിയുടെ ഈ പരിപാടികൾക്ക് ലാഭത്തോതിന്റെ താഴ്ചയെ തടഞ്ഞുനിർത്താൻ ശ്രമിക്കാനല്ലാതെ എന്നെന്നേക്കുമായി താഴ്ചതന്നെ ഇല്ലാതാക്കാനാവില്ല. എന്നാൽ ചൂഷണം മൂർഛിക്കുന്നതിന്റെ ഫലമായി അവസാനം ഒരു തിരിച്ചടിയെ നേരിടേണ്ടിവരികയും ചെയ്യുന്നു. മൂലധനം വർദ്ധിപ്പിക്കുന്നതിന്റെ അനിവാര്യഫലമായി മുതലാളിയുടെ എതിർപരിപാടികളെയെല്ലാം തട്ടിത്തകർത്തുകൊണ്ട് ലാഭത്തോത് വീണ്ടും താഴാൻ തുടങ്ങുന്നു. മുതലാളിത്തോൽപാദനത്തിന്റെ വളർച്ചയുടെ അനിവാര്യമായ നിയമമാണിത്.

ലാഭത്തോതിടിയൽ സാമൂഹ്യോൽപ്പാദന ശക്തികളുടെ വളർച്ചയെയാണ് പ്രതിഫലിപ്പിക്കുന്നത്. എന്നാൽ, മുതലാളിത്തവ്യവസ്ഥയിൽ ഉൽപാദനശക്തികളുടെ വളർച്ച എന്നുവച്ചാൽ മൂലധനഘടനയുടെ വളർച്ച എന്നർത്ഥമാണ്. ഉൽപാദന ശക്തികളെ വളർത്തിക്കൊണ്ടാണ് മുതലാളികൾ കൂടുതൽ ലാഭമുണ്ടാക്കുന്നത്. ഇത് അനിവാര്യമായും ലാഭത്തോതിനെ ഇടിച്ചുതാഴ്ത്തുകയും ചെയ്യുന്നു. ഉൽപാദന ശക്തികളുടെ വളർച്ചയും, മുതലാളിത്തോൽപാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ് നമ്മളിവിടെ കാണുന്നത്. ഉൽപാദന ശക്തികളുടെ വളർച്ച ലാഭത്തോത് ഇടിച്ചുതാഴ്ത്തിക്കൊണ്ട് മുതലാളിത്തോൽപ്പാദനരീതിയിൽ നിയന്ത്രണം ചെലുത്താൻ തുടങ്ങുന്നു.

ഈ നിയമത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി മാർക്സ് എഴുതുന്നു:

> “ലാഭത്തോത് മുതലാളിത്തോൽപാദനത്തിന്റെ പ്രചോദന ശക്തിയാണ്... അതുകൊണ്ട് അതിന്റെ താഴ്ച സ്വതന്ത്ര്യങ്ങളായ പുതിയ മൂലധനങ്ങളുടെ രൂപവൽക്കരണത്തെ തടഞ്ഞുനിർത്തുകയും അങ്ങിനെ മുതലാളിത്തോൽപാദനത്തിന്റെ വളർച്ചയുടെ മുമ്പിൽ ഒരു ഭീഷണിയായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അമിതോൽപാദനം, സ്പെക്യുലേഷൻ, കുഴപ്പങ്ങൾ, മിച്ചമായ ജനസംഖ്യയോടൊപ്പമുള്ള മിച്ചമൂലധനം എന്നിവയെ അത് പ്രോൽസാഹിപ്പിക്കുന്നു.”

(ക്യാപിറ്റൽ, വാല്യം 3, പേജ് 283).

## 14 അഭിവൃദ്ധിയും അധഃപതനവും

ചരക്കുകൾ ഒരിക്കൽ മാത്രമുണ്ടാക്കിയാൽ പോരാ, വീണ്ടും വീണ്ടുമുണ്ടാക്കണം. അല്ലെങ്കിൽ യന്ത്രങ്ങൾ വെറുതെ നിൽക്കും. മുതലാളിത്തോൽപാദനം സ്തംഭിക്കും. തുടർച്ചയായി വീണ്ടുംവീണ്ടുമുള്ള ഉൽപാദനമാണ് മുതലാളിത്ത വ്യവസ്ഥയെ നിലനിർത്തുന്നത്.

വീണ്ടും വീണ്ടും ഉൽപാദനം, അല്ലെങ്കിൽ പുനരുൽപാദനം എന്നുവെച്ചാലെന്താണ്? ഒരു ഭാഗത്ത് അത് ചരക്കുകളുടെ, സമുദായത്തിനാവശ്യമുള്ള ഭൗതികവസ്തുക്കളുടെ, പുനരുൽപാദനമാണ്. മറുഭാഗത്ത് അത് തൊഴിലാളികളുടെ ചൂഷണത്തിന്മേലധിഷ്ഠിതമായ മുതലാളിത്ത ബന്ധങ്ങളുടെ പുനരുൽപ്പാദനമാണ്. മുതലാളികൾ തമ്മിൽത്തമ്മിൽ മത്സരിച്ചുകൊണ്ടും തൊഴിലാളികളെ അങ്ങേയറ്റം ചൂഷണം ചെയ്തുകൊണ്ടും കഴിയുന്നത്ര മിച്ചമൂല്യം സമ്പാദിക്കാൻ ശ്രമിക്കുന്നു. ഈ പരിശ്രമമാണ് ഉൽപാദനത്തിനും പുനരുൽപാദനത്തിനും പ്രചോദനം നൽകുന്നത്. ഈ പരിശ്രമത്തിൽ വിജയം നേടാൻ വേണ്ടിയാണ് മുതലാളികൾ തങ്ങളുടെ ഉൽപാദനോപകരണങ്ങളെ മേൽക്കുമേൽ പരിഷ്കരിക്കാൻ മുതിരുന്നത്. ഉൽപാദനോപകരണങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഫലമായി തൊഴിലാളികളുടെ അധ്വാനക്ഷമത വർധിക്കുകയും കൂലിക്കാവശ്യമായ അധ്വാനസമയം ചുരുങ്ങുകയും അങ്ങനെ മുതലാളിക്കു കിട്ടുന്ന മിച്ചമായ അധ്വാനം വർധിക്കുകയും ചെയ്യുന്നു.

ഉല്പാദനോപകരണങ്ങൾ പരിഷ്കരിക്കുക എന്നുവച്ചാൽ, മുകളിൽ വിവരിച്ചുകഴിഞ്ഞപോലെ മൂലധനഘടനയിൽ മാറ്റമുണ്ടാവുക എന്നർത്ഥമാണ്. അതായത് ഉൽപാദനം വളരുന്ന് തോതനുസരിച്ച് യന്ത്രങ്ങൾക്കും അസംസ്കൃത സാമഗ്രികൾക്കും വേണ്ടി നീക്കിവയ്ക്കപ്പെടുന്ന സ്ഥിരമൂലധനം വർദ്ധിപ്പിച്ചും കൂലിക്കുവേണ്ടി നീക്കിവയ്ക്കപ്പെടുന്ന വർദ്ധമാന മൂലധനം കുറഞ്ഞും വരുന്നു. ഉൽപാദനക്ഷമത വർധിക്കുന്തോറും ചൂഷണവും വർധിക്കുന്നു. ഇങ്ങനെ മുതലാളിത്തസമുദായത്തിൽ യന്ത്രങ്ങളുടെ

അഭിവൃദ്ധി തൊഴിലാളികളുടെ അധ്വാനഭാരത്തെ ലഘൂകരിക്കുകയല്ല, വർധിപ്പിക്കുകയാണ് ചെയ്യുന്നത്: മാർക്സ് എഴുതുന്നു:

> "യന്ത്രം ഒറ്റയ്ക്കെടുത്ത് പരിഗണിക്കുമ്പോൾ അധ്വാനസമയം ചുരുക്കുന്നു. പക്ഷേ, മുതലാളിയുടെ കയ്യിലാവുമ്പോൾ അത് അധ്വാന സമയം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഒറ്റയ്ക്കെടുത്തുനോക്കുമ്പോൾ അത് അധ്വാനഭാരത്തെ ലഘൂകരിക്കുന്നു. പക്ഷേ, മൂലധനത്തിൻ കീഴിൽ അത് അധ്വാനത്തിന്റെ തീക്ഷണതയെ വർദ്ധിപ്പിക്കുന്നു. ഒറ്റയ്ക്കെടുത്തുനോക്കുമ്പോൾ അത് പ്രകൃതിശക്തികളുടെ മേൽ മനുഷ്യനുണ്ടായ വിജയമാണ്. പക്ഷേ, മുതലാളിയുടെ കയ്യിൽ അത് മനുഷ്യനെ പ്രകൃതിശക്തികളുടെ അടിമയാക്കി മാറ്റുന്നു. ഒറ്റയ്ക്കെടുത്തു നോക്കുമ്പോൾ അത് ഉൽപാദകൻമാരുടെ സ്വത്തുക്കൾ വർദ്ധിപ്പിക്കുന്നു. പക്ഷേ, മൂലധനത്തിന്റെ പിടിയിലാവുമ്പോൾ അത് അവരെ പാപ്പരാക്കി മാറ്റുന്നു."

(ക്യാപിറ്റൽ വാല്യം 1, പേജ് 441)

യന്ത്രങ്ങൾ അഭിവൃദ്ധിപ്പെടുമ്പോൾ തൊഴിലാളികളിലൊരു വിഭാഗത്തിനു പണിയില്ലാതാവുകയാണ് ചെയ്യുന്നത്. പക്ഷേ, ഇതു യന്ത്രത്തിന്റെ ദോഷമല്ല. മുതലാളിത്തത്തിന്റെ ദോഷമാണ്. മുതലാളിത്ത വ്യവസ്ഥയിൽ യന്ത്രപരിഷ്കാരം തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കുന്നു. തൊഴിലില്ലായ്മ വർദ്ധിക്കുമ്പോൾ തൊഴിലാളികളെക്കൊണ്ട് കുറഞ്ഞകൂലിക്കു പണിയെടുപ്പിക്കാനുള്ള സാധ്യത വർദ്ധിക്കുന്നു. ഒരു ഭാഗത്ത് — മുതലാളിയുടെ ഭാഗത്ത് — സ്വത്തുക്കൾ വർദ്ധിക്കുന്നു. മറുഭാഗത്ത് — –തൊഴിലാളിയുടെ ഭാഗത്ത് — പട്ടിണിയും തൊഴിലില്ലായ്മയും മൂർച്ഛിക്കുന്നു. ഭൂരിപക്ഷക്കാരുടെ പട്ടിണിയും ദുരിതവും മുതലാളിത്ത വ്യവസ്ഥയിൽ അനിവാര്യമാണ്.

## 15 മൂലധനകേന്ദ്രീകരണം

മൂലധനം രണ്ടുതരത്തിലാണ് വളരുന്നത്. ഒന്നാമത്തെ മാർഗം കൊല്ലംതോറുമുണ്ടാകുന്ന ലാഭത്തിന്റെ ഗണ്യമായ ഭാഗം വീണ്ടും വ്യവസായത്തിലിറക്കിക്കൊണ്ട് കമ്പനി വിപുലീകരിക്കുക എന്നതാണ്. രണ്ടാമത്തെ മാർഗ്ഗം വ്യത്യസ്തമുതലാളികളുടെ മൂലധനങ്ങളെ ഒന്നിച്ചു കേന്ദ്രീകരിക്കുക എന്നതാണ്. ഓരോ മുതലാളിയും തന്റെ സ്വന്തം ലാഭം വർദ്ധിപ്പിക്കാനും അങ്ങനെ സ്വന്തം മൂലധനം വർദ്ധിപ്പിക്കാനും വേണ്ടി മറ്റു മുതലാളികളുമായി മത്സരിക്കുന്നു. മത്സരത്തിൽ തോറ്റവർ രംഗത്തുനിന്നും മാറുകയും അങ്ങനെ ക്രമത്തിൽ മൂലധനമാകെ ഏതാനും പേരുടെ കയ്യിൽ കേന്ദ്രീകരിക്കാൻ തുടങ്ങുകയും ചെയ്യുന്നു. മാർക്കറ്റു മൽസരമാണ് മൂലധനകേന്ദ്രീകരണത്തിനു വഴി തെളിയിക്കുന്നത്.

ഒരു കമ്പനിയുടെ മൂലധനമെല്ലാം ഒരൊറ്റവ്യക്തിയുടെ മൂലധനമായിക്കൊള്ളണമെന്നില്ല. ഒരാൾക്ക് ഒറ്റക്കിറക്കാൻ കഴിയുന്ന പണത്തിന് എന്തായാലും ചില അതിർത്തികളെല്ലാമുണ്ടാവും. ഒരാൾ എത്രതന്നെ വലിയ പണക്കാരനായാലും വലിയ വലിയ വ്യവസായങ്ങൾക്ക് — ഉദാഹരണത്തിന് റയിൽവേ — അയാളുടെ മൂലധനം പോരാതെ വരും. ഇതിനുള്ള ഒരു പോംവഴിയായിട്ടാണ് പലരിൽ നിന്നും ഷെയറുകൾ പിരിച്ചുകൊണ്ടുള്ള ജോയിൻറ് സ്റ്റോക്ക് കമ്പനികൾ സ്ഥാപിക്കപ്പെട്ടത്.

ജോയിൻറ് സ്റ്റോക്ക് കമ്പനികൾ മാർക്കറ്റുമൽസരത്തെ ലഘൂകരിക്കുന്നുണ്ടോ? ഇല്ല, നേരെമറിച്ച്, മാർക്കറ്റുമൽസരത്തിന്റെ കാഠിന്യവും മൂർച്ഛയും കൂട്ടുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ, പണ്ടു മുതലാളികൾ ഒറ്റയ്ക്കൊറ്റയ്ക്ക്

മൽസരിച്ചിരുന്നിടത്ത് ഇപ്പോൾ വലിയ ജോയിൻറ് സ്റ്റോക്ക് കമ്പനികൾ തമ്മിലുള്ള മൽസരമാണ് നടക്കുന്നത്. മൽസരത്തിന്റെ ഫലമായി ചെറിയ കമ്പനികൾ പൊളിയുന്നു. വലിയ കമ്പനികൾ കൂടുതൽ വലിയ കമ്പനികളായിത്തീരുന്നു. ചെറിയ കമ്പനികൾ തമ്മിലുള്ള മൽസരത്തിന്റെ സ്ഥാനത്ത് കൂറ്റൻ കമ്പനികളുടെ മൽസരം പ്രത്യക്ഷപ്പെടുകയായി. മൂലധനകേന്ദ്രീകരണം കൂടുതൽ വിപുലമായിത്തീർന്നു. അതിന്റെ ഫലമായി ലാഭത്തോതു കുറഞ്ഞുകുറഞ്ഞുവരുന്നു. ലാഭത്തോത് കുറയുമ്പോൾ വീണ്ടും മൽസരം. വീണ്ടും മൂലധനകേന്ദ്രീകരണം. ഇങ്ങനെ മൂലധനകേന്ദ്രീകരണവും ലാഭത്തോതു കുറയലും ഒരുമിച്ചാണു പോകുന്നത്. മാർക്കറ്റിൽ ജയം നേടാൻ വേണ്ടി ഓരോ കമ്പനിയും ചുരുങ്ങിയ വിലക്കു ചരക്കുണ്ടാക്കി വിൽക്കാൻ ശ്രമിക്കുന്നു. ലാഭത്തോതു പിന്നെയും കുറയുന്നു. ഇങ്ങനെ മൽസരം മൂത്ത് മൂത്ത് ഒരു ഘട്ടമെത്തുമ്പോൾ കൂറ്റൻകമ്പനികൾ കുത്തകക്കമ്പനികളായി സംഘടിക്കുന്നു. തൊഴിലാളികളെ കൂടുതൽ മൃഗീയമായി ചൂഷണം ചെയ്യാനും മാർക്കറ്റ് കീഴടക്കാനും ലാഭത്തോത് കൂടുതൽ താഴാതെ കഴിക്കാനും വേണ്ടി കൂറ്റൻ കമ്പനികൾ യോജിക്കുന്നു. തൊഴിലാളികളുടെ കൂലി ചുരുക്കുക, ഉൽപാദനം നിയന്ത്രിച്ചുകൊണ്ട് ചരക്കിന്റെ വില കൂട്ടുക, മാർക്കറ്റുകൾ പരസ്പരം പങ്കിട്ടെടുക്കുക, തങ്ങളുടെ ചൊൽപടിക്കു നിൽക്കാത്ത കമ്പനികളെയെല്ലാം തകർക്കുക ഇതെല്ലാമാണ് കുത്തകകളുടെ ഉദ്ദേശം. സമുദായത്തിലെ സാമ്പത്തിക ജീവിതം മുഴുവനും ഇങ്ങനെ ഒരു പിടി കുത്തകകളുടെ നിയന്ത്രണത്തിൽ പെടുന്നു.

കുത്തകകൾ മത്സരമില്ലാതാക്കുന്നില്ല, നേരെ മറിച്ച് മത്സരത്തിനു മൂർച്ഛ കൂട്ടുകയാണ് ചെയ്യുന്നത്. കമ്പനികൾ തമ്മിൽ മത്സരിച്ചിരുന്നിടത്ത് ഇപ്പോൾ കൂറ്റൻ കുത്തകകൾ തമ്മിലുള്ള മത്സരമാണ് നടക്കുന്നത്.

## V

മൂലധനകേന്ദ്രീകരണം വിപുലമാകുംതോറും വർധമാന മൂലധനത്തിന്റെ തോത് സ്ഥിരമൂലധനത്തെ അപേക്ഷിച്ച് കുറഞ്ഞുവരും. എന്നുവച്ചാൽ വ്യവസായം അഭിവൃദ്ധിപ്പെടുന്തോറും തൊഴിലാളികൾക്ക് കിട്ടുന്ന കൂലിയുടെ തോത് ചുരുങ്ങിക്കൊണ്ടുവരും. കൂലി കുറയുക എന്നുവച്ചാൽ ചരക്കുകൾ വാങ്ങാനുള്ള തൊഴിലാളികളുടെ കഴിവ് ചുരുങ്ങുക എന്നർത്ഥമാണല്ലോ. ഒരു ഭാഗത്ത് വ്യവസായത്തിന്റെ അഭിവൃദ്ധി, കൂടുതൽ കൂടുതൽ ചരക്കുകളുണ്ടാക്കിവിടൽ; മറുഭാഗത്ത് ചരക്കുകൾ വാങ്ങുന്നവരുടെ കഴിവു കുറയൽ. ഓരോ മുതലാളിയും ലാഭം കിട്ടാൻവേണ്ടി വീണ്ടും വീണ്ടും ചരക്കുകളുണ്ടാക്കിത്തള്ളുന്നു. ചരക്കുകൾ അധികമാകുംതോറും അവയെ വിറ്റഴിക്കാൻ പ്രയാസം നേരിടുന്നു.

## 16 മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ

ഉൽപാദനത്തിന്റെ വർദ്ധനവും ഉപഭോക്താക്കളുടെ കഴിവില്ലായ്മയും തമ്മിലുള്ള ഈ വൈരുദ്ധ്യം മുതലാളിത്തത്തിന്റെ സഹജമായ സ്വഭാവമാണ്. കാരണം, എത്ര ചരക്കുകൾക്കാണ് ആവശ്യക്കാരുള്ളതെന്ന് മുൻകൂട്ടി കണക്കാക്കിയിട്ടല്ല ഉൽപാദനം നടത്തുന്നത്. അരാജകത്തമാണ് മാർക്കറ്റിൽ നടമാടുന്നത്. ഓരോ മുതലാളിയും കൂടുതൽ ലാഭം കിട്ടാൻവേണ്ടി കഴിയുന്നത്ര ചരക്കുകൾ ഉണ്ടാക്കിത്തള്ളുകയാണ് ചെയ്യുന്നത്. പക്ഷേ, അതോടൊപ്പം ജനങ്ങളുടെ ക്രയശക്തി

ചുരുങ്ങിച്ചുരുങ്ങി വരുന്നു. അങ്ങനെ ചരക്കുകൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്നു. ഒരു ഭാഗത്ത് വ്യവസായത്തിന്റെ വളർച്ച; മറുഭാഗത്ത് ദാരിദ്ര്യവും പാപ്പരത്തവും തൊഴിലില്ലായ്മയും.

മുതലാളിത്തത്തിന്റെ വളർച്ചയുടെ ഫലമായി, പ്രത്യേകിച്ചും ജോയിൻറ് സ്റ്റോക്ക് കമ്പനികൾ, ട്രസ്റ്റുകൾ മുതലായവയുടെ ആവിർഭാവത്തോടുകൂടി, ഉൽപാദനമാകെ കൂടുതൽ കൂടുതൽ സാമൂഹ്യമായിത്തീരുന്നു. ഉൽപാദനം സാമൂഹ്യമാണെങ്കിലും ഉൽപന്നങ്ങൾ സ്വകാര്യഉടമയിലാണ്. ഉൽപാദനത്തിന്റെ സാമൂഹ്യസ്വഭാവവും ഉൽപ്പന്നങ്ങളുടെ സ്വകാര്യഉടമയും തമ്മിലുള്ള വൈരുദ്ധ്യം മുതലാളിത്ത വ്യവസ്ഥയിലെ അടിസ്ഥാനപരമായ വൈരുദ്ധ്യങ്ങളിലൊന്നാണ്.

എംഗെൽസ് വിവരിക്കുന്നു:

> “ഇതുവരെയും ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻ തന്നെ ഉൽപാദനത്തേയും സ്വായത്തമാക്കിപ്പോന്നിരുന്നു. കാരണം, ഒട്ടുമുക്കാലും അത് അയാളുടെ സ്വന്തം അദ്ധ്വാനഫലം തന്നെയായിരിക്കും; മറ്റുള്ളവരുടെ സഹായം അപൂർവ്വമായിട്ടേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻ തന്നെ ഉൽപന്നത്തെയും അനുഭവിച്ചുപോന്നത് മൗലികമായ ഒരു മാറ്റം വന്നിട്ടുള്ളതിനെ വകവയ്ക്കാതെയാണ്. അത് അയാളുടെ അദ്ധ്വാനഫലമല്ലാതായിത്തീർന്നിരിക്കുന്നു. പൂർണ്ണമായും അത് മറ്റുള്ളവരുടെ അധ്വാനഫലമായിരിക്കുന്നു. അങ്ങനെ സാമൂഹ്യമായുണ്ടാകുന്ന ഉൽപാദനങ്ങൾ, ഉൽപാദനോപകരണങ്ങൾ കൊണ്ട് യഥാർഥത്തിൽ പ്രവർത്തി നിർവ്വഹിച്ചവർക്കല്ല, വാസ്തവത്തിൽ ചരക്കുണ്ടാക്കിയവർക്കല്ല, കിട്ടുന്നതെന്ന നിലവരുന്നു. അതെല്ലാം മുതലാളി സ്വായത്തമാക്കിപ്പോന്നു. ഉൽപാദനോപകരണങ്ങളും ഉൽപാദനം തന്നെയും വാസ്തവത്തിൽ സാമൂഹ്യമായിത്തീർന്നിരിക്കുന്നു. എന്നാൽ വ്യക്തികൾ സ്വകാര്യമായി ഉൽപാദനം നടത്തുകയും അതേകാരണത്താൽ ഉൽപന്നങ്ങൾ അവർ കൈവശം വച്ച് കമ്പോളത്തിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്യുന്ന സമ്പ്രദായത്തിൻകീഴിലെപ്പോലെതന്നെ, ഇപ്പോഴും സാമൂഹ്യോൽപന്നങ്ങളെ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻ സ്വകാര്യസ്വത്താക്കിവച്ചു. ഇങ്ങനെ ഉൽപാദനരീതി ഈ സ്വകാര്യ സ്വത്തുടമസ്ഥതക്കു വിധേയമായി നിന്നുവെങ്കിലും, അത്തരം ഉടമസ്ഥതക്കുള്ള അടിത്തറ തകർന്നുകഴിഞ്ഞിരിക്കുന്നു. പുതിയ ഉൽപാദനസമ്പ്രദായത്തിന് അതിന്റെ മുതലാളിത്തപരമായ സ്വഭാവം നൽകുന്ന ഈ വൈരുദ്ധ്യത്തിൽ ഇന്നത്തെ എല്ലാ സാമൂഹ്യവൈരുദ്ധ്യങ്ങളുടെയും ബീജം അടങ്ങിയിട്ടുണ്ട്.”

(എംഗെൽസ്, സോഷ്യലിസം സാങ്കൽപികവും ശാസ്ത്രീയവും, പേജ് 40–41)

മുതലാളിത്തം വളരുംതോറും അതിന്റെ അടിസ്ഥാനപരമായ ഈ വൈരുദ്ധ്യവും മൂർച്ഛിച്ചുകൊണ്ടിരുന്നു. മുതലാളിത്തത്തിന്റെ നാശത്തോട് കൂടിയല്ലാതെ ഈ വൈരുദ്ധ്യം അവസാനിക്കുകയില്ല.

## 17 മുതലാളിത്തത്തിന്റെ നാശം

മുതലാളിത്തം വളരുംതോറും മുതലാളിത്തത്തെ നശിപ്പിക്കാനുള്ള ശക്തികളും വളരുന്നു. മുതലാളിത്തത്തെ തട്ടിത്തകർത്ത് സോഷ്യലിസ്റ്റുൽപാദനരീതി നടപ്പിൽവരുത്തുക എന്നതാണ് അനുദിനം ശക്തിപ്പെട്ടുകൊണ്ടുവരുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ കടമ, മാർക്സ് എഴുതുന്നു:

"വളർച്ചയുടെ എല്ലാ നേട്ടങ്ങളെയും തട്ടിയെടുത്ത് സ്വന്തം കുത്തകകളാക്കി വെയ്ക്കുന്ന മൂലധനനാഥൻമാരുടെ എണ്ണം ഇടവിടാതെ കുറഞ്ഞുകുറഞ്ഞുവരുന്നു. അതോടൊപ്പം കഷ്ടപ്പാട്, മർദ്ദനം, അടിമത്തം, അധഃപതനം, ചൂഷണം എന്നിവയെല്ലാം കൂടിക്കൂടിവരുന്നു. എന്നാൽ ഇതോടൊപ്പം തന്നെ തൊഴിലാളിവർഗ്ഗത്തിന്റെ കലാപങ്ങളും വർദ്ധിച്ചുകൊണ്ടുവരുന്നു. മൂലധനത്തിന്റെ കുത്തക ഉൽപാദനരീതിക്ക് ഒരു വിലങ്ങായിത്തീരുന്നു... ഒടുവിൽ ഉൽപാദനോപകരണങ്ങളുടെ കേന്ദ്രീകരണവും അധ്വാനത്തിന്റെ സാമൂഹ്യസ്വഭാവവും ഒരു ഘട്ടംവരെ എത്തുമ്പോൾ അവ മുതലാളിത്തത്തിന്റെ പുറംതോടിന് ഒതുങ്ങാവുന്നതാവുന്നു. ഈ പുറംതോട് പൊട്ടിച്ചെറിയപ്പെടുന്നു. മുതലാളിത്തത്തിൻറേതായ സ്വകാര്യസ്വത്തുക്കളുടെ മരണമണിയടിക്കുന്നു. തട്ടിപ്പറിച്ചവർ തട്ടിപ്പറിയ്ക്കപ്പെടുന്നു."

(മാർക്സ്, ക്യാപിറ്റൽ, വാല്യം 1, പേജ് 763).

1847-ൽ തന്നെ മാർക്സും ഏംഗൽസും തങ്ങളുടെ സുപ്രസിദ്ധമായ കമ്മ്യൂണിസ്റ്റ് വിജ്ഞാപനത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി:

"ആധുനിക വ്യവസായം അഭിവൃദ്ധിപ്രാപിക്കുന്നതോടുകൂടി, എന്തൊരടിസ്ഥാനത്തിലാണോ മുതലാളിത്ത ഉൽപാദനം നടത്തി സ്വന്തം കൈവശമാക്കുന്നത്, ആ അടിസ്ഥാനത്തിന്റെ അടി തകർന്നുപോകുന്നു. അങ്ങനെ മുതലാളിവർഗ്ഗം ഉൽപാദിപ്പിക്കുന്നത്, സർവ്വോപരി അതിന്റെ തന്നെ ശവക്കുഴി തോണ്ടുന്നവരെയാണ്. മുതലാളിത്തത്തിന്റെ നാശവും തൊഴിലാളിവർഗത്തിന്റെ വിജയവും ഒരുപോലെ അനിവാര്യമാണ്."

□

(മൂന്നാം പതിപ്പ്, 1981 പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം)

# — 7 —

# സാമ്രാജ്യാധിപത്യവും സാമ്പത്തികക്കുഴപ്പവും

## I

മുതലാളിത്തവ്യവസ്ഥ ശാശ്വതമല്ല. 15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഫ്യൂഡലിസത്തിൽ നിന്നാവിർഭവിച്ച ഒരു സാമൂഹ്യവ്യവസ്ഥയാണിത്.

മുതലാളിത്തം ചരിത്രത്തിൽ പുരോഗമനപരമായ ഒരു പങ്കുവഹിക്കുകയുണ്ടായിട്ടുണ്ട്. ഉൽപാദനശക്തികളെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വളർത്തുവാൻ അതു സഹായിച്ചിട്ടുണ്ട്.

### 1 മുതലാളിത്തത്തിന്റെ നേട്ടങ്ങൾ

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മാർക്സും എംഗൽസും എഴുതുന്നു:

> "ഉല്പാദനോപകരണങ്ങളിൽ സമൂലമായ പരിവർത്തനം വരുത്താതെ, തൽഫലമായി ഉല്പാദനബന്ധങ്ങളിലും അങ്ങനെ സാമൂഹ്യബന്ധങ്ങളിലൊട്ടാകെയും സമൂലപരിവർത്തനം വരുത്താതെ, മുതലാളിത്ത വർഗ്ഗത്തിനു നിലനിൽക്കാനാവില്ല. ഇതിനുമുമ്പുണ്ടായിരുന്ന എല്ലാ വ്യാവസായികവർഗ്ഗങ്ങളുടെയും നിലനിൽപ്പിന്റെ ആദ്യത്തെ ഉപാധി നേരെമറിച്ച്, പഴയ ഉൽപാദനരീതികളെ യാതൊരു മാറ്റവും കൂടാതെ നിലനിർത്തുകയെന്നതായിരുന്നു. ഉൽപാദനത്തിൽ നിരന്തരമായ സമൂലപരിവർത്തനം, എല്ലാ സാമൂഹ്യപരിതസ്ഥിതികൾക്കും ഇടതടവില്ലാത്ത ഇളക്കിമറിച്ചിൽ, അവസാനിക്കാത്ത അനിശ്ചിതാവസ്ഥയും പ്രക്ഷോഭവും — ഇതെല്ലാമാണ് ആ കാലഘട്ടത്തെ പഴയ കാലഘട്ടത്തിൽ നിന്നു വേർതിരിക്കുന്ന പ്രത്യേകതകൾ."

ഈ പ്രത്യേകതകളുടെ ഫലമായി മനുഷ്യസമുദായത്തിന് വമ്പിച്ച നേട്ടങ്ങളുണ്ടായിട്ടുണ്ടെന്ന് മാനിഫെസ്റ്റോ ചൂണ്ടിക്കാണിക്കുന്നു:

> 'മുതലാളിത്തത്തിന്റെ കഷ്ടിച്ച് നൂറ്റാണ്ടുകാലത്തെ വാഴ്ചയ്ക്കിടയിൽ അത് സൃഷ്ടിച്ചിട്ടുള്ള ഉൽപാദനശക്തികൾ, കഴിഞ്ഞുപോയ എല്ലാ തലമുറകളും ചേർന്ന് സൃഷ്ടിച്ചിട്ടുള്ളതിനേക്കാൾ എത്രയോ പെരുത്തതാണ്, ഭീമമാണ്. പ്രകൃതിശക്തികളെ മനുഷ്യൻ പാട്ടിലാക്കുന്നു. രസശാസ്ത്രമുപയോഗിച്ച് വ്യവസായവും കൃഷിയും നടത്തുന്നു.

ആവിക്കപ്പലും തീവണ്ടിയും കമ്പിത്തപാലും നടപ്പാക്കുന്നു. വിശാലമായ ഭൂവിഭാഗങ്ങളാകെ കാട്ടുവെട്ടിത്തെളിച്ച് കൃഷിചെയ്യുന്നു, നദികളിൽ നിന്ന് നാട്ടുനീളെ തോട്ടുവെട്ടി വെള്ളം തിരിക്കുന്നു, ജാലപ്രയോഗത്തിലെന്നോണം ജനസമൂഹങ്ങളെയാകമാനം മണ്ണിനടിയിൽനിന്നു തട്ടിയുണർത്തുന്ന — സാമൂഹ്യാധ്വാനത്തിന്റെ മടിത്തട്ടിൽ ഇത്തരം ഉൽപാദനശക്തികൾ ഉറങ്ങിക്കിടക്കുന്നുണ്ടെന്ന് മുമ്പേതൊരു നൂറ്റാണ്ടാണ് സ്വപ്നം കാണുകയെങ്കിലും ചെയ്തിട്ടുള്ളത്?'

ലാഭം തട്ടിയെടുക്കാനുള്ള ധൃതിയിൽ ഉൽപാദനശക്തികളെ അങ്ങേയറ്റം വളർത്തുവാൻ മുതലാളികൾ നിർബന്ധിതരായിത്തീരുന്നു. അധികമധികം വിപുലമാകുകയും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ, മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം തന്നെ അതിനുള്ളിലെ വൈരുദ്ധ്യങ്ങളും വളരുന്നു. നമ്മൾ കണ്ടുകഴിഞ്ഞപോലെ, ഉൽപാദനത്തിന്റെ സാമൂഹ്യസ്വഭാവവും സ്വത്തുക്കൾ കയ്യടക്കിവയ്ക്കുന്നതിന്റെ സ്വകാര്യസ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യമാണ് മുതലാളിത്തത്തിന്റെ സർവ്വപ്രധാനമായ വൈരുധ്യം. ഈ വൈരുധ്യമാണ് മുതലാളിത്തത്തെ അതിന്റെ വളർച്ചയുടെ ഒരുഘട്ടത്തിൽ ക്ഷയോന്മുഖമാക്കിത്തീർക്കുന്നത്.

## 2 സ്വതന്ത്രമത്സരത്തിൽനിന്ന് കുത്തകമുതലാളിത്തത്തിലേക്ക്

19-ാം നൂറ്റാണ്ടിന്റെ അവസാനംവരേയും മുതലാളിത്തം വളർന്നുകൊണ്ടിരുന്നു; പിന്നണിരാജ്യങ്ങളെ കയ്യടക്കിക്കൊണ്ട് ലോകത്തിലൊട്ടുക്കും പരന്നുപിടിച്ചുകൊണ്ടിരുന്നു. അതോടൊപ്പം തന്നെ മൂലധനകേന്ദ്രീകരണവും വളർന്നുകൊണ്ടുവന്നു.

ലെനിൻ ചൂണ്ടിക്കാട്ടുന്നു:

“വ്യവസായത്തിന്റെ വിപുലമായ വളർച്ചയും കൂടുതൽ കൂടുതൽ വ്യവസായസാധനങ്ങളുടെ ഉല്പാദനത്തിന്റെ അതിവേഗത്തിലുള്ള കേന്ദ്രീകരണവും മുതലാളിത്തത്തിന്റെ ഏറ്റവും പ്രധാനമായ സ്വഭാവവിശേഷങ്ങളാണ്.” (ലെനിൻ, സാമ്രാജ്യാധിപത്യം, അദ്ധ്യായ 1)

വ്യവസായങ്ങളുടെ വളർച്ചയും മൂലധനകേന്ദ്രീകരണവും ഒരു ഘട്ടംവരെയെത്തുമ്പോൾ കുത്തകകളുടെ ആവിർഭാവത്തിനു വഴിതെളിക്കുന്നു. മുതലാളിത്തം കുത്തകമുതലാളിത്തമായി മാറുന്നു. ലെനിൽ എഴുതുന്നു:

“മുതലാളിത്തത്തിന്റെയും ചരക്കുൽപ്പാദനത്തിന്റെയാകെയും അടിസ്ഥാനസ്വഭാവമാണ് സ്വതന്ത്രമൽസരം. കുത്തകയാകട്ടെ സ്വതന്ത്രമൽസരത്തിന് നേരെ എതിരാണ്. പക്ഷെ, സ്വതന്ത്രമൽസരം കുത്തകയായി മാറിക്കൊണ്ടിരിക്കുന്നത് നമ്മുടെ കൺമുമ്പിൽ നാം കാണുന്നുണ്ട്. വലിയ തോതിലുള്ള ഉല്പാദനം സൃഷ്ടിക്കപ്പെടുന്നു. വലിയ ഉല്പാദനം ചെറുകിട ഉല്പാദനത്തെ ഞെക്കിനശിപ്പിക്കുന്നു. വലിയ ഉല്പാദനം കൂടുതൽ വലിയ ഉല്പാദനമായി മാറുന്നു. അങ്ങനെ വലുതായി വലുതായി ഉൽപാദനത്തിന്റെയും മൂലധനത്തിന്റെയും കേന്ദ്രീകരണം ഒരുഘട്ടംവരെയെത്തുമ്പോൾ കുത്തകകൾ ആവിർഭവിക്കുന്നു.” (സാമ്രാജ്യാധിപത്യം, അദ്ധ്യായ 7).

കുത്തകമുതലാളിത്തം ആവിർഭവിച്ചതിനുശേഷവും അതോടൊപ്പം തന്നെ മുതലാളിത്തത്തിന്റെ അടിസ്ഥാന സ്വഭാവമായ സ്വതന്ത്രമൽസരവും നിലനിൽക്കുന്നു. അതിന്റെ ഫലമായി കുത്തകകളുടെ ആവിർഭാവം മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളെ ഒരു പുതിയ ഘട്ടത്തിലേയ്ക്കുയർത്തുന്നു. കുത്തകയുടെ അടിസ്ഥാനത്തിലുള്ള ഉൽപാദനവും കുത്തകയാവാതെ സ്വാതന്ത്ര്യമൽസരത്തിന്റെ അടിസ്ഥാനത്തിൽ നില

നിൽക്കുന്ന ഉൽപാദനവും തമ്മിലുള്ള മൽസരം മൂക്കുന്നു. കുത്തകകളാണ് ഉൽപാദനവ്യവസ്ഥയിൽ സർവ്വപ്രധാനമായ പങ്കുവഹിയ്ക്കുന്നത്. എന്തുണ്ടാക്കണമെന്നും എത്രയുണ്ടാക്കണമെന്നും എന്തുവിലയ്ക്കു വിൽക്കണമെന്നും അവരാണ് തീരുമാനിക്കാൻ. തങ്ങളുടെ ചൊൽപ്പടിക്കു നിൽക്കാത്തവരെയെല്ലാം അവർ തകർത്തുവിടുന്നു.

വ്യവസായങ്ങളിൽ മാത്രമല്ല കുത്തകകൾ പ്രത്യക്ഷപ്പെടുന്നത്. ബാങ്ക് മൂലധനത്തിനും അവയാവിർഭവിക്കുന്നു. വ്യക്തികൾ പണമിടപാട് നടത്തിയിരുന്നിടത്ത് ജോയിൻറ് സ്റ്റോക്ക് ബാങ്കുകൾ നിലവിൽവരുന്നു. ജോയിൻറ് സ്റ്റോക്ക് വ്യവസായ കമ്പനികൾ മത്സരിക്കുന്നതുപോലെ ജോയിൻറ് സ്റ്റോക്ക് ബാങ്കുകളും പരസ്പരം മത്സരിക്കുന്നു. വലിയ ബാങ്കുകൾ ചെറിയവയെ ദീപാളി കുളിപ്പിക്കുന്നു. പിന്നെ വലിയ ബാങ്കുകൾ തമ്മിലുള്ള മത്സരമായി. ഇങ്ങനെ മത്സരവും കേന്ദ്രീകരണവും ഒരു ഘട്ടം വരെയെത്തുമ്പോൾ ബാങ്കുകളും കുത്തകകളായി സംഘടിക്കുവാൻ തുടങ്ങുന്നു. ഒരുപിടിയാളുകളുടെ കയ്യിലുള്ള ഈ കുത്തകബാങ്കുകൾ രാജ്യത്തിലെ മുഴുവൻ പണത്തെയും നിയന്ത്രിക്കാൻ തുടങ്ങുന്നു.

## 3 ഫൈനാൻസ് മൂലധനം

ആദ്യം മുതൽക്കുതന്നെ ബാങ്കും വ്യവസായവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടാണ് വളർന്നുവരുന്നത്. മിച്ചംവരുന്നതും തൽക്കാലമാവശ്യമില്ലാത്തതുമായ എല്ലാ സംഖ്യയും ബാങ്കിലാണ് വ്യവസായികൾ നിക്ഷേപിക്കുന്നത്. ബാങ്കുകളാവട്ടെ, വ്യവസായത്തിനാവശ്യമായ തുകകൾ അങ്ങോട്ട് കടംകൊടുക്കുകയും ചെയ്യുന്നു. കുത്തകകളുടെ കാലമാകുമ്പോഴേയ്ക്കും ബാങ്കും വ്യവസായവും തമ്മിലുള്ള ഈ കൂട്ടുകെട്ട് മൂർദ്ധന്യദശയിലെത്തുന്നു. വ്യവസായത്തിൽ പണമിറക്കുന്ന ബാങ്കുടമസ്ഥൻമാർ മെല്ലെമെല്ലെ വ്യവസായകമ്പനികളുടെ ഡയറക്ടർമാരായി നിയമിക്കപ്പെടുന്നു. അതുപോലെ വ്യവസായ മുതലാളികൾ ബാങ്ക് ഡയറക്ടർമാരായും സ്വീകരിക്കപ്പെടുന്നു. ഇങ്ങനെ ഒരേ കൂട്ടരുടെ കയ്യിൽ ബാങ്കുകളും വ്യവസായങ്ങളും കേന്ദ്രീകരിക്കാൻ തുടങ്ങുന്നു. ബാങ്കുമൂലധനവും വ്യവസായമൂലധനവും തമ്മിൽ അനാദൃശ്യമായ ഒരേകീകരണം സ്ഥാപിതമാവുന്നു. ബാങ്കുമൂലധനവും വ്യവസായമൂലധനവും കൂടിച്ചേർന്നാലുണ്ടാവുന്ന ഈ പുതിയ മൂലധനം ഫൈനാൻസ് മൂലധനം എന്നപേരിലാണറിയപ്പെടുന്നത്.

ഫൈനാൻസ് മൂലധനത്തിന്റെ ഉടമസ്ഥരായ ഒരു പിടി കുടുംബക്കാർ രാജ്യത്തിലെ വ്യവസായം, ബാങ്ക് തുടങ്ങിയ എല്ലാ സ്വത്തുക്കളെയും നിയന്ത്രിക്കാൻ തുടങ്ങിയ കാഴ്ചയാണ് നമ്മൾ കാണുന്നത്. അമേരിക്കയുടെ ഒട്ടാകെ സ്വത്തിന്റെ 59 ശതമാനം ജനസംഖ്യയുടെ ഒരു ശതമാനത്തിന്റെ കയ്യിലാണ്. 200 ഓളം കുത്തകക്കമ്പനികളാണ് വ്യവസായങ്ങളെയും ബാങ്കുകളെയുമെല്ലാം നിയന്ത്രിക്കുന്നത്. അവയിൽതന്നെ 15 കമ്പനികൾ മോർഗൻ, ദ്യൂപോങ്ങ്, റോക്ക് ഫെല്ലർ എന്നീ മൂന്നു കുടുംബക്കാരുടെ കയ്യിലുമാണ്. ബാക്കിയുള്ള കമ്പനികളും ഈ മൂന്നു കുടുംബക്കാരുമായി ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, അമേരിക്കയിലൊട്ടാകെയുള്ള സ്വത്തുക്കളുടെ ഏറ്റവും വമ്പിച്ച ഒരു ഭാഗം വെറും മൂന്നു കുടുംബക്കാർ കയ്യടക്കിവച്ചിരിക്കുകയാണ്. ഇതുപോലെയുള്ള കേന്ദ്രീകരണം ഇംഗ്ലണ്ടിലും കാണാം. അവിടെ ആകെയുള്ള സ്വത്തിന്റെ 64 ശതമാനം ജനസംഖ്യയുടെ 12 ശതമാനത്തിന്റെ നിയന്ത്രണത്തിലാണ്. ഇതെ

ല്ലാം രണ്ടാംലോകമഹായുദ്ധത്തിനുമുമ്പുള്ള കണക്കുകളാണ്. യുദ്ധത്തിനുശേഷം കേന്ദ്രീകരണം കൂടുതൽ വളർന്നിരിക്കുന്നു.

## 4 മൂലധനം കയറ്റിഅയയ്ക്കൽ

സ്വന്തം രാജ്യത്തിലെ ജനങ്ങളെ ചൂഷണം ചെയ്യുന്നതുകൊണ്ട് തൃപ്തിപ്പെടാതെ ഈ കുത്തകസ്ഥാപനങ്ങൾ സാർവദേശീയമായ കൂട്ടുകെട്ടുകളുണ്ടാക്കിക്കൊണ്ട് ഭൂലോകം മുഴുവൻ തങ്ങൾക്കിടയിൽ പങ്കിട്ടെടുത്ത് ചൂഷണം ചെയ്യുന്നു.

ആദ്യമൊക്കെ തങ്ങളുടെ ചരക്കുകൾ വിറ്റഴിക്കാനും അസംസ്കൃത സാമഗ്രികൾ സമ്പാദിക്കാനും വേണ്ടിയാണ് മുതലാളികൾ വിദേശങ്ങളിലേക്ക് പോയിരുന്നത്. ചരക്കുകൾ വിറ്റഴിക്കാനും അസംസ്കൃത സാമഗ്രികൾ സമ്പാദിക്കാനും പറ്റിയ സ്ഥലങ്ങളിലെല്ലാം അവർ രാഷ്ട്രീയമായി കീഴടക്കുകയും കോളനികളാക്കി മാറ്റുകയും ചെയ്തു.

19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും കോളനികൾ മൂലധനമിറക്കി അമിതലാഭമടിക്കാനുള്ള കേന്ദ്രങ്ങളായിമാറി.

എന്തിനാണ് മൂലധനം മറ്റുരാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത്? സ്വന്തം രാജ്യത്തിൽതന്നെ നിക്ഷേപിച്ചുകൂടെ? സ്വന്തം രാജ്യത്തിൽ ഉപയോഗിക്കാൻ കഴിയാത്തവിധം അത് അത്ര "അധിക"മായി തീരുന്നതെന്തുകൊണ്ടാണ്? മുതലാളിത്തത്തിന്റെ അസമമായ വളർച്ചയാണ് ഇതിനു കാരണമെന്ന് ലെനിൻ ചൂണ്ടിക്കാണിക്കുന്നു. വ്യവസായങ്ങളെ അപേക്ഷിച്ച് കൃഷിയെ പിന്നണിയിൽ തന്നെ നിർത്തുകയും ഭൂരിപക്ഷക്കാരായ കൃഷിക്കാരെ നിർദ്ധനരാക്കി വയ്ക്കുകയും ചെയ്യുന്നതുകൊണ്ടാണ് മുതലാളിത്ത രാജ്യങ്ങളിൽ മൂലധനം 'അധിക'മായി തീരുന്നത്. ഇത്തരമൊരു പരിതഃസ്ഥിതിയില്ലായിരുന്നുവെങ്കിൽ മൂലധനം 'അധികം' ആകുമായിരുന്നില്ല. പക്ഷേ, മുതലാളിത്തവ്യവസ്ഥയിൽ ഭൂരിപക്ഷക്കാരുടെ പാപ്പരത്തവും കൃഷിയുടെ അധഃപതനവും അനിവാര്യമാണ്. കൃഷി പിന്നണിയിലായതുകൊണ്ടും ഭൂരിപക്ഷക്കാരായ ജനങ്ങൾ പാപ്പരായതുകൊണ്ടും മുതലാളികൾക്ക് തങ്ങളുടെ മൂലധനം മുഴുവൻ സ്വന്തം രാജ്യങ്ങളിൽ നിക്ഷേപിക്കാൻ സാധിക്കുന്നില്ല. ഈ പരിതഃസ്ഥിതികളിലാണ് 'മിച്ച'മുള്ള മൂലധനം മറ്റുരാജ്യങ്ങളിലേക്കു കയറ്റി അയയ്ക്കേണ്ട ആവശ്യം നേരിടുന്നത്.

കുത്തകമുതലാളികൾക്ക് പിന്നണിരാജ്യങ്ങളോടാണ് കൂടുതൽ സ്നേഹം! എന്തെന്നാൽ, ലെനിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'ഈ പിന്നണി രാജ്യങ്ങളിൽ സാധാരണയായി ലാഭം കൂടുതലാണ്, മൂലധനം വേണ്ടത്രയില്ല, നിലത്തിന്റെ വില താരതമ്യേന കുറവാണ്. കൂലി കുറവാണ്, അസംസ്കൃതസാമഗ്രികൾ ആദായകരമാണ്.'

## 5 സാമ്രാജ്യാധിപത്യത്തിലേക്ക്:

ഇങ്ങനെ ഒരു പിടി കുത്തകമുതലാളികൾ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും വല വീശുന്നു. ലോകം മുഴുവൻ തങ്ങൾക്കിടയിൽ പങ്കിട്ടെടുക്കുന്നു. ഇങ്ങനെയാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ലോകം മുഴുവനും ഒരു പിടി മുതലാളിത്തരാജ്യങ്ങളുടെ കയ്യിലായത്. ലെനിൽ ചൂണ്ടിക്കാണിച്ചു:

> "മുന്നണിയിലുള്ള ഒരു പിടി രാജ്യങ്ങൾ ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളെയും സാമ്പത്തികമായി മർദ്ദിച്ചമർത്താൻ തുടങ്ങിയിരിക്കുന്നു. അങ്ങനെ മുതലാളി

> ത്തം കോളനികളെ ചൂഷണം ചെയ്യുന്ന ഒരു സാർവ്വലൗകിക വ്യവസ്ഥയായി വളർന്നിരിക്കുന്നു.”

20-ാം നൂറ്റാണ്ടാകുമ്പോഴേക്കും ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക, ജർമ്മനി, ജപ്പാൻ തുടങ്ങിയ മുതലാളി രാജ്യങ്ങൾ വ്യവസായം വളർന്നിട്ടില്ലാത്ത എല്ലാ രാജ്യങ്ങളെയും ഇങ്ങനെ പരസ്പരം പങ്കിട്ടെടുത്തു. ഒന്നാം ലോകമഹായുദ്ധത്തിന് മുമ്പ് ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ മൂന്നുരാജ്യങ്ങളിലെ കുത്തക മുതലാളികൾക്കു വിദേശങ്ങളിൽ ആകെയുണ്ടായിരുന്ന മൂലധനം 1,00,00,00,00,000 ഫ്രാങ്കായിരുന്നുവത്രെ. ഈ മൂലധനനിക്ഷേപങ്ങളിൽ നിന്നു കൊല്ലംതോറും കിട്ടിയിരുന്ന ആദായമോ 10,000,000,000 ഫ്രാങ്കും! ഇന്ത്യയടക്കം ലോകത്തിന്റെ നാലിലൊരുഭാഗം ബ്രിട്ടന്റെ കീഴിലായി. ഈ രാജ്യങ്ങൾ ബ്രിട്ടീഷ് സാമാനങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റുകൾ മാത്രമല്ല, ബ്രിട്ടീഷ് മൂലധനമിറക്കാനുള്ള താവളങ്ങൾ കൂടിയായിത്തീർന്നു. 1925-ൽ മറ്റുരാജ്യങ്ങളിലേക്കു ചരക്കുകൾ കയറ്റി അയച്ച വക ബ്രിട്ടനു കിട്ടിയ ലാഭം 10 കോടി പവൻ മാത്രമാണ്. എന്നാൽ, അതേകൊല്ലത്തിൽ വിദേശങ്ങളിലെ മൂലധനനിക്ഷേപങ്ങളിൽ നിന്നു 40 കോടി പവനാണ് ലാഭം കിട്ടിയത്. ചരക്കുകളുടെ കയറ്റുമതികൊണ്ടുള്ള ലാഭത്തിന്റെ നാലിരട്ടി!! ഇങ്ങനെ മൂലധനനിക്ഷേപത്തിലൂടെ ലോകത്തിന്റെ മുഴുവൻ വ്യാവസായികോല്പാദനവും ഏതാനും രാജ്യങ്ങളുടെ നിയന്ത്രണത്തിൽ വന്നുചേരുന്നു.

ഇത്തരം സംഭവവികാസങ്ങളുടെ ഫലമായിട്ടാണ് മുതലാളിത്തം സാമ്രാജ്യാധിപത്യമായി മാറിയത്.

18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പൊട്ടിപ്പുറപ്പെട്ട ഫ്രഞ്ചുവിപ്ലവത്തിന്റെ കാലം മുതൽക്കു 1871 ലെ പാരീസ് കമ്യൂണിന്റെ കാലം വരെ മുതലാളിത്തം വിജയകരമായി വളർന്നുകൊണ്ടിരിക്കുന്ന കാലമാണ്. കുത്തകയല്ല, സ്വതന്ത്രമത്സരമാണ് ഈ കാലത്തെ മുതലാളിത്തത്തിന്റെ പ്രത്യേകത.

പാരീസ് കമ്യൂണിനും അക്കാലത്തുണ്ടായ സാമ്പത്തികക്കുഴപ്പത്തിനും ശേഷം കുത്തകകൾ മെല്ലെ മെല്ലെ വളരാൻ തുടങ്ങി. പക്ഷേ, സാമൂഹ്യജീവിതത്തിൽ അവ വഹിച്ച പങ്ക് സർവ്വപ്രധാനമായിരുന്നില്ല.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി, പ്രത്യേകിച്ചും 1900-1903 ലെ സാമ്പത്തിക കുഴപ്പത്തിനുശേഷം, കുത്തകകൾ സാമ്പത്തികജീവിതത്തിന്റെയാകെ അടിസ്ഥാനമായിത്തീർന്നു. അതോടെ മുതലാളിത്തം സാമ്രാജ്യാധിപത്യമായി മാറി.

ലെനിൻ എഴുതുന്നു:

> “സാമ്രാജ്യാധിപത്യം മുതലാളിത്തത്തിന്റെ വളർച്ചയുടെ ഒരു ഘട്ടമാണ്. കുത്തകകളുടെയും ഫൈനാൻസ് മൂലധനത്തിന്റെയും മേധാവിത്വമുറപ്പിക്കപ്പെടുകയും മൂലധനത്തിന്റെ കയറ്റുമതിക്ക് വ്യക്തമായ പ്രാധാന്യം ലഭിക്കുകയും ലോകമാകെ സാർവദേശീയ കുത്തകകൾക്കിടയിൽ വിഭജിക്കപ്പെടാൻ തുടങ്ങുകയും ഭൂമിയിലുള്ള എല്ലാ സ്ഥലങ്ങളും വൻകിട മുതലാളിത്ത ശക്തികൾക്കിടയിൽ വിഭജിക്കപ്പെട്ടുകഴിയുകയും ചെയ്ത ഒരു ഘട്ടമാണിത്.”

## 6 സാമ്രാജ്യാധിപത്യത്തിന്റെ സവിശേഷതകൾ

സാമ്രാജ്യാധിപത്യത്തിന്റെ സവിശേഷസ്വഭാവങ്ങളെന്തൊക്കെയാണ്? ലെനിൻ വിവരിക്കുന്നു:

"മുതലാളിത്തത്തിന്റെ ചരിത്രപരമായ ഒരു സവിശേഷഘട്ടമാണ് സാമ്രാജ്യാധിപത്യം. അതിന്റെ പ്രത്യേക സ്വഭാവങ്ങൾ മൂന്നെണ്ണമാണ്. സാമ്രാജ്യാധിപത്യം 1. കുത്തകമുതലാളിത്തമാണ്; 2. ക്ഷയോന്മുഖവും ഇത്തിക്കണ്ണിസ്വഭാവത്തോടുകൂടിയതുമായ മുതലാളിത്തമാണ്. 3. മൃതപ്രായമായ, ഉർദശ്വാസം വലിക്കുന്ന മുതലാളിത്തമാണ്. സ്വതന്ത്രമത്സരത്തിന്റെ സ്ഥാനത്ത് കുത്തകകൾ ആവിർഭവിക്കുന്നുവെന്നതാണ് സാമ്രാജ്യാധിപത്യത്തിന്റെ അടിസ്ഥാനപരമായ സാമ്പത്തിക സ്വഭാവം, അതിന്റെ സത്ത്. കുത്തകകൾ പ്രത്യക്ഷപ്പെടുന്നത് പ്രധാനമായും അഞ്ചു തരത്തിലാണ്.

1. കാർട്ടലുകളും സിൻഡിക്കേറ്റുകളും ട്രസ്റ്റുകളും; ഉൽപാദനത്തിന്റെ കേന്ദ്രീകരണം വർദ്ധിച്ചുവർദ്ധിച്ച് ഒരു ഘട്ടമെത്തുമ്പോൾ മുതലാളികളുടെ ഇത്തരം കുത്തകക്കൂട്ടുകെട്ടുകളാവിർഭവിക്കുന്നു.
2. വലിയബാങ്കുകളുടെ കുത്തക സ്വഭാവം. അമേരിക്ക, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുടെ സാമ്പത്തിക ജീവിതത്തെയാകെ നിയന്ത്രിക്കുന്നത് മൂന്നോ, നാലോ, അഞ്ചോ വൻകിടബാങ്കുകളാണ്.
3. ട്രസ്റ്റുകളും ഫൈനാൻസു മുതലാളികളുടെ കൂട്ടുകെട്ടുകളും കൂടി അസംസ്കൃതപദാർത്ഥങ്ങളുടെ എല്ലാ ഉൽപ്പത്തിസ്ഥാനങ്ങളെയും കീഴടക്കിവയ്ക്കുന്നു.
4. സാർവദേശീയ കാർട്ടലുകൾക്കിടയിൽ ലോകത്തിന്റെ (സാമ്പത്തിക) വിഭജനം ആരംഭിക്കുന്നു. സാർവ്വദേശീയ കാർട്ടലുകൾ ലോകമാർക്കറ്റിലൊട്ടുക്കും മേധാവിത്വം വഹിക്കുന്നു. ലോകത്തിലുള്ള മാർക്കറ്റുകളാകെ അവർ 'തൃപ്തികരമായി' പരസ്പരം പങ്കിട്ടെടുക്കുന്നു. അവയെ മാറ്റി പങ്കിടാനുള്ള ഒരു യുദ്ധം പൊട്ടിപ്പുറപ്പെടുന്നതുവരെ മാത്രമെ ആ വിഭജനം നിലനിൽക്കുകയുള്ളൂ. ഇത്തരത്തിലുള്ള സാർവ്വദേശീയ കാർട്ടലുകളുടെ എണ്ണം ഇപ്പോൾതന്നെ നൂറിലധികമാണ്. ഇങ്ങനെ ലോകത്തെ സാമ്പത്തികമായും രാഷ്ട്രീയമായും വിഭജിക്കുന്നത് മൂലധനക്കയറ്റുമതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. കുത്തകമുതലാളിത്തത്തിനു മുമ്പ് ചരക്കുകളുടെ കയറ്റുമതിയാണുണ്ടായിരുന്നത്. അതിൽ നിന്നു വ്യത്യസ്തമായ ഒരു സവിശേഷതയാണ് മൂലധനകയറ്റുമതി;
5. ലോകത്തിന്റെ വിഭജനം (കോളനികൾ) പൂർണമാകുന്നു."

ഈ അഞ്ചു സവിശേഷതകളേയുമുൾക്കൊള്ളുന്ന ഒരു ഘട്ടമാണ് സാമ്രാജ്യാധിപത്യം.

## 7 പരമാവധി ലാഭം

കുത്തകമുതലാളികളുടെ ഉദ്ദേശം വെറും ലാഭമുണ്ടാക്കലല്ല. കൂടുതൽ ലാഭമുണ്ടാക്കലുമല്ല. ഏറ്റവും കവിഞ്ഞ ലാഭം, പരമാവധി ലാഭം — അതാണവരുടെ ഉന്നം.

ഒരു കാലത്ത് മുതലാളികൾ ശരാശരി ലാഭം കൊണ്ട് തൃപ്തിപ്പെട്ടിരുന്നു. ശരാശരിലാഭത്തോതിന്റെ നിയമം മുതലാളിത്തോൽപാദനത്തിന്റെ പ്രചോദനശക്തിയായിരുന്നു. എന്നാൽ മുതലാളിത്തത്തിന്റെ വളർച്ചയുടെ പുതിയ ഘട്ടത്തിൽ അത് അപര്യാപ്തമായിത്തീർന്നു. വൻകിട കുത്തകമുതലാളിത്തസ്ഥാപനങ്ങൾക്ക് ശരാശരി ലാഭം കൊണ്ട് തൃപ്തിപ്പെടാൻ വയ്യെന്നായി. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

"ശരാശരി ലാഭം ലാഭത്തിന്റെ ഏറ്റവും താഴ്ന്ന പടിയാണ്. അതിലും താണാൽ മുതലാളിത്തോൽപാദനം അസാധ്യമായിത്തീരും. എന്നാൽ, ആധുനിക മുതലാളിത്തത്തിന്റെ യജമാൻമാർ കോളനികളെ പിടിച്ചടക്കുന്നതും ജനങ്ങളെ അടിമപ്പെടുത്തുന്നതും യുദ്ധങ്ങളുണ്ടാക്കുന്നതുമെല്ലാം ശരാശരിലാഭം മാത്രം നേടാൻ വേണ്ടിയാ

ണെന്നു വിചാരിക്കുന്നത് അസംബന്ധമായിരിക്കും." (സ്റ്റാലിൻ: സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 42).

പരമാവധി ലാഭമാണ് കുത്തകമുതലാളിത്തത്തിന്റെ പ്രചോദനശക്തി. സ്റ്റാലിൻ തുടരുന്നു:

> "കോളനികളെയും മറ്റു പിന്നണിരാജ്യങ്ങളെയും അടിമപ്പെടുത്തുകയും മുറയ്ക്കു കൊള്ളയടിക്കുകയും ചെയ്യുക, ഒട്ടനവധി സ്വതന്ത്രരാജ്യങ്ങളെ ആശ്രിതരാജ്യങ്ങളാക്കി മാറ്റുക, പുതിയ യുദ്ധങ്ങൾ സംഘടിപ്പിക്കുക — ആധുനിക മുതലാളിത്തത്തിന്റെ പ്രമാണിമാർക്ക് പരമാവധി ലാഭം പിഴിഞ്ഞെടുക്കാൻ ഏറ്റവും പറ്റിയ ബിസിനസാണിത്. ലോകമേധാവിത്വം നേടാനുള്ള പരിശ്രമങ്ങൾ നടത്തുക: ഇത്തരം അപായകരമായ പ്രവർത്തനങ്ങളിലേക്ക് കുത്തകമുതലാളിത്തത്തെ പിടിച്ചുതള്ളുന്നത് പരമാവധി ലാഭം സമ്പാദിക്കുക എന്ന ആവശ്യമല്ലാതെ മറ്റൊന്നുമല്ല." (സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ).

കുത്തകമുതലാളിത്തോൽപാദന രീതിയുടെ വൈവിധ്യപൂർണമായ വളർച്ചയുടെ മുഴുവൻ ഗതിക്രമത്തെയും നിർണയിക്കുന്ന പൊതുനിയമമാണ് പരമാവധി ലാഭത്തെപ്പറ്റിയുള്ള ഈ സിദ്ധാന്തം. "ഒരു നിശ്ചിതരാജ്യത്തിലെ ഭൂരിപക്ഷക്കാരായ ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ടും പാപ്പർമാരാക്കി മാറ്റിക്കൊണ്ടും മറ്റു രാജ്യങ്ങളിലെ ജനങ്ങളെ, പ്രത്യേകിച്ചും പിന്നണിരാജ്യങ്ങളിലെ ജനങ്ങളെ, അടിമപ്പെടുത്തിക്കൊണ്ടും അവരെ തുടർച്ചയായി കൊള്ളയടിച്ചുകൊണ്ടും വമ്പിച്ച ലാഭങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്ന യുദ്ധങ്ങൾ നടത്തിക്കൊണ്ടും ദേശീയ സാമ്പത്തിക വ്യവസ്ഥയെ സൈന്യവൽക്കരിച്ചുകൊണ്ടും ഏറ്റവും കവിഞ്ഞ മുതലാളിത്തലാഭം നേടുക."-ഇങ്ങനെയാണ് കുത്തകമുതലാളിത്തത്തിന്റെ, ഈ അടിസ്ഥാന സാമ്പത്തിക നിയമത്തിന്റെ മുഖ്യമായ സ്വഭാവവിശേഷങ്ങളെ സഖാവ് സ്റ്റാലിൻ സംഗ്രഹിക്കുന്നത്.

## 8 സാമ്രാജ്യയുദ്ധങ്ങളുടെ അനിവാര്യത

ലോകം മുഴുവൻ പങ്കിടപ്പെട്ടുകഴിഞ്ഞാൽ, ചൂഷണം ചെയ്യാൻ പറ്റിയ കോളണികൾ ബാക്കിയില്ലെന്നായാൽ, പിന്നെയെന്താണു ചെയ്യുക? ഒരിക്കൽ പങ്കിട്ടുകഴിഞ്ഞ കോളനികളെ മാറ്റി പങ്കിടുകയല്ലാതെ മറ്റു പോംവഴിയില്ല. കോളനികളെ ബലാൽക്കാരമായി മാറ്റിപങ്കിടാൻ വേണ്ടി കുറ്റൻ കുത്തകകളുടെ നിയന്ത്രണത്തിലുള്ള ഭരണകൂടങ്ങൾ ചേരിതിരിഞ്ഞ് സാർവ്വലൗകികമായ സംഘട്ടനങ്ങൾക്കൊരുങ്ങുന്നു. അങ്ങനെ സാമ്രാജ്യയുദ്ധങ്ങൾ അനിവാര്യമായിത്തീരുന്നു. സ്റ്റാലിൻ വിവരിക്കുന്നു:

> "പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി മുതലാളിത്തം അതിന്റെ ഏറ്റവു ഉന്നതമായ അവസാനഘട്ടത്തിലേക്ക് — സാമ്രാജ്യത്വത്തിലേക്ക് — പ്രവേശിക്കുന്നതോടുകൂടി യുദ്ധങ്ങൾ വിശേഷിച്ചും ഉണ്ടാകാതിരിക്കാൻ വയ്യെന്നായിത്തീർന്നു. സാമ്രാജ്യാധിപത്യത്തിൻ കീഴിൽ അതിപ്രബലങ്ങളായ മുതലാളിത്തകുത്തകകമ്പനികളും ബാങ്കുകളും മുതലാളിത്തകോയ്മകളുടെ ജീവിതത്തിൽ പരമാധികാരം ചെലുത്താൻ തുടങ്ങി. വ്യവസായമൂലധനത്തോടു ചേർന്ന ബാങ്കുമൂലധനം മുതലാളി രാജ്യങ്ങളുടെ യജമാനനായിത്തീർന്നു. ഈ പുതിയ രൂപം കൈക്കൊണ്ട ബാങ്കുമൂലധനത്തിനാകട്ടെ പുതിയ കമ്പോളങ്ങൾ ആവശ്യമായി; പുതിയ കോളനികൾ ആവശ്യമായി; മൂലധനം കയറ്റിഅയച്ചു നിക്ഷേപിക്കാനുള്ള പുതിയ രാജ്യങ്ങളും അസംസ്കൃത പദാർത്ഥങ്ങൾ കുറഞ്ഞ വിലയ്ക്കു കിട്ടാനുള്ള പുതിയ സ്ഥലങ്ങളും ആവശ്യമായി."

പക്ഷേ, പത്തൊമ്പതാം നൂറ്റാണ്ടവസാനിച്ചപ്പോഴേക്കും മുതലാളിത്തരാജ്യങ്ങൾ തമ്മിൽ ഭൂഗോളമാകെ പങ്കുവച്ചു കഴിഞ്ഞിരുന്നു. എങ്കിലും സാമ്രാജ്യാധിപത്യ കാലഘട്ടത്തിൽ മുതലാളിത്തം തീരെ അസമമായ നിലയിലും എടുത്തു ചാട്ടങ്ങളിലൂടെയുമാണ് വളരുന്നത്. അതായത്, ഇതുവരെ ഒന്നാംകിട സ്ഥാനത്ത് നിന്നിരുന്ന രാജ്യങ്ങളിലെ വ്യവസായങ്ങൾ മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് വളരെ സാവധാനത്തിൽ മാത്രം വളരാൻ തുടങ്ങുന്നു. അതുപോലെതന്നെ, ഇതുവരെ, പിന്നണിയിലായിരുന്ന ചില രാജ്യങ്ങൾ അതിവേഗത്തിൽ എടുത്തുചാടി, മറ്റുള്ളവയോടൊപ്പമെത്തി, അവയെക്കടന്നു മുന്നോട്ടുപോകുന്നു. ഇതിന്റെ ഫലമായി സൈന്യശക്തിയിലും സാമ്പത്തികശക്തിയിലും മുതലാളിത്തരാജ്യങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിൽ മാറ്റം വരുന്നു. അതോടുകൂടി ലോകത്തെ വീണ്ടും പങ്കുവയ്ക്കുന്നതിനുള്ള ശ്രമം തുടങ്ങുകയായി. ഈ വീണ്ടുവിഭജനത്തിനുള്ള സമരം സാമ്രാജ്യയുദ്ധങ്ങളെ അനിവാര്യമാക്കിത്തീർത്തു (സി.പി.എസ്.യു. ചരിത്രം).

## 9 മുതലാളിത്തത്തിന്റെ അധഃപതനം

സാമ്രാജ്യാധിപത്യം മുതലാളിത്തത്തിന്റെ അധഃപതനഘട്ടമാണ്. ആദ്യകാലത്ത് മുതലാളിത്തം പുരോഗമനപരമായ ഒരു ശക്തിയായിരുന്നു. സാങ്കേതികാഭിവൃദ്ധിയേയും ശാസ്ത്രങ്ങളുടെ വളർച്ചയേയും അതു സഹായിച്ചിരുന്നു. എന്നാൽ സാമ്രാജ്യാധിപത്യത്തിന്റെ ഘട്ടമായപ്പോഴേയ്ക്കും അതൊരു പിന്തിരിപ്പൻ ശക്തിയായി മാറി. സാങ്കേതികാഭിവൃദ്ധിയെ സഹായിക്കുകയല്ല, തടയുകയാണതുചെയ്യുന്നത്. സാങ്കേതികവളർച്ച ലാഭത്തോതുകുറയ്ക്കുമെന്ന് കുത്തകമുതലാളികൾക്കറിയാം. അതുകൊണ്ട്, യന്ത്രങ്ങളുടെ മേൽക്കുമേൽ പരിഷ്കരിക്കാനല്ല, കുത്തകസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ചരക്കുകൾ കവിഞ്ഞവിലയ്ക്ക് വിറ്റു ലാഭമടിക്കാനാണ് അവരുദ്ദേശിക്കുന്നത്. മാർക്കറ്റിൽ മേധാവിത്വം മറ്റാർക്കും കൊടുക്കാതെ കയ്യടക്കിവയ്ക്കുക എന്നതിന്റെ അർത്ഥം ഉൽപാദനശക്തികളെ കൂടുതൽ വളരാൻ അനുവദിക്കാതിരിയ്ക്കുയെന്നാണ്, ഉൽപാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുകയെന്നാണ്. അങ്ങനെ സാങ്കേതികാഭിവൃദ്ധിയും പുതിയ പുതിയ കണ്ടുപിടുത്തങ്ങളും തടഞ്ഞുനിർത്തപ്പെടുന്നു. ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തുകാണിക്കാൻ കഴിയും. കുറച്ചുകൊല്ലങ്ങൾക്കുമുമ്പ് ഒരു ശാസ്ത്രജ്ഞൻ ഒരിക്കലും അണയാത്ത ഒരു വിദ്യുച്ഛക്തിവിളക്കു കണ്ടുപിടിച്ചു. ആ അത്ഭുതകരമായ വിളക്ക് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. കാരണം അതു പ്രചരിക്കാൻ തുടങ്ങിയാൽ വിദ്യുച്ഛക്തിക്കുത്തകക്കാരുടെ വിളക്കുകൾക്കു ചെലവില്ലാതാവും. വിയന്നയിലെ ഒരു ശാസ്ത്രജ്ഞൻ കണ്ടുപിടിച്ച 'നശിക്കാത്ത തീപ്പെട്ടി'യും മൂടിവയ്ക്കപ്പെട്ടു. കാരണം, അത് പ്രചരിക്കുന്നത് സ്വീഡിഷുകാർ മേച്ച് ട്രസ്റ്റിന്റെ താൽപര്യങ്ങൾക്കെതിരാണ്. കൽക്കരിയിൽനിന്ന് എണ്ണയെടുക്കാൻ കഴിയുമെന്ന് ഒരു ജർമൻ ശാസ്ത്രജ്ഞ കണ്ടുപിടിച്ചതും വെറുതെയായി. കൽക്കരിയെണ്ണ വന്നാൽ തങ്ങൾക്ക് നിൽക്കക്കള്ളിയില്ലാതാവുമെന്നു കണ്ട അമേരിക്കൻ എണ്ണകുത്തകക്കാർ ആ കണ്ടുപിടുത്തത്തിന്റെ അവകാശം വിലയ്ക്കുവാങ്ങി ഒളിപ്പിച്ചുവച്ചു.

ഇങ്ങനെ ഒരുകാലത്ത് കണ്ടുപിടുത്തങ്ങളെയും ശാസ്ത്രപുരോഗതിയെയും പ്രോൽസാഹിപ്പിച്ച മുതലാളിത്തം സാമ്രാജ്യത്വകാലഘട്ടത്തിൽ എല്ലാത്തരം സാങ്കേതികവളർച്ചയെയും ബലാൽക്കാരമായി തടഞ്ഞുനിർത്തുന്നു. ചരക്കുകളെ മാത്രമല്ല, ബുദ്ധിശക്തിയെയും അതു നിയന്ത്രിക്കാൻ തുടങ്ങുന്നു. കോടിക്കണക്കിലുള്ള തൊഴിലാളികളെയും കൃഷിക്കാരെയും മറ്റു വിഭാഗങ്ങളെയും ചൂഷണംചെയ്തുകൊണ്ടു

കുത്തകമുതലാളികൾ വൻതോതിൽ പണം കുമ്പാരം കൂട്ടിവെയ്ക്കുന്നു. അങ്ങനെ സാമ്രാജ്യത്വം ഇത്തിക്കണ്ണിജീവികളും തട്ടിത്തീനികളുമായ ഒരു കൂട്ടം ചൂഷകൻമാരുടെ വർഗത്തെ സൃഷ്ടിക്കുന്നു. വർഗസംഘടനകൾകൊണ്ടും യുദ്ധഭീഷണികൾ കൊണ്ടും സർവവ്യാപകമായ ദാരിദ്ര്യംകൊണ്ടും സാമൂഹ്യജീവിതമാകെ ദ്രവിക്കാൻ തുടങ്ങുന്നു. സാമൂഹ്യപുരോഗതിക്കെതിരായ പിന്തിരിപ്പൻ ആശയങ്ങളും മതപരമായ അന്ധവിശ്വാസങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നു. സ്വാർത്ഥവും വഞ്ചനവും വ്യഭിചാരവും പരന്നു പിടിക്കുന്നു.

ഉല്പാദനശക്തികൾ ഇനിയും വളരണമെങ്കിൽ, ശാസ്ത്രങ്ങൾ ഇനിയും അഭിവൃദ്ധിപ്പെടണമെങ്കിൽ, സമുദായം ഇനിയും പുരോഗമിക്കണമെങ്കിൽ, സാമ്രാജ്യത്വത്തിന്റെ ചങ്ങലക്കെട്ടുകളെ വെട്ടിമുറിച്ചേ കഴിയൂ എന്നാവുന്നു.

സാമ്രാജ്യാധിപത്യകാലഘട്ടത്തിൽ മുതലാളിത്തത്തിന്റെ എല്ലാ വൈരുധ്യങ്ങളും മൂർദ്ധന്യദശയിലെത്തുന്നു. ഏറ്റവും പ്രധാനമായ വൈരുധ്യങ്ങൾ മൂന്നെണ്ണമാണ്. 1. തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വൈരുധ്യം. 2. വിവിധ മുതലാളി ഗ്രൂപ്പുകൾ തമ്മിലുള്ള വൈരുധ്യം. 3. മുതലാളിത്തരാജ്യങ്ങളും അവയുടെ കീഴിലുള്ള കോളണികളും തമ്മിലുള്ള വൈരുധ്യം.

പരമാവധിലാഭം തട്ടിയെടുക്കാൻ വെമ്പൽകൊള്ളുന്ന കുത്തകമുതലാളികൾ തൊഴിലാളികളെ ഏറ്റവും മൃഗീയമായി ചൂഷണം ചെയ്യുന്നു. ഭൂരിപക്ഷക്കാരായ തൊഴിലാളികൾക്ക് ജീവിതം ദുസ്സഹമായിത്തീരുന്നു. സ്റ്റാലിൻ പ്രഖ്യാപിക്കുന്നതുപോലെ

> “ഒന്നുകിൽ മൂലധനത്തിന്റെ ചൊൽപ്പടിക്ക് അടിപണിയുക, മുമ്പത്തെപ്പോലെതന്നെ കഷ്ടപ്പാടിൽ കിടന്നു ഞെരങ്ങുക, അധികമധികം അധഃപതിപ്പിക്കുക; അല്ലെങ്കിൽ ഒരു പുതിയ ആയുധം സ്വീകരിക്കുക — ഇതാണ് സാമ്രാജ്യാധിപത്യം — ബഹുഭൂരിപക്ഷക്കാരായ തൊഴിലാളികളുടെ മുമ്പിൽ വെയ്ക്കുന്ന രണ്ടു മാർഗങ്ങൾ. സാമ്രാജ്യാധിപത്യം തൊഴിലാളികളെ വിപ്ലവത്തിലേക്ക് നയിക്കുന്നു.” (ലെനിനിസം)

സാമ്രാജ്യാധിപത്യം സ്വന്തം രാജ്യത്തിലെ ജനങ്ങളെ മാത്രമല്ല, കോളനികളിലെ ജനങ്ങളെയും മൃഗീയമായി കൊള്ളയടിക്കുന്നു.

മൂലധനനിക്ഷേപം കോളനികളിൽ ഒരതിർത്തിവരെ മുതലാളിത്തത്തിന്റെ വളർച്ചയ്ക്ക് വഴിതെളിക്കുന്നുവെന്നത് വാസ്തവമാണ്. സ്വന്തം ലാഭത്തിനുവേണ്ടി കോളണികളിൽ ഫാക്ടറികളും കമ്പനികളും റെയിൽവേകളും വ്യാപാരകേന്ദ്രങ്ങളും നിർമ്മിക്കാൻ സാമ്രാജ്യവാദികൾ നിർബന്ധിതരായിത്തീരുന്നു. പക്ഷേ, അതേ സമയത്തുതന്നെ അവർ എല്ലാത്തരം വൃത്തികെട്ട മാർഗങ്ങളുപയോഗിച്ചുകൊണ്ടും അടിസ്ഥാനപരമായ ദേശീയവ്യവസായങ്ങളുടെ വളർച്ചയെ തടഞ്ഞുനിർത്തുകയും ചെയ്യുന്നു. കോളണികളെയും അർധകോളണികളെയും തങ്ങളുടെ നിയന്ത്രണത്തിൽ ചരക്കുകൾ വിറ്റഴിക്കാനും അസംസ്കൃതസാമഗ്രികൾ നേടാനും മൂലധനം നിക്ഷേപിക്കാനുമുള്ള താവളങ്ങളാക്കി നിലനിർത്തുകയെന്നതാണവരുടെ ആവശ്യം.

കോളണികളിലും അർധകോളണികളിലുമുണ്ടാകുന്ന മുതലാളിത്തത്തിന്റെ വളർച്ച സാമ്രാജ്യാധിപത്യത്തിന്റെ വൈരുദ്ധ്യങ്ങൾക്കു മൂർച്ച കൂട്ടുന്നു; ദേശീയ വിമോചനപ്രസ്ഥാനങ്ങൾക്ക് ശക്തികൂട്ടുന്നു. മാത്രമല്ല, റെയിൽവേകളുടെയും, വ്യവസായങ്ങളുടെയും വളർച്ചയുടെ ഫലമായി കോളണികളിൽ ഒരു തൊഴിലാളി വർ

ഗം ആവിർഭവിക്കുന്നു. ഈ സംഭവവികാസം സാമ്രാജ്യാധിപത്യത്തിനെതിരായ കോളണികളുടെ സമരങ്ങളുടെ വീര്യവും ശക്തിയും പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു.

സാമ്രാജ്യാധിപത്യം മുതലാളികളുടെ പരസ്പരമത്സരത്തെ കുറയ്ക്കുകയില്ല പൂർവ്വാധികം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. "മഹാശക്തികൾ" തമ്മിലുള്ള ശത്രുത്വം അങ്ങേയറ്റം മൂർച്ഛിക്കുന്നു. അങ്ങനെ സാമ്രാജ്യ യുദ്ധങ്ങൾ അനിവാര്യമായിത്തീരുന്നു.

അതിവേഗം മൂർച്ഛിച്ചുവരുന്ന ഈ വൈരുദ്ധ്യങ്ങളാണ് സോഷ്യലിസ്റ്റ് വിപ്ലവത്തിന് വഴിതെളിക്കുന്നത്. അതുകൊണ്ടാണ് സാമ്രാജ്യാധിപത്യം തൊഴിലാളിവിപ്ലവങ്ങളുടെ കാലഘട്ടമാണ് എന്ന് ലെനിനും സ്റ്റാലിനും പ്രഖ്യാപിച്ചത്.

## 10 അസമമായ വളർച്ച

മുതലാളിത്തോൽപാദന ശക്തികൾ എല്ലാ രാജ്യങ്ങളിലും ഒരേതരത്തിലല്ല അസമമായിട്ടാണ് വളരുന്നത്. വളർച്ചയുടെ ഈ അസമത്വം സാമ്രാജ്യാധിപത്യകാലഘട്ടത്തിൽ കൂടുതൽ നിശിതമായിത്തീരുന്നു.

ഒന്നാം ലോകമഹായുദ്ധം വരെ ബ്രിട്ടീഷ് സാമ്രാജ്യത്വം അജയ്യമാണെന്നാണ് പലരും കരുതിയിരുന്നത്. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ജർമനി മുന്നോട്ടു വന്നു ബ്രിട്ടന്റെ ലോകമേധാവിത്വത്തെ ചോദ്യംചെയ്യാൻ തുടങ്ങി. ചരക്കുകളും മൂലധനവും കയറ്റിയയയ്ക്കാൻ പറ്റിയ കോളനികൾ തനിക്കു വേണമെന്നു ജർമനി അവകാശവാദം മുഴക്കി. ലോകം മുഴുവൻ പങ്കിട്ടു കഴിഞ്ഞ സ്ഥിതിക്ക് പുതിയ സ്ഥലങ്ങൾ കയ്യേറുക സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടാണ് ജർമ്മനി ബ്രിട്ടന്റെ നേർക്ക് തിരിഞ്ഞതും. അതുകൊണ്ടുതന്നെയാണ് ഒന്നാം ലോകമഹായുദ്ധമുണ്ടായതും.

യുദ്ധത്തിൽ ജർമ്മനി തോറ്റു; ബ്രിട്ടൻ ജയിച്ചു. പക്ഷേ, പത്തുപതിനഞ്ചു കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും കോളനികൾക്കു വേണ്ടിയുള്ള യുദ്ധകാഹളം മുഴക്കിക്കൊണ്ട് ജർമ്മൻ സാമ്രാജ്യത്വം വീണ്ടും രംഗപ്രവേശം ചെയ്തു. ജപ്പാൻ, ഇറ്റലി മുതലായ രാജ്യങ്ങളും മുന്നോട്ടുവന്നു. അങ്ങനെ കോളനികൾ മാറ്റിപ്പങ്കിടാൻ വേണ്ടി വീണ്ടുമൊരു ലോകമഹായുദ്ധം അനിവാര്യമായിത്തീർന്നു.

ഈ യുദ്ധത്തിലും ബ്രിട്ടൻ ജയിച്ചുവെന്നതു ശരിതന്നെ. പക്ഷേ, "സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ്സാമ്രാജ്യം" ഒരു രണ്ടാംകിട ശക്തിമാത്രമായിത്തീർന്നു. അമേരിക്കയാണ് ഒന്നാംകിട സാമ്രാജ്യശക്തിയായി മുന്നോട്ടുവന്നത്. വിദേശമാർക്കറ്റുകൾക്കും കോളനികൾക്കുംവേണ്ടി വെമ്പൽകൊള്ളുന്ന അമേരിക്ക മറ്റു സാമ്രാജ്യക്കോയ്മകളുടെ കോളനികളും സ്വാധീനവൃത്തങ്ങളും തട്ടിയെടുക്കാനുള്ള പരിശ്രമങ്ങളാരംഭിച്ചു.

ഈ അസമമായ വളർച്ചയ്ക്കിടയിലാണ് മുതലാളിത്തത്തിന്റെ എല്ലാ വൈരുധ്യങ്ങളും മൂർച്ഛിക്കുന്നത്. അതിന്റെ ഫലമായി സാമ്രാജ്യത്വമുന്നണിയാകെ ദുർബലമായിത്തീരുന്നു. സാമ്രാജ്യമുന്നണിയെ അതിന്റെ ഏറ്റവും ദുർബലമായ ഭാഗത്ത് വെട്ടിമുറിച്ച് സോഷ്യലിസം സ്ഥാപിക്കാനുള്ള സാധ്യത ഉയർന്നുവരുന്നു: ലെനിൻ എഴുതി:

"അസമമായ സാമ്പത്തിക രാഷ്ട്രീയവളർച്ച മുതലാളിത്തത്തിന്റെ ഒരു ശാശ്വത നിയമമാണ്. അതുകൊണ്ട് ആദ്യം കുറേ മുതലാളിരാജ്യങ്ങളിൽ അല്ലെങ്കിൽ ഒരൊറ്റരാജ്യത്തിൽ, മാത്രമായിട്ടും സോഷ്യലിസം ജയിക്കുകയെന്നത് സാധ്യമായിരിക്കുന്നു. ആ രാജ്യത്തിലെ വിജയശ്രീലാളിതമായ തൊഴിലാളിവർഗ്ഗം മുതലാളിയുടെ

സ്വത്തെല്ലാം പിടിച്ചെടുക്കുകയും സോഷ്യലിസ്റ്റ് രീതിയിലുള്ള സ്വന്തം സാമ്പത്തിക ഘടന കെട്ടിപ്പടുക്കാൻ തുടങ്ങുകയും ചെയ്തതിനുശേഷം അന്യരാജ്യങ്ങളിലെ മർദ്ദിതവർഗങ്ങളെ സ്വന്തം ആദർശത്തിലേക്കാകർഷിച്ചുകൊണ്ട്, ബാക്കി ലോകത്തെയാകെ, മുതലാളിലോകത്തെയാകെ ചെറുത്തുകൊണ്ടു മുന്നോട്ടുപോകും."

അതാണ് 1917-ൽ റഷ്യയിലുണ്ടായത്. ഒന്നാം ലോകമഹായുദ്ധകാലത്ത് റഷ്യൻ സാമ്രാജ്യത്വത്തിന്റെ മുന്നണി ഏറ്റവും ദുർബലമായിത്തീർന്നു. അതു തകർക്കപ്പെട്ടു. അങ്ങനെ ലോകത്തിന്റെ ആറിലൊരുഭാഗം മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു കുതറി പുറത്തുകടക്കുകയും സോഷ്യലിസം കെട്ടിപ്പടുക്കാൻ തുടങ്ങുകയും ചെയ്തു.

## II

മാർക്സും എംഗെൽസും എഴുതുന്നു:

> "ഉല്പാദനം, വിനിമയം, സ്വത്ത് എന്നീ വിഷയങ്ങളിൽ സ്വന്തമായി ചില ബന്ധങ്ങൾ ഉണ്ടാക്കിവച്ചിട്ടുള്ള ആധുനിക മുതലാളിത്ത സമുദായം, സ്വന്തം മന്ത്രശക്തികൊണ്ട് ഭൂലോകത്തിൽ നിന്ന് താൻതന്നെ ആവാഹിച്ചുകൊണ്ടുവന്ന ഒരു മന്ത്രവാദിയെപ്പോലെയിരിക്കുന്നു. കഴിഞ്ഞ കുറേ ദശാബ്ദക്കാലത്തെ വ്യവസായത്തിന്റെയും വ്യാപാരത്തിന്റെയും ചരിത്രം ആധുനികോല്പാദന ശക്തികൾ ആധുനികോല്പാദന വ്യവസ്ഥകൾക്കെതിരായി കലാപം കൂട്ടിയതിന്റെ ചരിത്രമാണ്; മുതലാളിവർഗത്തിന്റെ നിലനിൽപ്പിൻറേയും വാഴ്ചയുടേയും അടിസ്ഥാനമായി നിൽക്കുന്ന സാമ്പത്തികബന്ധങ്ങളുടെ നേർക്ക് ലഹളകൂട്ടിയതിന്റെ ചരിത്രമാണ്. വ്യാപാരക്കുഴപ്പങ്ങളുടെ ഉദാഹരണമെടുത്തുനോക്കിയാൽ മതി. മുതലാളിത്ത സമുദായത്തിന്റെയാകെ നിലനിൽപ്പിനെ, ഓരോ പ്രാവശ്യവും മുമ്പത്തേക്കാളും ഭീഷണമായ മട്ടിൽ, പരീക്ഷിക്കുന്നു. ഈ കുഴപ്പങ്ങളിൽ നിലവിലുള്ള ഉൽപാദനങ്ങളുടെ വലിയൊരു ഭാഗം മാത്രമല്ല, മുമ്പുണ്ടാക്കിട്ടുള്ള ഉൽപാദനശക്തികളുടെ ഒരു ഭാഗം കൂടി മുതലാളിമാർ കൂടെക്കൂടെ നശിപ്പിച്ചുകളയുന്നു. മുമ്പത്തെ കാലഘട്ടങ്ങളിലെല്ലാം അസംബന്ധമായിതോന്നുന്ന ഒരു പകർച്ചവ്യാധി — അമിതോല്പാദനമാകുന്ന ഒരു പകർച്ചവ്യാധി — ഈ കുഴപ്പഘട്ടങ്ങളിൽ പൊട്ടിപ്പുറപ്പെടുന്നു. സമുദായം പെട്ടെന്ന് താൽക്കാലികമായി കാടത്തത്തിലേക്ക് തള്ളപ്പെട്ടതുപോലാവുന്നു. ഒരു വമ്പിച്ച ക്ഷാമമോ സർവസംഹാരിയായ ഒരു ഭൂഗോളയുദ്ധമോ ഉപജീവനമാർഗങ്ങളെ തടഞ്ഞുനിർത്തിയപോലാവുന്നു. വ്യവസായവും വ്യാപാരവും നശിച്ചപോലാവുന്നു. ഇതിനുള്ള കാരണമോ? നാഗരികത്വം കൂടുതലായി, ഉപജീവനമാർഗങ്ങൾ കൂടുതലായി, വ്യാപാരം കൂടുതലായി, എന്നതുതന്നെ! സമുദായത്തിന്റെ ചൊൽപിടിയിലുള്ള ഉൽപാദനശക്തികൾ ബൂർഷ്വാസമ്പത്തിന്റെ ഉപാധികളെ വളർത്താൻ പറ്റാത്തവയായിക്കഴിഞ്ഞിരിക്കുന്നു. നേരെമറിച്ച് ഈ ഉല്പാദനശക്തികളെ വരിഞ്ഞുകെട്ടി നിർത്താനുള്ള ഈ സാമ്പത്തികോപാധികൾക്ക് താങ്ങാനാവാത്തവിധം ഉല്പാദനശക്തികൾ അത്രയും വളർന്നിരിക്കുന്നു. ഈ വിലങ്ങുമുറിഞ്ഞാൽ ഉല്പാദനശക്തികൾ മുതലാളിത്ത സമുദായത്തിലാകെ കുഴപ്പമുണ്ടാക്കും. മുതലാളിത്ത സമ്പത്തിന്റെ നിലനിൽപ്പിനെ അപകടത്തിലാക്കും. മുതലാളിത്തം സൃഷ്ടിച്ചിട്ടുള്ള സമ്പത്തിന് ഒതുങ്ങിനിൽക്കാനാവാത്തവിധം അത്രയും ഇടുങ്ങിയതാണ് മുതലാളിത്ത സമുദായത്തിന്റെ മൗലികോപാധികൾ. എന്നാൽ പിന്നെ എങ്ങിനെയാണ് മുതലാളിവർഗം ഈ കുഴപ്പങ്ങളിൽ നിന്നു കരകയറുന്നത്? ഒന്നാമതായി ഉല്പാദനശക്തികളിൽ വലിയൊരുഭാഗം കൽപ്പിച്ചുകൂട്ടി നശിപ്പിച്ചിട്ട്; രണ്ടാമതായി, പുതിയ കമ്പോളങ്ങൾ

വെട്ടിപ്പിടിച്ചിട്ട്; പഴയവയെ കൂടുതൽ ശക്തിയായി ചൂഷണം ചെയ്തിട്ടും — എന്നുവെച്ചാൽ, കൂടുതൽ വിപുലവും കൂടുതൽ നാശകാരിയുമായ കുഴപ്പങ്ങൾക്കും വഴിതെളിയിച്ചുകൊണ്ടും കുഴപ്പം തടയാനുള്ള മാർഗ്ഗങ്ങൾ അധികമധികം അടച്ചുകൊണ്ടും.” (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, പേജ് 9-10).

മുതലാളിത്തവ്യവസ്ഥയിൽ ഇടവിട്ടിടവിട്ടുണ്ടാകുന്ന സാമ്പത്തിക കുഴപ്പത്തെപ്പറ്റി എംഗെൽസ് എഴുതുന്നു:

“വാസ്തവം പറയുകയാണെങ്കിൽ, ഒന്നാമത്തെ സാമ്പത്തികകുഴപ്പത്തിന്റെ കൊല്ലമായ 1825 നുശേഷം വ്യാവസായിക വ്യാപാരലോകമാകെ — എല്ലാ പരിഷ്കൃത ജനങ്ങളുടെയും അവരെ ആശ്രയിച്ചുകഴിയുന്ന ഏറെക്കുറെ അപരിഷ്കൃതരെന്നു പറയാവുന്നവരുടെയും ഇടയിൽ നടക്കുന്ന ഉല്പാദന വിതരണ വ്യവസ്ഥയാകെ — പതിപ്പത്തുകൊല്ലം കൂടുമ്പോൾ താറുമാറായിക്കൊണ്ടുവന്നിട്ടുണ്ട്. കച്ചവടം നിലയ്ക്കുന്നു, ചന്തയിൽ ചരക്കുവിറ്റഴിയാതെ കെട്ടിക്കിടക്കുന്നു, ഉല്പന്നങ്ങൾ എത്രകണ്ട് ചെലവാകാതായിത്തീരുന്നുവോ അത്രകണ്ട്, എണ്ണത്തിലും വണ്ണത്തിലും കുന്നുകൂടുന്നു; റൊക്കം പണം കണ്ടു കളിക്കാനില്ലാതാവുന്നു. കടം കിട്ടാനില്ല; ഫാക്ടറികൾ പൂട്ടുകയുണ്ടായി. ഭക്ഷണസാധനങ്ങൾ വളരെയധികം ഉണ്ടാക്കിയെന്ന കാരണത്താൽതന്നെ വേലക്കാരിലധികം പട്ടിണി കിടക്കുന്നു; പാപ്പരത്തത്തിനു കണക്കില്ല. എങ്ങും ജപ്തിയും കേസും കൂട്ടവുമാണ്. ഈ സ്തംഭനം കുറേക്കാലം നീണ്ടുനിൽക്കും. ഉല്പാദനശക്തികളും ഉല്പന്നങ്ങളും കണ്ടമാനം നശിപ്പിക്കപ്പെടുന്നു. അവസാനം വളരെ ചുരുങ്ങിയ വിലയ്ക്ക് കെട്ടിക്കിടക്കുന്ന ചരക്കുകളിൽ അധികഭാഗവും വിറ്റഴിയുന്നു. ഉല്പാദനവും വിനിമയവും വീണ്ടും ക്രമേണ പ്രവർത്തിക്കാൻ തുടങ്ങുന്നു. കുറേശ്ശക്കുറേശ്ശയായി ഇതിന്റെ ഗതിവേഗം കൂടുന്നു. അതൊരു തിടുക്കപ്പെട്ട നടത്തമായിത്തീരുന്നു. വ്യവസായത്തിന്റെ ഈ തിടുക്കനടത്തം ക്രമേണ ഒരു ഓട്ടമായും പിന്നീട് അത് വ്യവസായത്തിന്റെയും കച്ചവടത്തിലെ കള്ളപ്പണികളുടെയും കണ്ണുംമൂക്കുമില്ലാത്ത കുതിച്ചോട്ടമായും തീരുന്നു. അവസാനം കഴുത്തൊടിയുന്ന എടുത്തുചാട്ടങ്ങൾക്കുശേഷം, ആരംഭിച്ചേടത്തുതന്നെ — ഒരു സാമ്പത്തിക്കുഴപ്പത്തിന്റെ ചുഴിയിൽത്തന്നെ അതുവീണ്ടും ചെന്നുചാടുന്നു. ഇതുതന്നെ വീണ്ടും വീണ്ടും. 1825 നുശേഷം ഇതുവരെയായി നാം ഇത്തരം അഞ്ചുകുഴപ്പങ്ങളിലൂടെ കടന്നുപോയിരിക്കുന്നു. ഇപ്പോൾ (1877)ൽ ആറാമത്തെതവണയാണ്” (സോഷ്യലിസം, സാങ്കൽപികവും ശാസ്ത്രീയവും).

## 11 മുതലാളിത്തത്തിന്റെ അനിവാര്യഫലം

മുതലാളിത്തത്തിന്റെ കൂടപ്പിറപ്പാണ് സാമ്പത്തികക്കുഴപ്പം. മുതലാളിത്തോൽപാദന വ്യവസ്ഥയുടെ അനിവാര്യഫലമാണിത്. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു.

“കഴിഞ്ഞ നൂറിലധികം കൊല്ലമായി പന്ത്രണ്ടോ, പത്തോ, എട്ടോ അതിലും കുറച്ചോ കൊല്ലങ്ങൾ ഇടവിട്ടിടവിട്ടുകൊണ്ട് സാമ്പത്തിക കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ മുഴുവനും എല്ലാതരത്തിലുംപെട്ട ബൂർഷ്വാ ഗവൺമെന്റുകളും ബൂർഷ്വാരാഷ്ട്രീയ നേതാക്കൻമാരും, ഒന്നൊഴിയാതെ, സാമ്പത്തികകുഴപ്പങ്ങളെ ‘തടയാനും’ ‘അവസാനിപ്പിക്കാനും’ ശ്രമിച്ചുപോന്നിട്ടുമുണ്ട്. പക്ഷേ, അവരെല്ലാം തന്നെ പരാജയപ്പെടുകയാണു ചെയ്തത്. മുതലാളിത്തത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിൽക്കുക, അതേസമയം തന്നെ സാമ്പത്തികക്കുഴപ്പങ്ങളെ തടയുകയോ അവസാനിപ്പിക്കുകയോ ചെയ്യുക — ഇതു സാധ്യമല്ല. അതുകൊ

ണ്ടാണവർ പരാജയപ്പെട്ടത്.” — (സ്റ്റാലിൻ: സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 16-ാം കോൺഗ്രസിലെ റിപ്പോർട്ട്).

കൂടെക്കൂടെയുണ്ടാകുന്ന ഈ കുഴപ്പങ്ങൾക്ക് കാരണമെന്താണ്? മുതലാളിത്തവ്യവസ്ഥയിൽ ഉൽപാദനം തുടർന്നുനടത്താൻ കഴിയാതെ ഇടക്കിടയ്ക്കു സ്തംഭിക്കുന്നതെന്തുകൊണ്ടാണ്?

ലാഭത്തിനുവേണ്ടിയാണ് മുതലാളി ഉൽപാദനം നടത്തുന്നത്. പക്ഷേ, ലാഭം കിട്ടണമെങ്കിൽ ചരക്കുകളുണ്ടാക്കിയാൽ മാത്രം പോരാ, ഉണ്ടാക്കിയ ചരക്കുകൾ വിറ്റഴിക്കുക കൂടി വേണം. ചരക്കുകൾ വിറ്റഴിച്ച് പണമാക്കി മാറ്റിയാലേ ആ പണം വീണ്ടുമിറക്കി പുനരുല്പാദനം നടത്താൻ കഴിയൂ. പക്ഷേ, ഇടയ്ക്കിടയ്ക്ക് വിൽപ്പന പെട്ടെന്ന് തടയപ്പെടുന്നു. അവിടെയാണ് കുഴപ്പം.

ലാഭത്തിനുവേണ്ടിയുള്ള മുതലാളിത്തോൽപാദന വ്യവസ്ഥയുടെ വൈരുദ്ധ്യങ്ങളിലാണ് കുഴപ്പങ്ങളുടെ കാരണമാരായേണ്ടത് എന്ന് മാർക്സും ഏംഗൽസും വ്യക്തമാക്കുന്നു.

## 12 വ്യവസായവിഭാഗങ്ങൾ തമ്മിലുള്ള ബന്ധം

വ്യവസായങ്ങളെ പൊതുവിൽ രണ്ടു ഗ്രൂപ്പുകളായി തരംതിരിക്കാം. ഉല്പാദനോപകരണങ്ങൾ (അതായത് യന്ത്രങ്ങൾ, അസംസ്കൃത പദാർത്ഥങ്ങൾ മുതലായവ) നിർമ്മിക്കുന്ന വ്യവസായങ്ങളും ഉപഭോഗസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങളും. ഉൽപാദനോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായഗ്രൂപ്പിന് ഉപഭോഗസാമഗ്രികൾ വേണം. തൊഴിലാളികളുടെ കൂലിയും (വർദ്ധമാന മൂലധനം) മുതലാളികളുടെ മിച്ചമൂല്യത്തിന്റെ ഒരു ഭാഗവും ഉപഭോഗസാമഗ്രികൾ വാങ്ങാൻ വേണ്ടിയാണുപയോഗിക്കപ്പെടുക. അതേപോലെ ഉപഭോഗസാമഗ്രികൾ നിർമ്മിക്കുന്ന ഗ്രൂപ്പിന് ഉല്പാദനോപകരണങ്ങളും വേണം. ഇങ്ങനെ രണ്ടു ഗ്രൂപ്പുകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ഈ ബന്ധത്തിന്റെ സ്വഭാവം ഒന്നു നല്ലപോലെ പരിശോധിക്കുക. ഒന്നാം വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾ യന്ത്രങ്ങൾ നിർമ്മിക്കുന്നു. ഓരോ ഉല്പാദനമുറയ്ക്കും ശേഷം അതിലെ എല്ലാ മൂല്യങ്ങളും (സ്ഥിരംമൂലധനവും വർദ്ധമാനമൂലധനവും മിച്ചമൂല്യവും എല്ലാം) യന്ത്രങ്ങളുടെ രൂപം ധരിക്കുന്നു. ആ യന്ത്രങ്ങൾ മുഴുവനും വിറ്റഴിച്ചു പണമാക്കിയാലേ ആവശ്യമായ ഉപഭോഗസാമഗ്രികൾ വാങ്ങാനും വീണ്ടും ഉല്പാദനോപകരണങ്ങളുണ്ടാക്കാനും കഴിയൂ. ആരാണാ യന്ത്രങ്ങളൊക്കെ വാങ്ങുക? കുറെ യന്ത്രങ്ങൾ ഒന്നാംവിഭാഗത്തിൽതന്നെ ചെലവാകും. പുനരുല്പാദനത്തിനു യന്ത്രങ്ങൾ വേണമല്ലോ. ബാക്കിയുള്ളത് രണ്ടാം വിഭാഗക്കാർ, ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന വ്യവസായക്കാർ, വാങ്ങണം. അവർക്കും പുനരുല്പാദനത്തിനു യന്ത്രങ്ങൾ വേണം.

ഇനി രണ്ടാം വിഭാഗത്തെ പരിശോധിക്കുക. ഓരോ ഉൽപാദനമുറയ്ക്കും ശേഷം അതിലെ മൂല്യങ്ങൾ (സ്ഥിരം മൂലധനം, മിച്ചമൂല്യം) ഉപഭോഗസാമഗ്രികളുടെ രൂപം ധരിക്കുന്നു. ആ ഉപഭോഗസാമഗ്രികൾ മുഴുവനും വിറ്റഴിയണം. എന്നാലേ വീണ്ടും യന്ത്രങ്ങൾ വാങ്ങാനും തൊഴിലാളികൾക്കു കൂലി കൊടുക്കാനും അങ്ങനെ പുനരുല്പാദനം നടത്താനും കഴിയൂ. ആരാണാ ഉപഭോഗസാമഗ്രികളെല്ലാം വാങ്ങുക? കുറേ രണ്ടാംവിഭാഗത്തിൽതന്നെ ചെലവാകും. തൊഴിലാളികൾക്കുകിട്ടുന്ന കൂലിയും മുതലാളികളുടെ മിച്ചമൂല്യത്തിന്റെ ഒരു ഭാഗവും ഉപഭോഗസാമഗ്രികൾക്കുവേണ്ടി

യാണല്ലോ ഉപയോഗിക്കപ്പെടുക. ബാക്കിയുള്ളത് ഒന്നാംവിഭാഗക്കാർ വാങ്ങണം. അവർക്കും ഉപഭോഗസാമഗ്രികൾ ആവശ്യമാണല്ലോ.

ഇങ്ങനെ രണ്ടുവിഭാഗക്കാരും തങ്ങളുണ്ടാക്കുന്ന ചരക്കുകളുടെ ഒരുഭാഗം കൈമാറുന്നു. ഈ കൈമാറ്റത്തിന്റെ തോതെന്താണ്?

ഒന്നാം വിഭാഗത്തിലെ വർദ്ധമാനമൂലധനവും മിച്ചമൂല്യത്തിന്റെ ഒരു ഭാഗവും ഉപഭോഗസാമഗ്രികൾ വാങ്ങാനുള്ളതാണ്. പക്ഷേ, അവ യന്ത്രങ്ങളുടെ രൂപത്തിലാണ് കിടക്കുന്നത്. ആ യന്ത്രങ്ങൾ രണ്ടാം വിഭാഗക്കാർക്കു വിൽക്കുകയും പകരം അത്രയും മൂല്യമുള്ള ഉപഭോഗസാമഗ്രികൾ വാങ്ങുകയും വേണം.

രണ്ടാംവിഭാഗക്കാരുടെ സ്ഥിരം മൂലധനവും മിച്ചമൂല്യത്തിന്റെ ഒരു ഭാഗവും യന്ത്രങ്ങൾ വാങ്ങാനുള്ളതാണ്. പക്ഷേ, അവയിപ്പോൾ ഉപഭോഗസാമഗ്രികളുടെ രൂപത്തിലാണ് കിടക്കുന്നത്. ആ ഉപഭോഗസാമഗ്രികൾ ഒന്നാം വിഭാഗക്കാർക്കു വിൽക്കുകയും അത്രയും മൂല്യമുള്ള യന്ത്രങ്ങൾ വാങ്ങുകയും വേണം.

ഒന്നാം വിഭാഗക്കാർ രണ്ടാംവിഭാഗക്കാർക്കു വിൽക്കുന്ന യന്ത്രങ്ങളുടെയും രണ്ടാം വിഭാഗക്കാർ ഒന്നാം വിഭാഗക്കാർക്ക് വിൽക്കുന്ന ഉപഭോഗസാമഗ്രികളുടെയും മൂല്യങ്ങൾ തുല്യമാവണം. മറ്റൊരുവിധം പറഞ്ഞാൽ, ഒന്നാം വിഭാഗക്കാരുടെ വർദ്ധമാന മൂലധനവും ഉപഭോഗസാമഗ്രികൾക്കുവേണ്ടി നീക്കിവയ്ക്കുന്ന മിച്ചമൂല്യത്തിന്റെ ഭാഗവും രണ്ടാം വിഭാഗക്കാരുടെ സ്ഥിരമൂലധനത്തിനും യന്ത്രപരിഷ്കരണത്തിനും വേണ്ടി നീക്കിവയ്ക്കുന്ന മിച്ചമൂല്യത്തിന്റെ ഭാഗത്തിനും സമമാവണം. രണ്ടുവിഭാഗക്കാരുടെയും ഡിമാൻറും സപ്ലൈയും തമ്മിൽ പൊരുത്തപ്പെടണം.

കെട്ടിപ്പിണഞ്ഞ ഒരു പ്രശ്നമാണിത്. എന്തെന്നാൽ, യഥാർത്ഥത്തിൽ രണ്ടുവിഭാഗക്കാരും തമ്മിൽ കൊള്ളക്കൊടുക്കയിൽ ഉപഭോഗസാമഗ്രികളും യന്ത്രങ്ങളും തമ്മിൽ മൊത്തത്തിലുള്ള ഒരു പൊരുത്തമുണ്ടായാൽ മാത്രം പോരാ. ഓരോ വിഭാഗത്തിലും അനേകം ഉപവിഭാഗങ്ങളുണ്ട്. ഒന്നാംവിഭാഗത്തിൽതന്നെ പലതരത്തിലുംപെട്ട യന്ത്രങ്ങളുണ്ടാവും. അതുപോലെ ഉപഭോഗസാമഗ്രികളിലും, ഭക്ഷണസാധനങ്ങൾ, തുണി, സുഖഭോഗസാമഗ്രികൾ എന്നിങ്ങനെ പലതുമുണ്ടാവും. ഈ ഉപവിഭാഗങ്ങൾതമ്മിൽ തമ്മിൽ പൊരുത്തമുണ്ടാവണം. ഉദാഹരണത്തിന് തുണിത്തരങ്ങളും നെയ്ത്ത് യന്ത്രങ്ങളും തമ്മിൽ പൊരുത്തമുണ്ടാവണം. മാർക്കറ്റിൽ വിൽപനക്കുവരുന്ന ഓരോ ചരക്കിനും ഡിമാൻറുണ്ടാവണം. ആ ചരക്കിന്റെ ഉടമസ്ഥനാവശ്യമായ ചരക്കിന്റെ സപ്ലൈയുണ്ടാവണം. അവർ തമ്മിൽ പൊരുത്തമുണ്ടാവുകയും വേണം. എന്നാൽ യാതൊരു കുഴപ്പവുമില്ല.

## 13 ഉല്പാദനവ്യവസ്ഥയിലെ അരാജകത്വം

പക്ഷേ, മുതലാളിത്ത സമുദായത്തിൽ ഇതു സാധ്യമല്ല. കാരണം, യാതൊരു പ്ലാനുമില്ലാതെ അരാജകമായിട്ടാണ് ഉല്പാദനം നടക്കുന്നത്. എംഗൽസ് വിവരിക്കുന്നു:

> "ചരക്കുല്പാദനത്തിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ സാമാനങ്ങൾക്കും ഒരു പ്രത്യേകതയുണ്ട്. അതിൽ ഉല്പാദകൻമാർക്ക് സ്വന്തം സാമൂഹ്യബന്ധങ്ങളുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. സ്വന്തം കയ്യിലായിത്തീർന്ന ഉല്പാദനോപകരണങ്ങളുപയോഗിച്ച് വ്യക്തിപരമായ സ്വന്തം ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണ് ഓരോ ഉല്പാദകനും ഉല്പാദനം നടത്തുന്നത്. താനുല്പാദിപ്പിക്കുന്ന തരത്തിലുള്ള ചരക്കുകൾ എത്രയാണ് മാർക്കറ്റിൽ വരുന്നത് എന്നോ അതിനു എത്രത്തോളം ഡിമാൻറുണ്ടെന്നോ ആർക്കുമറിഞ്ഞുകൂടാ. തന്റെ സ്വന്തം ഉല്പന്നത്തിനു

യഥാർത്ഥത്തിൽ ആവശ്യക്കാരുണ്ടാകുമോ, ചെലവാക്കിയ സംഖ്യ മടക്കിക്കിട്ടുമോ, വിറ്റഴിക്കാൻ തന്നെ സാധിക്കുമോ — ഇതൊന്നും ആർക്കും അറിഞ്ഞുകൂടാ. സാമൂഹ്യോൽപാദനത്തിൽ അരാജകത്വമാണ് നടമാടുന്നത്. പക്ഷേ മറ്റെല്ലാ ഉല്പാദന രീതികൾക്കുമെന്നപോലെ ചരക്കുല്പാദനത്തിനും അതിൻറേതായ നിയമങ്ങളുണ്ട്. ചരക്കുല്പാദനവുമായി അഭേദ്യമാം വിധം ബന്ധപ്പെട്ട നിയമങ്ങളാണവ. അരാജകത്വത്തിലൂടെതന്നെ ആ നിയമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. പിന്നെയും നിലനിൽക്കുന്ന സാമൂഹ്യബന്ധങ്ങളുടെ ഒരേയൊരു രൂപത്തിൽ, അതായത് കൈമാറ്റത്തിൽ ആ നിയമങ്ങൾ പ്രതിഫലിക്കുന്നു. മത്സരത്തിന്റെ നിർബന്ധപൂർവമായ നിയമങ്ങളെന്ന നിലയ്ക്ക് ആ വ്യക്തികളായ ഉല്പാദകൻമാരുടെ മേൽ നിയന്ത്രണം ചെലുത്തുകയും ചെയ്യുന്നു. ആ ഉല്പാദകൻമാർക്ക് തന്നെ ആദ്യമൊക്കെ അവ അജ്ഞാതങ്ങളായിരിക്കും. മെല്ലെ മെല്ലെ നീണ്ടകാലത്തെ അനുഭവങ്ങളിലൂടെ മാത്രമേ അവ കണ്ടെത്തപ്പെടുന്നുള്ളു. അതുകൊണ്ടവ ഉല്പാദകൻമാരെ കൂട്ടാക്കാതെ, അവർക്കെതിരായി, അവരുടെ ഉല്പാദനരീതിയുടെ സഹജമായ നിയമങ്ങളെന്ന നിലക്ക് അന്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ഉല്പന്നമാണ് ഉല്പാദകന്മാരുടെ മേൽ മേധാവിത്വം വഹിക്കുന്നത്" (ഏംഗൽസ്; ആൻറിഡ്യൂറിങ്ങ്).

ലാഭത്തിനുവേണ്ടിയാണ് മുതലാളി ഉൽപാദനം നടത്തുന്നത്. ലാഭം കിട്ടാൻവേണ്ടി ഓരോ മുതലാളിയും തന്റെ ഉല്പാദനോപകരണങ്ങളെ കൂടുതൽ കൂടുതൽ പരിഷ്കരിക്കുന്നു. മിച്ചമൂല്യത്തിന്റെ ഗണ്യമായ ഭാഗം കൂട്ടിച്ചേർത്തുകൊണ്ട് ഉല്പാദനോപകരണങ്ങളെ കൂടുതൽ പരിഷ്കരിക്കുകയും കൂടുതൽ വിപുലീകരിക്കുകയും ചെയ്യുന്നു. ഉല്പാദനോപകരണങ്ങളെ കൂടുതൽ കൂടുതൽ പരിഷ്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യാത്ത മുതലാളികൾ തങ്ങളുടെ എതിരാളികളുമായുള്ള ഇടവിടാത്ത മത്സരത്തിൽ തോറ്റു നിലംപതിക്കുന്നു.

ഉല്പാദനോപകരണങ്ങൾ പരിഷ്കരിക്കുക എന്നുവച്ചാൽ വർദ്ധമാന മൂലധനത്തെ അപേക്ഷിച്ച് സ്ഥിരംമൂലധനത്തിനു കൂടുതൽ പണം നീക്കിവയ്ക്കുക എന്നർത്ഥമാണ്. ഒരു ഭാഗത്ത് യന്ത്രങ്ങൾ നിർമ്മിക്കുന്ന ഒന്നാംവിഭാഗത്തിലെന്നപോലെതന്നെ ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന രണ്ടാംവിഭാഗത്തിലും സ്ഥിരംമൂലധനം വർദ്ധമാനമൂലധനത്തെ അപേക്ഷിച്ചുവർദ്ധിച്ചുകൊണ്ടുവരുന്നു. മറുഭാഗത്ത് യന്ത്രങ്ങളുണ്ടാക്കുന്ന ഒന്നാംവിഭാഗമാകെ രണ്ടാംവിഭാഗത്തെ അപേക്ഷിച്ച് കൂടുതൽ വേഗത്തിൽ വളരുന്നു. ഇതു രണ്ടുവിഭാഗങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾക്കു മൂർച്ചകൂട്ടുന്നു.

സ്ഥിരമൂലധനം വർദ്ധമാനമൂലധനത്തെ അപേക്ഷിച്ചുകൂടുതലായിരിക്കുമെങ്കിലും ഉല്പാദനോപകരണങ്ങൾ പരിഷ്കരിക്കുകയും വ്യവസായങ്ങൾ വളരുകയും ചെയ്യുമ്പോൾ രണ്ടാംവിഭാഗത്തിലും കൂടുതൽ തൊഴിലാളികൾക്കു പണിയുണ്ടാകുന്നതാണ്. അതിന്റെ ഫലമായി ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് വർധിക്കുകയും ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന വ്യവസായ വിഭാഗം വളരുമ്പോൾ യന്ത്രങ്ങൾക്കുള്ള ഡിമാൻറും വർദ്ധിക്കും. എന്നുവച്ചാൽ ഒന്നാംവിഭാഗവും വളരും. വീണ്ടും കൂടുതൽ തൊഴിലാളികൾക്ക് പണികിട്ടും. വീണ്ടും ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് വർധിക്കും. ഇങ്ങനെ എല്ലാ വ്യവസായങ്ങളും വളരുന്നു.

ഡിമാൻറ് വർധിക്കുമ്പോൾ ഓരോ മുതലാളിയും ഉല്പാദനം വർദ്ധിപ്പിക്കാൻ അങ്ങേയറ്റം ശ്രമിക്കുന്നു. ബാങ്കിൽനിന്നു പണം കടംവാങ്ങിയിട്ടെങ്കിലും ഉൽപാദനം വിപുലീകരിക്കുന്നു.

ഒന്നാംവിഭാഗത്തിൽപ്പെട്ടവർ വളരെവലിയ സംഖ്യമുടക്കി യന്ത്രങ്ങളുണ്ടാക്കാൻ തുടങ്ങുന്നു. പക്ഷേ, യന്ത്രങ്ങളുടെ പണിമുഴമിക്കാൻ താരതമ്യേന കൂടുതൽ

സമയം പിടിക്കും. അങ്ങനെ കൂടുതൽ പണവും കൂടുതൽ സമയവും ചെലവിട്ടു യന്ത്രങ്ങളുണ്ടാക്കി തള്ളുന്നു. പെട്ടെന്നൊരു സുപ്രഭാതത്തിൽ തന്റെ യന്ത്രങ്ങൾക്കു മാർക്കറ്റിൽ ഡിമാൻറില്ലെന്നു മുതലാളി മനസ്സിലാക്കുന്നു. കുഴപ്പം ആരംഭിക്കുകയായി.

യന്ത്രങ്ങൾക്ക് ചിലവില്ലാത്തതിനാൽ യന്ത്രക്കമ്പനിയിൽ നിന്ന് കുറേ തൊഴിലാളികളെയെങ്കിലും പിരിച്ചുവിടുമെന്നു തീർച്ചയാണ്. എന്നുവച്ചാൽ ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് ചുരുങ്ങുക എന്നർഥമാണ്. ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് ചുരുങ്ങുമ്പോൾ യന്ത്രങ്ങൾക്കുള്ള ഡിമാൻറും കൂടുതൽ ചുരുങ്ങുന്നു; അങ്ങനെ കുഴപ്പം മൂർച്ഛിക്കുന്നു.

യന്ത്രങ്ങളുടെ ഡിമാൻറ് യഥാർത്ഥത്തിൽ ഉപഭോഗസാമഗ്രികളുടെ ഡിമാൻറിനെ ആശ്രയിച്ചാണിരിക്കുന്നത്. ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് കുറഞ്ഞാൽ യന്ത്രങ്ങളുടെ ഡിമാൻറും കുറയും.

## 14 കുഴപ്പങ്ങളുടെ അടിസ്ഥാന കാരണം

ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് എന്തിനെ ആശ്രയിച്ചാണിരിക്കുക? കാര്യങ്ങൾ മനസ്സിലാക്കാനുള്ള സൗകര്യത്തിനു സമുദായത്തിൽ മുതലാളികളും തൊഴിലാളികളും മാത്രമേയുള്ളുവെന്നു വിചാരിക്കുക. അങ്ങനെയാണെങ്കിൽ രണ്ടുവിഭാഗത്തിലുംപെട്ട വ്യവസായശാഖകളിലെ തൊഴിലാളികൾക്കു കിട്ടുന്ന കൂലിയും രണ്ടുവിഭാഗത്തിലെയും മുതലാളികൾക്കു കിട്ടുന്ന മിച്ചമൂല്യത്തിന്റെ ഒരുഭാഗവുമാണ് ഉപഭോഗസാമഗ്രികൾ വാങ്ങാൻവേണ്ടി നീക്കിവയ്ക്കപ്പെടുന്നത്. മൂലധനത്തിന്റെ കേന്ദ്രീകരണവും വിപുലീകരണവും വളരുന്നതോടൊപ്പം മിച്ചമൂല്യത്തിന്റെ കൂടുതൽ ഭാഗങ്ങൾ ഉല്പാദനോപകരണങ്ങൾക്കുവേണ്ടി നീക്കിവയ്ക്കപ്പെടുന്നതുമായിരിക്കും. എന്നുവച്ചാൽ ഉപഭോഗസാമഗ്രികൾക്കുവേണ്ടി നീക്കിവയ്ക്കപ്പെടുന്ന ഭാഗം കുറഞ്ഞു കുറഞ്ഞുവരും. അതുകൊണ്ട്, ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് പ്രധാനമായും തൊഴിലാളികളുടെ കൂലിയെ ആശ്രയിച്ചാണിരിക്കുക.

കൂലിയുടെ സ്ഥിതിയെന്താണ്? ലാഭത്തിനുവേണ്ടി ഉൽപാദനം നടത്തുന്ന മുതലാളികൾ എല്ലായ്പ്പോഴും തൊഴിലാളികളിൽ നിന്ന് അങ്ങേയറ്റം മിച്ചമൂല്യം പിഴിഞ്ഞെടുക്കാനാണ് ശ്രമിക്കുക. ഇതിന്റെ അർത്ഥം ഒട്ടാകെയുൽപ്പാദിപ്പിക്കപ്പെടുന്ന മൂല്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തൊഴിലാളികൾക്കു കിട്ടുന്ന മൂല്യം കുറഞ്ഞുകുറഞ്ഞുവരികയെന്നാണ്. തൊഴിലാളികളുടെ എണ്ണവും എല്ലാ തൊഴിലാളികൾക്കും കൂടി കിട്ടുന്ന കൂലിയുടെ തുകയും വർദ്ധിക്കുന്ന കാലത്തുപോലും ഇതു തന്നെയാണ് സ്ഥിതി. എന്തുകൊണ്ടെന്നാൽ, അത്തരം പരിതസ്ഥിതികളിലും തൊഴിലാളികൾക്കു ലഭിക്കുന്ന പങ്കിനെ അപേക്ഷിച്ച് എത്രയോ വേഗത്തിലാണ് ഒട്ടാകെയുല്പാദിപ്പിക്കപ്പെടുന്ന മൂല്യങ്ങൾ വർധിക്കുക. കൂലി താരതമ്യേന വർധിക്കുന്ന കാലങ്ങളിൽ താൽക്കാലികമായി ഉപഭോഗസാമഗ്രികളുടെ ഡിമാൻറ് തെല്ലൊന്നു വർദ്ധിക്കുമെന്നതുശരിയാണ്. എങ്കിലും അപ്പോഴും ഒട്ടാകെയുള്ള ഉല്പന്നങ്ങളും തൊഴിലാളികൾക്കു ലഭിക്കുന്ന ഭാഗവും തമ്മിലുള്ള വിടവ് വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. ഇതു മൂർച്ഛിച്ചു മൂർച്ഛിച്ച് ഒരു ഘട്ടമെത്തുമ്പോൾ അനിവാര്യമായ ഒരു പൊട്ടിത്തെറിയിലവസാനിക്കുകയും ചെയ്യും.

ധാരാളം കൃഷിക്കാരുള്ള ഒരു സമുദായത്തിലും സ്ഥിതി വളരെയൊന്നും വ്യത്യസ്തമായിരിക്കില്ല. എന്തെന്നാൽ, മുതലാളിത്ത വ്യവസ്ഥയിൽ കൃഷിക്കാർ കൂടുതൽ കൂടുതൽ അധഃപതിക്കുകയും പാപ്പരാവുകയുമാണ് ചെയ്യുന്നത്. അതിൻ ഫലമായി ചരക്കുകൾ വാങ്ങാനുള്ള അവരുടെ കഴിവും കുറഞ്ഞുകുറഞ്ഞുവരുന്നു. അപ്പോൾ,

സാമ്പത്തികക്കുഴപ്പത്തിന്റെ അടിസ്ഥാനകാരണമാരായേണ്ടത് ചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്തോൽപാദനരീതിയിലാണ്. സ്റ്റാലിൻ പറയുന്നു:

"അമിതോല്പാദനമെന്ന സാമ്പത്തികക്കുഴപ്പങ്ങളുടെ അടിസ്ഥാനവും കാരണവും മുതലാളിത്തോല്പാദനവ്യവസ്ഥയിൽതന്നെയാണ് കിടക്കുന്നത്. ഉല്പാദനത്തിന്റെ സാമൂഹ്യസ്വഭാവവും ഉല്പാദനങ്ങളെ മുതലാളിത്തരീതിയിൽ കയ്യടക്കിവയ്ക്കലും തമ്മിലുള്ള വൈരുദ്ധ്യത്തിലാണ് കുഴപ്പങ്ങളുടെ അടിസ്ഥാനം കിടക്കുന്നത്. ഈ അടിസ്ഥാന വൈരുദ്ധ്യം പ്രത്യക്ഷപ്പെടുന്നത് മുതലാളിത്തത്തിന്റെ ഉല്പാദനക്കഴിവുകളുടെ ഭീമമായ വളർച്ചയും — മുതലാളിത്ത ലാഭം അങ്ങേയറ്റം സമ്പാദിക്കാനിതാവശ്യമാണ് — പത്തുലക്ഷക്കണക്കിലുള്ള അധ്വാനിക്കുന്ന ജനങ്ങളുടെ ക്രയശക്തിയുടെ താരതമ്യേനയുള്ള താഴ്ചയും — അവരുടെ ജീവിതത്തോത് അങ്ങേയറ്റം കുറയ്ക്കുവാൻ മുതലാളികൾ എല്ലായ്പ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു — തമ്മിലുള്ള വൈരുധ്യത്തിലൂടെയാണ്. മത്സരത്തിൽ വിജയംനേടാനും കൂടുതൽ ലാഭം പിഴിഞ്ഞെടുക്കാനും വേണ്ടി സാങ്കേതികാഭിവൃദ്ധി നേടാനും അധ്വാനഭാരം വർദ്ധിപ്പിക്കുന്ന യന്ത്രപരിഷ്കാരങ്ങൾ നടപ്പിൽവരുത്താനും തൊഴിലാളികളുടെ മേലുള്ള ചൂഷണത്തിനു കാഠിന്യം കൂട്ടാനും തങ്ങളുടെ സ്ഥാപനങ്ങളുടെ ഉല്പാദനക്കഴിവുകൾ അങ്ങേയറ്റം വരെ വർദ്ധിപ്പിക്കാനും മുതലാളികൾ നിർബന്ധരാവുന്നു. പരസ്പരമുള്ള മത്സരത്തിൽ പിന്നോട്ടടിച്ചു വീഴാതിരിക്കാൻ വേണ്ടി എല്ലാ മുതലാളികളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഉൽപ്പാദനക്കഴിവുകളെ ദ്രുതഗതിയിൽ വളർത്തുക എന്ന ഈ മാർഗം സ്വീകരിക്കാൻ നിർബന്ധരായിത്തീരുന്നു. പക്ഷേ, ആഭ്യന്തരവും വിദേശീയവുമായ മാർക്കറ്റുകൾ പത്തുലക്ഷക്കണക്കിലുള്ള തൊഴിലാളികളുടെയും കൃഷിക്കാരുടെയും ക്രയശക്തി — അവസാന വിശകലനത്തിൽ അവരാണല്ലോ അടിസ്ഥാനപരമായി ചരക്കുവാങ്ങുന്നവർ — താണനിലവാരത്തിൽതന്നെ കിടക്കുന്നു. അതിന്റെ ഫലമായിട്ടാണ് അമിതോൽപാദനത്തിന്റെ സാമ്പത്തികക്കുഴപ്പങ്ങളുണ്ടാകുന്നത്. ഇടവിട്ടിടവിട്ട കാലങ്ങളിൽ ചരക്കുകൾ വിറ്റഴിക്കാതെ കിടക്കുക എന്ന സ്ഥിതി ആവർത്തിക്കുന്നതും ഉൽപാദനം കുറയ്ക്കപ്പെടുന്നതും തൊഴിലില്ലായ്മ വർദ്ധിക്കുന്നതും കൂലി വെട്ടിക്കുറയ്ക്കപ്പെടുന്നതും അങ്ങനെ ഉല്പാദനത്തിന്റെ നിലവാരവും ഡിമാൻറിന്റെ നിലവാരവും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ മൂർച്ഛിക്കുന്നതുമെല്ലാം അതിന്റെ ഫലമായിട്ടാണ്. കടിഞ്ഞാണില്ലാത്തതും നാശകരവുമായ രൂപങ്ങളിലേക്ക് ഈ വൈരുദ്ധ്യം എത്തിച്ചേരുന്നതിന്റെ പ്രകടനമാണ് അമിതോല്പാദനത്തിന്റെ കുഴപ്പം. പരമാവധി ലാഭം നേടാൻ ശ്രമിക്കുന്നതിനു പകരം ജനസാമാന്യങ്ങളുടെ ഭൗതികപരിതസ്ഥിതികളെ ക്രമപ്രവൃദ്ധമായി അഭിവൃദ്ധിപ്പെടുത്താൻ, സ്വന്തം ലാഭങ്ങളെ ഇത്തിക്കണ്ണിവർഗ്ഗങ്ങളുടെ ഇഷ്ടങ്ങളെ തൃപ്തിപ്പെടുത്തുവാനോ ചൂഷണമാർഗങ്ങളെ പൂർണതയിലേയ്ക്കുയർത്തുവാനോ മൂലധനം കയറ്റി അയയ്ക്കുവാനോ വേണ്ടി ഉപയോഗിക്കുന്നതിനു പകരം തെഴിലാളികളുടെയും കൃഷിക്കാരുടെയും ഭൗതിക പരിതസ്ഥിതികളെ ക്രമപ്രവൃദ്ധമായി അഭിവൃദ്ധിപ്പെടുത്താൻവേണ്ടി ഉപയോഗിക്കുവാൻ മുതലാളിത്തത്തിനു സാധിക്കുമെങ്കിൽ യാതൊരുകുഴപ്പവും ഉണ്ടാവുകയില്ല. പക്ഷേ, അങ്ങനെയാവുമ്പോൾ മുതലാളിത്തം മുതലാളിത്തമല്ലാതായിത്തീരും. കുഴപ്പങ്ങളില്ലാതാവണമെങ്കിൽ മുതലാളിത്തമില്ലാതാവണം" (സ്റ്റാലിൻ: പതിനാറാം കോൺഗ്രസിന്റെ റിപ്പോർട്ട്).

## III

ഇടവിട്ടിടവിട്ടുള്ള സാമ്പത്തികക്കുഴപ്പങ്ങളെ അതിജീവിച്ചുകൊണ്ട് 19-ാം നൂറ്റാണ്ടിന്റെ അവസാനംവരെയും മുതലാളിത്തോല്പാദന വ്യവസ്ഥ വളരുകയാണ് ചെയ്തത്.

സ്വന്തം രാജ്യങ്ങളിലെ തൊഴിലാളികളെയും കോളനികളിലെ ജനങ്ങളെയും ചൂഷണം ചെയ്തുകൊണ്ട് മുതലാളിത്തം ശക്തിപ്പെടുകയാണ് ചെയ്തത്. ഓരോ കുഴപ്പവും ഓരോ അഭിവൃദ്ധിയുടെ മുന്നോടിയായിരുന്നു. പക്ഷേ, ഇരുപതാംനൂറ്റാണ്ടോടുകൂടി മുതലാളിത്തം അതിന്റെ നാശോന്മുഖമായ അവസാനഘട്ടത്തിലെത്തി. അതു സാമ്രാജ്യാധിപത്യമായി മാറി; തൊഴിലാളിവിപ്ലവങ്ങളുടെ കാലഘട്ടം ആവിർഭവിച്ചു.

ഒന്നാം ലോകയുദ്ധത്തോടുകൂടി, പ്രത്യേകിച്ചും 1917ലെ ഒക്ടോബർ വിപ്ലവത്തിലൂടെ റഷ്യ മുതലാളിത്തത്തിന്റെ പിടിയിൽനിന്നു മോചനം നേടിക്കൊണ്ട് സോഷ്യലിസം സ്ഥാപിച്ചതോടുകൂടി, ലോകമുതലാളി വ്യവസ്ഥ ഒരു പൊതുകുഴപ്പത്തിലകപ്പെട്ടു.

മുതലാളിത്തത്തിന്റെ പൊതുകുഴപ്പം ചരിത്രപരമായ ഒരു പുതിയ കാലഘട്ടത്തെയാണ് കുറിക്കുന്നത്. തൊഴിലാളി വിപ്ലവങ്ങളുടെയും ദേശീയവിമോചനസമരങ്ങളുടെയും കാലഘട്ടമാണത്. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്റെയും കൂടുതൽ കൂടുതൽ ജനങ്ങൾ മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു മോചനം നേടുന്നതിന്റെയും കാലഘട്ടമാണിത്.

പൊതുകുഴപ്പത്തിന്റെ അടിസ്ഥാനമെന്തെന്നു വിവരിച്ചുകൊണ്ട് സ്റ്റാലിൻ എഴുതുന്നു:

> 'ലോകമുതലാളിത്തത്തിന്റെ പൊതുകുഴപ്പം ഒരു രാഷ്ട്രീയ കുഴപ്പം മാത്രമാണോ? അല്ലെങ്കിൽ സാമ്പത്തികക്കുഴപ്പം മാത്രമാണോ? രണ്ടും മാത്രമായിട്ടല്ല, അതൊരു പൊതുകുഴപ്പമാണ്; അതായത്, സാമ്പത്തികരംഗത്തെയും രാഷ്ട്രീയരംഗത്തെയും ഒരുപോലെ ബാധിക്കുന്ന ലോകമുതലാളിത്തവ്യവസ്ഥയുടെ സർവസ്പർശിയായ ഒരു കുഴപ്പമാണ്; ഈ കുഴപ്പത്തിന്റെ അടിയിൽക്കിടക്കുന്നത്, ഒരു ഭാഗത്ത് ലോകമുതലാളിത്തവ്യവസ്ഥയുടെ നിത്യേന വർദ്ധിച്ചുവരുന്ന നാശവും മറുഭാഗത്ത് മുതലാളിത്തത്തിൽ നിന്നു വിട്ടുപോന്ന രാജ്യങ്ങളുടെ — സോവിയറ്റ് യൂണിയൻ, ചൈന, മറ്റു ജനകീയാധിപത്യങ്ങൾ വളർന്നുവരുന്ന സാമ്പത്തികശക്തിയുമാണെന്ന് വ്യക്തമാണ്' (സ്റ്റാലിൻ: സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 62).

## 15 പൊതുകുഴപ്പത്തിന്റെ ഒന്നാംഘട്ടം

രണ്ടുലോകമഹായുദ്ധങ്ങൾക്കിടയിലുള്ള ഘട്ടത്തെ പൊതുകുഴപ്പത്തിന്റെ ഒന്നാം ഘട്ടമെന്നു പറയാം. ഒക്ടോബർ വിപ്ലവത്തിന്റെ ഫലമായി ലോകം പരസ്പരവിരുദ്ധമായ രണ്ടു സാമൂഹ്യസാമ്പത്തിക വ്യവസ്ഥകളായി വിഭജിക്കപ്പെട്ടുവെന്നതാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. ലോകത്തിന്റെ ആറിലൊരുഭാഗത്ത് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയെന്ന സമ്പ്രദായമവസാനിപ്പിച്ച് പുതിയ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ ഉയർന്നുവന്നു. മറ്റുഭാഗങ്ങളിൽ തകർന്നുകൊണ്ടുവരുന്ന ചൂഷണവ്യവസ്ഥയും നിലനിന്നുപോന്നു.

സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 16-ാം കോൺഗ്രസിൽ സമർപ്പിച്ച റിപ്പോർട്ടിൽ സ്റ്റാലിൻ ചൂണ്ടിക്കാണിച്ചതുപോലെ "മുതലാളിത്തവ്യവസ്ഥ അവിഭാജ്യവും സർവസ്പർശിയുമായ ഒരു ലോകസാമ്പത്തികവ്യവസ്ഥയല്ലാതായിക്കഴിഞ്ഞിരിക്കുന്നു. മുതലാളിത്തസാമ്പത്തികവ്യവസ്ഥയോടൊപ്പംതന്നെ ഒരു സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയും നിലനിൽക്കുന്നുണ്ട്. അതു വളർന്നുകൊണ്ടിരിക്കുന്നു, മുതലാളിത്തവ്യവസ്ഥയെ ചെറുത്തുകൊണ്ടിരിക്കുന്നു. സ്വന്തം നിലനിൽപുകൊ

ണ്ടുതന്നെ അതു മുതലാളിത്തത്തിന്റെ പൊള്ളത്തരത്തെ തുറന്നുകാണിക്കുകയും അതിന്റെ അടിത്തറയെ ഇളക്കിമറിക്കുകയും ചെയ്യുന്നു.”

അപ്പോൾ, മുതലാളിത്തത്തിന്റെ പൊതുകുഴപ്പത്തിന്റെ ഏറ്റവും പ്രധാനമായ സവിശേഷത പരസ്പരവിരുദ്ധങ്ങളായ രണ്ടു സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള സമരമാണ്. ഒക്ടോബർ വിപ്ലവവും സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ വിജയവും കോളനികളിലും ആശ്രിതരാജ്യങ്ങളിലും സാമ്രാജ്യാധിപത്യത്തിന്റെ അടിത്തറയിളക്കി. സാമ്രാജ്യമേധാവിത്വം മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം ചോദ്യംചെയ്യപ്പെട്ടു. സാമ്രാജ്യത്വശക്തികൾക്ക് പഴയപോലെ ഭരണം നടത്താൻ സാധ്യമല്ലെന്നായി. കോളനികളിലെ ജനങ്ങളെയും പഴയപോലെ അനിയന്ത്രിമായി ചൂഷണം ചെയ്യാൻ കഴിയില്ലെന്നായി. ഒരു പുതിയ കാലഘട്ടം, കോളനിയിൽ വിപ്ലവങ്ങളുടെ കാലഘട്ടം ആവിർഭവിച്ചു.

ഒന്നാംലോകമഹായുദ്ധകാലത്തും അതിനുശേഷവും കോളനികളിലും ആശ്രിതരാജ്യങ്ങളിലും ഒരു ദേശീയമുതലാളിത്തം വളർന്നുവരാൻ തുടങ്ങി. അതോടൊപ്പം തന്നെ തൊഴിലാളിവർഗവും പ്രത്യക്ഷപ്പെട്ടു. തൊഴിലാളികളുടെ എണ്ണം മാത്രമല്ല സംഘടനാശക്തിയും രാഷ്ട്രീയബോധവും വർദ്ധിച്ചുകൊണ്ടുവന്നു. ഇത് സാമ്രാജ്യാധിപത്യത്തിന്റെ നിലനിൽപ്പിനുള്ള ഏറ്റവും വലിയൊരു ഭീഷണിയായിത്തീർന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ലോകമുതലാളിത്ത സാമ്പത്തികവ്യവസ്ഥ പൂർവാധികം ക്ഷീണിക്കുകയും ക്ഷയിക്കുകയും ചെയ്തു.

മുതലാളിത്തത്തിന്റെ പൊതുകുഴപ്പത്തിന്റെ ഈ പരിതസ്ഥിതികളിലാണ് 1929 — 33-ൽ പുതിയൊരു സാമ്പത്തികക്കുഴപ്പം പൊട്ടിപ്പുറപ്പെട്ടത്. കുഴപ്പത്തിനുള്ളിലുള്ള ഒരു കുഴപ്പമായിരുന്നു അത്. മുതലാളിത്തത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളേയും അതു പതിൻമടങ്ങു മൂർച്ഛിപ്പിച്ചു. ഉൽപ്പാദന വ്യവസ്ഥയാകെ തകർച്ചയുടെ വക്കത്തെത്തി. കമ്പനികൾ പൂട്ടി. തൊഴിലില്ലായ്മ പരന്നുപിടിച്ചു. ചരക്കുകളുടെ വിലയിടിഞ്ഞു. കുഴപ്പം വ്യവസായങ്ങളെ മാത്രമല്ല, കൃഷിയേയും ബാധിച്ചു. കോടിക്കണക്കിനു കൃഷിക്കാർ പാപ്പരായി. സാർവ്വത്രികമായ പട്ടിണിയും ദാരിദ്ര്യവും വ്യഭിചാരവും സാംസ്കാരികാധഃപതനവും നടമാടാൻ തുടങ്ങി. ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾ അവയുടെ മൂർധന്യദിശയിലെത്തി.

1930-ൽ തന്നെ സാമ്പത്തികക്കുഴപ്പത്തിന്റെയും ലോകമുതലാളിത്തത്തിന്റെയും വൈരുധ്യങ്ങളെയും വിശകലനം ചെയ്തുകണ്ട് സ്റ്റാലിൻ പ്രഖ്യാപിച്ചു.

> ‘ഈസ്ഥിതിയിൽ നിന്ന് പുറത്തുകടക്കാൻ ബൂർഷ്വാസി തങ്ങളുടെ ആഭ്യന്തരനയത്തിന്റെ രംഗത്തിൽ കൂടുതൽ ഫാസിസ്റ്റ് മാർഗ്ഗങ്ങളവലംബിക്കും. സോഷ്യൽ ഡമോക്രസിയുൾപ്പെടെയുള്ള എല്ലാ പിന്തിരിപ്പൻ ശക്തികളെയും ഉപയോഗപ്പെടുത്തും. വിദേശനയത്തിന്റെ രംഗത്തിൽ പുതിയൊരു സാമ്രാജ്യയുദ്ധം വഴിയായും ഇടങ്കോലിടലുകൾ വഴിയായും ബൂർഷ്വാസി രക്ഷപ്പെടാൻ ശ്രമിക്കും.
>
> പക്ഷേ, തൊഴിലാളിവർഗ്ഗം മുതലാളിത്ത ചൂഷണത്തേയും യുദ്ധഭീഷണിയെയും ചെറുത്തുകൊണ്ട് വിപ്ലവത്തിലൂടെ പുറത്തേക്കുള്ള വഴി കാണിക്കാൻ ശ്രമിക്കും.’ (16-ാം പാർട്ടികോൺഗ്രസിന്റെ റിപ്പോർട്ട്),

മാർക്സിസം പഴഞ്ചനാണെന്ന് വാദിക്കുന്നവരുണ്ട്. പക്ഷേ, അവർ പറയുന്നതുപോലെയല്ല. മാർക്സും ഏംഗൽസും ലെനിനും സ്റ്റാലിനും ചൂണ്ടിക്കാണിച്ച വഴിയിലൂടെയാണ് ലോകസംഭവഗതികൾ നീങ്ങിയതും നീങ്ങിക്കൊണ്ടിരിക്കുന്നതും എന്ന് കണ്ണുള്ളവർക്കൊക്കെ കാണാൻ കഴിയും.

## 16 രണ്ടു ചേരികൾ: രണ്ടു ലോകമാർക്കറ്റുകൾ

രണ്ടാംലോകമഹായുദ്ധത്തോടു കൂടി മുതലാളിത്തത്തിന്റെ പൊതുകുഴപ്പം ഒരു പുതിയഘട്ടത്തിലേക്ക് — അതിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് — പ്രവേശിച്ചു. സ്റ്റാലിൻ എഴുതുന്നു:

> 'ലോകമുതലാളിത്ത വ്യവസ്ഥയുടെ പൊതുകുഴപ്പം ഒന്നാം ലോകമഹായുദ്ധത്തിന്റെ കാലത്താണ് ആരംഭിച്ചത്. വിശേഷിച്ചും മുതലാളിത്തവ്യവസ്ഥയിൽ നിന്നും സോവിയറ്റ് യൂണിയൻ കുതറിപ്പോന്നതിന്റെ ഫലമായിട്ട്. പൊതുകുഴപ്പത്തിന്റെ ആദ്യത്തെ ഘട്ടമായിരുന്ന അത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലത്ത് പൊതുകുഴപ്പത്തിന്റെ രണ്ടാംഘട്ടം വളരാൻ തുടങ്ങി. വിശേഷിച്ചും യൂറേപ്പിലെയും ഏഷ്യയിലെയും ജനകീയ ജനാധിപത്യങ്ങൾ മുതലാളിത്ത വ്യവസ്ഥയിൽ നിന്ന് വിട്ടുപോന്നതിനുശേഷം. ഒന്നാംലോകമഹായുദ്ധകാലത്തെ ആദ്യത്തെ കുഴപ്പത്തേയും രണ്ടാംലോകമഹായുദ്ധ കാലത്തെ രണ്ടാമത്തെ കുഴപ്പത്തെയും വേർപെടുത്തി അന്യോന്യബന്ധമില്ലാത്ത, സ്വതന്ത്രങ്ങളായ, കുഴപ്പങ്ങളായി കണക്കാക്കാൻ പാടില്ല. നേരെമറിച്ച്, ലോകമുതലാളിത്തവ്യവസ്ഥയുടെ പൊതുകുഴപ്പത്തിന്റെ വളർച്ചയുടെ പതനങ്ങളാണവ' (സോഷ്യലിസത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ, പേജ് 61-62).

പൊതുകുഴപ്പത്തിന്റെ ഒന്നാംഘട്ടത്തിൽ ഒരു രാജ്യം മാത്രമാണ് മുതലാളിത്തത്തിന്റെ പിടിയിൽ നിന്ന് കുതറി പുറത്തുചാടിയത്. രണ്ടാംഘട്ടത്തിലാകട്ടെ, ഒരു ഡസൻ രാജ്യങ്ങൾ മുതലാളിത്തത്തിന്റെ പിടിയിൽ നിന്ന് പുറത്തുകടന്ന് സോഷ്യലിസം കെട്ടിപ്പടുക്കാൻ തുടങ്ങി.

അതിൻ ഫലമായി രണ്ടാംലോകമഹായുദ്ധത്തിനുശേഷം പരസ്പരം മത്സരിക്കുന്ന രണ്ടു ചേരികൾ പ്രത്യക്ഷപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യാധിപത്യത്തിന്റെയും ജനാധിപത്യവിരോധത്തിന്റെയും ചേരിയും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ചേരിയും.

പരസ്പരവിരുദ്ധമായ രണ്ടു ചേരികളിലായി ലോകം പിളർന്നതോടൊപ്പം മുതലാളിത്തത്തിന്റെ ഏകീകൃതമായ സാർവ്വലൗകിക മാർക്കറ്റ് തകരുകയും അതിന്റെ സ്ഥാനത്ത് പരസ്പരം മത്സരിക്കുന്ന സമാന്തരങ്ങളായ രണ്ട് ലോക മാർക്കറ്റുകൾ ആവിർഭവിക്കുകയും ചെയ്തു. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു.

> 'ഏകീകൃതവും സാർവ്വത്രികവുമായ ലോകമാർക്കറ്റിന്റെ തകർച്ചയാണ് രണ്ടാം ലോകമഹായുദ്ധത്തിന്റെയും അതിന്റെ സാമ്പത്തിക പരിണാമങ്ങളുടെയും ഏറ്റവും പ്രധാനമായ ഫലമെന്ന് മനസിലാക്കേണ്ടതുണ്ട്. ലോകമുതലാളിത്തവ്യവസ്ഥയുടെ പൊതുക്കുഴപ്പത്തെ കൂടുതൽ മൂർച്ഛിപ്പിക്കുക എന്ന ഫലമാണതുകൊണ്ടുണ്ടായത്' (സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 32)

ഇതിന്റെ അർത്ഥം, ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ പ്രധാനപ്പെട്ട മുതലാളിത്തരാജ്യങ്ങൾക്ക് ലോകവിഭവങ്ങളെ ചൂഷണം ചെയ്യാനുള്ള പരിധി ചുരുങ്ങി എന്നാണ്. ചരക്കുകൾ വിറ്റഴിക്കാൻ അവർക്കുള്ള സൗകര്യങ്ങൾ കുറഞ്ഞുവെന്നാണ്. അവരുടെ വ്യവസായങ്ങൾക്ക് ഉല്പാദനക്കഴിവുകൾ മുഴുവനും ഉപയോഗിക്കുവാൻ അധികമധികം സാധ്യമല്ലാതായിത്തീർന്നുവെന്നാണ്. പൊതുകുഴപ്പം കൂടുതൽ മൂർച്ഛിച്ചുവെന്നു പറയുന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്.

ചുരുക്കിപ്പറഞ്ഞാൽ, പൊതുകുഴപ്പത്തിന്റെ രണ്ടാംഘട്ടം തൊഴിലാളി വർഗ്ഗവും മുതലാളിവർഗവും തമ്മിലും സാമ്രാജ്യശക്തികളും തമ്മിൽതമ്മിലും സാമ്രാജ്യത്വശക്തികളും ലോകത്തിലൊട്ടുക്കുമുള്ള അധ്വാനിക്കുന്ന ജനങ്ങളും തമ്മിലുമുള്ള സമരങ്ങളും സംഘട്ടനങ്ങളും മൂർദ്ധന്യദശയിലെത്തിക്കുന്നു.

മുതലാളിത്തത്തിന്റെ ക്ഷയവും തൊഴിലാളിവർഗ്ഗത്തിന്റെ വളർന്നുവരുന്ന ശക്തിയും ഒരു കാര്യം സംശയത്തിനിടയില്ലാത്തവിധം തെളിയിക്കുന്നു: സാമൂഹ്യോല്പാദനബന്ധങ്ങൾ ഉൽപാദനശക്തികളുടെ വളർച്ചയ്ക്ക് പൊരുത്തപ്പെട്ടവയായിരിക്കണം എന്ന നിയമത്തിന്റെ പ്രവർത്തനത്തെ അധികകാലം തടഞ്ഞുനിർത്താൻ ആർക്കും സാധ്യമാവില്ല. □□

(മൂന്നാം പതിപ്പ്, 1981, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം)

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA